


# സാമാജികൻ
# SAMAJIKAN
## 2015



A HOME JOURNAL OF THE KERALA LEGISLATURE

# സാമാജികൻ

കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണം

ലക്കം 07, ജൂലൈ 2015



# സാമാജികൻ
# SAMAJIKAN
A Home Journal of the Kerala Legislature

ലക്കം 7 (Issue No. 7) ജൂലൈ 2015

മുഖ്യ പത്രാധിപർ
**സണ്ണി ജോസഫ്** എം.എൽ.എ.

പത്രാധിപസമിതി
**എ.എം. ആരിഫ്** എം.എൽ.എ.
**ഐ.സി. ബാലകൃഷ്ണൻ** എം.എൽ.എ.
**വി. ചെന്താമരാക്ഷൻ** എം.എൽ.എ.
**ചിറ്റയം ഗോപകുമാർ** എം.എൽ.എ.
**പാലോട് രവി** എം.എൽ.എ.
**എൻ. ഷംസുദ്ദീൻ** എം.എൽ.എ.

പത്രാധിപർ
**പി.ഡി. ശാരംഗധരൻ**
സെക്രട്ടറി, കേരള നിയമസഭ

മുഖചിത്രം, രൂപകല്പന
ബിജു പുത്തൂർ

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം

വിലാസം :
ലൈബ്രറി
നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
0471-2512519



ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തം






JUSTICE (Retd.) P. SATHASIVAM
GOVERNOR OF KERALA

RAJ BHAVAN
KERALA

24 March 2015

**MESSAGE**

I am very glad to know that the Seventh Issue of 'Samajikan', a Home Journal of the Kerala Legislature, is being brought out shortly.

The Legislative Assembly is an auspicious house where people's representatives voice their views and opinions towards the successful conduct of our democratic process. 'Samajikan', I do hope, will highlight the literary talents of the members of the Assembly.

I wish the venture all success.

[Justice (Retd) P. Sathasivam]

Tel.: 0471-2721100 | Fax: 0471-2720266



എൻ. ശക്തൻ
സ്പീക്കർ, കേരള നിയമസഭ

**28-03-2015**

## സന്ദേശം

'സാമാജികൻ' പ്രസിദ്ധീകരണത്തിന്റെ ഏഴാം ലക്കം ഈടുറ്റ രചനകളുമായി പുറത്തിറങ്ങുന്നു എന്ന സന്തോഷത്തിൽ ഞാനും പങ്കുചേരുന്നു. സാമാജികർ, മുൻസാമാജികർ, സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ, മുൻപാർലമെന്റ് അംഗങ്ങൾ എന്നിവരുടെ നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളും പ്രവർത്തനാനുഭവങ്ങളും പ്രകടമാകുന്ന രചനകൾ പ്രസിദ്ധീകരിക്കുന്ന 'സാമാജികൻ' അതുകൊണ്ടുതന്നെ വേറിട്ട ഒരു പ്രസിദ്ധീകരണമാണ്.

ഈ ലക്കത്തിൽ 38 പേരുടെ രചനകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. ലേഖനങ്ങളും കഥയും കവിതയും കാർട്ടൂണും ഉൾപ്പെടെ വൈവിധ്യമാർന്ന രചനകൾ. വിജ്ഞാനവും വിനോദവും പകർന്നുതരുന്ന ഈ വിഭവങ്ങൾ ഒരുക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു.

'സാമാജികൻ'-ന്റെ ഏഴാം ലക്കത്തിന് സർവ്വവിജയവും ആശംസിക്കുന്നു.

എൻ. ശക്തൻ

ഓഫീസ് : നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം-33 ഫോൺ : 0471-2513007, 2513003, 2308890
വസതി : സ്വാതി, നിയമസഭാ കോംപ്ലക്സ്, തിരുവനന്തപുരം ഫോൺ : 0471-2512152
ഇ-മെയിൽ : speak@niyamasabha.org, nsakthan@gmail.com ഫാക്സ്: 0471-2512131




**SUNNY JOSEPH**
(PERAVOOR)
MEMBER
KERALA LEGISLATIVE ASSEMBLY
'ROSES'
IRITTY P. O.
670 703
OFFICE : CITY CENTRE
IRITTY-670 703

PHONE :
RESI. : 0490-2490150
OFFICE-IRITTY : 0490-2494050
THIRUVANANTHAPURAM : 0471-2512609
MOBILE : 9447046694
FAX : 0490-2494050
CHANDRAGIRI BLOCK, ROOM NO. 204
M. L. A. HOSTEL
E-mail : sunnyjoseph29@gmail.com


CAMP. തിരുവനന്തപുരം,
DATE. 10-04-2015.

## ആമുഖം

കേരള നിയമസഭയിലെ ബഹു. അംഗങ്ങൾ, മുൻ അംഗങ്ങൾ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റ് അംഗങ്ങൾ എന്നിവരുടെ വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യവും നിരീക്ഷണ ങ്ങളും കാഴ്ചപ്പാടുകളും പ്രവർത്തനാനുഭവങ്ങളും ഉൾക്കൊള്ളുന്ന ലേഖന ങ്ങളും സാഹിത്യ സൃഷ്ടികളും പ്രസിദ്ധീകരിക്കുവാനുള്ള ഒരു വേദിയാണ് 'സാമാജികൻ'.

2014 ജൂലൈ മാസം പുറത്തിറങ്ങിയ മുൻലക്കം സാമാജികന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇപ്പോൾ 7-ാം ലക്കം സാമാജികൻ എത്രയും വേഗം പുറത്തിറക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

ഈ ലക്കത്തിൽ ആദരണീയരായ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ എന്നിവരുടേതുൾപ്പെടെ 38 വൈവിധ്യമാർന്ന രചനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലൈബ്രറി ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾക്കും, സാമാജികൻ പ്രസിദ്ധീകരണത്തിനും എല്ലാവിധ പിന്തുണയും നൽകിയിരുന്ന മുൻ സ്പീക്കർ ജി. കാർത്തികേയന്റെ വേർപാട് ഉണ്ടാക്കിയ ദു:ഖം ഇനിയും നമ്മെ വിട്ടുമാറിയിട്ടില്ല. അദ്ദേഹത്തോടുള്ള ആദരസൂചകമായി നിയമസഭയിലെ ചരമോപചാരത്തിൽ നിന്നുള്ള പ്രസംഗങ്ങളും, ജി. കാർത്തികേയൻ എഴുതിയ ലേഖനങ്ങളും ഈ ലക്കത്തിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിയമസഭാ ലൈബ്രറി ഉപദേശകസമിതിയുടെ ആഭിമുഖ്യത്തിലുള്ള ഇത്തരം ഒരു സംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും പിന്തുണയും നൽകിയ ബഹു. സ്പീക്കർ എൻ. ശക്തൻ അവർകളോടും, രചനകൾ നൽകി സഹകരിച്ച എല്ലാ ബഹുമാന്യ വ്യക്തികളോടും ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പത്രാധിപസമിതിക്കു വേണ്ടി,

സണ്ണി ജോസഫ്,
ചീഫ് എഡിറ്റർ.

സാമാജികൻ
ലക്കം 07, ജൂലൈ 2015

# ഉള്ളടക്കം


11 ചരമോപചാരം

14 ജനാധിപത്യം, രാഷ്ട്രീയം, സുസ്ഥിര വികസനം
ജി. കാർത്തികേയൻ

17 പരിസ്ഥിതി - രാഷ്ട്രീയം - ടൂറിസം - വികസനവും
ജി. കാർത്തികേയൻ

22 യുഗ പ്രഭാവനായ പണ്ഡിറ്റ്ജി
എൻ. ശക്തൻ

26 ജനക്ഷേമം മുഖ്യലക്ഷ്യം
ഉമ്മൻ ചാണ്ടി

27 നവോത്ഥാനം: ചരിത്രവും വർത്തമാനവും
വി.എസ്. അച്യുതാനന്ദൻ

30 മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്നു
പ്രൊഫ. എം.കെ. സാനു

33 കേരളത്തിനൊരു മിച്ച ബജറ്റോ?
കെ.എം. മാണി

35 ആശാൻ കവിതകളുടെ കാലിക പ്രസക്തി
പ്രൊഫ. നബീസാ ഉമ്മാൾ

38 ഊർജ്ജരംഗം യാഥാർത്ഥ്യവും പ്രതീക്ഷകളും
ആര്യാടൻ മുഹമ്മദ്

42 ഇത് സൂര്യനെ സ്വന്തമാക്കുന്ന കാലം
എം.പി. വീരേന്ദ്രകുമാർ

45 മദ്യരഹിത കേരളമെന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുകൂടി
രമേശ് ചെന്നിത്തല

48 The Kerala Legislature Library: A Knowledge House Enlightening the Historical Traditions of Kerala
Sunny Joseph

52 കേന്ദ്ര റോഡ് സുരക്ഷാനിയമം കേരളത്തിന്റെ ആശങ്കകൾ
തിരുവഞ്ചൂർ രാധാകൃഷ്ണൻ

54 ഒരു തുയിലുണർത്തുപാട്ട്
പിരപ്പൻകോട് മുരളി

55 Cultural Nationalism Ignited or Inflamed
Dr. M.K. Muneer

57 ആവിഷ്കാര സ്വാതന്ത്ര്യരംഗത്ത് ഫാസിസ്റ്റ് അധിനിവേശം
സി. ദിവാകരൻ

60 വികസന വിജയത്തിൽ പങ്കാളിയാകുമ്പോൾ
വി.കെ. ഇബ്രാഹിംകുഞ്ഞ്

64 പറമ്പിത്തറ എന്ന ഗുണനാമം
പ്രൊഫ. കെ.വി. തോമസ്

68 ആരുടെ മുന്നിലും തലകുനിക്കാത്ത എസ്. വരദരാജൻനായർ
ഡോ. എ. നീലലോഹിതദാസ്

71 അസംബ്ലിയോ - പാർലമെന്റോ ഏതാണ് നല്ലത്?
ഇ.ടി. മുഹമ്മദ് ബഷീർ

74 ഒരു പഴയ ഓർമ്മ
ബിനോയ് വിശ്വം

75 വനിതകൾ ആകെ എട്ട്
പ്രൊഫ. സാവിത്രി ലക്ഷ്മണൻ

80 സങ്കടങ്ങളുടെ ജലയാത്ര
ജോൺ ഫെർണാണ്ടസ്

83 ഫോക്‌ലോർ: കാഴ്ചയും കാഴ്ചപ്പാടും
ഡോ. എൻ. ജയരാജ്

87 സുസ്ഥിര സമഗ്രവികസനത്തിന്റെ ജനകീയമുഖം : കദളികൃഷിയുടെ അനുഭവപാഠങ്ങൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

92 ആത്മാവ് തേടുന്ന ജനാധിപത്യം
കെ.എൻ.എ. ഖാദർ

94 കേരളം: തളരുന്ന കാർഷികമേഖല വളരുന്ന ഭക്ഷ്യപ്രതിസന്ധി
ഇ.പി. ജയരാജൻ

97 Domestic Tourism Importance, Relevance and Mounting Possibilities
T.A. Ahmad Kabeer

100 സമൂഹത്തിന്റെ വളർച്ചയ്ക്ക് ഗ്രന്ഥശാലകൾ അനിവാര്യം
ചിറ്റയം ഗോപകുമാർ

101 ദാരിദ്ര്യവും അക്രമവും നിയമപാലന സംവിധാനങ്ങളും
വി.റ്റി. ബൽറാം

103 റബ്ബർ വിലയിടിവ്: ആഗോള സാഹചര്യത്തിൽ ഒരു സാങ്കേതിക വീക്ഷണം
കെ.വി. വിജയദാസ്

105 ഭൂപരിഷ്കരണം: കേരളം പിന്നിട്ട വഴികൾ
കുട്ടി അഹമ്മദ്കുട്ടി കെ.

111 356 (1) വകുപ്പും ഞങ്ങളും
കെ.ജെ. ചാക്കോ

112 ജസ്റ്റിസ് കൃഷ്ണയ്യരേയും പിതാവ് വക്കീൽ രാമയ്യരേയും ഓർക്കുമ്പോൾ...
പി. വിശ്വൻ

114 മര്യാദക്കാരനായ കള്ളൻ
ഗോപി കോട്ടമുറിക്കൽ

116 സമാനതകളില്ലാത്ത ഇന്ത്യൻ ഭരണഘടന
അഡ്വ. ഡി. സുഗതൻ

120 രാഷ്ട്രീയ വിദ്യാർത്ഥി പ്രസ്ഥാനവും വർഗ്ഗസമരവും
പി. കൃഷ്ണപ്രസാദ്

124 മറുനാട്ടിലൊരു മലയാളിക്കര
ഡോ. ജി. പ്രതാപവർമ്മ തമ്പാൻ

126 പ്രവർത്തനാനുഭവങ്ങൾ
എ.എം. യൂസുഫ്

127 ഒരു വേനൽക്കാല കവിത
വി.സി. കബീർ മാസ്റ്റർ

128 എം.എൽ.എ.യുടെ ഒരു ദിവസം
എം.എം. മോനായി


കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണം, തിരുവനന്തപുരം

# സ്മരണാഞ്ജലി



## ജി. കാർത്തികേയൻ

7, 9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം. 1995–1996 കാലയളവിൽ വൈദ്യുതി മന്ത്രിയും 2001–2004ൽ ഭക്ഷ്യ പൊതുവിതരണ, ദേവസ്വം, സാംസ്കാരിക വകുപ്പു മന്ത്രി യുമായിരുന്നു. 2-6-2011 മുതൽ 7-3-2015 വരെ നിയമസഭാ സ്പീക്കർ. 7-3-2015-ാം തീയതി അന്തരിച്ചു.

# സ്പീക്കർ ജി. കാർത്തികേയന്റെ നിര്യാണം സംബന്ധിച്ച് നിയമസഭയിൽ നടന്ന റഫറൻസ്

## ചരമോപചാരം:

2015 മാർച്ച് 9, തിങ്കൾ

### ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. ശക്തൻ):

നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ 2015 മാർച്ച് 7-ന് നമ്മോട് വിടപറഞ്ഞു. നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ സഭാദ്ധ്യക്ഷൻ നിര്യാതനായത് നമ്മുടെ നിയമസഭാ ചരിത്രത്തിലാദ്യമാണ്. ഈ ദു:ഖകരമായ വാർത്ത അത്യന്തം വേദനയോടെയാണ് നാം ശ്രവിച്ചത്.

തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ എൻ.പി. ഗോപാല പിള്ളയുടെയും എൽ. വനജാക്ഷി അമ്മയുടെയും മകനായി 1949 ജനുവരി 20-ന് ജനിച്ചു. കൊല്ലം എസ്.എൻ. കോളേജിൽ കെ.എസ്.യു യൂണിറ്റ് പ്രസിഡന്റായി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതു പ്രവർത്തനരംഗത്തെത്തിയ അദ്ദേഹം വർക്കല, കൊല്ലം എസ്.എൻ. കോളേജുകളിൽ വിദ്യാഭ്യാസം നേടി. തുടർന്ന് നിയമപഠനവും പൂർത്തിയാക്കി. യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

1982-ൽ ഏഴാം നിയമസഭയിലേയ്ക്ക് തിരുവനന്തപുരം നോർത്ത് നിയോജക മണ്ഡലത്തിൽ നിന്നും ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991, 1996, 2001, 2006 എന്നീ വർഷങ്ങളിൽ ആര്യനാട് നിയോജക മണ്ഡലത്തിൽ നിന്നും 2011-ൽ അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രതിനിധിയായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

കോൺഗ്രസ്സ് നിയമസഭാ കക്ഷി ഡെപ്യൂട്ടി ലീഡർ, കോൺഗ്രസ്സ് ചീഫ് വിപ്പ് എന്നീ പദവികൾ വഹിച്ചിട്ടുള്ള ജി. കാർത്തികേയൻ 1995-96 കാലയളവിൽ വിദ്യുച്ഛക്തി വകുപ്പിന്റെയും 2001-04 കാലയളവിൽ ഭക്ഷ്യം, സിവിൽ സപ്ലൈസ്, ദേവസ്വം, സാംസ്കാരികം എന്നീ വകുപ്പുകളുടെയും ചുമതലയുള്ള മന്ത്രിയായി. മന്ത്രി എന്ന നിലയിൽ ഈ വകുപ്പുകളിൽ നൂതനമായ അനേകം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

2011 ജൂൺ 2-ാം തീയതി കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. സ്പീക്കർ എന്ന നിലയിൽ നിയമസഭയുടെ നടപടിക്രമങ്ങളിൽ നവീനമായ ഒട്ടനേകം പരിഷ്ക്കാരങ്ങൾ നടപ്പാക്കിക്കൊണ്ട് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടാണ് അദ്ദേഹം യാത്രയായത്. സഭാ സമ്മേളനം ആരംഭിക്കുന്ന ദിവസവും അവസാനിക്കുന്ന ദിവസവും ദേശീയഗാനം ആലപിക്കുന്ന രീതി നടപ്പിലാക്കി. സഭാനടപടികൾ പൂർണ്ണമായി വെബ്കാസ്റ്റ് ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചു. സഭയ്ക്കുള്ളിൽ പ്രസംഗത്തിന് ലാപ് ടോപ്പും ഐ പാഡും ഉപയോഗിക്കാൻ സഭാംഗങ്ങൾക്ക് അനുമതി നൽകി. സഭാംഗങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങിക്കുവാൻ പ്രതിവർഷം 15,000/- രൂപ അനുവദിച്ചു. നിയമനിർമ്മാണ സഭയുടെ 125-ാം വാർഷികാഘോഷം ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംഘടിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ഇതിന്റെ ഭാഗമായി സഭയെ അഭിസംബോധന ചെയ്തു. ഇതോടനുബന്ധിച്ച് കേന്ദ്ര സർക്കാർ ഒരു അനുസ്മരണ തപാൽ സ്റ്റാമ്പ് പുറപ്പെടുവിച്ചു. 125 വർഷത്തിന്റെ പ്രതീകമായി നിയമസഭാ വളപ്പിൽ 125 വൃക്ഷത്തൈകൾ നട്ടുകൊണ്ട് നിയമസഭയെ ഹരിതാഭമാക്കുന്നതിന് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണികൾ സ്ഥാപിച്ചു. നിയമസഭാ മ്യൂസിയത്തിൽ പുതുതായി ഗാന്ധിസ്മൃതി, ഭരണഘടനാ വിഭാഗം എന്നിവ തുറന്നു. നിയമസഭാ സാമാജികർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് എന്ന വിഭാഗം ആരംഭിച്ചു. ഇതിന്റെ മേൽനോട്ടത്തിൽ വിദൂര പഠനരീതിയിൽ ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ്, ഭാരതത്തിലാദ്യമായി നമ്മുടെ നിയമസഭയിൽ ആരംഭിക്കുകയും ചെയ്തു.

നിയമസഭാ ഹാളിൽ നിന്ന് വാച്ച് ആന്റ് വാർഡിനെ പിൻവലിച്ച അദ്ദേഹത്തിന്റെ നടപടി പരക്കെ ശ്ലാഘിക്കപ്പെട്ട ഒരു തീരുമാനമായിരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ നിയമസഭയെ കൂടുതൽ ജനകീയമാക്കാൻ സ്പീക്കർ എന്ന നിലയിൽ ജി. കാർത്തികേയന് സാധിച്ചു. ദീർഘകാലം തൊട്ടടുത്ത

മണ്ഡലങ്ങളെ പ്രതിനിധീകരിക്കുകയും എം.എൽ.എ. ഹോസ്റ്റലിൽ അടുത്തടുത്ത മുറികളിൽ താമസിക്കുകയും ചെയ്ത എനിക്ക് വ്യക്തപരമായി, ജി. കാർത്തികേയന്റെ നിര്യാണത്തോടെ സ്നേഹനിധിയായ ഒരു സഹോദരനെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ എപ്പോഴും തന്റെ കുടുംബാംഗങ്ങളെപ്പോലെ അദ്ദേഹം സ്നേഹിച്ചിരുന്നു. ഏറ്റെടുത്ത കർമ്മ മണ്ഡലങ്ങളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ചാണ് അദ്ദേഹം യാത്രയായത്. സൗമ്യമായ ഇടപെടലും ആത്മാർത്ഥമായ പ്രവർത്തനവും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. അക്ഷരങ്ങളേയും കലയേയും അതിരറ്റ് സ്നേഹിച്ച മികച്ച ഒരു വാഗ്മിയേയും ദീർഘദർശിയായ ഭരണാധികാരിയേയും സ്നേഹനിധിയായ ഒരു ഉത്തമവ്യക്തിയേയും ആദർശവും സ്ഥൈര്യവും കാത്തുസൂക്ഷിച്ച മികച്ച സംഘാടകനേയും വരും തലമുറയ്ക്ക് മാതൃകയായ ജനനേതാവിനേയാണ് ജി. കാർത്തികേയന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

'ജി.കെ' എന്ന രണ്ടക്ഷരത്തിലൂടെ ജനങ്ങളുടെയെല്ലാം മനസ്സിൽ സ്ഥിര പ്രതിഷ്ഠ നേടിയ ഈ നേതാവിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## മുഖ്യമന്ത്രി
## (ശ്രീ ഉമ്മൻ ചാണ്ടി)

സർ, സഭാനാഥനായിരുന്ന ജി. കാർത്തികേയനെക്കുറിച്ച് അങ്ങ് പറഞ്ഞ വാക്കുകൾ, ആ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കും കേരളത്തിലെ പൊതു പ്രവർത്തന രംഗത്തിനും പ്രത്യേകിച്ച്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും ഒരു വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ജി. കാർത്തികേയൻ കേരളത്തിന്റെ പൊതു ജീവിതത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. ജി.കെ. എന്ന പേരിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം പൊതു ജീവിതത്തിന്റെ ഒരു അലങ്കാരമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ നാളുകൾകൂടി പ്രതീക്ഷിച്ചിരുന്ന ഒരു അവസരത്തിലാണ് നമ്മെ വിട്ടുപിരിഞ്ഞത്. കേരള രാഷ്ട്രീയത്തിന്റെ സൗമ്യസാന്നിദ്ധ്യമെന്ന് വേണമെങ്കിൽ അദ്ദേഹത്തെ വിശേഷിപ്പിക്കാൻ സാധിക്കും. അദ്ദേഹം ഇന്നൊരു ഓർമ്മയായി മാറിക്കഴിഞ്ഞു. വളരെ കുലീനമായ പെരുമാറ്റം കൊണ്ടും നിശ്ചയദാർഢ്യത്തോടു കൂടിയുള്ള സമീപനം കൊണ്ടും ശാന്തവും ലളിതവുമായ ജീവിതരീതി കൊണ്ടും ഉന്നതമായ ജനാധിപത്യ ബോധം കൊണ്ടും കേരളീയ പൊതുസമൂഹത്തിന്റെ വിശ്വാസവും സ്നേഹവും ആദരവും പിടിച്ചു പറ്റിയ അത്യപൂർവ്വമായ വ്യക്തിത്വമായിരുന്നു ജി. കാർത്തികേയൻ. 6 തവണ നിയമസഭാംഗമായും രണ്ട് തവണ മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹത്തെ കേരളം എപ്പോഴും അനുസ്മരിക്കുന്നത് നിയമസഭാ സ്പീക്കറായിരുന്നു കൊണ്ട് അദ്ദേഹം നടത്തിയ സേവനങ്ങളെയും പരിഷ്ക്കാരങ്ങളെയും മുൻനിർത്തിയായിരിക്കും. സഭയിൽ അദ്ദേഹം നടത്തിയ പരിഷ്ക്കാരങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. ഭരണകക്ഷിയും പ്രതിപക്ഷവും ഏകദേശം തുല്യമായിട്ടുള്ള സഭയിൽ, സഭയുടെ പ്രവർത്തനം മാതൃകാപരമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹം കാട്ടിയ അത്ഭുതകരമായ സിദ്ധി, ഈ നിയമസഭയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ എന്നിവ മുൻനിർത്തിയായിരിക്കും അദ്ദേഹത്തെ എക്കാലവും സ്മരിക്കുന്നത് എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. സഭാനടത്തിപ്പിൽ അദ്ദേഹം പൂർണ്ണ വിജയമായിരുന്നു. ഭരണപക്ഷത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ സാധിച്ചു തന്നും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിച്ചു കൊണ്ടും ആണ് അദ്ദേഹം അക്കാര്യത്തിൽ വലിയ വിജയം നേടിയത്. ചട്ടങ്ങളുടെ ചാട്ടവാറിനേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് സ്നേഹപൂർണ്ണമായ നിർദ്ദേശങ്ങളേയും ഉപദേശങ്ങളേയുമാണ്. അതുകൊണ്ടാണ് ഭരണ-പ്രതിപക്ഷ കക്ഷികളുടെ സ്നേഹവും ബഹുമാനവും ആർജ്ജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്. വാച്ച് ആന്റ് വാർഡിനെ നിയമസഭയ്ക്കുള്ളിൽ നിന്ന് പിൻവലിക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനം നിയമസഭാ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായിരുന്നു. നിയമസഭാംഗങ്ങളുടെ ഉന്നതമായ ജനാധിപത്യ ബോധത്തിൽ അദ്ദേഹത്തിനുള്ള അതിരറ്റ വിശ്വാസമാണ് ആ തീരുമാനത്തിൽ നിഴലിച്ചുകണ്ടത്. അതിന് ഭംഗം വരുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെട്ടെങ്കിലും അദ്ദേഹം തീരുമാനത്തിൽ നിന്ന് പിന്നോട്ട് പോയില്ല. നിഷ്പക്ഷനും നീതിമാനുമായ സ്പീക്കറെന്ന നിലയിൽ കേരളം അദ്ദേഹത്തെ എന്നും സ്മരിക്കും. രാജീവ് ഗാന്ധിസെന്റർ ഫോർ ബയോ ടെക്നോളജി എന്ന സ്ഥാപനം അദ്ദേഹം വളരെ ചെറിയ നിലയിൽ തുടങ്ങിയതാണ്. ആ സ്ഥാപനമാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്. ലോകത്തിലെ വളരെയേറെ യൂണിവേഴ്സിറ്റികളുമായി എം.ഒ.യു. ഒപ്പിട്ട് നിരവധി ഗവേഷണം നടത്തുന്ന ആ സ്ഥാപനം ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന ഒന്നായിമാറി. ചെറിയ തോതിൽ തുടങ്ങിയ ആ സ്ഥാപനം സംസ്ഥാന ഗവൺമെന്റിന് കൈമാറുകയും സംസ്ഥാന ഗവൺമെന്റിൽ നിന്ന് അത് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തു. ഇന്ന് ആ സ്ഥാപനത്തിന്റെ വളർച്ചയും ഉയർച്ചയും കാണുമ്പോൾ എത്ര ദീർഘ വീക്ഷണത്തോടുകൂടിയാണ് അദ്ദേഹം ഇത് തുടങ്ങി വച്ചത് എന്ന് മനസ്സിലാകും. അദ്ദേഹം തൊടുന്നതെല്ലാം വിജയമാക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി ഇതിനെ കാണാവുന്നതാണ്. വിദ്യാർത്ഥി ജീവിതകാലം മുതൽ സഹപ്രവർത്തകനായിരുന്ന അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകുന്നത് അദ്ദേഹം കെ.പി.സി.സി. ഭാരവാഹി ആകുമ്പോഴും എം.എൽ.എ. ആയി വരുന്ന സമയത്തുമാണ്. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷ നേതാവായിരുന്ന എനിക്ക് ഉപനേതാവ് എന്ന നിലയിൽ അദ്ദേഹം നൽകിയ സഹകര

ണവും പിന്തുണയും പ്രതിസന്ധി ഘട്ടങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങളും വിസ്മരിക്കാൻ കഴിയില്ല. പാർട്ടിയിലും പൊതുപ്രവർത്തനരംഗത്തും വ്യത്യസ്തമായ നിലപാടുകൾ കൊണ്ട് കാർത്തികേയൻ എന്നും ശ്രദ്ധേയനായിരുന്നു. അദ്ദേഹം കോൺഗ്രസ്സ് പാർട്ടിയോടും പാർട്ടി താല്പര്യങ്ങളോടും അചഞ്ചലമായ കൂറ് പുലർത്തിയിരുന്നു. തികച്ചും സാധാരണമായ സാഹചര്യങ്ങളിൽ നിന്നാണ് പാർട്ടിയുടെ ഉന്നതശ്രേണിയിൽ അദ്ദേഹം ചവിട്ടിക്കയറിയത്. വായന എന്നും ഇഷ്ടപ്പെട്ട കാർത്തികേയന്റെ പെരുമാറ്റത്തിലും പ്രസംഗത്തിലും തികഞ്ഞ കുലീനത്വം പ്രകടമായിരുന്നു. ആരോടു പരിഭവവും പരാതിയുമില്ലാതെ എല്ലാവരെയും ഇഷ്ടപ്പെട്ടും സ്നേഹിച്ചും നടന്നു നീങ്ങിയ അദ്ദേഹം എന്നും നമ്മുടെ ഓർമ്മയിലുണ്ടാകും. കാർത്തികേയനെ ഞാൻ ഏറ്റവുമധികം വിലമതിക്കുന്നത് അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച ജനങ്ങളെയും സഹപ്രവർത്തകരെയും ഒരിക്കൽപ്പോലും അദ്ദേഹം നിരാശപ്പെടുത്തിയിട്ടില്ല എന്നുള്ളതിലാണ്. വിശ്വസനീയത- ഒരു പൊതുപ്രവർത്തകനുവേണ്ട ഏറ്റവും വലിയ ഗുണം, അദ്ദേഹം അത് ജീവിതകാലം മുഴുവൻ പുലർത്തി. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിക്കാനെത്തിയ ജനങ്ങളുടെ സാന്നിദ്ധ്യം, അവരുടെ ദു:ഖവും *സ്നേഹവുമെല്ലാം അത് വളരെ പ്രകടമാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപരിപാടി ഫെബ്രുവരി 5-ാം തീയതി അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ വെള്ളനാട് ആയിരുന്നു. അതിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചു. ദീർഘകാലത്തെ അസുഖത്തിനു ശേഷം അദ്ദേഹം പങ്കെടുക്കുന്ന പരിപാടി എന്ന പുതുമകൂടി അതിനുണ്ടായിരുന്നു.* ജനങ്ങൾ എത്രമാത്രം അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്ന് നേരിട്ട് കാണാനും അറിയാനും എനിക്ക് സാധിച്ചു. അന്ന് എന്നെ വളരെയധികം സ്പർശിച്ച ഒരു സംഭവം, ഞാൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം എഴുന്നേറ്റു വന്നു എനിക്ക് ഒരു കുറിപ്പു തന്നു. അന്ന് അദ്ദേഹത്തിന് ആരോഗ്യപരമായ ബുദ്ധിമുട്ടുകളുള്ള സമയമാണ്. ആ പരിപാടി നടക്കുന്ന ഹയർ സെക്കന്ററി സ്കൂളിന്റെ വികസനത്തെ സംബന്ധിച്ച് ഒരാവശ്യം നേരത്തെ എന്നോട് പറയാൻ വിട്ടു പോയി. അദ്ദേഹം തന്ന കുറിപ്പിന് അനുകൂലമായ മറുപടി ആ സ്റ്റേജിൽ വച്ചു തന്നെ ഞാൻ പറഞ്ഞു. അദ്ദേഹം എത്രമാത്രം ജനകീയ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നീങ്ങുന്നു എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണം അതായിരുന്നു. അന്ന് അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗമാണ് അതെന്ന് ഞങ്ങളാരും വിചാരിച്ചില്ല. അദ്ദേഹം പങ്കെടുത്ത പൊതുപരിപാടിയും അതായിരുന്നു. തന്റെ സ്വകാര്യ ദു:ഖങ്ങൾ എന്നും തന്നിൽമാത്രം ഒതുക്കി നിർത്താനാണ് അദ്ദേഹം ശ്രമിച്ചത്. തന്റെ രോഗവിവരം പോലും ദീർഘകാലം അദ്ദേഹം മറ്റാരുമായും പങ്കുവച്ചിരുന്നില്ല. അദ്ദേഹത്തിന്റെ രോഗത്തിന്റെ തീവ്രത പോലും പലർക്കും അറിയില്ലായിരുന്നു. ഞങ്ങളൊക്കെ അറിഞ്ഞപ്പോഴേയ്ക്കും ചികിത്സാ വിധികൾക്ക് വിധേയനാകാത്ത രീതിയിൽ രോഗത്തിന്റെ കാഠിന്യം അദ്ദേഹത്തെ കീഴ്പ്പെടുത്തിക്കഴിഞ്ഞു. മുഖത്ത് പ്രകടമായ വിഷാദഭാവം മനസ്സിൽ ഒതുക്കിപ്പിടിച്ച് അക്ഷോഭ്യനായാണ് അദ്ദേഹം മരണത്തിലേയ്ക്ക് നടന്നു നീങ്ങിയത്. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് ആ ദുഃഖം സഹിക്കാൻ സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അവരോടുള്ള സ്നേഹാദരം പ്രകടിപ്പിക്കാനും ഈ അവസരം വിനിയോഗിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## പ്രതിപക്ഷ നേതാവ്
## (ശ്രീ. വി.എസ്. അച്ചുതാനന്ദൻ)

സർ, അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞാൻ അങ്ങേയറ്റം വിലമതിപ്പോടുകൂടി സ്വീകരിക്കുകയാണ്. അദ്ദേഹം തികഞ്ഞ ഒരു ജനാധിപത്യവാദി ആയിരുന്നു. തന്റെ മുന്നിലുള്ള ജനപ്രതിനിധികളെ സഹോദര സവിശേഷമായ നിലയിൽ കാണാനും പെരുമാറാനും അദ്ദേഹത്തിന് കഴിഞ്ഞു. അതിന്റെ ആദ്യത്തെ തെളിവാണ് സെക്യൂരിറ്റികളാൽ സാർവ്വ ഭൗമന്മാരായി ഏകാധിപതിയെപ്പോലെ സഭയെ നിയന്ത്രിച്ചു പോന്ന മുൻ സ്പീക്കർമാരിൽ നിന്ന് വ്യത്യസ്തനായി ജനാധിപത്യവാദിയായ ഞാൻ എന്റെ സഹപ്രവർത്തകരെ അതേ നാണയത്തിൽ ത്തന്നെ, അതേ രൂപത്തിൽത്തന്നെ, അതേ രീതിയിൽ ത്തന്നെ കാണുകയാണ് വേണ്ടത് എന്ന വിശ്വാസത്തോടുകൂടി പോലീസിന്റെ സെക്യൂരിറ്റി സംവിധാനം അവസാനിപ്പിച്ചുകൊണ്ടുള്ള ഏറ്റവും ചരിത്രപരമായ ഒരു നിർദ്ദേശം അദ്ദേഹം അംഗീകരിച്ചു നടപ്പിലാക്കുകയുണ്ടായി. ഇൻഡ്യൻ അസംബ്ലിക്കാകെ മാതൃകാപരമായ ഒരു സമീപനമായിരുന്നു അത്. അതനുസരിച്ച് സഭ നടക്കുമ്പോൾ സഭാംഗങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങളും പ്രശ്നങ്ങളുമെല്ലാം തന്നെ ശ്രദ്ധാപൂർവ്വം കേട്ടതിനുശേഷം ഗവൺമെന്റിനും ഗവൺമെന്റ് പ്രതിനിധികൾക്കും പറയുവാനുമുള്ള അവസരം ശരിക്കും നൽകി കൊണ്ട് അദ്ദേഹം മറുപടി പറയുമ്പോൾ, ഗവൺമെന്റിന്റെ അന്തസ്സ് ശരിക്കും ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ അദ്ദേഹം പ്രതിപക്ഷത്തിനും കൂടി ഒരിടം നൽകിക്കൊണ്ടായിരിക്കും തീരുമാനമെടുക്കുന്നത്. അങ്ങനെ ഏകാധിപതികളുടെ സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമായി തികച്ചുമൊരു ജനാധിപത്യവാദിയായി മാതൃകാപരമായ തന്റെ സ്പീക്കർ സ്ഥാനം വിനിയോഗിച്ച ഏറെ ബഹുമാനിതനായ സ്പീക്കർ ജി. കാർത്തികേയനെ ഞാൻ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും എല്ലാമുള്ള കടപ്പാടും സ്നേഹം നിറഞ്ഞ അവരുടെയെല്ലാം തന്നെ നോട്ടങ്ങളും സമീപനങ്ങളും അതിനോടെല്ലാം തന്നെ നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

# Tribute by

**Shri. Uday Narain Choudhary,**
Hon'ble Speaker,
Bihar Legislative Assembly,
Dated 07-03-2015.

"I am deeply shocked to know the sudden demise of Sri **G. Karthikeyan,** Hon'ble Speaker, Kerala Legislative Assembly. His death is my personal loss. I was one of the few speakers in this country whom he endeared most and had personal rapport. A six term M.L.A. Mr. Karthikeyan has served different departments as minister in Kerala Government. He was a firebrand leader of Congress Party and a man of principle and self disciplined. He was well versed with enormous knowledge of parliamentary procedure.

A kind hearted and hard working person, he relentlessly served his constituents and was easily available to one and all. As it is said 'those whom God love, die young.' he has left us for eternity. I pray God to give his soul rest at heaven and strength to his wife and family members to beat this tragic loss."

ജി. കാർത്തികേയൻ



7, 9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം.
വൈദ്യുതി മന്ത്രി (1995-1996)
ഭക്ഷ്യ പൊതുവിതരണ, ദേവസ്വം,
സാംസ്കാരിക വകുപ്പു മന്ത്രി (2001-2004)
നിയമസഭാ സ്പീക്കർ (02.06.2011-07.03.2015)
07.03.2015 ന് അന്തരിച്ചു.

# ജനാധിപത്യം രാഷ്ട്രീയം സുസ്ഥിര വികസനം

നവോത്ഥാന പ്രസ്ഥാനങ്ങളാണ്, ഇന്ത്യൻ ജനാധിപത്യത്തിന്റെ വിത്തുകൾ പാകിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിൽ ചിര പ്രതിഷ്ഠനേടിയ ഇത്തരം നവോത്ഥാനപ്രസ്ഥാനങ്ങൾ, ജനാധിപത്യത്തിലേക്കുള്ള നാടിന്റെ വളർച്ചക്ക് ആക്കം വർദ്ധിപ്പിച്ചു. അന്ന് നിലനിന്ന അനാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എതിരെ വളർന്നുവന്ന പ്രക്ഷോഭങ്ങൾ, പൗരാവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രക്ഷോഭങ്ങൾ, പൊതുസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾ, കർഷകതൊഴിലാളി സമരങ്ങൾ തുടങ്ങിയ രൂപത്തിലുള്ള നവോത്ഥാന പ്രസ്ഥാനങ്ങൾ പല മേഖലകളിൽ നിന്നും പൊട്ടിപ്പുറപ്പെട്ടു. ഒരു ഏകീകൃത നേതൃത്വമോ, ഏകീകൃതരൂപമോ ഇല്ലാതെ പല ഭാഗങ്ങളിൽ വളർന്ന് ശക്തിപ്രാപിച്ചവയാണ് അത്തരം സംരംഭങ്ങൾ. യുക്തിയും മാനവികതയുമായിരുന്നു ഈ സമരങ്ങളുടെ മുഖമുദ്ര.

കേരളത്തിൽ, നവോത്ഥാനപ്രസ്ഥാനത്തിന്റെ നെടുംതൂണായി കാണുന്നത് ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങളാണ്. അദ്ദേഹത്തിനു മുമ്പും ധാരാളം സാമൂഹ്യ പ്രവർത്തകർ ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. എന്നാൽ, ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തോടെയാണ് ഈ പ്രസ്ഥാനങ്ങൾക്ക് ശക്തിയും ഓജസ്സും വർദ്ധിക്കുന്നത്. യാദൃശ്ചികമാണെങ്കിലും, ശ്രീനാരായണഗുരുവിന്റെ പ്രവർത്തനാരംഭകാലത്താണ്, കേരളത്തിൽ നിയമനിർമ്മാണസഭയുടെ ആദ്യരൂപം അവതരിക്കുന്നത് - 126 വർഷം മുമ്പ് തിരുവിതാംകൂർ ലെജിസ്ലേറ്റീവ്

കൗൺസിലിന്റെ രൂപത്തിൽ ഈ കൗൺസിലിലെ എട്ട് അംഗങ്ങളും തെരഞ്ഞെടുക്കപ്പെട്ടിരുന്നവരല്ല. അവരെ രാജാവ് നോമിനേറ്റ് ചെയ്യുകയായിരുന്നു. രാജാവിന്റെ സ്വന്തക്കാരെമാത്രമാണ് അംഗങ്ങളാക്കിയത് എന്നതു കൊണ്ട് ഈ ചരിത്രസംഭവത്തിന് പ്രാധാന്യം കുറയു ന്നില്ല. ഇത് ഇനിവരാൻ പോകുന്ന സുപ്രധാന മാറ്റങ്ങളുടെ നാന്ദിയാണെന്ന് അന്നാരും ഓർത്തുകാണില്ല. ഇന്ത്യയിൽ തന്നെ, മറ്റ് നാട്ടുരാജ്യങ്ങളിലൊന്നും ഇതു പോലൊരു സംവിധാനം ഉണ്ടായില്ല എന്നതും കാണേണ്ടതുണ്ട്.

തുടർന്ന് കാലാകാലമായി വളർന്ന്, എല്ലാവർക്കും വോട്ട വകാശവും, സ്വാതന്ത്ര്യവും ലഭിച്ചു. ജനാധിപത്യത്തിന്റെ സദ്ഫലങ്ങൾ എല്ലാവരും അനുഭവിക്കുകയും ചെയ്യുന്നു.

കരുത്തുറ്റ ഒരു ജനാധിപത്യ രാഷ്ട്രമായി ഇന്ത്യ മാറി യിട്ട് 67 വർഷം പിന്നിട്ടു. നമ്മുടെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി കാണപ്പെടുന്നത്, നമ്മുടെ സ്വാതന്ത്ര്യം തന്നെയാണ്. 5 വർഷം കൂടുമ്പോൾ വോട്ടുചെയ്യാനുള്ള സ്വാതന്ത്ര്യം, നമ്മോടൊപ്പം സ്വതന്ത്ര രായ പല രാജ്യങ്ങളിലും ഇപ്പോഴില്ല എന്നതും ഓർക്കാ വുന്നതാണ്. സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന സാംസ്കാരിക പാരമ്പര്യമാണ്, എല്ലാ വെല്ലുവിളികളേയും നേരിടാൻ ഇന്ത്യക്ക് കരുത്തു പകരുന്നത്. വിഭിന്ന മേഖ ലകളിൽ വൻ മുന്നേറ്റം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചുരുങ്ങിയ കാലയളവിൽ ലോക രാഷ്ട്രങ്ങൾക്കിടയിൽ പ്രബലമായ സാമ്പത്തിക ശക്തിയായി നാം വളർന്നു. ഏഷ്യയിലെ ഒരു വൻ ശക്തിയായി നാം മാറി.

ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയമാണ്, നമ്മുടെ 15 പൊതു തെരഞ്ഞെടുപ്പുകൾ. അധികാരകൈമാറ്റം അനാ യാസമായും സമാധാനപൂർണ്ണമായും നടന്നു. ഭരണരംഗത്ത് ഒരിക്കലും സ്തംഭനം സംഭവിക്കുന്നില്ല.

ഏഷ്യയിലെ മറ്റ് ചില രാജ്യങ്ങളിൽ അനുഭവപ്പെടുന്ന അസ്ഥിരതയും സൈനിക ഇടപെടലുകളും കണക്കിലെ ടുക്കുമ്പോൾ ഇന്ത്യയുടെ വിജയം ശ്രദ്ധേയമാകുന്നു.

സ്വാതന്ത്ര്യ പ്രാപ്തിയോടെ ഭാരതത്തിലെ ജാതിമത ലിംഗഭേദങ്ങൾക്ക് അതീതമായി 21 വയസ്സ് പൂർത്തിയാ ക്കിയ എല്ലാവർക്കും സമ്മതിദാനാവകാശം ലഭിച്ചു. വർ ഷങ്ങൾക്കു ശേഷം ഇത് 18 വയസ്സായി പുനർ നിർണ്ണയിച്ചു. ആദ്യത്തെ തെരഞ്ഞെടുപ്പിൽ തന്നെ സ്ത്രീകൾക്ക് വോട്ട വകാശം നൽകിയ ഇന്ത്യ, നവീന ജനാധിപത്യം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടനേയും അമേരിക്കയെയും കടത്തിവെട്ടി.

രഹസ്യ വോട്ടിംഗ് തെരഞ്ഞെടുപ്പാണ് ജനാധിപത്യ ത്തിന്റെ ജീവരക്തം. നിതാന്ത ജാഗ്രതയാണ് ജനാധിപത്യം ആവശ്യപ്പെടുന്നവില. സമ്മതിദാനാവകാശം പ്രയോജന പ്പെടുത്തുക എന്നതാണ് പൗരന്റെ പരമപ്രധാനമായ ഉത്ത രവാദിത്വം. വർദ്ധിച്ചതോതിൽ ജനങ്ങൾ സമ്മതിദാനാവ കാശം ഉപയോഗപ്പെടുത്തുമ്പോഴാണ് ജനാധിപത്യം അർത്ഥ വത്താകുന്നത്. ഇത് പൂർണ്ണമായും സംഭവിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്.

സ്വാതന്ത്ര്യം നേടിയപ്പോൾ ഭാരതം, ഭക്ഷ്യക്ഷാമ ത്തിന്റെ പിടിയിലായിരുന്നു. അന്നത്തെ ജനസംഖ്യ 40 കോടിയും. ഭക്ഷ്യ സാധനങ്ങൾ ഇറക്കുമതിചെയ്യുകയായി രുന്നു അന്ന്. എന്നാൽ നമ്മുടെ ഹരിത വിപ്ലവത്തിന്റെ വിജ യത്തോടെ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് സാധിച്ചിരിക്കുന്നു. മാത്രമല്ല ഭക്ഷ്യ ധാന്യങ്ങൾ നാം ഇന്ന് കയറ്റി അയക്കുകയും ചെയ്യുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്തും നാം കൈവരിച്ച നേട്ടം എടുത്തു പറയേണ്ടതാണ്. ലോകത്തെ ഇന്നുള്ള ശാസ്ത്ര -സാങ്കേതിക വിദഗ്ദ്ധരുടെ മൊത്തം സംഖ്യയിൽ മൂന്നി ലൊന്നുപേർ ഇന്ത്യക്കാരാണ്. ആണവോർജ്ജത്തിന്റെ കാര്യത്തിലും നാം ശക്തരാണ്. സമാധാനപരമായ ഉപ യോഗത്തിനുമാത്രമേ നാം ആണവോർജ്ജം ഉപയോഗി ക്കുന്നുള്ളൂ.

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളിൽ ഏറ്റവും പ്രധാനം ദാരിദ്ര്യനിർമ്മാർജ്ജനം തന്നെയാണ്. ഭക്ഷ്യ സ്വയംപര്യാപ്തത നേടിയെങ്കിലും ഭക്ഷ്യവിതരണം കുറ്റമറ്റതാക്കാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. അതു പോലെ ആരോഗ്യപരിപാലനത്തിലും നാം വെല്ലുവിളികൾ നേരിടുന്നു. സാക്ഷരതാ പ്രവർത്തനങ്ങളും അതുപോലെ തന്നെ വെല്ലുവിളി നേരിടുന്ന മറ്റൊരു മേഖലയാണ്.

സ്വാതന്ത്ര്യദിനപ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞത് ഓർക്കാവുന്നതാണ്: "ജാതിമതലിംഗ പരിഗണനകളാൽ വിഭജിക്കപ്പെടാത്ത, പീഡിതരും ദുർബലരും ശാക്തീകരി ക്കപ്പെടുന്ന ആലംബഹീനരും വൈകല്യമുള്ളവരും സംര ക്ഷിക്കപ്പെടുന്ന, എല്ലാവർക്കും പുരോഗതിയുടെ സത്ഫ ലങ്ങൾ അല്പമെങ്കിലും ലഭ്യമാകുന്ന, പുരോഗതിയുടെ ആശ്ലേഷവലയത്തിൽ എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു ഇന്ത്യ - അന്തസ്സും ആത്മാഭിമാനവും മാന്യതയും പ്രതീ ക്ഷയും ഓരോ വ്യക്തിയിലും പരിപോഷിപ്പിക്കുന്ന ഇന്ത്യ- ഞാൻ ഒരു ഭാരതീയനാണെന്ന അഭിമാനം എല്ലാവരിലും നിറയുന്ന ഒരു ഇന്ത്യ അതാണ് നാം മുന്നിൽ കാണുന്നത്."

അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക വികസ നവും തമ്മിലുള്ള ബന്ധം ഒറ്റ ദിവസംകൊണ്ട് അവസാ നിക്കുന്നഒന്നല്ല. മറിച്ച് അത് തുടർ പ്രക്രിയയാണ്. വിക സനം സാധ്യമാവണമെങ്കിൽ അതിനു മുമ്പും അതിനോ ടൊപ്പവും ശേഷവും അടിസ്ഥാന സൗകര്യങ്ങളും വിക സിപ്പിച്ചേമതിയാകൂ. എങ്കിൽ മാത്രമേ സ്വയം വേഗം കൈവ രിക്കുന്ന സാമ്പത്തിക വികസന പ്രക്രിയ എന്ന നമ്മുടെ പ്രഖ്യാപിതലക്ഷ്യം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളൂ.

സന്തുലിത വികസനം, സുസ്ഥിരമായി വളരുന്ന സമ്പ ദ്ഘടനയെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ സുസ്ഥിര

വളർച്ചക്ക് നിർണ്ണായക ഘടകമാവുന്നത് അതിനെ നില നിർത്താൻ കഴിയും വിധമുള്ള അടിസ്ഥാന സൗകര്യവി കസനമാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് മുതൽമുടക്ക് ലഭ്യമാക്കുക എളുപ്പമല്ല. തുച്ഛമായ ലാഭം നൽകുന്ന വൻ മൂലധന നിക്ഷേപം ഇതിനാവശ്യമാണെന്നത് തന്നെ കാരണം. സാമ്പത്തിക പ്രയോഗക്ഷമതക്ക് പകരം സാമൂ ഹ്യനേട്ടങ്ങളുടെ പേരിലാണ് ഇത്തരം നിക്ഷേപങ്ങളെ സാധാരണ ന്യായീകരിക്കാറുള്ളത്. മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത രണ്ട് ദശ കത്തിനകം ഇന്ത്യ ലോകത്തെ ഏറ്റവും വലിയ മൂന്നാ മത്തെ സമ്പദ്‌വ്യവസ്ഥയാകുമെന്നാണ് പ്രതീക്ഷിക്കപ്പെ ടുന്നത്. ഇപ്പോൾ ചൈനയോടൊപ്പം ഏറ്റവും വേഗത്തിൽ വളരുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. സാമ്പത്തിക വളർ ച്ചയുടെ ഈ വേഗത ഭാവിയിൽ കുറയില്ലെന്ന് ഉറപ്പാക്കു ന്നതിന് വളർച്ചയുടെ ഗതിവേഗം നിലനിർത്തേണ്ടത് ആവ ശ്യമാണ്. ലോക നിലവാരമുള്ള അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തത വളർച്ചക്ക് വിഘാതമാവുന്ന മുഖ്യ ഘടകങ്ങളിൽ ഒന്നായാണ് പൊതുവെ കരുതപ്പെടുന്നത്. നഗരവത്ക്കരണം വ്യാപകമാവുന്നവേളയിൽ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള മുറവിളി സമ്പദ്ഘടനയുടെ ശേഷിയേക്കാൾ അധികമായി ഉയർന്നുവരുന്നുണ്ട് എന്നത് കാണാതിരുന്നുകൂടാ.

സുപ്രധാനമായ അടിസ്ഥാനസൗകര്യമേഖലകളിൽ, 'ടെലികോം' മാത്രമാണ് സുദൃഢമായ വളർച്ചയും ഗുണ പരമായ സേവനങ്ങളും പ്രദാനം ചെയ്യുന്നത്. ലോക ത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയു ള്ളത് ഇന്ത്യയിലാണ്. ചരക്കു നീക്കത്തിന്റെ സിംഹഭാ ഗവും റോഡ് വഴിയാണ്. എന്നാൽ ഇവയോടുള്ള അവഗ ണന മാറിയിട്ടില്ല എന്നത് നാം മനസ്സിലാക്കണം. ഏഷ്യ യിലെ ഏറ്റവും വലിയ റെയിൽ ശൃംഖല നമുക്കുണ്ട്. പക്ഷേ, അവിടെയും പോരായ്മകളാണ് കൂടുതൽ. വൈദ്യു തോർജ രംഗത്തും വ്യോമയാന മേഖലയിലും തുറമുഖ മേഖലയിലുമെല്ലാം നാം പരിമിതികൾ നേരിടുകയാണ്. ഈ സൗകര്യങ്ങളെല്ലാം വളർത്തിയെടുത്താൽ മാത്രമേ സുസ്ഥിരവികസനം സാധ്യമാവുകയുള്ളൂ.

വളർച്ച ത്വരിതപ്പെടുത്താൻ അടിസ്ഥാന സൗകര്യവി കസന പദ്ധതികൾക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നല്കികൊണ്ടുള്ള പുത്തൻ സമീപനമാണ് പുതിയ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാതൽ. പൊതുനിക്ഷേപവും പൊതു-സ്വകാര്യ പങ്കാളിത്തവും ചേർന്നുള്ള അടിസ്ഥാന സൗകര്യവികസനം എന്ന പുതിയ കാഴ്ചപ്പാട് നമ്മുടെ വികസനമേഖലയിൽ ദൂരവ്യാപകഫ ലങ്ങൾതന്നെ സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയ മില്ല. സ്വകാര്യ മേഖല കടന്നുചെല്ലാൻ സാധ്യതയില്ലാത്ത പ്രദേശങ്ങളിലായി പൊതു നിക്ഷേപം കേന്ദ്രീകരിക്കണം. മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം കഴിയുന്നത്ര പൊതു -സ്വകാര്യ മാതൃകയിൽ വികസിപ്പിക്കണം എന്നതാണ് പുതിയ സമീപനം. അടിസ്ഥാന സൗകര്യ മേഖലയിലെ നിക്ഷേപത്തിൽ പൊതു മേഖലയുടെ പങ്ക് ഓരോ പഞ്ച വത്സരപദ്ധതിയിലും കുറഞ്ഞുവരുന്നതായിട്ടാണ് കാണു ന്നത്. അപര്യാപ്തമായ പൊതുവിഭവശേഷി പരിപൂരക മാക്കുക മാത്രമല്ല, പൊതു-സ്വകാര്യ പങ്കാളിത്തത്തിന്റെ യുക്തി. പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് സ്വകാര്യമേഖലയുടെ കാര്യക്ഷ മത ഉപയോഗപ്പെടുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

ഇത്തരം മാറ്റങ്ങളോടെ നടത്തപ്പെടുന്ന പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി, നമ്മുടെ സമ്പദ്ഘടനയുടെ വളർ ച്ചയെ എങ്ങിനെയാണ് സഹായിക്കാൻ പോകുന്നതെന്ന് എല്ലാവരും ഉറ്റുനോക്കുന്നുണ്ട്. സാമ്പത്തിക വളർച്ചയേ ക്കാൾ വേഗത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വികസി ച്ചാൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. വികസന വഴി യിലെ പുത്തൻ സമീപനങ്ങൾ വിജയത്തിലെത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

എല്ലാ വികസനപ്രവർത്തനങ്ങളും ജനങ്ങൾക്ക് വേണ്ടി യാണ്. മനുഷ്യമുഖം കണ്ടുകൊണ്ടാണ് എല്ലാ വികസന പരിപാടികളും സംഘടിപ്പിക്കേണ്ടത്. അതിന്റെ അടിസ്ഥാ നത്തിൽ തന്നെയാണ് വികസനങ്ങൾ വരേണ്ടതും. സുസ്ഥി രമായ വികസനത്തിന്റെ കാതൽ, മനുഷ്യനന്മയാണ്. അത് നഷ്ടപ്പെടുത്തിക്കൊണ്ടുള്ള പരീക്ഷണങ്ങൾ വിജയിക്കു കയുമില്ല. അതുതന്നെയാണ് ശരിയും. ജനാധിപത്യത്തിന്റെ കെട്ടുറപ്പിനും രാഷ്ട്രീയ സുസ്ഥിരതക്കും അനുരൂപമായി വികസനം സംഭവിക്കുകയാണ്. എല്ലാ മേഖലകളും സുസ്ഥിരമായി നിന്നാൽ മാത്രമേ രാഷ്ട്രം വികസിക്കുക യുള്ളൂ. നാം നേടിയിട്ടുള്ള നമ്മുടെ ഒന്നാം-സ്ഥാനങ്ങൾ നഷ്ടപ്പെടാൻ പാടില്ല. പല മേഖലകളിലും നാം നേടിയ ഒന്നാം സ്ഥാനം നഷ്ടപ്പെടാതെ തന്നെ, മറ്റ് മേഖലകളിലും ഒന്നാം സ്ഥാനത്തെത്തുകയാണ് നമ്മുടെ ലക്ഷ്യം. അതിന് ഒന്നിച്ച് നില്ക്കുകയും ഒത്തോരുമയോടെ മുന്നേറുകയു മാണ് വേണ്ടത്. വികസനത്തിന് രാഷ്ട്രീയമില്ല. വികസ നത്തിന് സമവായമാണ് വേണ്ടത്. ❍

ജി. കാർത്തികേയൻ

# പരിസ്ഥിതി-രാഷ്ട്രീയം-ടൂറിസം-വികസനവും

ഇന്ന് ഏറ്റവുമധികം കേൾക്കുന്ന ശബ്ദമാണ് പരിസ്ഥിതി എന്നത്. ജനങ്ങൾ കൂടുതൽ കൂടുതൽ പരിസ്ഥിതിബോധമുള്ളവരായി മാറുന്നു എന്ന് ഇതിനർത്ഥമുണ്ടെന്ന് കരുതാൻ വയ്യ. പറയുന്നതിനപ്പുറം, അതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാനോ, അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താനോ നാം തയ്യാറാകുന്നുണ്ടോ എന്നതാണ് പ്രധാനം. പരിസ്ഥിതി സംരക്ഷണവും, വനസംരക്ഷണവും നദീജല സംരക്ഷണവുമെല്ലാം ഇന്നത്തെ കാലത്ത് വളരെയേറെ പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങളാണ്. പരിസ്ഥിതിയെപ്പറ്റിയും നദീജല വിശുദ്ധിയെപ്പറ്റിയുമൊക്കെ, നമ്മുടെ വേദേതിഹാസങ്ങൾ മുതൽ ചർച്ച ചെയ്തിട്ടുണ്ട് എന്ന് കാണാം. ഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവരാനായി ഭാഗീരഥൻ തപസ്സ് ചെയ്ത കഥ നമുക്കെല്ലാമറിയാം. ഭാഗീരഥൻ മാത്രമല്ല, അതിനുമുമ്പ് അദ്ദേഹത്തിന്റെ മുൻതലമുറക്കാരും അതിനായി തപസ്സനുഷ്ഠിച്ചിരുന്നു. തുടർച്ചയായ ആ തപസ്സിന്റെ അവസാനം, ഭാഗീരഥൻ ഗംഗയുടെ മനസ്സ് മാറ്റി. ഗംഗ ഭൂമിയിലേക്ക് വരാൻ തയ്യാറായപ്പോൾ, ഭാഗീരഥനോട് കുറേ ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. അതിൽ പ്രധാനമായത്, താൻ ഭൂമിയിലേക്ക് വരുമ്പോൾ, ഭൂമിയിലൂടെ ഒഴുകുമ്പോൾ എന്നെ ഭൂമിയിലെ ജീവജാലങ്ങൾ മലിനമാക്കില്ലേ എന്നുള്ളതായിരുന്നു. നദീതീരത്തുള്ളവർ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലമായി നദികളെ മാറ്റുന്ന പ്രവണത അന്നേ നില നിന്നിരുന്നു എന്നതാണ് മനസ്സിലാക്കുന്നത്. അതിന് ഉത്തരമായി ഭാഗീരഥൻ പറയുന്നത്, കാലാകാലങ്ങളിൽ ജ്ഞാനിമാർ നദി ശുദ്ധീകരിച്ചു കൊള്ളുമെന്നാണ്. നദികൾ എപ്പോൾ അശുദ്ധമാകുന്നുവോ അത് ശുദ്ധീകരിക്കാൻ ജ്ഞാനികൾ രംഗത്തെത്തണം. പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഉപനിഷത്തുക്കളിലുമെല്ലാം ഇത്തരം കഥകൾ ധാരാളമായി കാണാം. അന്നു മുതലേ നാം പരിസ്ഥിതി ധാരണയുള്ളവരായിരുന്നു എന്നതാണിത് കാണിക്കുന്നത്. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം, അത് നശിപ്പിക്കുന്നതും അന്നു മുതലേ സ്ഥിരം സംഭവമായിരുന്നു എന്നു സാരം.

പരിസ്ഥിതിയിലൂന്നിയ വികസനം മാത്രമേ യഥാർത്ഥ വികസനമായി അംഗീകരിക്കാനാവുകയുള്ളൂ. പൂർണ്ണമായും വിഷലിപ്തമാക്കിക്കൊണ്ടുള്ള വികസനം ആർക്കും ഉപകാരപ്രദമാവില്ല. ഗുണത്തേക്കാളേറേ ദോഷമാണുണ്ടാവുക.

വികസന പദ്ധതികൾ പരിസ്ഥിതിയെ ബാധിക്കാത്ത വിധം നടപ്പാക്കണമെന്ന കാര്യത്തിൽ ഇന്ന് പല രാജ്യങ്ങളും കടുത്ത നിഷ്ക്കർഷ പുലർത്തുന്നുണ്ട്. ഐക്യരാഷ്ട്രസഭയും അന്താരാഷ്ട്ര തലത്തിലുള്ള പരിസ്ഥിതി പ്രസ്ഥാനങ്ങളും ഈ വിഷയത്തിൽ നടത്തി വരുന്ന പ്രചാരണത്തെ തുടർന്നാണ് പലേടത്തും ഭരണാധികാരികൾ ഇതിന് പ്രാധാന്യം നൽകാൻ തുടങ്ങിയത്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഗണിക്കാതെ വികസന പദ്ധതികൾ നടപ്പാക്കിയതു കൊണ്ടുണ്ടായ ദുഷ്ഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നവരാണ് നമ്മൾ ഇന്ത്യക്കാർ. പരിസ്ഥിതി സ്നേഹികളെ വികസന വിരുദ്ധരായി ചിത്രീകരിക്കാനാണ് നമുക്ക് എളുപ്പം. അങ്ങനെയുള്ള സമീപനത്തിൽ, കുറേയെങ്കിലും മാറ്റം വന്നുകൊണ്ടിരിക്കുന്നത് സ്വാഗതാർഹമാണ്.

വികസന പദ്ധതികൾ വേണ്ടെന്നുവെക്കാൻ ഒരു നാടിനും കഴിയില്ല. അതിലൂടെയേ നാടിന് പുരോഗമിക്കാൻ കഴിയൂ. വികസന പദ്ധതികൾ, പാരിസ്ഥിതികാഘാത പഠനങ്ങളുടെ അഭാവത്തിൽ മുടങ്ങിക്കിടക്കുന്നത് ദ്രോഹകരമായ അന്തരീക്ഷം സൃഷ്ടിക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്.

കേരളത്തിന്റെ മലകളും നദികളും കുളങ്ങളും പ്രകൃതിയും മരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഓരോ പ്രദേശത്തേയും കൊച്ചു കൊച്ചു മലകളും തണ്ണീർത്തടങ്ങളും കുളങ്ങളും നശിച്ചു കൊണ്ടിരിക്കുന്നു. മണ്ണും മരങ്ങളും ജലവും നമ്മെ ശപിക്കുകയാണോ എന്ന് തോന്നാം. പൂക്കളെല്ലാം കണ്ണു ചിമ്മിക്കൊണ്ടിരിക്കുന്നു. പഴയ ഒരു പൂവും ഇന്ന് കാണാനില്ല. പഴയ ഒരു ചെടിയും ഇന്നു നമുക്കില്ലാതായിരിക്കുന്നു. എല്ലാം കൃത്രിമമായി നിർമ്മിക്കുന്നവയായി മാറുകയാണ്.

ഓരോ പ്രദേശവും എടുത്തു നോക്കിയാൽ നാം ഞെട്ടിപ്പോവുകയാണ്. മലകൾ ഇല്ലാതാകുന്നു. നദികൾ ചെളി നിറഞ്ഞ് ഒഴുകുന്നു. മണൽ വാരൽ നദികളെ നശിപ്പിക്കുന്നു. മാലിന്യ നിക്ഷേപം നദികളെ വിഷലിപ്തമാക്കുന്നു. കുന്നുകൾ ഇല്ലാതാകുന്നതോടെ, നദികൾ ഇല്ലാതാകുന്നതോടെ, തണലുകൾ ഇല്ലാതാകുന്നതോടെ മനുഷ്യൻ ചുട്ടുപൊള്ളുന്നു. ദാഹം ശമിക്കാതെ വലയുന്നു. മലിനജലം കുടിച്ച് രോഗികളായി മാറുന്നു. മണൽ, നിർ

മ്മാണ പ്രവർത്തനങ്ങൾക്ക് വേണം. മലകളും മണലുമല്ല വലുത്, നിർമ്മാണ പ്രവർത്തനങ്ങളാണ് എന്ന നില വന്നാൽ ഉണ്ടാകുന്ന പ്രശ്നങ്ങളാണ് ചുറ്റും അനുഭവിക്കുന്നത്. പ്രകൃതിയോട് ഒരു നീതിയും കാണിക്കാതെ, അതിനോട് യുദ്ധം പ്രഖ്യാപിച്ചാണ് നമ്മൾ ജീവിക്കുന്നത്. എല്ലാം നിയന്ത്രിക്കുന്നത് ഏതോ അജ്ഞാതരാണെന്ന് തോന്നുന്ന വിധത്തിലാണ് കാര്യങ്ങൾ പോകുന്നത്. 'കൃഷി വേണ്ട വ്യവസായം മതി' എന്ന് നാം ചിന്തിച്ചു തുടങ്ങിയ ഇന്നലെകളിൽ തന്നെ നാം യുദ്ധം പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ, പ്രകൃതി പൊട്ടിക്കരയുകയാണ്. മണ്ണും മരങ്ങളും ജലവും കരയുന്നു!

സോവിയറ്റ് റഷ്യ തകർന്നതിനെപ്പറ്റി ചില തമാശകളുണ്ട്. സോവിയറ്റ് റഷ്യ തകർന്നത്, 'അഗ്രിക്കൾച്ചറി'ൽ വിശ്വസിക്കാതെ 'ആഗ്രോ-ഇൻഡസ്ട്രീയി'ൽ വിശ്വസിച്ചതുകൊണ്ടാണെന്നും, നദികളിൽ വിശ്വസിക്കാതെ നദികളിൽ പടുത്തുയർത്തുന്ന ജലവൈദ്യുത പദ്ധതികളിൽ വിശ്വസിച്ചതു കൊണ്ടാണെന്നും ഒരു തമാശയിൽ പറയുന്നു. റഷ്യ അതിന്റെ മണ്ണിലും ജലത്തിലും വിശ്വസിക്കാതെ ചന്ദ്രനിലെ മണ്ണിലും ജലത്തിലും വിശ്വസിച്ചു. ഇതൊക്കെ വെറും തമാശകളായി എഴുതിത്തള്ളാൻ കഴിയുമോ? അതിന്റെ പിന്നിലേക്ക് ചിന്തിക്കുമ്പോൾ അതിലും യാഥാർത്ഥ്യം കണ്ടെത്താൻ കഴിയുകയില്ലേ? കൃഷി നശിച്ച്, വ്യവസായങ്ങൾ മാത്രമായാലത്തെ അവസ്ഥ എങ്ങിനെയുണ്ടാവും? പരസ്പരപൂരകമായ ഒരു വികസനത്തിനു മാത്രമേ ശാശ്വതമായ നിലനില്പുള്ളു എന്ന യാഥാർത്ഥ്യം മനസ്സിലാക്കുകയാണ് വേണ്ടത്.

വികസനത്തിനു വേണ്ടത് മണ്ണും ജലവുമാണ് എന്ന് തിരിച്ചറിയുകയാണ് പ്രധാനം. മനുഷ്യന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രശ്നമായി മണ്ണിനേയും ജലത്തിനേയും കാണാൻ തയ്യാറാകണം. എല്ലാ നദികളും എല്ലാ മലകളും എന്ന് കാത്തുസൂക്ഷിക്കുവാൻ കഴിയുന്നുവോ, അന്നേ നാം വികസനത്തിന്റെ പൂർണ്ണതയിലെത്തുകയുള്ളൂ.

നാം പ്രകൃതിയുടെ അന്തകരായിക്കൂടാ. ആ വിധത്തിലല്ലേ ഇപ്പോൾ നമ്മുടെ പെരുമാറ്റം എന്ന് തോന്നിപ്പോകുന്നു. മണ്ണും ജലവും ആവേശത്തോടെ വിൽക്കുന്നവരായി മാറുകയാണ് നമ്മൾ. ഒരു നദി നശിച്ചാൽ, അവിടൊരു 'സർവ്വകലാശാല' സ്ഥാപിക്കാം എന്ന രീതിയിലാണിപ്പോൾ കാര്യങ്ങൾ. ഒരു മല ഇടിച്ച് നിരപ്പാക്കി അവിടെ ഏതെങ്കിലും വ്യവസായശാല സ്ഥാപിക്കാം. ഇതായിരിക്കുന്നു വികസന നയം. മണ്ണും ജലവും ആവേശത്തോടെ നശിപ്പിച്ചുകൊണ്ടിരിക്കുന്നവരായി മാറുകയാണ് നമ്മൾ. മനുഷ്യനെ സ്നേഹിക്കണമെങ്കിൽ പ്രകൃതിയേയും സ്നേഹിക്കണം. പുതിയ വികസന സമീപനത്തിലൂടേയേ പ്രകൃതി സംരക്ഷണം പൂർണ്ണതയിലെത്തുകയുള്ളൂ.

മണ്ണിന്റെയും ജലത്തിന്റെയും മരത്തിന്റെയും സംരക്ഷണത്തിനായി പുതിയൊരു വികസന നയത്തിന് രൂപം കൊടുക്കേണ്ടതുണ്ട്. കാറ്റും വെള്ളവും മലിനമാകാതെ നോക്കേണ്ടതുണ്ട് - മനുഷ്യന്റെ നിലനില്പിന് ഏറ്റവും ആവശ്യമായ രണ്ട് ഘടകങ്ങളാണല്ലോ വായുവും വെള്ളവും. ഇവ രണ്ടും വിഷലിപ്തമായിക്കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ നമ്മൾ വിഷലിപ്തമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെങ്ങിനെ മാറ്റും എന്ന് പണ്ട് ഗംഗാനദി ചോദിച്ചതു പോലെ പ്രകൃതി നമ്മോട് ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഭാഗീരഥനെപ്പോലെ നമ്മൾക്ക് ഒരു ഉത്തരം കൊടുക്കാൻ കഴിയുന്നുണ്ടോ? കാലാകാലങ്ങളിൽ ജ്ഞാനിമാർ അത് നോക്കും - എന്ന് ഉറപ്പു കൊടുത്ത ഭഗീരഥന്റെ ഉറപ്പുകൾ പാലിക്കപ്പെടാത്തതെന്താണ്? ആ ഉറപ്പുകൾ പാലിക്കപ്പെടേണ്ടതുണ്ട്. മാലിന്യങ്ങൾക്കെതിരെയുള്ള പരിസ്ഥിതി നാശത്തിനെതിരെയുള്ള യുദ്ധമാണ് മുറുകേണ്ടത്. പല വേദികളിൽ നിന്നുമുയരുന്ന ശബ്ദങ്ങൾ ഒന്നാകുകയും അത് 'ജ്ഞാനി'മാരുടെ ശബ്ദമായി മാറുകയും ചെയ്യും.

ജീവജാലങ്ങളുടെ ആരോഗ്യകരമായ നിലനിൽപ്പ് ഉറപ്പാക്കാൻ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിയേ മതിയാകൂ. അമിതമായ വിഭവചൂഷണം ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മണ്ണൊലിപ്പ്, വനനശീകരണം, മലിനീകരണം, വർദ്ധിത ജനസാന്ദ്രത എന്നിങ്ങനെ എത്രയോ പ്രശ്നങ്ങൾ ഭൂമിയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരം ആവശ്യമാണ്. മണ്ണ്, ജലം, സസ്യ സമ്പത്ത്, വനസമ്പത്ത്, ലോഹങ്ങൾ, ധനിജങ്ങൾ എന്നിവയുടെ പരസ്പര സഹകരണമാണ് ഭൂമിയിൽ ജീവസഞ്ചാരണം സാധ്യമാക്കുന്നത്. പരിമിതമായ ഈ ഭൂവിഭവങ്ങളുടെ സംരക്ഷണം, വികസനം, പരിപാലനം എന്നിങ്ങനെ പ്രവർത്തനം ഏകോപിപ്പിക്കുവാനും ഏറ്റെടുത്ത് നടത്തുവാനും നമുക്ക് സാധിക്കണം. ഇതുപോലെ മണ്ണൊലിപ്പ്, വനനശീകരണം, ജൈവവൈവിധ്യ ശോഷണം, ജലസ്രോതസ്സുകളുടെ ശോഷണം തുടങ്ങിയവയെയും തടയാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

മനുഷ്യന് എല്ലാ കഴിവുകളുമുണ്ട്. പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുവാനും നശിപ്പിക്കുവാനും അവന് കഴിയും, ജീവസമൂഹത്തിൽ സ്വന്തം താല്പര്യത്തിനനുസരിച്ച് ചുറ്റുപാടുകളെ മാറ്റിമറിക്കുന്ന ജീവിയാണ് മനുഷ്യൻ. ഇന്ന് നേരിടുന്ന ജൈവവൈവിധ്യശോഷണം മനുഷ്യന്റെ ഹീനമായ ഇടപെടലുകൾ മൂലമാണ് സംഭവിക്കുന്നത്. എന്നാലും ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് ഭൂമിയെ സമ്പന്നമാക്കാനും നിലനിർത്താനും കഴിവുള്ള ഏക ജീവി മനുഷ്യൻ മാത്രമാണ്. പ്രകൃതിയും മനുഷ്യനും പരസ്പരം സ്നേഹവാത്സല്യങ്ങൾ പകർന്നുകൊണ്ടാണ് മുന്നോട്ടു പോകേണ്ടത്. അത് ഓരോ വികസന യജ്ഞത്തിലും ഓർത്താൽ നാം ഒരിക്കലും പരിസ്ഥിതി നാശത്തിനായി ശ്രമിക്കുകയില്ല. നാം പരിസ്ഥിതിയെ സ്നേഹിക്കുന്നവരായി മാറുകയും ചെയ്യും. ❍




രാഷ്ട്രപതി ശ്രീ. പ്രണബ് കുമാർ മുഖർജി കേരള നിയമസഭയെ അഭിസംബോധന ചെയ്തപ്പോൾ. രാഷ്ട്രപതി, ഗവർണ്ണർ ശ്രീ എച്ച്. ആർ. ഭരദ്വാജ് എന്നിവരോടൊപ്പം ബഹു. സ്പീക്കർ ജി. കാർത്തികേയൻ. (2012 ഒക്ടോബർ 30)



ഉപരാഷ്ട്രപതി ശ്രീ. മുഹമ്മദ് ഹമീദ് അൻസാരി നിയമസഭ സന്ദർശിച്ച വേളയിൽ ബഹു. സ്പീക്കർ ജി. കാർത്തികേയൻ അദ്ദേഹത്തോടൊപ്പം. ഗവർണ്ണർ നിഖിൽ കുമാർ, മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി, ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ, പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. ശശി തരൂർ എം.പി., മുൻ സ്പീക്കർമാരായ സർവ്വശ്രീ. പി. പി. തങ്കച്ചൻ, ടി. എസ്. ജോൺ, വി. എം. സുധീരൻ, എം. വിജയകുമാർ, എന്നിവർ സമീപം. (2013 സെപ്റ്റംബർ 11)



എം.എൽ.എ. ഹോസ്റ്റലിൽ ആരംഭിച്ച നേത്ര ക്ലിനിക്ക് ബഹു. സ്പീക്കർ ജി. കാർത്തികേയൻ ഉദ്ഘാടനം ചെയ്യുന്നു. (2014 ജൂലൈ 10)




കേരള നിയമസഭാ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം ബഹു. സ്പീക്കർ ജി. കാർത്തികേയൻ നിർവ്വഹിക്കുന്നു. (2014 ജൂലൈ 15)



"സാമാജികൻ" ആറാം ലക്കത്തിന്റെ പ്രകാശനം, മുഖ്യപത്രാധിപർ ശ്രീ. സണ്ണി ജോസഫ് എം.എൽ.എ.യ്ക്ക് പ്രസിദ്ധീകരണം നൽകിക്കൊണ്ട്, ബഹു. സ്പീക്കർ ജി. കാർത്തികേയൻ നിർവ്വഹിക്കുന്നു. മുൻ മന്ത്രിമാരായ കുട്ടി അഹമ്മദ് കുട്ടി, ബിനോയ് വിശ്വം, ശ്രീ. എ.എം. ആരിഫ് എം.എൽ.എ. നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. ശാരംഗധരൻ എന്നിവർ സമീപം. (2014 ജൂലൈ 23)



റിപ്പബ്ലിക് ദിനാഘോഷ വേളയിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ പ്രതിമയിൽ ബഹു. സ്പീക്കർ ജി. കാർത്തികേയൻ പുഷ്പാർച്ചന നടത്തുന്നു. ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ സമീപം. (2015 ജനുവരി 26)



അന്തരിച്ച സ്പീക്കർ ജി. കാർത്തികേയന്റെ ഭൗതികശരീരം നിയമസഭാമന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ പൊതുദർശനത്തിന് വച്ചപ്പോൾ (8-3-2015)




അന്തരിച്ച സ്പീക്കർ ജി. കാർത്തികേയന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വാഹനം നിയമസഭാമന്ദിരത്തിൽ നിന്നും പുറത്തേക്ക് വന്നപ്പോൾ (8-3-2015)

എൻ. ശക്തൻ



7, 11, 12, 13 കേരള നിയമസഭകളിൽ അംഗം.
2004-2006 കാലയളവിൽ ഗതാഗത വകുപ്പു മന്ത്രി.
28.06.2011 മുതൽ 10.03.2015 വരെ ഡെപ്യൂട്ടി സ്പീക്കർ.
12.03.2015 മുതൽ സ്പീക്കർ.

# യുഗ പ്രഭാവനായ പണ്ഡിറ്റ്ജി

ഇന്ത്യ കണ്ട എക്കാലത്തേയും ഉന്നത ശീർഷനായ രാഷ്ട്രീയ നേതാവും, മഹാനായ പ്രധാനമന്ത്രിയുമായിരുന്നു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. ഗാന്ധിജി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലോക ജനതയുടെ ആദരവ് പിടിച്ച് പറ്റിയ ഇന്ത്യക്കാരനും അദ്ദേഹം തന്നെ. അദ്ദേഹത്തിന്റെ 125-ാം ജന്മവാർഷികത്തിൽ ആ മഹാത്മാവിനെ അനുസ്മരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

ഹിമാലയത്തിന് നിരവധി കൊടുമുടികൾ ഉള്ളതുപോലെ വൈവിധ്യമാർന്ന വ്യക്തി പ്രഭാവത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ കാലം ജയിലിൽ കഴിയേണ്ടി വന്ന നേതാവായിരുന്നു അദ്ദേഹം. 1922 മുതൽ 1945 വരെയുള്ള ഘട്ടത്തിലായി 3262 ദിവസം അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. ഇന്ത്യയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് ഇന്ത്യൻ ജനതയുടെ ഹൃദയവികാരങ്ങൾ തൊട്ടറിയാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

ഉന്നത രാഷ്ട്രീയ നേതാവ്, അഭിഭാഷകൻ, ഉജ്ജ്വല പ്രാസംഗികൻ, മികച്ച ഭരണാധികാരി, നയതന്ത്രജ്ഞൻ, സാമ്പത്തിക വിദഗ്ദ്ധൻ എന്നിങ്ങനെയുള്ള വിവിധ കഴിവുകൾ ക്രോഡീകരിക്കപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. ആധുനിക ഭാരതത്തിന്റെ ശില്പി എന്നാണ് പണ്ഡിറ്റ്ജി വിശേഷിപ്പിക്കപ്പെടുന്നത്. ഒരു മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായി മാറാൻ ഇന്ത്യക്ക് കഴിഞ്ഞത് നെഹ്രുജിയുടെ കാഴ്ചപ്പാടുകളുടെ സവിശേഷത കൊണ്ടായിരുന്നു.

ഇന്ത്യൻ രാഷ്ട്രീയത്തിലെ രാജകുമാരനായിരുന്നു നെഹ്രുജി. ഇന്ത്യയെ വിലയ്ക്ക് നൽകിയാൽ വാങ്ങിക്കൊള്ളാമെന്നു ബ്രിട്ടീഷുകാരോട് പറഞ്ഞ ശ്രീ. മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ്റാണിയുടെയും പുത്രനായി അലഹബാദിൽ 1889 നവംബർ 14-ന് സമ്പത്തിന്റെ നടുവിൽ ജനിച്ച് സമ്പത്തിൽ വളർന്ന വ്യക്തിയായിരുന്നു അദ്ദേഹം.

ഹാരോവിലും കേംബ്രിഡ്ജിലുമായി വിദേശ വിദ്യാഭ്യാസം നേടി 1912-ൽ ഇന്ത്യയിൽ തിരിച്ചെത്തി അഭിഭാഷകവൃത്തിയിൽ പ്രവേശിച്ച അദ്ദേഹത്തിന്, ആ രംഗത്ത് ശോഭിക്കാനും സുഖസമൃദ്ധമായി ജീവിക്കാനും കഴിയുമായിരുന്നു. പക്ഷേ വിദേശാധിപത്യത്തിൻ കീഴിലായിരുന്ന മാതൃരാജ്യത്തിന്റെ വിളിയും, ഇന്ത്യൻ ജനതയുടെ ദയനീയ അവസ്ഥയും അദ്ദേഹത്തെ സ്വാതന്ത്ര്യ സമരരംഗത്തെത്തിക്കുകയായിരുന്നു. പട്ടുമെത്തയിൽ ശയിക്കേണ്ട അദ്ദേഹത്തിന് ജയിലറകളിലെ ഇരുണ്ട മുറികളിൽ കഴിച്ചുകൂട്ടേണ്ടി വന്നു. കൽക്കത്തയിലെയും, നൈനിത്താളിലെയും, അഹമ്മദ്നഗറിലെയുമുൾപ്പെടെ എട്ടോളം ജയിലുകളിൽ അദ്ദേഹം അടയ്ക്കപ്പെട്ടിട്ടുണ്ട്. അലഹബാദ് മുനിസിപ്പൽ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം, സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പ് രൂപീകരിക്കപ്പെട്ട താത്ക്കാലിക ഗവൺമെന്റിലെയും പ്രധാന മന്ത്രിയായിരുന്നു.

ഉജ്ജ്വല വാഗ്മിയായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ആവേശം കൊണ്ട് പതിനായിരങ്ങൾ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തു ചാടുകയുണ്ടായി. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ഉടനെ അദ്ദേഹം പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടത്തിയ പ്രസംഗം കോരിത്തരിപ്പോടെയാണ് ഇന്ത്യൻ ജനത കേട്ടിരുന്നത്. നെഹ്റുവിന്റെ 'ട്രിസ്റ്റ് വിത്ത് ഡെസ്റ്റിനി' എന്ന പേരിൽ പ്രശസ്തമായ ആ പ്രസംഗത്തിലെ ചില വരികൾ:

"Long years ago we made a tryst with destiny and now the time comes when we shall redeem our pledge, not wholly or in full measure, but very substantially. At the stroke of the midnight hour, when the world sleeps, India will awake to life and freedom. A moment comes, which comes but rarely in history, when we stepout from the old to the new, then an age ends, and when the soul of a nation, long suppressed, finds utterance. It is fitting that at this solemn moment, we take the pledge of dedication to the service of India and her people and to the still larger cause of humanity". രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് ഇതിനേക്കാൾ മെച്ചമായി പറയാൻ ആർക്കാണ് കഴിയുക. ഈ പ്രസംഗത്തിൽ പറഞ്ഞതുപോലെ, ഇന്ത്യക്കു വേണ്ടിയും ഇന്ത്യൻ ജനതയ്ക്ക് വേണ്ടിയും, ലോക ജനതയുടെ ക്ഷേമത്തിന് വേണ്ടിയും ഉഴിഞ്ഞു വച്ചതായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം. ഇന്ത്യയുടെ പിന്നോക്കാവസ്ഥ മാറ്റി മുൻനിരയിലെത്തിക്കാൻ രാപകലന്യേ പ്രയത്നിച്ച അദ്ദേഹം ഉറങ്ങുന്നതു പോലും വളരെക്കുറച്ചു മണിക്കൂറുകൾ മാത്രമായിരുന്നു. ഇന്ത്യയ്ക്ക്

ഇനിയും വളരെയേറെ മുന്നോട്ട് പോകാനുണ്ടെന്ന് അദ്ദേഹം എപ്പോഴും കരുതിയിരുന്നു.

"These woods are lovely, dark and deep,
But I have promises to keep,
And miles to go before I sleep,
And miles to go before I sleep."

എന്ന റോബർട്ട് ഫ്രോസ്റ്റിന്റെ കവിത ടൈപ്പ് ചെയ്ത് എപ്പോഴും അദ്ദേഹത്തിന്റെ മേശപ്പുറത്തു സ്ഥാപിച്ചിരുന്നു. ചേരിചേരാ നയത്തിന്റെയും പഞ്ചശീലതത്വങ്ങളുടെയും ഉപജ്ഞാതാക്കളിൽ ഒരാളായിരുന്നു നെഹ്രു. സൂയസ് കനാൽ തർക്കം പോലെ രാഷ്ട്രങ്ങൾ തമ്മിലുള്ള പല തർക്കങ്ങൾക്കും പരിഹാരം നിർദ്ദേശിക്കാൻ കഴിഞ്ഞ ഉന്നതനായ തന്ത്രജ്ഞനായിരുന്നു അദ്ദേഹം.

സോവിയറ്റ് യൂണിയനോടും സോഷ്യലിസ്റ്റ് സംവിധാനത്തോടും അദ്ദേഹത്തിന് ആഭിമുഖ്യമുണ്ടായിരുന്നു. 1927-ൽ അദ്ദേഹം സോവിയറ്റ് യൂണിയൻ സന്ദർശിക്കുകയും ആ യാത്രയുടെ അനുഭവങ്ങൾ 'സോവിയറ്റ് റഷ്യ: സം റാൻഡം സ്കെച്ചസ്' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്തു. 1917-ൽ ഒരു മനുഷ്യസ്നേഹിയുടെ പരിശ്രമഫലമായി റഷ്യക്കും സൈബീരിയക്കും മോചനം ലഭിച്ചതായും ഇവിടെ, ഇന്ത്യയിൽ ഒരു മനുഷ്യസ്നേഹി (ഗാന്ധിജി) വിദേശ ആധിപത്യത്തിൽ നിന്ന് രാഷ്ട്രത്തെ മോചിപ്പിക്കാൻ ശ്രമിക്കുന്നതായും അദ്ദേഹം ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്. റഷ്യയിൽ നടപ്പിലാക്കിയിരുന്ന പഞ്ചവത്സര പദ്ധതിയുടെ ചുവട് പിടിച്ചാണ് ഇവിടെയും പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കിയത്. ഇന്ത്യയുടെ സമഗ്ര വികസനത്തിന് പഞ്ചവത്സര പദ്ധതികളുടെ പങ്ക് വളരെ വലുതാണ്. സമ്മിശ്ര സമ്പദ് വ്യവസ്ഥ നെഹ്രുവിന്റെ സംഭാവനയായിരുന്നു.



സ്വാതന്ത്ര്യം കിട്ടുമ്പോൾ 35 കോടി ജനങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾക്ക് വിദേശ രാജ്യങ്ങളെ ആശ്രയിച്ചിരുന്ന ഇന്ത്യ ഇന്ന് 134 കോടി ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യ ധാന്യം മാത്രമല്ല, ആവശ്യത്തിന് ഭക്ഷ്യ കരുതൽ ശേഖരമുള്ള രാജ്യമായി മാറിയെങ്കിൽ, അതിന് രാജ്യം കടപ്പെട്ടിരിക്കുന്നത് നെഹ്രുജിയോടാണ്. ഈ കരുതൽ ശേഖരമാണ് ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കാൻ ഇന്ത്യയെ പ്രാപ്തമാക്കുന്നത്. മുഖ്യമായും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന ഇന്ത്യയിൽ, ജലസേചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഭക്രാനങ്കൽ പോലുള്ള ജലസേചന പദ്ധതികൾക്ക് അദ്ദേഹം രൂപം നൽകി. കൃഷിക്ക് പ്രാധാന്യം നൽകിയ അദ്ദേഹം പറഞ്ഞു: "anything else can wait but not agriculture". പുതിയ അണക്കെട്ടുകളെ അദ്ദേഹം പുതിയ ക്ഷേത്രങ്ങളായാണ് വിശേഷിപ്പിച്ചത്. വ്യാവസായിക രംഗത്തും, ശാസ്ത്ര സാങ്കേതിക രംഗത്തും ഗ്രാമവികസനത്തിന്റെ കാര്യത്തിലും മാത്രമല്ല, സമഗ്ര മേഖലകളിലെ വികസനത്തിനും അദ്ദേഹം അടിത്തറ പാകി. അതിന്റെ ഗുണഫലങ്ങൾ രാജ്യം ഇന്ന് അനുഭവിക്കുകയും ചെയ്യുന്നു.

മറ്റ് പല കഴിവുകൾക്കൊപ്പം ഒരു എഴുത്തുകാരനെന്ന നിലയിലും സ്വന്തം വ്യക്തിപ്രഭാവം പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 'ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി', 'ആൻ ഓട്ടോ ബയോഗ്രാഫി', 'ഡിസ്കവറി ഓഫ് ഇന്ത്യ' എന്നീ മഹത്തായ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം തന്റെ ധിഷണാ ശക്തിയും രചനാ വൈഭവവും പ്രകടിപ്പിക്കുകയുണ്ടായി. രാഷ്ട്രീയ രംഗത്ത് ശോഭിക്കുന്നവരിൽ പലരും എഴുത്തുകാരാകാറില്ല. പക്ഷേ നെഹ്രുജി ആ രംഗത്തും തന്റെ കരുത്തു കാട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ കൃതികൾ ഇന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലെ സർവ്വകലാശാലകളിൽ പാഠ്യവിഷയമാണ്.

മകളായ ഇന്ദിരാ പ്രിയദർശിനിക്കയക്കുന്ന കത്തുകളുടെ രൂപത്തിലാണ് അദ്ദേഹം 'ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി' രചിച്ചിരിക്കുന്നത്. ആദ്യ കത്ത് 1930 ഒക്ടോബർ 30-നും അവസാന കത്ത് 1933 ആഗസ്റ്റ് 9-നുമാണ് എഴുതിയിരിക്കുന്നത്. 1938 നവംബർ 14-ന് രചിച്ച ഒരു പോസ്റ്റ് സ്ക്രിപ്റ്റും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യൻ സംസ്കാരത്തെക്കുറിച്ച് പഠിക്കാൻ ഇന്ത്യയിലെത്തുകയും നളന്ദാ സർവ്വകലാശാലയിൽ പഠിക്കുകയും, പഠിപ്പിക്കുകയും 'മാസ്റ്റർ ഓഫ് ലാ' എന്ന പദവി വഹിക്കുകയും ചെയ്ത ചൈനീസ് സ്കോളറായ ഹുയാൻ സാംഗ് തന്റെ ഇന്ത്യൻ സന്ദർശനത്തെക്കുറിച്ച് ഒരു യാത്രാ വിവരണം എഴുതുകയുണ്ടായി. തലയിൽ വിളക്കും വച്ച്, ഇടുപ്പിന് ചുറ്റും ചെമ്പ് പാത്രങ്ങൾ കെട്ടിവെച്ചുകൊണ്ട്,

ഇന്നത്തെ ബീഹാറിലെ ഭഗൽപൂരിന് സമീപമുള്ള 'കർണ്ണ സുവർണ്ണ' എന്ന സ്ഥലത്തേക്ക്, തെക്കു നിന്നു വന്ന ഒരു 'ജ്ഞാനി'യെക്കുറിച്ച് അദ്ദേഹം ഈ പുസ്തകത്തിൽ എഴുതുന്നു. തന്റെ ജ്ഞാനം കാരണം വയറ് പൊട്ടിപ്പോകുമെന്ന് ഇയാൾ കരുതി. അതു തടയാനാണ് ഇടുപ്പിനു ചുറ്റും ചെമ്പ് പാത്രങ്ങൾ കെട്ടിവെച്ചത്. തന്റെ ചുറ്റുമുള്ള, അറിവില്ലാതെ ഇരുട്ടിൽ കഴിയുന്ന ജനങ്ങളെക്കുറിച്ച് വികാരാധീനനായ അയാൾ അവർക്ക് വെളിച്ചം നൽകാനാണ് തലയിൽ വിളക്ക് കൊളുത്തി വച്ചിരുന്നത്. വിഡ്ഢിയായ ഈ ജ്ഞാനിയുടെ കഥ ഉദ്ധരിച്ചു കൊണ്ടാണ് നെഹ്റു തന്റെ 'ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി' ആരംഭിക്കുന്നത്. അറിവ് കൂടിയതുകൊണ്ട് താൻ എന്നെങ്കിലും പൊട്ടിത്തെറിക്കുമെന്ന അപകടമില്ലെന്നും അതിനാൽ ചെമ്പ് പ്ലേറ്റുകൾ ധരിക്കേണ്ട ആവശ്യമില്ലെന്നും, തനിക്കുള്ളിടത്തോളം അറിവ് വയറ്റിലല്ലെന്നും അദ്ദേഹം പറയുന്നു.

ജയിൽവാസത്തിനിടെ ഇത്രയേറെ കത്തുകൾ എഴുതിയതെന്തിന് എന്ന് ചിന്തിക്കുന്ന അദ്ദേഹം പത്തൊമ്പതാം നൂറ്റാണ്ടിലെ മഹാനായ രാഷ്ട്രതന്ത്രജ്ഞൻ ബഞ്ചമിൻ ഡിസ്റയേലിയുടെ വാക്കുകൾ ഉദ്ധരിക്കുന്നു:

'നാടുകടത്തലിനോ, ജയിൽ ശിക്ഷക്കോ വിധിക്കപ്പെട്ട മറ്റുള്ളവർ, ജീവിച്ചിരിക്കുകയാണെങ്കിൽ നിരാശരായിരിക്കും. എന്നാൽ എഴുത്തുകാരൻ ആ ദിവസങ്ങളെ തന്റെ ജീവിതത്തിലെ മധുരതരമായ നാളുകളായി കണക്കാക്കും'

പ്രസിദ്ധരായ നിരവധി എഴുത്തുകാർ 'ജയിൽപക്ഷി'കളായി ഉണ്ടായിട്ടുണ്ട്. 'ഡോൺ ക്വിക്സോട്ട്' എഴുതിയ സെർവാന്റിസും 'പിൽഗ്രിം പ്രോഗ്രസ്സ്' എഴുതിയ ജോൺ ബൻയനും അതിൽപ്പെട്ട രണ്ടുപേരാണ്.

താൻ ഒരു എഴുത്തുകാരനോ, ചരിത്രകാരനോ അല്ലെന്ന് പറയുന്ന നെഹ്റുജി താൻ ആരാണെന്ന് സ്വയം ചോദിക്കുന്നുമുണ്ട്. പക്ഷേ നെഹ്റുജി മികച്ച എഴുത്തുകാരനാണെന്ന കാര്യം അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വിളിച്ച് പറയുന്നു. ജയിലുകളിലെ നല്ല ലൈബ്രറിയിൽ നിന്ന് വളരെയേറെ വായിക്കാൻ കഴിഞ്ഞതായും ആ വായന തന്നെ ഒരു പുതിയ മനുഷ്യനാക്കിയതായും അദ്ദേഹം പറയുന്നു.

മകൾക്കെഴുതിയ നിരവധി കത്തുകളിലൂടെ ലോകചരിത്രത്തിലേക്കൊരു എത്തിനോട്ടം നടത്താൻ നെഹ്റുജിയ്ക്ക് കഴിഞ്ഞു. ഏഷ്യയുടെയും യൂറോപ്പിന്റെയും ചരിത്രത്തെക്കുറിച്ച് പരാമർശിക്കുന്ന അദ്ദേഹം ഗ്രീസിലെ സിറ്റിസ്റ്റേറ്റുകളെക്കുറിച്ചും വിവരിക്കുന്നു. ഫ്രഞ്ച് വിപ്ലവം, നെപ്പോളിയന്റെ കാലം, ജപ്പാൻ റഷ്യയെ പരാജയപ്പെടുത്തുന്നത്, ഡാർവിന്റെ പങ്ക്, സയൻസിന്റെ വളർച്ച, ജനാധിപത്യത്തിന്റെ മുന്നേറ്റം എന്നിവയെക്കുറിച്ചുമെല്ലാം വിശദമായി എഴുതുന്നുണ്ട്. ആര്യന്മാരെക്കുറിച്ചും, അശോക ചക്രവർത്തിയെക്കുറിച്ചും കുശാനന്മാരെക്കുറിച്ചും, ഇന്ത്യയിലെ ഇതര രാജ വംശത്തെക്കുറിച്ചും, റോമാ സാമ്രാജ്യത്തെക്കുറിച്ചുമെല്ലാം എഴുതുന്ന അദ്ദേഹം മനുഷ്യ സംസ്കാരത്തിന്റെ ഉയർച്ച താഴ്ചകളെപ്പറ്റിയും പരാമർശിക്കുന്നു. ഇസ്ലാമിന്റെ വരവിനെക്കുറിച്ചുള്ള പരാമർശവും ഉണ്ട്. മഹാനായ അലക്സാണ്ടർ ചക്രവർത്തിയെപ്പറ്റി വിശദമായി പറയുന്ന അദ്ദേഹം സോവിയറ്റ് യൂണിയന്റെ സമരം, ലോക മഹായുദ്ധം, ഇന്ത്യൻ സ്വാതന്ത്ര്യ സമരം, ഗാന്ധിജിയുടെ പങ്ക് എന്നിവ വിശദീകരിക്കുന്നുണ്ട്. പ്രാചീനകാലം മുതൽ സ്വാതന്ത്ര്യ സമരകാലം വരെയുള്ള ഇന്ത്യയുടെ ചരിത്രം പല കത്തുകളിലായി വിവരിക്കുന്നുണ്ട്. ചുരുക്കത്തിൽ ഇന്ത്യയുടെയും ലോകത്തിന്റെ ഇതരഭാഗങ്ങളുടെയും ചരിത്രം മനസ്സിലാക്കാൻ ഈ ഗ്രന്ഥം നമ്മെ സഹായിക്കുന്നു. ചരിത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവും പാണ്ഡിത്യവും ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു. ചരിത്രം മാജിക് ഷോ അല്ലെന്നും എന്നാൽ കാണാൻ കണ്ണുള്ളവർക്ക് അതിൽ ധാരാളം മാജിക് കാണാൻ കഴിയുമെന്നും അദ്ദേഹം എഴുതുന്നു. കൊച്ചുകുട്ടികൾക്കു പോലും മനസ്സിലാകുന്ന തരത്തിൽ ലളിതമായ ഭാഷയും ശൈലിയുമാണ് ഈ പുസ്തകത്തിൽ അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്.

1934 ജൂൺ മുതൽ 1935 ആഗസ്റ്റ് വരെയുള്ള കാലയളവിലാണ് ആത്മകഥ (An Autobiography) എഴുതിയത്. വംശ ചരിത്രവും കുടുംബചരിത്രവും വ്യക്തിപരമായ അനുഭവങ്ങളും വിവരിക്കുന്ന ഈ ഗ്രന്ഥം സമകാലിക സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ വിവരണത്തോടെയാണ് അവസാനിക്കുന്നത്. കാശ്മീരി പണ്ഡിറ്റുകളായ നെഹ്റുവിന്റെ കുടുംബക്കാർ കൗൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1716-ൽ അന്നത്തെ കുടുംബ കാരണവർ ഡൽഹിയിലേക്ക് കുടിയേറുകയും ഒരു തോടിന്റെ വക്കത്തുള്ള ഒരു വീടും ഭൂമിയും ഡൽഹി ഭരണാധികാരിയിൽ നിന്ന് സമ്മാനമായി നേടുകയും ചെയ്തു. തോടിന്റെ കരയിൽ താമസിച്ചതിനാൽ ആ പിതാമഹന്റെ പേരിനൊപ്പം നെഹർ എന്നു കൂടി ചേർക്കപ്പെട്ടു. (നെഹർ – തോട്) ക്രമേണ കൗൾ എന്ന സ്ഥാനപ്പേര് കളയുകയും നെഹ്റു എന്ന പേര് കൂട്ടിച്ചേർക്കുകയും ചെയ്തു.

കുടുംബത്തിന്റെയും അച്ഛന്റെയും ചരിത്രം വിവരിക്കുന്ന അദ്ദേഹം തന്റെ ജനനത്തെയും വിവാഹത്തെയും വിദേശ വിദ്യാഭ്യാസത്തെയും, മടങ്ങി വന്നു അഭിഭാഷക വൃത്തി സ്വീകരിക്കുന്നതിനെയും, ഭാര്യ കമലയുടെ മരണത്തെക്കുറിച്ചും ജീവിതത്തിലെ വിവിധ സംഭവങ്ങളെക്കുറിച്ചും ജയിൽ വാസങ്ങളെക്കുറിച്ചും സ്വാതന്ത്ര്യ സമര പ്രക്ഷോഭത്തെക്കുറിച്ചുമെല്ലാം വിശദമായി ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. ബാല്യത്തിൽ അദ്ദേഹത്തിന്റെ ചങ്ങാതിയായിരുന്നു അച്ഛന്റെ മുൻഷിയായ മുബാരക് അലി. മതേതര കാഴ്ചപ്പാട് നെഹ്റുവിൽ ഉണ്ടാക്കാൻ ഈ ചങ്ങാത്തം കാരണമായിരുന്നിരിക്കാം. അദ്ദേഹത്തിന്റെ 1935 ഫെബ്രുവരി വരെയുള്ള ആത്മകഥയാണ് ഈ പുസ്തകത്തിൽ കാണാൻ കഴിയുന്നത്. എഴുതി കഴിഞ്ഞശേഷം കൂട്ടിച്ചേർക്കലിനൊന്നും അദ്ദേഹം തയ്യാറാകുന്നുമില്ല.

ജവർഹർലാൽ നെഹ്റുവിന്റെ പര്യായമായി മാറിയ പുസ്തകമാണ് 'ഡിസ്കവറി ഓഫ് ഇന്ത്യ'. നെഹ്റുവിനെ ഓർക്കുമ്പോൾ ഡിസ്കവറി ഓഫ് ഇന്ത്യയെ ഓർക്കും. 1944 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ അഹമ്മദ് നഗർ ഫോർട്ട് ജയിലിൽ കഴിയുന്ന കാലയളവിലാണ് ഈ ഗ്രന്ഥം രചിക്കുന്നത്.

നെഹ്റുവിലെ എഴുത്തുകാരന്റെ കാല്പനികത ഈ പുസ്തകത്തിൽ പലേടത്തും കാണാൻ കഴിയും. അഹമ്മദ് നഗർ ഫോർട്ട് ജയിൽ വാസത്തിന്റെ തുടക്കത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതുന്നു."The new moon, a shimmering crescent in the darkening sky, greeted us on our arrival here. The bright fortnight of the waxing moon had begun. Ever since then each coming of the new moon has

been a reminder to me that another month of my imprisonment is over.” ജയിലിനുള്ളിലെയും പുറത്തെയും സമയത്തിന്റെ വ്യത്യാസത്തെക്കുറിച്ചും എന്തെങ്കിലും ചെയ്യണമെന്ന ത്വര ഉത്ഭവിച്ചതിനെ ക്കുറിച്ചുമുള്ള വിശദീകരണം ഈ പുസ്തകത്തിൽ കാണാം.



‘ബുക്കുകളും പഴയ സ്മാരകങ്ങളും, കഴിഞ്ഞ കലാസാംസ്കാരിക നേട്ടങ്ങളും, ഇന്ത്യയെക്കുറിച്ച് ചില ധാരണകളിലെത്താൻ സഹായിച്ചു. എങ്കിലും അവയ്ക്ക് ഞാൻ തേടുന്നവയ്ക്കുള്ള ഉത്തരം നൽകാൻ കഴിഞ്ഞില്ല. അവയ്ക്ക് കഴിയുകയുമില്ല കാരണം അവ കഴിഞ്ഞ കാലത്തെയാണ് കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞ കാലവും പുതിയ കാലവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നതാണ് ഞാൻ അറിയാൻ ആഗ്രഹിച്ചത്’. ‘ഇന്ത്യയെ തെരയൽ’ എന്ന ശീർഷകത്തിൻ കീഴിൽ അദ്ദേഹം എഴുതുന്നു. നിരന്തരമായ തെരച്ചിലിന്റെ ഫലമായി അദ്ദേഹം ഇന്ത്യയെ കണ്ടെത്തുക തന്നെ ചെയ്തു.

ഇന്ത്യയുടെ വൈവിധ്യത്തെക്കുറിച്ചും ഏകത്വത്തെക്കുറിച്ചും ഹിന്ദുത്വത്തെക്കുറിച്ചും ഹിന്ദുത്വവും ബുദ്ധിസവും ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും എഴുതുന്ന അദ്ദേഹം മഹാഭാരതം, ഭഗവത്ഗീത എന്നിവയെപ്പറ്റിയും പരാമർശിക്കുന്നു. പുരാതന ഇന്ത്യയിലെ ഗണിതശാസ്ത്രം, കല എന്നിവയെയും പരാമർശിക്കുന്നുണ്ട്. ഇന്ത്യയിലെ വിദേശ വ്യാപാരത്തെക്കുറിച്ചും, ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയുടെ സാമ്പത്തിക വളർച്ച നിലച്ചതിനെപ്പറ്റിയും എഴുതുന്നുണ്ട്.

സിന്ധു നദീതട സംസ്കാരത്തെക്കുറിച്ച് തുടങ്ങി ഇന്ത്യയിലെ പ്രാചീനമായ വിവിധ കാലഘട്ടത്തെപ്പറ്റി അദ്ദേഹം എഴുതുന്നു. അറബികളെക്കുറിച്ചും മുഗളന്മാരെക്കുറിച്ചും എഴുതുന്ന അദ്ദേഹം മറാത്താക്കാരെക്കുറിച്ചും പഞ്ചാബിലെ റാണ രഞ്ജിത് സിംഗിനെപ്പറ്റിയും പരാമർശിക്കുന്നു. ബ്രിട്ടീഷുകാരുടെ വരവിനെയും, അധികാര കേന്ദ്രീകരണത്തെയും, അവരുടെ ഭരണകാര്യത്തിലെ ടെക്നിക്കുകളെയും പരാമർശിക്കുന്ന അദ്ദേഹം കോൺഗ്രസ്സിന്റെ വളർച്ചയേയും വികാസത്തെയും പറ്റിയും സ്വാതന്ത്ര്യ സമരത്തിന്റെ വിവിധ കാലഘട്ടത്തിലെ സംഭവ വികാസങ്ങളെക്കുറിച്ചും, ഗാന്ധിജിയുടെ വരവിനെയും, ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ സമരം ശക്തിപ്പെടുന്നതിനെയുമെല്ലാം വിവരിക്കുന്നു. ലോക മഹായുദ്ധം ഇന്ത്യയിൽ ചെലുത്തിയ സ്വാധീനത്തെ സംബന്ധിക്കുന്ന വിവരണമുണ്ട്. ബംഗാളിലും ബിജാപ്പൂരിലും, ഒറീസയിലും മലബാറിലുമെല്ലാമായി ലക്ഷകണക്കിനാളുകൾ പട്ടിണി കൊണ്ട് മരിച്ച 1942–43–ലെ ‘വലിയ ക്ഷാമത്തെ’ കുറിച്ച് അദ്ദേഹം എഴുതുന്നു. ചുരുക്കത്തിൽ ഇന്ത്യയെ കണ്ടെത്താൻ ഒരു സാധാരണക്കാരനെ സഹായിക്കുന്നതാണ് ഈ ഗ്രന്ഥം.

ഒരു എഴുത്തുകാരനെന്ന നിലയിലുള്ള നെഹ്രുവിന്റെ അറിവിനെയും, നിരീക്ഷണ പാടവത്തെയും, രചനാ വൈഭവത്തെയും ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു. ഈ ഒറ്റ ഗ്രന്ഥം വായിച്ചാൽ മതി ഒരു എഴുത്തുകാരനെന്ന നിലയിലുള്ള നെഹ്രുവിന്റെ കഴിവ് മനസ്സിലാക്കാൻ.

ഡിസ്കവറി ഓഫ് ഇന്ത്യയെ അഭിനന്ദിച്ചു കൊണ്ട് 1950 ഫെബ്രുവരി 8–ന് ആൽബർട്ട് ഐൻസ്റ്റീൻ നെഹ്രുവിന് എഴുതുകയുണ്ടായി. അങ്ങേയറ്റത്തെ താത്പര്യത്തോടെ പുസ്തകം വായിച്ചുവെന്നും പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നേരിട്ട ബൗദ്ധികവും, സാമ്പത്തികവും, ധാർമ്മികവുമായ നിർബന്ധിത തകർച്ചയെക്കുറിച്ചും, ഇന്ത്യൻ ജനത ദൂഷിതമായ ചൂഷണത്തിന് വിധേയമായതിനെക്കുറിച്ചുമുള്ള താങ്കളുടെ വിശകലനം എന്നിൽ വലിയ മതിപ്പുളവാക്കി എന്നും അദ്ദേഹം കത്തിൽ രേഖപ്പെടുത്തുകയുണ്ടായി.

നെഹ്രുവിന്റെ പുസ്തകങ്ങളെക്കുറിച്ച് വിശദീകരിക്കാനോ വിലയിരുത്താനോ ഇവിടെ മുതിരുന്നില്ല. ആ മഹത് ഗ്രന്ഥങ്ങളെക്കുറിച്ചുള്ള ചില പരാമർശങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. ഒരു എഴുത്തുകാരൻ എന്ന നിലയിൽ നെഹ്രുവിന്റെ കഴിവുകൾ ഈ പുസ്തകങ്ങൾ നമുക്ക് കാട്ടിത്തരുന്നു. നെഹ്രു പാർലമെന്റിലും മറ്റു വേദികളിലും നടത്തിയിട്ടുള്ള പ്രസംഗങ്ങൾ അടങ്ങിയിട്ടുള്ള മറ്റു പുസ്തകങ്ങളും വായിക്കുന്നത് അദ്ദേഹത്തിന്റെ കഴിവുകളെക്കുറിച്ച് മനസ്സിലാക്കാൻ ഉപകരിക്കും.

ചുവന്ന റോസാപ്പൂക്കൾ ഇഷ്ടമായിരുന്ന നെഹ്രുജിക്ക് കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. കുട്ടികൾ സ്നേഹാദരങ്ങളോടെ അദ്ദേഹത്തെ ചാച്ചാ നെഹ്രു എന്നു വിളിച്ചു. അദ്ദേഹത്തിന് കുട്ടികളോടുള്ള ഇഷ്ടം കണക്കിലെടുത്താണ് നെഹ്രുജിയുടെ ജന്മദിനം ശിശുദിനമായി ആഘോഷിക്കുന്നത്.

1964 മേയ് 27–ന് അദ്ദേഹം അന്തരിച്ച വാർത്ത കേട്ട് ഇന്ത്യൻ ജനത ഒന്നടങ്കം കേഴുകയായിരുന്നു. അത്രയ്ക്ക് അഗാധമായിരുന്നു ഇന്ത്യാക്കാരുടെ മനസ്സിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനം. യുഗപ്രഭാവനായിരുന്ന അദ്ദേഹത്തിന്റെ ഭരണകാലത്തെ ‘നെഹ്രു യുഗ’മെന്നാണ് പരാമർശിക്കുക. അതിന്റെ തുടർച്ചയാണ് ഇതുവരെയുള്ള ഭരണം. അദ്ദേഹം ഏർപ്പെടുത്തിയ ചില സ്ഥാപനങ്ങളെ ഇല്ലാതാക്കിക്കൊണ്ട് നെഹ്രു യുഗത്തിന് തിരശ്ശീല വീഴ്ത്താമെന്ന് കരുതുന്നത് മൗഢ്യമാണ്. നെഹ്രു ജീവിക്കുന്നത് ഇന്ത്യയുടെ ഹൃദയത്തിലാണ്. ജനമനസ്സുകളിലാണ്. ❍

**ഉമ്മൻ ചാണ്ടി**



4 മുതൽ 13 വരെയുള്ള 10 നിയമസഭകളിൽ തുടർച്ചയായി അംഗം. തൊഴിൽ വകുപ്പു മന്ത്രി. (1977-1978), ആഭ്യന്തര വകുപ്പു മന്ത്രി. (1981-1982) ധനകാര്യ വകുപ്പു മന്ത്രി (1991-1994), 2004-2006 കാലയളവിൽ മുഖ്യമന്ത്രി. 2006-2011 കാലയളവിൽ പ്രതിപക്ഷ നേതാവ്
2011 മുതൽ മുഖ്യമന്ത്രി.

# ജനക്ഷേമം മുഖ്യലക്ഷ്യം

രണ്ടു തവണ ജനസമ്പർക്ക പരിപാടി നടത്തിയതിൽ നിന്ന് എനിക്ക് കിട്ടിയ അനുഭവ സമ്പത്ത് വളരെ വലുതാണ്. അതിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടാണ് സർക്കാർ പല ജനക്ഷേമകരമായ പദ്ധതികൾക്കും തുടക്കമിട്ടത്.

അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒട്ടേറെ കർമ്മ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും സാമ്പത്തിക സഹായ-സേവന പദ്ധതികളും യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. സമൂഹത്തിലെ അവശവിഭാഗങ്ങളായ സ്ഥിരവരുമാനമില്ലാത്തവർ, രോഗികൾ, സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവർ, സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിൽക്കുന്നവർ, മോശപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ ജീവിക്കുന്നവർ, അശരണരും ആലംബഹീനരുമായ സ്ത്രീകൾ, വൃദ്ധർ, വിധവകൾ തുടങ്ങിയവർക്ക് ആശ്വാസവും ആശ്രയവും പകരുന്നവയാണ് ഈ പരിപാടികൾ. അവരെ മുഖ്യധാരയിലേക്ക് നയിക്കുവാൻ ഈ പദ്ധതികളിലൂടെ സാധിക്കും.

വ്യക്തിഗത ആനുകൂല്യങ്ങൾ മാത്രമല്ല സർക്കാർ നൽകുന്നത്. വ്യക്തികളുടെ കൂട്ടായ്മയ്ക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, ഇതര സേവനങ്ങൾ, സൗജന്യ നിരക്കിലും ഇളവോടു കൂടിയും ലഭിക്കുന്ന ഉത്പന്നങ്ങൾ, സേവനങ്ങൾ, വ്യക്തികളുടെ പങ്കാളിത്തതോടെ നടപ്പാക്കി വരുന്ന വികസന പദ്ധതികൾ, ബോധവത്ക്കരണ പ്രചാരണ പരിപാടികൾ, പലിശരഹിത/നാമമാത്ര പലിശയുള്ള വായ്പകൾ, സ്വയംതൊഴിൽ പദ്ധതികൾ, നിയമാനുസൃതമുള്ള പരിരക്ഷകൾ തുടങ്ങി ഒട്ടനവധി ക്ഷേമസുരക്ഷാ പദ്ധതികളും സർക്കാർ നടപ്പാക്കി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടും കൂടി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന സ്ത്രീ സുരക്ഷാ പദ്ധതികൾ, സ്ത്രീ ശാക്തീകരണ പദ്ധതികൾ, ആഭ്യന്തര വകുപ്പിന്റെ സ്ത്രീ സുരക്ഷാ ഹെൽപ്പ്ലൈൻ, കുടുംബശ്രീ വഴി നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പരിപാടികൾ, വനിത വികസന കോർപ്പറേഷൻ, വനിതഫെഡ് തുടങ്ങിയവ വഴി നടപ്പാക്കുന്ന സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ സഹായ പദ്ധതികൾ എന്നിവ പ്രത്യേകം പരാമർശിക്കപ്പെടേണ്ടവയാണ്.

ബഹുമുഖ വികസന പദ്ധതി, വിവിധയിനം സ്കോളർഷിപ്പുകൾ, വ്യക്തിത്വ വികസന ക്യാമ്പ്, വനിതാ സ്വയം സഹായ സംഘങ്ങൾ, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിങ്, മുസ്ലീം യുവജനങ്ങൾക്കുള്ള മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ, മദ്രസ അധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി തുടങ്ങി നിരവധി ക്ഷേമ പദ്ധതികൾ സംസ്ഥാന ന്യൂനപക്ഷ വകുപ്പിൻ കീഴിൽ നടപ്പാക്കി വരുന്നു.

സമൂഹത്തിലെ പ്രതികൂല ജീവിത സാഹചര്യങ്ങളിൽപ്പെട്ട് കഷ്ടതയനുഭവിക്കുന്ന വൃദ്ധർ, പട്ടികജാതി/വർഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ, വിധവകൾ, അവിവാഹിതരായ അമ്മമാർ, ഉപേക്ഷിക്കപ്പെടുന്ന ശിശുക്കൾ, മോശപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ ജീവിക്കുന്ന സ്ത്രീകളും കുട്ടികളും രോഗികളും, പ്രകൃതി ദുരന്തങ്ങൾ/മറ്റു ദുരന്തങ്ങൾക്കിരയായവർ, രോഗം കൊണ്ടോ അനാഥത്വം വന്നോ ഒറ്റപ്പെട്ടുപോയവർ എന്നിവർക്കൊക്കെ അനുയോജ്യമായ സാമൂഹ്യ സുരക്ഷാ പദ്ധതികളും ക്ഷേമ പദ്ധതികളും സ്വയംതൊഴിൽ പദ്ധതികളും ജീവിത സായാഹ്നത്തിൽ ഏവർക്കും തുണയായേക്കാവുന്ന ക്ഷേമനിധി ആനുകൂല്യങ്ങളും സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

ജനക്ഷേമപദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ പൂർണമായി പൊതുജനങ്ങളിൽ എത്തിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. ധനസഹായ പദ്ധതികളെക്കുറിച്ച് *സർക്കാരിന്റെ ധനസഹായ പദ്ധതികൾ* എന്ന പേരിൽ ഒരു ഗ്രന്ഥം പബ്ലിക്ക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ചു.

അർഹനായ ഒരാൾക്കു പോലും സർക്കാരിന്റെ ധനസഹായം കിട്ടാതെ വരരുത് എന്ന നിർബന്ധം സർക്കാരിനുണ്ട്. എല്ലാ ജനപ്രതിനിധികളുടെയും ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു.

**വി.എസ്.അച്യുതാനന്ദൻ**



3, 4, 9, 11, 12, 13 കേരള നിയമസഭകളിൽ അംഗം.
1992-1996, 2001-2006 കാലയളവിൽ പ്രതിപക്ഷ നേതാവ്
2006-2011 കാലയളവിൽ കേരള മുഖ്യമന്ത്രി.
2011 മുതൽ പ്രതിപക്ഷ നേതാവ്.

# നവോത്ഥാനം
## ചരിത്രവും വർത്തമാനവും


കേരളത്തിന്റെ നവോത്ഥാന ചരിത്രം ശ്രീനാരായണഗുരുവിന്റെ ജീവിതവും ദർശനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. കേരളത്തെ ഇന്നു കാണുന്ന കേരളമാക്കി മാറ്റിയത് നവോത്ഥാന മുന്നേറ്റവും അതിനെ തുടർന്ന് കമ്യൂണിസ്റ്റ്- ഇടതുപക്ഷ പാർട്ടികൾ നടത്തിയ പോരാട്ടങ്ങളുമാണ്. കേരളത്തിന്റെ ചരിത്രം സത്യസന്ധമായി വിലയിരുത്തുന്ന ആരും സമ്മതിക്കുന്ന കാര്യവുമാണ് ഇത്.

19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമാണല്ലോ ശ്രീനാരായണഗുരു തന്റെ ജീവിതവും ചിന്തകളും കൊണ്ട് കേരളത്തെ ധന്യമാക്കിയത്. ശ്രീനാരായണഗുരു ജീവിച്ച കാലത്ത് കേരളം രൂപത്തിലോ ഭാവത്തിലോ ഇന്നു കാണുന്ന കേരളമായിരുന്നില്ല. തിരുവിതാംകൂറും കൊച്ചിയും മലബാറുമായി വിഭജിക്കപ്പെട്ടുകിടന്ന ഭൂപ്രദേശമായിരുന്നു. ഈ മൂന്ന് പ്രദേശങ്ങളിലും മൂന്നുതരത്തിലുള്ള ജീവിതക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളുമാണ് നിലനിന്നിരുന്നത്. എല്ലാതരത്തിലും ഒന്നിനൊന്ന് വ്യത്യസ്തമായ ജീവിതരീതിയായിരുന്നു എന്നു ചുരുക്കം.

തിരുവിതാംകൂറും കൊച്ചിയും നേരിട്ടുള്ള രാജഭരണത്തിനുകീഴിലും മലബാർ പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിട്ടുമായിരുന്നു നിലനിന്നിരുന്നത്. അതുകൊണ്ടുതന്നെ ജനാധിപത്യാവകാശങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. രാജഭരണത്തിന്റെയും ദിവാൻഭരണത്തിന്റെയും കെടുതികളിൽ ജനങ്ങളാകെ വീർപ്പുമുട്ടിക്കഴിയുന്ന കാലമായിരുന്നു. കർഷകരും തൊഴിലാളികളും അടക്കമുള്ള സാധാരണക്കാർ ഭരണാധികാരികളുടെ മാത്രമല്ല ജന്മി-ഭൂപ്രഭു വർഗ്ഗത്തിന്റെയും മുതലാളിമാരുടെയും ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും അടിപ്പെട്ടുകഴിഞ്ഞ കാലമായിരുന്നു അത്. സാമൂഹ്യമായി ജാതിമതചിന്തകളും അതുമായി ബന്ധപ്പെട്ട ഉച്ചനീചത്വങ്ങളും കൊടികുത്തിവാണിരുന്ന കാലമായിരുന്നു. സവർണ്ണനും അവർണ്ണനും തമ്മിൽ മാത്രമായിരുന്നില്ല ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നത്. ഒരേ ജാതിയിൽ തന്നെ പെട്ട വിവിധ ഉപജാതികൾക്കിടയിലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഉണ്ടായിരുന്നു. മലബാറിലെ തീയ്യരും തിരുവിതാംകൂറിലെ ഈഴവരും തമ്മിൽ പുലർത്തിയിരുന്ന തൊട്ടുകൂടായ്മ സംബന്ധിച്ച് ശ്രീനാരായണ ഗുരു തന്നെ പറഞ്ഞിട്ടുണ്ട്. ഇതെല്ലാം കണ്ടാണ് വടക്കേ മലബാറിലെത്തിയ സന്ദർഭത്തിൽ 1897-ൽ സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിളിക്കാൻ ഇടയായത്.

സവർണ്ണരല്ലാത്ത ആളുകൾക്ക് പൊതുവഴിയി

ലൂടെ നടക്കാൻ അവകാശമുണ്ടായിരുന്നില്ല. പട്ടിക്കും പൂച്ചയ്ക്കും പോലും ഉണ്ടായിരുന്ന അവകാശമാണ് താഴ്ന്നതെന്ന് പറയപ്പെടുന്ന ജാതിയിൽ ജനിച്ചതിന്റെ പേരിൽ പാവപ്പെട്ട മനുഷ്യർക്ക് നിഷേധിക്കപ്പെട്ടത്. ഇതിനെതിരായ ജനകീയ പ്രതിഷേധത്തിന്റെ വലിയ രൂപമാണല്ലോ 1924-ൽ വൈക്കം സത്യാഗ്രഹത്തിൽ നാം കണ്ടത്. ആ സത്യാഗ്രഹത്തിൽ പങ്കെടുത്ത ഒരു മേൽജാതിക്കാരന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിച്ചതും ചരിത്രത്തിൽ പറയുന്നുണ്ട്. പൊതുവഴിയിലൂടെ നടക്കാൻ അവകാശമില്ലാത്തവർക്ക് പിന്നെ ക്ഷേത്രാരാധനയ്ക്കുള്ള അവകാശം എങ്ങനെ ലഭിക്കാനാണ്? ഇതിനുവേണ്ടിയുള്ള ചരിത്രപ്രസിദ്ധമായ പ്രക്ഷോഭമാണ് ഗുരുവായൂർ സത്യാഗ്രഹത്തിൽ നാം കണ്ടത്. പി. കൃഷ്ണപിള്ളയുടെയും എ.കെ.ജിയുടെയും കേളപ്പന്റെയുമൊക്കെ നേതൃത്വത്തിൽ 1931-ൽ ആരംഭിച്ച ഗുരുവായൂർ സത്യാഗ്രഹം 1936-ൽ ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ ക്ഷേത്രപ്രവേശനവിളംബരത്തോടുകൂടിയാണ് അവസാനിച്ചത്.



അവർണ്ണ ജാതിയിൽപ്പെട്ടവരുടെ കുട്ടികൾക്ക് അന്ന് വിദ്യ അഭ്യസിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെയും വിദ്യ അഭ്യസിപ്പിക്കുവാനും അതുവഴി ജാത്യാചാരങ്ങൾക്കുനേരെ വെല്ലുവിളി ഉയർത്താനും ശ്രീനാരായണഗുരു സ്വയം ഇറങ്ങിത്തിരിച്ച അനുഭവകഥ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് നമുക്ക് വായിക്കാൻ കഴിയും. 1920 കളുടെ ആദ്യഘട്ടത്തിലൊരിക്കലാണ് ചിറയിൻകീഴിന് അടുത്തുള്ള ഒരു എൽ.പി സ്കൂളിൽ ഗുരു നേരിട്ട് അവർണ്ണ ജാതിയിൽപ്പെട്ട മൂന്നു നാലു കുട്ടികളെ പ്രവേശിപ്പിച്ചു. ആദ്യം ഈഴവരായ ചില കുട്ടികളെയാണ് ഗുരു അവിടെ ചേർത്തത്. ഈ കുട്ടികൾ പഠിക്കാൻ ചെന്നതോടെ അതുവരെ അവിടെ പഠിച്ചിരുന്ന നായർ കുട്ടികൾ പിന്നീട് സ്കൂളിൽ വരാതെയായി. അവിടംകൊണ്ട് ഗുരു നിർത്തിയില്ല. അൽപ്പദിവസങ്ങൾ കഴിഞ്ഞ് അദ്ദേഹം പുലയ സമുദായത്തിൽപ്പെട്ട നാലഞ്ചുകുട്ടികളെ അവിടെ ചേർത്തു. തൊട്ടു പിറ്റേദിവസം മുതൽ ആദ്യം അവിടെ ചേർത്ത ഈഴവ കുട്ടികൾ സ്കൂളിൽ വരാതെയായി. വിദ്യാഭ്യാസരംഗത്തുപോലും നിലനിന്നിരുന്ന അതിഭീകരമായ വിവേചനവും തൊട്ടുകൂടായ്മയും വിവരിക്കാനാണ് ഗുരു ഈ അനുഭവകഥ പറയുന്നത്.

അധ:സ്ഥിതജനവിഭാഗത്തിന്റെ മോചനത്തിനായി ജീവിതം സമർപ്പിച്ച മഹാനായ അയ്യങ്കാളിയുടെ അനുഭവവും ഇതുമായി കൂട്ടിവായിക്കേണ്ടതാണ്. അക്കാലത്ത് തിരുവിതാംകൂറിലെ വിദ്യാലയങ്ങൾ ഏറിയ പങ്കും സവർണ്ണ വിഭാഗത്തിൽപെട്ടവരുടെ കൈവശമായിരുന്നു. അതുകൊണ്ടുതന്നെ അധ:സ്ഥിതരുടെ കുട്ടികളെ അത്തരം വിദ്യാലയങ്ങളുടെ ഏഴയലത്തുപോലും അടുപ്പിക്കുമായിരുന്നില്ല. ഇതിൽ മനംമടുത്താണ് ഒടുവിൽ അയ്യങ്കാളി അധഃസ്ഥിത വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ പ്രത്യേക വിദ്യാലയം ആരംഭിച്ചത്.

സാധാരണക്കാരും തൊഴിലാളികളുമായ ആളുകൾക്കൊന്നും മേൽമീശ വെച്ചു നടക്കാൻ അവകാശമുണ്ടായിരുന്നില്ല. സ്ത്രീകൾക്ക് മാറുമറച്ചു നടക്കാനും കഴിയുമായിരുന്നില്ല. "നരനുനരൻ അശുദ്ധവസ്തു" എന്ന് കവി പാടിയത് ഇത്തരം ദുർനീതികൾ കണ്ടാണ്.

ഇത്തരമൊരു ജീർണ്ണിച്ച കാലത്തിൽ നിന്ന് അവർണ്ണ ജനവിഭാഗങ്ങളെയാകെ സമുദ്ധരിക്കാനും അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനുമാണ് ശ്രീനാരായണഗുരു തന്റെ ജീവിതം ഉഴിഞ്ഞുവെച്ചത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹം നമുക്ക് പകർന്നു നൽകിയ ദർശനങ്ങളും ആപ്തവാക്യങ്ങളും പുതിയ മനുഷ്യനെക്കുറിച്ചും പുതിയ ജീവിതത്തെക്കുറിച്ചുമുള്ള സ്വപ്നങ്ങൾ നിറഞ്ഞവയാണ്. അദ്ദേഹത്തിന്റെ ഏറെ പ്രസിദ്ധമായ "മതമേതായാലും മനുഷ്യൻ നന്നായാൽമതി", "അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന്ന് സുഖത്തിനായി വരേണം", "വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടിച്ച് ശക്തരാവുക" തുടങ്ങിയ വചനങ്ങൾ മനുഷ്യജീവിതത്തിന്റെ പുതിയ ഭാവതലങ്ങൾ പ്രകടമാക്കുന്നതാണ്.

1888-ൽ ആയിരുന്നുവല്ലോ ഗുരു ചരിത്രപ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്. സവർണ്ണർ ഗുരു നടത്തിയ പ്രതിഷ്ഠയെ അത്ഭുതത്തോടും രോഷത്തോടും കൂടിയാണ് കണ്ടത്. ഇതിനെ ചോദ്യം ചെയ്ത സവർണ്ണരോട് താൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചതെന്ന മറുപടി പറഞ്ഞാണ് അവരുടെ നാവടക്കിയത്. ഗുരുവിന്റെ ഈ പ്രതികരണം അക്കാലത്തെ ബ്രാഹ്മണ്യത്തിന്റെ യാഥാസ്ഥിതിക മൂല്യങ്ങൾക്കുനേരെ ഉയർത്തിയ വലിയ വെല്ലുവിളിയായിരുന്നു.

ജാതിയോ മതമോ ആചാരാനുഷ്ഠാനങ്ങളോ അല്ല മനുഷ്യനെ മനുഷ്യനും മഹാനുമാക്കുന്നത് എന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു ഗുരു. മനുഷ്യനെ വേർതിരിക്കുന്ന സങ്കുചിതമായ ഇത്തരം പരിമിതികൾക്കപ്പുറത്ത് മാനവികതയുടെ വിശാലമായ ലോകമാണ് ഗുരു കാട്ടിത്തന്നത്. അത്തരമൊരു വിശാലമായ ലോകത്തേക്ക് എല്ലാ മനുഷ്യരും ഒരുമിച്ച് മുന്നേറണമെന്ന സന്ദേശമാണ് ഗുരു പ്രദാനം ചെയ്തത്.



അവിടെ ജാതിയുടെയോ മതത്തിന്റെയോ ഒരു വേർതിരിവും ഉണ്ടാകാൻ പാടില്ലെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. എസ്.എൻ.ഡി.പി യോഗത്തിന്റെ രൂപീകരണത്തിൽപോലും ഗുരുവിന്റെ ഉന്നതമായ ഈ നിലപാട് പ്രതിഫലിച്ചിരുന്നു. 1903-ൽ എസ്.എൻ.ഡി.പി യോഗം രൂപീകരിക്കുമ്പോൾ ലക്ഷ്യമിട്ടിരുന്നത് ഈഴവരാദി പിന്നോക്കസമുദായങ്ങളുടെ സമുദ്ധാരണമായിരുന്നു. അല്ലാതെ ഈഴവർക്കുമാത്രം വേണ്ടിയുള്ള ഒരു സംഘടനയായല്ല ഗുരു എസ്.എൻ.ഡി.പി. യോഗത്തെ കണ്ടിരുന്നത്. അരുവിപ്പുറം പ്രതിഷ്ഠയ്ക്കുശേഷമുള്ള കുറച്ചുകാലം ഗുരു ഏറെക്കുറെ നിശബ്ദനായിരുന്ന ഒരു ഘട്ടവുമുണ്ട്. വിശാലമായ കാഴ്ചപ്പാടോടെ രൂപീകരിച്ച എസ്.എൻ.ഡി.പി. യോഗത്തെ സങ്കുചിതമായ താൽപര്യങ്ങൾക്കുവേണ്ടി ചിലർ ഉപയോഗിക്കുകയാണെന്ന സംശയമാണ് ഗുരുവിനെ അത്തരത്തിൽ നിശബ്ദനാക്കിയത്.

നവോത്ഥാനകാലത്ത് ഗുരു നടത്തിയ ഈ പ്രവർത്തനങ്ങൾ പിൽക്കാലത്ത് ഏറ്റെടുത്തത് കമ്യൂണിസ്റ്റ്-ഇടതുപക്ഷപാർട്ടികളും പുരോഗമനശക്തികളുമായിരുന്നു. അവർക്ക് പ്രവർത്തിക്കാൻ ഏറ്റവും സഹായകരമായ ഒരാശയമണ്ഡലം തന്നെ അവശേഷിപ്പിച്ചാണ് 1928-ൽ ഗുരു സമാധിയടഞ്ഞത്. ഗുരുവിന്റെ വചനങ്ങളുടെയും ദർശനങ്ങളുടെയും വെളിച്ചവും ഊർജവും ഏറ്റുവാങ്ങി ഇടതുപക്ഷ പുരോഗമനശക്തികൾ വിവിധതലങ്ങളിൽ നവോത്ഥാനമുന്നേറ്റത്തിന്റെ പന്തങ്ങൾ ജ്വലിപ്പിച്ചു. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ പോരാട്ടങ്ങളും ഈ സാമൂഹ്യമുന്നേറ്റത്തിന് ആക്കം കൂട്ടി. 1956-ൽ ഐക്യകേരളപ്പിറവി സാക്ഷാത്ക്കരിക്കപ്പെട്ടതും തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയതുമൊക്കെ ഇതിന്റെ അനുബന്ധ മുന്നേറ്റങ്ങളായിരുന്നു. അങ്ങനെ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെയാകെ മോചനത്തിന് സഹായകരമായ തരത്തിലുള്ള സമഗ്ര കാർഷിക-ഭൂപരിഷ്കരണ നിയമവും, വിദ്യാഭ്യാസനിയമവും മറ്റനവധി സാമൂഹ്യോന്മുഖ നിയമങ്ങളും പാസാക്കി. അതിലൂടെ പാവപ്പെട്ട മനുഷ്യർക്ക് സ്വന്തമായി കിടപ്പാടമുണ്ടായി. വിദ്യാഭ്യാസമേഖല പൂർണമായും ജനാധിപത്യവൽക്കരിക്കുകയും സാർവ്വത്രികമാക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ചുവടുപിടിച്ചാണ് പിൽക്കാലത്ത് രാജ്യാന്തരപ്രശസ്തമായ കേരളാമോഡൽ വികസനമാതൃക രൂപപ്പെട്ടത്.

**ജാതിയോ മതമോ ആചാരാനുഷ്ഠാനങ്ങളോ അല്ല മനുഷ്യനെ മനുഷ്യനും മഹാനുമാക്കുന്നത് എന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു ഗുരു. മനുഷ്യനെ വേർതിരിക്കുന്ന സങ്കുചിതമായ ഇത്തരം പരിമിതികൾക്കപ്പുറത്ത് മാനവികതയുടെ വിശാലമായ ലോകമാണ് ഗുരു കാട്ടിത്തന്നത്. അത്തരമൊരു വിശാലമായ ലോകത്തേക്ക് എല്ലാ മനുഷ്യരും ഒരുമിച്ച് മുന്നേറണമെന്ന സന്ദേശമാണ് ഗുരു പ്രദാനം ചെയ്തത്. അവിടെ ജാതിയുടെയോ മതത്തിന്റെയോ ഒരു വേർതിരിവും ഉണ്ടാകാൻ പാടില്ലെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു**

ഇത്തരത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാത്രമല്ല ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള പണ്ഡിതന്മാർക്കുപോലും മാതൃകയാവുന്ന നിലയിലേക്ക് കേരളത്തിന്റെ യശസ്സ് ഉയർന്നു. ഈ ചരിത്രമുന്നേറ്റത്തിന്റെ പടവുകൾ പരിശോധിക്കുമ്പോൾ നമുക്ക് വ്യക്തമായി കാണാൻ സാധിക്കും അതിന്റെയെല്ലാം വിത്തുകൾ പാകിയത് ശ്രീനാരായണഗുരുവും അദ്ദേഹത്തിന്റെ നേതൃത്വത്തിലും സ്വാധീനത്തിലും വിവിധ കാലങ്ങളിൽ നടന്ന സാമൂഹ്യപരിഷ്കരണ പോരാട്ടങ്ങളുമാണെന്ന്. ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ ശ്രീനാരായണഗുരുവിന്റെ ജീവിതത്തിനും ദർശനങ്ങൾക്കുമുള്ള പ്രസക്തിയും പ്രാധാന്യവും ഇതാണെന്ന് ഞാൻ കരുതുന്നു.

ഇന്ന് കാലം മാറിയിരിക്കുന്നു. നമ്മുടെ ജീവിതവും വല്ലാതെ മാറിക്കൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഗുരുവിന്റെ ദർശനങ്ങൾ പോലും ദുർവ്യാഖ്യാനം ചെയ്യുകയും ചില സ്ഥാപിതതാൽപര്യക്കാർ തങ്ങളുടെ സ്വാർത്ഥതയ്ക്കുവേണ്ടി വളച്ചൊടിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇതിന്റെ ഫലമായി ജാതീയമായ ചിന്തകളും അനുബന്ധ പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നുണ്ട്. 1916ൽ ആലുവ അദ്വൈതാശ്രമത്തിൽ വെച്ച് ഗുരു പുറപ്പെടുവിച്ച ഒരു വിളംബരത്തിന് കൊടുത്ത പേര് "നമുക്ക് ജാതിയില്ല" എന്നായിരുന്നു. ഗുരുവിനൊപ്പം പ്രവർത്തിച്ച എസ്.എൻ.ഡി.പി. യോഗത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറി കൂടിയായ മഹാകവി കുമാരനാശാൻ പാടിയത് "ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ" എന്നായിരുന്നു. 'ചണ്ഡാലഭിക്ഷുകി'യിൽ ആശാൻ ഇങ്ങനെ പറഞ്ഞത് 1923ലായിരുന്നു. ഇന്നിപ്പോൾ ഒമ്പത് ദശകങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ ഘട്ടത്തിലാണ് വീണ്ടും ജാതിയുടെ പേരിൽ അഭിമാനം കൊള്ളുന്ന അവസ്ഥയിലേക്ക് കേരളം പോകുന്നതെന്ന് ഓർക്കണം. ജാതീയമായ ചിന്തകളും അനാചാരങ്ങളും കൊടികുത്തി വാണ പഴയ കാലത്തിലേക്ക് വീണ്ടും നമ്മെ തിരിച്ചുകൊണ്ടുപോകാനുള്ള ശ്രമങ്ങളാണ് ഇതിനുപിന്നിലെന്നുവേണം കരുതാൻ. അതുകൊണ്ട് ഈവക കാര്യങ്ങളെക്കുറിച്ച് കൂടി ജാഗ്രതാപൂർണ്ണമായ സമീപനം സ്വീകരിക്കാൻ നമുക്ക് കഴിയണം. നവോത്ഥാന മുന്നേറ്റവും ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളും സംബന്ധിച്ച ചിന്തകളിൽ ഈയൊരു കാര്യം കൂടി പ്രസക്തമാണ്. ○


A HOME JOURNAL OF THE KERALA LEGISLATURE

പ്രൊഫ. എം.കെ. സാനു



8-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്നു

ഏകാന്തതയുടെ പർണ്ണശാലയിൽ, ആത്മാവിനെ ആത്മാവിൽ ദർശിച്ച്, നിത്യസുഖം നുകർന്നു കഴിയുന്ന സന്ന്യാസി ഒരു ദിവസം സംസാര ജീവിതത്തിന്റെ വഴിയോരത്തു വന്നു ചേരുന്നു. ഏതു ലോകത്തിന്റെ ബന്ധനത്തിൽ നിന്നാണോ താൻ മോചനം നേടിയത്, ആ ലോകത്തിന്റെ അവസ്ഥയെന്തെന്ന് അദ്ദേഹം നിസ്സംഗതയോടെ കാണുന്നു. ബന്ധവിമുക്തനായ അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ നിസ്സംഗതയ്ക്കേ സ്ഥാനമുള്ളൂ.

പലതരം രംഗങ്ങൾ ആ കണ്ണുകൾക്കു മുമ്പിലൂടെ കടന്നു പോകുന്നു. സ്നേഹവും ദ്വേഷവും കലർന്ന മനുഷ്യബന്ധങ്ങളുടെ രംഗങ്ങൾ. കലഹത്തിന്റെ രംഗങ്ങൾ. ദുർമ്മോഹത്തിന്റെയും വ്യാമോഹത്തിന്റെയും രംഗങ്ങൾ. പലതും മനുഷ്യരെ അസ്വാസ്ഥ്യത്തിലകപ്പെടുത്തുന്നു. അസ്വാസ്ഥ്യം ദു:ഖത്തിനു വഴിമാറിക്കൊടുക്കുന്നു. സംഘർഷത്തിലകപ്പെട്ട് മനസ്സുകൾ എരിപൊരികൊള്ളുന്നതും ഇടയിൽ കാണാം.

ഇതാണു ലോക ജീവിതം; സന്ന്യാസി സ്വയം പറയുന്നു. ബന്ധങ്ങളുടെ ബന്ധനത്തിലകപ്പെട്ട് മനുഷ്യർ പിടയുന്നു. ചപലവും ക്ഷണികവുമായ നേട്ടങ്ങൾക്കു പിന്നാലെ പരക്കം പാഞ്ഞ് മനുഷ്യർ ജീവിതം വ്യർത്ഥമാക്കുന്നു.

ആത്മസംതൃപ്തിയോടെ സന്ന്യാസി വിചാരിക്കുന്നു: ഈ ചങ്ങലക്കെട്ടുകളുടെ ദുരിതങ്ങളിൽ നിന്ന് ഞാൻ സ്വതന്ത്രനായിരിക്കുന്നു. ദൈവികമായ അനുഭൂതിയുടെ അമൃതു നുകർന്ന് ഞാൻ നിത്യാനന്ദത്തിൽ വിഹരിക്കുന്നു.

ആ വിചാരത്തിനു മുറിവേല്പിച്ചു കൊണ്ട് അതാ, ഒരു ബാലിക ഓടിത്തളർന്നു കിതച്ചു കൊണ്ട് സന്ന്യാസിയുടെ പാദങ്ങളിൽ പതിക്കുന്നു. നിഷ്കളങ്കമായ കണ്ണുകളിൽ നിറഞ്ഞൊഴുകുന്ന കണ്ണുനീർ അവളുടെ കോമള മുഖം കലുഷമാക്കിയിരിക്കുന്നു. ആ മുഖത്തു പരിഭ്രാന്തിയേയുള്ളൂ; ദൈന്യമേയുള്ളൂ; സ്വയമറിയാതെ സന്ന്യാസി മനുഷ്യത്വത്തിന്റെ ആർദ്രതയ്ക്കു വിധേയനായിപ്പോകുന്നു. അലിവോടെ അദ്ദേഹം ചോദിക്കുന്നു:

-മകളേ, ആരാണു നീ? നിനക്ക് എന്താപത്താണ് പറ്റിയത്?

കിതപ്പിനിടയിൽ ഏങ്ങിക്കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു:

-ഞാൻ വാസന്തി. ഒരു ചണ്ഡാലിപ്പെണ്ണ്. കടക്കാൻ പാടില്ലാത്ത അമ്പല പരിസരത്ത് ഞാൻ കാലുകുത്തിപ്പോയി. ആ കുറ്റത്തിന് എന്നെ കൊന്നു കളയാൻ അവർ പിന്നാലെ വരുന്നു. സ്വാമീ, രക്ഷിക്കണേ!

സന്ന്യാസിയിൽ അലിവ് വാക്കുകളിലൂടെ പ്രകടമായി, അദ്ദേഹം പറയുന്നു:

-മകളേ, പേടിക്കാതിരിക്കൂ. ഒരു നിമിഷം നീ ഇവിടെ വിശ്രമിച്ചുകൊള്ളൂ.

ചമ്രം പടിഞ്ഞിരുന്ന് ധ്യാനത്തിൽ മുഴുകിയ സന്ന്യാസിയുടെ സമീപം അവൾ ഇരുന്നു. പേടിച്ചരണ്ടതിന്റെയും ഓടിത്തളർന്നതിന്റെയും ക്ഷീണത്താൽ അവളുടെ കൺപോളകൾ ചാഞ്ഞു. അവൾ സന്ന്യാസിയുടെ മടിയിൽ തല ചായ്ച്ചുറങ്ങി.

സമയമധികം കഴിയുന്നതിനുമുമ്പ് സന്ന്യാസി ഞെട്ടിയുണർന്നു. താൻ വീണ്ടും ബന്ധനത്തിലകപ്പെട്ടിരിക്കുന്നുവല്ലോ എന്ന് സന്ന്യാസി കണ്ടു. ലൗകികമായ ബന്ധത്തിന്റെ ബന്ധനത്തിൽ.

ഒരു പുത്രിയുടെ നേർക്കെന്നപോലെ ആ ബാലികയുടെ നേർക്ക് വാത്സല്യം തോന്നാതിരുന്നില്ല. സംസാര ജീവിതത്തിന്റെ പ്രലോഭനമാണതെന്നു സന്ന്യാസി മനസ്സിലാക്കി. ആ പ്രലോഭനത്തിന്റെ പിടിയിൽ നിന്നു രക്ഷ പ്രാപിക്കാതെ നിത്യസുഖം നുകർന്നു കൊണ്ട് ആത്മീയ ജീവിതം തുടരാൻ സാധിക്കയില്ലെന്ന വിചാരം സന്ന്യാസിയിൽ ഉദയം ചെയ്തു. ഇനി, ഒന്നേ വഴിയുള്ളൂ.......

തന്റെ മടിയിൽ, വാടിയ ഇളം തണ്ടു പോലെ, തളർന്നുറങ്ങുന്ന ബാലികയെ അദ്ദേഹം തട്ടിയുണർത്തി. അവളോട് അദ്ദേഹം പറയുന്നു:

–കുട്ടീ, എവിടേക്കെങ്കിലും ഓടിപ്പൊയ്ക്കൊള്ളൂ. എനിക്കു ലോക ബന്ധങ്ങളില്ല. ഞാൻ പോകുന്നു.

താൻ നിസ്സഹായയാകുന്നതറിഞ്ഞ ബാലിക, നിലവിളിച്ചു കൊണ്ട്, അദ്ദേഹത്തിന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു ദയനീയമായി കരഞ്ഞു. അവളുടെ കണ്ണുനീരുകൊണ്ട് ആ പാദങ്ങൾ നനഞ്ഞു. അവൾ പ്രാണഭയത്തോടു കൂടി യാചിച്ചു.

–സ്വാമീ, എന്നെ ഉപേക്ഷിക്കരുതേ, ഉപേക്ഷിക്കരുതേ...... സ്വാമി ഉപേക്ഷിച്ചാൽ എന്നെ അവർ കൊല്ലും.......

പക്ഷേ ദൈവമാർഗ്ഗത്തിൽ സഞ്ചരിക്കാൻ ദൃഢവ്രതമെടുത്ത സന്ന്യാസിയുണ്ടോ പിന്തിരിയുന്നു! ആ ബാലികയുടെ കണ്ണുനീരിൽ ലോകജീവിതത്തിന്റെ ക്ഷുദ്രമായ പ്രലോഭനം മാത്രമേ അദ്ദേഹം കണ്ടുള്ളൂ. അദ്ദേഹം അവളെ ശാസിച്ചു. എന്നിട്ട്, ദാക്ഷിണ്യരഹിതമായ നിസ്സംഗതയോടെ സന്ന്യാസി അകറ്റി മാറ്റി. ആരണ്യമദ്ധ്യത്തിലുള്ള ആശ്രമത്തിലേക്ക് അദ്ദേഹം നടന്നു പോയി....

ആശ്രമത്തിന്റെ പരമ പരിപാവനമായ പ്രശാന്തതയിൽ വീണ്ടും ധ്യാനത്തിൽ മുഴുകാൻ തുനിഞ്ഞപ്പോൾ, സന്ന്യാസിയ്ക്കനുഭവപ്പെട്ടത് അശാന്തിയാണ്; അസഹ്യമായ അശാന്തിയാണ്. ദൈവാനുഭവത്തിന്റേതായ ശാന്തിയെ തകർത്തുകൊണ്ട് ഒരു ബാലികയുടെ ദീനരോദനം ആഹൃദയത്തിൽ ശക്തിയായി പ്രതിദ്ധ്വനിച്ചു. നിസ്സഹായതയിൽ നിപതിച്ചു പോയ ഒരു ബാലിക പ്രാണവേദനയോടുകൂടി നിലവിളിക്കുന്നതിന്റെ പ്രതിദ്ധ്വനി....

പ്രലോഭനത്തിന്റെ മറ്റൊരു രൂപമായിരിക്കാമതെന്ന് സന്ന്യാസി ചിന്തിച്ചു. എത്രയോ കാലത്തെ തപശ്ചര്യയിലൂടെ നേടിയെടുത്ത സംയമനത്തിന്റെ ബലം കൊണ്ട് ആ പ്രലോഭനത്തെ താൻ അതിജീവിക്കുമെന്ന് അദ്ദേഹം ദൃഢനിശ്ചയമെടുത്തു. പക്ഷേ ആ നിശ്ചയദാർഢ്യത്തിന് നീണ്ടു നിൽക്കാൻ കെല്പില്ലെന്ന് അനുഭവം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. അശരണയായ വാസന്തിയുടെ നിലവിളി അസഹ്യമായ രീതിയിൽ ആ അന്തരംഗത്തെയാകെ ഇളക്കി മറിക്കുക തന്നെ ചെയ്തു....

ശരണത്തിനു വേണ്ടി യാചിച്ചു കൊണ്ട്, തന്റെ പാദങ്ങളെ കണ്ണുനീരിൽ കഴുകിയ ആ ബാലികയെ രക്ഷിക്കാതെ തനിക്കു സമാധാനം ലഭിക്കയില്ലെന്ന് അദ്ദേഹത്തിന്റെ ഹൃദയം തിരിച്ചറിഞ്ഞു. ആ തിരിച്ചറിവ് അദ്ദേഹത്തെ വീണ്ടും സംസാര ജീവിതത്തിന്റെ നടുവിലെത്തിച്ചു.

കണ്ടുമുട്ടിയവരോട് ഒരേയൊരു ചോദ്യമേ സന്ന്യാസിയ്ക്കു ചോദിക്കാനുണ്ടായിരുന്നുള്ളു: നിങ്ങളിലാരെങ്കിലും വാസന്തിയെ കണ്ടോ? വാസന്തി എവിടെയാണ്?


ഒരാൾ അലസഭാവത്തിലറിയിച്ച വിവരം സന്ന്യാസിയുടെ അന്വേഷണത്തിനു വിരാമം കുറിച്ചു. പീഡിതയായ വാസന്തി ഒരു മരച്ചുവട്ടിൽക്കിടന്നു മരിച്ചു പോയി എന്ന വിവരമാണ് അയാൾ പറഞ്ഞത്. അതു കേട്ട് അദ്ദേഹം ഞടുങ്ങി. അദ്ദേഹത്തിന്റെ ആത്മാവിൽ മിന്നൽപ്പിണരുകൾ തുളഞ്ഞു കയറി. അതിന്റെ വേദനയിൽ സന്ന്യാസി ബോധോദയലബ്ധിയാൽ അനുഗൃഹീതനായിത്തീർന്നു.

ആ വേദനയാണ് ദൈവം എന്ന സത്യം സന്ന്യാസിയുടെ ആത്മാവിൽ തെളിഞ്ഞു വന്നു. സനാതനമായ സത്യം അതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു......

## രണ്ട്

രവീന്ദ്രനാഥ ടാഗോറിന്റെ 'സന്ന്യാസി' എന്ന നാടകത്തിലെ പ്രമേയമാണ് മുകളിൽ സംക്ഷേപിച്ചത്. (എന്റെ വീക്ഷണത്തിനുതകുന്ന രീതിയിൽ) സന്ന്യാസിയുടെ ബോധോദയമാണ് ആ പ്രമേയമെന്ന് പ്രത്യേകം പറയേണ്ടതില്ല.

അശരണയായ ഒരു ബാലികയുടെ ദീനരോദനം സന്ന്യാസിയുടെ ആത്മാവിൽ പതിയുന്നു. അതിന്റെ കാളിമ മായ്ക്കാൻ ഈശ്വര ധ്യാനത്തിന് സാധിക്കുന്നില്ല. മറിച്ച്, ആ രോദനം തന്റേതാണെന്ന അനുഭവത്തിലേക്കാണ് ധ്യാനം നയിച്ചത്. ആ അനുഭവത്തിലൂടെ അദ്ദേഹം ദൈവത്തെ അറിയുകയും ചെയ്തു.



അതെ, ഒരു ബാലികയുടെ വേദനയിൽ സന്ന്യാസി ദൈവത്തെ ദർശിക്കുന്നു. ബാലിക ഇവിടെ ഒരു പ്രതീകം മാത്രമാണ്. വേദനിക്കുന്ന മനുഷ്യരുടെ പ്രതീകം. ആ വേദന തന്നെയും ബാധിക്കുന്നു. മനുഷ്യരേവരും ഒരേ ചൈതന്യത്താൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന സത്യം അപ്പോൾ വെളിപ്പെടുന്നു.

നവോത്ഥാനം എന്നു നാം പറഞ്ഞു പോരുന്ന ഉണർവ്വിന്റെ കാതലിലുള്ളത് ഈ വെളിപ്പെടലാണെന്ന് ഞാൻ വിചാരിക്കുന്നു. 'മനുഷ്യൻ മനുഷ്യനെ കണ്ടെത്തുന്നതിന്റെ കഥയാണു നവോത്ഥാന'മെന്ന് ചരിത്രകാരന്മാർ പലരും ആവർത്തിച്ചു പോരുന്നുണ്ടല്ലോ. കാരാഗൃഹത്തിലകപ്പെട്ടു കഴിയുന്നവരിൽ, അടിമകളിൽ, അനാഥരിൽ, ചണ്ഡാലരിൽ, നിസ്സഹായതയുടെ ആഴങ്ങളിലെരിയുന്നവരിൽ – ഇവരിലെല്ലാം മനുഷ്യരെ കണ്ടെത്തുകയെന്നത്, വിസ്മയകരമായ ഉത്തേജനത്തിന്റെ ഉറവിടമാണ്.

ആ ഉത്തേജനത്തിൽ നിന്ന് മാനവികതയുടെ നവവസന്തം വിരിയുന്നു. സർഗ്ഗാത്മകതയുടെ നവവസന്തമാണത്. ജീവിതത്തിന്റെ സമസ്തമേഖലകളെയും അതു

നവീകരിക്കുന്നു. ആ നവീകരണമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും കേരളത്തിൽ സംഭവിച്ചത്. (അഖിലേന്ത്യാതലത്തിലുണ്ടായ ഉയിർത്തെഴുന്നേല്പാണതെന്നു സൂചിപ്പിക്കാനാണ് ടാഗോറിന്റെ നാടകത്തെക്കുറിച്ചു തന്നെ പ്രാരംഭത്തിൽ പരാമർശിച്ചത്)

'മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി' എന്ന് പ്രഖ്യാപിച്ചത് ശ്രീ നാരായണ ഗുരുവാണ്. ആ പ്രഖ്യാപനത്തിൽ നിന്ന് 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന സന്ദേശം ഉരുത്തിരിഞ്ഞു വരാതിരിക്കുക സാദ്ധ്യമല്ല. 'മനുഷ്യത്വം', 'മനുഷ്യൻ നന്നായാൽ മതി' മുതലായ വാക്കുകൾ ലളിതമായി കാണരുതെന്നു മാത്രം. വ്യാപകമായ അർത്ഥതലങ്ങൾ അവയിലടങ്ങുന്നു.

സ്നേഹവും അലിവും ആർദ്രതയും മാത്രമല്ല മനുഷ്യത്വത്തിന്റെ അംശങ്ങൾ. സ്വപ്നങ്ങൾ താലോലിക്കുക, ആദർശങ്ങൾ ആശ്ലേഷിക്കുക മുതലായ വിശിഷ്ട സ്വഭാവങ്ങളാണ് ആ പദത്തിന് മഹനീയതയുടെ പരിവേഷമരുളുന്നത്.

സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും, ആദർശങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും വേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള കരുത്തും മനുഷ്യത്വത്തിൽ നിലീനമായിരിക്കുന്നു. ത്യാഗം എന്ന വാക്കിന്റെ അർത്ഥം ജീവത്യാഗത്തോളം വ്യാപിക്കുന്നു. (ത്യജിക്കുന്നതിനാണ് ഏറ്റവുമധികം കരുത്താവശ്യമുള്ളതെന്ന് എത്ര പേർ ഓർമ്മിക്കുന്നു?)

ശ്രീ നാരായണ ഗുരുവിനെ കുമാരനാശാൻ വാഴ്ത്തുന്നത്,

'അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടുങ്ങാത്മതപസ്സും ബലി ചെയ്‌വൂ'

എന്നാണ്. ത്യാഗത്തിലൂടെയല്ലാതെ ജീവിതം 'ബലി'യായിത്തീരുകയില്ല. അന്ധ വിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ആഴങ്ങളിൽ ബന്ധനസ്ഥരായി കഴിയുന്ന ഒരു ജനതയെ മനുഷ്യാവസ്ഥയിലേക്ക് നയിക്കാൻ ത്യാഗധനരായ വ്യക്തികളുടെ അക്ഷീണമായ പ്രയത്നം അനുപേക്ഷണീയമാണ്.

ത്യാഗബുദ്ധിയുടെ ബലത്തിൽ ആത്മാർപ്പണത്തോടെ പ്രവർത്തിക്കാൻ സന്നദ്ധരായവരാണ് നവോത്ഥാനത്തിന്റെ സാരഥികളായിത്തീർന്നത്. രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ മാത്രമായി ആ പ്രവർത്തനം ഒതുങ്ങി നിന്നില്ല. അതങ്ങനെ ഒതുങ്ങി നിൽക്കുക സാദ്ധ്യവുമല്ല. ജീവിതത്തിന്റെ സമസ്ത മേഖലകളേയും നവോത്ഥാന വസന്തം ആശ്ലേഷിക്കുക തന്നെ ചെയ്തു. ആത്മീയ രംഗം കർമ്മോത്സുകമാവുകയും, നിത്യജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെടുകയും ചെയ്തു. ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച്, ജനങ്ങളിൽ പുതിയ ധാരണകൾ പ്രചരിക്കാൻ തുടങ്ങി.

പ്രസംഗ കല ഏറ്റവുമധികം ശക്തി പ്രാപിച്ചത് അക്കാലത്താണ്. ജന സാമാന്യത്തെ പ്രബുദ്ധതയിലേക്ക് വളർത്തിയത് ആ കലയാണ്. അതിലൂടെ മതതത്ത്വങ്ങളുടെ മൗലികമായ സ്വഭാവം ജനങ്ങളറിയാൻ തുടങ്ങി. അതറിഞ്ഞു കഴിഞ്ഞാൽ മതസ്പർദ്ധയുടെ കത്തിമുനയ്ക്ക് മൂർച്ച കുറയാതെ നിവൃത്തിയില്ല. അങ്ങനെ സംഭവിക്കുകയും ചെയ്തു. കുടുംബ ജീവിതം, സദാചാരം, സാമൂഹ്യ നീതി മുതലായ വിഷയങ്ങളെക്കുറിച്ച് നടന്ന അനേകമനേകം പ്രസംഗങ്ങൾ ജനങ്ങളെ ആധുനിക വീക്ഷണത്തിലേക്ക് വളർത്തി.

സാഹിത്യം, കല, തത്ത്വശാസ്ത്രം മുതലായ വിഷയങ്ങളും അന്ന് പ്രസംഗകലയ്ക്ക് അന്യമായിരുന്നില്ല. എത്രയെത്ര വേദികളാണ് കവിതാ മാധുരിയിലേക്ക് ജനങ്ങളെ വശീകരിക്കുന്ന പ്രസംഗങ്ങൾക്കു സാക്ഷ്യം വഹിച്ചത്! പ്രസംഗകലയുടെ സാദ്ധ്യതകൾ അന്നു പരമാവധി ഉപയോഗിക്കപ്പെട്ടു എന്നർത്ഥം. സാംസ്കാരികമായ ഉണർവ്വിന് ഒട്ടൊന്നുമല്ല അതുപകരിച്ചത്. വിജ്ഞാനവും സൗന്ദര്യബോധവും അന്നത്തെ അന്തരീക്ഷത്തിന്റെ ഭാഗമായിത്തീർന്നു.

അഭൂതപൂർവ്വമായ വളർച്ചയാണ് കലാസാഹിത്യ രംഗങ്ങൾ അക്കാലത്തു കൈവരിച്ചത്. സി.വി. രാമൻപിള്ളയും ഒ.ചന്തുമേനോനും നോവലിൽ; കുമാരനാശാനും ഉള്ളൂരും വള്ളത്തോളും കവിതയിൽ; എ.ആർ. രാജരാജ വർമ്മ സാഹിത്യ വിമർശനത്തിൽ. ഇവരൊക്കെയും മഹാരഥന്മാരായിരുന്നു. ത്യാഗബുദ്ധിയും ആത്മാർപ്പണവുമായിരുന്നു ഇവരുടെ കൈമുതൽ.

അന്നത്തെ ആ മഹാരഥന്മാർ ചേർന്നു നയിച്ച നവോത്ഥാന പ്രസ്ഥാനത്തിന്റെ അടിസ്ഥാന ഭാവം സ്വാതന്ത്ര്യബോധമായിരുന്നു. സർവ്വവിധമായ ബന്ധനങ്ങളിൽ നിന്നു മോചിതനായി, സ്വന്തം ആദർശത്തിനും സങ്കല്പത്തിനുമനുസരിച്ച് ലോകത്തെ നവീകരിക്കുന്ന മനുഷ്യൻ അവരുടെ സൃഷ്ടികളിൽ കേന്ദ്രസ്ഥാനത്തു നില കൊള്ളുന്നു. അതു കൊണ്ടുതന്നെ പരിവർത്തനേച്ഛയുടെ തീവ്രത അവയിൽ നമുക്കനുഭവപ്പെടുന്നു. കൂരിരുട്ടിന്റെ കോട്ടകൾ ഇടിച്ചു തകർക്കാനും, കൈവിലങ്ങുകളും കാൽച്ചങ്ങലകളും പൊട്ടിച്ചെറിയാനുമുള്ള ഉൽക്കടമായ അഭിനിവേശം അവയിൽ കലർന്നിരിക്കുന്നു.

ആ അഭിനിവേശം നിയന്ത്രിതമായിരുന്നു എന്ന വസ്തുത കൂടി ശ്രദ്ധിക്കേണ്ടതാണ്. സ്വന്തം പൈതൃകത്തിലെ ശ്രേഷ്ഠഭാവങ്ങളെ സംബന്ധിക്കുന്ന അഭിമാന ബോധമായിരുന്നു ആ സംയമന ശക്തി.


'ഭൂതകാലത്തിൻ പ്രഭാവ തന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ നെയ്ക നാം'

എന്ന വള്ളത്തോളിന്റെ വാക്കുകളിൽ ആ അഭിമാന ബോധം സ്പന്ദിച്ചു നിൽക്കുന്നു.

പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാൻ കെല്പുള്ള മനുഷ്യനെ സംബന്ധിക്കുന്ന ബോധം; ആ മനുഷ്യന്റെ വളർച്ചയ്ക്കു വിഘാതമായി നിൽക്കുന്ന സർവ്വത്തെയും തകർക്കുന്നതിനുള്ള സമരോത്സുകമായ പരിവർത്തനേച്ഛ; സ്വന്തം പൈതൃകത്തിന്റെ മഹിമകളിൽ അചഞ്ചലമായ ദൃഢവിശ്വാസം - ഇവയുടെ സമഞ്ജസമായ സമ്മേളനമാണ് നമ്മുടെ നവോത്ഥാനത്തിന്റെ ആഢ്യമായ മനോഹാരിതയ്ക്കു നിദാനമെന്നു പറയാം.

എന്നാൽ, നവോത്ഥാന നായകന്മാരുടെ ത്യാഗസന്നദ്ധതയിൽ നിന്നാണ് ആ മനോഹാരിത വികസിച്ചു വന്നതെന്ന സത്യം മറക്കാൻ പാടില്ലാത്തതാകുന്നു: ആ ത്യാഗസന്നദ്ധതയുടെ അഭാവത്തിൽ ലോകോത്തരമായ ഏതാദർശവും വന്ധ്യമായിത്തീരുകയേയുള്ളൂ. ❍

**കെ.എം. മാണി**




3 മുതൽ 13 വരെയുള്ള 11 നിയമസഭകളിൽ അംഗം. ധനകാര്യ മന്ത്രി. (1975–1977) ആഭ്യന്തര വകുപ്പു മന്ത്രി (ഏപ്രിൽ–ഡിസംബർ 1977)ആഭ്യന്തര വകുപ്പു മന്ത്രി (1978–1979), ധനകാര്യവും നിയമവും വകുപ്പു മന്ത്രി.(1980–81), ഡിസംബർ 1981 മുതൽ മാർച്ച് 1982 വരെ, മെയ് 1982 മുതൽ മെയ് 1986 വരെ ധനകാര്യവും നിയമവും വകുപ്പു മന്ത്രി. ജലസേചനവും നിയമവും വകുപ്പു മന്ത്രി (1986–1987), റവന്യുവും നിയമവും വകുപ്പു മന്ത്രി (1991–1996), റവന്യുവും നിയമവും വകുപ്പു മന്ത്രി (2001–2006) 2011 മുതൽ ധനകാര്യവും നിയമവും വകുപ്പു മന്ത്രി.

# കേരളത്തിനൊരു മിച്ച ബജറ്റോ?

1986–87 അക്കൊല്ലമാണ് ഒരുപക്ഷേ കേരള ചരിത്രത്തിലാദ്യമായി നിയമസഭയിൽ ഒരു മിച്ചബജറ്റ് അവതരിപ്പിച്ചത്, ഇന്ത്യയിൽ തന്നെ ആദ്യമാകാം. 166 കോടി രൂപയുടെ മിച്ചബജറ്റാണ് ഞാൻ സഭയിൽ അവതരിപ്പിച്ചത്. അന്ന് ജനാർദ്ദൻ പൂജാരി ആയിരുന്നു കേന്ദ്ര ധനമന്ത്രി. അദ്ദേഹത്തിന് മിച്ച ബജറ്റ് എന്ന് കേട്ടപ്പോൾ അത്ഭുതവും സംശയവും.

അദ്ദേഹത്തിന്റെ സംശയപ്രകടനം പത്രങ്ങളിൽ സ്ഥാനം പിടിച്ചു. ഈ സമയം മുഖ്യമന്ത്രി കരുണാകരൻ കൊച്ചിയിൽ വിമാനമിറങ്ങി. അപ്പോൾ ബജറ്റ് മിച്ചത്തെക്കുറിച്ച് കരുണാകരനോട് പത്രക്കാർ അഭിപ്രായം ചോദിച്ചു. കരുണാകരൻ പറഞ്ഞു: 'മിച്ചവുമാകാം കമ്മിയുമാകാം'.

നിയമസഭയിൽ ബഹളമായി. രണ്ടു ദിവസം കൊണ്ട് മീഡിയ മിച്ചബജറ്റ് കമ്മിയാക്കി. വസ്തുതയുടെ തെളി



വിലേക്ക് ഞാൻ റിസർവ്ബാങ്ക് ഗവർണർ, കേന്ദ്ര ധനമന്ത്രി എന്നിവർക്ക് കത്തെഴുതി. സംസ്ഥാനത്തെ ട്രഷറി സേവിങ്ങ്സിനെപ്പറ്റി ആധികാരികമായ വിവരങ്ങൾ റിസർവ് ബാങ്കിലുണ്ട്. കത്തിനു മറുപടിയായി ആർ.ബി.ഐ ഗവർണർ എന്റേത് മിച്ചബജറ്റാണെന്ന് അസന്നിഗ്ധമായി വ്യക്തമാക്കുന്ന മറുപടി നല്കുകയും ചെയ്തു.

അതുമായി ഞാൻ നിയമസഭയിലേക്ക് കടന്നുചെല്ലുമ്പോൾ ചന്ദ്രപ്പൻ പ്രസംഗിക്കുകയാണ്-മാണിയുടേത് കള്ളബജറ്റ് എന്നാണ് അദ്ദേഹം പറഞ്ഞു തുടങ്ങിയത്. എന്നെ കണ്ടപ്പോൾ എല്ലാവരും ഒന്ന് ഊറിച്ചിരിച്ചു. ചന്ദ്രപ്പൻ പ്രസംഗിച്ച് അവസാനിപ്പിച്ചപ്പോൾ ഞാൻ എണീറ്റു. ആർ.ബി.ഐ ഗവർണറുടെ കത്ത് നാടകീയമായി മേശപ്പുറത്തുവച്ചു. ഞാൻ അവതരിപ്പിച്ചത് 166 കോടി രൂപയുടെ മിച്ചബജറ്റാണെന്ന വസ്തുത അതോടെ സ്ഥാപിക്കാനായി.

പതിമൂന്നാം ബജറ്റിന്റെ പണിപ്പുരയിലിരുന്നപ്പോൾ എന്റെ ഓർമയിൽ ആദ്യം തെളിഞ്ഞുവരുന്നത് ഞാൻ ധനമന്ത്രിയായിരിക്കെ നടന്ന ഈ സംഭവമാണ്.

കേരള സർക്കാരിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം ധനമന്ത്രിയായി പ്രവർത്തിക്കാനും 12 തവണ ബജറ്റ് അവതരിപ്പിക്കാനും കഴിഞ്ഞ എന്നെ സംബന്ധിച്ചിടത്തോളം അതൊരു അഭിമാന മുഹൂർത്തമാണ്.

ഭരണഘടനയുടെ 202-ാം അനുച്ഛേദപ്രകാരം ഒരു സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരവ് ചെലവുകൾ ഉൾപ്പെട്ട 'സാമ്പത്തിക രൂപരേഖ'യാണ് ബജറ്റ്. ഓരോ വർഷവും സർക്കാർ സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കണം. അനുഛേദം 112 അനുസരിച്ച് ഇതേ വ്യവസ്ഥ ഇന്ത്യൻ പാർലമെന്റിനും ബാധകമാണ്. ഭരണഘടനാനുസൃതമായി തയ്യാറാക്കുന്ന സാമ്പത്തിക രൂപരേഖയാണ് 'വാർഷിക ധനവിഭവപത്രിക' അഥവാ 'ബജറ്റ്'.

ഭരണഘടനയുടെ 202, 203, 204, 205, 206, 207, 265, 266 അനുച്ഛേദങ്ങളിലാണ് ബജറ്റിനെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉള്ളത്.

എല്ലാ മേഖലകളിലെയും സർക്കാർ നയവും പ്രവർത്തനപരിപാടികളും വ്യക്തമാക്കുന്ന രേഖയാണ് ബജറ്റ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ബജറ്റിന്റെ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ആദ്യകാലത്ത് സർക്കാരിന്റെ പ്രവർത്തനം പരിമിതവും വരവ് ചെലവുകൾ അതനുസരിച്ച് ചെറുതുമായിരുന്നു. എന്നാൽ വികസനാസൂത്രണം, സാമൂഹിക ക്ഷേമം മുതലായവ ഗവൺമെന്റിന്റെ കർത്തവ്യമായി മാറുകയും വികസനക്ഷേമ പരിപാടികളുടെ നിർവ്വഹണം സർക്കാരിൽ നിക്ഷിപ്തമാകുകയും ചെയ്തതോടെ ബജറ്റ് ബൃഹത്തായ രേഖയായി മാറി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതോടെ അതൊന്നു കൂടി ബൃഹത്തായി.

ബജറ്റ് ഒരു സംസ്ഥാനത്തിന്റെ വരവ് ചെലവ് കണക്കുകൾ മാത്രമല്ല, അത് ഒരു നാടിന്റെ സമഗ്രമായ വികസനരേഖയാണ്. സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിൽ പരിവർത്തനത്തിനുള്ള സാമ്പത്തിക ഉപകരണം കൂടിയാണിത്. ദർശനം, പരിപ്രേക്ഷ്യം, സമീപനം എന്നിവയെല്ലാം ഇതിൽ വ്യക്തമാക്കുന്നു.

ഇക്കണോമിക്സിലെ പ്രധാന ശാഖകളിലൊന്നാണ് Public Finance. സർക്കാരിന്റെ നയങ്ങൾ- പ്രത്യേകിച്ച് ഫിസ്കൽ പോളിസി (Fiscal Policy)- നികുതി (tax-വരവ്) നയവും, ചെലവ് (expenditure) നയവും സമ്പദ്ഘടനയേയും (വളർച്ച, വികസനം) ജനക്ഷേമത്തേയും എങ്ങനെ ബാധിക്കുന്നു എന്ന് പ്രതിപാദിക്കുന്നതാണത്.

Modern Public Finance Theory യുടെ അടിസ്ഥാനം Richard A Musgrave ന്റെ (റിച്ചാർഡ് എ മസ്ഗ്രേവ്) The Theory of Public Finance (1959) എന്ന പഠന ഗ്രന്ഥമാണ്.

സർക്കാരിന്റെ fiscal policy (taxation and expenditure) സമ്പദ്ഘടനയിൽ മൂന്ന് തരം മാറ്റങ്ങൾ വരുത്തുന്നു എന്ന് Musgrave Theory സമർഥിക്കുന്നു.

### 1. Allocation of resources:

വിഭവങ്ങൾ എന്തിനുവേണ്ടി ചെലവാക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും സമ്പദ്ഘടനയുടെ സുസ്ഥിതി. ഉദാഹരണത്തിന് വിഭവങ്ങളുടെ സിംഹഭാഗം യുദ്ധോപകരണങ്ങൾക്കാണ് ചെലവാക്കുന്നതെങ്കിൽ ജനക്ഷേമ വികസനപദ്ധതികൾ അവതാളത്തിലാവും.

### 2. Distribution Impact

നയം മൂലം ആർക്ക് ഗുണം കിട്ടി, ആർക്കൊക്കെ ദോഷം വന്നു? ബഹുഭൂരിപക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന പോളിസിയാണോ? ഉദാ: സാമൂഹികക്ഷേമപരിപാടികൾ, ജീവകാരുണ്യപ്രവർത്തനങ്ങൾക്കു മുൻഗണന (ഉദാ: കാരുണ്യ, ക്ഷേമ പെൻഷനുകൾ).

### 3. Stabilisation (സാമ്പത്തിക സുസ്ഥിരത)

വലിയ ചാഞ്ചാട്ടങ്ങളും കയറ്റിറക്കങ്ങളുമില്ലാത്ത അവസ്ഥ-അതിനു വേണ്ടത് പ്രധാനമായും തൊഴിലവസരസൃഷ്ടി, ഉൽപ്പാദനവർധന, വിലനിയന്ത്രണം എന്നിവയാണ്.

ഈ മൂന്ന് ഘടകങ്ങൾ പരിഗണിച്ചുള്ള പൊതു ധനനയം (Public Finance Policy) ആണ് ഓരോ ബജറ്റും തയ്യാറാക്കുമ്പോൾ എന്റെ തീരുമാനങ്ങളെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത്

ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടേയും നാടിന്റെ വികസനാവശ്യങ്ങളുടേയും പ്രതിഫലനമാവണം സർക്കാരിന്റെ ബജറ്റ്. അത് വികസനോന്മുഖവും ജനക്ഷേമകരവുമായിരിക്കണം. അതാണ് ഞാൻ അവതരിപ്പിച്ച എല്ലാ ബജറ്റുകളുടേയും മുഖമുദ്ര. ❍

പ്രൊഫ. നബീസാ ഉമ്മാൾ



8-ാം കേരള നിയമസഭയിൽ
അംഗമായിരുന്നു.

# ആശാൻ കവിതകളുടെ കാലിക പ്രസക്തി

പ്രസിദ്ധേപി പ്രബന്ധാനാം
നാനാരസ നിബന്ധനേ-
ഏകോരസോ അംഗീകർത്തവ്യ
സേതഷാം ഉത്കർഷമിച്ഛതാം.

പ്രസിദ്ധങ്ങളായ കൃതികൾ പരിശോധിച്ചു നോക്കിയാൽ നവരസങ്ങളിൽ പലതിന്റെയും സങ്കരം കാണാവുന്നതാണ്. പക്ഷേ രസരാജനായ ശൃംഗാരമോ, കരുണമോ, ശാന്തമോ നിർവ്വേദമോ ഏതെങ്കിലും ഒരു രസം സ്ഥായിയായി സ്വീകരിച്ച് കവിതക്ക് ഉൽകൃഷ്ടത കൈവരിച്ചിട്ടുള്ളവരാണ് മഹാന്മാർ. മറ്റു രസങ്ങൾ അംഗിരസങ്ങളായി നിന്ന് പ്രധാന രസത്തെ പോഷിപ്പിക്കുകയാണ് പതിവ്. ഈ രീതി തന്റെ കൃതികളിൽ സാർവ്വത്രികമായി സ്വീകരിച്ച് വിജയം വരിച്ചിട്ടുള്ള കവിയാണ് 'കുമാരനാശാൻ'. വാക്കും അർത്ഥവും സംവൃക്തമാവുകയും, ശബ്ദാർത്ഥാലങ്കാരങ്ങൾ സമീചീനമായി മേളിക്കുകയും ചെയ്യുമ്പോഴാണ് ഒരു കലാസൃഷ്ടി ഉത്തമമാകുന്നത്. കവിതയിൽ ദ്വിതീയാക്ഷര പ്രാസവും, സജാതീയ ദ്വിതീയാക്ഷര പ്രാസവും സ്വീകരിക്കുന്നത്, കൈരളീ മഹിളയ്ക്ക് മംഗല്യ സൂത്രമണിയിക്കുന്നതിനു സമാനമാണെന്ന് വാദിച്ചത് മഹാനായ കേരള വർമ്മ വലിയകോയിത്തമ്പുരാനാണ്. പ്രാസം നിർബന്ധമല്ലെന്നും, അർത്ഥത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്നും ഖണ്ഡന വാദം മുഴക്കിയത് ഭാഗിനേയനായ എ.ആർ. രാജരാജ വർമ്മയും. യൂണിവേഴ്സിറ്റി കോളേജിലെ മലയാളം വിഭാഗത്തിൽ സംഘടിപ്പിച്ച ഒരു വേദിയിലാണ് ഈ സംവാദം നടന്നത്. മഹാന്മാരായ എഴുത്തുകാർ രണ്ടു പക്ഷത്തും കൂടി. കെ.സി. കേശവപിള്ള, ആശാൻ, വള്ളത്തോൾ, ഉള്ളൂർ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള തുടങ്ങിയ മഹാരഥന്മാർ. യഥാക്രമം കേശവീയം, പ്രരോദനം, ചിത്രയോഗം, ഉമാകേരളം, ശ്രീയേശുവിജയം എന്നീ കൃതികളിലൂടെ പ്രാസദീക്ഷയിലുള്ള അവരുടെ കഴിവ് പ്രകടമാക്കി. പ്രാസമുപയോഗിക്കാതെ ഉത്തമകാവ്യങ്ങൾ രചിക്കാനുള്ള കഴിവ് എ.ആർ. തിരുമേനിയും, അദ്ദേഹത്തെ അനുകൂലിച്ച കവികളും തെളിയിക്കുകയുമുണ്ടായി.

പാണ്ഡിത്യത്തിന്റെ ഗോദായിൽ അലങ്കാരങ്ങളുടെ കസർത്ത് എന്ന മട്ടിൽ എടുപ്പുകുതിരയെ എഴുന്നള്ളിക്കുന്നതുപോലെ സ്രഗ്ദ്ധര, ശാർദ്ദൂല വിക്രീഡിതം, മന്ദാക്രാന്താ എന്നീ വൃത്തങ്ങളിലൊക്കെ കവിതകൾ എമ്പാടും പ്രചരിച്ച സന്ദർഭത്തിലാണ് കാല്പനികതയുടെ കനകത്തേരിലേറി, നവോത്ഥാന കാലഘട്ടത്തിലെ ത്രിമൂർത്തികൾ എന്നറിയപ്പെട്ടിരുന്ന ആശാനും, ഉള്ളൂരും, വള്ളത്തോളും രംഗപ്രവേശം ചെയ്തത്. ആശയഗംഭീരനായ ആശാനും, വാക്യസുന്ദരനായ വള്ളത്തോളും, ഉജ്ജ്വല ശബ്ദാഢ്യൻ, ഉല്ലേഖഗായകൻ എന്നു വിളിപ്പേരുള്ള ഉള്ളൂരും അവരുടെ കാവ്യതല്ലജങ്ങൾ കൊണ്ട് കൈരളിയെ കമനീയമാക്കി. 1907-ൽ ആശാൻ രചിച്ച 'വീണപൂവ്' കാല്പനികതയുടെ ശംഖനാദം മുഴക്കിക്കൊണ്ടാണ് മുന്നേറിയത്. 'കണ്ടതിന്റെ അങ്ങേത്തലയ്ക്കൽ കിടക്കുന്ന കാണേണ്ടതിലേക്ക് നമ്മെ കൈപിടിച്ചു കൂട്ടിക്കൊണ്ടു പോകുന്ന ക്രാന്തദർശിയായ കവിയാണ് ആശാനെന്ന്' പ്രൊഫ. മുണ്ടശ്ശേരി ഈ ഘട്ടത്തിൽ അഭിപ്രായപ്പെടുകയുണ്ടായി.

ഹാ! പുഷ്പമേ, അധിക തുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയം-ഇന്നു നിന്റെ
യാഭൂതിയെങ്ങ്, പുനരെങ്ങ്, കിടപ്പിതോർത്താൽ-

ഒരു രാജ്ഞിയെപ്പോലെ ശോഭിച്ചിരുന്ന പൂവിന്റെ വിരസാവസാനത്തിലൂടെ ഈ ഭൂമിയിൽ ഒന്നിനും ശാശ്വതമായ നിലനിൽപ്പില്ലെന്നും, ഉല്പന്നമായവ നശിക്കുമെന്നും, ഗുണികൾ ഊഴിയിൽ നീണ്ടുവാഴാനിടയില്ലെന്നുമുള്ള തത്ത്വം സ്ഥാപിക്കാൻ കവിക്ക് കഴിഞ്ഞു. മാത്രമല്ല - കാലത്രയത്തെ കൈകൊടുത്തു നിർത്താനും കവി തുനിയുന്നു. എത്ര ശോഭിച്ചിരുന്നു (ഭൂതകാലം), പുനരെങ്ങു കിടപ്പിത് (വർത്തമാനകാലം), കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർ



ന്നിടാം (ഭാവികാലം)– മരണാനന്തര മോക്ഷപ്രാപ്തിയെക്കുറിച്ച് വീണപൂവിലെന്ന പോലെ, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാല ഭിക്ഷുകി എന്നീ ഖണ്ഡകാവ്യങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

സ്നേഹ ഗായകനായിരുന്നു ആശാൻ–
സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം–
സ്നേഹത്താൽ വൃദ്ധി നേടുന്നു.

സ്നേഹമാണ് ശക്തിയെന്നും, സ്നേഹവ്യാഹതി മരണമാണെന്നും, പ്രഖ്യാപിക്കുന്ന ആശാൻ നളിനീ ദിവാകരന്മാരെയും, ലീലാ മദനന്മാരെയും, സാവിത്രി അന്തർജ്ജനം, ചാത്തൻ പുലയൻ, മാതംഗി, ആനന്ദഭിക്ഷു ഇവരെയൊക്കെ സ്നേഹഭാജനങ്ങളായിട്ടാണ് ചിത്രീകരിക്കുന്നത്. ഉദിച്ചുയർന്ന സൂര്യനെപ്പോലെ ഹൈമവതഭൂവിന്റെ അധിത്യകയിൽ നിലകൊള്ളുന്ന യോഗിയായ ദിവാകരനും, ഉപത്യകയിൽ സ്നേഹവിവശയായി 'ചാഞ്ഞലഞ്ഞ ദേവദാരുവിന്റെ ശാഖകൾ' താങ്ങി നിൽക്കുന്ന നളിനിയും അനശ്വര പ്രേമബന്ധങ്ങൾ തന്നെയാണ്.

ദിവാകരന്റെ വിരിമാറ് ചരമശയ്യയാക്കി മാറ്റിയ നളിനിയും, രേവാ നദിയിൽ മദനനോടൊപ്പം ചാടി മരണം വരിക്കുന്ന ലീലയും, മാപ്പിള ലഹളയുടെ കഷ്ട നഷ്ടങ്ങൾ സഹിച്ച് ചാത്തൻ പുലയന്റെ ചാളയിൽ അഭയം തേടുന്ന സാവിത്രി അന്തർജനവും, ചാത്തനെ പഠിപ്പിച്ച് സംസ്കാരമുള്ളവനാക്കി മാറ്റി സ്വന്തം ജീവിത പങ്കാളിയായി സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്ന് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് സ്നേഹത്തിന്റെ അജയ്യതയാണ് –

പഴകിയ തരുവല്ലി മാറ്റിടാം–
പുഴയൊഴുകും ഗതി വേറെയാക്കിടാം
കഴിയുമിവ – മനസ്വിമാർ മന–
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ

എന്ന തത്ത്വം ബലപ്പെടുകയാണ്. ജാതിപ്പിശാചിന്റെ പിടിയിൽപ്പെട്ട് വലയുന്നവർക്കൊരു താക്കീതാണ് 'ചണ്ഡാല ഭിക്ഷുകി'.

ഉണരിനുണരിനുള്ളിലാത്മ ശക്തി പ്രണയമെഴും
സഹജാതരേ ത്വരിപ്പിൻ രണ പടഹ
മടിച്ചു ജാതിരക്ഷസ്സണവൊരിട
ങ്ങളിലൊക്കെയെത്തിനേർപ്പിൻ.

എന്ന് ആഹ്വാനം ചെയ്യുന്ന കവി – ദാഹാർത്തനായി വലഞ്ഞു വന്ന ആനന്ദ ഭിക്ഷുവിന് ദാഹജലം നൽകി മാതംഗി ഭിക്ഷുണിയായ കഥ ഹൃദയസ്പൃക്കായിത്തന്നെ അവതരിപ്പിക്കുന്നു.

ഭഗിനി എന്നു സംബോധന ചെയ്ത് ജലമാവശ്യപ്പെട്ട ഭിക്ഷുവിനോട്, ജാതിയിൽ താഴ്ന്നവളാണു താനെന്നും തന്റെ കൈയിൽ നിന്നു വെള്ളം വാങ്ങിക്കുടിക്കുന്നത് പാപമാണെന്നും മാതംഗി വാദിക്കുന്നു. ജാതിയല്ല, വെള്ളമാണ് ചോദിക്കുന്നത് എന്ന് ഭിക്ഷു ആവർത്തിച്ചു പറഞ്ഞപ്പോൾ ഭയം വെടിഞ്ഞ് അവൾ ജലം നൽകുന്നു. അവൾ പരിവർത്തനപ്പെട്ട് ബുദ്ധന്റെ ജേതൃവന വിഹാരം തേടിപ്പോയി. അവിടെ വരേണ്യ വർഗ്ഗത്തിൽപ്പെട്ട വനിതകളോടൊപ്പം ഭിക്ഷുണിയായി വാഴുന്നു. അതേക്കുറിച്ച് പ്രസേനജിത്തിനോട് ഉപഗുപ്തൻ പറയുന്ന കാര്യങ്ങൾ ജാതിഭ്രഷ്ടിന്റെ തീവ്രതകൾ നേരിട്ടനുഭവിച്ച കവിയുടെ നൊമ്പരം പേറുന്ന പദങ്ങൾ തന്നെയാണ്–

നെല്ലിൻ ചുവട്ടിൽ മുളയ്ക്കും കാട്ടു
പുല്ലല്ല സാധു പുലയൻ
ശങ്കവേണ്ടൊന്നായ് കലർന്നാൽ അതും
പൊൻകതിർ പൂണും ചെടി താൻ.

ഉദാഹരണം– അസ്മൽ പുത്രിയീമാതംഗി തന്നെ.

ആശാൻ തന്റെ കാവ്യങ്ങളിലെല്ലാം സ്ത്രീ കഥാപാത്രങ്ങൾക്ക് നന്മനിറഞ്ഞ അന്ത്യമാണ് നൽകിയിട്ടുള്ളത്–

പൂവ്, ഇവിടെ മാഞ്ഞ് സുമേരുവിന്മേൽ കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്ന് മഹർഷിമാരുടെ അർച്ചനാ സൂനമായി മാറുമെന്നും, ദിവാകരന്റെ വിരിമാറ് ചരമശയ്യയാക്കിയ നളിനി മോക്ഷം വരിക്കുകയും ദിവാകരന്റെ ജീവിതത്തിന് കൂടുതൽ ശുദ്ധി നൽകുകയും ചെയ്തു.

രണ്ടാമതൊരു അഗ്നിപരിശുദ്ധിക്കു നില്ക്കാതെ, ഭൂപുത്രിയായ സീത സ്വന്തം മാതാവിൽ തന്നെ വിലയം പ്രാപിച്ചു. ലീല മദനനോടൊപ്പം രേവാ നദിയിൽ ചാടി മൃത്യു വരിച്ച്, 'വിരതഗതിയായില്ല സംസാര ചക്രം, ചേരും നാം ഒരുമിച്ച്' എന്ന് ചൊല്ലി തോഴിയായ മാധവിയെ സാന്ത്വനിപ്പിച്ച് – മോക്ഷം നേടി. മാതംഗി ബുദ്ധ വിഹാരത്തിൽ വരേണ്യരായ മറ്റു സ്ത്രീകൾക്കൊപ്പം ഭിക്ഷുണിയായി ശാന്തവും സ്വസ്ഥവുമായ ജീവിതം നയിച്ചു. സാവിത്രി അന്തർജ്ജനം ശുദ്ധനും, നിഷ്കളങ്കനുമായ ചാത്തനെ വിദ്യ അഭ്യസിപ്പിച്ച് സംസ്കാരമുള്ളവനാക്കി തന്റെ ജീവിത പങ്കാളിയാക്കി മാറ്റി.

സ്ത്രീകളെ മാനിക്കുകയും, അവർക്ക് സമൂഹത്തിൽ സമുന്നത പദവി നൽകുകയും ചെയ്തിട്ടുള്ള ആശാൻ ഇന്നത്തെ ചുറ്റുപാടിൽ വേദനയും, അവഗണനയും, പീഡനങ്ങളും ആക്രമണങ്ങളുമൊക്കെ അനുഭവിക്കാൻ സ്ത്രീകളെ വിട്ടു കൊടുക്കുന്ന സാമൂഹ്യ നീതിക്കു നൽകുന്ന ചാട്ടവാറടി തന്നെയാണ് – തന്റെ കൃതികൾ.

'യുവജനഹൃദയം സ്വതന്ത്രമാണവരുടെ കാമ്യപരിഗ്രഹേച്ഛയിൽ' എന്നു പറഞ്ഞു വച്ചിട്ടുണ്ടെങ്കിലും പൊതു

സ്ഥലങ്ങളിൽ ചുംബന സമരം നടത്താൻ യുവജന ങ്ങൾക്ക് അധികാരമൊന്നും നൽകിയിട്ടില്ലെന്ന കാര്യം ഓർ ക്കുന്നത് നന്ന്. അല്ലെങ്കിൽ തന്നെ പൊതു നിരത്തുകളിൽ ചവറിടുന്നതും, തുപ്പുന്നതും, മൂത്രമൊഴിക്കുന്നതും ചൊല്ലി യുള്ള പൊല്ലാപ്പുകൾ തീർന്നിട്ടില്ലാ. അതിനിടയിലാണ് ചുംബന സമരം-സുകൃതക്ഷയം/അല്ലാതെന്തു പറയാൻ?

ആശാനിലെ തത്ത്വചിന്തകനെ പോഷിപ്പിച്ച് ആത്മീയ തലത്തിലെത്തിച്ചതിൽ പ്രധാന പങ്കു വഹിച്ചത് ശ്രീ നാരാ യണ ഗുരുവാണ്. ബാലനായ കായിക്കര കുമാരുവുമായുള്ള ബന്ധം തുടങ്ങുന്നത് കോലത്തുകര ക്ഷേത്രത്തിലെ സമസ്യാ പൂരണത്തോടു കൂടിയാണ്.

കോലത്തുകര കുടികൊണ്ടരുളും
ബാലപ്പിറ ചൂടിയ വാരിധിയേ-

എന്ന് ഗുരു പാടിയ ശ്ലോകത്തിന്റെ പൂർത്തീകരണം യുവാവായ കുമാരു നിർവ്വഹിച്ചത്

'കാലൻ കനിവറ്റു കുറിച്ചിടു
മോലപ്പടി എന്നെ അയക്കരുതേ'

എന്നായിരുന്നു. തനിക്കു ശേഷം തന്റെ SNDP യോഗ ത്തിന്റെയും ധർമ്മ സംഘത്തിന്റെയും കാര്യമൊക്കെ നോക്കാനുള്ള പിൻഗാമിയായി കണ്ട ആശാനെ ചിന്നസ്വാമി എന്ന് മറ്റുള്ളവർ പേരിട്ടു വിളിച്ചു. 'എന്റെ ഗുരുവാണ് എന്റെ ദൈവം' എന്ന് ആശാൻ പാടുകയും കൃത്യമായി കണ ക്കുകൾ നോക്കിയും, തത്ത്വചിന്താ ബന്ധുരങ്ങളായ കൃതി കൾ രചിച്ച് ഗുരുവിന്റെ പ്രീതി നേടുകയും ചെയ്തു. സ്നേഹ ഗായകനും, പ്രേമലോലുപമായ ഒരു മനസ്സിന്റെ ഉടമയുമായ ആശാന് അധികം നാൾ താപസവൃത്തിയിൽ തുടരാനായില്ല. ഗുരുവിന്റെ ഷഷ്ഠിപൂർത്തി സമയത്ത് നാല് പത്തിരണ്ടുകാരനായ ആശാൻ ഗുരുവിനെ അറിയിക്കാതെ 'ഭാനുമതിയമ്മയെ' വിവാഹം കഴിച്ചു. അനുഗ്രഹത്തിനായി നാലുവരി കവിതയെഴുതി ഗുരുവിന് സമർപ്പിച്ചു. അക്കാ ര്യത്തിൽ ഗുരുവിന്റെ അഭിപ്രായമാരാഞ്ഞ മറ്റൊരു ശിഷ്യ നോട് പറഞ്ഞത്, "പത്തു നാല്പതു വർഷക്കാലം ഗോതമ്പ്




ആഹാരം കഴിച്ചു ജീവിച്ച ഒരാൾക്ക് പെട്ടെന്ന് അരിയാ ഹാരം കഴിക്കണമെന്നു തോന്നിയാൽ നമുക്കെന്തു ചെയ്യാൻ പറ്റും". എന്നാണ്- ഗുരുവിന്റെ നർമ്മ ബോധം കലർന്ന പ്രത്യുത്തരം. എന്നിരുന്നാലും ആശാൻ അപ്ര കാരം പണി പറ്റിച്ചത് ഗുരുവിനു മന: പ്രയാസമുളവാക്കുക തന്നെ ചെയ്തു. ആശാൻ ആത്മീയ ചിന്തകളിൽ ഉറച്ചു നിന്ന് തനിക്കാകാൻ കഴിയാതെ പോയത് സാത്വിക കഥാ പാത്രങ്ങളിലൂടെ ചിത്രീകരിച്ച് ആശ്വാസം കണ്ടെത്തി.-

ചിത്തമാം വലിയ വൈരി കീഴമർന്ന്
അത്തൽ തീർന്ന യമി തന്നെ ഭാഗ്യവാൻ.

എന്ന് തനിക്ക് കിട്ടാതെ പോയ ഭാഗ്യം 'ദിവാകരനിൽ അർപ്പിച്ച്' സമാധാനിച്ചു.

1924-ലെ റെഡീമർ ബോട്ടപകടത്തിൽ ആശാൻ മര ണപ്പെട്ടപ്പോൾ ഗുരു വളരെ വ്യസനിച്ചു. പിന്നീട് അദ്ദേ ഹവും അധിക കാലം ജീവിച്ചിരുന്നില്ല.

"എന്തിനു ഭാരത ധരേ കരയുന്നു
പാരതന്ത്ര്യം നിനക്കു വിധി കല്പിതമാണു തായേ-
ചിന്തിക്ക, ജാതിമദിരാന്ധരടിച്ചുതമ്മി
ലന്തപ്പെടും തനയർ എന്തിനയേ സ്വരാജ്യം"

എന്നു ആശാൻ പാടിയത് 1924 ലാണ്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ആറരപ്പതിറ്റാണ്ടു കഴിഞ്ഞിട്ടും 1947-ൽ സ്വീകരിച്ച 'സ്റ്റാറ്റസ് കോ' നിലനിർത്താൻ ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടില്ല. ജാതീയമായ ചേരി തിരുവുകൾ, വർഗ്ഗീയ, വംശീയ, അധിനിവേശ ലഹ ളകൾ, ഭ്രൂണഹത്യകൾ, പീഡനങ്ങൾ, അഴിമതി, സ്വജ നപക്ഷപാതം ഇവയൊക്കെ ഗാന്ധിജിയുടെ ജന്മനാടായ ഗുജറാത്തിലും മദ്ധ്യപ്രദേശ്, ബീഹാർ, രാജസ്ഥാൻ - ഇവിടങ്ങളിലൊക്കെ നിത്യ സംഭവമായി മാറിക്കൊണ്ടിരി ക്കുന്നു. സതി, നരബലി, ശിശുവിവാഹം ഇവയൊക്കെ നട ക്കുന്നു. അന്ധവിശ്വാസജഡിലമായ പ്രവൃത്തികളും അക്ര മങ്ങളും കേരളത്തിന്റെയും പല ജില്ലകളിലും അരങ്ങേ റുന്നു. ആറടി മണ്ണിൽ കുഴിച്ചു മൂടിയ പല ദുരാചാരങ്ങളും വീണ്ടും തളിർത്തു വരുന്നു. സാംസ്കാരിക സംരംഭ ങ്ങൾക്ക് ഒരു പിന്നോട്ടടി സംഭവിച്ചു കൊണ്ടിരിക്കുന്നു. ക്രാന്തദർശിയായ കവി പാടിയതിൽ വല്ല പതിരുമുണ്ടോ? എന്നാലും ചില നന്മകളുടെ സ്ഫുരണങ്ങൾ ചക്രവാള ത്തിൽ സൗവർണ്ണ പ്രഭ പരത്തുന്നത് ശുഭോദർക്കമാണ്. ഗ്ലോബൽ പരിഷ്ക്കാരങ്ങൾക്കു വേണ്ടിയുള്ള പ്രയാണം, ഗുരുദേവന്റെ 'ദൈവ ദശകം' സർവ്വമത വിശ്വാസികൾക്കും പ്രാർത്ഥനാ ഗാനമായി അംഗീകരിക്കാനുള്ള നീക്കം, ബഹി രാകാശത്ത് നമ്മൾ നേടിക്കൊണ്ടിരിക്കുന്ന വിജയകരമായ മുന്നേറ്റം എന്നിവ ഉദാഹരണങ്ങളാണ്-അന്യജീവനുത കിസ്വജീവിതം ധന്യമാക്കാനും, ഭ്രാന്താലയമെന്നുള്ള ദുഷ് പേര് വീണ്ടും കേരളത്തിനുണ്ടാകാതിരിക്കാനും, ആശാൻ കൃതികളും, ഗുരുദേവ കൃതികളും, നമ്മുടെ സാംസ്കാ രിക പൈതൃകം കുടികൊള്ളുന്ന വിശിഷ്ട ഗ്രന്ഥങ്ങളു മൊക്കെ നമ്മെ രക്ഷിക്കുമെന്ന് പ്രത്യാശിക്കാം. നിയമപ രിഷ്ക്കർത്താക്കളും,

'മാറ്റുവിൻ ചട്ടങ്ങളെ - സ്വയം
അല്ലെങ്കിൽ മാറ്റുമതുകളീ
നിങ്ങളെത്താൻ'

എന്നുള്ള കവി വാക്യം ഓർമ്മയിൽ വയ്ക്കുന്നതും നന്ന്. ❍

## ആര്യാടൻ മുഹമ്മദ്



5, 6, 8, 9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം.
തൊഴിൽ, വനം വകുപ്പ് മന്ത്രി (1980-81),
തൊഴിൽ, വിനോദസഞ്ചാരം (1995-1996),
വൈദ്യുതി വകുപ്പ് മന്ത്രി (2004-2006)
2011 മുതൽ ഊർജ്ജ വകുപ്പു മന്ത്രി.


# ഊർജ്ജ രംഗം യാഥാർത്ഥ്യവും പ്രതീക്ഷകളും

അനവധി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന യു.ഡി.എഫ് സർക്കാർ മൂന്നര വർഷം പിന്നിടുകയാണ്. ഈ കാലയളവിൽ നിരവധി നേട്ടങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. ഊർജ്ജ മേഖലയിൽ പ്രതിസന്ധി നിലനിൽക്കുന്നുണ്ടെങ്കിലും ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ പ്രവർത്തിക്കുവാൻ കഴിയുന്നത് ഫലപ്രദമായ എനർജി മാനേജ്മെന്റിലൂടെയാണ്.

1940-ൽ പള്ളിവാസൽ ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തതോടെയാണ് കേരളത്തിൽ ജലോർജ്ജ വികസനത്തിന്റെ ചരിത്രമാരംഭിക്കുന്നത്. തുടർന്നുള്ള പതിറ്റാണ്ടുകളിൽ വിവിധ പദ്ധതികളുടെ ക്രമമായ വളർച്ചയുണ്ടായി. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച 44 നദികളിലൂടെയൊഴുകുന്ന സമൃദ്ധമായ ജലസമ്പത്ത് ജലവൈദ്യുത പദ്ധതികൾക്ക് ഊന്നൽ നൽകുവാനുള്ള പ്രേരണയായി. സംസ്ഥാനത്തിനനുയോജ്യമായ രീതിയിലുള്ള വൈദ്യുതോല്പാദനം ജലവൈദ്യുത പദ്ധതികളാണെന്ന നിലവന്നു. വൈദ്യുതി താരതമ്യേന കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കാമെന്നതും മലിനീകരണ പ്രശ്നങ്ങൾ ഇല്ലാത്തതുമായതിനാൽ ഇതിന് മുന്തിയ പരിഗണനയും ലഭിച്ചു.

1966-ൽ കമ്മീഷൻ ചെയ്ത 300 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി ജലവൈദ്യുത പദ്ധതിയും 1976-ൽ നിലവിൽ വന്ന 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി ജലവൈദ്യുത പദ്ധതിയും കേരളത്തിലെ വൈദ്യുതിയുൽപ്പാദനരംഗത്ത് നാഴികകല്ലുകളായി വർത്തിക്കുന്നു. എന്നാൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗത്തിനനുസരിച്ച് പുതിയ ജലവൈദ്യുത പദ്ധതികൾ ഉയർന്നില്ല. പാരിസ്ഥിതിക പ്രശ്നങ്ങളിൽ തട്ടി പല പദ്ധതികൾക്കും കേന്ദ്രാനുമതി ലഭിച്ചില്ല. അങ്ങനെ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമായിരുന്ന കേരളം മറ്റ് സംസ്ഥാനങ്ങളെയും കേന്ദ്രത്തേയും ഊർജ്ജാവശ്യങ്ങൾക്കായി ആശ്രയിക്കേണ്ട നിലയിലായത് വലിയൊരു ഐറണിയാണ്.

സംസ്ഥാനത്തെ ഊർജ്ജോല്പാദന-വിതരണ രംഗത്തെ പ്രധാന ഏജൻസിയാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ്. സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം പ്രധാനമായും ജലവൈദ്യുത പദ്ധതികളെ ആശ്രയിച്ചാണുള്ളത്. ഇതിലൂടെയുള്ള ജലവൈദ്യുതോല്പാദനം ഇപ്പോഴത്തെ വൈദ്യുതി ആവശ്യകതയുടെ 30% മാത്രമാണ്. നിലവിൽ ബോർഡിന്റെ അധീനതയിലുള്ള ജല



വൈദ്യുതപദ്ധതികളുടെയും മറ്റ് സ്രോതസ്സുകളുടെയും ആകെ സ്ഥാപിത ശേഷി താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ജല വൈദ്യുതി | 2023.15മെഗാവാട്ട് |
| താപവൈദ്യുതി | 159.96 മെഗാവാട്ട് |
| കാറ്റിൽ നിന്നുള്ള വൈദ്യുതി | 2.025 മെഗാവാട്ട് |
| **മൊത്തം** | **2185.135 മെഗാവാട്ട്** |

സ്ഥാപിത ശേഷി ഇപ്രകാരമാണെങ്കിലും പീക്ക് സമയത്ത് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന വൈദ്യുതി ശരാശരി 1710 മെഗാവാട്ടാണ്.

02-12-2014 ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഉപഭോഗം 57.9870 മില്യൺ യൂണിറ്റ് ആയിരുന്നു. ഇതിൽ ആഭ്യന്തര ഉല്പാദനം 25.8163 മില്യൺ യൂണിറ്റ് മാത്രമാണ്. കേന്ദ്ര വിഹിതമായി കേരളത്തിനു ലഭിച്ച വൈദ്യുതി 25.247 മില്യൺ യൂണിറ്റ് ആയിരുന്നു. ബാക്കി ആവശ്യമായി വന്ന 6.9237 മില്യൺ യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും, പവർ ട്രേഡേഴ്സിൽ നിന്നും അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴിയും വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റിയത്.

കേരളത്തിലെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 2003-04 വർഷത്തെ കേരളത്തിലെ വൈദ്യുത നിലയങ്ങളിലെ ആകെ ഉൽപ്പാദന ശേഷി 2621.31 മെഗാവാട്ടും ഉപഭോഗം 8910.84 മില്യൻ യൂണിറ്റുമാണ്. എന്നാൽ 10 വർഷങ്ങൾക്ക് ശേഷം 2013-14 വർഷത്തിൽ ഇത് യഥാക്രമം 2891.72 മെഗാവാട്ടും 17454 മില്യൻ യൂണിറ്റുമായി വർദ്ധിച്ചു. ഉപഭോഗത്തിൽ 96% വർദ്ധനവുണ്ടായപ്പോൾ ഉത്പാദനത്തിൽ 10% വർദ്ധനവു മാത്രമാണ് ഉണ്ടായിട്ടുള്ളത്. (പട്ടിക -1 കാണുക)

### പട്ടിക - 1

### ഉല്പാദനശേഷിയും ഉപഭോഗവും - താരതമ്യം

| Sl.No | Year | Installed capacity (MW) | Consumption (MU) |
|---|---|---|---|
| 1 | 2003-04 | 2621.31 | 8910.84 |
| 2 | 2004-05 | 2623.86 | 9384.40 |
| 3 | 2005-06 | 2650.41 | 10269.79 |
| 4 | 2006-07 | 2662.96 | 11331.00 |
| 5 | 2007-08 | 2676.66 | 12049.85 |
| 6 | 2008-09 | 2744.76 | 12414.32 |
| 7 | 2009-10 | 2751.76 | 13971.09 |
| 8 | 2010-11 | 2868.36 | 14547.90 |
| 9 | 2011-12 | 2877.16 | 15980.53 |
| 10 | 2012-13 | 2880.02 | 16838.24 |
| 11 | 2013-14 | 2891.72 | 17454.00 |
| % Increase | | 10% | 95.87% |

വൈദ്യുതി ആവശ്യകത സംബന്ധിച്ചും വിവിധ മേഖലയിലുള്ള വൈദ്യുത ഉപഭോഗം സംബന്ധിച്ചും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, ഇലക്ട്രിക്കൽ സർവ്വേകൾ നടത്താറുണ്ടണ്ട്. 18ാം ഇലക്ട്രിക്കൽ പവ്വർ സർവ്വേ (EPS) പ്രകാരം 2014-15-ലെ സംസ്ഥാനത്തിന്റെ ആവശ്യകത 4137 മെഗാവാട്ടും ലഭ്യത 3300 മെഗാവാട്ടുമാണ്. 837 മെഗാവാട്ടിന്റെ കുറവാണ് കണക്കാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ ഉപഭോഗത്തിനനുസരിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിക്കുന്നില്ല. ലഭ്യതയ്ക്കും ആവശ്യത്തിനും ഇടയിലുള്ള അന്തരം നികത്തുന്നതിന് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനം കൂട്ടുക, പ്രസരണ-വിതരണ നഷ്ടം, വൈദ്യുതി ഉപഭോഗം എന്നിവ കുറയ്ക്കുക എന്നീ നടപടികളാണ് വേണ്ടത്.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ 587 മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള വിവിധജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് മുടങ്ങിക്കിടക്കുകയാണ്. അവ ഇവയാണ്. (1) പൂയംകുട്ടി - 240 മെഗാവാട്ട്, (2) അതിരപ്പള്ളി - 163 മെഗാവാട്ട്, (3) അച്ചൻകോവിൽ - 30 മെഗാവാട്ട്, (4) കാരപ്പാറ കുരിയാർകട്ടി - 84 മെഗാവാട്ട്, (5) പാത്രക്കടവ് - 70 മെഗാവാട്ട്.

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്ന് കണക്കാക്കുന്ന സ്ഥാപിത ശേഷി 700 മെഗാവാട്ട് ആണ്. ഇതിൽ ഇപ്പോൾ 135 മെഗാവാട്ട് വൈദ്യുതി വരെ 19 പദ്ധതികളിൽ നിന്നായി ഉല്പാദിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 മുതൽ 2014 വരെയുള്ള കാലയളവിൽ 36.06 മെഗാവാട്ടിന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. (പട്ടിക -2 കാണുക)

2013-14 വർഷത്തിലേയ്ക്ക് 3071.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് പ്രസരണ വിതരണം വഴി ഉണ്ടായിട്ടുള്ളത്. ഇത് മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 14.96 ശതമാനമാണ്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, ഉയർന്ന വോൾട്ടതയിൽ വൈദ്യുതി പ്രസരണം നടത്തുക, കൂടുതൽ വൈദ്യുതി പ്രവാഹം വഹിക്കുവാൻ കഴിവുള്ള ലൈനുകൾ സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ വോൾട്ടത/ശേഷി വർദ്ധിപ്പിക്കുക എന്നീ പ്രവൃത്തികളാണ് ചെയ്തുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 33 സബ്സ്റ്റേഷനുകളും (220 കെ.വി-2, 110 കെ.വി-9, 66 കെ.വി-2, 33 കെ.വി-20) അനുബന്ധ ലൈനുകളും (482.91 കി.മീ) കമ്മീഷൻ ചെയ്തു കഴിഞ്ഞു. വൈദ്യുതി വിതരണം പൂർണ്ണമായും ആധുനീകരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15%ത്തിൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി. (RAPDRP). ഈ പദ്ധതി കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കി വരുന്നു. പദ്ധതി 2 ഭാഗമായാണ് നടപ്പിലാക്കി വരുന്നത്.

### പട്ടിക - 2

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി (MW) | വാർഷിക ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | റാന്നി-പെരുനാട് SHEP | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ്-11 SHEP (IPP) | 1.5 | 3.94 |
| 3 | പീച്ചി SHEP | 1.25 | 3.21 |
| 4 | പാമ്പുംകയം (മാങ്കുളം) IPP | 0.11 | 0.29 |
| 5 | കാരിക്കയം SHEP (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം IPP | 1.2 | 2.3 |
| 7 | മീൻവല്ലം SHEP-IPP | 3 | 8.37 |
| 8 | വിലങ്ങാട് SHEP | 7.5 | 22.63 |
| 9 | പെരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| | **ആകെ** | **36.06** | **85.07** |

ഒന്നാം ഭാഗത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികളും രണ്ടാം ഭാഗത്തിൽ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളുമാണ് നടപ്പിലാക്കി വരുന്നത്.

വൻകിട ജല വൈദ്യുത പദ്ധതികൾ പരിസ്ഥിതി കാരണങ്ങളാൽ അനുമതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നവീകരിക്കാവുന്ന സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉല്പാദനവും പരമാവധി ആക്കാൻ ശ്രമം നടക്കുന്നു.

ആതിരപ്പള്ളി 163 മെഗാവാട്ട് പദ്ധതിയുടെ പാരിസ്ഥിതിക അനുമതി വിഷയം പുനഃപ്പരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 01-07-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ സംസ്ഥാന വൈദ്യുതി ബോർഡ് 24,543 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. ഈ കാലയളവിൽ താഴെപ്പറയുന്ന പുതുതായി വന്ന പദ്ധതികളിൽ നിന്നും 32.266 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | റാന്നി - പെരിനാട് | 21.33 മില്യൺ യൂണിറ്റ് |
| 2 | പീച്ചി | 4.189 മില്യൺ യൂണിറ്റ് |
| 3 | വിലങ്ങാട് | 6.747 മില്യൺ യൂണിറ്റ് |
| | **ആകെ** | **32.266 മില്യൺ യൂണിറ്റ്** |

ഊർജ്ജോല്പാദനത്തിനുള്ള മൊത്തം സ്ഥാപിത ശേഷി 2234.4 മെഗാവാട്ട് ആണ്. ഇത് ബ്രഹ്മപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് ഡീസൽ ഊർജ്ജ നിലയങ്ങളിലെ സ്ഥാപിതശേഷി കൂടി കണക്കിലെടുത്താണ്.

സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത നിറവേറ്റുന്ന മറ്റ് പ്രധാന നിലയങ്ങൾ ഇവയാണ്. എൻ.റ്റി.പി.സി.യുടെ കായംകുളം താപനിലയം (359.6 മെഗാവാട്ട്), കൊച്ചിയിലെ ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (157 മെഗാവാട്ട്), കാസർഗോഡുള്ള കെ.പി.സി.എൽ (20.436 മെഗാവാട്ട്). ഇതുകൂടാതെ കേന്ദ്രഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഊർജ്ജനിലയങ്ങളിൽ നിന്നുമുള്ള വിഹിതമായ 1030 മെഗാവാട്ട് വൈദ്യുതിയും കേരളത്തിനു ലഭിക്കുന്നുണ്ട്.

കേരള സർക്കാർ സംസ്ഥാനത്ത് കാറ്റിൽ നിന്നുള്ള വൈദ്യുതോല്പാദന പദ്ധതികൾക്കായി 06-11-2004-ൽ 'Kerala Wind Power Policy' പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ കീഴിൽ ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി (C-WET) കേരളത്തിൽ 26 സ്ഥലങ്ങളിൽ നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങൾ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ അനുയോജ്യമെന്നു കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥാപനം പ്രസിദ്ധീകരിച്ചിട്ടുള്ള India Wind Atlas പ്രകാരം കേരളത്തിലെ കാറ്റിൽ നിന്നുള്ള വൈദ്യുതോല്പാദനശേഷി 790 മെഗാവാട്ട് ആണെന്നു കണക്കാക്കിയിട്ടുണ്ട്.

നിലവിൽ കഞ്ചിക്കോട് 2.025 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം 1995-ൽ കെ.എസ്.ഇ.ബി. നേരിട്ട് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, സ്വകാര്യ സംരംഭകർ വഴി മൊത്തം 14.25 മെഗാവാട്ടിന്റെ പദ്ധതികൾ രാമക്കൽമേട്ടിലും 17.4 മെഗാവാട്ടിന്റെ പദ്ധതികൾ അഗളിയിലും 2008-10 വർഷങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അഗളി, നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി യും എൻ. എച്ച്. പി. സി. (National Hydro Power Corporation) യുമായി ചേർന്ന് 82 മെഗാവാട്ടിന്റെ ഒരു കാറ്റാടി പദ്ധതി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. Inox Renewables Limited എന്ന കമ്പനി കഞ്ചിക്കോട് Kinfra യുടെ സ്ഥലത്ത് 22 മെഗാവാട്ടിന്റെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പല സ്വകാര്യ സംരംഭകരും ഈ മേഖലയിൽ കടന്നു വരുന്നതിനായി താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, അനുകൂലമല്ലാത്ത ഭൂപ്രകൃതി, വനമേഖലയിലൂടെ പ്രസരണ ലൈനുകൾ വലിയ്ക്കാനാകാത്തത്, ഭാരവും നീളവുമേറിയ യന്ത്രഭാഗങ്ങൾ വഹിച്ചുകൊണ്ടു പോകുന്നതിന് പര്യാപ്തമല്ലാത്ത റോഡുകളും പാലങ്ങളും തുടങ്ങിയ ഘടകങ്ങൾ ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ വരുന്നതിനു തടസ്സമാകുന്നുണ്ട്.

സംസ്ഥാനത്തിന്റെ സൗരോർജ്ജ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ 25-11-2013 ൽ സർക്കാർ ഉത്തരവ് (പി) 49/2013/ഊ.വ പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്. സൗരോർജ്ജ നയത്തിൽ 2017ഓടെ 500 മെഗാവാട്ടും

2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉത്പാദനശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിങ്ങിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000 നും 3000 നും ഇടയിൽ ചതുരശ്ര തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സോളാർ വൈദ്യുതി പവർ പ്ലാന്റും തറ വിസ്തീർണ്ണം 3000 നു മുകളിലുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞത് 1000 വാട്ട് സോളാർ പ്ലാന്റും നിർബന്ധമാക്കണമെന്നു സൗരോർജ്ജ നയം വിഭാവനം ചെയ്യുന്നുണ്ട്.

സൗരോർജ്ജ വൈദ്യുതി ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് പതിനായിരം റൂഫ്ടോപ്പ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

ഊർജ്ജ സംരക്ഷണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒരു യൂണിറ്റ് വൈദ്യുതി ലാഭിക്കുന്നത് രണ്ട് യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമാണ്. ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡും ഇ.എം.സിയും

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പണി നടന്നു വരുന്ന ജല വൈദ്യുതപദ്ധതികൾ**

| ക്രമ നമ്പർ | ജല വൈദ്യുതപദ്ധതി | ശേഷി-മെഗാവാട്ട് |
|---|---|---|
| 1 | ബാരപ്പോൾ | 15 |
| 2 | ചിമ്മിനി | 2.5 |
| 3 | ആഢ്യൻപാറ | 3.5 |
| 4 | വെള്ളത്തൂവൽ | 3.6 |
| 5 | പെരുന്തേനരുവി | 6 |
| 6 | കക്കയം | 3 |
| 7 | ചാത്തൻകോട്ടുനട-II | 6 |
| 8 | ചെങ്കുളം ഓഗുമെന്റേഷൻ (85 എം.യു) | |
| 9 | തൊട്ടിയാർ | 40 |
| 10 | ഭൂത്താൻകെട്ട് | 24 |
| 11 | ആനക്കയം | 7.5 |
| 12 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 |
| 13 | പെരിങ്ങൽകുത്ത് | 24 |
| | **ആകെ** | **155.5** |


വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. 2014-ൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ സംരക്ഷണ അവാർഡ് കെ.എസ്.ഇ.ബി യ്ക്കും മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനം നടത്തുന്ന സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസിയ്ക്കുള്ള അവാർഡ് ഇ.എം.സിക്കും ലഭിച്ചു. ഇത് അഞ്ചാം തവണയാണ് ഇ.എം.സിയ്ക്ക് കേന്ദ്ര അവാർഡ് ലഭിക്കുന്നത്.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പരിപാടികൾ പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ വഴി നടപ്പാക്കി വരുന്നു. ഊർജ്ജസംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ "ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ" എന്ന പരിപാടി മലയാള മനോരമയുമായി സഹകരിച്ച് കെ.എസ്.ഇ.ബി. നടപ്പാക്കുന്നുണ്ട്. വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കാനും ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കുവാൻ ഉപഭോക്താക്കളെ നിരന്തരം ഓർമിപ്പിക്കാനും കെ.എസ്.ഇ.ബി. നടത്തുന്ന ഊർജ്ജ സംരക്ഷണ പരിപാടിയാണ് ലാഭപ്രഭ. കൂടാതെ ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ഊർജ്ജ ഉപഭോഗത്തിന്റെ ചെലവു കുറയ്ക്കുന്നതിനു വേണ്ടി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ഇ.എസ്.സി.ഒ.റ്റി) കെ.എസ്.ഇ.ബിയിൽ രൂപീകരിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന പ്രവർത്തനങ്ങളിൽ വ്യവസായശാലകളിലെ നിർബന്ധ ഊർജ്ജ ആഡിറ്റിംഗ്, വിവിധ ബോധവല്ക്കരണ പ്രവർത്തനങ്ങൾ, സർക്കാർ ആഫീസുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം ഊർജ്ജകാര്യക്ഷമത കൂടുതലുള്ള ഉപകരണങ്ങൾ സ്ഥാപിക്കൽ, ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്ക് പ്രോഗ്രാം, വിദ്യാർത്ഥികൾക്കായുള്ള സ്മാർട്ട് എനർജി പ്രോഗ്രാം എന്നിവയുൾപ്പെടുന്നു. കൂടാതെ വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

എല്ലാവർക്കും ഗുണമേന്മയുള്ള വൈദ്യുതി മിതമായ നിരക്കിൽ ലഭ്യമാക്കുക, ആഭ്യന്തരോൽപ്പാദനം പരമാവധി മെച്ചപ്പെടുത്തുക, പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുക, പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളും ശക്തിപ്പെടുത്തിക്കൊണ്ട് കേന്ദ്രനിലയങ്ങളിലുള്ള വൈദ്യുതി തടസ്സം കൂടാതെ ലഭ്യമാക്കുക, നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കി ഉപഭോക്തൃസംതൃപ്തി ഉറപ്പുവരുത്തുക, ഊർജ്ജ സംരക്ഷണ പരിപാടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക, പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്ക് പ്രത്യേകിച്ച് സൗരോർജ്ജ പദ്ധതികൾക്ക് പ്രാധാന്യം നൽകുക എന്നിവയിലധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് ഊർജ്ജ വകുപ്പ് കഴിഞ്ഞ മൂന്നര വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ വഴി ഊർജ്ജ രംഗത്ത് പുത്തനുണർവ്വും പ്രതീക്ഷയും കൈവന്നിട്ടുണ്ടെന്നുള്ള വസ്തുത, കൂടുതൽ ഊർജ്ജസ്വലതയോടെ ഈ രംഗത്ത് മുന്നേറുവാൻ വകുപ്പിന് പ്രചോദനമാകും. ❍

എം.പി. വീരേന്ദ്ര കുമാർ



8-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.
02.04.1987 മുതൽ 07.04.1987 വരെ സംസ്ഥാന വനം വകുപ്പു മന്ത്രിയായിരുന്നു.
1996-1997, 2004-2009 കാലയളവിൽ ലോക്സഭാംഗം. കേന്ദ്ര സഹമന്ത്രി (1997-98)

# ഇത് സൂര്യനെ സ്വന്തമാക്കുന്ന കാലം

ഇന്ത്യയിൽ ഏകദേശം 4.1 കോടി പ്രമേഹ രോഗികളും 5.7 കോടി ഹൃദ്രോഗികളും 22 ലക്ഷം ക്ഷയരോഗികളും 11 ലക്ഷം കാൻസർ രോഗികളും 25 ലക്ഷം എയ്ഡ്സ് ബാധിതരും ആറു കോടി രക്തസമർദ പ്രശ്നങ്ങൾ അനുഭവിക്കുന്നവരുമുണ്ട്. അവരൊക്കെ ജീവൻരക്ഷാ മരുന്നുകളെ ആശ്രയിച്ച് കഴിയുന്നവരാണ്. താങ്ങാവുന്ന വിലയ്ക്ക് ഈ മരുന്നുകൾ ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തവും. ആ സാഹചര്യത്തിലാണ്, ദേശീയ ഔഷധ വില നിർണയ അതോറിറ്റി (എൻ.പി.സി.എ) 2014 സെപ്തംബർ 22-ാം തീയതി, 108 ജീവൻ രക്ഷാ ഔഷധങ്ങളുടെ കൊടുംവിലക്കയറ്റത്തിലേക്ക് നയിക്കുന്നൊരു വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. പാവപ്പെട്ടവർ പകച്ചു നിൽക്കെ, നിനച്ചിരിക്കാതെ കിട്ടാൻ പോകുന്ന വമ്പിച്ച ലാഭത്തിന്റെ ആഹ്ലാദത്തിമിർപ്പിലാണ് ഔഷധ നിർമ്മാണ കുത്തകകൾ!

കാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഗ്ലിവെക്കിന്റെ വില 8,500 രുപയിൽ നിന്ന് കുതിച്ചുയർന്നത് 1.08 ലക്ഷം രൂപയിലേക്കാണെങ്കിൽ, രക്തസമ്മർദ്ദ-ഹൃദ്രോഗികൾക്കുള്ള പ്ലാവിക്സിന്റെ വില 147 രൂപയിൽ നിന്ന് 1,617 രൂപയായി. പേവിഷബാധക്കെതിരെ ഉപയോഗിക്കുന്ന ഇഞ്ചക്ഷന്റെ വില 2,670 രൂപയിൽ നിന്ന് 7,000 രൂപയായി. ഫിസർ കമ്പനി ഉത്പാദിപ്പിച്ചിരുന്ന ജെലൂസിൽ, യു.എസ്.വി.യുടെ ഗ്ലൈക്കാമെറ്റ്, ബി.സി.ജി വാക്സിൻ, എഫോടെക്സാം, സിപ്രൊഫ്ളോക്സാസിൻ, റിഫാംപിസിൻ വാക്സിൻ എന്നിവയിൽ നിന്നുള്ള വിറ്റുവരവ് 4,380 ദശലക്ഷം രൂപയായിരുന്നു. 2013-ലെ വില നിയന്ത്രണകല്പനയനുസരിച്ച് എൻ.പി.സി.എ. വില നിയന്ത്രണം ഏർപ്പെടുത്തിയ ഔഷധങ്ങളായിരുന്നു ഇവ. ഇത് ഔഷധക്കുത്തകകളുടെ താത്പര്യത്തിനെതിരായതുകൊണ്ട്, അതോറിറ്റി വില നിയന്ത്രണ മാർഗ നിർദേശങ്ങൾ ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്!

സുപ്രീംകോടതി 2014 ഒക്ടോബർ 27-ാം തീയതി,



അഡ്വ. എം.എൽ.ശർമയുടെ ഒരു പരാതിമേൽ ഔഷധ ങ്ങളുടെ വിലനിയന്ത്രണം എടുത്തുകളയാനുള്ള നീക്ക ത്തിൽ ഇടപെടുവാൻ വിസമ്മതിച്ചു. "കല്പനയിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ നിങ്ങൾ കേന്ദ്രത്തെ സമീപി ക്കുക; കേന്ദ്രം ഒന്നും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് വീണ്ടും കോടതിയെ സമീപിക്കാം" എന്നാണ് ചീഫ് ജസ്റ്റി സ് എച്ച്.എൽ.ദത്തു, ജസ്റ്റിസുമാരായ എം.ബി. ലോകൂർ, എ.കെ. സിക്രി എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവായത്. ജീവൻ രക്ഷാ മരുന്നുകളുടെ വിലവർധന പൊതു താത് പര്യങ്ങൾക്കെതിരാണെന്നും ഔഷധ നിർമ്മാണ കമ്പനി കൾക്ക് വൻ ലാഭമുണ്ടാക്കാൻ മാത്രമേ അത് ഉപകരിക്കൂ എന്നും അഡ്വ. ശർമ സമർപ്പിച്ച പൊതു താത്പര്യ ഹർ ജിയിൽ വ്യക്തമാക്കിയിരുന്നു.

അതേസമയം, മരുന്നുവില കുത്തനെ ഉയരുന്നതിനെ ക്കുറിച്ച് അമേരിക്കയിൽ ജെനറിക് ഔഷധങ്ങൾ ഉത്പാ ദിപ്പിക്കുന്ന 14 കമ്പനികളോട് രണ്ട് യു.എസ്. കോൺഗ്രസ് അംഗങ്ങൾ വിശദീകരണം ആവശ്യപ്പെട്ട കാര്യം ഇതോടു ചേർത്തു വായിക്കണം. അവിടെയങ്ങനെ; ഇവിടെയെങ്ങ നെയുമാകാം. യു.എസ്. കമ്പനികൾക്ക് വൻലാഭം കിട്ടി യാൽ മാത്രം മതി.

ഏറെ മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയ പ്രധാനമന്ത്രി നരേ ന്ദ്രമോദിയുടെ യു.എസ്. സന്ദർശനാനന്തരം അദ്ദേഹവും പ്രസിഡന്റ് ബരാക്ക് ഒബാമയും പുറപ്പെടുവിച്ചൊരു സംയുക്ത പ്രസ്താവനയിൽ, ബൗദ്ധിക സ്വത്തവകാശ ങ്ങൾ (Intellectual Property Rights) സംബന്ധിച്ചുള്ള പഠന ത്തിന് യു.എസ്സും, ഇന്ത്യയും ഒരു 'ഉന്നതതല പ്രവർത്തന ഗ്രൂപ്പ്' സ്ഥാപിക്കുമെന്ന് പ്രസ്താവിക്കുകയുണ്ടായി.

കണ്ടുപിടുത്തങ്ങൾ, സാമ്പത്തിക വളർച്ച, തൊഴിൽ സാധ്യതകൾ, പ്രത്യക്ഷ വിദേശ നിക്ഷേപം എന്നീ മേഖ ലകളിലും ബൗദ്ധിക സ്വത്തവകാശങ്ങളും സംയുക്ത പ്രസ് താവനയിൽ സമാനമായി പരാമർശിക്കപ്പെട്ടത് ഇന്ത്യയുടെ ഉത്തമ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സാമ്പത്തിക വിദഗ്ധർ നിരീക്ഷിച്ചു. ബൗദ്ധിക സ്വത്തവകാശത്തിന്റെ ഭാഗമായ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രസക്ത മാകുന്നത് ഔഷധ നിർമാണ വ്യവസായത്തിലാണെന്നത് ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ഇന്ത്യ ഔഷധ ഗവേഷണ-വികസന പ്രവർത്തനങ്ങൾ ശക്തമാക്കരുതെന്നാണ് കാലാകാലങ്ങളായി ബഹുരാഷ്ട്ര കുത്തകകളുടെ ആവശ്യം. കാൻസർ, ഹൃദ്രോഗം, രക്ത സമ്മർദം തുടങ്ങിയവയ്ക്കുള്ള ഔഷധങ്ങളുടെ നിർമ്മാ ണക്കുത്തക അന്താരാഷ്ട്ര കമ്പനികൾക്കാണ്. അതുകൊ ണ്ടുതന്നെ മോദി-ഒബാമ ചർച്ചകളെ അത്യന്തം ആശങ്ക യോടെയാണ് നമ്മുടെ പൊതുജനാരോഗ്യ പ്രവർത്തകർ നിരീക്ഷിച്ചത്.

ഒബാമ-മോദി സംയുക്ത പ്രസ്താവനയിൽ, ഇരു രാജ്യ ങ്ങളും തമ്മിൽ ഉന്നതതല പ്രവർത്തക ഗ്രൂപ്പ് സ്ഥാപിക്ക ണമെന്ന പരാമർശം നമ്മുടെ ബൗദ്ധിക സ്വത്തവകാ ശത്തെ സംബന്ധിച്ചിടത്തോളം ആശങ്കയുളവാക്കുന്ന താണ്. ആരോഗ്യ മേഖലയിലെ വിദഗ്ധനും നോർത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലോയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൊഫ. ബ്രൂക്ക് ബെക്കർ 'വാഷിങ്ടൺ പോസ്റ്റി'ൽ ഇപ്രകാരമെഴുതി: "ഇനി അമേ രിക്കൻ കുറുക്കൻ ഇന്ത്യൻ കോഴിക്കൂട്ടിലെത്തും. താങ്ങാ വുന്ന വിലയ്ക്ക് അവശ്യമരുന്നുകൾ ലഭിക്കേണ്ട ഇന്ത്യ യിലെയും മറ്റു വികസ്വര രാജ്യങ്ങളിലെയും പാവപ്പെട്ട രോഗികളെ സംരക്ഷിക്കുന്നതിനു പകരം, യു.എസ്. മരുന്നു കുത്തക കമ്പനികളെ പരിപോഷിപ്പിക്കുകയാണ് ഈ 'കുറുക്ക'ന്റെ ലക്ഷ്യം". നമ്മുടെ നാട്ടിലെ പാവപ്പെട്ട രോഗി കൾ നേരിടുവാൻ പോകുന്ന ദുരന്തത്തിലേക്കുള്ള ചൂണ്ടുപ ലകയാണ് പ്രൊഫ. ബെക്കറുടെ വാക്കുകൾ.

2014 ഒക്ടോബർ 14-ാം തീയതി യു.എസ്. ട്രേഡ് റപ്ര സന്റേറ്റീവ് (യു.എസ്.ടി.ആർ.), ഇന്ത്യയുടെ ബൗദ്ധിക സ്വത്തവകാശ നിയമങ്ങളെ കണിശമായി അവലോകനം ചെയ്തുകൊണ്ടിരിക്കുകയാണ്. '2014 സ്പെഷൽ 301' റിപ്പോർട്ട് പ്രകാരം സ്വയം ലഭ്യമാക്കിയ അവകാശങ്ങള നുസരിച്ചാണ്, മുൻഗണനാ പരിശോധനാ പട്ടികയുൾപ്പെ ടുത്തി ഇന്ത്യയെ ജാഗ്രത്തായി നിരീക്ഷിച്ചുകൊണ്ടിരിക്കു ന്നത്. ഫാർമസ്യൂട്ടിക്കൽ റിസർച്ച് ആൻഡ് മാന്യുഫാക് ചറേഴ്സ് ഓഫ് അമേരിക്ക എന്ന സംഘടന ഇന്ത്യക്കെ തിരെ ശക്തമായ നടപടി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യക്ക് അതിന്റെ കടുത്ത നയങ്ങൾ കാരണം ബൗദ്ധിക സ്വത്തവകാശത്തിന് അർഹതയില്ലെന്നും യു.എസ്. വിപണി പ്രവേശം നിഷേധിക്കണമെന്നും അവർ ആവശ്യ പ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ നിരീക്ഷിക്കുമ്പോൾ മാത്രമേ, 1970-ൽ ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റ് അംഗീകരിച്ച ഉത് പാദന പ്രക്രിയാ പാറ്റന്റ് (process patent) നിയമത്തിന്റെ നിർണായക പ്രാധാന്യം വ്യക്തമാകൂ. അതനുസരിച്ച് നിർ മാണ പ്രക്രിയയ്ക്കു മാത്രമായിരുന്നു പാറ്റന്റ്; ഉത്പന്ന ത്തിനായിരുന്നില്ല. ലോകത്തെവിടെയും ലഭിക്കുന്ന ഏതു മരുന്നും നിർമിക്കാൻ ഇന്ത്യൻ കമ്പനികൾക്ക് അവകാശ മുണ്ടായിരുന്നു. നിർമാണ പ്രക്രിയയിൽ മാറ്റം വേണം എന്നുമാത്രമായിരുന്നു വ്യവസ്ഥ. 25 വർഷങ്ങൾക്കു ശേഷം അംഗീകരിക്കപ്പെട്ട ട്രിപ്സും (Trade-Related Aspects of Intellectual Property Rights) പൊതു താത്പര്യ ങ്ങൾക്ക് വിരുദ്ധമായ പാറ്റന്റുകാരുടെ വിപണി താത്പര്യ ങ്ങൾക്ക് തടയിട്ടു. നിലവിലുള്ള ഒരു ഉത്പന്നത്തിന്മേൽ നാമമാത്രമായൊരു മാറ്റം വരുത്തിയാൽ പാറ്റന്റ് ലഭിക്കില്ല എന്ന വ്യവസ്ഥ അവരുടെ ഗവൺമെന്റ് ഉറപ്പു വരുത്തു കയും ചെയ്തിരുന്നു.

നൊവാർട്ടിസ് കമ്പനി നിർമിച്ച ഗ്ലീവെക് എന്ന കാൻ സർ ഔഷധം സംബന്ധിച്ച് സുപ്രീം കോടതി പ്രസ്താ വിച്ച വിധി ഇന്ത്യൻ പാറ്റന്റ് ആക്ടിന്റെ ഗുണാത്മകത ഉയർത്തിപ്പിടിക്കുന്നതായിരുന്നു. കണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇന്ത്യൻ നയത്തേയും കോടതി പ്രത്യേകം പരാമർശിച്ചു. എന്നാൽ, യു.എസ്.ടി.ആർ. പ്രച രിപ്പിച്ചു കൊണ്ടിരുന്നത്, നമ്മുടെ പാറ്റന്റ് നയം കണ്ടുപി ടുത്തങ്ങളെ നിരുത്സാഹപ്പെടുത്തുന്നു എന്നും. നിർബ ന്ധിത ലൈസൻസിങ് വ്യവസ്ഥയ്ക്കെതിരെ ഇന്ത്യ നിതാന്ത ജാഗ്രത പുലർത്തിയിരുന്നു എന്ന വസ്തുത പ്രത്യേക പരാമർശമർഹിക്കുന്നു.

ട്രിപ്സി (TRIPS)നുമുമ്പ്, ഒരൊറ്റത്തവണ മാത്രമാണ്

ലൈസെൻസ് വ്യവസ്ഥ ലംഘിക്കപ്പെട്ടത് - കാൻസറിനുള്ള നെക്സാവർ എന്ന ഔഷധം നിർമ്മിക്കാൻ പാറ്റന്റുള്ള ബെയർ ഈ മരുന്നിന് വൻവില ചുമത്തുകയും ആവശ്യാനുസരണം അത് വിപണിയിൽ ലഭ്യമാക്കാതിരുന്നതിനെയും തുടർന്ന്. ജെനറിക് ഔഷധനിർമാതാക്കളായ നാറ്റ്കൊവിന് നിർബന്ധിത ലൈസൻസ് അനുവദിച്ചത്, രോഗികൾക്ക് ഒരു മാസത്തെ ഉപയോഗത്തിനാവശ്യമായ നെക്സാവർ 8,000 രൂപയ്ക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലായിരുന്നു. ബെയർ ഈടാക്കിയിരുന്നതോ 2,80,000 രൂപയും!

കഴിഞ്ഞ 15 വർഷങ്ങളായി ഔഷധ നിർമ്മാണ കമ്പനികൾ കാഴ്ചവെച്ചത് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കാണ്: 1.2 ശതമാനം മാത്രം. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ, അമേരിക്കയുമായി ബൗദ്ധിക സ്വത്തവകാശ സംഘർഷങ്ങൾ മൂർച്ഛിച്ച കാലയളവിൽ, നമ്മുടെ മരുന്നു നിർമാണ കമ്പനികളുടെ വിറ്റുവരവ് 89,040 കോടി രൂപയായിരുന്നു. 2014–15 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തി അൻപതിനായിരം കോടി രൂപ ലക്ഷ്യം അപ്രാപ്യമായിരിക്കുമെന്നാണ് വിദഗ്ദ്ധ നിഗമനം.

2005 മാർച്ച് 22-ാം തീയതി പേറ്റന്റ് (ഭേദഗതി) നിയമം ഒരു ഓർഡിനൻസ് ആയി ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ, അന്ന് എം.പി.യായിരുന്ന ഞാനതിനെ എതിർത്തു. ഓർഡിനൻസ് കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ, ട്രിപ്സ് അനുവദിച്ച 2005 ജനുവരി ഒന്ന് എന്ന സമയപരിധി ലംഘിക്കപ്പെടുന്നതു മൂലം ഇന്ത്യക്ക് ശിക്ഷ നേരിടേണ്ടി വരുമായിരുന്നു എന്നായിരുന്നു ബന്ധപ്പെട്ട മന്ത്രിയുടെ ഏറെ വിമർശിക്കപ്പെട്ട മറുപടി.

1911-ൽ ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടം നിർമിച്ച ഉത്പന്ന പാറ്റന്റ് (Product Patent) നിയമമായിരുന്നു ഇവിടെ നിലവിലുണ്ടായിരുന്നത്. അത് വൻവിലക്കയറ്റത്തിനു കാരണമായി. 1970-ലാണ് അയ്യങ്കാർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം പ്രോസസ്സ് പാറ്റന്റിങ്ങ് അംഗീകരിച്ച് നടപ്പിലാക്കിയത്. അതേ തുടർന്ന് വിലകൾ ഗണ്യമായി കുറഞ്ഞു. പത്ത് സിപ്രോഫ്ളോക്സാസിൻ ഗുളികകൾക്ക് ഇന്ത്യയിൽ അൻപതു രൂപ മാത്രം വിലയുള്ളപ്പോൾ പാകിസ്താനിൽ വില നാനൂറു രൂപയാണെന്ന് 2005 ഫിബ്രവരിയിലെ ഒരു റിപ്പോർട്ട് ഉദ്ധരിച്ച് ഞാൻ ചൂണ്ടിക്കാട്ടി. നമ്മുടെ ജെനറിക് ഔഷധങ്ങൾ വർദ്ധിച്ചു. കയറ്റുമതി കുതിച്ചുയർന്നു. അതിനെ അട്ടിമറിക്കുന്നതായിരുന്നു 2005 മാർച്ചിൽ യു.പി.എ. ഗവൺമെന്റ് പാർലമെന്റിൽ കൊണ്ടുവന്ന ഭേദഗതി ഓർഡിനൻസ്.

2005 ജനുവരി 18-ാം തീയതി 'ദ ന്യൂയോർക്ക് ടൈംസ്' പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിലേക്ക് ഞാൻ സഭയുടെ ശ്രദ്ധക്ഷണിച്ചു. 'പേറ്റന്റ് ചെയ്ത ഔഷധങ്ങൾ ഇന്ത്യയുടെ വിപുലമായ മധ്യവർഗത്തിന് വിൽക്കാനുള്ള, ബഹുരാഷ്ട്ര ഇന്ത്യൻ ഔഷധ നിർമ്മാതാക്കൾ വൻതോതിൽ സ്വാധീനിച്ച ഈ ഉത്തരവ്, പൊതുജനാരോഗ്യം സംരക്ഷിക്കാൻ ലോകവ്യാപാര സംഘടനയിലെ അംഗരാജ്യങ്ങൾക്കുള്ള അവകാശങ്ങൾ പോലും ഉപയോഗപ്പെടുത്താതെ ഔഷധ നിർമാതാക്കൾക്ക് അനുകൂലമായ ഒന്നാണ്'. കുറഞ്ഞ വിലയ്ക്കുള്ള ഔഷധങ്ങളുടെ ലഭ്യത ഉത്പന്ന പാറ്റന്റ് നിയമം ഇല്ലാതാക്കുമെന്ന് ഞാൻ ലോക്സഭയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

അമേരിക്കയും യൂറോപ്യൻ യൂണിയനും ആഗോളാടിസ്ഥാനത്തിൽ പേറ്റന്റുകളുടെ 97 ശതമാനവും കൈയടക്കിവെച്ചിരിക്കുകയാണ്. ബഹുരാഷ്ട്ര കുത്തക കോർപ്പറേഷനുകളാണ് ഉത്പന്ന, സാങ്കേതിക പാറ്റന്റുകളിൽ 90 ശതമാനവും കൈവശമാക്കിയിട്ടുള്ളത്. ശിഷ്ട ലോകത്തിന്റെ ഭാവി ഭാഗധേയങ്ങൾ നിർണ്ണയിക്കാൻ അവർക്കവകാശമുണ്ടായിക്കൂടാ. എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊണ്ട്, 1981-ൽ അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞ വാക്കുകൾ ഞാനുദ്ധരിച്ചു. "മെച്ചപ്പെട്ടൊരു ലോകമുണ്ടാകാൻ ഔഷധങ്ങളുടെ കണ്ടുപിടുത്തങ്ങൾ പേറ്റന്റ് മുക്തമായിരിക്കണം. ജീവിതത്തിന്റെയും മരണത്തിന്റെയും പേരിൽ ലാഭമുണ്ടാക്കാൻ ആരെയും അനുവദിക്കരുത്" ഇന്ദിരാഗാന്ധിയുടേത് ചരിത്ര പ്രാധാന്യമുള്ളൊരു പ്രഖ്യാപനമായിരുന്നു.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ശ്രീമതി ഇന്ദിരാഗാന്ധിയുടെയും പിൻതുടർച്ചക്കാരെന്ന് അവകാശപ്പെടുന്നവരുൾപ്പെടെ നാമെല്ലാവരും ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കേണ്ടതുണ്ടെന്നും ഞാൻ പറയുകയുണ്ടായി. ഞങ്ങൾ ശ്രീമതി ഗാന്ധിയുടെ പല നയങ്ങൾക്കും, എതിരായിരുന്നുവെങ്കിലും, പ്രോസസ് പാറ്റന്റിങ്ങ് അംഗീകരിച്ച് നിയമനിർമ്മാണം നടത്തിയത് അവർ രാജ്യത്തിനർപ്പിച്ച സംഭാവനകളിൽ ഏറെ പ്രധാനപ്പെട്ടതാണ്. ഇന്ത്യക്കാരുടെ മാത്രമല്ല, പല വികസ്വര രാഷ്ട്രങ്ങളുടെകൂടി ജീവനാഡിയായ നമ്മുടെ ഔഷധ നിർമാണമേഖലയുടെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചത് ഇന്ദിരാഗാന്ധിയായിരുന്നു.

ഒരു കാര്യം കൂടിയിവിടെ പരാമർശിക്കട്ടെ. കുഞ്ഞുങ്ങളെ ജീവിതകാലം മുഴുവൻ വികലാംഗരാക്കുന്ന പോളിയോ മഹാമാരി ലോകത്തിലാകമാനം പടർന്നുപിടിച്ച കാലം. അതിനെതിരെ ഒരു വാക്സിൻ കണ്ടുപിടിക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു എല്ലാ ശാസ്ത്രജ്ഞരും. അപ്പോഴാണ് പ്രശസ്ത വൈറോളജിസ്റ്റ് ഡോ. ജോനാസ് സാക് പോളിയോവിനെതിരെ വാക്സിൻ വികസിപ്പിച്ചെടുത്തത്. എന്നാൽ, മറ്റുള്ളവർ ചെയ്തതു പോലെ തന്റെ കണ്ടുപിടുത്തം പാറ്റന്റ് ചെയ്യാൻ അദ്ദേഹം വിസമ്മതിച്ചു. എന്തുകൊണ്ടാണ് ഈ തീരുമാനം എന്ന സ്വാഭാവിക ചോദ്യത്തിനുള്ള അദ്ദേഹത്തിന്റെ മറുപടി ഒരു മറുചോദ്യമായിരുന്നു: "നിങ്ങൾക്ക് സൂര്യനെ പേറ്റന്റെ ചെയ്യാനാകുമോ?" സഹകരിക്കുകയും കൂട്ടപ്രവർത്തനം നടത്തുകയും ചെയ്യുന്നതാണ് പരമപ്രധാനം. പ്രകൃതിയുടെയും നമ്മുടെതന്നെയും വിധിയുടെ വിധാതാക്കളാണല്ലോ നാം എന്നായിരുന്നു സാകിന്റെ ദർശനം.

ഈ തീരുമാനത്തിലൂടെ ഡോ. സാകിന് നഷ്ടമായത് ഏഴ് ബില്യൻ ഡോളറായിരുന്നുവെന്ന് ഫോബ്സ് മാഗസിൻ! ഡോ. സാകിന്റെ ഉദാത്ത ജൈവദർശനം ഔഷധ നിർമ്മാണ കുത്തകക്കമ്പനികളെ തൊലിപ്പുറമേപോലും സ്പർശിക്കുകയില്ല എന്നു തീർച്ച. ❍

*(2014 ഡിസംബറിൽ പ്രസിദ്ധീകരിക്കപ്പെട്ട 'വിചിന്തനങ്ങൾ സ്മരണകൾ' എന്ന ലേഖന സമാഹാരത്തിൽ നിന്ന്)*

രമേശ് ചെന്നിത്തല



7, 8, 13 കേരള നിയമസഭകളിൽ അംഗം.
9, 10, 11, 13 ലോകസഭകളിൽ അംഗം.
1986-1987 കാലയളവിൽ ഗ്രാമവികസന വകുപ്പു മന്ത്രി
നിലവിൽ ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി.

# മദ്യരഹിത കേരളമെന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവട് കൂടി

വലിയൊരു മാറ്റത്തിന്റെ ശംഖനാദമുയർത്തിക്കൊണ്ട്, മദ്യരഹിത കേരളം പടുത്തുയർത്താൻ യു ഡി എഫ് സർക്കാർ പുതിയ കാൽവെപ്പുമായി സധൈര്യം മുന്നോട്ട് പോവുകയാണ്. നിരവധി വൈതരണികൾ തരണം ചെയ്ത് മാത്രമെ ഈ ലക്ഷ്യത്തിലേക്കെത്താൻ കഴിയുകയുള്ളുവെന്ന് സർക്കാരിന് ഉറപ്പുണ്ട്. അതിന് വേണ്ട ജാഗ്രതയും, ആത്മാർത്ഥതയും, കരുത്തും യു ഡി എഫ് നേതൃത്വം നൽകുന്ന സർക്കാരിനുണ്ടെന്നുള്ളതും തർക്കമറ്റ വസ്തുതയാണ്.

മദ്യരഹിത കേരളം എന്ന ആശയത്തിന്റെ പൂർത്തീകരണത്തിന് തടയിടാൻ ശ്രമിക്കുന്ന എല്ലാ പ്രതിലോമ ശക്തികളെയും പൂർണമായും ഇല്ലാതാക്കാൻ സംസ്ഥാന ആഭ്യന്തര വകുപ്പ് പ്രതിജ്ഞാ ബദ്ധമാണ്. പൊലീസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയാണ് ഈ ദൗത്യം മുന്നോട്ട് വയ്ക്കുന്നത്. ആ വെല്ലുവിളി സർവ്വാത്മനാ ഏറ്റെടുക്കാൻ ആഭ്യന്തര വകുപ്പ് അരയും തലയും മുറുക്കി രംഗത്തിറങ്ങുകയാണ്. പുതിയ മദ്യ നയം കാര്യക്ഷമമായി നടപ്പിലാക്കേണ്ട പ്രധാന ഉത്തരവാദിത്വം പൊലീസിന്റെ ചുമലിലാണ്. ഈ നിയോഗത്തെ അതിന്റെ ഫലപ്രാപ്തിയിലെത്തിക്കാൻ സേന പൂർണ സജ്ജമാണെന്ന് ഞാൻ ഉറപ്പ് നൽകുന്നു.

പുതിയ മദ്യനയം കൃത്യതയോടെയും, ശ്രദ്ധയോടെയും നടപ്പാക്കുന്നതിന് വളരെയേറെ മുന്നൊരുക്കങ്ങൾ അത്യാവശ്യമാണ്. ഇതിനായി പൊലീസ് വകുപ്പ് ഒരു ദ്വിമുഖതന്ത്രം (Two pronged Strategy) ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലെ മുഖ്യഘടകം മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand reduction) എന്നതാണ്.

മദ്യത്തിന്റെ ആവശ്യകത കുറക്കുക എന്നത് പ്രഥമവും പ്രധാനവുമായിട്ടുള്ള സംഗതിയാണ്. മദ്യം എവിടെയും സുലഭമായിരിക്കുകയും അതെ സമയം മദ്യരഹിത സമൂഹത്തിനായി മുറവിളി കൂട്ടുകയും ചെയ്യുന്നത് വിരോധാഭാസമാണ്. മദ്യത്തിന്റെ ആവശ്യകത കുറക്കുക എന്ന വസ്തുതയെ ഗൗരവത്തോടെ കാണാതിരുന്നത് മൂലമാണ് മദ്യ നിരോധനം ഫലപ്രദമാകാതിരുന്നത്. കേരളത്തിൽ അത്തരത്തിലൊരു അവസ്ഥാ വിശേഷം സംജാതമാകാൻ സർക്കാർ അശേഷം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് തന്നെ വളരെ കരുതലോടെയാണ് ആഭ്യന്തര വകുപ്പ് നീങ്ങുന്നതും.

## മദ്യത്തിന്റെ ആവശ്യകത കുറച്ചു കൊണ്ടുവരുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്ന നടപടികൾ

1. ജനങ്ങളെയും പോലീസിനെയും പരസ്പരം ബന്ധിപ്പിക്കുന്ന ജനമൈത്രി സുരക്ഷ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവയിലൂടെ വിപുലമായ പ്രചരണ പരിപാടി (Communtiy outreach)
2. എല്ലാ ജില്ലകളിലും ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി വിപുലമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

3. മദ്യാസക്തി ജനങ്ങളിൽ കുറയ്ക്കുവാൻ ബോധവത്കരണം നടത്തുന്നതിനോടൊപ്പം മദ്യാസക്തിക്ക് അടിമകളായവർക്ക് കൗൺസലിംഗ് നൽകുന്നതിനും, ലഹരിയിൽനിന്നും മോചിപ്പിക്കുന്നതിനും ചികിത്സാ കേന്ദ്രങ്ങളിലേക്ക് (deaddiction centers) അവരെ അയയ്ക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായ സഹകരണവും പ്രോത്സാഹനവും നൽകും.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വളരെ ആസൂത്രിതമായി അനധികൃത സ്പിരിറ്റ് നിയമവിരുദ്ധമായി കടത്തിക്കൊണ്ടുവന്ന് വില്പന നടത്തുന്ന മാഫിയ സംഘങ്ങൾ ഒരു കാലത്ത് വളരെ സജീവമായിരുന്നു. പുതിയ സാഹചര്യത്തിൽ അനധികൃത സ്പിരിറ്റിന്റെ വ്യാപകമായ ഒഴുക്ക് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. മദ്യരഹിത കേരളം എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ അട്ടിമറിക്കാനും, കേരളത്തെ മദ്യദുരന്തങ്ങളുടെ വിളഭൂമിയാക്കാനും മദ്യമാഫിയ ശ്രമിക്കാനിടയുണ്ട്. ഇതിനെ എന്ത് വില കൊടുത്തും നമുക്ക് തടയേണ്ടതുണ്ട്.

## അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്പിരിറ്റ് കടത്ത് തടയാൻ

1. സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ കാര്യക്ഷമമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തും. അനധികൃത സ്പിരിറ്റ് റൂട്ടുകൾ കണ്ടെത്തുന്നതിനും സ്പിരിറ്റ് കടത്ത് തടയുന്നതിനും ആവശ്യമായ പോലീസ് വിന്യാസം ഏർപ്പെടുത്തും.
2. മുൻകാലത്ത് കേരളത്തിൽ അനധികൃത സ്പിരിറ്റ് കടത്തൽ നിരവധി അധോലോക രാജക്കൻമാരെ സൃഷ്ടിച്ചിരുന്നു. അത് സംഭവിച്ചത് അനധികൃത സ്പിരിറ്റ് ലോബിയുമായി രാഷ്ട്രീയ-ഉദ്യോഗസ്ഥ കൂട്ടുകെട്ടുണ്ടായതിനാലാണ്. അപ്രകാരം സംഭവിക്കാതിരിക്കുന്നതിന് പോലീസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തും. അനധികൃത സ്പിരിറ്റ് കടത്തിന് നേതൃത്വം നൽകുന്നവരെയും അതിന് കൂട്ടുനിൽക്കുന്നവരെയും ഗുണ്ടാനിയമത്തിന്റെ പരിധിയിൽപ്പെടുത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് ആവശ്യമെങ്കിൽ ഗുണ്ടാനിയമത്തിൽ അതിനുള്ള ഭേദഗതികൊണ്ടുവരും.
3. കടൽമാർഗ്ഗം അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയാൻ തീരദേശ പോലീസ് സംവിധാനം ശക്തിപ്പെടുത്തും.
4. കൂടാതെ ട്രെയിൻ മാർഗ്ഗം അനധികൃത സ്പിരിറ്റ് തടയാൻ റെയിൽവേ പോലീസിനെ ശക്തിപ്പെടുത്തും.
5. ഡിസ്റ്റിലറികളിൽനിന്നും സ്പിരിറ്റ് വ്യാജമദ്യവില്പന സംഘങ്ങൾക്ക് ലഭിക്കാനുള്ള സാധ്യത ഇല്ലാതാക്കും

സംസ്ഥാനത്ത് സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളിൽനിന്നും അനുവദിച്ചിട്ടുള്ള അളവിനെക്കാൾ കൂടുതൽ മദ്യം ഉത്പാദിപ്പിക്കുന്നതിനും ഇത് വ്യാജമദ്യലോബികളിൽ എത്താനും സാധ്യതയുള്ളതിനാൽ ഇത് തടയാൻ സംവിധാനവും ഉണ്ടാകും.

## വ്യാജവാറ്റും അനുബന്ധ പ്രശ്നങ്ങളും

സംസ്ഥാനത്ത് മുൻകാലങ്ങളിൽ പലസ്ഥലങ്ങളിലും വളരെ സംഘടിതമായി (ഉദാ പൊഴിയൂർ, ആര്യനാട്) വലിയതോതിൽ വ്യാജമദ്യം ഉല്പാദിപ്പിച്ചിരുന്നു. പുതിയ സാഹചര്യം അത്തരം ലോബികൾ പ്രയോജനപ്പെടുത്താൻ സാധ്യതയുണ്ട്.

ഇക്കാര്യം തടയുന്നതിന് ഓരോ ജില്ലയിലും മുൻകാല അനുഭവത്തിന്റെ വെളിച്ചത്തിൽ അത്തരം മേഖലകൾ കണ്ടെത്തി വ്യാജമദ്യ നിർമ്മാണ ലോബിയുമായി ബന്ധമുള്ളവരുടെ വിവരം ശേഖരിച്ച് അവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് തെറ്റായ പ്രവണതകൾ മുളയിലെ നുള്ളുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും.

ഇതിന്റെ ഭാഗമായി പോലീസും എക്സൈസും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ഉൾപ്രദേശങ്ങളിലും മറ്റും ആവശ്യമായ പരിശോധനകൾ നടത്തും.

## മാഫിയവത്കരണത്തിനെതിരായ ജാഗ്രത

മദ്യമേഖലയിൽനിന്ന് പുതിയനയംമൂലം ബഹിഷ്കൃതരാകുന്ന മദ്യലോബിയും തൊഴിൽ നഷ്ടപ്പെടുന്ന കുറേ വ്യക്തികളും എല്ലാം ഉൾപ്പെടുന്ന അതിശക്തമായ ഒരു മാഫിയ വലിയ വെല്ലുവിളിയായി ഉയർന്ന് വരുവാനുള്ള സാധ്യത നിലവിലുണ്ട്. മദ്യനിരോധനം നടപ്പിലാക്കിയ സംസ്ഥാനങ്ങളുടെയും രാജ്യങ്ങളുടെയും അനുഭവം കേരളം കണക്കിലെടുക്കേണ്ടതുണ്ട്. ഇത് തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

1. ശക്തമായ മാഫിയവത്കരണം ഉണ്ടാകുന്നത് അത്തരക്കാർക്ക് രാഷ്ട്രീയ-ഉദ്യോഗസ്ഥ പിന്തുണ ലഭിക്കുമ്പോഴാണ്. ഇക്കാര്യത്തെ രാഷ്ട്രീയ ഇച്ഛാശക്തിയോടെ ഗവൺമെന്റ് നേരിടും. വ്യാജമദ്യലോബിക്ക് പിന്തുണ നൽകുന്ന വ്യക്തികൾക്കെതിരെ മുഖം നോക്കാതെ നിയമ നടപടികൾ സ്വീകരിക്കും.
2. മാഫിയവത്കരണവുമായി ബന്ധപ്പെട്ടവരെ കണ്ടെത്തുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തും.
3. ഇക്കാര്യത്തിന് ആവശ്യമായി വരുകയാണെങ്കിൽ നിലവിലുള്ള നിയമങ്ങൾ (ഗുണ്ടാ ആക്ട്, അബ്കാരി ആക്ട് എന്നിവ) ശക്തിപ്പെടുത്തുന്ന കാര്യവും സജീവമായി പരിഗണിക്കും.
4. ഇതുമായി ബന്ധപ്പെട്ട ക്രിമിനൽ കേസുകളുടെ അന്വേഷണവും വിചാരണയും സത്വരമായും കാര്യക്ഷമമായും നടത്തുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തും. ബഹു.ഹൈക്കോടതിയുമായി ആലോചിച്ച് ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കും.

## മദ്യദുരന്തത്തിനുള്ള സാധ്യത

സർക്കാരിന്റെ പുതിയ മദ്യനയത്തോട് എതിർപ്പുള്ള ലോബികൾതന്നെ സംസ്ഥാനത്ത് ഒരു മദ്യദുരന്തം സൃഷ്ടിച്ച് പുതിയനയം പരാജയമാണ് എന്ന് വരുത്തുവാനുള്ള സാധ്യതയുണ്ട്. കൂടാതെ യാതൊരുവിധ ഗുണമേന്മാ പരിശോധനകളും നടത്താതെ കൊണ്ടുവരുന്ന വ്യാജമദ്യം, അതുപോലെ കള്ളവാറ്റ്, സ്പിരിറ്റ് എന്നിവമൂലവും മദ്യദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് പോലീസ്/എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.

## മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിക്കാനുള്ള സാധ്യത

സ്ഥിരം മദ്യപാനികൾ മദ്യം ലഭിക്കാതെ വരുമ്പോൾ ലഹരിക്കായി മയക്കുമരുന്നുകൾക്കുപിന്നാലെ പോകുന്നതിനും മയക്കുമരുന്നുകളുടെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാകാനുമിടയുണ്ട്. യുവാക്കൾ മയക്കുമരുന്നിലേക്ക് തിരിയുന്നതിനും അതുമൂലം ഗുണ്ടാപ്രവർത്തനം തുടങ്ങി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിക്കാനുമിടയുണ്ട്.

ഇത് തടയുന്നതിന് ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ളീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി പുതിയ സാഹചര്യം മുൻനിർത്തി കൂടുതൽ ശക്തിപ്പെടുത്തും.

## കള്ള് ഷാപ്പുകളിലൂടെയുള്ള വ്യാജമദ്യ വില്പന

പരമ്പരാഗത കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് പുതിയ മദ്യനയം. കേരളത്തിൽ കള്ളിന്റെ ലഭ്യത പരിമിതമാണ്. ഈ സാഹചര്യം മുതലെടുത്ത് അനധികൃത മദ്യം കള്ളിൽ കലർത്തിയും അല്ലാതെയും കള്ള്ഷാപ്പുകളിലൂടെ വില്ക്കാനുള്ള സാധ്യത വളരെക്കൂടുതലാണ്. ഇത് തടയുന്നതിന് കള്ള് ഷാപ്പുകളിൽ പരിശോധന ശക്തമാക്കും. അതോടൊപ്പം സംശയമുള്ള കള്ളിന്റെ സാമ്പിളുകൾ സത്വരമായി പരിശോധിച്ച് റിസൽട്ട് കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും.

## വ്യാജ സ്പിരിറ്റ് സംഭരണ, മിശ്രണ കേന്ദ്രങ്ങൾ

ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്തി കടുത്ത നിയമ നടപടികൾ സ്വീകരിക്കും.

## ബിവറേജസ് ഔട്ട്‌ലെറ്റുകളിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ

നിലവിലുള്ള ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ തിരക്ക് അനിയന്ത്രിതമായി വർദ്ധിക്കുന്നതിനും മദ്യം വാങ്ങാൻ വരുന്ന ആൾക്കാർ തമ്മിൽ ക്രമസമാധാനലംഘനപ്രശ്നങ്ങൾക്കും സാധ്യതയുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിലും കടകളിലും മറ്റും ഇരുന്ന് മദ്യപിക്കാനുള്ള പ്രവണത വർദ്ധിക്കുകയും ആയത് അനിഷ്ടസംഭവങ്ങൾ സൃഷ്ടിക്കാനുമിടയുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പോലീസ് സാന്നിദ്ധ്യവും പട്രോളിംഗും ശക്തിപ്പെടുത്തും.

## ഞായറാഴ്ചകൾ ഡ്രൈ ഡേ ആകുന്നു

ഞായറാഴ്ച ദിവസങ്ങളിൽ മദ്യം ലഭിക്കാത്തതിനാൽ ശനിയാഴ്ചകളിൽ ഔട്ട്‌ലെറ്റുകളിൽ തിരക്ക് അനിയന്ത്രിതമായി വർദ്ധിക്കുന്നതിനും അനധികൃത മദ്യകച്ചവടക്കാർ ബിവറേജസ് ഔട്ട്‌ലെറ്റുകളിൽ നിന്നും വളഞ്ഞവഴിയിൽക്കൂടി മദ്യം ശേഖരിച്ച് വ്യാജമദ്യം കൂടി കലർത്തി ഞായറാഴ്ചകളിൽ കൂടിയ വിലയ്ക്ക് വില്ക്കുന്നതിന് സാധ്യതയുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പോലീസ് സാന്നിദ്ധ്യവും പട്രോളിംഗും ശക്തിപ്പെടുത്തും.

## സ്പെഷ്യൽ ലൈസൻസ് ദുരുപയോഗം ചെയ്യാനുള്ള സാധ്യത

വൈദ്യശാസ്ത്രപരമായ ആവശ്യത്തിന് നൽകുന്ന മദ്യം സൂക്ഷിക്കാനുള്ള സ്പെഷ്യൽ ലൈസൻസിന്റെ മറവിൽ മദ്യം ഉല്പാദിപ്പിച്ച് വില്പന നടത്താനിടയുണ്ട്.

## മാഹിയിൽനിന്നും മദ്യം കടത്താനുള്ള സാധ്യത

കേന്ദ്രഭരണ പ്രദേശമായ മാഹിയിൽനിന്നും വിലക്കുറവിൽ മദ്യം ലഭിക്കുമെന്നുള്ളതുകൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വാഹനങ്ങളിലും മറ്റും എത്തി മദ്യം ശേഖരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ച് അനധികൃത വില്പന നടത്താനിടയുണ്ട്. ഇത് തടയുന്നതിന് കോഴിക്കോട് റൂറൽ, കണ്ണൂർ ജില്ലകളിലെ പോലീസ് എക്സൈസ് സംവിധാനം ശക്തിപ്പെടുത്തി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കും.

## പുതിയനയം പോലീസ് വകുപ്പിൽ ഉണ്ടാക്കാൻ സാധ്യതയുള്ള അനന്തര ഫലങ്ങൾ

പുതിയനയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന പോലീസ് വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കേണ്ടിവരും. അതോടൊപ്പം പുതിയ ചില വെല്ലുവിളികൾ പോലീസ് നേരിടേണ്ടിവരും.

1. പോലീസിന്റെ ഇന്നത്തെ അംഗബലം ക്രമാനുഗതമായി വർദ്ധിപ്പിക്കണം. ഇതിനായി ഓരോവർഷവും പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരും എന്നത് അടിയന്തരമായി പഠനവിധേയമാക്കി നടപടി സ്വീകരിക്കും.
2. പോലീസിന്റെ നീക്കങ്ങൾ ദ്രുത ഗതിയിലാക്കുന്നതിനും പരിശോധനകളും മറ്റും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ വാഹനങ്ങൾ മറ്റ് ഉപകരണങ്ങൾ എന്നിവ ആർജ്ജിക്കും.

കേരളത്തെ മദ്യപിശാചിന്റെ പിടിയിൽ നിന്ന് വിമുക്തമാക്കാൻ സർക്കാരും ആഭ്യന്തര വകുപ്പും തയ്യാറാക്കുന്ന നടപടികളുടെ സംക്ഷിപ്ത രൂപമാണിത്. പക്ഷെ ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ സർക്കാരുകളും ഉദ്യോഗസ്ഥരും മാത്രം വിചാരിച്ചാൽ ഇത്തരം ശ്രമങ്ങൾ പൂർണമായും വിജയിക്കുകയില്ല. അത് കൊണ്ട് തന്നെ ജനങ്ങളുടെ സമ്പൂർണ സഹകരണവും പിന്തുണയും മുന്നോട്ടുള്ള ഓരോ കാൽവെപ്പിലും അനിവാര്യമാണ്. ❍

**Sunny Joseph**



13-ാം കേരള നിയമസഭയിൽ അംഗം
ലൈബ്രറി ഉപദേശക സമിതി അദ്ധ്യക്ഷൻ.

# The Kerala Legislature Library:

## A Knowledge House Enlightening the Historical Traditions of Kerala

The history of the Kerala Legislature Library draws parallelisms in its evolutionary process with respect to the State of Kerala. The present state of Kerala came into being on November 1, 1956. The formation of Travancore-Cochin State, and unification of the erstwhile princely states of Travancore, Cochin and British Malabar together with the States Reorganisation Act of 1956, led to the formation of the State of Kerala.

The Kerala Legislature owes its origin to the formation of Travancore Legislative body (1888), the Travancore Sri Mulam Popular Assembly and Cochin Legislative Council. The introduction of bicameralism (1932) and constitution of responsible government in Travancore and Cochin finally led to the renaming of the Legislative Council as the Legislative Assembly. The Kerala Legislature Library originated in the Dewan's Office Library of the erstwhile Travancore State. Renamed as the Legislative Library in 1921 and later as Travancore Cochin Assembly Library in 1949, the Library, got its present name, Kerala Legislature Library in 1956. The library strictly caters to the very special needs of its exceptional clientele, the members of the Kerala Legislative Assembly. In addition to Legislators, membership is also given to members of Parliament, representing Kerala, former members of the Kerala Legislative Assembly, former members of Parliament who have represented Kerala, retired officers and staff of the Kerala Legislature Secretariat, officers and staff of the Government Secretariat including GAD, Law and Finance Secretariat, Heads of Departments of the State, former Secretaries of the Kerala Legislature and civil service aspirants. The Kerala Legislature Library is a treasure house of information, aspiring to satisfy the ever growing information needs of its legislators.

The State's social-economic-cultural and political development is incomplete without the vision and hard work of its esteemed legislators. The members have to keep themselves abreast of the history, culture, geography, economic and social aspects of the State in general and their constituency in particular. Inspired innovations can arise only from ignited minds. Dreams are the building blocks of all nascent ideas. Comprehensive development inevitably leads to the better living standards. The Legislature Library equips its members with authoritative information on Kerala State in general and each and every district of Kerala in particular. The historical records of our library preserves the bygone eras for posterity. The library is well equipped with respect to its collection and




**Home Page of the Digital Archives of Kerala Assembly Documents maintained by Kerala Legislature Library**

infrastructure. The qualified and trained library staff offers excellent information consolidation, dissemination and retrieval services.

The recent innovations in information technology has added Digital Archive of assembly documents, e-reading portal, Digital Library and Internet browsing facilities in the library. This has in turn helped to provide accurate and time bound information service to the legislators.

Digital Archives of Kerala Legislative Assembly is a digital repository of Assembly documents, including Proceedings, Bills Passed, Bulletins (Part I & II), Reports of Assembly Committee and Reports of various other Committees and Commissions laid on the Table of the House. The Digital Archives can be accessed online. The elaborate search facility enables a user to access specific information in no time.

A recent development in the Assembly Library is the inception of **Digital Library** in December 2014. It offers access to important reference documents through **Intranet**, an in house network of the Kerala Legislature Secretariat. It encompasses journal articles, Conferences/Seminar papers, Orientation programme materials, and other valuable documents related to parliamentary studies. It also integrates important judgements government policy documents and notifications.

The library plays a significant role in the socio-economic development of Kerala by imparting relevant information essential for various assembly procedures like legislation, calling attention, committee reports, question-answer session, and discussion on Demands for Grants, submissions and many more.

The functioning of the Kerala Legislature Library is closely monitored by the **Library Advisory Committee** (LAC) constituted among members of the Kerala Legislative Assembly with the Secretary of the Kerala Legislature Secretariat, as its Ex-officio Member. The committee meets periodically and advices the Speaker to take necessary measures to improve the infrastructure, facilities and services in the library.

An extensive collection of over One Lakh Three Thousand volumes of books, reports, gazettes, assembly proceedings, proclamations, acts, ordinances, census reports and bound volumes of periodicals are available in the library. Magazines and newspapers also add to the general library collection. In addition to prominent magazines, law journals and newspapers are subscribed in the library. Many magazines and newspapers are received free of cost. The library collection is spread in three floors in the Administrative Block. It includes reference documents, display of nascent periodicals, parliamentary studies, encyclopedias, dictionaries on all

subjects, assembly proceedings etc. The Stack Room has books on all subjects starting from Generalia to Law along with Biography collection arranged in classified order. Bound volumes of newspapers, Assembly Proceedings of Travancore, Cochin, Travancore-Cochin and Kerala legislative Assembly, Committee reports of Lok Sabha, Rajya Sabha, Kerala Legislative Assembly and Government of India reports also add to the collection. The library is unique for its Gazettes, Parliamentary debates of Lok Sabha and Rajya Sabha, Census Reports, Administration Reports, and Bound Volumes of Periodicals.

Apart from the general collection, Legislature Library has a distinguished set of **special collections** like ***Gandhiana*** (Collection of books by and on Mahatma Gandhi) ***Kerala Collection*** (an exclusive collection of books on all subjects pertaining to Kerala) ***Souvenir Collection***, ***Gazette Collection*** (incorporates Government of India and Kerala Gazettes) ***Report Collection*** (includes Committee and Commission reports of Government of India and Government of Kerala) ***Biography Collection***, ***Parliamentary Studies*** and ***Archives of rare books***.

Maintenance of books and periodicals, Binding of worn out documents, local binding of newspapers, binding of assembly proceedings, bills, acts, commissions and committee reports are also performed in the library. The library is known for its unique records. Hence preservation of the same is of supreme importance. Preservation techniques like fumigation is used to preserve these precious documents. Antique documents are preserved and kept safe in the **Library Archives**.

The Legislature Library's constant endeavour to reach out to its members finds expression in its number of extension counters. The library has a **Members Reference Branch** housed in Room No. 504, first floor of the Assembly Block. The Members Reference Branch provides ready reference service to the honourable members. Its proximity to the Assembly hall enables to provide quick and efficient reference service during assembly session. The Members Reference Branch houses leading newspapers, selected periodicals, assembly questions, answers, papers laid on table, KLA proceedings, Press Clipping Folders and documents for ready reference. The Legislator's Hostel also has a **Library Extension Counter** to cater to the information needs of resident members. Assembly questions, answers, newspapers, periodicals, Kerala Gazette and prominent reference documents are available here.

Automation process was initiated in the Kerala Legislature Library in 2006. The library shares platform with India's foremost automated information dissemination centres. **Library automation** is done with the help of INFLIBNET's ***SOUL software*** (Software for University Libraries). Automation facilitates easy issue, return, renewal and reservation of books. Books




**Home Page of the Digital Library**

and periodicals are issued for a period of thirty days. The Online Public Access Catalogue (OPAC) gives information on the entire library collection. The library is involved in the digitization of assembly documents including assembly deliberations, bills passed, committee and commission reports and proceedings. Assembly documents from the year 1888 to the present have been digitized. Over Nine Lakh images have been digitised. More than fifty thousand links are provided to access the digitised documents. Digitisation of assembly documents is a novel method in preserving the same. Digitisation assists in information consolidation and dissemination. These digitised documents are available in the Kerala Legislative Assembly website namely www.niyamasabha.org. These documents can be searched by means of member name, assembly session, date and subject options. The **E-reading portal** is a gateway of information. It offers access to more than thirty five thousand e-books.

Now Kerala Legislative Assembly has decided to set up a Children's Library, similar to the Children's Corner of our Parliament Library, in order to inculcate reading habit among children between the age group of 10 – 18. The Proposed Children's Library also aims at providing easy access to the vast resources of the Legislature Library to the children of the under privileged and marginalised sections of the society.

The Legislature Library is eager to provide information service to its members transcending barriers of place and time. Information technology has grown by leaps and bounds in the field of library services. In order to impart maximum information service within minimum time, the Legislature Library relies on ***Online*** information storage, retrieval and dissemination. Information is thus available at the member's finger tips. The library provides **Reference Service** to information seekers by means of its vibrant collection of books, periodicals, reference documents like gazettes, census reports, assembly proceedings, committee reports, bills, acts etc. Reference service is also given to research scholars, accredited press representatives and CPST students (Centre for Parliamentary Studies and Training) for short duration during non session periods. Reference service integrates internet browsing and e-reading facilities. The **Indexing and Documentation Service** carries out indexing and abstracting of information from periodicals and newspapers subscribed in the library. Comprehensive subject bibliographies are compiled and brought out by this section. The section also maintains a database on eminent personalities named ***Person***. **Press Clipping Service** is performed by Members Reference Branch. This incorporates assimilation of important daily news and preservation of the same in press clipping folders arranged according to subject. The press clipping folder facilitates easy input and effective retrieval of relevant news items. **Reprographic Service** is available in the Main Library, Members Reference Branch and MLA Hostel Library Extension Counter.

**Publications** are an integral part of Legislature Library. The quarterly publication, ***Legal and Constitutional Digest***, reproduces articles based on Law and Constitution, from scholarly journals. ***Samajikan*** consolidates creative and scholarly articles of the honourable Members. This publication provides a platform for the honourable members and former members of Kerala Legislative Assembly including Members and former Members of Parliament (Representing Kerala) to display their creative and academic talent. A quarterly indexing and abstracting publication, ***Documentation Kerala***, has abstracts of Malayalam and English articles of contemporary importance. The ***Kerala Legislature Library Bulletin*** is yet another quarterly publication on newly added books in the Library.

The Kerala Legislature Library consistently aspires to improve its services, collection and infrastructure. The library is keen to imbibe modern facilities and efficient information tools for imparting personalised information service to its members. The Library Reference Hall is fully air conditioned as part of the modernisation programme. Modern furniture, internet browsing centre coupled with e-reading facilities have also found a place in the Reference Hall. The Library professionals diligently analyses the information needs of its users and provides specific information in no time. Taking technology in its stride, the Legislature Library, takes meticulous care in fulfilling the minute requirements of its members. Library service is also utilized for the general working of various sections of the Kerala Legislature Secretariat. This treasure house of information is of staunch support in strengthening the democratic process of the State. The library stands as a symbol of reliability in Kerala. This centre of excellence is a one stop destination for quenching the information thirst of the common man and the Legislators alike. ❍

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**



9, 10, 11, 12, 13 കേരള നിയമസഭകളിൽ അംഗം.
ജലസേചനവും വനവും ആരോഗ്യവും വകുപ്പു മന്ത്രി (2004-2005),
റവന്യൂ മന്ത്രി (2011-12), ആഭ്യന്തര മന്ത്രി (2012-13),
2014 ജനുവരി 1 മുതൽ വനവും ഗതാഗതവും വകുപ്പു മന്ത്രി.

# കേന്ദ്ര റോഡ് സുരക്ഷാ നിയമം
# കേരളത്തിന്റെ ആശങ്കകൾ

ആയിരത്തി തൊള്ളായിരത്തി എൺപത്തി എട്ടിലെ കേന്ദ്ര മോട്ടോർ വാഹന നിയമം റദ്ദു ചെയ്യുന്നതിനെ ഉദ്ദേശിച്ച് കേന്ദ്ര ഗവൺമെന്റ് റോഡ് ട്രാൻസ്പോർട്ട് ആന്റ് സേഫ്ടി ബിൽ 2014-ന്റെ കരട് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വേണ്ടി, ശാസ്ത്രീയമായ ആസൂത്രണങ്ങളിലൂടെ സുരക്ഷിതവും കാര്യക്ഷമവും സുസ്ഥിരവുമായ ഗതാഗത സംവിധാനം രാജ്യത്ത് സൃഷ്ടിക്കുക എന്നതാണ് ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളായി പ്രതിപാദിച്ചിട്ടുള്ളത്.

ഇത്തരം ഉദാത്തമായ ലക്ഷ്യങ്ങളാണ് പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും, ഈ ബിൽ നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ സംവിധാനത്തിന്റെ സത്തയെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ഈ ബില്ലിന്റെ തുടക്കത്തിൽ തന്നെ പറയുന്നത് റോഡ് ഗതാഗതം കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നത് പൊതുജനതാത്പര്യം സംരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്നാണ്. സംസ്ഥാന ഗവൺമെന്റുകൾക്ക് പൊതുജനതാത്പര്യം ഉൾക്കൊള്ളുവാനോ അതനുസരിച്ച് പ്രവർത്തിക്കുവാനോ കഴിയില്ല എന്നതാണ് ഇതിന്റെ ധ്വനി. ഇങ്ങനെ അടിസ്ഥാനപരമായി തന്നെ തെറ്റായ ധാരണകളിൽ നിന്നാണ് ഈ ബിൽ ഉത്ഭവിക്കുന്നത്.

കമ്പനി നിയമത്തിൻകീഴിൽ രൂപീകൃതമാകുന്ന, ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള രണ്ട് അതോറിറ്റികളാവും, വാഹനഗതാഗത നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും അധികാരമുള്ള, ഗതാഗത സംവിധാനത്തെ ആകെ നിയന്ത്രിക്കുന്ന സ്ഥാപനങ്ങൾ. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നിയമനിർമ്മാണ സഭകളുടെ ഗതാഗത വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അവകാശങ്ങളെ ഈ ബിൽ ഇല്ലാതാക്കും. ഓരോ സംസ്ഥാനത്തെയും ഗതാഗത സംവിധാനത്തെ നിയന്ത്രിക്കുന്നതിനും നിയമം നടപ്പിലാക്കുന്നതിനുമുള്ള സംസ്ഥാന ഗവൺമെന്റുകളുടെ ഭരണഘടനാദത്തമായ അധികാരവും ഈ ബിൽ കവർന്നെടുക്കും പൊതുജനങ്ങളെ നേരിട്ട് ബാധിക്കുന്ന ധാരാളം വിഷയങ്ങളിൽ നിയമങ്ങൾ നിർമ്മിക്കുന്നതിനും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുമുള്ള അനിയന്ത്രിതമായ ഒട്ടേറെ അധികാരങ്ങൾ ഈ കോർപ്പറേറ്റ് ബോഡികൾക്കുണ്ടാവും. ഈ അധികാരം ഏതെങ്കിലും വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ഡെലിഗേറ്റ് ചെയ്യുവാനുള്ള അധികാരവും ഈ അതോറിറ്റികൾക്കുണ്ടാവും. കേന്ദ്ര ഗവൺമെന്റ് നിയമിക്കുന്ന ദേശീയ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് സ്റ്റേറ്റ് സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കും. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ നിയന്ത്രണവും ഏകോപനവും വിവരശേഖരണവുമെല്ലാം ഈ സ്റ്റേറ്റ് അതോറിറ്റിയുടെ ചുമതലയായിരിക്കും. ഫലത്തിൽ ഇപ്പോൾ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലുള്ള മോട്ടോർ വാഹന നിയമം യൂണിയൻ ലിസ്റ്റിലേക്ക് മാറും. ഇത് പൊതുജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ ചട്ടങ്ങൾ രൂപീകരിക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരം നിഷേധിക്കും.

ഡ്രൈവിംഗ് ടെസ്റ്റ് നടത്താനും അവയുടെ ഫീസ് ചുമത്താനുമുള്ള അധികാരം സ്വകാര്യ ഏജൻസികൾക്ക് കൈമാറും. ഈ ഏജൻസികൾക്കു മേൽ സംസ്ഥാന ഗവൺമെന്റിന് യാതൊരു നിയന്ത്രണമോ അധികാരമോ ഉണ്ടാ



വില്ല. ലേണേഴ്സ് ഡ്രൈവിംഗ് ലൈസൻസ് നേടാൻ ശാരീരിക ക്ഷമതയുടെയോ രേഖകളുടെയോ പരിശോധന ഉണ്ടാവില്ല. ഡ്രൈവിംഗ് പഠിപ്പിക്കുന്നതും ലൈസൻസ് നൽകുന്നതും ഒരേ വ്യക്തിതന്നെയായിരിക്കും എന്ന വിചിത്ര പ്രതിഭാസവും ഈ ബില്ലിന്റെ ഭാഗമായുണ്ട്. ഇപ്പോൾ ഡ്രൈവിംഗ് ലൈസൻസുകൾ ഉള്ളവർ നിയമം നിലവിൽ വന്ന് രണ്ടു വർഷത്തിനുള്ളിൽ പുതിയ ലൈസൻസ് നേടണമെന്നും ബിൽ നിഷ്ക്കർഷിക്കുന്നു. ഇത് അനിശ്ചിതാവസ്ഥയ്ക്കും സങ്കീർണതകൾക്കും അനാവശ്യമായ സാമ്പത്തിക ഭാരത്തിനും വഴിവെക്കും.

വാഹനങ്ങൾ രജിസ്ട്രേഷനു മുമ്പ് പരിശോധിച്ച് ഗുണനിലവാരവും യഥാർത്ഥ കണ്ടീഷനും ഉറപ്പു വരുത്തുന്ന, നിലവിലുള്ള സംവിധാനം ബിൽ നിയമമാകുന്നതോടെ ഇല്ലാതാവും. റോഡ് സുരക്ഷാ സെസ് നിർത്തലാക്കും. നിലവിലെ സ്റ്റേജ് കാര്യേജ് പെർമിറ്റുകളുടെ കാലാവധി ബില്ലിൽ നിർവ്വചിച്ചിട്ടില്ലാത്തതിനാൽ ഇന്നത്തെ രീതിയിലുള്ള പൊതുഗതാഗത സംവിധാനത്തിന് അന്ത്യമാകും. ഓട്ടോറിക്ഷാകൾക്കും ഇത് ബാധകമായിരിക്കും. ഓൾ ഇന്ത്യാ പെർമിറ്റ് നിർത്തലാക്കുന്നതു മൂലം ആയിനത്തിൽ ലഭിക്കുന്ന വരുമാനവും ഇല്ലാതാകും.

ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി ദേശസാൽകൃത റൂട്ടുകൾ ഉണ്ടാവില്ല. എല്ലാ റൂട്ടുകളും എല്ലാവർക്കും ഉപയോഗിക്കാം എന്ന അവസ്ഥ സംജാതമാകും. ഇത് കെ.എസ്.ആർ.ടി.സി.-യെ കടുത്ത പ്രതിസന്ധിയിലേക്ക് നയിക്കും. കെ.എസ്.ആർ.ടി.സി. അടച്ചു പൂട്ടുകയോ, നിലനിൽപ്പിനായി കടുത്ത മത്സരത്തെ അതിജീവിക്കുകയോ വേണ്ടി വരും.

ഗതാഗത പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യം ദേശീയ അതോറിറ്റിക്കായിരിക്കും. പെർമിറ്റുകൾ നൽകുന്നതും പൊതുഗതാഗതത്തിന്റെ താരിഫുകൾ നിശ്ചയിക്കുന്നതും അതോറിറ്റികളും ഓപ്പറേറ്റർമാരുമായിരിക്കും. ഇതോടെ സംസ്ഥാന വാഹന ഗതാഗത വകുപ്പ് ഭാഗികമായെങ്കിലും അടച്ചു പൂട്ടേണ്ടി വരും. കഴിഞ്ഞ വർഷം സംസ്ഥാനത്തിന് 2090 കോടി രൂപ വരുമാനം നേടിത്തന്ന വകുപ്പാണിത്. മാത്രവുമല്ല പ്രവർത്തന മികവിൽ കഴിഞ്ഞ വർഷം സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തെത്തിയത് ഗതാഗത വകുപ്പാണ്. സംസ്ഥാന ഗവൺമെന്റിന്റെ വിലയിരുത്തലനുസരിച്ച് ഒരു വർഷത്തിനുള്ളിൽ ഏറ്റവുമധികം - അവസാന സ്ഥാനത്തു നിന്നും രണ്ടാം സ്ഥാനത്തേക്ക് - പ്രവർത്തനത്തിൽ പുരോഗതിയുണ്ടായതും ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിനാണ്. ഈ വകുപ്പ് പ്രവർത്തനക്ഷമമല്ലാതാവുന്നതോടെ റോഡ് ഗതാഗതം കാര്യക്ഷമമാവുന്നതിനു വേണ്ടി നാം സൃഷ്ടിച്ചിട്ടുള്ള വിശാലമായ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗരഹിതമാകും. സംസ്ഥാനത്തിന് ഗതാഗത വകുപ്പിൽ നിന്നും ലഭിക്കുന്ന വരുമാനം ദേശീയ അതോറിറ്റി നിശ്ചയിക്കുന്ന അനുപാതത്തിനനുസരിച്ച് അവർ നൽകുന്നത് മാത്രമായിരിക്കും. സംസ്ഥാന അതിർത്തികളിലെ ട്രാൻസ്പോർട്ട് ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുന്നതോടെ അവയിൽ ലഭിച്ചു കൊണ്ടിരിക്കുന്ന വരുമാനവും നഷ്ടമാകും. ലക്ഷറി/ ലക്ഷറിയല്ലാത്തവ എന്നീ വേർതിരിവുകൾക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിനുള്ള സംസ്ഥാനങ്ങളുടെ അധികാരം ഇല്ലാതാവും. റോഡ് സുരക്ഷാ സെസ് നിർത്തലാക്കുകയോ, അവ കേന്ദ്ര ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യും. ഡ്രൈവിംഗ് ടെസ്റ്റിലൂടെയും, ഫിറ്റ്നസ് ടെസ്റ്റിലൂടെയും ലഭിക്കുന്ന ഫീസുകൾ സംസ്ഥാനത്തിന് നഷ്ടമാവുകയും സ്വകാര്യ ഏജൻസികൾക്ക് ലഭിക്കുകയും ചെയ്യും. പെർമിറ്റ് ഫീസിൽ നിന്നും ലഭിക്കുന്ന വരുമാനം ദേശീയ അതോറിറ്റിക്ക് കൈമാറ്റം ചെയ്യപ്പെടും. ഇങ്ങനെ സംസ്ഥാനത്തിന് ലഭിക്കുന്ന റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും.

റോഡ് സുരക്ഷാ ബോധവൽകരണ പരിപാടികളെക്കുറിച്ച് ഈ ബിൽ നിശ്ശബ്ദമാണ്. കേരളാ മോട്ടോർ വാഹന നിയമവും, K.M.V.T. ആക്ടും, ചട്ടങ്ങളും റോഡ് സുരക്ഷാ അതോറിറ്റിയും അപ്രസക്തമാകുന്നതോടെ 2011–22 കാലഘട്ടത്തിലേക്ക് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള, റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളും അപകട ലഘൂകരണ പദ്ധതികളും ഉൾപ്പെടുന്ന, കർമ്മ പദ്ധതി നിർത്തലാക്കപ്പെടും. റോഡ് സുരക്ഷാ നിയമത്തോടൊപ്പം അവ നടപ്പാക്കുന്നതിനുള്ള സംവിധാനവും അപ്രസക്തമാകും. റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പുതുതായി രൂപീകരിക്കുന്ന പോലീസിന്റെ സേന ദേശീയ പാതകൾക്കു മാത്രം വേണ്ടിയായിരിക്കും. മറ്റു റോഡുകൾ നിയന്ത്രണരഹിതമായി മാറും.

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതാണ് നിർദ്ദിഷ്ട ബിൽ എന്നത് വ്യക്തമാണ്. സംസ്ഥാനങ്ങൾ അനുഭവിക്കുന്ന ഭരണഘടനാദത്തമായ അവകാശങ്ങൾ കേന്ദ്ര സർക്കാറിന് കവർന്നെടുക്കാൻ ലക്ഷ്യമാക്കിയുള്ളതാണ് ഈ ബിൽ. അതുപോലെ തന്നെ വികേന്ദ്രീകൃതമായ വികസനം എന്ന സങ്കൽപങ്ങൾക്ക് കടകവിരുദ്ധമായ സമീപനമാണ് ഈ ബില്ലിലുടനീളം സ്വീകരിച്ചിട്ടുള്ളത്. വികസനത്തിന്റെ മുൻഗണനകൾ തീരുമാനിക്കാനുള്ള പ്രാദേശിക ഭരണസമിതികളുടെ അവകാശം ഈ ബിൽ നിലവിൽ വരുന്നതോടെ ഇല്ലാതാകും. റോഡ് ഗതാഗതത്തിന്റെ വികസനത്തിനുള്ള മുൻഗണനകൾ നിശ്ചയിക്കാനുള്ള അവകാശം ദേശീയ അതോറിറ്റിക്കും അവയുടെ നിർദ്ദേശത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന സംസ്ഥാന സുരക്ഷാ അതോറിറ്റികൾക്കും മാത്രമായിരിക്കും. ഇന്ത്യയുടെ വൈവിധ്യത്തെ നിരാകരിക്കുന്ന സ്വഭാവമാണ് ഈ ബിൽ പ്രകടിപ്പിക്കുന്നത്. വ്യത്യസ്തമായ അവസ്ഥകളാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലവിലിരിക്കുന്നത് എന്ന യാഥാർത്ഥ്യം ഈ ബിൽ വിസ്മരിക്കുന്നു. മുഴുവൻ ഇന്ത്യക്കുമായി ഒരു മോഡൽ എന്ന സന്ദേശമാണ് ഈ ബിൽ നൽകുന്നത്. അതുപോലെ തന്നെ പതിറ്റാണ്ടുകൾ കൊണ്ട് നാം പടുത്തുയർത്തിയ ഗതാഗത ഭരണ സംവിധാനങ്ങളും അതുമായി ബന്ധപ്പെട്ട വിവരങ്ങളും സ്വകാര്യമേഖലക്ക് കൈമാറുന്നതിനുള്ള അപകടകരമായ സാദ്ധ്യതകളും ഈ ബിൽ ഉയർത്തുന്നുണ്ട്.


ഈ ബിൽ ഇന്നത്തെ നിലയിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാന ങ്ങൾക്ക് അസ്വീകാര്യമാണ്. ഒക്ടോബർ 27–ാം തീയതി ദൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കേരളത്തിന്റെ എതിർപ്പുകൾ നാം വ്യക്തമാക്കിയിട്ടുണ്ട്. അടുത്തു തന്നെ ഗോവയിൽ ചേരാനിരിക്കുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത മന്ത്രിമാരുടെ യോഗത്തിലും ഈ ബിൽ പ്രധാന ചർച്ചാ വിഷയമായി ഉയർത്താൻ കേരളം ശ്രമിക്കും. ഈ ബില്ലിനോടുള്ള നിലപാടിൽ കേരളത്തിൽ അഭിപ്രായ സമന്വയം ഉണ്ടാവണമെന്നതാണ് എന്റെ അഭ്യർത്ഥന. ❍

**പിരപ്പൻകോട് മുരളി**



10, 11 കേരള നിയമസഭകളിൽ അംഗം..

# ഒരു തുയിലുണർത്തു പാട്ട്



ഒന്നാകും കുന്നിലെ ഓമൽക്കിളികളെ
ഒന്നുണ്ടു ചൊല്ലുന്നു നിങ്ങളോട്.

അലമാലക്കടലിനും മരതകക്കാടിനും
നടുവിലെ നാടിന്റെ കഥകൾ പാട്!

ചെന്തമിഴ്ത്തറവാട്ടിൽ പൊന്നിൻ ചിലമ്പിട്ടു
കൊഞ്ചിയ കൈരളിക്കഥകൾ പാട്!

ഒരു പറയി പെറ്റിട്ട പന്ത്രണ്ടു മക്കടെ
ഒരുമയും പെരുമയും നീട്ടിപ്പാട്!

മാമല നാട്ടിലെ പൊന്നോണക്കാലത്തെ-
മാവേലിപ്പാട്ടുകളേറ്റു പാട്!

പാണപ്പഴം പാട്ടിലിന്നും തുടിയ്ക്കുന്ന
തച്ചോളിച്ചേകോന്റെ കഥയും പാട്!

ചെറുശ്ശേരിപ്പാട്ടിലെ മയിൽപ്പീലിയഴകുള്ള
കായാമ്പൂവർണ്ണന്റെ കഥകൾ പാട്!

തുഞ്ചൻ പറമ്പിലെ ശാരികപ്പെണ്ണിന്റെ
രാമായണച്ചിന്തു നീട്ടിപ്പാട്!

കവിതയെ ചാട്ടവാറാക്കിയ കുഞ്ചന്റെ-
പൊൽക്കച്ചമണി ചുറ്റിപ്പാടിയാട്!

പെണ്ണിന്റെ ദു:ഖങ്ങൾ കഥകളിപ്പദമാക്കി-
മാറ്റിയൊരുണ്ണായിക്കവിതപാട്!

'ഓമനത്തിങ്കളാൽ' സ്വാതിക്ക് താരാട്ടു-
പാടിയൊരിരയിമ്മൻ കവിതപാട്!

കീർത്തനമാലയാൽ ശ്ലോകശതങ്ങളാൽ-
ശ്രീപത്മനാഭനഭിഷേകമാടി-
കൈരളി സംഗീതസുധയായിട്ടൊഴുകിയ-
"സ്വരബത്തിൽ" സ്വാതി തൻ കഥയും പാട്!

'മാറ്റുവിൻ ചട്ടങ്ങൾ' പാടിയ കവിയുടെ-
കാലത്തെ മാറ്റിയ കവിത പാട്!

കേരളപ്പെരുമകൾ പാടുന്ന ഭാരത-
പ്പുഴയുടെ കവിയുടെ കവിത പാട്

കഥകളിത്താളവും ചേങ്കില മേളവും-
നെഞ്ചേറ്റും വള്ളത്തോൾ കവിത പാട്!

ഉല്ലേഖമാലയാലുള്ളൂർ മഹാകവി-
ഉള്ളം കുളിർപ്പിച്ച കവിത പാട്!

പ്രണയ ദു:ഖങ്ങളെ മണിനാദമാക്കിയ-
രാഘവ രാഗങ്ങളേറ്റു പാട്!

ഭൂമിക്ക് ഗന്ധർവ്വച്ചന്തം പകർന്നൊരു-
ചങ്ങമ്പുഴയുടെ കവിത പാട്!

പൊന്നാനിപ്പുഴയുടെ തീരത്തെ കാവിലെ-
പൂതത്തിൻ പാട്ടുകളാർത്തു പാട്!

കന്നിയിൽ കൊയ്തതും, മകരത്തിൽ കൊയ്തതും
നൂറുക്കു നൂറായ മേനിയോടെ
മലനാടിൻ തറവാട്ടു മുറ്റത്തു കൂട്ടിയ-
മലയാള ശ്രീധരക്കവിതപാട്!
ഓണനിലാവിനും, ഓമൽക്കിനാവിനും
മധുരം നിറച്ചവൻ കുഞ്ഞിരാമൻ
പുഷ്പിണീ സന്ധ്യയ്ക്കും, പുഴയിലെക്കുളിരിനും,
മോഹം വിതച്ചവൻ കുഞ്ഞിരാമൻ
മാറുമറയ്ക്കാത്ത പതിനേഴു തികയാത്ത-
മലയാള മൊഴികളോടൊത്തുകൂടി
ജീവിതം സാരസ്യ ലീലയായാടിയ-
കുഞ്ഞിരാമൻ നായർക്കവിത പാട്!

ആത്മ സുഗന്ധം പരത്തുമോടക്കുഴൽ
ചുണ്ടോടു ചേർത്തതിധന്യനായി-
കാലടീ തീരത്തു കവിയായ് ജനിച്ചൊരു
'ജി'യുടെ നിറവാർന്ന കവിത പാട്!

ചുടു ചോരചോപ്പിച്ച വയലാർ മണൽക്കുന്നിൽ
താനേ കിളിർത്ത മുളങ്കാട്ടിൽ നിന്നൊരു-
പുല്ലാംകുഴൽ തീർത്ത വിപ്ലവ കവിയുടെ-
ഗന്ധർവ്വ കവിതയൊന്നേറ്റു പാട്

നദിയായ നദിയുടെ തീരങ്ങളുഴുതിട്ടു
കന്നിവിത്താദ്യം വിതച്ചവരെ!
ആ വിത്തു കവിതയായ് തളിരിട്ടു പൂവിട്ടു-
നില്കുമീ മണ്ണിനെത്തുയിലുണർത്താൻ-
തറവാട്ടു മുറ്റത്തിറങ്ങിവായോ നാടിനറ-
നിറയ്ക്കാൻ കതിർക്കറ്റതായോ!

ബലികുടീരങ്ങളിലുറങ്ങാത്ത വിപ്ലവ-
സ്വപ്നവും, മന്ത്രവും, കൊണ്ടുതായോ!

Dr. M.K. Muneer



9, 10, 11, 13 കേരള നിയമസഭകളിൽ അംഗം.
2001-2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നു.
2011 മുതൽ പഞ്ചായത്ത്, സാമൂഹ്യ നീതി വകുപ്പു മന്ത്രി.

# CULTURAL NATIONALISM Ignited or Inflamed

As is said very often, India has been a crucible in which democratic secularism being experimented with seeking the end result. No one need have any hesitation to acknowledge that a triumphant democratic secularism has emerged in this Bharathavarsha. But of late some recent tendencies and incidents though stray, tends one who loves deeply Indian Secularism in its manifold hues and unbridled freedom to vast multitudes, to ask whether our democratic, secular, socialist republic witness signs of a hardcore nationalism to be called true Cultural Nationalism. We can note the calculated feelers for removal of 'Socialist, Democratic' words from Indian Constitution on the pretext that these are later substitutions.

Our motherland, India is endowed with diversity in its true sense and spirit. In its languages, culture, religions, ethnicity and in a host of other things there is a harmonious blending of these diversities. A tolerant democracy is the binding bond of these diverse identities. Cultural nationalism is broadly defined as a state of shared culture. Common ancestry or race will not be the national identity but cultural traditions and languages. Some quarters have already expressed their anxiety in the veiled attempts for revival of Sanskrit- Hindu

identity and marginalisation of depressed classes and minority communities. According to a prominent ideologue vedic thought equate Indian culture with Hindu culture, other traditions are regarded as subsidiary. But Dr. Ambedkar set another tone against these regressive expressions by establishing neo budhism. He was of the firm opinion that Society should be based on liberty, equality and fraternity and his priory was not for making a Society dominated by any particular Sector. He held the view that such a system is no panacea, no salvation for Dalits. In other words, he gives deadly blows on the so called nationalism or cultural nationalism as such one having universal acceptance and all encompassing never existed in India. Nationalism or Indian nationalism is not automatically inclusive of secularism. Any rigorous nationalism propagates an agenda of hate. Adolf Hitler is the best example for this. He was a core nationalist. But Germans were not at all tolerant as is evident in the mass execution of innocent lives brutally. In this context we can remember President Barack Obama's remarks on India's pluralism, cultural diversity, freedom to practice different religions.

We talk of revamping of educational system to suit our cultural nationalism so that young minds are attracted to it. Nationalism and patriotism are given interpretations to suit intentions. Even before we won Independence, Rabindranath Tagore wrote, "Nationalism is the particular thing which for years has been at the bottom of India's troubles". Let us think what is nationalism meant for the oppressed and marginalised? Would it give them dignity and equal status? No. Thus we see a polarization between culture and nationalism in India. The advocates of nationalism argues for traditional status and others for social justice, equality and human dignity.

What 'Ghar vapasi' stands for? We have only one ghar and that is this holiest of the holy Bharat or India. We have gone out nowhere else so as to return back. We lived hereunder the same sun, breathing the same air and drinking the same water. At the same time we respected each other as our brothers and sisters. We may go to Churches, we may go to temples, we may go to Mosques, we may go to Gurudwaras but sky is the limit for our common understanding and fraternity. No religion divides us. If there is something called cultural nationalism it should be purely this – freedom to live in a free country with mutual respects of different faiths and customs in a country of vast diversity. It should be a fit place to live for a patriotic, nationalist, democratic, humane Indian citizen.

We can ignite nationalism of tolerance and secularism and should not inflame a cultural nationalism of hate and religious and ethnic disrespect especially in young minds. We do not want days of doom ahead but days of brightened hopes and aspirations. ❍

സി. ദിവാകരൻ



12, 13 കേരള നിയമസഭകളിൽ അംഗം
2006–2011 കാലയളവിൽ ഭക്ഷ്യവും
സിവിൽ സപ്ലൈസും വകുപ്പു മന്ത്രി.

# ആവിഷ്ക്കാര സ്വാതന്ത്ര്യരംഗത്ത് ഫാസിസ്റ്റ് അധിനിവേശം

മില്ലീനിയം കാലഘട്ടത്തിൽ ഫാസിസം പുതിയരൂപത്തിൽ സമൂഹത്തിന്റെ സമസ്തമേഖലകളിലും അധിനിവേശം നടത്തുന്ന സംഭവങ്ങളാണ് അരങ്ങേറുന്നത്.

ജനാധിപത്യ അവകാശങ്ങൾക്കായി ചരിത്രത്തിൽ നടന്ന എല്ലാ ജനകീയപോരാട്ടങ്ങളും ഒരർത്ഥത്തിൽ ഫാസിസത്തിനെതിരെയുള്ള ധീരോദാത്തമായ ചെറുത്തുനില്പുകളായിരുന്നു. സമരങ്ങളുടെ ആഗോളചരിത്രം തന്നെ ഏകാധപത്യത്തിനെതിരെ ജനങ്ങൾ നടത്തിയ ജനകീയ സമരങ്ങളുടെ ചരിത്രമാണ്.

ഫാസിസം എന്നാൽ പട്ടാളഭരണമാണെന്ന നിർവ്വചനങ്ങൾക്കപ്പുറത്ത് ആ രാജ്യത്തിന്റെ പരമ്പരാഗത സംസ്കാരത്തെയും, സാമൂഹ്യബന്ധങ്ങളേയും അട്ടിമറിയ്ക്കപ്പെടുന്നു. രണ്ടാംലോകമഹായുദ്ധകാലത്താണ് ഫാസിസത്തിന്റെ ബീഭത്സമായ മുഖം ദൃശ്യമായത്. ഇറ്റലിയിലെ ബിസ്മാർക്കും, ജർമ്മനിയിലെ ഹിറ്റ്ലറും ഫാസിസത്തിന്റെ പ്രവാചകന്മാരായി രംഗത്തു വന്നു. സങ്കുചിത ദേശീയ വികാരത്തിനു തീപിടിപ്പിക്കുക: വംശീയകലാപങ്ങൾക്ക് വഴിമരുന്നിടുക; ഈ സംഘർഷങ്ങളുടെ അകമ്പടിയോടെ പട്ടാളത്തെ ഉപയോഗിച്ച് അധികാരം പിടിച്ചെടുക്കുക. ഈ സമ്പ്രദായം അതിവിദഗ്ധമായും, ശാസ്ത്രീയമായും പ്രയോഗിച്ച് രാജ്യങ്ങളെ കീഴടക്കി മുന്നേറിയ അഡോൾഫ് ഹിറ്റ്ലറുടെ പടയോട്ടത്തിന്റെ ചരിത്രമാണ് രണ്ടാം ലോകമഹായുദ്ധത്തിന്റെ ചരിത്രം.

ഫാസിസത്തിൽ ആവിഷ്കാര സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു. എഴുത്തും, വായനയും എങ്ങനെവേണം, ചരിത്രവും, വിശ്വാസങ്ങളും എന്തായിരിക്കണം തുടങ്ങി സാമൂഹ്യബന്ധങ്ങളടക്കം എല്ലാം ഫാസിസ്റ്റു ഭരണാധികാരി തീരുമാനിയ്ക്കും. വിശ്വസാഹിത്യരംഗത്ത് എഴുത്തുകാരും, കവികളും ഇപ്പോഴും വേട്ടയാടപ്പെടുന്നു. സാഹിത്യസൃഷ്ടിയും മരണവും ഇണപിരിയാത്ത ഒരവസ്ഥയിലാണ് ഫാസിസത്തിൽ എഴുത്തുകാർ ജീവിതം നയിക്കുന്നത്. ആയുധകൂമ്പാരങ്ങളുടെ അകമ്പടിയോടെ അധികാരത്തിലെത്തുന്ന ഭരണാധികാരികളെ എഴുത്തുകാർ ഉറക്കം കെടുത്തുന്നു. ആയുധങ്ങൾ പരാജയപ്പെടുന്നിടത്ത് തൂലിക മൂർച്ചയേറിയ ആയുധങ്ങളായി മാറി ഫാസിസത്തെ പരാജയപ്പെടുത്തുന്നു.

ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ഫാസിസ്റ്റ് അധിനിവേശങ്ങൾക്കെതിരെ ജനകീയസമരങ്ങൾക്ക് തീകൊളുത്തിയത് ലാറ്റിനമേരിക്കൻ കവികളും എഴുത്തുകാരുമായിരുന്നു. ഏറ്റവും ഒടുവിൽ ചിലിയിൽ അരങ്ങേറിയ കലാപത്തിൽ നിലവിലുണ്ടായിരുന്ന ഇടതുപക്ഷഭരണകൂടം തകർന്നു. പ്രസിഡന്റ് അലൻന്റേ ഏ.കെ.ഫോർട്ടിസെവൻ തോക്കുമായി ഫാസിസ്റ്റുകളെ നേരിട്ടു രക്തസാക്ഷിയായി. ചിലിയിലെ സാന്റിയാഗോ നഗരത്തിൽ ജനാധിപത്യത്തിന്റെ ചോരപ്പുഴ ഒഴുകി. ചിലിയുടെ പ്രിയങ്കരനായ കവി 'പാബ്ലോനെരുദ' അതിദാരുണമായി കൊല്ലപ്പെട്ടു. ചിലിയുടെ വിപ്ലവഗാനം താല്ക്കാലികമായി നിലച്ചു.

ഹിറ്റ്ലറുടെ ദാരുണമായ അന്ത്യത്തോടെ ഫാസിസം

അവസാനിച്ചുവെന്നു നാം വിശ്വസിച്ചു. എന്നാൽ പുതിയ കാലഘട്ടത്തിൽ ഫാസിസം പുതിയമുഖവുമായി കടന്നു കയറുന്നു. പാക്കിസ്ഥാനിലും, ബംഗ്ലാദേശിലും മാത്രമല്ല മറ്റു പല ഇസ്ലാം റിപ്പബ്ലിക് രാജ്യങ്ങളിലും സാഹിത്യകാരന്മാർ വേട്ടയാടപ്പെടുന്നു. 'ലജ്ജ' എന്ന നോവലിലൂടെ ബംഗ്ലാദേശിലെ മുസ്ലീം പെൺകുട്ടികൾ അനുഭവിക്കേണ്ടി വരുന്ന അത്യന്തം ഹീനമായ ജീവിതസാഹചര്യങ്ങളെ ചിത്രീകരിച്ച അനുഗ്രഹീതയായ 'തസ്ലിമ' യെ ബംഗ്ലാദേശിലെയും പാക്കിസ്ഥാനിലെയും മതതീവ്രവാദികൾ നാടു കടത്താനും, കൊലപ്പെടുത്താനും നടപടികൾ സ്വീകരിച്ചു. ഒരു സാഹിത്യസൃഷ്ടി നടത്തിയതിന് ജന്മനാട്ടിൽ നിന്ന് ജീവനും കൊണ്ട് തസ്ലീമ നാടുവിട്ടു. അവർ പല പാശ്ചാത്യ രാജ്യങ്ങളിലും ചിലപ്പോൾ ഇന്ത്യയിലും അഭയം പ്രാപിച്ചു. ഈ പാലായനത്തിനിടയിലും തസ്ലിമ നിരവധി കൃതികൾ എഴുതി പൂർത്തിയാക്കി. തസ്ലിമയ്ക്കെതിരെയുള്ള മതമൗലികവാദികളുടെ കൊലവിളി നിലച്ചിട്ടില്ല.


'മിഡ്നൈറ്റ് ചിൽഡ്രൻസ്' എന്ന വിശ്വവിഖ്യാതമായ നോവലെഴുതിയ സൽമാൻ റുഷ്ദിക്കും തസ്ലീമയുടെ അനുഭവങ്ങൾ നേരിടേണ്ടി വന്നു. പല രാജ്യങ്ങളും ഒത്തുചേർന്ന് സൽമൻ റുഷ്ദിയെ വേട്ടയാടിപ്പിടിച്ച് കൊലചെയ്യാൻ തീരുമാനിച്ചു. തന്റെ തലക്ക് ഗണ്യമായ വില പ്രഖ്യാപിച്ചുകൊണ്ടുള്ള തിരച്ചിൽ തുടരുമ്പോഴും അക്ഷോഭ്യനായി ലോക സാഹിത്യ രംഗത്ത് അനശ്വരമായി നിലനിൽക്കുന്ന നിരവധി നോവലുകളുടെ രചനയിലാണ് റുഷ്ദി.

തങ്ങളുടെ സാഹിത്യ സൃഷ്ടിയിലൂടെ മാനവരാശിയുടെ സാംസ്കാരിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകുന്ന തസ്ലീമയെയും സൽമൻ റുഷ്ദിയെയും എന്തിനാണ് വേട്ടയാടുന്നത്. ഈ ചോദ്യത്തിന് ഉത്തരം തേടുമ്പോൾ ഇന്ത്യയിലും സമാന സംഭവങ്ങൾ അരങ്ങേറുകയാണ്. പാക്കിസ്ഥാൻ ക്രിക്കറ്റ് ടീം ഇന്ത്യയിൽ കളിക്കാൻ പാടില്ല. ലോക പ്രസിദ്ധനായ ഹുസൈൻ എന്ന കാർട്ടൂണിസ്റ്റ് കാർട്ടൂൺ രചന അവസാനിപ്പിക്കണം. പാക്കിസ്ഥാനിൽ മാറിപോവുക, ഹുസൈന്റെ കാർട്ടൂൺ ചിത്രഗാലറി തീയിട്ടുകൊണ്ട് ബോംബെയിൽ അരങ്ങേറിയ ഈ ലജ്ജാകരമായ സംഭവങ്ങൾക്ക് നാമെല്ലാം സാക്ഷികളാണ്. ഇവിടെ കായികരംഗത്തും സാംസ്കാരിക രംഗത്തും ഫാസിസ്റ്റ് അധിനിവേശത്തിന്റെ തുടക്കം കുറിച്ചിരിക്കുന്നു, ഫാസിസത്തിന്റെ പ്രയാണം നമ്മുടെ പ്രാചീനമായ സംസ്കാര രംഗത്തും കടന്നുകയറിയതിന്റെ ഏറ്റവും ഒടുവിലത്തെ സംഭവമാണ് പെരുമാൾ മുരുകന്റെ സംഭവം. 'പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ മരിച്ചു കഴിഞ്ഞു. ഇനി ഞാൻ ഒരു പാവം അധ്യാപകൻ മാത്രം. പെരുമാൾ മുരുകൻ എന്ന അധ്യാപകനെ ജീവിക്കാനനുവദിക്കൂ'. പെരുമാൾ മുരുകൻ തന്റെ ടിറ്ററിൽ രേഖപ്പെടുത്തികൊണ്ട് മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിച്ചിരിക്കുന്നു. സൽമാൻ റുഷ്ദിയും തസ്ലീമയും ചേക്കേറാൻ ഇടമില്ലാത്ത പറവകളായി മാറി. അക്കൂട്ടത്തിൽ പെരുമാൾ മുരുകനും ചേക്കേറാനിടം തേടുകയാണ്.

പെരുമാൾ മുരുകന്റെ സംഭവത്തിൽ നമ്മുടെ രാജ്യം മൗനത്തിലാണ്. പാരീസിലെ ഒരു പത്രം 'അല്ലാഹുവിന്റെ' ഒരു കാർട്ടൂൺ പ്രസിദ്ധീകരിച്ചതിനെതിരെ തീവ്രവാദികൾ നടത്തിയ കൂട്ടക്കുരുതിയെ അപലപിച്ചുകൊണ്ട് നമ്മുടെ പ്രധാനമന്ത്രി തന്റെ ടിറ്ററിൽ ഉടനടി പ്രതികരിച്ചു. അതും വാചാലമായി. എന്നാൽ അദ്ദേഹത്തിന്റെ രാജ്യത്ത് ഒരു പാവപ്പെട്ട എഴുത്തുകാരൻ പിടയുന്ന ദാരുണമായ കാഴ്ച കാണുന്നില്ല. അപലപിക്കുന്നില്ല.

തമിഴ്നാടിന്റെ ആദരവ് പിടിച്ചുപറ്റിയ അനുഗ്രഹീതനായ പണ്ഡിതനും എഴുത്തുകാരനും ചരിത്രഗവേഷകനും മാതൃകാ അധ്യാപകനുമായ പെരുമാൾ മുരുകൻ സ്വയം ചരമം പ്രഖ്യാപിക്കാനും ഗത്യന്തരമില്ലാതെ നാടുവിട്ടുപോകുവാനും ഒരുങ്ങുന്നു. ഇതൊന്നും അറിയാത്ത ഭാവത്തിൽ പ്രധാനമന്ത്രിയും കൂട്ടരും പാരീസിലെ കൂട്ടക്കൊലയെ അപലപിക്കുന്നു.

പ്രധാനമന്ത്രിയുടെ ഉരുക്ക് പോലുള്ള മൗനം മറ്റൊന്നും കൊണ്ടല്ല. തെരെഞ്ഞെടുപ്പിലെ വോട്ട് ബാങ്ക് മാത്രമാണ് പ്രധാനമന്ത്രിയുടെ പ്രശ്നം. ജാതി രാഷ്ട്രീയത്തിലൂടെ



അധികാരം പിടിച്ചെടുത്ത മോദിക്ക് പിടികിട്ടാതെ വഴുതി മാറിനിൽക്കുന്ന തമിഴ്നാട്ടിലെ ഗതി എന്തായാലും മോദിക്ക് താൽപ്പര്യമില്ല. പ്രധാനമന്ത്രി മോദിക്ക് പകരം മോദിയുടെ പാർട്ടിക്ക് പെരുമാൾ മുരുകന്റെ അനുഭവത്തിൽ പ്രതികരിക്കാമെന്ന് ആരും കരുതേണ്ടതില്ല. കാരണം നരേന്ദ്രമോദി പാർട്ടി അധികാരം കയ്യടക്കിയതും അതേ വഴിയിലാണ്.

പ്രധാനമന്ത്രി തന്റെ ടിറ്ററിൽ താമസിക്കാതെ 'ബി.ജെ.പി. എന്ന പാർട്ടി മരിച്ചു. ഇനി ബി.ജെ.പി. എന്നാൽ നരേന്ദ്രമോദി മാത്രമാണ്' ഇപ്രകാരം കുറിച്ചിട്ടാലും അത്ഭുതപ്പെടേണ്ടതില്ല. ഒരു എഴുത്തുകാരൻ 35 വിലപ്പെട്ട പുസ്തകങ്ങൾ എഴുതി പൂർത്തിയാക്കിയിട്ടാണ് അദ്ദേഹം തന്നിലെ എഴുത്തുകാരന്റെ ആത്മഹത്യ പ്രഖ്യാപിച്ചിരിക്കുന്നത്. പെരുമാൾ മുരുകൻ നേരിടുന്ന പീഡനങ്ങൾ ഇന്ത്യയിൽ ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കാൻ പോവുകയാണ്. മതങ്ങൾ സൃഷ്ടിക്കുന്ന അന്ധമായ വൈകൃതങ്ങളെ തുറന്ന് കാണിച്ച് മനുഷ്യസമൂഹത്തെ യാഥാർത്ഥ്യത്തിലേക്ക് നയിക്കുന്ന എഴുത്തുകാരെ കശാപ്പുചെയ്യുകയെന്നത് പ്രാകൃതമായ ശിലായുഗ ചിന്തകളാണ്. ഈ വിഷയത്തിൽ മുഖ്യധാരാ രാഷ്ട്രീയക്കാരും മൗനത്തിലാണ്. നരേന്ദ്രമോദിയാകട്ടെ അദ്ദേഹം പാരീസിലെയും പെഷവാറിലേയും കൂട്ടക്കുരുതിക്കെതിരെ ശബ്ദിക്കുന്നു. ഭാരതത്തിന്റെ സാംസ്കാരിക രംഗം നേരിടാൻ പോകുന്ന ഗുരുതരമായ സംഭവങ്ങളുടെ വഴിമരുന്നിടുകയാണ് പെരുമാൾ മുരുകൻ സംഭവം.

2010 ൽ പ്രസിദ്ധീകരിച്ച 'മാതൊരുപാഗൻ' എന്ന തമിഴ് നോവലിന്റെ ഇംഗ്ലീഷ് പതിപ്പ് പുറത്ത് വന്നതോടെയാണ് പെരുമാൾ മുരുകനെതിരെയുള്ള ആക്രമണം ആരംഭിച്ചത് (One Part Woman).

തമിഴ്നാട്ടിലെ പടിഞ്ഞാറൻ ജില്ലകളിൽ ഒരു പ്രദേശത്തിന്റെ പ്രത്യേക ജനവിഭാഗത്തിന്റെ വിശ്വാസത്തെ വ്രണപ്പെടുത്തി എന്നാരോപിച്ചുകൊണ്ട് ഒരാഴ്ചക്കാലം നിരന്തരമായി മുരുകനെ ആക്രമിച്ചു. 'പെരുമാൾ മുരുകൻ' എന്ന എഴുത്തുകാരൻ ഒറ്റപ്പെട്ടെന്ന് അയാൾക്ക് തോന്നി. അതിന്റെ ഫലമായിട്ടാണ് തന്റെ ടിറ്ററിൽ മുരുകൻ കുറിച്ചിട്ടത്. 'പെരുമാൾ എന്ന എഴുത്തുകാരൻ മരിച്ചു.'

കഴിഞ്ഞ അരനൂറ്റാണ്ട് കാലമായി ഒരു പ്രത്യേക വിഭാഗത്തിനിടയിൽ നിലനിന്നുപോന്ന ഒരു അന്ധവിശ്വാസത്തെ തന്റെ നോവലിൽ പ്രതിപാദിച്ചതാണ് പെരുമാൾ മുരുകന്റെ നേർക്കുള്ള കുറ്റാരോപണം. മുരുകന്റെ സ്വന്തം ഗ്രാമീണരെ വികാരം കൊള്ളിച്ചുകൊണ്ട് അവരെ മുരുകനെന്ന മഹാപാപിക്കെതിരെ ഇളക്കിവിട്ടത് ആർ.എസ്.എസ്, വിശ്വഹിന്ദു പരിഷത്തുകാരായിരുന്നു. ഗ്രാമങ്ങൾ സമരത്തിൽ മുങ്ങി. ഭരണാധികാരികൾ മൗനം ദീക്ഷിച്ചു.

തിരുച്ചംകോട് ശിവക്ഷേത്രത്തിൽ നിലനിന്നിരുന്ന പ്രാകൃതമായ ആചാരമായിരുന്നു ആ ക്ഷേത്രത്തിലെ ഉത്സവനാളുകളിൽ അരങ്ങേറുന്നത്. സന്താനമില്ലാത്ത സ്ത്രീകൾ പ്രസ്തുത ഉത്സവദിവസം ക്ഷേത്രത്തിലെത്തി അവിടെയുള്ള പുരുഷന്മാരുമായി ഇണചേർന്നാൽ സന്താനലബ്ധി ഉറപ്പായിരുന്നു. ഈ കാടത്തം പ്രസ്തുത ശിവക്ഷേത്രത്തിലെ ഉത്സവ ചടങ്ങുകളിൽ പ്രധാനപ്പെട്ട ഇനമായിരുന്നു. ധാരാളം പേർ ഈ പരിപാടികളുടെ ഇരകളായി. ഈ അനുഷ്ഠാനത്തിന്റെ സാംസ്കാരിക പശ്ചാത്തലം മുരുകൻ തന്റെ നോവലായ 'മാതൊരുപാഗൻ'ൽ വിവരിക്കുന്നു.

ഈ നോവലിനെ 'One Part Woman' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചതോടെ നോവൽ വൻ പ്രശസ്തി നേടി. ഇതോടെ പെരുമാൾ മുരുകനെ സവർണ്ണ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ വേട്ടയാടാൻ തുടങ്ങി.

മുരുകൻ യുവാവായിരുന്ന കാലം മുതൽ ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്നു. ഇപ്പോഴും ആ വഴിയിൽ നിന്ന് വേർതിരിയാതെ യാത്ര തുടരുകയാണ്. തന്റെ ഗ്രാമത്തിലെ ജനങ്ങളുടെ ഇടയിൽ വേരോടി നിന്ന ചില അന്ധവിശ്വാസങ്ങളുടെ വൈകൃതങ്ങളെക്കുറിച്ച്, അതിന്റെ സാമൂഹ്യ പശ്ചാത്തലത്തെക്കുറിച്ച് മുരുകൻ യുക്തിഭദ്രതയോടെ നോവലിൽ പ്രസിദ്ധീകരിച്ചു. മുരുകന്റെ മറ്റൊരു പ്രശസ്ത നോവൽ 2013 ൽ പ്രസിദ്ധീകരിച്ചിരുന്നു. 'പൂക്കുഴി' എന്ന പേരിലാണ് ആ നോവൽ പുറത്തുവന്നത്. ധർമ്മപുരിയിലെ ഒരു ദളിത യുവാവ് ഒരു ബ്രാഹ്മണ പെൺകുട്ടിയെ പ്രേമിച്ച് വിവാഹം കഴിക്കുന്നു. ഉന്നതകുലജാതിയിൽപ്പെട്ടവർ നിരന്തരം പീഡിപ്പിച്ചതിന്റെ ഫലമായി ദളിത് യുവാവ് കൊല്ലപ്പെടുന്നതാണ്, മുരുകന്റെ ഏഴാമത്തെ നോവലായ പൂക്കുഴി. ഈ കൃതി സമൂഹത്തിൽ ഒച്ചപ്പാടുണ്ടാക്കി.

തന്റെ നാട്ടിൽ ജാതി സ്പർദ്ധയാൽ കൊല്ലപ്പെട്ട ആദ്യത്തെ വ്യക്തി, അതിന് കൂട്ടുനിന്നവർ തുടങ്ങിയ നിരവധി ഞെട്ടിപ്പിക്കുന്ന വസ്തുതകൾ, മറ്റൊരു ലേഖനത്തിലൂടെ മുരുകൻ പ്രസിദ്ധീകരിച്ചു. ഈ രേഖ തമിഴ്നാട്ടിലെ ജാതികോമരങ്ങളെ വിറളി പിടിപ്പിച്ചു. ഒട്ടേറെ വിവാദങ്ങളും ഉയർന്നുവന്നു.

പെരുമാൾ മുരുകന്റെ 35-ൽപ്പരം കൃതികളിലും നിറഞ്ഞ് തുളുമ്പിയത് തന്റെ മനസ്സിനെ വേദനിപ്പിച്ച നീചമായ ജാതിവിവേചനവും പ്രത്യേകിച്ച് ദളിതവിഭാഗങ്ങളോടുള്ള സവർണ്ണരുടെ കാടത്തവുമായിരുന്നു. കുടുമ മുറിച്ച് ബ്രാഹ്മണ്യത്തിനെതിരെ പടപൊരുതിയ ഇ.വി.ആർ എന്ന മഹാന്റെ തമിഴ്നാട്ടിൽ ഇ.വി.ആറിന്റെ ശിഷ്യനുമായ പണ്ഡിതനും എഴുത്തുകാരനും ഡി.എം.കെ യുടെ സ്ഥാപകനുമായിരുന്ന അണ്ണാദുരൈ ജീവിച്ച തമിഴകത്ത് പരാശക്തി എന്ന സിനിമയിലൂടെ ദൈവങ്ങളെ വെല്ലുവിളിച്ച കരുണാനിധിയുടെ കൺമുമ്പിൽ ദളിതരുടെ പ്രാകൃതമായ അന്ധവിശ്വാസത്തിന്റെ വൈകൃതങ്ങളെ തന്റെ നോവലിൽ ചിത്രീകരിച്ചുവെന്ന ഒറ്റക്കാരണത്താൽ ആ എഴുത്തുകാരൻ വേട്ടയാടപ്പെടുന്നു. അവനിലെ എഴുത്തുകാരൻ ആത്മഹത്യ ചെയ്യുന്നു. എന്നിട്ടും കേന്ദ്രത്തിലെ നരേന്ദ്രമോദി മാത്രമല്ല, തമിഴ്നാടിന്റെ നേതാവായ കരുണാനിധിയും മൗനത്തിന്റെ വാത്മീകത്തിൽ ഇടംതേടുന്നു. പെരുമാൾ മുരുകന്റെ മുന്നിൽ ഉയരുന്ന കാർമേഘപടലങ്ങൾ സാഹിത്യലോകത്തെ അമ്പരപ്പിക്കുന്നു. ❍

## വി.കെ. ഇബ്രാഹിംകുഞ്ഞ്



11, 12, 13 കേരള നിയമസഭകളിൽ അംഗം. 2005-2006 കാലയളവിൽ വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയായിരുന്നു. 2011 മുതൽ പൊതുമരാമത്ത് വകുപ്പു മന്ത്രി.

# വികസന വിജയത്തിൽ പങ്കാളിയാകുമ്പോൾ

സഫലമായ മൂന്നര വർഷങ്ങൾ കഴിയുകയാണ്. ചാരിതാർത്ഥ്യമുണ്ട്, കേരളത്തിന്റെ വികസനത്തിൽ പങ്കാളിയാകുവാൻ കഴിഞ്ഞതിൽ. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ ഊന്നിയ പ്രവർത്തനങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. അതിന്റെ മാറ്റങ്ങൾ ജനങ്ങൾ അറിഞ്ഞു കഴിഞ്ഞു.

ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ കേരളത്തിലെ റോഡുകളുടെ അവസ്ഥയെന്തായിരുന്നുവെന്ന് ഓർക്കുന്നുണ്ടാവുമല്ലോ.

തകർന്ന റോഡുകൾ സംസ്ഥാനത്തിന്റെ മുഖമുദ്രയായിരുന്നു. ആ ഒരു കാലത്തു നിന്ന് ഇന്നത്തെ അവസ്ഥയിലേക്ക് റോഡുകളെ എത്തിക്കാൻ പ്രയത്നിച്ചവർ ഒരുപാടുണ്ട്. വിമർശന ശരങ്ങളുമായി നിന്ന മാധ്യമങ്ങളും കോടതിയും ഇന്ന് പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുന്നുവെങ്കിൽ അതിന് പിന്നിൽ കഠിന പ്രയത്നമുണ്ട്. കൃത്യമായ ആസൂത്രണവും കൃത്യതയോടെയുള്ള പദ്ധതി നടപ്പാക്കലുമാണ് റോഡുകളുടെ ശാപമോക്ഷത്തിന് കാരണമായത്. പൊതുമരാമത്ത് റോഡുകൾ മാത്രമല്ല കോർപ്പറേഷനുകൾക്ക് കീഴിലുള്ള, ശോചനീയാവസ്ഥയിലായിരുന്ന റോഡുകളും ആയിരക്കണക്കിന് ഗ്രാമീണ റോഡുകളുമാണ് കണ്ണഞ്ചുന്ന വേഗത്തിൽ മിനുക്കാനായത്. ഒപ്പം പുതുതായി അനുമതി നൽകിയ റോഡുകളും പാലങ്ങളും സമയത്തിനുള്ളിൽ പൂർത്തിയാക്കി.



അടിസ്ഥാന സൗകര്യ വികസനത്തിൽ ഊന്നിയുള്ള വികസന കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. ഉമ്മൻ ചാണ്ടി സർക്കാർ അത് പൊതുമരാമത്ത് വകുപ്പിനെ വിശ്വസിച്ച് ഏൽപ്പിച്ചു. ആ വലിയ ഉത്തരവാദിത്വം കൃത്യതയോടെ നിർവ്വഹിക്കുവാൻ കഴിഞ്ഞു.

ആസൂത്രണ വകുപ്പു നടത്തിയ അവലോകനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മുന്നിലെത്താൻ ഇതു തന്നെയാണ് കാരണം. കഴിഞ്ഞ വർഷങ്ങളിലെ പദ്ധതി ചെലവ്, വിഹിതത്തേക്കാൾ 300 ശതമാനത്തോളമാണ്. ധനമന്ത്രിയും ധനവകുപ്പും നൽകിയ അകമഴിഞ്ഞ പിന്തുണകൊണ്ടു മാത്രമാണ് ഇത്തരത്തിലൊരു മികച്ച പ്രകടനം കാഴ്ച വെക്കാൻ കഴിഞ്ഞത്. നാടിന്റെ വികസനത്തിന് ഈ സർക്കാർ എത്രമാത്രം പ്രതിജ്ഞാബദ്ധമാണ് എന്നതിനുള്ള തെളിവു കൂടിയാണ് പദ്ധതി ചെലവിന്റെ ഈ ഉയർച്ച.

ആരോപണങ്ങളില്ലാതെ പദ്ധതികൾ നടപ്പാക്കാൻ പ്രയാസപ്പെടുന്ന ഈ കാലത്ത് പൊതുമരാമത്ത് വകുപ്പിന് അത് എങ്ങനെ കഴിഞ്ഞുവെന്നതിന് ഉത്തരം ലളിതമാണ്. മറ്റ് വകുപ്പുകളുടെ അകമഴിഞ്ഞ പിന്തുണ, ഉദ്യോഗസ്ഥരുടെ സഹകരണവും, കഠിനാദ്ധ്വാനവും, മുഖ്യമന്ത്രിയുടെ വികസന കാഴ്ചപ്പാടും. ഇങ്ങനെ കിട്ടിയ പിന്തുണയോടെ കേരളത്തിന്റെ മുഖച്ഛായ മാറ്റുന്നതിനുള്ള പദ്ധതികൾ-ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളും-ആണ് ദീർഘ വീക്ഷണത്തോടെ നടപ്പാക്കുന്നത്. അതിനായി വ്യക്തമായ ദിശാബോധത്തോടെ പദ്ധതികൾ വിഭാവനം ചെയ്യുകയും അവയുടെ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുകയും ചെയ്തുവെന്നതാണ് ഈ മൂന്നര വർഷത്തെ ഏറ്റവും വലിയ നേട്ടം.

പൊതുമരാമത്ത് മാന്വൽ പരിഷ്ക്കരിക്കുകയെന്ന വിപ്ലവകരമായ തീരുമാനമെടുക്കാൻ കഴിഞ്ഞത് ഈ അവസരത്തിൽ ഓർക്കാവുന്നതാണ്. 1972-ൽ രൂപം നൽകിയ മാന്വൽ 40 വർഷത്തിനുശേഷം കാലത്തിനനുസരിച്ച് പുതുക്കിയത് ആധുനികവും നവീനവുമായ കാഴ്ചപ്പാടോടെയാണ്. സാങ്കേതികവും ഭരണപരവുമായ പ്രവർത്തനങ്ങളുടെ മികവ്, നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവ പുതുക്കിയ മാന്വലിന്റെ ആധാരശിലകളാണ്.

വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഗതിവേഗം കൂട്ടുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും ഇതുമൂലം തുടക്കം കുറിക്കാൻ കഴിഞ്ഞുവെന്ന് നിസ്സംശയം പറയാം.

കെ.എസ്.ടി.പി. രണ്ടാംഘട്ടത്തെക്കുറിച്ച് ആരും ചിന്തിച്ചിരുന്നതേയില്ല രണ്ടു വർഷം മുമ്പു വരെ. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിന്റെ ദുരനുഭവങ്ങൾ പലരേയും അതിൽ നിന്ന് പിന്തിരിപ്പിച്ചു. നഷ്ടപ്പെട്ടുവെന്ന് കരുതിയിരുന്ന അവസ്ഥയിൽ നിന്നാണ് നാം ആ പദ്ധതി വീണ്ടെടുത്തത്. 2403 കോടി രൂപ ചെലവ് വരുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് 1166 കോടി രൂപ ധനസഹായം നൽകാൻ ലോക ബാങ്ക് തയ്യാറായി. കരാർ ഒപ്പിട്ടു. ടെണ്ടർ നടപടികൾ പൂർത്തിയായ പദ്ധതി, നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തെ 367 കി. മീറ്റർ വരുന്ന 8 റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിനൊത്തുയർത്തുന്ന ഈ പദ്ധതിക്ക് ഒപ്പം തന്നെ 1000 കി. മീറ്റർ റോഡുകൾ കൂടി ഹെവി മെയിന്റനൻസ് നടത്താനും ഉദ്ദേശിക്കുകയാണ്. സംസ്ഥാനത്തെ റോഡു വികസന ചരിത്രത്തിൽ നാഴികകല്ലായിരിക്കും കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടം.

അടിസ്ഥാന സൗകര്യ വികസനത്തിന് പുതുവഴികൾ തേടുന്നതിന്റെ ഉത്തമോദാഹരമാണ് ലൈറ്റ് മെട്രോ പദ്ധതി. കോഴിക്കോടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ നിലവിൽ വരുമ്പോൾ നഗരഗതാഗതം സുഗമമാവുകയും, ഈ നഗരങ്ങൾക്ക് ആധുനികതയുടെ മറ്റൊരു മുഖം ലഭിക്കുകയുമാണ്.

കേരളത്തിലെ റോഡുകളുടെ നിർമ്മാണം ഇന്നത്തെ ഗതാഗത ആവശ്യങ്ങൾക്ക് ഉതകുന്നതരത്തിലുള്ളതല്ലെന്ന തിരിച്ചറിവിന്റെ ഫലമായി രൂപം കൊണ്ടതാണ് സംസ്ഥാന റോഡ് വികസന പദ്ധതി. കേരളത്തിലെ തിരഞ്ഞെടുത്ത 1204 കി. മീറ്റർ റോഡുകളാണ് 5100 കോടി രൂപ മുതൽ മുടക്കിൽ ഇത്തരത്തിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന റോഡുകളും ജില്ലകളിലെ പ്രധാന റോഡുകളും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തപ്പെടുകയാണ് ഈ പദ്ധതിയിലൂടെ. ഇതിൽ 551 കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നത് ആന്വിറ്റി സ്കീമിൽ ഉൾപ്പെടുത്തിയാണ്.

നഗരഗതാഗതം എത്ര സുഗമമാക്കാം എന്നതിന് നമ്മുടെ മുന്നിലുള്ള ഉദാഹരണമാണ് തിരുവനന്തപുരം നഗരം റോഡുകൾ. വീതിയേറിയ പാതകൾ, ഒപ്പം നടപ്പാതകൾ, പാർക്കിംഗ് സ്ഥലങ്ങൾ, ഫ്ളൈ ഓവറുകൾ-ഇതാണ് തിരുവനന്തപുരം റോഡ് വികസന പദ്ധതി.

ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ നഗര റോഡ് വികസന പദ്ധതി കോഴിക്കോട്ടേക്കും കൊച്ചിയിലേക്കും വ്യാപിപ്പിച്ചു കഴിഞ്ഞു. കോഴിക്കോട്, ഒന്നാംഘട്ടം സ്ഥലമെടുക്കൽ പൂർത്തിയായി. വിജയകരമെന്ന് കണ്ട ഈ മോഡൽ മറ്റ് നഗരങ്ങളിൽ കൂടി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം നഗരങ്ങൾക്ക് ഇനി ഒരു ആധുനിക നഗരത്തിന്റെ മുഖച്ഛായ കിട്ടാൻ അധികം നാളുകൾ കാത്തിരിക്കേണ്ടി വരില്ല.

നഗരങ്ങളിലും പ്രധാന റോഡുകളിലും മാത്രമല്ല വികസനമുണ്ടാവേണ്ടത് എന്ന തിരിച്ചറിയൽ നമ്മുടെ സർക്കാരിനുണ്ട്. സമഗ്ര വികസനം മുന്നിൽ കണ്ടാണ് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലെ റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളായി ഉയർത്താൻ നാം തീരുമാനമെടുത്തത്. കേരള ചരിത്രത്തിൽ ഇത്തരമൊരു ശ്രമം ആദ്യമായാണ്. 8570 കി.മീ റോഡുകളാണ് ഉന്നത നിലവാരത്തിൽ പുനർനിർമ്മിക്കുന്നത്. ഈ പദ്ധതിയുടെ പ്രാഥമിക പഠനം ലോക ബാങ്ക് സഹായത്തോടെ നടന്നു. ഇതിനു പുറമേ ആയിരക്കണക്കിന് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നന്നാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയത് റോഡ് വികസനത്തിൽ സർക്കാർ എത്രമാത്രം പ്രതിജ്ഞാബദ്ധമാണ് എന്നതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ കഴിയും.

സമഗ്ര വികസനം ലക്ഷ്യമിട്ട് തയ്യാറാക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട മറ്റൊന്നാണ് തീരദേശ ഇടനാഴി. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ മുതൽ പൊന്നാനി വഴി കോഴിക്കോട് വരെ നീളുന്ന തീരദേശ ഇടനാഴി റോഡ്

വികസന ചരിത്രത്തിലെ ഒരു സുവർണ്ണ മുദ്രയായിരിക്കും. 2000 കോടി ചെലവു വരുന്ന ഈ ഇടനാഴിക്ക് ടൂറിസ-പ്രതിരോധ പ്രാധാന്യം കൂടിയുണ്ട്. ആദ്യഘട്ടം പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു.

സീപോർട്ട്-എയർപോർട്ട് റോഡാണ് മറ്റൊരുദാഹരണം. ഈ റോഡിന്റെ രണ്ടാം ഘട്ടം നിർത്തിവച്ചതായിരുന്നു. നിർജ്ജീവാവസ്ഥയിൽ നിന്നും ഈ റോഡിനെ പുനരുജ്ജീവിപ്പിക്കാൻ പണികൾ തുടങ്ങി. നെടുമ്പാശ്ശേരി വരെ നീളുന്ന രണ്ടാം ഘട്ടത്തിനൊപ്പം ആദ്യഘട്ടം നാലുവരിയാക്കാനുള്ള പണികളും തുടങ്ങി. 883 കോടി രൂപ മുടക്കിയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

റോഡ് നിർമ്മാണത്തിന് ആധുനികമായ രീതികൾ ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത വകുപ്പിലെ സജീവ ചർച്ചയായിരുന്നു. അങ്ങനെയാണ് കോൺക്രീറ്റ് റോഡുകൾ എന്ന ആശയം സജീവമായത്. ഇതിന്റെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർക്കൊപ്പം ഞാനും മുംബൈ നഗരത്തിൽ നടപ്പാക്കി വരുന്ന കോൺക്രീറ്റ് റോഡ് നിർമ്മാണം പഠിക്കാൻ പോയിരുന്നു. വളരെ ഗുണപ്രദമാണെന്നു കണ്ട ഈ നിർമ്മാണ രീതി നമ്മുടെ സംസ്ഥാനത്തും തുടങ്ങുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ കളമശ്ശേരി മുതൽ മണലിമുക്ക് വരെയുള്ള അഞ്ചര കി.മീ. കോൺക്രീറ്റാക്കുകയാണ്. ഈ നിർമ്മാണ രീതി മറ്റിടങ്ങളിലേക്കും ഇനി വ്യാപിപ്പിക്കണം.

ബൈപ്പാസുകൾക്കും ഏറെ പ്രാധാന്യം കൊടുക്കുന്ന സർക്കാരാണിത്. നഗരത്തിൽ പ്രവേശനം ആവശ്യമില്ലാത്ത വാഹനത്തിന് നഗരത്തിനു പുറത്തു കൂടി പാതയൊരുക്കുക എന്ന ലക്ഷ്യത്തോടെ നിരവധി ബൈപ്പാസുകളുടെ പദ്ധതികൾ മുൻകാലങ്ങളിൽ വിഭാവനം ചെയ്തിരുന്നു. എന്നാൽ അവയിൽ പലതും മുടങ്ങിക്കിടക്കുകയാണ്. ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തിയാക്കുക നമ്മുടെ ലക്ഷ്യമാണ്.

കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ തുല്യമായി ഉപയോഗിച്ച് ബൈപ്പാസുകൾ നിർമ്മിക്കാൻ നാം തയ്യാറായി. കൊല്ലം ബൈപ്പാസിന് 253 കോടിയും ആലപ്പുഴ ബൈപ്പാസിന് 195 കോടിയും ചെലവ് പ്രതീക്ഷിക്കുന്നു. ഉടൻ പണിതുടങ്ങാൻ പോകുന്ന ഇവയ്ക്കൊപ്പം കോഴിക്കോട്, മാഹി-തലശ്ശേരി, സുൽത്താൻ ബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി ബൈപ്പാസുകളും ഈ മാതൃകയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. നേടിയെടുക്കാൻ കഴിഞ്ഞ മറ്റൊരു വിജയമാണ് കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള തിരുവനന്തപുരം ബൈപ്പാസ്.

ഒരു പ്രത്യേക പാക്കേജായി ഇത് നടപ്പാക്കാൻ ദേശീയപാത അതോറിറ്റി അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളും തുടങ്ങി. എല്ലാ പതിവുകളും തെറ്റിച്ച് മണ്ഡലക്കാലത്തിന് മുമ്പായി ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞ മൂന്നര വർഷവും പൂർത്തിയാക്കാൻ കഴിഞ്ഞത് പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങളുടെ പാതയിലെ മറ്റൊരു നാഴികക്കല്ലാണ്.

ഇതിനൊപ്പം ഹെവിമെയിന്റനൻസ് പണികളും 59.46 കോടി രൂപ ചെലവിൽ പൂർത്തിയായി. 11 കോടി രൂപയുടെ പിൽഗ്രിം സെന്റർ റാന്നിയിലും 11 റോഡുകളുടെ ഹെവി മെയിന്റനൻസും വരുന്നതോടെ അയ്യപ്പൻമാരുടെ താമസ-യാത്രാ ക്ലേശങ്ങൾക്ക് പരിഹാരമാവുകയാണ്.

റോഡുകളും പാലങ്ങളും കെട്ടിടങ്ങളും നിർമ്മിച്ച് നാം മുന്നേറിയപ്പോൾ മറ്റൊരു വശത്ത് ഈ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള സമഗ്ര പദ്ധതി ഒരുങ്ങുകയാണ്.

സംസ്ഥാനത്ത് ആദ്യമായി ഇ-ടെണ്ടറിംഗും, ഇ-പേയ്മെന്റും നടപ്പാക്കിയ വകുപ്പായിമാറാൻ പൊതുമരാമത്തിനു കഴിഞ്ഞു. ഏറെ ആരോപണങ്ങളുള്ള ടെണ്ടറിംഗ് രീതി സുതാര്യവും കാര്യക്ഷമവുമാക്കാൻ കഴിഞ്ഞത് എടുത്തു പറയത്തക്ക നേട്ടങ്ങളിലൊന്നാണ്.

ഇപ്പോൾ കരാറുകാർ ഒത്തു ചേർന്ന് മത്സരമില്ലാതെ ടെണ്ടറുകൾ സമർപ്പിക്കുന്ന രീതിയില്ല. അഴിമതിരഹിതമായ ഇ-ടെണ്ടറിംഗ് ഏറെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. 25 ലക്ഷത്തിലധികം അടങ്കൽ തുക വരുന്ന എല്ലാ ടെണ്ടറുകളും ഈ സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് വഴിയാണ്. ഇതിനൊപ്പം തന്നെ ഇ-പേയ്മെന്റും നടപ്പാക്കി. ഇപ്പോൾ കരാറുകാരൻ പൊതുമരാമത്ത് ഓഫീസ് കയറിയിറങ്ങേണ്ട അവസ്ഥയില്ല. ബിൽ തുക അവരുടെ അക്കൗണ്ടിലെത്തും.

പാരിസ്ഥിതിക പ്രശ്നങ്ങൾ കേരളത്തിലും സജീവമായ ചർച്ചയാണിന്ന്. പൊതുമരാമത്തിന് ഇതിലെന്ത് കാര്യമെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. എന്നാൽ കെട്ടിട നിർമ്മാണം, പരിസ്ഥിതിയും ഊർജ്ജവുമായി അടുത്ത ബന്ധമുള്ള ഒരു മേഖലയാണ്.

നിർമ്മാണ രംഗത്ത് പാരിസ്ഥിതിക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടേയും പ്രകൃതിജന്യ നിർമ്മാണ സാമഗ്രികളുടെയും ലഭ്യത കുറവിനും വർദ്ധിച്ചു വരുന്ന ഊർജ്ജോപഭോഗത്തിന് പരിഹാരം കണ്ടെത്താനും ഹരിത നിർമ്മാണ നയം രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. ഭാവിയിൽ സർക്കാർ മേഖലയിലെ എല്ലാ കെട്ടിടങ്ങളുടേയും നിർമ്മാണം ഈ സാങ്കേതിക വിദ്യയിലൂന്നിയായിരിക്കും.

എല്ലാ സർക്കാർ മന്ദിരങ്ങളിലും സൗരോർജ്ജവും മഴവെള്ള സംഭരണവും ഉണ്ടാകും. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ നേര്യമംഗലത്തും തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലും ഹരിത നിർമ്മാണ വിദ്യയിലൂ





ന്നിയ കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കും.

സ്വകാര്യ മേഖലയിലെ കെട്ടിടങ്ങൾ കൂടി ഹരിത നിർമ്മാണ വഴിയിലേക്ക് വരണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. അതുകൊണ്ട് തന്നെ ഈ രീതിയിൽ നിർമ്മിക്കുന്ന സ്വകാര്യ കെട്ടിടങ്ങൾക്ക് നികുതിയിളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാനും ആലോചിക്കുന്നു.

അതുപോലെത്തന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ പൈതൃകം. തലമുറകളായി നമുക്ക് കൈമാറിവന്ന പലതും നാശത്തിന്റെ വക്കിലാണ്. ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ പലതും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. വാസ്തുശിൽപപരമായും ചരിത്രപരമായും സാമൂഹ്യപരമായുമൊക്കെ പ്രധാന്യമുള്ള നിരവധി പൈതൃക കെട്ടിടങ്ങൾ കേരളത്തിലുണ്ട്.

അവയിൽ പലതും ഉപയോഗിക്കുന്നുണ്ടെങ്കിലും മതിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നുവെന്ന് പറയാൻ കഴിയില്ല.

ഇതിനൊരു പരിഹാരം കണ്ടെത്താൻ പൊതുമരാമത്ത് വകുപ്പ് മുന്നിട്ടിറങ്ങി. ഇത്തരം കെട്ടിടങ്ങളും പഴമയുടെ ചാരുത നഷ്ടപ്പെടാതെ തനതായ വാസ്തുശിൽപ ശൈലിയിൽ സംരക്ഷിക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഇതിൽ തിരുവിതാംകൂർ മഹാരാജാവിന്റെ അധീനതയിലുണ്ടായിരുന്ന കുറ്റാലം കൊട്ടാരത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും സംരക്ഷണത്തിനുള്ള നടപടികൾ പൂർത്തിയായി. ഇത് കൂടാതെ ഫോർട്ട് കൊച്ചിയിലെ റെസ്റ്റ് ഹൗസ്, തൃശ്ശൂർ ടൗൺ ഹാൾ, കൊയിലാണ്ടി കോടതി കെട്ടിടം എന്നിവയിൽ സംരക്ഷണ ജോലികൾ നടന്നു വരുന്നു. ബാക്കിയുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ ജോലികൾ നിർവ്വഹിക്കാൻ പൈതൃക സംരക്ഷണ വിദഗ്ദ്ധരെ നിയമിച്ചു.

ഗതാഗത-യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ആധുനിക സൗകര്യങ്ങളുള്ള ടോയ്‌ലെറ്റുകളും നിലവാരം കൂടിയ ബസ് ഷെൽട്ടറുകളും നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി രണ്ട് കമ്പനികൾ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി.

പൊതുമരാമത്തിലെ സെക്ഷനുകൾ ഒന്നിലധികം നിയമസഭ മണ്ഡലങ്ങളിലേക്ക് വ്യാപിച്ചു കിടക്കുന്നത് മണ്ഡലത്തിനുള്ളിൽ ഫലവത്തായ വിധത്തിൽ പ്രവൃത്തികൾ നടത്തിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

വികസന കാഴ്ചപ്പാടുകൾ മാറിവരികയാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ മുന്നേറ്റം പരമാവധി ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ നാം പുറകിലാകും.

അന്യ രാജ്യങ്ങളിൽ നടക്കുന്ന പുരോഗതിയും പുതു സാങ്കേതിക വിദ്യയുടെ ഉപയോഗവും നാം അറിയേണ്ടതുണ്ട്. നമ്മുടെ നാടിനനുസരിച്ച് അവയെ എങ്ങനെ ഉപയോഗിക്കാം എന്ന് പഠിക്കേണ്ടതുണ്ട്. അതിന് മാധ്യമങ്ങളുടേയും പൊതു സമൂഹത്തിന്റെയും ഉദ്യോഗസ്ഥരുടെയും പിന്തുണ വേണം. ഈ ചിന്തയിൽ നിന്നാണ് ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസ് എന്ന ആശയം ഉരുത്തിരിഞ്ഞത്.

വികസന രംഗത്തെ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് വകുപ്പിലെ ഉദ്യോഗസ്ഥരിൽ അറിവ് സൃഷ്ടിക്കുന്നതിനായി അന്തർ ദേശീയ തലത്തിൽ പ്രശസ്തരായ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് കഴിഞ്ഞ രണ്ട് വർഷമായി നടത്തി വരുന്ന ഇൻഫ്രാസ്ട്രക്ച്ചർ കോൺഫറൻസിന് (ഐ.സി.) ഏറെ ശ്രദ്ധ പിടിച്ചു പറ്റാൻ കഴിഞ്ഞു. ഇതിന്റെ തുടർച്ചയായി കേരള പത്ര പ്രവർത്തന യൂണിയന്റെ സഹായത്തോടെ 'പെർസ്പക്ടീവ്' സെമിനാറും സംഘടിപ്പിച്ചു.

ഭാവിയിൽ പൊതുമരാമത്ത് വകുപ്പിന് മാർഗ്ഗരേഖയാവുന്ന ഈ കോൺഫറൻസുകളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥർക്ക് പുതു രീതികളിലേക്ക് ഉൾക്കാഴ്ച നൽകുന്നവയാണ്.

വികസനത്തിന്റെ ഒരു കുതിച്ചുചാട്ടത്തിന് നാം തുടക്കം കുറിച്ച് കഴിഞ്ഞു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഏറെ മുന്നേറാൻ നമുക്ക് സാധിച്ചു. ലോകമെങ്ങും നടക്കുന്ന വികസന പ്രക്രിയയിൽ നാം നമ്മുടെ പങ്ക് വലിയ തോതിൽ നിർവ്വഹിക്കുകയാണ്.

കേരള വികസനത്തെക്കുറിച്ച്, ഭാവിയിൽ പഠിക്കേണ്ടി വരുന്ന ഒരു വിദ്യാർത്ഥിക്കു നാം കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളും നടപ്പാക്കിയ പദ്ധതികളും അവഗണിക്കാൻ കഴിയാത്ത വിധത്തിൽ രേഖപ്പെടുത്തേണ്ടിവരും.

കേരളത്തിന്റെ ഈ സുവർണ കാലഘട്ടത്തിന് പങ്കാളിയാവാൻ കഴിഞ്ഞതിൽ അഭിമാനം തോന്നുന്നു. ❍

പ്രൊഫ. കെ. വി. തോമസ്.



11, 12 കേരള നിയമസഭകളിൽ അംഗം.
8, 9, 10, 15, 16 ലോക്സഭകളിൽ അംഗം.
സംസ്ഥാന ടൂറിസം, ഫിഷറീസ് വകുപ്പ് മന്ത്രി. (2001-2004)
2004 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെ
എക്സൈസും ഫിഷറീസും വകുപ്പു മന്ത്രി.
2009-2014 കാലയളവിൽ കേന്ദ്രസഹമന്ത്രി

# പറമ്പിത്തറ എന്ന ഗുണനാമം

**കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്കൂളിലെ ഗുരുനാഥനും രാഷ്ട്രീയ ജീവിതത്തിലെ വഴികാട്ടിയുമായ നിയമസഭ മുൻ സ്പീക്കർ അലക്സാണ്ടർ പറമ്പിത്തറ ആദർശ രാഷ്ട്രീയത്തിന്റെ മനുഷ്യരൂപമായിരുന്നു**

“ലളിതമായ ജീവിതവും നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനവും കൊണ്ട് ഏവർക്കും സമാരാധ്യനായിത്തീർന്ന പറമ്പിത്തറ മാസ്റ്റർ പൊതു ജീവിതത്തിൽ സത്യസന്ധതയുടേയും ആദർശ നിഷ്ഠയുടേയും ഉജ്ജ്വല പ്രതീകമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വേർപാട് നമ്മുടെ പൊതുജീവിതത്തിന് കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്”. 1989 ജൂൺ 12 തിങ്കളാഴ്ച രാവിലെ 8.30-ന് കേരള നിയമസഭയിൽ നടന്ന ചരമോപചാര പ്രസംഗത്തിൽ സ്പീക്കർ വർക്കല രാധാകൃഷ്ണൻ പറഞ്ഞു.

1961 ഡിസംബർ 13-ന് പറമ്പിത്തറ മാസ്റ്റർ നിയമസഭാ സ്പീക്കറായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഡപ്യൂട്ടി മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കർ നടത്തിയ അനുമോദന പ്രസംഗത്തിന്റെ പശ്ചാത്തലത്തിൽ വേണം സ്പീക്കർ വർക്കല രാധാകൃഷ്ണന്റെ അനുശോചന പ്രസംഗം വിലയിരുത്തൽ.

“സർ, അങ്ങ് ഈ സഭയിലെ ഏറ്റവും പഴക്കവും പരിചയമുള്ള ഒരു അംഗമാണ്.......... ഇത്രയും കാലംകൊണ്ട് അങ്ങ് സമ്പാദിച്ച പരിചയവും അങ്ങയുടെ സ്വാഭാവികമായ ഗുണവിശേഷങ്ങളും ഈ മഹനീയ പദവിയിൽ അങ്ങ് ഏറ്റവും നന്നായി ശോഭിക്കും എന്നതിന് മികച്ച ഉറപ്പുകളാണ്”. അനുമോദിച്ചു കൊണ്ട് ആർ. ശങ്കർ സഭയിൽ പറഞ്ഞു.

ജോസഫ് ചാഴിക്കാടന്റെ ആശംസാപ്രസംഗവും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

“All the qualities were so mingles in him that nature will stand up and say here is a man”. ഇത് ഷേക്സ്പിയർ കവിതയിലെ ഒരു ഭാഗമാണ്. വിനയം, മര്യാദ, ഗാംഭീര്യം മുതലായ സദ്ഗുണങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തിയാണ് പറമ്പിത്തറ.

1934-ലും 1947-ലും കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്കും 1952-ലും 1954-ലും തിരുക്കൊച്ചി നിയമസഭയിലേക്കും 1957, 1960, 1967 വർഷങ്ങളിൽ കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1961 മുതൽ 1964 വരെ കേരള നിയമസഭാ സ്പീക്കറായിരുന്ന അലക്സാണ്ടർ പറമ്പിത്തറ എന്ന വലിയ മനുഷ്യനെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ തുടങ്ങുന്നത് 1951 ജൂൺ മുതലാണ്. സെന്റ് പീറ്റേഴ്സ് സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്നതിനു വേണ്ടി എന്റെ അപ്പൻ കുറുപ്പശ്ശേരി ദേവസ്സി വർക്കിയുടെ കൈയിൽ പിടിച്ച് പള്ളിമുറ്റത്തുള്ള മാവിൻ ചുവട്ടിൽ ഞാൻ നിൽക്കുമ്പോഴാണ് ദീർഘകായനായ, ഖദർ ജുബയും മുണ്ടും ഉടുത്ത ആരും ഒറ്റ നോട്ടത്തിൽ ആദരപൂർവ്വം നോക്കി നിൽക്കുന്ന പറമ്പിത്തറ മാസ്റ്റർ കൈയിൽ ഒരു നീണ്ട ചൂരൽ വടിയുമായി കടന്നു വരുന്നത്.

“വർക്കിയുടെ മകനാണല്ലേ?” പറമ്പിത്തറ മാസ്റ്റർ എന്റെ തോളിൽ പിടിച്ചു കൊണ്ട് അപ്പനോട് ചോദിച്ചു.



അപ്പൻ മാഷിന്റെ വിദ്യാർത്ഥിയാണ്. "അതെ, എന്റെ രണ്ടാമത്തെ മകനാണ്. പേര് തോമസ്സ്". അപ്പൻ വിനയപൂർവ്വം മാഷിനോട് പറഞ്ഞു.

''ഞാൻ പേരു വിളിക്കുമ്പോൾ ക്ലാസിൽ കയറി ഇരിക്കാം. മോൻ നന്നായി പഠിക്കണം". പറമ്പിത്തറ മാഷ് സ്നേഹപൂർവ്വം എന്നോട് പറഞ്ഞു. ഈ മോൻ വിളി പിന്നീട് പല പ്രാവശ്യം ഞാൻ കേട്ടിട്ടുണ്ട്. മാഷ് ഒരിക്കലും ആരെയും 'എടാ, പോടാ' എന്നൊന്നും വിളിക്കില്ല. ഒന്നുകിൽ പേര് അല്ലെങ്കിൽ സ്നേഹപൂർവ്വം മോൻ.

പിന്നീട് ഞാൻ ആറാം ക്ലാസ്സിൽ എത്തുന്നതുവരെ ഞങ്ങളുടെ ഹെഡ്മാസ്റ്റർ പറമ്പിത്തറ മാസ്റ്ററായിരുന്നു. നിയമസഭ തുടങ്ങുമ്പോൾ തിരുവനന്തപുരത്ത് പോകും. അതു കഴിഞ്ഞാൽ നേരെ കുമ്പളങ്ങി സ്കൂളിലെത്തും. ക്ലാസ്സ് എടുക്കും. മാഷിന്റെ ഇംഗ്ലീഷ് ക്ലാസ്സുകൾ കേട്ടിരിക്കാൻ രസമാണ്. നല്ല ഒഴുക്കുള്ള ഭാഷ. ചെറിയ, ചെറിയ വാചകങ്ങൾ.

പിന്നീട് ഞാൻ തേവര തിരുഹൃദയ കലാലയത്തിൽ പഠിക്കുമ്പോഴും പറമ്പിത്തറ മാഷിന്റെ ഇംഗ്ലീഷ് ക്ലാസ്സുകളെ വെല്ലുന്ന ക്ലാസ്സുകൾ കേൾക്കാൻ കഴിഞ്ഞിട്ടില്ല.

മാഷ് സ്കൂളിൽ വന്നാൽ, ധാരാളം ആളുകൾ കാണാൻ വരുമായിരുന്നു. അവരിൽ അധികവും പാവപ്പെട്ട മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളുമായിരുന്നു. നീണ്ട ജുബ്ബയുടെ കീശയിൽ കൈ ഇട്ട് അവർക്കെല്ലാം സാമ്പത്തിക സഹായം നൽകിയിരുന്നു. കൊടുക്കുന്ന തുക എണ്ണി നോക്കാറില്ല. കീശ കാലിയാകുന്നതുവരെ നൽകും.

സ്കൂൾ വാർഷികത്തിനും, സ്വാതന്ത്ര്യദിനാഘോഷങ്ങളിലും മാഷ് മുൻപിലുണ്ടാകും. ഈ സന്ദർഭങ്ങളിലൊക്കെ മാഷ് കുട്ടികളിലൊരാളാകും. ഞങ്ങളോടൊത്ത് കളിക്കാനും, കലാപരിപാടികളിൽ പങ്കെടുക്കാനും മാഷിന് മടിയില്ല. സ്കൂൾ വാർഷികത്തിന് നാടകം നിർബന്ധമാണ്. മാഷും കുട്ടികളോടൊപ്പം നടനാകും. ഞാൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് കൊച്ചി മഹാരാജാവ് സെന്റ് പീറ്റേഴ്സ് സ്കൂൾ വാർഷികത്തിന് വന്നത്. പെരുമ്പടപ്പ് കടത്തുകടവിൽ നിന്ന് ചങ്ങാടത്തിൽ കയറ്റിയാണ് രാജാവിന്റെ കാർ കുമ്പളങ്ങി വടക്കേ കടത്തു കടവിൽ എത്തിച്ചത്. അവിടെ നിന്ന് കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് പള്ളി മുറ്റം വരെ വെള്ള മണൽ വിരിച്ചിരുന്നു. കുതിരപ്പട്ടാളത്തിന്റെ അകമ്പടിയുണ്ടായിരുന്നു. മഹാരാജാവിന് സ്കൂൾ മുറ്റത്ത് പ്രത്യേക സ്റ്റേജ്. സ്റ്റേജിന്റെ താഴെ ഗോവണിപടിയിൽ പറമ്പിത്തറ മാസ്റ്റർ രണ്ടാം മുണ്ട് അരയിൽ ചുറ്റി നിന്നു. മറ്റൊരു സ്റ്റേജിലായിരുന്നു പ്രാസംഗികർ. അന്നൊക്കെ പ്രധാന പ്രാസംഗികരിൽ ഒരാൾ മാഷും മറ്റൊരാൾ മാത്യു ഉലകംതറയുമായിരുന്നു.

സാറിനെ മറ്റൊരിക്കൽ കണ്ടത് തിരുവനന്തപുരം 'കന്റോൺമെന്റ് ഹൗസിൽ' വെച്ചാണ്. 1962-ൽ. സാർ അന്ന് സ്പീക്കറാണ്. തിരുവനന്തപുരത്ത് മെഡിക്കൽ

പരീക്ഷ എഴുതാൻ വന്നതാണ്. ജേഷ്ഠൻ ജോസഫ് കുറുപ്പശ്ശേരി കൂടെയുണ്ട്. എന്റെ അപ്പനേയും അമ്മയേയും കുറിച്ച് അന്വേഷിച്ചു. അതിനു ശേഷം എന്റെ തലയിൽ കൈവെച്ച് "നന്നായി പഠിക്ക്. ദൈവം അനുഗ്രഹിക്കും" എന്നാശംസിച്ചു.

മറ്റൊരു സംഭവം ഞാൻ ഇന്നും ഓർക്കുന്നത്, 1975-ൽ ബോട്ട് ജെട്ടിയിൽ നിന്ന് ത്രിവർണ്ണ പതാകയും ഏന്തി അടിയന്തിരാവസ്ഥയ്ക്കെതിരെ മാഷ് നടത്തിയ ഒറ്റയാൾ ജാഥയായിരുന്നു. 1967-ൽ കോൺഗ്രസ്സ് രണ്ടായി പിളർന്നപ്പോൾ സംഘടനാ കോൺഗ്രസ്സിനെ കേരളത്തിൽ ശക്തമായി നയിച്ചവരിൽ ഒരാളായ പറമ്പിത്തറ മാസ്റ്ററുടെ, ഇന്ദിരാഗാന്ധിയുടെ ഏകാധിപത്യ പ്രവണതയ്ക്കെതിരായുള്ള പൊട്ടിത്തെറിയായിരുന്നു അന്ന് ഞാൻ കണ്ടത്. പോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് അന്യമായ ഒരു പ്രവർത്തന ശൈലിയായിരുന്നു മാസ്റ്ററുടേത്. ധനമോ, രാഷ്ട്രീയ അധികാരമോ മോഹിച്ചിരുന്നില്ല. രാഷ്ട്രീയ പ്രവർത്തനവും അദ്ധ്യാപക ജീവിതവും സേവനമായിട്ടാണ് മാഷ് കണ്ടിരുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് പാർട്ടി നൽകിയിരുന്ന ഫണ്ട് അത്യാവശ്യത്തിനു മാത്രം ചെലവാക്കിയിട്ട് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ചെലവിന്റെ കണക്കും ബാക്കിയുള്ള തുകയും തിരികെ നൽകിയിരുന്ന പറമ്പിത്തറ മാസ്റ്റർ ഇന്നത്തെ തലമുറക്ക് തികച്ചും വ്യത്യസ്തനാണ്.

പ്രസിദ്ധ പത്രപ്രവർത്തകനായ കെ.എം.റോയ് 1989 ജൂലൈ 5-ന് പറമ്പിത്തറ മാസ്റ്ററെക്കുറിച്ച് മംഗളം പത്രത്തിൽ എഴുതിയ ഒരു ലേഖനം പ്രസക്തമാണ്. "കൊച്ചി നഗരത്തിൽ സാമാന്യം നല്ല ഭൂസ്വത്തിന് ഉടമയായിരുന്നു. നിറഞ്ഞ കൈകളുമായി രാഷ്ട്രീയത്തിൽ ഇറങ്ങിയ മാസ്റ്റർ സജീവ രാഷ്ട്രീയം നിർത്തി വീട്ടിൽ വന്നു കയറുമ്പോൾ ഒഴിഞ്ഞ കൈകളായി അവ മാറിയിരുന്നു".

"മക്കൾക്കൊന്നും നേടിക്കൊടുക്കാൻ പറമ്പിത്തറ മാസ്റ്റർക്കു കഴിയാതെ പോയി എന്നതിന്റെ നേരെ എതിരെ എന്തൊക്കെ നേടിയിട്ടും മതിവരാത്ത രാഷ്ട്രീയത്തിലെ പുത്തൻ തലമുറക്കാർ മുഖം തിരിച്ചു കളയു മായിരിക്കും". റോയി തന്റെ ലേഖനത്തിൽ തുടരുന്നു. സമ്പന്നനായി രാഷ്ട്രീയത്തിൽ കയറി എല്ലാം നഷ്ടപ്പെട്ട മാസ്റ്റർ ആരുടെ മുന്നിലും കൈനീട്ടിയിട്ടില്ല, തല കുനിച്ചിട്ടില്ല. അദ്ദേഹത്തിന്റെ തന്റേടത്തിന്റെ ഒരു ചരിത്രം ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്. മാഷ് ഒരു നട്ടുച്ച സമയത്ത് പെരുമാനൂരിലെ വീട്ടിലെത്താൻ തലയിൽ രണ്ടാം മുണ്ടിട്ട് റെയിൽവേ ലൈനിലൂടെ നടക്കുകയാണ്. ഒരു ടാക്സിയോ, ഓട്ടോറിക്ഷയോ വിളിക്കാൻ കീശയിൽ കാശില്ലാത്തതായിരുന്നു ഈ നടപ്പിനു കാരണം. കീശ നിറയെ പണവുമായി നടന്ന് ചോദിക്കുന്നവർക്കെല്ലാം വാരിക്കൊടുത്തിരുന്ന മാഷിനാണ് ഈ ഗതികേട് വന്നത് എന്നോർക്കണം. മാഷ് ഒരു ബഹുമുഖ പ്രതിഭയായിരുന്നു. ഇംഗ്ലീഷിൽ നന്നായി സംസാരിക്കുകയും എഴുതുകയും ചെയ്യും. "വെസ്റ്റേൺ സ്റ്റാർ" തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളിൽ ലേഖനം എഴുതിയിരുന്നു.

മാസ്റ്റർ തികഞ്ഞ ക്രൈസ്തവനും പരിശുദ്ധ മറിയത്തിന്റെ ഭക്തനുമായിരുന്നു. വഞ്ചനയും പൊളിയും മാസ്റ്റർക്ക് അന്യമായിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു കഥയുണ്ട്. മാസ്റ്റർ കേരള നിയമസഭാ സ്പീക്കർ ആയതിനു ശേഷം ചെല്ലാനത്തെ സെന്റ് മേരീസ് പള്ളി വികാരിക്ക് 200 രൂപയുടെ മണി ഓർഡറും ഒരു കത്തും ലഭിച്ചു. "ഈ ഇടവകയിൽ നിന്നാണ് ഞാൻ വിവാഹം ചെയ്തത്. എന്റെ കാരണവന്മാർ അന്ന് തെറ്റായ കണക്കു പറഞ്ഞോ വെട്ടിപ്പു നടത്തിയോ, സ്ത്രീധനതുകയിൽ പള്ളിക്കു ലഭിക്കേണ്ട പത്തു ശതമാനം 'പതാരത്തിൽ' ഇരുനൂറു രൂപ നൽകിയിട്ടില്ല എന്നു ഞാൻ അറിയുന്നു. അതൊരു കുറ്റഭാരമായി ഞാനിത്രയും കാലം ചുമക്കുകയായിരുന്നു. ആ ഇരുനൂറു രൂപ ഒരുമിച്ച് തിരിച്ചടക്കാൻ പലപ്പോഴും എന്റെ കൈയ്യിൽ പണമുണ്ടായിരുന്നില്ല. നിയമസഭാ സ്പീക്കറായപ്പോൾ എനിക്ക് ആദ്യത്തെ ശമ്പളം കിട്ടിയ തുകയിൽ നിന്ന് ആ പണം ഞാൻ തിരിച്ചടക്കുന്നു". നീതിമാനായ അലക്സാണ്ടറെ നാം ഇവിടെ കാണണം.

1959-ൽ ജോൺ 23-ാം മാർപാപ്പാ ഷെവിലിയാർ പദവി നൽകി മാഷെ ആദരിച്ചു. പക്ഷേ ഈ അംഗീകാരമൊന്നും അവിഹിതമായി മാഷ് ഉപയോഗിക്കാറില്ല. മറ്റു പലരുമായിരുന്നെങ്കിൽ, ഈ മെഡലുകുത്തി പൊതു പരിപാടികളിൽ പങ്കെടുക്കുമായിരുന്നു. മാഷിനു ലഭിച്ച ഈ ബഹുമതി വീട്ടുകാർ അറിയുന്നതു തന്നെ കുഴ ഒടിഞ്ഞ മെഡൽ നന്നാക്കാൻ കൊടുക്കുമ്പോഴാണ്.

മഹാരാജാസ് ഹൈസ്കൂളിലെ മലയാളം പണ്ഡിറ്റ് മഹാകവി മേലങ്ങത്തു അച്യുത മേനോനും പറമ്പിത്തറ മാസ്റ്ററും ഉറ്റ സുഹൃത്തുക്കളായിരുന്നു. അദ്ധ്യാപക ജോലിയിൽ നിന്ന് റിട്ടയർ ചെയ്ത് വാർദ്ധ്യകത്തിലേക്ക് കടന്ന മഹാകവി ഒരിക്കൽ മാഷിനെ കാണാൻ എത്തി. തന്റെ കാഴ്ച നഷ്ടപ്പെട്ട കാര്യവും കണ്ണു ചികിത്സയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ള കാര്യവും മഹാകവി സംസാരമദ്ധ്യേ മാഷിനെ അറിയിച്ചു. ആരോടോ കടം വാങ്ങി സൂക്ഷിച്ചിരുന്ന പണം മാഷ് മഹാകവിക്കു നൽകി. ഈ മഹാമനസ്കത പറമ്പിത്തറ മാസ്റ്റർക്കേ കാണിക്കാൻ കഴിയൂ.

എറണാകുളം മുനിസിപ്പൽ ചെയർമാനായിരുന്ന മാഷ് റിക്ഷാവണ്ടിയിലാണ് ഓഫീസിൽ നിന്ന് പെരുമാനൂരിലെ വീട്ടിൽ എത്തിയിരുന്നത്. അന്ന് ബസ് സർവ്വീസും, ടാക്സി കാറും, ഓട്ടോറിക്ഷകളും എറണാകുളത്ത് വളരെ കുറവായിരുന്നു. മാഷിനെ വീട്ടിലെത്തിക്കാൻ റിക്ഷാക്കാർ തമ്മിൽ മത്സരമായിരുന്നു. കാരണം വീട്ടിലെത്തിയാൽ നീണ്ട ജുബയിലെ വലിയ കീശയിൽ കയ്യിട്ട് എണ്ണി നോക്കാതെ മാഷ് പണം നൽകും.

മാഷിന്റെ മരിയ ഭക്തി പ്രസിദ്ധമാണ്. കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായി

രുന്നപ്പോൾ എല്ലാ ഒന്നാം വെള്ളിയാഴ്ചയും സ്കൂൾ വിട്ടു കഴിഞ്ഞാൽ ക്രൈസ്തവ കുട്ടികളും അദ്ധ്യാപകരും പള്ളിയിൽ എത്തണം. ജപമാലയിൽ പങ്കു ചേരണം. വിശുദ്ധ കുർബ്ബാനയുടെ ആരാധനയിൽ പങ്കെടുക്കണം. നേതൃത്വം കൊടുക്കുന്നത് മാഷ് തന്നെയാണ്. വീട്ടിലായാലും പുറത്തായാലും ഉറങ്ങുന്നതിനു മുമ്പ് 153 മണിജപം ചൊല്ലും. പരിശുദ്ധമാതാവിന്റെ നൂറിൽപ്പരം ഫോട്ടോകൾ മാഷിന്റെ വീടിന്റെ പൂമുഖത്ത് തൂക്കിയിട്ടിരുന്നു. എന്നാൽ മാഷിന്റെ ഒരു ഫോട്ടോ പോലും അവിടെ വച്ചിരുന്നില്ല. മാത്രമല്ല, മാഷിന് യോഗങ്ങളിൽ ലഭിക്കുന്ന പൂമാലകൾ പൂമുഖത്ത് സ്ഥാപിച്ചിരിക്കുന്ന മാതാവിന്റെ രൂപത്തിൽ ഇടുമായിരുന്നു. ഇങ്ങനെ മനുഷ്യ സ്നേഹിയും ഈശ്വരഭക്തനുമായിരുന്ന മാഷ് 1989 ജൂൺ 11-ന് ഞായറാഴ്ച അന്തരിച്ചു. പിറ്റേ ദിവസം കേരള നിയമസഭയിൽ നടന്ന ചരമോപചാര പ്രസംഗത്തിൽ മുഖ്യമന്ത്രി ഇ.കെ.നായനാർ പറഞ്ഞു. "വിനയം കൊണ്ടും ലളിതമായ ജീവിതചര്യ കൊണ്ടും രാഷ്ട്രീയ പരിഗണന കൂടാതെ എല്ലാവരുടെയും അംഗീകാരവും സ്നേഹവും നേടിയ ആദർശശാലിയായ നേതാവ് കൂടിയായിരുന്നു അദ്ദേഹം".

പ്രതിപക്ഷ നേതാവ് കെ. കരുണാകരന്റെ പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു. "സർ, അങ്ങും മുഖ്യമന്ത്രിയും ഇവിടെ പരാമർശിച്ചതു പോലെ സ്വഭാവ ശുദ്ധിയുടെ മൂർത്തീകരണമായിരുന്നു ബഹുമാന്യനായ അലക്സാണ്ടർ പറമ്പിത്തറ മാസ്റ്റർ. അദ്ദേഹത്തെ സംബന്ധിച്ച് പ്രതിപാദിക്കുമ്പോൾ ഇന്നത്തെ സ്ഥിതിയുമായി താരതമ്യം ചെയ്യുന്ന ഒരാൾക്ക് അദ്ദേഹത്തിന് ഉണ്ടായിരുന്ന സദ്ഗുണങ്ങളെപ്പറ്റി പറഞ്ഞാൽ വിശ്വസിക്കുവാൻ സാധിക്കുമോയെന്ന് സംശയമാണ്. വളരെ ചെറുപ്പത്തിലെ തന്നെ ധാരാളം അവസരങ്ങൾ ഉണ്ടായിരുന്ന ഒരാളാണ് അദ്ദേഹം. ഒരു പിന്നോക്ക സമുദായത്തിൽ ഉന്നതമായ വിദ്യാഭ്യാസം കിട്ടി. അന്നത്തെ സാഹചര്യത്തിൽ ഏത് ഉയർന്ന ഉദ്യോഗവും അദ്ദേഹത്തിന് കിട്ടാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. വിശേഷിച്ച് അദ്ദേഹം പ്രതിനിധീകരിക്കുന്ന സമുദായത്തെ അന്നത്തെ കൊച്ചി മഹാരാജാവും വളരെയധികം അംഗീകരിക്കുന്ന ഒരു സമയമായിരുന്നു. എന്നിരുന്നാലും അദ്ദേഹം വിശ്വസിച്ചിരുന്ന ദേശീയ പ്രസ്ഥാനത്തിൽ അടിയുറച്ച് വിശ്വസിക്കുകയും ശക്തമായി തന്റെ വിശ്വാസമനുസരിച്ച് പോരാടുകയും ചെയ്തു. സാധാരണ വളരെ ശാന്തമായി കാണുന്ന പറമ്പിത്തറ മാസ്റ്റർ ഏതെങ്കിലും പ്രശ്നം വന്നു കഴിഞ്ഞാൽ ഏറ്റവും വലിയ വിപ്ലവകാരി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്. പക്ഷേ താൻ വിശ്വസിച്ച മാർഗ്ഗത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. ഏതാണ്ട് 30 കൊല്ലത്തോളം അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. കൊച്ചി രാജ്യ പ്രജാമണ്ഡലത്തിലും അതിനുശേഷം കോൺഗ്രസിലും. അപ്പോഴൊക്കെ പല അവസരങ്ങളിലും മാസ്റ്ററുടെ പ്രയാസങ്ങൾ മനസ്സിലാക്കി സഹപ്രവർത്തകൻമാർതന്നെ അദ്ദേഹത്തെ സഹായിക്കാൻ മുന്നോട്ടു വന്നാൽ അദ്ദേഹം പറയും അതെല്ലാം ഈശ്വരൻ നിശ്ചയിച്ചതു പോലെയൊക്കെ പോകും, ഇതെല്ലാം നമ്മളല്ല തീരുമാനിക്കേണ്ടത്. എനിക്ക് പൈതൃകമായി കിട്ടിയിട്ടുള്ളത് ഒന്നുമില്ല വിദ്യാഭ്യാസം മാത്രമാണ്. അതു പോലെ എന്റെ മക്കൾക്കും ഞാൻ അത് കൊടുക്കാൻ ശ്രമിക്കും. സ്വന്തം ജീവിതത്തെ സ്വന്തം കാര്യമെന്നുള്ള രീതിയിൽ ഒരിക്കലും മാസ്റ്റർ ചിന്തിച്ചിട്ടില്ല. അതുപോലെത്തന്നെ വ്യക്തിപരമായി എത്ര സ്നേഹവും വിശ്വാസവുമുണ്ടെങ്കിലും താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിൽ യാതൊരു തരത്തിലുള്ള വിട്ടു വീഴ്ചയും ചെയ്യാൻ മാസ്റ്റർ ഒരിക്കലും തയ്യാറായിട്ടില്ല. മരണംവരെയും അദ്ദേഹത്തിന്റെ ആ ഉന്നതമായ, പരിശുദ്ധമായ ജീവിതം രാഷ്ട്രീയത്തിൽ ഇന്നത്തെ സാഹചര്യത്തിൽ വിശ്വസിക്കാൻ സാധിക്കാത്ത അത്രയും പരമോന്നതമായ ജീവിതമായിരുന്നു. രാഷ്ട്രീയാധികാരം സ്വന്തം വളർച്ചയ്ക്കുള്ള ചവിട്ടുപടിയായി മാസ്റ്റർ ഉപയോഗിച്ചിരുന്നില്ല".

കാലിലെ മന്തായിരുന്നു മാഷിന്റെ സ്വസ്തത നശിപ്പിച്ചിരുന്നത്. തന്റെ പരിമിതികൾ സ്വയം മനസ്സിലാക്കുവാൻ മാഷിന് കഴിഞ്ഞിരുന്നു. ഇതിനൊരുദാഹരമാണ് 1967-ലെ നിയമസഭാ തെരഞ്ഞെടുപ്പ്.


1967-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒമ്പതു പേർ മാത്രമുള്ള കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിയുടെ നേതാവായി എല്ലാവരും ഐകകണ്ഠ്യേന തെരഞ്ഞെടുത്തത് പറമ്പിത്തറ മാസ്റ്ററെയായിരുന്നു. എന്നാൽ കരുണാകരനെപോലുള്ള ഒരു ഫൈറ്ററാണ് പാർലിമെന്ററി പാർട്ടിയെ നയിക്കേണ്ടതെന്ന് പറമ്പിത്തറ മാസ്റ്റർ പറഞ്ഞു. എന്നു മാത്രമല്ല കരുണാകരന്റെ പേര് മാഷ് തന്നെ നിർദ്ദേശിക്കുകയും ചെയ്തു. കരുണാകരന്റെ രാഷ്ട്രീയ വളർച്ചയുടെ തുടക്കം ഇവിടെ നിന്നായിരുന്നു.

1989 ജൂൺ 28-ന് സന്ധ്യാ ദീപത്തിൽ സി.പി. ശ്രീധരൻ എഴുതിയ ലേഖനം വളരെ ശ്രദ്ധേയമാണ്. "ആയിരം പേനകൊണ്ടെഴുതിയാൽ പ്രകാശിപ്പിക്കാനാകാത്ത ആ വിശിഷ്ട ചോദനത്തിന്റെ പേരാണ് അലക്സാണ്ടർ പറമ്പിത്തറ. അതൊരു വ്യക്തി നാമമല്ല; ഗുണനാമമാണ്. നമ്മുടെ സമൂഹത്തിൽ നിന്ന് അപ്രത്യക്ഷമാകുന്ന അവസാന നാമം". അദ്ദേഹം മാഷിനെക്കുറിച്ച് ഇങ്ങനെ എഴുതി.

എന്റെ പിതാവ് കുറുപ്പശ്ശേരി ദേവസ്സി വർക്കി, എന്റെ ജേഷ്ഠൻ ജോസഫ് കുറുപ്പശ്ശേരി, ഞാൻ, എന്റെ അനുജൻ ഡോ. കെ. വി. പീറ്റർ തുടങ്ങി നിരവധി ശിഷ്യന്മാർക്ക് വിജ്ഞാനത്തിന്റെ പ്രകാശം നൽകിയ, ഈശ്വരവിശ്വാസവും സത്യസന്ധതയും ലളിതജീവിതവും കൈമുതലാക്കിയ ഗുരു ശ്രേഷ്ഠൻ പറമ്പിത്തറ മാസ്റ്റർക്ക് പ്രണാമം.

*(വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്നും എടുത്തു ചേർത്തത്)*

ഡോ. എ. നീലലോഹിതദാസ്



5, 8, 10, 11 കേരള നിയമസഭകളിൽ അംഗം.
7-ാം ലോക്സഭയിൽ അംഗം. 16.11.1979 മുതൽ 01.12.1979 വരെ തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി.
1987-1991 കാലയളവിൽ സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി.
1999-2000 ൽ വനവും ഗതാഗതവും വകുപ്പു മന്ത്രി.

# ആരുടെ മുന്നിലും തല കുനിക്കാത്ത എസ്. വരദരാജൻ നായർ



1963-64 അദ്ധ്യയന വർഷത്തിൽ ഞാൻ പുളിമൂട് ഗാന്ധാരിയമ്മൻ കോവിൽ റോഡിൽ എന്റെ മൂത്തസഹോദരിയുടെ വീട്ടിൽ താമസിച്ച് മാർ ഇവാനിയോസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റിക്ക് പഠിച്ചു കൊണ്ടിരുന്ന സന്ദർഭത്തിലാണ് എസ്. വരദരാജൻ നായരെ ആദ്യമായി കാണുന്നത്. അംബുജവിലാസം റോഡിലെ തന്റെ വസതിയിൽ നിന്നും തമ്പാനൂർ ഐ.എൻ.ടി.യു.സി. ഓഫീസിലേക്ക് നിത്യേന നടന്നു പൊയ്ക്കൊണ്ടിരുന്ന ആ ശുഭ്ര ഖദർദാരി ഒരേ സമയം എന്നിൽ വിസ്മയവും കൗതുകവും ആദരവും സൃഷ്ടിച്ചിരുന്നു. 1964 മദ്ധ്യവേനൽ അവധി കാലത്ത് മേയ് മാസം 27-ാം തീയതി വൈകുന്നേരത്തോടു കൂടി പുളിമൂട് കിഴക്കേക്കോട്ട റോഡിലേക്ക് വരുമ്പോഴാണ് പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ ചരമ വാർത്തയറിയുന്നത്. അന്ന് ആരുടെയും പ്രത്യേകിച്ചുള്ള അഭ്യർത്ഥനയില്ലാതെതന്നെ ജനങ്ങൾ സ്വാഭാവികമായി ഒരുമിച്ച് മൗനജാഥയായി മാറുകയായിരുന്നു. ആ കൂട്ടത്തിലും ആ ഖദർധാരിയെ കാണാനിടയായി. പിന്നീട്, അദ്ദേഹവുമായി വളരെയടുത്ത് ബന്ധപ്പെടുന്നതിനും 1971-77 കാലയളവിൽ ഒരു നിഴൽ പോലെ അദ്ദേഹത്തെ പിന്തുടരുന്നതിനും എനിക്ക് കഴിഞ്ഞു. ഞാൻ മാത്രമല്ല, ഒരു



സംഘം ചെറുപ്പക്കാർ അന്നത്തെ കെ.എസ്.യു-യുത്ത് കോൺഗ്രസ്സ് ഔദ്യോഗിക നേതൃത്വത്തിന്റെ ഇഷ്ടക്കേടുകൾ വകവയ്ക്കാതെ അദ്ദേഹത്തോടൊപ്പം സഞ്ചരിച്ചിരുന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ തുടക്കം കുറിക്കുന്ന ഈ വേളയിൽ സന്ദർഭവശാൽ ഓർത്തു പോവുകയാണ്.

തിരുവിതാംകൂർ ദിവാനായിരുന്ന രാജഗോപാലാചാരിയുടെയും തിരുവനനന്തപുരം വഞ്ചിയൂർ അംബുജവിലാസത്തിൽ അമ്മുക്കുട്ടിയമ്മയുടെയും പുത്രനായി 1914 ഒക്ടോബർ 28-ാം തീയതി ബാംഗ്ലൂരിലാണ് എസ്. വരദരാജൻ നായർ ജനിക്കുന്നത്. 1914ൽ ദിവാൻ പദവി ഒഴിഞ്ഞ രാജഗോപാലാചാരി ഭാര്യാസമേതം ബാംഗ്ലൂരിലേക്ക് താമസം മാറ്റിയതുകൊണ്ടാണ് വരദരാജൻ നായർ അവിടെ ജനിക്കാൻ ഇടയായത്. എന്നാൽ, 1927ൽ രാജഗോപാലാചാരിയുടെ ആകസ്മികമായ നിര്യാണത്തെ തുടർന്ന് വരദരാജൻ നായർ അമ്മയോടൊപ്പം തിരുവനന്തപുരത്ത് വഞ്ചിയൂർ അംബുജ വിലാസത്തിലേക്ക് മടങ്ങി വന്നു. വഞ്ചിയൂരിലെ സ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠനത്തിനു ചേർന്നു. എന്നാൽ, മഹാത്മാഗാന്ധി നേതൃത്വം നൽകിയ സ്വാതന്ത്യ സമരത്തിന്റെ അലകൾ പ്രക്ഷുബ്ധമായിരുന്ന ബ്രിട്ടീഷ് ഇന്ത്യയുടെ അതിരുകൾ കടന്ന് സ്വേഛാധിപത്യത്തിന്റെ ഗുഹകളെന്ന് അറിയപ്പെട്ടിരുന്ന നാട്ടുരാജ്യങ്ങളിലേക്കും അടിച്ചു കയറിയപ്പോൾ, ആ സ്വാധീനത്തിൽ നിന്നും വരദരാജൻ നായർക്കും ഒഴിഞ്ഞു നിൽക്കാൻ കഴിഞ്ഞില്ല. തിരുവിതാംകൂർ രാജഭരണത്തിന്റെ അധികാരികളുടെ സമ്മർദ്ദത്തിനു വഴങ്ങി കോളേജ് അധികൃതർ അദ്ദേഹത്തിനു ടി.സി. നൽകി. സനാന മിഷൻ പ്രവർത്തകരുമായുള്ള സൗഹൃദം കാരണം അദ്ദേഹത്തിന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ പ്രവേശനം ലഭിച്ചു. മദ്രാസ് ഹൈക്കോടതിയിൽ ഗാന്ധിത്തൊപ്പി ധരിച്ച് ഹാജരായ ഒരഭിഭാഷകനെ ശിക്ഷിച്ചതിന് ചില വിദ്യാലയങ്ങളിൽ പഠിപ്പു മുടക്കു നടന്നു. അതിൽ പങ്കെടുത്തതിന് വരദരാജൻ നായരുൾപ്പെടെ 12 വിദ്യാർത്ഥികളെ ചങ്ങനാശ്ശേരി കോളേജിൽ നിന്നും പുറത്താക്കി. പിന്നീട് തന്റെ പിതാവിന്റെ ബന്ധുക്കളുടെ സഹായത്താൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ അഡ്മിഷൻ തരപ്പെടുത്തി. അവിടെ നിന്നുമാണ് ബി.എ. ബിരുദം കരസ്ഥമാക്കുന്നത്. തുടർന്ന് നിയമപഠനത്തിനായി തിരുവനന്തപുരം ലോ കോളേജിൽ ചേർന്നുവെങ്കിലും പഠനം ഇടയ്ക്കു നിർത്തി ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക് ഡിപ്പാർട്ടുമെന്റിൽ ജോലിക്ക് പ്രവേശിച്ചു. ഒരു വർഷത്തിനകം ആ ജോലി ഉപേക്ഷിച്ച് സജീവ രാഷ്ട്രീയ പ്രവർത്തനത്തിനിറങ്ങി. പ്രലോഭനങ്ങൾക്കോ, ഭീഷണികൾക്കോ, കള്ളക്കേസുകൾക്കോ വരദരാജൻ നായരെ സ്വാതന്ത്ര്യ സമര പാതയിൽ നിന്നും മാറ്റാൻ കഴിഞ്ഞില്ല. കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കെടുത്തിരുന്ന അദ്ദേഹം പി.എസ്. നടരാജപിള്ളയോടും, കെ.ആർ. ഇലങ്കത്തിനോടും സഹകരിച്ചു. ഭാരത കേസരി എന്ന പേരിൽ ഒരു പ്രതിവാര പത്രം പ്രസിദ്ധീകരിച്ചിരുന്നു. ആ പത്രം അധികാരികളുടെ കണ്ണിനു കരടായി മാറിയ കാരണം പലതവണ നിരോധിച്ചു. എന്നാൽ, ആ നിരോധനങ്ങൾ വക വയ്ക്കാതെ വരദരാജൻ നായർ ആ പത്രം വീണ്ടും വീണ്ടും പ്രസിദ്ധീകരിച്ചു കൊണ്ടേയിരുന്നു. അതുമായി ബന്ധപ്പെട്ട പീഢനങ്ങളും സാമ്പത്തിക ക്ലേശങ്ങളും അദ്ദേഹത്തെയും കുടുംബത്തെയും വല്ലാതെ തളർത്തിയെങ്കിലും അതൊന്നും വകവയ്ക്കാതെ അദ്ദേഹം മുന്നോട്ടു പോയി.

സ്വാതന്ത്ര്യ പ്രാപ്തിയെ തുടർന്ന് ഇവിടെ ഉയർന്നു വന്ന സ്വതന്ത്ര  തിരുവിതാംകൂർ വാദത്തെ എതിർക്കുന്നതിനും അതിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനും വരദ

രാജൻ നായർ മുന്നിൽ നിന്ന് പ്രവർത്തിച്ചു. മാത്രവുമല്ല, സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ അനുകൂലിക്കാൻ സർ സി.പി.യുടെ കിങ്കരന്മാർ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജാമാതാവ് ബാരിസ്റ്റർ എ.കെ. പിള്ളയെക്കൊണ്ടു വന്ന് പ്രസംഗിപ്പിക്കാൻ ഒരുമ്പെട്ടപ്പോൾ ജനകീയ വികാരങ്ങളുടെ പ്രാതിനിധ്യം വഹിച്ചു കൊണ്ട് അതിനെതിരെ ശബ്ദമുയർത്തിയത് സ്വദേശാഭിമാനിയെ നാടുകടത്തിയ ദിവാൻ രാജഗോപാലാചാരിയുടെ പുത്രനായിരുന്നുവെന്നുള്ളത് വിചിത്രമായ ഒരു ചരിത്ര വസ്തുതയാണ്. ദിവാൻ സർ. സി.പി.യുടെ നിർദ്ദേശമനുസരിച്ച് യോഗവേദിയായ വി.ജെ.ടി. ഹാൾ സെക്രട്ടേറിയറ്റിലേയും മറ്റും ജീവനക്കാരെക്കൊണ്ടു നിറച്ചിരുന്നു. വരദരാജൻ നായരുടെ നേതൃത്വത്തിൽ ഒരു സംഘം കോൺഗ്രസ്സ് പ്രവർത്തകരും എൻ.ഡി. ജോസിന്റെ നേതൃത്വത്തിൽ ഒരു സംഘം നിയമവിദ്യാർത്ഥികളും മുൻ നിരയിലെ ഇരിപ്പിടങ്ങൾ കൈയ്യടക്കിയിരുന്നു. എ.കെ.പിള്ള പ്രസംഗത്തിനൊരുങ്ങിയപ്പോൾ ഒരു ചോദ്യവുമായി വരദരാജൻ നായർ എണീറ്റു. പ്രസംഗത്തിനു ശേഷം മറുപടി പറയാമെന്ന് അദ്ധ്യക്ഷനും മറുപടിക്കു ശേഷം പ്രസംഗമാകാമെന്ന് വരദരാജൻ നായരും ശഠിച്ചു. സർക്കാർ പിന്തുണക്കാർ ബഹളം കൂട്ടി. ഉന്തും തള്ളും നടന്നു. വരദരാജൻ നായരും എൻ.ഡി.ജോസും വേദിയിൽ കയറി മൈക്ക് പിടിച്ചെടുത്തു. ബാരിസ്റ്റർ എ.കെ.പിള്ളയടക്കമുള്ള പ്രസംഗകർ അപ്രത്യക്ഷരായി. യോഗാനുകൂലികൾ ഓടിരക്ഷപ്പെട്ടു. യോഗം അലങ്കോലപ്പെട്ടു. ദിവാൻ സർ സി.പി. ക്രോധം കൊണ്ടു ഉറഞ്ഞു തുള്ളിയെന്നാണ് പറയപ്പെടുന്നത്.

പിറ്റേദിവസം പേട്ടയിൽ കോൺഗ്രസ്സ് യോഗമായിരുന്നു. വരദരാജൻ നായരും മറ്റുമായിരുന്നു പ്രധാന സംഘാടകർ. തലേദിവസം വി.ജെ.ടി. ഹാളിലുണ്ടായ പരാജയത്തിന് പക പോക്കാൻ ദിവാൻ സർ സി.പി.യുടെ നിർദ്ദേശാനുസരണം പരിപാടിയിട്ടിരുന്നു. യോഗം ആരംഭിച്ചപ്പോൾ, പോലീസിനാൽ നിയോഗിക്കപ്പെട്ട സാമൂഹ്യ വിരുദ്ധർ ചോദ്യങ്ങൾ ഉന്നയിച്ചു തുടങ്ങി. കളത്തിൽ വേലായുധൻ നായരും സി. നാരായണ പിള്ളയും അവയ്ക്ക് കൃത്യമായ മറുപടി നൽകി. അങ്ങനെ യോഗം കലക്കാൻ പറ്റില്ലെന്നു കണ്ടപ്പോൾ, പോലീസിനാൽ നിയോഗിക്കപ്പെട്ട സാമൂഹ്യ വിരുദ്ധർ കല്ലേറു തുടങ്ങി. പോലീസ് അതിക്രൂരമായ ലാത്തിച്ചാർജ്ജും വെടിവെയ്പും നടത്തി. ആ വെടിവെയ്പിലാണ് പേട്ട രാജേന്ദ്രൻ എന്ന വിദ്യാർത്ഥി മരണമടഞ്ഞത്. തലേദിവസം വി.ജെ.ടി. ഹാളിലെന്നപോലെ പേട്ടയിലും വരദരാജൻ നായർ സാഹസികമായ നേതൃത്വമാണ് നൽകിയത്. വരദരാജൻ നായർ 19-ാമത്തെ വയസ്സിലാണ് പി. കമലമ്മയെ വിവാഹം കഴിച്ചത്. അതൊരു പ്രേമ വിവാഹമായിരുന്നു. പട്ടംതാണു പിള്ളയായിരുന്നു ആ വിവാഹ രജിസ്റ്ററിൽ ഒപ്പിട്ട സാക്ഷി.

ആ പട്ടം താണുപിള്ള കോൺഗ്രസ്സ് വിട്ടപ്പോൾ, അദ്ദേഹത്തോടൊപ്പം പോകാതെ കോൺഗ്രസ്സിൽ വരദരാജൻ നായർ ഉറച്ചു നിന്നു. അതുകൊണ്ട് പട്ടം താണുപിള്ളയുടെ അനുയായികൾ വരദരാജൻ നായരെയും കുടുംബത്തെയും സാമൂഹികമായി ബഹിഷ്ക്കരിച്ചിരുന്നു. വിവാഹങ്ങൾക്കു പോലും ക്ഷണിച്ചിരുന്നില്ല. ആ ബഹിഷ്ക്കരണവും മറ്റും നേരിട്ടു കൊണ്ട് കോൺഗ്രസ്സ് പ്രസ്ഥാനവും കോൺഗ്രസ്സിന്റെ തൊഴിലാളി പ്രസ്ഥാനമായ ഐ.എൻ.ടി.യു.സി.യും കെട്ടിപ്പടുക്കുന്നതിൽ കരുത്തുറ്റ നേതൃത്വം നൽകിയ വരദരാജൻ നായരോട് കോൺഗ്രസ്സ് പാർട്ടി വേണ്ടത്ര നീതി പുലർത്തിയില്ല. 1971-ൽ അദ്ദേഹത്തെ മന്ത്രിസഭയിലെടുത്തില്ല. 1978-ൽ മുഖ്യമന്ത്രിയായിരുന്ന ഏ.കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം രാജി വെച്ചപ്പോൾ, കെ.പി.സി.സി. പ്രസിഡന്റായിരുന്ന വരദരാജൻ നായരെ മുഖ്യമന്ത്രിയാക്കുന്നതിനു പകരം സി.പി.ഐ. നേതാവായിരുന്ന പി.കെ. വാസുദേവൻ നായരെ മുഖ്യമന്ത്രിയാക്കുകയാണ് ചെയ്തത്. വരദരാജൻ നായർ ആ മന്ത്രിസഭയിൽ ധനകാര്യ വകുപ്പു മന്ത്രിയായി. കേരളത്തിൽ കാർഷിക രംഗത്തെ വളർച്ചയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹം ശ്രദ്ധിച്ചു. സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്ന നിർദ്ദേശവും ആ ബഡ്ജറ്റിലുണ്ടായിരുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്. തിരുവിതാംകൂറിൽ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കാൻ ആദ്യമായി ഉത്തരവ് നൽകിയത് വരദരാജൻ നായരുടെ പിതാവായ ദിവാൻ രാജഗോപാലാചാരിയായിരുന്നുവെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്.

1946-47ൽ തിരുവനന്തപുരം മേയറെന്നുള്ള നിലയിൽ വരദരാജൻ നായർ തന്റെ ഭരണപാടവം തെളിയിച്ചിട്ടുണ്ട്. 1970-ൽ വിളപ്പിൽ നിയോജക മണ്ഡലത്തെയും 1977-ൽ നേമം നിയോജക മണ്ഡലത്തെയും കേരള നിയമ സഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം പ്രഗത്ഭനായ ഒരു പാർലമെന്റേറിയനായിരുന്നു. തൊഴിലാളി പ്രവർത്തകനും നേതാവുമെന്നുള്ള നിലയിൽ ഒരേസമയം എല്ലാ വിഭാഗം തൊഴിലാളികളുടെയും തൊഴിലാളി നേതാക്കളുടെയും തൊഴിൽ വകുപ്പുദ്യോഗസ്ഥന്മാരുടെയും മാനേജുമെന്റിന്റെയും സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനായിരുന്നു. നിസ്വാർത്ഥവും സമർപ്പിതവുമായ തൊഴിലാളി പ്രവർത്തനമാണ് അദ്ദേഹം നടത്തിയിരുന്നത്. ലഹരി പദാർത്ഥങ്ങളോ, സുഗന്ധ ദ്രവങ്ങളോ ഒരിക്കലും അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. സ്കൂൾ പഠനകാലത്ത് ഖദർ വസ്ത്രങ്ങൾ മാത്രം ധരിച്ചു തുടങ്ങിയ അദ്ദേഹം ജീവിതാവസാനം വരെ അതു തുടർന്നു. അക്ഷരാർത്ഥത്തിൽ ലളിത ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. കാൽനടയായോ, ട്രാൻസ്പോർട്ട് ബസ്സിലോ സഞ്ചരിക്കുന്നതിന് ഒരിക്കലും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. ആരുടെ മുന്നിലും നട്ടെല്ലു വളയ്ക്കാത്ത, തലകുനിക്കാത്ത തലയുയർത്തി നിന്നിരുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അവസാനം വരെ പൊതു പ്രവർത്തനരംഗത്ത് തല ഉയർത്തി നിൽക്കാൻ കഴിഞ്ഞതിൽ തന്നെ അദ്ദേഹത്തിന് പൂർണ്ണ സംതൃപ്തിയും ആത്മാഭിമാനവുമുണ്ടായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ ദിവാൻ രാജഗോപാലാചാരിയുടെ പുത്രനായ വരദരാജൻ നായർ, സ്വദേശാഭിമാനിയുടെ ചിതാഭസ്മം ഏറ്റുവാങ്ങി തന്റെ തലയിൽ ചുമന്നു കൊണ്ട് തിരുവനന്തപുരം എ.ജി.എസ്. ഓഫീസിനു മുമ്പിൽ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയെന്നുള്ളത് ഒരു ചരിത്ര നിയോഗമായി കാണേണ്ടതുണ്ട്. അങ്ങനെ തിരുവിതാംകൂറിന്റെയും തിരു-കൊച്ചിയുടെയും കേരളത്തിന്റെയും രാഷ്ട്രീയ രംഗത്ത് നിരവധി ഋതുഭേദങ്ങൾക്ക് സാക്ഷ്യം വഹിച്ച എസ്. വരദരാജൻ നായരുടെ നൂറാം ജന്മവാർഷികം 2014 ഒക്ടോബർ 28 മുതൽ ഒരു വർഷക്കാലം ജന്മശതാബ്ദി ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയാണ്. ❍

ഇ.ടി. മുഹമ്മദ് ബഷീർ



7, 9, 10, 11 കേരള നിയമസഭകളിൽ അംഗം.
15, 16-ാം ലോക്സഭകളിൽ അംഗം.
1991-1996, 2004-2006 കാലയളവിൽ
സംസ്ഥാന വിദ്യാഭ്യാസ മന്ത്രി.

# അസംബ്ലിയോ – പാർലമെന്റോ ഏതാണ് നല്ലത്?

എന്നോട് അടുത്ത കാലത്ത് പലരും ചോദിക്കുന്ന കാര്യമാണിത്. അത് വിശദമായി പറയേണ്ട ഒരു സംഗതി ആയത് കൊണ്ട് 'രണ്ടും രണ്ടാണ്' എന്ന ഒരു മറുപടി പറഞ്ഞ് ഒഴിയാറാണ് പതിവ്. രണ്ടിന്റെയും വിലയിരുത്തൽ തമ്മിൽ നമ്മുടെ പ്രായവ്യത്യാസത്തിന്റെ സ്വാധീനതയാണ് പ്രധാനമെന്നതാണ് എന്റെ ആദ്യത്തെ നിരീക്ഷണം. ഒരു അമ്പത് വയസ്സിന് ഏകദേശം താഴെ എപ്പോഴും കൂടുതൽ ഇഷ്ടപ്പെടാൻ സാധ്യത അസംബ്ലിയും പിന്നയങ്ങോട്ട് മേലെ പാർലമെന്റുമാണ് എന്നെനിക്കു തോന്നുന്നു. നന്നേ ചെറുപ്പമാകുമ്പോഴത്തെ രാഷ്ട്രീയമെന്നത് ഒരു പൊരിഞ്ഞു കളിക്കുന്ന ഭാവമാണ്. പ്രായത്തിന്റെ ത്രില്ലാണ് അതിന്റെ കൗതുകവും ചടുതലയും. രാഷ്ട്രീയത്തിലെ തന്റെ നാളേക്ക് ശില പാകുന്ന കാലവും തന്നെ താനാക്കുന്ന കാലവും അത് തന്നെ. മലയാളക്കരയിലൂട നീളം നിറഞ്ഞു നിൽക്കുന്ന ഒരു പൊളിറ്റിക്കൽ ഗ്ലാമർ ബോയ് പിറവിയെടുക്കാനും വലിയ പെടാപാടൊന്നുമില്ല. എന്നാൽ കുറച്ചു പൊടികൈകളും കുറച്ചല്ലാത്ത പുഷിംഗും ഉണ്ടായാൽതന്നെ അത് മതി ധാരാളം. സംസ്ഥാന രാഷ്ട്രീയത്തിൽ ഉന്നതികളിൽ എത്തുന്നത് രണ്ട് തരക്കാരാണ്. ഒരു കൂട്ടർ പടികൾ കയറി ചവിട്ടി ചവിട്ടി കിതച്ചും കഷ്ടപ്പെട്ടും മുകളിൽ എത്തുന്നു-മറ്റൊരു കൂട്ടരാകട്ടെ ലിഫ്റ്റിൽ കയറി ഒട്ടു കിതപ്പില്ലാതെ എന്നാൽ കണ്ണഞ്ചിപ്പിക്കുന്ന വേഗതയിൽ ടോപ് ഫ്ളോറിൽ എത്തുന്നു. അവർ ജസ്റ്റ് വിരൽ കൊണ്ട് ഒരു ബട്ടൺ അമർത്തുകയേ ചെയ്യുന്നുള്ളൂ. മാത്രമല്ല 'അവന് ജീവിക്കാനറിയാം' എന്ന ഒരു സർട്ടിഫിക്കറ്റും നാട്ടുകാർ നൽകുന്നു. ഇനി ഇപ്പോൾ വല്ല നിയമസഭയിലോ മറ്റോ എത്തിയാൽ തന്നെ "ഞാനിവിടെ ഉണ്ടെന്ന്" തെളിയിക്കാൻ വലിയ മെനക്കേടൊന്നും വേണ്ടിവരില്ല.

പൊതുപ്രവർത്തനം ഗൗരവമായി എടുക്കുന്നവർക്കും





ഒരു കണക്കിന് നല്ലത് അസംബ്ലി തന്നെയാണ്. ഒട്ടനവധി ജനങ്ങളുമായി അനുദിനം ബന്ധപ്പെടാനുണ്ടാകും. നൂറു കൂട്ടം കാര്യങ്ങളും 24 മണിക്കൂറുണ്ടായാലും സമയം പോരെന്ന ഒരു തോന്നലും മണ്ഡലത്തിൽ എന്നും ഓരോ കാര്യങ്ങൾ ചെയ്തു തീർക്കുന്നതിന്റെ ഒരു സുഖം അങ്ങിനെ പലതും. അതിനും പുറമേ ഒരു പത്തിരുപത്തി യഞ്ച് ചാനലുകളും. കടലിൽ തിരയൊഴിഞ്ഞ നേരമില്ല എന്ന നിലയിലാണ് ചാനലുകളിലെ വാർത്തയും രാഷ്ട്രീയ പ്രത്യേക പരിപാടികളും സംവാദങ്ങളും.

ഡൽഹിയിലെ ചാനലുകൾ വിചാരിച്ചാലും അത്യാവശ്യം വേണ്ടവരെ ചാനലിൽ കിടത്തി മണ്ണിട്ടു മൂടാനും അതിനൊക്കെയുള്ള വിദ്യകളും അവരുടെ കൈവശവുമുണ്ട്. വ്യക്തിഹത്യയും തേജോവധവും ചിത്രവധവും ഒക്കെ ചാനലുകൾ ചെയ്യുമ്പോൾ ജീവൻ നിലനിറുത്തി പോരുന്നത് എളുപ്പമുള്ള പണിയല്ല.

പാർലമെന്റിന്റെ മറ്റൊരു കാര്യം പറഞ്ഞാൽ അതിന്റെ കെട്ടിടം പോലെത്തന്നെ ഘനഗംഭീരമാണ് അതിന്റെ ഭാവവും എന്നതാണ്. വിശാലമായ ഒരു ക്യാൻവാസിൽ വരക്കുന്ന നിങ്ങളുടെ ഒരു ചിത്രത്തിന് ഒരു ദേശീയ മിഴിവ് ഉണ്ടാക്കുക എന്നത് ദുഷ്ക്കരമായ ജോലിയാണ്. പാർലമെന്റിൽ എത്താനുള്ള വഴികളും കുറച്ചു ദുഷ്ക്കരം തന്നെ. പാർലമെന്റിൽ ഒരു പ്രസംഗം നടത്തണമെങ്കിൽ നന്നായി ഹോംവർക്ക് ചെയ്യാൻ ഒരംഗം നിർബന്ധിതനായിരിക്കും. വേറൊരു കാര്യം അസംബ്ലിയിലെ അംഗങ്ങൾക്കിടയിലുള്ള ഇന്റിമസി പാർലമെന്റ് അംഗങ്ങൾക്കിടയിലുണ്ടാവില്ല. എല്ലാ അംഗങ്ങളേയും പരസ്പരം അറിയുന്നവർ തന്നെ നന്നേ ചുരുക്കം. സമയത്തിന്റെ കാര്യത്തിൽ അസംബ്ലിയെ പോലെയല്ല. ഇഷ്ടം പോലെ സമയമുണ്ടല്ലോ എന്നൊരു തോന്നൽ. നന്നേ കുറച്ച് സന്ദർശകർ, ചോദ്യോത്തര സമയം കഴിഞ്ഞാൽ പിന്നെ ഹാജർ വളരെ കുറച്ച്. എല്ലാ അംഗങ്ങളേയും ഒരുമിച്ചു കാണുന്ന അപൂർവ്വ സന്ദർഭങ്ങൾ. പ്രവൃത്തി സമയം 11 മണിക്കാരംഭിക്കുന്നതു കൊണ്ട് എല്ലാ വിധ സജ്ജീകരണങ്ങളൊരുക്കാനും രാവിലെ മുതൽ തന്നെ ഒരുങ്ങിയാൽ മതി. ഒരു പത്ത് മണിയുടെയും പന്ത്രണ്ട് മണിയുടെയും ഇടയിൽ പാർലിമെന്റിന്റെ സെൻട്രൽ ഹാളിൽ പോയാൽ "ഇൻഡ്യയെ കണ്ടെത്താം".

സഭയിലെ ബഹളവും പ്രക്ഷോഭവും അവിടെയും ഇവിടെയും ഒരു പോലെ തന്നെ. പിന്നെ വെല്ലിൽ ഇറങ്ങുന്ന കാര്യം. അസംബ്ലിയിൽ വെല്ലിൽ ഇറങ്ങുന്നതിന്റെ ക്ലൈമാക്സ് സ്പീക്കറുടെ സീറ്റിലെത്തുന്നതുവരെയും മൈക് തട്ടി തെറിപ്പിക്കുന്നത് വരെയും എത്താം. അത്രയും പരാക്രമം പാർലമെന്റിൽ ഒരിക്കലും ഉണ്ടാവില്ല. സ്പീക്കറുടെ സീറ്റിന്റെ ചവിട്ടു പടിയിലോ കസേരയിലോ തൊടുന്നത് പോലുമില്ല.

ഡൽഹിയിലായാലും, തിരുവനന്തപുരത്തായാലും സ്പീക്കർ ഒരു ലോല ഹൃദയമുള്ള ആളാണെങ്കിലേ വെല്ലിൽ ഇറങ്ങാൻ മെമ്പർമാർ തുനിയാവൂ എന്നതാണ് എന്റെ അഭിപ്രായം. വെല്ലിൽ ഇറങ്ങുമ്പോൾ ഇനി എപ്പോൾ എങ്ങനെ കയറി പോകാൻ കഴിയും എന്ന് രണ്ട് വട്ടം ആലോചിക്കണം. അല്ലെങ്കിൽ അസംബ്ലിയായാലും പാർലമെന്റ് ആയാലും വെല്ലിൽ ഇറങ്ങുന്നത് പോലെ എളുപ്പമല്ല കയറൽ. 'എല്ലാം ഒന്ന് സ്വയം അനുഭവിച്ച് ഇഷ്ടമുള്ളപ്പോൾ കയറിപ്പോകട്ടെ' എന്ന് മനോഗതം ചെയ്യുന്ന ഒരു സ്പീക്കറാണെങ്കിൽ പിന്നെ അത് ഒരു കഷ്ടപ്പെട്ട ജോലിയാണ്.

അസംബ്ലിയിലും പാർലമെന്റിലും നടപടിക്രമം ഏറെക്കുറെ ഒന്നാണ്. പോയന്റ് ഓഫ് ഓർഡർ പാർലമെന്റിൽ നന്നേ കുറവാണ്. തടസ്സവാദങ്ങളും ദുർലഭം. ശക്തറും കൗളും വല്ലപ്പോഴെങ്കിലും വന്നെങ്കിലായി. ശൂന്യവേളയിൽ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് പാർലമെന്റിൽ മറുപടി പറയുന്നില്ല. ഒരു ദിവസം ഏകദേശം 15 മുതൽ 20 വരെ ശൂന്യവേളയിലെ സബ്മിഷൻ ഉണ്ടാവൂ, മറുപടി പിന്നെ എഴുതി കിട്ടും.

റൂൾ 377 പ്രകാരം ഒരംഗത്തിന് പ്രധാന പ്രശ്നം ഉന്നയിക്കാനും അവസരമുണ്ട്. അത് ടെക്സ്റ്റിൽ എഴുതിയത് വായിക്കും. ടെക്സ്റ്റ് ആവട്ടെ 150 പദത്തിൽ കവിയരുത്. പ്രമേയ ചർച്ചയിൽ പങ്കെടുക്കുന്നത് നറുക്കിൽ പേര് കിട്ടിയവരല്ല. സമയം പാർട്ടികൾക്ക് അപ്പോൾ നൽകുകയാണ്. പാർലമെന്റിലെ പ്രസംഗത്തിന്റെ സമയ ക്ലിപ്തത ഏറെക്കുറെ കൃത്യമാണ്. പക്ഷേ നിയമ നിർമ്മാണ പ്രക്രിയയിൽ പ്രത്യേകം താൽപര്യമുള്ളവർ മാത്രം താൽപര്യം കാണിക്കുന്ന പ്രവണത രണ്ടിടത്തും ഒരു പോലെ തന്നെ. പാർലമെന്റിൽ ശരാശരി 5 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ ഫ്ളോറിൽ വരുന്നു. നക്ഷത്രമിടാത്ത 230 ചോദ്യങ്ങളും എല്ലാ ദിവസവും ഉണ്ടാവും. ചോദ്യം ചോദിക്കുന്നതിന് മുമ്പ് ചോദ്യത്തിനാധാരമായ പശ്ചാത്തലം വിശദീകരിക്കുന്നതിന് പാർലമെന്റിൽ കൂടുതൽ സമയം കിട്ടുന്നുണ്ട്. അസംബ്ലിയിലെ ഒരു സബ്മിഷന്റെ പ്രയോജനമാണ് ഓരോ ചോദ്യവും കൊണ്ട് പാർലമെന്റിൽ കിട്ടുന്നത്. ലിസ്റ്റിൽ പെടാത്തവർക്ക് ഉപചോദ്യം കിട്ടാൻ വളരെ ബുദ്ധി

മുട്ടാണ്. 540 ൽ പരം അംഗങ്ങളുടെ ഇടയിൽ നിന്ന് സ്പീക്കറുടെ കണ്ണിൽ പെട്ടുകിട്ടിയാൽ ഭാഗ്യം.

പാർലമെന്റിൽ നടപടികൾ അവസാനിക്കുന്നതിനുള്ള നിശ്ചിത സമയം  വൈകുന്നേരം 6 മണിയാണ്. അതിലപ്പുറം നീണ്ടു പോകുന്നപക്ഷം സ്പീക്കർ സഭയുടെ സമ്മതം എടുക്കുന്നു. പിന്നെ പഠനത്തിനും ഗവേഷണത്തിനും പാർലമെന്റിലുള്ള സൗകര്യം വളരെ ബൃഹത്താണ്. നമ്മുടെ അസംബ്ലി ലൈബ്രറിയും എത്രയോ നല്ലതാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അസംബ്ലി ലൈബ്രറിയിൽ മെമ്പർമാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിലുള്ള ലൈബ്രേറിയന്മാരുടെ കഴിവിൽ എനിക്ക് വലിയ മതിപ്പ് തോന്നിയിട്ടുണ്ട്. നമ്മുടെ ലൈബ്രറിയിലെ ലൈബ്രേറിയന്മാരുടെ നല്ല മയമുള്ള പെരുമാറ്റവും എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്.

ഞാൻ ഇവിടെ അസംബ്ലിയിൽ ഉണ്ടായിരുന്നപ്പോഴും ഇപ്പോൾ പാർലമെന്റിൽ ആയപ്പോഴും ലൈബ്രറി കുറേ സമയം ഉപയോഗിച്ചിരുന്നു. ഒരു ജനപ്രതിനിധി ഏറ്റവും ഇഷ്ടപ്പെടുന്ന ഒരു ഇടം ലൈബ്രറി തന്നെയാവണം. എത്ര നമുക്ക് അറിയാവുന്ന കാര്യമാണെങ്കിലും ഒന്നു പുതുക്കി വായിക്കുന്നത് നല്ലതാണ്. വായിച്ച് നോട്ട് കുറിച്ച് പ്രസംഗിക്കുന്നതും അല്ലാത്തതും തമ്മിലുള്ള അന്തരം നമ്മുടെ പെർഫോർമൻസുമായി നമ്മൾ തന്നെ താരതമ്യപ്പെടുത്തിയാൽ മതിയാവും.

പാർലമെന്റ് ലൈബ്രറിയെ ലോക വിജ്ഞാനത്തിലേക്കുള്ള ഒരു ജാലകം എന്ന് വിളിച്ചാൽ പോലും അധികമാവില്ല. സൂര്യന് താഴെയുള്ള എന്തിനെക്കുറിച്ചും എന്തു ചോദിച്ചാലും കൃത്യമായി എല്ലാ വിവരവും ഒരു ഭംഗിയുള്ള ഫോൾഡറിലാക്കി നമുക്ക് തരും. പിരിയോഡിക്കൽസാവട്ടെ ലോകത്തിന്റെ എല്ലാ രാജ്യങ്ങളുടേതുമുണ്ട്. ഇന്ത്യൻ ഭാഷകളിലുള്ള ഒട്ടനവധി പ്രസിദ്ധീകരണങ്ങൾ, അംഗങ്ങൾക്ക് ഉപയോഗിക്കാൻ ഇഷ്ടം പോലെ കമ്പ്യൂട്ടറുകളും ഉണ്ട്.

സബ്കമ്മിറ്റിയുടെ കേരളത്തിന്റെ മാതൃക ഇന്ത്യൻ നിയമ നിർമ്മാണ സഭയുടെ ചരിത്രത്തിൽ തന്നെ ശ്രദ്ധേയമാണല്ലോ. പാർലമെന്റിലേതും അതുപോലെതന്നെ–സബ്ജക്റ്റ് കമ്മിറ്റിയുടെ അതേ സ്വഭാവം തന്നെയാണ് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിക്കുമുള്ളത്. ഇത്തരം കമ്മിറ്റികളുടെ ചർച്ചയിലും ഹിന്ദിക്ക് ഇംഗ്ലീഷിലേക്കും മറിച്ചും ഓഡിയോ സംവിധാനങ്ങളുമുണ്ട്. പാർലമെന്റിൽ മിക്കവാറും പേർ ഹിന്ദിയിൽ സംസാരിക്കുന്നു. ഏകദേശം ഒരു 75% പേർ. ബാക്കിയുള്ളവർ ഇംഗ്ലീഷിലും ഭരണഘടന അംഗീകരിച്ച ഏത് ഭാഷയിലും സംസാരിക്കാം–സ്പീക്കർക്ക് നേരത്തെ എഴുതി കൊടുക്കണമെന്ന് മാത്രം. ലോകത്തിൽ തന്നെ മുഴുവൻ സമയവും (24X7) പ്രവർത്തിക്കുന്ന ഏക പാർലമെന്ററി ചാനൽ നമ്മുടെ ലോക്സഭ ടിവി ആണ്. എല്ലാ ദിവസവും പല വിഷയങ്ങളിലായി രണ്ടും മൂന്നും അംഗങ്ങൾ ഉൾപ്പെടുന്ന ചാനൽ ചർച്ചയുമുണ്ടാകും. സഭ നടക്കുന്ന എല്ലാ ദിവസവും രാവിലെ അന്നത്തെ അജണ്ടയെക്കുറിച്ചും സഭക്ക് ശേഷം സഭാവലോകനമായും കൂടാതെ ആനുകാലിക വിഷയങ്ങൾ, പാർലമെന്റ് അനുഭവങ്ങൾ എന്നിവ സംബന്ധിച്ചുമെല്ലാം ചർച്ചകൾ നടക്കുന്നു. ചർച്ചയിൽ പങ്കെടുക്കുന്ന എം.പി.മാർക്ക് നല്ല കാശും കിട്ടും. 1500 മുതൽ 2500 രൂപ വരെ. എല്ലാ സമയങ്ങളിലും വളരെ നല്ല ഒരു ചാനലാണിത്. പുതിയ തലമുറ പ്രത്യേകിച്ചും രാഷ്ട്രീയ പ്രവർത്തകന്മാർ സൂക്ഷ്മമായി നിരീക്ഷിക്കേണ്ട കാര്യവുമാണിത്.

ഒരു പക്ഷേ ലോകത്തിലെ ഏറ്റവും നല്ല വെബ്സൈറ്റ് ആണ് പാർലമെന്റിന്റേത്. (www.parliamentofindia.nic.in) പാർലമെന്റ് സംബന്ധിച്ച് ഒരംഗത്തിന് അറിയേണ്ട സകല കാര്യങ്ങളും ഇതിൽ ലഭ്യമാണ് A to Z എന്ന് വേണമെങ്കിൽ പറയാം. പൊതുവായ അറിവുകളോ വിവരങ്ങളോ കമ്മിറ്റി റിപ്പോർട്ടുകളോ പാർലമെന്റ് നടപടികളിലെ അനുദിന നടപടികളോ മാത്രമല്ല അംഗങ്ങളുടെ ലിസ്റ്റും ബയോഡാറ്റയുമെല്ലാം ഉണ്ട്.

ഓരോ അംഗത്തിന്റെയും ഹാജർ തങ്ങൾ കൊടുക്കുന്ന ചോദ്യത്തിന് ഏതെല്ലാം എടുത്തു, ഏതെല്ലാം എടുത്തില്ല, എടുക്കാതിരുന്നെങ്കിൽ എന്ത് കൊണ്ട് എന്നീ വിവരങ്ങളടക്കം ഇതിൽ ലഭ്യമാണ്. പാർലമെന്റിന്റെയും ഇന്ത്യയിലെ എല്ലാ അസംബ്ലികളുടേയും ഒരു വെബ്സൈറ്റ് പോർട്ടൽ ഉണ്ടായിരുന്നെങ്കിൽ എത്രയോ നന്നായിരുന്നേനേ.

കേരളവും കേന്ദ്രവും തമ്മിൽ ഭരണ ശൈലിയിൽ മൗലികമായ ഒരു വ്യത്യാസമുണ്ട്. ഇവിടെ എല്ലാറ്റിലും രാഷ്ട്രീയ ഇടപെടലുകളുണ്ട്. ഏത് കാര്യത്തിനും ഇവിടെ ശുപാർശകളുമുണ്ട്. മെരിറ്റ് മാത്രം ചെയ്തു നീങ്ങാൻ ഇവിടെ ഏത് തത്വവാദിയായ മന്ത്രിക്കും പ്രയാസമാണ്. പിന്നെ സ്പെഷ്യൽ ഓർഡറുകൾ ഇവിടെ എത്രയോ കൂടുതലാണ്. ക്യൂ തെറ്റിച്ചു പോകാൻ ഇവിടെ വളരെ എളുപ്പമാണ്. മന്ത്രിമാർ സെക്രട്ടറിമാരെ ദിവസം പലവട്ടം വിളിച്ച് വാക്കാൽ നിർദ്ദേശങ്ങൾ കൊടുക്കുന്നതും ഒരു സാധാരണ സംഗതിയാണ്.

ഇക്കാര്യത്തിൽ എത്രയോ ഗുണകരമാണ് കേന്ദ്ര ഭരണ സംവിധാനം. ഇടപെടൽ വളരെ ചുരുക്കമാണ്. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള തിക്കും തിരക്കും നന്നേ കുറവാണ്. സ്പെഷ്യൽ ഓർഡർ സമ്മർദ്ദം കാര്യമായൊന്നും വിലപോകില്ല. സെക്രട്ടറിതലത്തിൽ ചുമതലപ്പെടുത്തിയ അധികാരങ്ങൾ വളരെ ബൃഹത്താണ്. ഓഫീസിന്റെ പ്രവർത്തന ശൈലിയും തൊഴിൽ സംസ്കാരത്തിൽ തന്നെയും വ്യത്യാസമുണ്ട്. ഇവിടെ ഓഫീസ് സമയം മുഴുവൻ ഒരാൾ സീറ്റിലുണ്ടാവുക എന്നത് വിരളമാണ്. ഓഫീസിൽ വരുന്നത് തന്നെ വണ്ടിയുടെ വരവുമായും അതിന്റെ വൈകിയോട്ടവുമായും എല്ലാം ഇവിടെ ബന്ധപ്പെട്ട് കിടക്കുന്നു. ഡൽഹിയിലാവട്ടെ കൃത്യ സമയത്ത് എല്ലാവരും ഓഫീസിലെത്തുന്നു. ലഞ്ച് ഇടവേളയിൽ ഒരാളെയും വിളിച്ചാൽ കിട്ടില്ല. എന്നാൽ സീനിയർ ഓഫീസർമാർ രാത്രി 7 മണി മുതൽ 8 മണി വരെയെങ്കിലും സീറ്റിലുണ്ടാകും.

പിന്നെ ജീവിക്കാനുള്ള സുഖത്തിന്റെ കാര്യം ഈ ഭൂമുഖത്ത് തന്നെ നല്ലത് കേരളമാണ്. ഈ നാട്ടിന്റെ ഒരു കാലാവസ്ഥയും കാടും മേടും കവിത തുളുമ്പുന്ന ഭൂപ്രകൃതിയും സമാനതകളില്ലാത്തവയാണ്. ഡൽഹിയിൽ ഒന്നുകിൽ കടുത്ത ചൂട് – അല്ലെങ്കിൽ അതികഠിനമായ തണുപ്പ് – മിത ശീതോഷ്ണത നന്നേ കുറച്ച് നാളുകളിൽ മാത്രം.

എന്നിട്ടും നല്ലത് അസംബ്ലിയാണോ പാർലമെന്റാണോ എന്ന ചോദ്യം ബാക്കി നിൽക്കുന്നുണ്ട്. അത് സാരമില്ല. ഉത്തരം കിട്ടാത്ത ചോദ്യങ്ങളാണ് ഈ ലോകത്തിന്റെ തന്നെ നിലനിൽപ്പ്. ❍

ബിനോയ് വിശ്വം



11, 12 കേരള നിയമസഭകളിൽ അംഗവും 2006–2011 കാലയളവിൽ വനം-ഭവന നിർമ്മാണ വകുപ്പു മന്ത്രിയുമായിരുന്നു.

# ഒരു പഴയ ഓർമ്മ

വണ്ടിയപ്പുറം നിൽപ്പുണ്ട് പോകുവാൻ
മണിമുഴങ്ങി, ഞാൻ ഓടിത്തളർന്നുപോയ്.
പടികളീരണ്ടു ചാടിക്കടന്നാലേ
വണ്ടിയേറി ഞാൻ ലക്ഷ്യത്തിലെത്തിടൂ

ചിരികളോരോന്നുമെത്രയും പ്രിയതരം
പക്ഷേ ഞാനതു കാണുവാൻ നിന്നില്ല
അവരറിഞ്ഞുവോ, വണ്ടി കിട്ടാനെന്റെ
മനസിനുള്ളിലെ പുകിലും പിടച്ചിലും

ഒരു നറും ചിരിയ്ക്കായി നാം കാക്കുകിൽ
ഇല്ല, ആ ചിരി വന്നെന്നിരിക്കില്ല
കാത്തിരിക്കാത്ത വേളയിലാച്ചിരി
ഓടി നമ്മെപ്പിടിക്കുവാനെത്തിടും

ഇല്ല നിൽക്കുവാൻ നേരമില്ലൊട്ടുമേ
നിന്നുപോവുകിൽ യാത്ര മുടങ്ങിടും
എൻ മുഖത്തെ പിരിമുറുക്കം നിങ്ങൾ
കണ്ടിരുന്നെങ്കിലെന്നു ഞാനാശിച്ചു.

പടികൾ മൂന്നാലു ബാക്കിയുണ്ടിപ്പോഴും
അപ്പോഴെൻ കണ്ണിലാക്കാഴ്ച കണ്ടു ഞാൻ
കുഞ്ഞുവാവയെ ഒക്കത്തെടുത്തു കൊണ്ടമ്മ-
യാമൊരാൾ നിൽക്കയാണെൻ മുന്നിൽ

യൗവനം വന്നുദിയ്ക്കാത്ത ബാലിക
തെരുവ് വീടായി മാറ്റേണ്ടിവന്നവൾ
അച്ഛനാരെന്നറിയാത്ത കുഞ്ഞിനെ
നൊന്തുപെറ്റോരമ്മയാണിന്നവൾ

കണ്ണിലൊട്ടും തിളക്കമില്ലാ മുഖം
കുഞ്ഞുനാളിലെ വാടിക്കരിഞ്ഞുപോയ്
എത്ര പക്വം, നിസംഗതയ്ക്കിത്രമേൽ
പ്രായമെത്തിയോയെന്നു ഞാനോർത്തുപോയ്

എത്ര ചോദ്യങ്ങളുത്തരം കിട്ടാതെ
വാഴ്‌വിടങ്ങളിൽ പൂണ്ടു പുതഞ്ഞുപോയ്
ആ ഗണത്തിലെ മറ്റൊരു ചോദ്യമായ്
എന്റെ മുമ്പിൽ ഒരേ നിൽപ്പു നിന്നവൾ

അവളെ നോക്കാതിരിക്കുവാനാകില്ല
എന്റെ മോൾക്കുമിതേ പ്രായമല്ലയോ
മുമ്പിൽ വണ്ടി അനങ്ങിത്തുടങ്ങുന്നു
എന്റെ കാലിന്നനക്കം നിലച്ചുവോ?

## പ്രൊഫ: സാവിത്രി ലക്ഷ്മണൻ



9, 10 ലോക്സഭകളിലും
10, 11 കേരള നിയമസഭകളിലും
അംഗമായിരുന്നു.

# വനിതകൾ ആകെ എട്ട്

ഇരുപത് ലോകസഭാ മണ്ഡലങ്ങളാണ് നമുക്കിപ്പോഴുള്ളത്. പേരുമാറി യും അതിർത്തി മാറിയും പല കാലങ്ങളിലായി 12 മണ്ഡലങ്ങൾ അപ്രത്യക്ഷമായിക്കഴിഞ്ഞു. അവ മഞ്ചേരി, ഒറ്റപ്പാലം, മുകുന്ദപുരം, അടൂർ, ചിറയിൻകീഴ്, തലശ്ശേരി, കൊടുങ്ങല്ലൂർ, അമ്പലപ്പുഴ, നാഗർകോവിൽ, മീനച്ചിൽ, തിരുവല്ല, പീരുമേട് എന്നിവയാണ്. മലപ്പുറം 1952-ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അപ്രത്യക്ഷമായെങ്കിലും 2009-ലെ തെരഞ്ഞെടുപ്പോടുകൂടി തിരിച്ചു വന്നു. 1952നു ശേഷം 2014 വരെയുള്ള കാലയളവിൽ ഇപ്രകാരമുണ്ടായിട്ടുള്ള 32 നിയോജക മണ്ഡലങ്ങളിലായി തെരഞ്ഞെടുപ്പുകൾ നടന്നത് 16 ലോകസഭകളിലേയ്ക്കാണ്. നാളിതുവരെ നാല് മണ്ഡലങ്ങളിൽ ദ്വയാംഗ തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. 1952ൽ പൊന്നാനിയിലും 1957-ൽ പാലക്കാട്ടും 1952-ലും 1957ലും കൊല്ലം, മാവേലിക്കര എന്നിവ സംയുക്തമായി പരിഗണിച്ചും ആണ് ദ്വയാംഗ തെരഞ്ഞെടുപ്പുകൾ നടന്നത്. 1970-ൽ മുകുന്ദപുരത്തും 1997-ലും 2003ലും എറണാകുളത്തും 1955-ൽ മീനച്ചിലിലും ഉപതെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. എല്ലാം കൂടി നോക്കുമ്പോൾ, 16 ലോകസഭകളിലേയ്ക്കായി 1952 തൊട്ട് 2014 വരെ 316 എം.പി.മാർ കേരളത്തിൽ നിന്ന് സത്യപ്രതിജ്ഞ ചെയ്തു കഴിഞ്ഞു. 316 സത്യപ്രതിജ്ഞ കഴിയുമ്പോൾ 165 വ്യക്തികൾക്കാണ് പ്രസ്തുത അവസരം ലഭിച്ചത്. 90 പേർ ഒറ്റപ്രാവശ്യം സത്യപ്രതിജ്ഞ ചെയ്തവരും 75 പേർ ഒന്നിലധികം പ്രാവശ്യം ആ കർമ്മം നിർവ്വഹിച്ചവരുമാണ്. അഥവാ ഈ 75 പേർ ആണ് 226 സത്യപ്രതിജ്ഞകളിലെയും നായകന്മാർ. കേരളത്തിൽ നിന്ന് ലോകസഭയിൽ കടന്നിരുന്ന 165 വ്യക്തികളിൽ 8 പേർ മാത്രമേ സ്ത്രീകൾ ഉള്ളൂ.

ലോകസഭയിലേക്ക് നാളിതുവരെ 316 വിജയികളെ കണ്ടെത്തിയ കേരളത്തിന് വെറും 12 പ്രാവശ്യമാണ് വനിതകളെ വിജയിപ്പിക്കാനായത്. 12 തെരഞ്ഞെടുപ്പു വിജയങ്ങളിലൂടെ 8 സ്ത്രീകൾ ലോകസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. സുശീലാ ഗോപാലൻ, പ്രൊഫ: സാവിത്രി ലക്ഷ്മണൻ, എ.കെ. പ്രേമജം എന്നിവർ മാത്രമാണ് സ്ത്രീകളിൽ ഒന്നിലധികം പ്രാവശ്യം വിജയിച്ചത്. 5 തെരഞ്ഞെടുപ്പുകളിൽ മത്സരിച്ചിട്ടാണ് സുശീലാ ഗോപാലൻ 3 വിജയം കണ്ടത്. മത്സരിക്കാൻ അവസരം കിട്ടിയ 2 തവണകളിലും ജയിച്ചവരാണ് പ്രൊഫ: സാവിത്രി ലക്ഷ്മണനും, എ.കെ. പ്രേമജവും.

## മഹാസാഗരത്തിലെ മണൽത്തരികൾ

വിവിധ മണ്ഡലങ്ങളിലൂടെ വിവിധ വർഷങ്ങളിലായി 316 തെരഞ്ഞെടുപ്പുകൾ നടന്നപ്പോൾ 9 ലോകസഭകളിലേക്ക് 10 സ്ത്രീകളെ മാത്രമേ കോൺഗ്രസ്സ് മത്സരരംഗത്ത് ഇറക്കിയുള്ളൂ. ഒരേ ഒരാൾക്കു മാത്രമേ വിജയിക്കാൻ കഴിഞ്ഞുള്ളൂ. 10 ലോകസഭാ തെരഞ്ഞെടുപ്പുകളിലൂടെ 7 സ്ത്രീകളാണ് സി.പി.എമ്മിലൂടെ ലോകസഭാ തെരഞ്ഞെടുപ്പിന്റെ ചൂടറിഞ്ഞത്. പക്ഷേ, അവരിൽ 5 പേരും ലോകസഭയിലെത്തി. സി.പി.ഐ. ആകട്ടെ, 4 ലോകസഭാ തെരഞ്ഞെടുപ്പുകളിലേക്ക് 4 സ്ത്രീകളെ രംഗത്തിറക്കി നോക്കി. ഒരേ ഒരാൾ മാത്രം ഈ പാർട്ടിയിൽ നിന്ന് ജയിച്ചു കയറി. സ്വതന്ത്രരായി ഇടയ്ക്കിടയ്ക്ക് ചിലരെങ്കിലുമൊക്കെ പരീക്ഷണത്തിനിറങ്ങിയെങ്കിലും 1952-ൽ ഒരാൾക്ക് ജയിക്കാൻ സാധിച്ചതു മാത്രമാണ് നേട്ടം. അപ്രകാരം കോൺഗ്രസ്സിൽ നിന്ന് 1, സി.പി.എമ്മിൽ നിന്ന് 5, സി.പി.ഐ.യിൽ നിന്ന് 1, സ്വതന്ത്ര 1 എന്നിപ്രകാരം 8 സ്ത്രീകൾ മാത്രമേ, നാളിതുവരെ കേരളത്തിൽ നിന്ന് ലോകസഭയ്ക്കകത്ത് കയറിയിട്ടുള്ളൂ എന്നത് സാക്ഷര കേരളത്തിന് അപമാനമാണ്. വിവിധ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച സ്ത്രീകളുടെ വിശദ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു:

| രാഷ്ട്രീയ പാർട്ടി | വർഷം | മണ്ഡലം | സ്ഥാനാർത്ഥിയുടെ പേര് | തെരഞ്ഞെടുപ്പു ഫലം |
|---|---|---|---|---|
| കോൺഗ്രസ്സ് | 1962 | കൊല്ലം | സരോജിനി | തോറ്റു |
| ,, | 1967 | മഞ്ചേരി | എ.എൻ.ബീവി | ,, |
| ,, | 1989 | മുകുന്ദപുരം | പ്രൊഫ. സാവിത്രി ലക്ഷ്മണൻ | ജയിച്ചു |
| ,, | 1991 | ,, | പ്രൊഫ. സാവിത്രി ലക്ഷ്മണൻ | ജയിച്ചു |
| ,, | 1996 | ഒറ്റപ്പാലം | കെ.കെ.വിജയലക്ഷ്മി | തോറ്റു |
| ,, | 1999 | പാലക്കാട് | എം.ടി. പത്മ | തോറ്റു |
| ,, | 2004 | വടകര | ,, | ,, |
| ,, | ,, | ഒറ്റപ്പാലം | കെ. എ. തുളസി | ,, |
| ,, | ,, | മുകുന്ദപുരം | പത്മജ വേണുഗോപാൽ | ,, |
| ,, | 2009 | കാസർകോട് | ഷാഹിദാ കമാൽ | ,, |
| ,, | 2014 | ആറ്റിങ്ങൽ | ബിന്ദു കൃഷ്ണ | ,, |
| ,, | ,, | ആലത്തൂർ | ഷീബ | ,, |
| സി.പി.എം. | 1967 | അമ്പലപ്പുഴ | സുശീല ഗോപാലൻ | ജയിച്ചു |
| ,, | 1971 | ,, | ,, | തോറ്റു |
| ,, | 1980 | ആലപ്പുഴ | ,, | ജയിച്ചു |
| ,, | 1989 | ചിറയിൻകീഴ് | ,, | തോറ്റു |
| ,, | 1991 | ,, | ,, | ജയിച്ചു |
| ,, | 1998 | ആലപ്പുഴ | സി.എസ്. സൂജാത | തോറ്റു |
| ,, | ,, | വടകര | എ.കെ. പ്രേമജം | ജയിച്ചു |
| ,, | 1999 | ,, | ,, | ,, |
| ,, | 2004 | മാവേലിക്കര | സി.എസ്. സുജാത | ജയിച്ചു |
| ,, | ,, | വടകര | പി. സതീദേവി | ,, |
| ,, | 2009 | ,, | ,, | തോറ്റു |
| ,, | ,, | എറണാകുളം | സിന്ധു ജോയ് | ,, |
| ,, | 2014 | മലപ്പുറം | പി.കെ. സൈനബ | ,, |
| ,, | ,, | കണ്ണൂർ | പി.കെ. ശ്രീമതി ടീച്ചർ | ജയിച്ചു |
| സി.പി.ഐ. | 1971 | അടൂർ | ഭാർഗ്ഗവി തങ്കപ്പൻ | ജയിച്ചു |
| ,, | 1989 | തൃശ്ശൂർ | പ്രൊഫ: മീനാക്ഷി തമ്പാൻ | തോറ്റു |
| ,, | 1991 | അടൂർ | ഭാർഗ്ഗവീ തങ്കപ്പൻ | ,, |
| ,, | ,, | തിരുവനന്തപുരം | ഇ.ജെ. വിജയമ്മ | ,, |
| ,, | 1998 | പൊന്നാനി | മിനു മുംതാസ് | ,, |
| സ്വതന്ത്രർ | 1952 | തിരുവനന്തപുരം | ആനി മസ്ക്രീൻ | ജയിച്ചു |
| ,, | 1957 | ,, | ,, | തോറ്റു |
| ബി.ജെ.പി. | 1989 | മഞ്ചേരി | അഹല്യ ശങ്കർ | ,, |
| ,, | ,, | തൃശ്ശൂർ | രമ രഘുനന്ദനൻ | ,, |
| ,, | 1998 | പൊന്നാനി | അഹല്യ ശങ്കർ | ,, |
| ,, | 1991 | മഞ്ചേരി | ,, | ,, |
| ,, | 1999 | എറണാകുളം | ടി.ഡി. രാജലക്ഷ്മി | ,, |
| ,, | 1998 | കൊല്ലം | റെയ്ച്ചൽ മത്തായി | ,, |
| ,, | 1998 | മഞ്ചേരി | സുമതി ഹരിദാസ് | ,, |
| ,, | 1991 | പാലക്കാട് | രമ എസ്. മേനോൻ | ,, |
| ,, | 1998 | ആലപ്പുഴ | ടി.എൽ. രാധമ്മ | ,, |
| ,, | 2014 | പാലക്കാട് | ശോഭാ സുരേന്ദ്രൻ | ,, |
| ബി.എൽ.ഡി | 1977 | കോഴിക്കോട് | എം. കമലം | ,, |
| ബി.എസ്.പി. | 1991 | അടൂർ | എൻ. കെ. മീനാക്ഷിയമ്മ | ,, |
| ജെ.ഡി.യു | 1989 | കോട്ടയം | ജയലക്ഷ്മി | ,, |
| ,, | 1999 | കൊല്ലം | ,, | ,, |


ആനി മസ്ക്രീൻ


സുശീല ഗോപാലൻ


ഭാർഗ്ഗവി തങ്കപ്പൻ


പ്രൊഫ: സാവിത്രി ലക്ഷ്മണൻ


എ.കെ. പ്രേമജം

പട്ടിക വളരെ വ്യക്തമാണല്ലോ. കോൺഗ്രസ്സിൽ നിന്ന്, മത്സരിക്കാൻ അവസരം കിട്ടിയ രണ്ടു പ്രാവശ്യവും ജയിച്ചു കയറിയ പ്രൊഫ: സാവിത്രി ലക്ഷ്മണൻ മാത്രമേ ലോക സഭ കണ്ടുള്ളൂ. സി.പി.എമ്മിൽ നിന്ന് 5 മത്സരങ്ങളിൽ മൂന്നിലും ജയിച്ച സുശീലാ ഗോപാലനും മത്സരിച്ച 2 പ്രാവ ശ്യവും വിജയിച്ച എ.കെ. പ്രേമജവും ഓരോ പ്രാവശ്യം വീതം ജയിക്കുകയും തോൽക്കുകയും ചെയ്ത പി. സതീ ദേവിയും സി.എസ്. സുജാതയും മത്സരിച്ച ആദ്യ പ്രാവശ്യം തന്നെ ജയിച്ച പി.കെ. ശ്രീമതി ടീച്ചറും എം.പി. മാരായി. സി.പി.ഐ.യിൽ നിന്ന് 2 പ്രാവശ്യം മത്സരിച്ചെ ങ്കിലും ഒരു പ്രാവശ്യം ജയിച്ച ഭാർഗ്ഗവി തങ്കപ്പനു മാത്രം എം.പി. ആകാൻ കഴിഞ്ഞു. 2 പ്രാവശ്യം മത്സരിച്ച് ഒരു പ്രാവശ്യം വിജയിച്ച ആനി മസ്ക്രീന്റെ പേര് കൂടിയാകു മ്പോൾ 62 കൊല്ലങ്ങൾ കൊണ്ട് 8 കേരള വനിതകൾ ലോകസഭയെന്ന നിയമനിർമ്മാണ സഭയിലെത്തി എന്നു പറയാം.

കൊല്ലം, ഇടുക്കി, കോട്ടയം, മൂവാറ്റുപുഴ, എറണാകുളം, തൃശ്ശൂർ, ഒറ്റപ്പാലം (ആലത്തൂർ), പാലക്കാട്, പൊന്നാനി, മഞ്ചേരി (മലപ്പുറം), കോഴിക്കോട്, കാസർകോട് എന്നീ 12 ലോക്സഭാ മണ്ഡലങ്ങളിൽ നിന്ന് ഇതുവരെ ഒരു സ്ത്രീയും ലോകസഭ കണ്ടിട്ടില്ല. അഥവാ കേരളത്തിലെ 5 കോർപ്പറേഷനുകൾ ഉൾപ്പെടുന്ന 5 ലോകസഭാ മണ്ഡ ലങ്ങളിൽ തിരുവനന്തപുരത്തു നിന്നല്ലാതെ മറ്റൊരിടത്തു നിന്നും ഒരു സ്ത്രീ ജയിച്ചു കയറിയിട്ടില്ല. തിരുവനന്തപു രത്താകട്ടെ, അത്ഭുതകരമായ ഒരു ജയം ഉണ്ടായത് 1952-ൽ മാത്രമാണു താനും. ഈ അഞ്ചിടങ്ങളിലും കൂടി 84 തെര ഞ്ഞെടുപ്പുകൾ നടന്നു. ഒരു സ്ത്രീ ഉൾപ്പെടെ 45 പേരാണ് ജയിച്ച വ്യക്തികൾ. ജയിച്ച ഈ 45 പേരിൽ 26 പുരുഷ ന്മാരും പല പ്രാവശ്യം എതിരാളികളെ കീഴടക്കിയവരാണ്. കൃത്യമായി കണക്കറിയിച്ചാൽ ഈ 26 പേർ ചേർന്നാണ് 65 പ്രാവശ്യം 5 മണ്ഡലങ്ങളിലെ വിജയം ആഘോഷി ച്ചത്. നഗരങ്ങളുടെ നാലതിർത്തിക്കുള്ളിൽ നാണം കൊണ്ട് മറഞ്ഞു നിൽക്കുകയല്ല സ്ത്രീകൾ എന്നു വളരെ വ്യക്തം. അപ്പോൾപ്പിന്നെ സ്ത്രീകൾ ഇല്ലാതെ പോയത് എന്തു കൊണ്ട്?

കേരളത്തിലാകെക്കൂടി ഒന്നിലധികം പ്രാവശ്യം ലോക സഭയിലേക്കു വിജയിച്ച സ്ത്രീകൾ 3 മാത്രമായിരിക്കേ, ഈ അവസരം ലഭിച്ച പുരുഷന്മാരുടെ എണ്ണം 72 ആണ്. ഒറ്റപ്രാവശ്യം മാത്രം ജയിച്ച 5 സ്ത്രീകളും 85 പുരുഷ ന്മാരും ആണുള്ളത് എന്നും ഇതോടൊപ്പം ചേർത്തു വായി ക്കുക.

### ഏഴ് പ്രാവശ്യം വീതം ജയിച്ചവർ:

ജി.എം. ബനാത്ത്‌വാല, ഇബ്രാഹിം സുലൈമാൻ സേട്ട്, ഇ. അഹമ്മദ്, മുല്ല പ്പള്ളി രാമചന്ദ്രൻ എന്നിവർ ഏഴു പ്രാവശ്യം വീതം ജയി ച്ചവരാണ്.

കേരളത്തിലെ ഒരു സ്ത്രീ ക്കും ഇവ്വിധമൊരു വിജയം ആഘോഷിക്കാൻ സാധിച്ചി ട്ടില്ല. പരമാവധി 5 പ്രാവശ്യ മാണ് സുശീലാ ഗോപാലന് മത്സരിക്കാനെങ്കിലും സാധി ച്ചത്. അതിൽ രണ്ടു പ്രാവശ്യം അവർ തോറ്റു പോവുകയും ചെയ്തു.


സി.എസ്. സുജാത


പി. സതീദേവി


പി.കെ. ശ്രീമതി ടീച്ചർ

### ആറ് പ്രാവശ്യം വീതം ജയിച്ചവർ:

കൊടിക്കുന്നിൽ സുരേഷ്, പ്രൊഫ: പി.ജെ.കുര്യൻ, പി. സി.തോമസ്, കെ.പി. ഉണ്ണികൃഷ്ണൻ എന്നിവരാണ് തൊട്ടുപിന്നാലെ 6 പ്രാവശ്യം വീതം ജയിച്ചവർ.

ഇക്കൂട്ടത്തിലും ഒറ്റ വനിതയുമില്ല. നാല് പേർ ചേർന്ന് 28 തെരഞ്ഞെടുപ്പു വിജയവും മറ്റൊരു നാലു പേർ ചേർന്ന് 24 തിരഞ്ഞെടുപ്പു വിജയവും സ്വന്തം കൈപ്പിടിയിലൊ തുക്കിയപ്പോൾ 8 പുരുഷന്മാർ മാത്രം മതി 52 തെരഞ്ഞെ ടുപ്പു വിജയങ്ങൾ നേടാൻ എന്ന യാഥാർത്ഥ്യം സ്ത്രീക്കു ബാലി കേറാമലയായി വർത്തിക്കുന്നു.

### അഞ്ച് പ്രാവശ്യം വീതം ജയിച്ചവർ:

എൻ. ശ്രീകണ്ഠൻ നായർ, പ്രൊഫ: കെ.വി. തോമസ് എന്നിങ്ങനെ ഈ വിഭാഗത്തിലെ വിജയപീഠത്തിൽ മൂന്നാം സ്ഥാനത്തേക്ക് രണ്ടു പേരെയുള്ളൂ.

വനിതയില്ല ഇവിടെയും എന്നത് അനുക്തസിദ്ധമാ ണല്ലോ.

## നാലു പ്രാവശ്യം വീതം ജയിച്ചവർ:

പി.കെ. വാസുദേവൻ നായർ, രമേശ് ചെന്നിത്തല, വി.എം. സുധീരൻ, പി.സി. ചാക്കോ, സുരേഷ് കുറുപ്പ്, എസ്. അജയകുമാർ, എൻ.എൻ.കൃഷ്ണദാസ്, എ.കെ. ഗോപാലൻ എന്നിങ്ങനെ നാലു പ്രാവശ്യം വീതം ജയിച്ച വരുടെ നിര ഒരല്പം കൂടി നീണ്ടതാണ്. 32 വിജയം കൈപ്പിടിയിലൊതുക്കിയ 8 പേരാണവർ.

എ.കെ.ജിക്ക് 4 പ്രാവശ്യം ജയിക്കാൻ സാധിച്ചെങ്കിലും അദ്ദേഹത്തിന്റെ ഭാര്യ സുശീലാ ഗോപാലന് മൂന്ന് പ്രാവശ്യമേ ജയിക്കാൻ സാധിച്ചുള്ളൂ എന്ന് നേരത്തെ തന്നെ വ്യക്തമാക്കിയതാണല്ലോ.

## മൂന്ന് പ്രാവശ്യം വീതം ജയിച്ചവർ:

മൂന്ന് പ്രാവശ്യം വീതം ലോകസഭാ മത്സരത്തിന്റെ കടമ്പ കടന്നവർ അനവധിയാണ്. സി.കെ. ചന്ദ്രപ്പൻ, എ. ചാൾസ്, സുശീല ഗോപാലൻ, എ. സമ്പത്ത്, വർക്കല രാധാകൃഷ്ണൻ, കൊടിയൻ, എസ്. കൃഷ്ണകുമാർ, എൻ.കെ. പ്രേമചന്ദ്രൻ, കെ. കുഞ്ഞമ്പു, എ.സി. ജോസ്, എ.എം. തോമസ്, സെബാസ്റ്റ്യൻ പോൾ, എ.സി. ജോർജ്ജ്, കെ.ആർ. നാരായണൻ, വി.എസ്. വിജയരാഘവൻ, കെ. മുരളീധരൻ, രാമണ്ണറായ്, ടി. ഗോവിന്ദൻ, പി. കരുണാകരൻ എന്നിങ്ങനെ മരിച്ചു പോയവരും ജീവിച്ചിരിക്കുന്നവരും ആയ 19 പേരുണ്ട്, ഈ ലിസ്റ്റിൽ.

18 പേരോടൊപ്പം ഒരു വനിത കൂടി ഇടം പിടിച്ചു, ഇവ്വിധമൊരു അഞ്ചാം നിരയായപ്പോഴേക്കും. അതുപോലെ എ.കെ.ജിക്കും സുശീലാ ഗോപാലനും കൂടി ഏഴു ജയം എന്ന് ഇതുവരെ കണക്കു കൂട്ടിയത്, അവരിരുവർക്കും അവരുടെ പുത്രീ ഭർത്താവ് പി. കരുണാകരനും കൂടി ഇപ്പോൾ 10 വിജയം എന്നു പറയാറായി. 1967–ൽ കണ്ണൂരിൽ നിന്ന് എ.കെ. ഗോപാലനും അമ്പലപ്പുഴയിൽ നിന്ന് സുശീലാ ഗോപാലനും ഒരുമിച്ച് ജയിച്ചു കയറിയപ്പോൾ കേരളത്തിൽ നിന്നുള്ള ലോകസഭാ പ്രാതിനിധ്യത്തിന്റെ എ.കെ.ജി.യുടെ കണ്ണി അവസാനിക്കുന്നത് നാം കണ്ടു. സുശീലാ ഗോപാലന്റെ തുടക്കക്കണ്ണി ബലപ്പെട്ടുവരുന്നതും നാമറിഞ്ഞു. ഇത്ര ശക്തമായ ഒരു രാഷ്ട്രീയ സ്വാധീനമുള്ള ഒരു കുടുംബത്തിൽ നിന്നായിരുന്നിട്ടു കൂടി കഴിവുകളുണ്ടായിരുന്ന സുശീലാ ഗോപാലന്, വനിതകളുടെ കൂട്ടത്തിലെ ടോപ്പ് സ്കോറർ കിരീടം 3 വിജയത്തിലൊതുക്കേണ്ടി വന്നു. സഹോദരന്മാരായ എ.സി.ജോർജ്ജും, എ.സി.ജോസും മുമ്മൂന്നു വിജയങ്ങൾക്ക് ഉടമകളായതും ഈ അഞ്ചാം നിരയിൽ വച്ചു തന്നെ.

ലോകസഭാ തെരഞ്ഞെടുപ്പിൽ ഇരട്ടവിജയങ്ങൾ ആസ്വദിക്കാനായ 38 പേരിൽ രണ്ട് സ്ത്രീകളുമുണ്ട്. പ്രൊഫ: സാവിത്രി ലക്ഷ്മണനും, എ.കെ. പ്രേമജവും. പക്ഷേ, ഒരിക്കൽ മാത്രം വിജയിച്ച 90 പേരിൽ 5 സ്ത്രീകൾ മാത്രമേയുള്ളൂ.

ഒന്നു തൊട്ട് 7 വരെ പ്രാവശ്യം ലോകസഭയിലേക്ക് വിജയിച്ചവരുടെ ഒരു ദീർഘ വിചിന്തനം നടത്തിയത് കേരളത്തിൽ ഈ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം തീർത്തും അപര്യാപ്തമാണ് എന്ന് കൃത്യമായ രേഖകളോടു കൂടി ആധികാരികമായി വ്യക്തമാക്കാനാണ്.

## മുൻമുഖ്യമന്ത്രിമാരും ലോകസഭയും

മുൻമുഖ്യമന്ത്രിമാരിൽ മത്സരിച്ച 4 പ്രാവശ്യവും വിജയിച്ചത് പി.കെ. വാസുദേവൻ നായരാണ്. തിരുവല്ല (1957), അമ്പലപ്പുഴ (1962), പീരുമേട് (1967), തിരുവനന്തപുരം (2004) എന്നിങ്ങനെ മണ്ഡലങ്ങൾ മാറി മാറി, അദ്ദേഹത്തിന് ഓടേണ്ടി വന്നു എന്നു മാത്രം. മുഖ്യമന്ത്രിമാരിൽ പ്രഗത്ഭൻ എന്ന് പേര് കേൾപ്പിച്ച കെ. കരുണാകരനും ഇ.കെ. നായനാരും അവരുടെ കന്നിലോകസഭാ മത്സരങ്ങളിൽ പരാജയപ്പെട്ടവരാണ്. കെ. കരുണാകരൻ 1996–ൽ തൃശ്ശൂരിൽ വി.വി. രാഘവനോടും ഇ.കെ. നായനാർ 1971–ൽ കാസർകോട് കടന്നപ്പിള്ളി രാമചന്ദ്രനോടും തോറ്റിട്ടുണ്ട്. 1967–ൽ നായനാർ പാലക്കാട്ടു നിന്നു ജയിച്ചപ്പോൾ കെ. കരുണാകരൻ 1998–ൽ തിരുവനന്തപുരത്തു നിന്നും 1999–ൽ മുകുന്ദപുരത്തു നിന്നും വിജയിച്ചു. കേന്ദ്രമന്ത്രിയാവുകയും ചെയ്തു.

കേരളത്തിലെ മുൻമുഖ്യമന്ത്രിമാരിൽ എ.കെ. ആന്റണി കേന്ദ്രമന്ത്രി വരെ ആയെങ്കിലും ഇതുവരെ ലോകസഭയിലേക്ക് മത്സരിച്ചിട്ടില്ല.

തിരുക്കൊച്ചി മുഖ്യമന്ത്രിയായിട്ടുള്ള പനമ്പള്ളി ഗോവിന്ദമേനോൻ 1962–ലും 1967–ലും മുകുന്ദപുരത്തു നിന്ന് ജയിക്കുകയും കേന്ദ്രമന്ത്രിയാവുകയും മന്ത്രിയായിരിക്കേ, 1970–ൽ മരിച്ചു പോവുകയും ചെയ്തു. സി.എച്ച്. മുഹമ്മദ് കോയ 1962–ൽ കോഴിക്കോട്ടു നിന്നും 1973–ൽ മഞ്ചേരിയിൽ നിന്നും ജയിച്ചു.

കേരളത്തിലെ സ്ത്രീകളിൽ ഒരാൾ പോലും ഇവിടെ മുഖ്യമന്ത്രിയോ സ്പീക്കറോ ആയിട്ടില്ല. അതുകൊണ്ടു തന്നെ ഈ വിഭാഗത്തിൽ വനിതകൾക്കിടമില്ലല്ലോ. മറിച്ച് വർക്കല രാധാകൃഷ്ണൻ, വി.എം. സുധീരൻ, വക്കം പുരുഷോത്തമൻ, എ.സി. ജോസ് എന്നിവർ എം.പി.മാരായും സ്പീക്കർമാരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## കേന്ദ്രത്തിലും കേരളത്തിലും മന്ത്രിമാരായിരുന്നിട്ടുള്ളവർ:

കേന്ദ്രത്തിലോ, കേരളത്തിലോ മന്ത്രിമാരായിരുന്നിട്ടുള്ള എം.പി.മാരായവരും ഒട്ടും കുറവല്ല. കെ.ടി. അച്യുതൻ, പി.ടി. ചാക്കോ, വി.കെ. കൃഷ്ണ മേനോൻ, എം.എൻ. ഗോവിന്ദൻ നായർ, എ. നീലലോഹിതദാസൻ നാടാർ, വി.എസ്. ശിവകുമാർ, ശശി തരൂർ, വയലാർ രവി, എ.എ. റഹീം, സുശീല ഗോപാലൻ, എസ്. കൃഷ്ണകുമാർ, എൻ.കെ. പ്രേമചന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ്, ആർ. ബാലകൃഷ്ണപിള്ള, പ്രൊഫ: പി.ജെ. കുര്യൻ, രമേശ് ചെന്നിത്തല, വി.എം. സുധീരൻ, വക്കം പുരുഷോത്തമൻ, കെ.സി.വേണുഗോപാൽ, പി.സി. ചാക്കോ,

പി.സി. തോമസ്, എ.എം. തോമസ്, വി.വിശ്വനാഥമേനോൻ, കെ.വി.തോമസ്, എ.സി. ജോർജ്, ലോനപ്പൻ നമ്പാടൻ, വി.വി.രാഘവൻ, എ.കെ. ബാലൻ, വെള്ള ഈച്ചരൻ, ഇമ്പിച്ചി ബാവ, ഇ. അഹമ്മദ്, ഇ.ടി. മുഹമ്മദ് ബഷീർ, ടി.കെ. ഹംസ, കെ.എ. ദാമോദര മേനോൻ, കെ.സി. അടിയോടി, കെ. മുരളീധരൻ, എം.പി. വീരേന്ദ്ര കുമാർ, പി.ശങ്കരൻ, കെ.പി.ഉണ്ണികൃഷ്ണൻ, മുല്ലപ്പള്ളി രാമചന്ദ്രൻ, കെ. സുധാകരൻ, പി.കെ. ശ്രീമതി ടീച്ചർ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നീ 43 പേർ കേന്ദ്രത്തിലോ കേരളത്തിലോ മന്ത്രി പദവി സ്വീകരിച്ചിട്ടുള്ളവരാണ്. ഇവരിൽ 14 പേർ കേന്ദ്രമന്ത്രിമാരായിരുന്നിട്ടുണ്ട്. കേരളത്തിൽ നിന്ന് ഒരു വനിതയും കേന്ദ്ര മന്ത്രിയായില്ല. എം.പി.മാരും എം.എൽ.എ.മാരും ആയി മാറിമാറി ഇരുന്നിട്ടുള്ളവരിൽ കേന്ദ്രമന്ത്രിമാരെ മാറ്റിനിർത്തിയാൽ 29 പേർ കേരളത്തിൽ മന്ത്രിയാവാൻ അവസരം ലഭിച്ചവരാണ്. അക്കൂട്ടത്തിൽ 2 വനിതകളുമുണ്ട്. സുശീല ഗോപാലൻ എം.പി. ആയി 3 പ്രാവശ്യം സേവനമനുഷ്ഠിച്ച ശേഷം കേരളത്തിൽ മന്ത്രി ആയതാണെങ്കിൽ പി.കെ.ശ്രീമതി ടീച്ചർ കേരളത്തിലെ മന്ത്രിയായതിനു ശേഷം എം.പി. ആയ ആളാണ്.

## കെ. ആർ. നാരായണൻ – ഒരപൂർവ്വ വ്യക്തിത്വം.

മത്സരിച്ച മൂന്നു തവണയും ജയിക്കുകയും കേന്ദ്രത്തിൽ മന്ത്രിയാവുകയും രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും പദവികൾ അലങ്കരിക്കുകയും ചെയ്തിട്ടുള്ള കെ.ആർ. നാരായണന് ഒപ്പം ഒരു സ്ത്രീ തത്തുല്യ പദവികളിൽ എത്തിയില്ല എന്ന് തുലനം ചെയ്യുന്നില്ല.

## ജയിച്ചും തോറ്റും പ്രമുഖർ:

പ്രമുഖരനവധിയുണ്ട് ലോകസഭാ മത്സരം അഭിമുഖീകരിച്ചവരിൽ ഒ. രാജഗോപാൽ കാസർകോട് (1980), മഞ്ചേരി (1984), തിരുവനന്തപുരം (1991, 1999 & 2014) എന്നിവിടങ്ങളിൽ തോൽക്കുകയായിരുന്നെങ്കിലും ബി.ജെ.പി. അദ്ദേഹത്തെ നാടുകടത്തി കൊണ്ടു പോയി രാജ്യസഭാംഗമാക്കുകയും മന്ത്രിയാക്കുകയും ചെയ്തു. ഒരു സ്ത്രീയോട് ഈ ആഭിമുഖ്യം ബി.ജെ.പി.യും കാണിച്ചില്ല.

ഫാദർ വടക്കൻ 1977–ൽ കണ്ണൂരിൽ സി.കെ.ചന്ദ്രപ്പനോട് തോറ്റു. 'ചെമ്മീൻ' സിനിമ വഴി മലയാളത്തിന് മഹത്വം സമ്മാനിച്ച രാമു കാര്യാട്ട് 1970–ൽ മുകുന്ദപുരത്തു നിന്നും 1971–ൽ തൃശ്ശൂരിൽ നിന്നും ദയനീയമായി പരാജയപ്പെട്ടു.

ആനിമസ്ക്രീൻ 1952–ൽ സ്വതന്ത്രയായി തിരുവനന്തപുരത്തു നിന്ന് ജയിച്ചു കയറി ലോകസഭയിൽ കേരളത്തിന്റെ വനിതാ പ്രാതിനിധ്യം ഉറപ്പാക്കിയെങ്കിലും തൊട്ടടുത്ത തിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തു നിന്നു തന്നെ തോറ്റ് നാലാം സ്ഥാനത്തായി പോയി.

എസ്.കെ. പൊറ്റെക്കാട്ട് തലശ്ശേരിയിൽ നിന്ന് 1957–ൽ തോറ്റെങ്കിലും 1962–ൽ ജയിച്ചു കയറി. 1962–ൽ തലശ്ശേരിയിൽ നിന്ന് എസ്.കെ.പൊറ്റെക്കാട്ടിനോട് തോറ്റത് കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച സുകുമാർ അഴീക്കോട് ആയിരുന്നു. ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റി 1989–ൽ എറണാകുളത്തു നിന്ന് സ്വതന്ത്രനായി മത്സരിച്ച് തോറ്റു. 1999–ൽ ആലപ്പുഴയിൽ നിന്ന് ഭരത് മുരളി (സി.പി.എം.) വി.എം. സുധീരന്റെ മുമ്പിൽ മുട്ടുകുത്തി. കണിയാപുരം രാമചന്ദ്രൻ 1999–ൽ തിരുവനന്തപുരത്ത് തോറ്റു. കൊളാടി ഗോവിന്ദൻകുട്ടി 1984–ൽ പൊന്നാനിയിൽ മത്സരിച്ചെങ്കിലും (സി.പി.ഐ) ജയം കണ്ടില്ല. ലെനിൻ രാജേന്ദ്രൻ 1980–ലും 1991–ലും കെ.ആർ. നാരായണനെതിരെ ഒറ്റപ്പാലത്ത് മത്സരിച്ചതാണ്. രണ്ടു പ്രാവശ്യവും ജയിക്കാനായില്ല. ഒ.എൻ.വി. കുറുപ്പ് 1989–ൽ തിരുവനന്തപുരത്ത് എ. ചാൾസിനോട് തോറ്റു. നടൻ ഇന്നസെന്റ് 2014–ൽ ചാലക്കുടിയിൽ നിന്ന് ജയിച്ചു.

പ്രമുഖരായ പുരുഷന്മാരെ ലോകസഭയിലേക്ക് മത്സരിപ്പിക്കാൻ കാണിച്ച ഒരൊറ്റ പ്രമുഖ രാഷ്ട്രീയ പാർട്ടിപോലും അക്കാമ്മ ചെറിയാൻ, ആനി തയ്യിൽ, മാധവിക്കുട്ടി, സാറാ ജോസഫ് തുടങ്ങിയ സ്ത്രീകളിലെ പ്രമുഖരുടെ നേർക്ക് അനുഭാവം പ്രകടിപ്പിച്ചില്ല. അവർക്കൊക്കെ തെരഞ്ഞെടുപ്പു പരാജയം ഏറ്റു വാങ്ങേണ്ടിയും വന്നു.

വനിതാ സംവരണം ഏർപ്പെടുത്തിയാൽ മാത്രമേ അർഹതയുള്ള വനിതകൾക്ക് ആനുപാതികമായ പ്രാതിനിധ്യം ലോകസഭയിൽ ലഭിക്കുകയുള്ളൂ. നിയമസഭയിലെ കാര്യവും വ്യത്യസ്തമല്ല എന്ന് സാന്ദർഭികമായി അറിയിച്ചു കൊള്ളട്ടെ.

രസകരമായ മറ്റൊരു കണക്കു കൂടി ഉദ്ധരിച്ചു കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുകയാണ്. 16 ലോകസഭകളിലും കൂടി 8497 സീറ്റുണ്ടായിരുന്നു. എം.പി.മാരായിരുന്ന വനിതകൾ ജയിച്ചു വന്നത് 589 സീറ്റിൽ മാത്രം. ഒരു ലോകസഭയിൽത്തന്നെ 544 സീറ്റുകൾ വരെയുണ്ടായിട്ടുണ്ട് എന്ന് മറക്കാതിരിക്കുക. അതുപോലെ 1952 തൊട്ട് 2014 വരെയുള്ള 14 രാജ്യസഭകളിലായി 3335 സീറ്റുകളുണ്ടെങ്കിലും ആകെ 321 വനിതകൾ മാത്രമാണ് രാജ്യസഭാംഗങ്ങളായത്. ഒരൊറ്റ രാജ്യസഭയിൽത്തന്നെ ഇപ്പോൾ 245 സീറ്റുകളുണ്ടെന്ന കാര്യം ഇവിടെയും പ്രത്യേകം ഓർമ്മിക്കണം. വനിതാ സംവരണത്തിന്റെ പിൻബലമില്ലാതെ സ്ത്രീകൾക്ക് ആവശ്യത്തിന് പ്രാതിനിധ്യം ലഭിക്കില്ല എന്ന് ഒരു വെല്ലുവിളിയുടെ സ്വരത്തിൽത്തന്നെ ഉറപ്പിക്കാം.

**ജോൺ ഫെർണാണ്ടസ്**



10-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# സങ്കടങ്ങളുടെ ജലയാത്ര

അയാൾ കുളിമുറിയിലേക്ക് കയറി. അരണ്ട വെളിച്ചത്തിൽ ഷവറിന്റെ ടാപ്പ് തിരിച്ചു. ഷവറിൽ നിന്നും അവശേഷിച്ചിരുന്ന കുറച്ചു വെള്ളം അയാളുടെ ശിരസ്സിലേക്കൊഴുകി. അത്, അയാളുടെ മുഖം നനച്ച് താഴേക്ക് ഒലിച്ചിറങ്ങി പെട്ടെന്ന് നിന്നു. വെള്ളത്തിന്റെ ഒഴുക്കു നിന്നപ്പോൾ അയാൾ ശിരസ്സുയർത്തി നോക്കി. ഇറ്റു വീഴുന്ന വെള്ളത്തുള്ളികൾ. വെള്ളം തീർന്നതാകും. ഇരുകൈകളും കൊണ്ടയാൾ മുഖം പൊത്തി. തൊണ്ടയിൽ നിന്നും അടഞ്ഞ വിങ്ങലോടെ നിലവിളി പുറത്തു ചാടി. കണ്ണുകളിൽ നിന്നും നിലക്കാത്ത കണ്ണു നീരും.

നനഞ്ഞ ശിരസ്സോടെ അയാൾ കുളിമുറിയിൽ നിന്നും പുറത്തു കടന്നു. അകം നിറയെ ഇരുട്ടാണ്. താൻ എന്തിനാണിപ്പോൾ ഇവിടേയ്ക്കെത്തിയത്? അയാൾ ഓർക്കാൻ ശ്രമിച്ചു.

ഭിത്തിയിലെ സ്വിച്ചിൽ വിരലമർത്തി ഫാനും ലൈറ്റും ഓണാക്കി. ഫാനിനു കീഴിലേക്ക് കസേര വലിച്ചിട്ട് അയാൾ ഇരുന്നു. എന്തായിരുന്നു ഇവിടേയ്ക്കെത്താൻ കാരണം?

ഒന്നും ഓർമ്മയില്ല. എഴുന്നേറ്റ് ഫ്രിഡ്ജിനടുത്തേക്ക് നടന്നു. ഡൈനിംഗ് ടേബിളിനു സമീപത്തെ ഫ്രിഡ്ജിന്റെ സ്ഥാനം നല്ല നിശ്ചയമാണ്. ഫ്രിഡ്ജ് തുറന്ന് വലിയ പ്ലാസ്റ്റിക് കുപ്പിയിൽ സൂക്ഷിച്ചിരുന്ന തണുത്ത വെള്ളം വായിലേക്കൊഴിച്ചു കുപ്പി അടച്ചു ഫ്രിഡ്ജിൽ വച്ചു തിരിച്ചു നടന്നു.

സിറ്റൗട്ടിന്റെ വാതിൽ തുറന്നു. വെളിച്ചങ്ങളുടെ പ്രളയം തെരുവിലെങ്ങും വർണ്ണം പൂശി. തലങ്ങും വിലങ്ങും സഞ്ചരിക്കുന്ന പ്രകാശ രേഖകൾ ഇരുട്ടിനെ കീറിമുറിച്ചു കൊണ്ടിരുന്നു. തെരുവിലെ വാഹനങ്ങളുടെ മുരൾച്ചകൾ ഈ ഏഴാം നിലവരെ എത്തുന്നു. ഏഴാം നിലയ്ക്കു താഴെ നഗരം ക്രൂരമായി ചിരിച്ചു കൊണ്ടിരിക്കുന്നു.

ഒരു നിമിഷം അയാൾ കണ്ണുകളടച്ചു. ഉപ്പുരസം ചുണ്ടിൽ രുചിച്ചപ്പോൾ അയാൾ കണ്ണു തുറന്നു. കായൽ കാറ്റിന്റെ തണുപ്പ് നേർത്തൊരാശ്വാസമായി അയാളെ വരിഞ്ഞു. നനഞ്ഞ ശിരസ്സിലെ നനവുണങ്ങുന്നതായി അയാൾക്കു തോന്നി.

തെരുവിൽ തിങ്ങിനിറഞ്ഞ വാഹനങ്ങൾ നിലക്കാതെ ഹോൺ മുഴക്കി കൊണ്ടിരുന്നു. തെരുവിൽ വാഹനങ്ങൾ നിരതെറ്റി മുന്നോട്ടായാൻ വഴികാണാതെ ചത്ത പാമ്പു കണക്കെ നിറഞ്ഞു കിടന്നു. വാഹനകൂട്ടത്തിനിടയിൽ ചുവപ്പും നീലയും ഇടകലർന്ന തെളിഞ്ഞ വെളിച്ചത്തോടെ കിടക്കുന്ന വാഹനം അയാളുടെ കണ്ണിലുടക്കി. നഗരത്തിനു പുറത്തേക്കുള്ള യാത്രയിൽ മുന്നോട്ടു നീങ്ങാനാവാതെ ആ പോലീസ് വാഹനം അതിന്റെ സൈറൺ മുഴക്കി കൊണ്ടിരുന്നു.

താൻ ഇത്ര വേഗം എങ്ങിനെ ഈ ഏഴാം നിലയിലെത്തി. ഏഴാം നിലയിലെ ഈ വിശാല ഫ്ളാറ്റ് തന്റേതാണ്. തനിക്കായി തന്റെ മകൻ സ്നേഹത്തോടെ വാങ്ങി സമ്മാനിച്ചത്.

"അച്ഛനിനി നാട്ടിൽ ഒറ്റയ്ക്കു താമസിക്കണ്ട. ഇവിടെ ഈ നഗരത്തിലാക്കാം ശിഷ്ടകാലം. എന്താ?" അവൻ അതു പറഞ്ഞു ചിരിച്ചപ്പോൾ നിഷേധ സ്വരം ഉയർന്ന താണ്... പക്ഷേ, വേണ്ടെന്നു വച്ചു.

അവൻ ഫ്ളാറ്റിന്റെ ഗുണഗണങ്ങൾ വിവരിച്ചു കൊണ്ടിരുന്നു. നഗര ഹൃദയം, കായൽ സാമീപ്യം, മികച്ച കൺസ്ട്രക്ഷൻ, തുറസായ ഇടങ്ങളുടെ വൈപുല്യം, പിന്നെ തനിക്കുമാത്രമായ ഈ 707–ാം നമ്പർ ഫ്ളാറ്റ്. തനിക്കു വേണ്ടി മാത്രം നിർമ്മിച്ചതാണെന്ന കമന്റും.

''അച്ഛാ, ഇരുപത്തിനാലു മണിക്കൂറും കറന്റും വെള്ളവും മുടങ്ങില്ല. അതാ ഈ കമ്പനിയുടെ ഫ്ളാറ്റു തന്നെ തിരഞ്ഞെടുക്കാൻ കാരണം".

എന്നിട്ടും താനിപ്പോൾ കുളിമുറിയിൽ കയറി ഷവർ ടാപ്പു തുറന്നപ്പോൾ വെള്ളം നിലച്ചതോ? തന്റെ ജീവിതത്തിലെ ആദ്യത്തെ അനുഭവം. ഇവിടെ എത്തിയിട്ടും ആദ്യത്തേത്. അയാളോർത്തു. നേർത്ത തണുപ്പുള്ള കായൽ കാറ്റ് അയാളിൽ പെയ്തിറങ്ങി, മനസ്സിന്റെ സങ്കട കണ്ണീർ തുടച്ചു.

താഴെ നിരത്തിലെ വാഹന നിരകൾക്ക് ജീവൻ വച്ചിരിക്കുന്നു. ചുവപ്പും നീലയും കൂടി കലർന്നു ആ വാഹനം വേഗത്തിൽ പാഞ്ഞു പോകുന്നത് അയാൾ നടുക്കത്തോടെ നോക്കി നിന്നു. അത് നഗരാതിർത്തിയിലേക്കാണ് പോകുന്നുത്.

താൻ ഈ നഗരത്തിലെത്തിയിട്ട് എത്ര കാലമായി? വർഷം കണക്കു കൂട്ടി ഓർക്കാനൊരു വ്യഥാശ്രമം നടത്തി പരാജയപ്പെട്ട് അയാൾ സമാധാനിച്ചു. എന്തിനതെല്ലാം



ഓർത്തു വയ്ക്കണം? ഓർത്തെടുക്കാൻ ഒന്നും കഴിയാതെ ഓർമ്മകൾ നഷ്ടപ്പെടുന്നത് ആദ്യമായിട്ടൊന്നുമല്ലല്ലോ! അയാൾ സമാധാനിച്ചു!

പക്ഷേ, കൺമുമ്പിൽ നിന്ന് അത് മാറുന്നില്ലല്ലോ? ദൈവമേ.. അയാൾ കണ്ണുകൾ ഇറുക്കി അടച്ചു. നേർത്ത കാറ്റേറ്റിട്ടും ശരീരം വേവുന്നതായി അയാൾക്കു തോന്നി. ദൈവമേ ആ കാഴ്ച... വേഗത്തിലയാൾ കുളിമുറിയിലേക്കു നടന്നു. പിന്നെ നിന്നു. പൈപ്പിൽ വെള്ളമില്ല എന്നത് അയാളെ തളർത്തി.

എന്നും അങ്ങിനെയായിരുന്നു അയാൾ. മനസ്സ് വേട്ടയാടപ്പെടുമ്പോൾ അയാൾ എന്നും കിണറ്റുകരയിലേക്ക് ഓടുമായിരുന്നു. പാളത്തൊട്ടി കിണറ്റിലേക്കിട്ട്, വലിച്ചു കയറ്റിയ വെള്ളം ശിരസ്സിലൂടെ ഒഴിക്കും. എട്ടു പത്തു പാള വെള്ളം തലയിലൊഴിച്ച് തല കുടഞ്ഞ് ഉള്ളിൽ ഉരുണ്ടു കൂടിയ വിങ്ങലിന് ശമനമാകുമ്പോൾ അയാൾ എങ്ങോട്ടെങ്കിലും നടക്കും. കാറ്റേറ്റ്, ചൂടേറ്റ് ശരീരവും മനസ്സും ആറും. അയാൾ എന്നും അങ്ങിനെയായിരുന്നു.

ആദ്യം കിണറ്റുകരയിൽ നിന്ന് വെള്ളം കോരി തലയിലൊഴിച്ച് ആശ്വാസം കണ്ടത് എന്നായിരുന്നു? എത്ര ഓർമ്മിക്കാൻ ശ്രമിച്ചിട്ടും അതോർത്തെടുക്കുവാൻ കഴിയുന്നില്ല.

നാട്ടുമ്പുറത്തെ ചെറിയ വീട്. വീടിനോട് ചേർന്ന് ആഴമുള്ള കിണർ. പറമ്പിനടുത്തു നിന്നും പാടം തുടങ്ങുന്നു. പാടത്തിനക്കരെ പുഴ. പുഴ കടക്കാൻ തോണി. തോണിയിൽ പുഴയിറങ്ങി വരുന്നവർ പാടവരമ്പിലൂടെ വരും. കുണ്ടനിടവഴി പാടത്തിനു നടുവിലൂടെ വീടും കടന്ന് മേലേക്കു പോകും. കുന്നു കയറി ഇറങ്ങിയാൽ അറിയപ്പെടാത്ത ലോകമാണ്... തന്റെ അറിവുകളെന്നും കുന്നിൻ മുകളിലെ കാവു വരെ.

എന്നും, ചാരായം മോന്തിയെത്തിയിരുന്ന അച്ഛൻ തനിക്കാരായിരുന്നു? മുടിയേറ്റിലെ ദാരിക രൂപത്തെ അച്ഛനോടുപമിക്കാൻ പലപ്പോഴും മനസ്സ് ശ്രമിച്ചിരുന്നു. എന്നും പേടിപ്പെടുത്തുന്നൊരു ഭീകര ചിത്രം. അതായിരുന്നു തനിക്കച്ഛൻ. ചുവന്ന കണ്ണുകളും രക്തം പൊടിയുന്ന തേറ്റയും കൈയിൽ ചാരായക്കുപ്പിയും.

പാടവരമ്പിൽ നിന്നുള്ള തെറിപ്പാട്ട് അന്തിക്ക് കേട്ടു തുടങ്ങുമ്പോൾ ഉള്ളിൽ ഭയം പെരുമ്പറ കൊട്ടും. കാണാമറയത്തൊളിക്കാനുള്ള ഇടം തേടി പാടത്തിനരികിലെ കൂറ്റൻ പുളിമരക്കൊമ്പായിരുന്നു അഭയം. ബാല്യത്തിലെ ദുഃഖമൊളിപ്പിക്കാനുള്ള ശ്രമത്തിലെപ്പോഴോ ആകണം താൻ കിണറ്റിനടിയിലെ വെള്ളത്തെ ആശ്വാസത്തോടെ ശിരസ്സിലൊഴിച്ചു തുടങ്ങിയത്.

അച്ഛന്റെ അടിയേറ്റു വീണ അമ്മയെ തൊഴിക്കാൻ ഉയർത്തിയ കാലിൽ പിടിച്ചു തടഞ്ഞപ്പോൾ ചവിട്ടാനാകാഞ്ഞ കാലു കൊണ്ടു തൊഴിച്ചെറിഞ്ഞപ്പോൾ, വീണതു മാത്രം ഓർമ്മയുണ്ടായിരുന്നു. ഓർമ്മ വന്നപ്പോൾ ഏങ്ങിക്കരയുന്ന അമ്മയുടെ അഴിഞ്ഞുലഞ്ഞ മുഖം മാത്രമാണ് കണ്ണിൽപ്പെട്ടത്. പിന്നെ, കത്തുന്ന ആ കണ്ണുകളും, അതിൽ നിന്നൊഴുകിയ കർക്കടക മഴയും.

മഴ നിർത്താതെ പെയ്തിട്ടും തനിക്ക് ചൂട് സഹിക്കാനായില്ല. ഒടുക്കം കിണറ്റിൻ കരയിലേക്കോടി. പാള കിണറ്റിലേക്കിട്ട് വലിച്ചു കയറ്റിയ വെള്ളം മുഴുവൻ തലയിലേക്കൊഴിച്ചപ്പോൾ ഉള്ളു തണുക്കുന്നതായി തോന്നിയെങ്കിലും അമ്മയുടെ അടഞ്ഞ നിലവിളി തന്നെ നടുക്കി.

എന്നും, പിന്നീട് അതാവർത്തിച്ചു കൊണ്ടിരുന്നു.

അമ്മയുടെ ജഡം പട്ടടയിലേക്കെടുത്തപ്പോഴും, ദാരിക രൂപത്തെ പുഴ കടന്നു വന്ന പോലീസുകാർ കൂട്ടിക്കൊണ്ടു പോകുന്നതു കണ്ടപ്പോഴും വേവു പിടിച്ച ശരീരം ശമിപ്പിക്കാൻ താൻ കിണറ്റിൻ കരയിലേക്കോടി. വല്ലാതെ ആടിയുലഞ്ഞ് പാള മുകളിലെത്തിയപ്പോൾ ഒരു കൈക്കുമ്പിൾ വെള്ളം മാത്രം... നാറിയ വെള്ളം തറയിലൊഴിച്ച് പാള വലിച്ചെറിഞ്ഞ് അയാളന്ന് പുഴയിലേക്ക് നടന്നു. പുഴ വറ്റി മണൽ നിറഞ്ഞ ഒരു വേനൽ കാലമായിരുന്നു അത്.

പിന്നീടെപ്പോഴോ നാട്ടിൽ പൈപ്പുവെള്ളമെത്തി. വീട്ടിൽ താൻ തനിച്ചായപ്പോഴാണ് അവൻ പറഞ്ഞത്. 'ഈ തനിച്ചുള്ള താമസം മതിയാക്കണം. അമ്മയുടെ മരണം അച്ഛനെ തളർത്തിയിട്ടുണ്ട് തീർച്ച. നാട് ഉപേക്ഷിക്കേണ്ട. അച്ഛനെന്റെ കൂടെ കഴിയാം'.

വാശി പിടിച്ചു നിന്നപ്പോൾ അവൻ പറഞ്ഞു. "മറ്റാരുടെയൊപ്പം താമസിക്കാൻ വിഷമമാണെങ്കിൽ അച്ഛനൊറ്റക്ക് കഴിഞ്ഞോ... ഈ നഗരത്തിൽ തനിച്ചു താമസിക്കാൻ ഒരു ഫ്ളാറ്റ് വാങ്ങാം. അച്ഛന് അച്ഛന്റെ ലോകത്ത് ജീവിക്കാം. ഞാൻ ശല്യം ചെയ്യില്ല". സ്നേഹത്തിനു മുമ്പിൽ എന്നും കീഴടങ്ങിയ താൻ അവനു മുമ്പിൽ സമ്മതമറിയിച്ചു.

അങ്ങിനെ, ഏഴാം നിലയിലെ 707-ാം നമ്പർ ഫ്ളാറ്റ് തന്റേതായി. താഴെ നിരത്തിൽ വാഹനങ്ങളുടെ പ്രളയം. പകൽ ചുട്ടുപഴുക്കുമെങ്കിലും, കടലിൽ നിന്നും കായൽ കടന്നെത്തുന്ന കാറ്റ് തന്റെ വേവുകളെ ശമിപ്പിച്ചിരുന്നു.

കുളിമുറിയിലെ ഷവറിൽ നിന്നും വെള്ളം ചീറ്റിതെറിക്കുന്നത് അയാൾ കേട്ടു. ടാപ്പു പൂട്ടി ഫാനിനു കീഴിലിട്ട കസേരയിൽ ഇരുന്ന് അയാൾ ഓർത്തെടുക്കാൻ ശ്രമിച്ചു.

ഏറെക്കാലത്തിനു ശേഷം ഇന്ന് എന്തുകൊണ്ടാണ് തന്റെ ശരീരവും മനസ്സും വെന്തു നീറിയത്?

കണ്ണടച്ച് ഓർത്തെടുക്കാൻ ശ്രമിച്ചപ്പോൾ പുഴകടന്ന് നടന്നു വരുന്ന ഒരു കറുത്ത രൂപം ഉള്ളിൽ നിറഞ്ഞു. ഇരുണ്ട ചേല ചുറ്റി, മുതുകിലൊരു ഭാണ്ഡവും തൂക്കി, കൈയ്യിലൊരു തത്തക്കൂടുമായി, ഉച്ചത്തിൽ വർത്തമാനം പറഞ്ഞു വരുന്ന എണ്ണ കറുമ്പി. മുറുക്കി ചുവപ്പിച്ച ചുണ്ടിൽ തങ്ങി നിന്നത് എന്തായിരുന്നു?

ഭൂതവും ഭാവിയും പറഞ്ഞിരുന്ന ചുണ്ടുകളിൽ താൻ എന്താണ് കണ്ടത്?

കത്തുന്ന ആ കണ്ണുകളിൽ ഒളിപ്പിച്ചു വച്ച ഭാവി എന്തായിരുന്നു? കാവിലെ തിറക്കാണ് കച്ചോടക്കാരോടൊപ്പം കാക്കാലത്തികളെത്തുക. അന്തിവെളിച്ചത്തിൽ കത്തിച്ചു വച്ച മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ അവർ സാമ്രാജ്യങ്ങളും ചെങ്കോലുകളും സ്വപ്നം കാണാൻ പ്രേരിപ്പിച്ചു. പെണ്ണും പൊന്നും ആഗ്രഹിക്കാൻ പഠിപ്പിച്ചു. തമിഴ് കലർന്ന വാക്കുകൾ ഉള്ളിൽ പുതിയ അനുഭവങ്ങളുടെ ഭൂപടം വരച്ചു. രാശി നോക്കി തത്ത കൊത്തിയെടുക്കുന്ന ശീട്ടുകൾക്കപ്പുറം താഴ്ത്തി വെട്ടിയ ജംമ്പറുകൾക്കകത്തെ സമൃദ്ധിയിലായിരുന്നു കണ്ണ്.

വിഷു തലേന്ന് പുഴ കടന്നു വരുന്ന അവൾ ദിവസങ്ങൾക്കു ശേഷമാവും മടങ്ങിപ്പോവുക. കാവിലെ സത്രവും, പുഴവക്കത്തെ തോണിപ്പുരയും ഉറക്ക താവളമാക്കിയ രാവുകൾ. ഒരിക്കൽ അവൾക്കു മുന്നിൽ കൈ നീട്ടി ഇരുന്നു കൊടുത്തു.

വീടിന്റെ ഉമ്മറത്ത് പോക്കുവെയിൽ വീണിരുന്നു. കൈരേഖകളിലൂടെ സഞ്ചരിക്കുന്ന അവളുടെ വിരലുകൾ. കണ്ണുകളിലേക്ക് ചുഴിഞ്ഞിറങ്ങുന്ന ആസ്ക്തിയുടെ കാഴ്ച. ഒളിപ്പിച്ചു വച്ച ഭാവിയുടെ പ്രലോഭനം. അവളുടെ പുലമ്പലുകളൊന്നും എന്റെ ചെവിയിലും മനസ്സിലും കയറിയില്ല. ബലത്തിൽ കീഴ്പ്പെട്ടു പോയവൾ താൻ കൊടുത്ത നോട്ടു ചുരുളുകൾ ജംമ്പറിൽ തിരുകി എഴുന്നേറ്റു. ചേല കുടഞ്ഞെടുത്ത് കത്തുന്ന കണ്ണുകളോടെ തിരിഞ്ഞു നോക്കി നടന്നു നീങ്ങി. അപ്പോൾ, പുഴവക്കത്തെ തോണി പുരയിൽ നിന്നും കടത്തുകാരൻ ഔസോയുടെ അവസാനത്തെ കൂക്കുവിളി ഉച്ചത്തിൽ കേട്ടു!

താൻ അന്നും കിണറ്റുകരയിൽ ചെന്ന് വെള്ളം കോരി തലയിലൊഴിച്ചതായി അയാൾ ഓർത്തു.

ഓർമ്മകൾ അയാളെ താഴെനിരത്തിലെ കാഴ്ചകളിലേക്ക് കൂട്ടി കൊണ്ടുപോയി.

തിരക്കേറിയ ബസ്സ് സ്റ്റോപ്പിൽ നിൽക്കുന്നതിനു മുമ്പേ മുൻ ഭാഗത്തു നിന്നും ബഹളം ഉയർന്നുകേട്ടു. ബ്രേക്കിട്ടു നിറുത്തിയ ബസ്സിന്റെ മുൻവാതിലിലൂടെ സ്ത്രീകൾ ബഹളം വച്ചു പുറത്തിറങ്ങി. അവർ ഒരുവളെ വലിച്ചിറക്കി റോഡിലേക്ക് തള്ളിയിട്ടു. 'പഠിച്ച കള്ളികളാ... തുണി ഉരിഞ്ഞ് പരിശോധിക്കണം... ആറു പവന്റെ താലി മാലയാ...****' ഒന്നും കേൾക്കാതിരിക്കാൻ കാതു പൊത്തി. ആരുടെയൊക്കയോ കൈകൾ ആ കറുത്ത മെലിഞ്ഞവൾക്കു നേരെ വീശി...., ആക്രോശിച്ചു കൊണ്ടാരോ അവളുടെ മുടിക്കു കുത്തിപ്പിടിച്ചു വലിച്ചു. അപ്പോൾ അയാൾ ആ മുഖം കണ്ടു. എണ്ണക്കറുപ്പുള്ള മുഖം. മുറുക്കി ചുവപ്പിച്ച ചുണ്ടുകൾ...കത്തുന്ന കണ്ണിലെ ദയനീയത.

ദൈവമേ...ഇത്...ഇതാര്..പ്രവചനങ്ങൾ ജീവിതത്തിൽ തെറ്റിയ ഇവൾ...


സങ്കടം ശരീരത്തെ വേവിക്കുന്നതറിഞ്ഞ് അയാൾ എഴാം നിലയിലേക്കോടി കയറി.

സിറ്റൗട്ടിൽ ചെന്നു നിന്നയാൾ തെരുവിലേക്കു നോക്കി.. ചുവപ്പും നീലയും കലർന്ന വെളിച്ചം എവിടെ..?

ദൈവമേ...

കടലിൽ നിന്നും കായൽ കടന്നെത്തിയ തണുത്ത കാറ്റിനൊപ്പം ഏതാനും തുള്ളി വെള്ളം അയാളുടെ മുഖത്തു വീണു... പിന്നെ ശിരസ്സിലൂടെ മുഖത്തേയ്ക്കൊഴുകിയ വെള്ളം... കണ്ണീരുപ്പ് കലർന്ന മഴവെള്ളം അയാളെ നനച്ചു...അയാൾ സങ്കടങ്ങളുടെ പുഴ തേടി അലഞ്ഞു. ❍

ഡോ. എൻ ജയരാജ്



12, 13 കേരള നിയമസഭകളിൽ അംഗം

# ഫോക്‌ലോർ:
## കാഴ്ചയും കാഴ്ച്ചപ്പാടും



മാനവരാശിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പഠനമേഖലയാണ് ഫോക്‌ലോർ. ലോകമെമ്പാടും വിവിധകാലങ്ങളിൽ വ്യത്യസ്ത സമൂഹങ്ങൾ പുലർത്തിപ്പോന്നതും പരമ്പരാഗതമായി കൈമാറി വന്നതുമായ അറിവുകളെയും ശീലങ്ങളെയും ആവിഷ്കാരങ്ങളെയുമാണ് ഫോക്‌ലോർ എന്ന പേരുകൊണ്ട് ലക്ഷ്യമാക്കുന്നത്. 1846 ആഗസ്ത് 22-ാം തീയ്യതി 'അഥിനീയം' എന്ന മാസികയ്ക്ക് എഴുതിയ ഒരു കത്തിലാണ് വില്ല്യം ജെ തോംസൺ ഫോക്‌ലോർ എന്ന പദം ആദ്യമായി പ്രയോഗിച്ചത്. എല്ലാവർഷവും ആഗസ്ത് 22 അന്താരാഷ്ട്ര ഫോക്‌ലോർ ദിനമായി ആചരിക്കപ്പെടുന്നു.

'ഫോക്' എന്ന പദത്തിന് കൂട്ടായ്മയെന്നും 'ലോർ'

എന്ന പദത്തിന് അറിവ് എന്നുമാണ് അർത്ഥം. കൂട്ടായ്മയുടെ അറിവ് എന്നത് ആ ചെറുവിഭാഗത്തെ സംബ ന്ധിച്ചിടത്തോളം അവരുടെ സമ്പത്തു തന്നെയാണ്. ഇത്തരം വിവിധ കൂട്ടാ യ്മകൾ ലോകമെമ്പാടുമുണ്ട്. ഗോത്ര സമുദായങ്ങളിലും കാർഷിക സമൂഹ ത്തിലും വിശ്വാസസമൂഹങ്ങളിലും മാത്രമല്ല നാഗരിക സമൂഹങ്ങളെയും ഫോക് എന്ന ഗണത്തിൽ ഉൾപ്പെടു ത്താവുന്നതാണ്. ഓരോ കൂട്ടായ്മ യ്ക്കും അതിന്റേതായ അറിവ് ശേഖരം ഉണ്ട്. സാമൂഹിക ബന്ധങ്ങളും ഇടപ ഴകലുകളും കുറവായിരുന്ന ആദ്യകാ ലത്ത് ഒരു വ്യക്തി ഒരു കൂട്ടായ്മയുടെ ഭാഗം മാത്രമായിരുന്നിരിക്കാം. എന്നാൽ ആധുനികകാലത്ത് ഒരേ ഒരു ഫോകിന്റെ പരി ധിയിൽ ഒതുങ്ങി നിൽക്കാൻ ഒരു വ്യക്തിക്ക് കഴിയണമെ ന്നില്ല. ഉദാഹരണത്തിന് ഗ്രാമത്തിൽ നിന്ന് നഗരത്തിൽ പഠി ക്കാനോ ഉദ്യോഗത്തിനോ ആയി എത്തുന്ന ഒരു വ്യക്തി അയാൾ അറിയാതെ തന്നെ ബഹുവിധഫോകിന്റെ ഭാഗ മായി മാറുന്നു.



കൂട്ടായ്മയുടെ അറിവുകൾ തലമുറകൾ കടന്നുവരു ന്നത് വാമൊഴിയിലൂടെയാണ്. വരമൊഴിക്ക് നാടോടിപാര മ്പര്യത്തിൽ വലിയ പ്രാധാന്യമില്ല. ശാസ്ത്രീയമായ വിദ്യാ ഭ്യാസം ലഭിക്കാതിരുന്ന കഴിഞ്ഞ തലമുറയിൽപ്പെട്ടവർ അവരുടെ അറിവുകളെ വാമൊഴിയായി അടുത്ത തലമുറ യിലേക്ക് പകർന്നുകൊടുത്തു. പരമ്പരാഗതമായി കൈമാറി വരുന്ന അറിവുകളെല്ലാം ഫോക്‌ലോറിന്റെ പരിധിയിൽ വര ണമെന്നില്ല. ഉദാഹരണത്തിന് വേദങ്ങൾ. എത്ര തലമുറ കഴിഞ്ഞാലും വേദോച്ചാരണത്തിന് യാതൊരു മാറ്റവും വരാ റില്ല കാരണം ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതാണ് അത്. നിയതരൂപഘടന ഉള്ളതിനേയും കണിശത പുലർ ത്തുന്നതിനെയും മാറ്റമില്ലാതെ തുടരുന്നതിനെയും ഫോക് ലോർ എന്ന ഗണത്തിൽപ്പെടുത്താനാവില്ല. ഒരു തലമുറ യുടെ അനുഭവപരിസരമാവില്ല അടുത്തതലമുറയ്ക്ക് ലഭി ക്കുന്നത്. അതുകൊണ്ടാണ് കാലാനുസാരിയായ മാറ്റം ഫോക്‌ലോറിൽ പ്രത്യക്ഷമാകുന്നത്.

യൂറോപ്പിനെ കേന്ദ്രീകരിച്ചാണ് ഫോക്‌ലോർ പഠനം വളർ ന്നുവന്നത്. കൊളോണിയൽ ഭരണകാലത്ത് ആഫ്രിക്ക, ഓസ്ട്രേലിയ, ഇന്ത്യ തുടങ്ങിയവിടങ്ങളിലെ ജനജീവിതത്തെ പാശ്ചാത്യർ കൗതുകത്തോടെരേഖപ്പെടുത്തിയപ്പോൾ ഫോക്‌ലോർ പഠനം ആരംഭിച്ചു എന്നുപറയാം. പ്രാദേശി കമായ കലാരൂപങ്ങളെയും അനുഷ്ഠാനങ്ങളെയും ഒരുപ രിധിവരെ അന്ധവിശ്വാസം എന്ന നിലയിലാണ് അവർ കണ്ടത്. തെയ്യത്തെക്കുറിച്ച് 'ഡെവിൾ ഡാൻസ്' എന്ന പരാ മർശമുണ്ടായതും ഈ സന്ദർഭത്തിലാണ്. തദ്ദേശീയരുടെ സംസ്കാരത്തെ പാശ്ചാത്യർ മത്സരബുദ്ധിയോടെ അന്വേ ഷിച്ചുതുടങ്ങിയതിനുശേഷമാണ് ഫോക്‌ലോർ ഒരു പഠന ശാഖയെന്ന നിലയിൽ പ്രാധാന്യം നേടുന്നത്.

ഫോക്‌ലോറിന് നാല് ധർമ്മങ്ങളുണ്ടെന്ന് വില്ല്യം ആർ. ബാസ്ക്കം പറഞ്ഞിട്ടുണ്ട്. ലോകമെമ്പാടും അംഗീകരിക്ക പ്പെട്ടിട്ടുള്ള നിരീക്ഷണമാണിത്. അത് അനുസരിച്ച് (1) ഫോക്‌ലോർ വിനോദത്തിനുള്ള ഉപാധിയാണ് (2) ഓരോ കൂട്ടായ്മയുടെയും അനുഷ്ഠാനങ്ങളെയും സ്ഥാപനങ്ങളെയും ന്യായികരിക്കുന്നതാണ് (3) ഒരു ജന തയുടെ വിദ്യാഭ്യാസത്തിൽ പ്രധാന പങ്ക് വഹിക്കുന്ന താണ് (4) സാമൂഹികമായ സമ്മർദങ്ങളെയും നിയന്ത്ര ണങ്ങളെയും സാധിക്കാനുള്ള ഉപാധിയാണ്. ഫോക്‌ലോർ സിദ്ധാന്തങ്ങളെ പ്രധാനമായും മൂന്ന് രീതിയിൽ വിഭജി ക്കാറുണ്ട്. പരിണാമസിദ്ധാന്തം (Evolution Theory), വിപ രിണാമ സിദ്ധാന്തം (DevolutionTheory), വ്യാപനസിദ്ധാന്തം (DiffusionTheory) എന്നിവയാണവ.

മനുഷ്യോൽപ്പത്തിയെക്കുറിച്ച് ഡാർവിന്റെ പരിണാമ സിദ്ധാന്തം പോലെ മനുഷ്യസംസ്കാരത്തിനും ഒരു ഉൽ പ്പത്തിയും വളർച്ചയുമുണ്ടെന്ന കാഴ്ചപ്പാടിൽ രൂപപ്പെട്ട സിദ്ധാന്തമാണ് **പരിണാമസിദ്ധാന്തം.** ഫോക്‌ലോറിന്റെ ചരിത്രമാരംഭിക്കുന്നത് 18-ാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ട ത്തിൽ നാടോടികളെക്കുറിച്ച് പഠനം നടത്തിയ ഗ്രിം സഹോദരന്മാരിൽ നിന്നാണ്. താരതമ്യഭാഷാപഠനത്തിലൂ ടെയാണ് ഇവർ ഫോക്‌ലോറിനെ വിശദീകരിക്കാൻ ശ്രമി ച്ചത്. പ്രാകൃത സമൂഹത്തിലെ പുരാവൃത്തങ്ങൾ കാർഷി കസമൂഹത്തിൽ നാടോടിക്കഥകളായി എങ്ങനെ മാറുന്നു എന്ന അന്വേഷണമാണ് അവർ മുന്നോട്ടുവച്ചത്.

'സോളാർമിത്തോളജി' ആവിഷ്കരിച്ച മാക്സ്മുള്ളർ ഇൻഡോ ആര്യൻ സമൂഹം പൊതുഭാഷയുള്ള ഒരു ഗോത്ര മായിരുന്നുവെന്നും പിന്നീട് പല പ്രദേശങ്ങളിൽ പോയി ജീവിച്ചപ്പോൾ പൂർവ്വഭാഷയിൽ നിന്നും വ്യത്യസ്തഭാഷ അവർക്ക് കൈവന്നുവെന്നും സിദ്ധാന്തിച്ചു. എഡ്വേർഡ് ബി ടെയ്‌ലർ, ജെയിംസ് ഫ്രേസർ എന്നിവർ രൂപപ്പെടുത്തിയ ആന്ത്രോപ്പോളജിക്കൽ സിദ്ധാന്തത്തെ ആൻഡ്രൂ ലാങ്ങ് അനുഷ്ഠാന സിദ്ധാന്തമായി (Myth Ritual Theory) വികസി പ്പിച്ചു. ആദ്യം അനുഷ്ഠാനങ്ങളും പിന്നീട് അവയുടെ വിവ രണങ്ങളും ഉണ്ടായി. എന്നാൽ പരിണാമത്തിന്റെ ചില ഘട്ട

ങ്ങളിൽ അനുഷ്ഠാനങ്ങളും വിവരണങ്ങളും പരസ്പരം പൊരുത്തപ്പെടാതെ വന്നു. ഈ സന്ദർഭത്തിൽ അനുഷ്ഠാനങ്ങളിൽ നിന്നുവേർപ്പെട്ട വിവരണങ്ങൾ കഥകളായി മാറി.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഒരേ തരത്തിലുള്ള ഫോക്‌ലോർ രൂപങ്ങൾ പ്രത്യക്ഷപ്പെടുന്ന സാഹചര്യത്തെ അടിസ്ഥാനമാക്കിയാണ് **വ്യാപനസിദ്ധാന്തം** വളർന്നുവന്നത്. തിയോഡർ ബൻഫേ എന്ന ജർമൻ ഇൻഡോളജിസ്റ്റിന്റെ ഇൻഡ്യനിസ്റ്റിക് തീയറി ഇതിനുദാഹരണമാണ്. നമ്മുടെ പഞ്ചതന്ത്രം കഥകൾക്ക് തുല്യമായി കാണുന്ന യൂറോപ്യൻ കഥകളെയാണ് ഇതിലദ്ദേഹം വിശകലനവിധേയമാക്കിയത്. ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പഠനരീതിക്ക് ഫോക്‌ലോർ പഠനരംഗത്ത് വലിയ പ്രാധാന്യമുണ്ട്. ജൂലയസ് ക്രോയും മകൻ കാർലെ ക്രോഹണുമാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ. ഫോക്‌ലോർ രൂപങ്ങളുടെ കാലം, സ്ഥലം, വ്യാപനം മുതലായവ രൂപപ്പെടുത്താൻ ക്രോഹൺ ഭൂമിശാസ്ത്രപരമായ രീതി പ്രയോജനപ്പെടുത്തി.

സാഹചര്യത്തിനനുസരിച്ച് ഓരോ കാലഘട്ടത്തിലും നിലവിലുള്ള സാംസ്കാരിക ഘടകങ്ങളെ മാറ്റിമറിച്ചുകൊണ്ട് പുതിയൊരുരൂപം പ്രാപിക്കുന്നു. പുതിയത് നിലനിൽക്കുകയും പഴയത് നശിച്ചുപോകുകയും ചെയ്യുന്നത് സ്വാഭാവികമാണ്. അങ്ങനെ നഷ്ടപ്പെട്ടുപോകുന്ന ഘടകമാണ് ഫോക്‌ലോറെന്ന് വാദിക്കുന്നവരാണ് **വിപരിണാമസിദ്ധാന്ത**ത്തിന്റെ വക്താക്കൾ.

ഫോക്‌ലോർ പഠനം യൂറോപ്പിലാരംഭിച്ചുവെങ്കിലും അത് അക്കാദമിക് രംഗത്ത് സജീവസാന്നിധ്യമായത് അമേരിക്കയിലാണ്. 1885-ൽ സ്ഥാപിക്കപ്പെട്ട അമേരിക്കൻ ഫോക്‌ലോർ സൊസൈറ്റി ഈ രംഗത്ത് മേധാവിത്വം പുലർത്തി. റിച്ചാർഡ് എം. ഡോർസൻ, അലൻ ഡൻഡസ്, സ്റ്റിത് തോംസൺ തുടങ്ങിയവർ അതിന് നേതൃത്വം നൽകി. ഫോക്‌ലോർ പഠനം പ്രധാനമായും ലക്ഷ്യമിടേണ്ടത് കൂട്ടായ്മയുടെ സ്വത്വാന്വേഷണത്തിലാണെന്ന് അലൻ ഡൻഡസ് പറഞ്ഞു.

ഫോക്‌ലോർ മുഖ്യധാരയിലേക്ക് വന്നതോടെ അതേവരെ കലയെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാടുകൾക്ക് മാറ്റം സംഭവിച്ചു. അതുവരെയും ഒരു വ്യക്തിയുടെ സംഭാവനയെന്ന നിലയിലാണ് കലയെ സമൂഹം നോക്കിക്കണ്ടത്. എന്നാൽ ഒരു ജനതയുടെ മനസ് ഉൾച്ചേർന്നിരിക്കുന്ന ഒന്നാണ് ഫോക്‌ലോർ എന്നത് യഥാർത്ഥത്തിൽ വലിയൊരു തിരിച്ചറിവായിരുന്നു. പ്രാദേശിക ജനതയുടെ ജീവിതസാഹചര്യങ്ങളിൽ നിന്നും രൂപപ്പെടുന്ന തിരിച്ചറിവുകളുടെ സഞ്ചയമെന്ന നിലയിൽ ഫോക്‌ലോർ മനസിലാക്കപ്പെടുമ്പോൾ സാർവ്വലൗകിക സംസ്കാരം എന്ന ആഗോളസങ്കൽപ്പനത്തിന് പ്രസക്തിയില്ലാതാകുന്നു.

പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടൻപാട്ടുകൾ, കൃഷിപ്പാട്ടുകൾ, നാടോടി കലാരൂപങ്ങൾ, തോറ്റംപാട്ടുകൾ എന്നിവയെല്ലാം നാടോടിസാഹിത്യം എന്ന വിഭാഗത്തിൽപ്പെടുന്നു. ഇവയോരൊന്നും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ തലമുറകൾ കൈമാറിവന്ന സാമൂഹിക നിലപാടുകൾ തെളിഞ്ഞുവരുന്നു. ആ നിലപാടുകളാകട്ടെ പ്രാധാന്യം കൊടുക്കുന്നത് സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സഹജീവിസ്നേഹത്തിനും പാരിസ്ഥിതിക അവബോധത്തിനുമാണെന്നകാര്യം അത്ഭുതത്തോടെ മാത്രമേ പരിഷ്കൃതരെന്നഭിമാനിക്കുന്ന ആധുനിക തലമുറയ്ക്ക് കാണാൻ പറ്റുകയുള്ളൂ. വിനോദോപാധി എന്ന നിലയിലാണ് കടങ്കഥകൾക്ക് സ്ഥാനമുള്ളത്. നവീനമാധ്യമസംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പഴഞ്ചൊല്ലും കടങ്കഥയും പുതുതലമുറയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെന്ന് പറയേണ്ടിവരുന്നു. നിത്യജീവിതസന്ദർഭത്തോട് ചേർന്നുനിന്നുകൊണ്ട് പുതിയ അർത്ഥവിതാനങ്ങൾ സൃഷ്ടിക്കുവാൻ പഴഞ്ചൊല്ലിന് കഴിയുന്നു. മനുഷ്യ സ്വഭാവ വൈചിത്ര്യങ്ങളെ എത്ര സൂക്ഷ്മമായി നിരീക്ഷിക്കാൻ പഴയതലമുറയ്ക്ക് കഴിഞ്ഞിരുന്നു എന്നതിന് ഉത്തമ ഉദാഹരണമാണിവ. 'കുരയ്ക്കും പട്ടി കടിക്കില്ല' എന്ന ചൊല്ല് ലക്ഷ്യം വയ്ക്കുന്നത് ഒരിക്കലും ഒരു പട്ടിയെയല്ല എന്നു വരുമ്പോഴാണ് പ്രയോഗസന്ദർഭമനുസരിച്ച് അത് ആസ്വാദ്യമാവുന്നത്. 'ചെമ്മീൻ തുള്ളിയാൽ മുട്ടോളം പിന്നേം തുള്ളിയാൽ ചട്ടീല്' എന്ന ചൊല്ല് എടുത്തുചാട്ടക്കാരെ ലക്ഷ്യമാക്കി പ്രയോഗിക്കുന്നതാണ്. 'കുമ്പളം കുത്തിയാൽ മത്തൻ മുളയ്ക്കുമോ' എന്ന ചൊല്ലും വൈവിധ്യമാർന്ന അർത്ഥമാനങ്ങളുള്ളതാണ്. വ്യക്തികൾക്ക് സ്വയം തിരിച്ചറിയാനും വിലയിരുത്താനും അതിലൂടെ സമൂഹത്തിനിണങ്ങിയവനായി സ്വയം തിരുത്തുവാനുമുള്ള മുന്നറിയിപ്പെന്ന നിലയിലാണ് പഴഞ്ചൊല്ലുകൾ ഏറ്റവും ഉതകുന്നത്.



താളമാണ് നാടൻപാട്ടുകളുടെ അടിസ്ഥാനം. അക്ഷരശുദ്ധിയോ അലങ്കാരഭംഗിയോ ദീക്ഷിക്കാതെയാണ് ഇവ ആലപിക്കപ്പെടുന്നത്. നാടൻപാട്ടിന്

ഇതിവൃത്തമായി കടന്നുവരുന്ന വിഷയം പല വിധത്തിലു ള്ള കാഴ്ചപ്പാടുകളും മൂല്യബോധവും ഉൾക്കൊണ്ട് തല മുറകളിലൂടെ പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കും. 'മക്കളെ കണ്ടും മാമ്പൂകണ്ടും മയങ്ങറെ മാക്കേ' എന്ന് കടാങ്കോട്ട് മാക്കത്തിന്റെ തോറ്റത്തിൽ പറയുന്ന സന്ദർഭമുണ്ട്. ഇതേ ആശയം തന്നെ മക്കളെ കണ്ടും മാമ്പൂകണ്ടും മയങ്ങരുത് എന്ന പഴഞ്ചൊല്ലിൽ കൂടെ മലയാളി സമൂഹത്തിന് സാമാന്യമായി പരിചയമുണ്ട്. വടക്കൻ കേരളത്തിൽ ഏറ്റവും കൂടുതൽ ആസ്വദിക്കപ്പെടുന്ന തോറ്റമാണ് കടാങ്കോട്ട് മാക്കത്തിന്റേത്. നമ്പ്യാർ തറവാട്ടിലെ ഒരു പെൺകുട്ടി നാത്തൂന്മാരുടെ പരദൂഷണത്തിനിരയായി കൊലചെയ്യപ്പെടുന്നതും പിന്നീട് അവളും മക്കളും ദൈവരൂപം കൈവരിക്കുന്നതുമാണ് ഈ തെയ്യത്തിന്റെ പിന്നിലുള്ള കഥ. ഒരുപക്ഷേ ഉത്തരകേരളത്തിലെ തെയ്യക്കോലങ്ങളിൽ വച്ച് സാധാരണ സ്ത്രീകളെ ഏറ്റവും ആകർഷിക്കുന്ന തെയ്യം മാക്കം തന്നെയായിരിക്കും. സുദീർഘമായ തോറ്റം കേൾക്കുവാൻ വേണ്ടി കളിയാട്ടം നടക്കുന്നിടത്ത് തങ്ങുന്ന സ്ത്രീകൾ ധാരാളം പേരുണ്ട്. ഒരു സാധാരണ കുടുംബത്തിലെ സ്ത്രീ പൊതുവിൽ അഭിമുഖീകരിക്കേണ്ടിവരുന്ന സന്ദർഭങ്ങളെയും സാഹചര്യങ്ങളെയും വിശദമാക്കുന്ന ഒന്നാണ് ഈ തോറ്റം. ഫോക്‌ലോറിന്റെ ധർമ്മം സാമാന്യജനങ്ങൾക്ക് വിദ്യാഭ്യാസം നൽകൽ കൂടിയാണെന്ന ബാസ്കം പറയുന്നതിനെ മാക്കത്തോറ്റവും സമാനതോറ്റങ്ങളും സാധൂകരിക്കുന്നു. കുന്നും കടലും അതിരിട്ടു നിൽക്കുന്ന ഭൂപ്രദേശം അധീനത്തിലുള്ള തറവാടാണ് മാക്കത്തിന്റേത്. ഇത്രയൊക്കെയുണ്ടായിട്ടും അവരുടെ ജീവിതരീതി ലളിതമാണ്. മാക്കം കുഞ്ഞായിരിക്കുന്ന സമയത്ത് അവൾക്കുവേണ്ടി തൊട്ടിലുണ്ടാക്കാൻ വീട്ടുകാർ തീരുമാനിക്കുന്നു. പൊന്നിന്റെയോ വെള്ളിയുടേയോ ചൂരലിന്റെയോ തൊട്ടിൽ ഏതാണ് വേണ്ടതെന്ന പ്രശ്നം ഉദിക്കുന്നു. കുഞ്ഞിനു വേണമെങ്കിൽ പൊൻതൊട്ടിൽ തന്നെപണിയിക്കാനുള്ള ആസ്തി അവർക്കുണ്ട്. പക്ഷേ ചൂരൽ തൊട്ടിൽ മതിയെന്ന് അവർ തീരുമാനിക്കുന്നത് പരമ്പരാഗതമായി പകർന്ന് കിട്ടിയ അറിവിനെ അടിസ്ഥാനമാക്കിയാണ്.

ആറുതിങ്കളാവോളം തൊട്ടിൽകെടത്തിമെയ് വളരേണം,
തൊട്ടിൽ കെടന്ന് മെയ്‌വളരാൻ പൊന്മകൾക്കോ,
എന്തൊര് നല്ല തൊട്ടിലാണപ്പാ തൂക്കുന്നതോ,
പൊൻതൊട്ടിലോ ചൂരത്തൊട്ടിലോ തൂക്കുന്നതോ,
നമ്മൾകാലം പൊന്തൊട്ടിൽ കിടത്തി മെയ്‌വളർത്തിയാൽ
ഈയുലകം കയ്ഞ്ഞാലുണ്ടൊരു ഇടയിലോകം
ഇടയിലോകത്തിൽ ചെറുമനുഷ്യർക്കത് എത്തുകയില്ലാ;
ചൂരത്തൊട്ടിൽ പൊൻതൊട്ടിലാക്കിത്തൂക്കാം നമ്മൾക്കോ.

ഇതേ ആശയകുഴപ്പം മാക്കം പൂരം നോമ്പ് നോൽക്കുന്ന സന്ദർഭത്തിലും ഉണ്ടാകുന്നുണ്ട്. കാമനെ ഉണ്ടാക്കാൻ വേണ്ടി തുനിയുമ്പോൾ അത് മൺകാമനെയോ പൊൻകാമനെയോ എന്ന സംശയം വരുന്നു. തൊട്ടിലിന്റെ കാര്യത്തിൽ കണ്ടെത്തിയ കാര്യം തന്നെയാണ് ഈ സന്ദർഭത്തിലും തുണയാകുന്നത്.

എന്തൊരു നല്ല കാമനെയാണപ്പാ വെക്കേണ്ടത്;
മാങ്കാമമെയോ പൊങ്കാമനെയോ വെക്കേണ്ടത്;
നമ്മൾ കാലം പൊങ്കാമനെയോ വെക്കേണ്ടത്;
ഈയുലകം കഴിഞ്ഞാലുണ്ടൊര് ഇടവിലോകം,
ഇടവിലോകം ചെറുമനുഷർക്കെത്തം വരികയില്ലാ,
മങ്കാമന പൊങ്കാമനായിച്ചമയിച്ച് വെക്കാം നമ്മൾക്കോ;

സമൂഹത്തിൽ മേലേക്കിടയിലുള്ള തറവാട്ടിലാണെങ്കിൽ പോലും സമ്പത്തുകൊണ്ട് അഹങ്കരിക്കുവാൻ അവർ തുനിയുന്നില്ല എന്നതാണ് ഈ സന്ദർഭം വ്യക്തമാക്കുന്നത്. പൊൻതൊട്ടിലോ പൊൻകാമനെയോ നിർമ്മിക്കാനുള്ള പണം ഏകമകൾക്ക് വേണ്ടി ചെലവാക്കുവാൻ സാധിക്കുമെങ്കിലും ഭൗതികതയ്ക്ക് അപ്പുറമുള്ള നേരുകൾ അവരുടെ സ്വാർത്ഥതയെ നിയന്ത്രിക്കുന്നു ഈ ലോകം കഴിഞ്ഞ് അടുത്ത ലോകത്തിലേക്ക് പോകുമ്പോൾ വർത്തമാനകാലത്തെ സുഭിക്ഷതകൾ തുണയാവുകയില്ലെന്ന് അവർ തിരിച്ചറിഞ്ഞു. ധനികൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത് ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതിലും ക്ലേശകരമാണെന്ന ബൈബിൾ വാചകത്തോട് ഈ സന്ദർഭത്തെ ചേർത്തുവെയ്ക്കാം. ഭൗതികസുഖങ്ങളിൽ മനസ് അഭിരമിച്ചുപോയാൽ പരലോകത്ത് സൗഖ്യമുണ്ടാവില്ലെന്നാണ് പറഞ്ഞതിന്റെ സാരം.

മാക്കത്തോറ്റത്തിൽ തന്നെ ഗ്രാമീണ ജനതയുടെ പരിസ്ഥിതി സൗഹൃദനിലപാടിനെ വ്യക്തമാക്കുന്ന മികച്ച ഒരു സന്ദർഭമുണ്ട്. പൂരം നാളിൽ വീട്ടിലെത്താൻ കിളികളെ ക്ഷണിക്കുന്ന സന്ദർഭമാണത്.

പൂരക്കഞ്ഞിദെവസം നാളിൽ വരണം ന്ങ്ങളോ.
കദളിപ്പഴക്കുലയും തെങ്കതിരും തൂക്കുംപന്തലിൽ
പന്തപ്പുറത്ത് ചോറെറിയിപ്പൻ കിളിമക്കളേ
ആമെന്നുടനെ അനുവദിക്ക്ന്ന് കിളിമക്കളോ;

ആഘോഷവേളകളിൽ മതിമറക്കാതെ ഉള്ളത് കൊണ്ട് തൃപ്തിപ്പെടാനും പ്രകൃതി വിഭവങ്ങളിൽ ഒരു പങ്ക് ഭൂമിയിൽ അവകാശമുള്ള ഇതര ജീവികൾക്കായി മാറ്റിവയ്ക്കാനുമുള്ള പൂർവ്വിക ജനതയുടെ ഉദാത്ത മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്. ഈ ലോകത്തിനണങ്ങിയത് മാത്രം സ്വീകരിക്കുക. അധികമായി വരുന്നവിഭവം സഹജീവികൾക്കും മറ്റുമായി പങ്കുവെയ്ക്കാനുള്ളതാണ്. സ്വാർത്ഥത മുൻനിർത്തി വ്യക്തിഗതനേട്ടങ്ങൾക്കു വേണ്ടിയുള്ള പോരാട്ടം നാടോടി സാഹിത്യത്തിലെ ദർശനമല്ല. സമൂഹത്തിൽ ഇല്ലാത്തവനെയും കഷ്ടപ്പെടുന്നവനെയും കാരുണ്യത്തോടെ ദർശിക്കാനുള്ള സന്ദേശവും നാടൻപാട്ടുകളിലുണ്ട്. ആധുനിക ജനതയുടെ സാമൂഹികവും പാരസ്ഥിതികവുമായ കാഴ്ചപ്പാടുകളോട് താരതമ്യപ്പെടുത്തുമ്പോഴാണ് നാടോടിസാഹിത്യത്തിന്റെ മഹത്വവും ഉദാത്തതയും നമുക്ക് മനസിലാവുക. കുന്നിടിച്ച് വയൽനികത്തിയും, വനം നശിപ്പിച്ചും പക്ഷികൾക്കും ജീവികൾക്കും ആവാസസ്ഥാനത്തിന് മനുഷ്യനോടൊപ്പം തന്നെ അവകാശമുണ്ടെന്ന വസ്തുത മറന്നുകൊണ്ടുമുള്ള പ്രവർത്തനങ്ങളെയാണ് ഇന്ന് പുരോഗതിയെന്ന് വിളിക്കുന്നത്. നാം ലക്ഷ്യമാക്കുന്ന പുരോഗതി വരും തലമുറയോട് ചെയ്യുന്ന കടുത്ത അനീതിയായിരിക്കുമെന്ന് വ്യത്യസ്ത ഫോക്‌ലോറുകൾ നമ്മെ പഠിപ്പിക്കുന്നു. ❍

**പ്രൊഫ. സി. രവീന്ദ്രനാഥ്**



12, 13 കേരള
നിയമസഭകളിൽ അംഗം

## സുസ്ഥിര സമഗ്രവികസനത്തിന്റെ ജനകീയമുഖം

# കദളികൃഷിയുടെ അനുഭവ പാഠങ്ങൾ



കാർഷിക മേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വളർച്ചയാണ് വികസനത്തിന്റെ പ്രധാന ഊർജ്ജ സ്രോതസ്സ്. നവലിബറൽ അജണ്ട കാർഷിക മേഖലയെ തകർത്തിരിക്കുകയാണ്. പ്രാദേശികമായ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള കാർഷിക വിഭവങ്ങൾ നാം ഉൽപ്പാദിപ്പിക്കുന്നില്ല എന്നത് ഏറ്റവും പ്രധാന പ്രശ്നമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും അരിയും പച്ചക്കറിയും പഴങ്ങളും പൂക്കളുമെല്ലാം എത്തുന്നതുകൊണ്ടാണ് ഇപ്പോഴും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. ഉൽപ്പാദനചെലവും ലാഭവും കടത്തു ചെലവുമെല്ലാം കൊടുത്താണ് വിപണിയിൽ നിന്നും നമുക്ക് സാമഗ്രികൾ ലഭിക്കുന്നത്. അനുകൂല കാലാവസ്ഥയും ഫലപുഷ്ടിയുള്ള മണ്ണും കലർപ്പില്ലാത്ത വിത്തിനങ്ങളും ലഭ്യമായിട്ടും എന്തുകൊണ്ട് നാം അയൽ സംസ്ഥാനത്തെ ആശ്രയിക്കുന്നുവെന്ന ചോദ്യത്തിൽ നിന്നാണ് കദളികൃഷിയുടെ സാദ്ധ്യതകൾ ആരായുന്നത്. അതോടൊപ്പം ധാരാളം ഉൽപ്പാദന സാദ്ധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താനുണ്ടെന്ന കാഴ്ചപ്പാടോടെയാണ് സുസ്ഥിര പദ്ധതി കാർഷിക മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യം വക്കുന്നത്. പരമാവധി ഇനം ഭക്ഷ്യവിളകളും സാദ്ധ്യതക്കനുസരിച്ച് നാണ്യവിളകളും കൃഷി ചെയ്ത് ഉൽപ്പാദനം വർധിപ്പിക്കുന്നതോടൊപ്പം കൃഷിസാദ്ധ്യമായ ഭൂമിയുടെ വിസ്തീർണ്ണവും വർദ്ധിപ്പിക്കുന്നതുമാണ് പ്രധാന ലക്ഷ്യമായി ഞങ്ങൾ കണ്ടത്.

പഴവർഗ്ഗങ്ങൾക്കായി ധാരാളം വാഴ കൃഷി ചെയ്യുന്നുണ്ടെങ്കിലും പൊതുവിൽ നിവേദ്യ കദളികൃഷി പുതുക്കാട് മണ്ഡലത്തിൽ വളരെ കുറവായിരുന്നു. കുറഞ്ഞ തോതിൽ പൂജാദികർമ്മങ്ങൾക്കല്ലാതെ ഏറെയൊന്നും കദളിപ്പഴത്തിനു ആവശ്യക്കാരും ഉണ്ടായിരുന്നില്ലെന്നതാകാം ഇതിനുകാരണം. പോഷകസമൃദ്ധവും ഔഷധമൂല്യവും നിറഞ്ഞതുമായ കദളിപ്പഴം ഉപയോഗിച്ച് ഊർജ്ജദായക ഉൽപ്പന്നങ്ങൾ കമ്പോളത്തിലെത്തിക്കാനാകും. അഷ്ടാംഗഹൃദയത്തിൽ വിവരിക്കുന്ന കദളിരസായനം അത്ഭുതസിദ്ധിയുള്ള ഔഷധമാണ്. കദളിപ്പഴത്തിന്റെ ലഭ്യതക്കുറവാണ്

ആയുർവ്വേദ ഔഷധ നിർമ്മാതാക്കൾ കദളിപ്പഴം ഉപയോഗിച്ച് വിവിധതരം ആരോഗ്യദായക ഔഷധങ്ങൾ നിർമ്മിക്കാതിരിക്കാനുള്ള കാരണം. പുതുക്കാട് മണ്ഡലത്തിലും സമീപസ്ഥലങ്ങളിലുമായി ചെറുകിട ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കമ്പോള സാദ്ധ്യതക്കനുസരിച്ച് കലർപ്പില്ലാത്ത കദളി ഔഷധ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനാകും. ചോക്കോബാറും, ബോൺവിറ്റയും, ഹോർലിക്സും ശീലമാക്കിയ നമുക്ക് തദ്ദേശീയമായ ആരോഗ്യ ഉൽപ്പന്നങ്ങളും പരീക്ഷിക്കാനാകും എന്ന് അനുഭവങ്ങൾ പഠിപ്പിക്കുന്നു.

ഡിമാന്റ് അനുസരിച്ച് കദളിപ്പഴത്തിന്റെ ഉൽപ്പാദനം ഉറപ്പാക്കുകയെന്നതായിരുന്നു പ്രധാന പ്രശ്നം. ഇതിനു പരിഹാരമായാണ് സുസ്ഥിര പദ്ധതി കദളികൃഷി ആരംഭിക്കാൻ തീരുമാനിച്ചത്. വിപണി ഉറപ്പാക്കുകയെന്നത് മറ്റൊരു വെല്ലുവിളിയാകയാൽ പദ്ധതിയുടെ മുൻ പിൻ ബന്ധങ്ങൾ ഉറപ്പിക്കാനായിരുന്നു ആദ്യശ്രമം. വിപണിയിലെ ഡിമാന്റ് പരിശോധിച്ചതിൽ കദളിപ്പഴത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ളത് പൂജാകർമ്മങ്ങൾക്കായി ഗുരുവായൂർ ക്ഷേത്രത്തിലെ ഉപയോഗത്തിനാണ്. മറ്റു പ്രധാന ക്ഷേത്രങ്ങളിലും കദളിപ്പഴം നിവേദ്യത്തിന് ഉപയോഗിച്ചു വരുന്നുണ്ട്. ഒരുദിവസത്തേക്ക് ഗുരുവായൂർ അമ്പലത്തിൽ മാത്രം 6000 കദളിപ്പഴം ആവശ്യമാണ്. 2009 വരെ ഇത്രയും കദളിപ്പഴം കൊണ്ടുവന്നിരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. നഗര വിപണികളിൽ ഇന്നും തമിഴകത്തെ കദളിയാണ് വിൽപ്പനക്കെത്തുന്നത്. ഉൽപ്പാദനം കുറവായ സന്ദർഭങ്ങളിൽ കദളിക്ക് പകരക്കാരായ പഴങ്ങളും ഉപയോഗിക്കേണ്ട സ്ഥിതിയുണ്ടായിരുന്നു. ഈ അപൂരിതമായ ആഭ്യന്തര വിപണിയെ ഉപയോഗപ്പെടുത്താനാണ് സുസ്ഥിര തീരുമാനിച്ചത്.

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായി കദളികൃഷി ഏറ്റെടുത്തു. പദ്ധതിയുടെ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിശ്ചയിച്ചതാണ് കദളികൃഷിയുടെ വ്യാപനത്തിനും വിജയത്തിനും വഴി തെളിച്ചത്. കുടുംബശ്രീയുടെ വിപുലമായ യോഗം ചേർന്നു. ഇതിൽ വച്ച് പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സും സംഘാടനവും സംബന്ധിച്ച വിശദീകരണങ്ങൾ നൽകി. ആയിരക്കണക്കിന് വിശ്വാസികൾ നിത്യേന ദർശനത്തിനെത്തുന്ന ഗുരുവായൂരിൽ കദളിപ്പഴം സുലഭമായി എത്തിക്കുകയെന്നത് ഭാരിച്ച ഉത്തരവാദിത്തമാണെന്ന് ബോദ്ധ്യം വരുത്തി. കൃഷിക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും സംഭരണവും വരുമാന സാദ്ധ്യതയും വിശദീകരിച്ചു. പദ്ധതി ഏറ്റെടുക്കാനുള്ള ത്രാണിയും ആൾബലവും സന്നദ്ധതയും തങ്ങൾക്കുണ്ടെന്ന് കുടുംബശ്രീ അംഗങ്ങളെ ബോദ്ധ്യപ്പെടുത്തി. കണ്ണന്റെ കദളീവനമായി പഴയ കൊടകര മണ്ഡലത്തെ മാറ്റിയെടുക്കുമെന്ന തീരുമാനം പ്രഖ്യാപിച്ചുകൊണ്ടാണ് കുടുംബശ്രീ യോഗം പിരിഞ്ഞത്.

തുടർന്ന് സമഗ്രമായ ഒരു ജനകീയ കാർഷിക പ്രവർത്തനം തന്നെയാണുണ്ടായത്. കദളികൃഷി വളരെ കുറവായ പ്രദേശമായതിനാൽ തുടക്കത്തിൽ വാഴക്കന്ന് സംഭരണം പ്രശ്നമായി. പദ്ധതി വിജയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഓരോരുത്തരും സമീപ പ്രദേശങ്ങളിൽ നിന്നും സമാഹരി ക്കാവുന്നത്രയും വാഴക്കന്ന് ലഭിക്കുന്നതിനുള്ള അന്വേഷണത്തിലും സംഭരണത്തിലും ഉത്സവത്തിലെന്ന പോലെ പങ്കാളിയായി. ആവശ്യത്തിനുള്ള വാഴക്കന്ന് ലഭിച്ചില്ലെങ്കിലും കാർഷിക മേഖലയിലെ നൂതനമായ ഇടപെലായിരുന്നു ഇത്. ജനകീയ കാർഷിക പ്രവർത്തനത്തോടൊപ്പം കൊടകര ബ്ലോക്ക് പഞ്ചായത്തും കുടുംബശ്രീ മിഷനും ഗുരുവായൂർ ദേവസ്വവും തമ്മിൽ വ്യാപാരക്കരാറിൽ ഏർപ്പെട്ടു. കരാർ പ്രകാരം ദേവസ്വം ആവശ്യപ്പെടുന്നത്രയും കദളിപ്പഴം കുടുംബശ്രീ മിഷൻ എത്തിച്ചു കൊടുക്കണം. അതാത് കാലത്ത് പഴത്തിന്റെ വില നിശ്ചയിക്കുന്നത് കേരളാ സർക്കാരിന്റെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലാണ്. അതാത് കാലത്തെ വിപണി വിലയെ ആസ്പദമാക്കി VFPCK വിലനിർണ്ണയം നടത്തും. ഗുരുവായൂർ ദേവസ്വം ബോർഡ് അപ്പപ്പോൾ ഇത് അംഗീകരിച്ചു കൊണ്ടാണ് കർഷകർക്ക് വില നൽകുന്നത്. ഉൽപ്പാദന വിതരണ തടസ്സങ്ങളൊന്നുമില്ലാതെ തികഞ്ഞ ജാഗ്രതയോടെ ഇത് അനസ്യൂതം തുടരുന്നുണ്ട്. മുൻബന്ധം എന്ന ഉൽപ്പാദന പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായതാണ് നിവേദ്യ കദളി പദ്ധതിയുടെ വിജയത്തിനു കാരണം. അതോടൊപ്പം ഗുരുവായൂർ ദേവസ്വം ഉൽപ്പാദനത്തിനു പിന്നിലെ സ്ത്രീശക്തിയേയും കുടുംബശ്രീയുടെ സാമൂഹ്യ പ്രസക്തിയേയും സൗമനസ്യപൂർവ്വം മാനിച്ചു കൊണ്ടാണ് പദ്ധതിയോട് സഹകരിക്കുന്നത്.

മുൻകാലങ്ങളിലെ ദേവസ്വത്തിലെ സപ്ലൈ കോൺട്രാക്ടിനെക്കാൾ കുറഞ്ഞ വിലക്ക് തദ്ദേശീയമായി ഉൽപ്പാദിപ്പിച്ച ശുദ്ധ കദളി ക്ഷേത്രസന്നിധിയിൽ നിത്യേന ലഭ്യമാക്കാൻ കുടുംബശ്രീക്ക് കഴിയുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്.

പ്രാരംഭത്തിൽ പദ്ധതിയുടെ പിൻബന്ധം ഉറപ്പിക്കുന്ന കാര്യത്തിൽ ചില പോരായ്മകളുണ്ടായി. കൃഷിചെയ്യാനുള്ള ഭൂമിയാണ് പിൻബന്ധങ്ങളിൽ ഒന്ന്. ജനസാന്ദ്രത കൂടിയ പ്രദേശമായിട്ടുകൂടി കുടുംബശ്രീ ഈ ബന്ധം കാര്യക്ഷമമായി തന്നെ യോജിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകളുടെ സാമൂഹ്യ സ്വീകാര്യതയും അംഗീകാരവും തെളിയിച്ച സംഭവമായിരുന്നു ഇത്. അമ്പലപ്പറമ്പുകളും സ്കൂൾ അങ്കണങ്ങളും പാട്ടത്തിനെടുത്ത സ്വകാര്യ ഭൂമിയും കൃഷിക്കായി സംഘടിപ്പിച്ചു. മറ്റൊരു പ്രധാന പിൻബന്ധം വാഴക്കന്ന് ലഭ്യമാക്കുക എന്നതായിരുന്നു. തീവ്രമായ ശ്രമങ്ങൾക്കു ശേഷവും ആവശ്യമായത്ര വാഴക്കന്ന് കിട്ടാതായപ്പോൾ പദ്ധതി വിജയിക്കുമോ എന്നു പോലും സംശയിച്ച ഘട്ടമാണിത്. കേരളത്തിൽ തന്നെ ദുർല്ലഭമായ കൃഷിയാണ് നിവേദ്യ കദളിയെന്ന് ബോദ്ധ്യമായി. കദളി ഉൽപ്പാദിപ്പിക്കുന്ന തമിഴ്നാട്ടിലെ തെങ്കാശ്ശിയിലും മറ്റു സ്ഥലങ്ങളിലും പോയെങ്കിലും കന്ന് സംഘടിപ്പിക്കുവാനുള്ള ശ്രമം വിജയിച്ചില്ല. വാഴത്തൈ സംഭരണത്തിലെ പ്രശ്നങ്ങൾ മുൻകൂട്ടി കാണാൻ കഴിയാതിരുന്നത് ചെറുതെങ്കിലും പദ്ധതി രൂപീകരണത്തിലെ ന്യൂനതയാണ്. പ്രാരംഭഘട്ടത്തിൽ വാഴക്കന്ന് ഉൽപ്പാദിപ്പിക്കുന്നതിലായിരുന്നു പ്രത്യേക ശ്രദ്ധ. വളർത്തിയെടുത്ത വാഴക്കന്നുകൾ

മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നട്ടു പിടിപ്പിച്ചു കൊണ്ടാണ് പിന്നീട് കൃഷി പുഷ്ടിപ്പെടുത്തിയത്.

ഏഴു ഗ്രാമപഞ്ചായത്തുകളിലായി 5 പേർ വീതമുള്ള 50 ഗ്രൂപ്പുകൾ പ്രവർത്തന രംഗത്തെത്തി. ഏകദേശം 25 ഏക്കർ ഭൂമിയിൽ വാഴകൃഷിക്ക് തുടക്കമിട്ടു. കാർഷിക സർവ്വകലാശാലയിലെ ഡോ. അരവിന്ദാക്ഷന്റെ പ്രത്യേക സാങ്കേതിക ഉപദേശങ്ങളും കൃഷിയിട സന്ദർശനവും കർഷകർക്ക് പ്രചോദനമായി. നിത്യേന വിളഞ്ഞ കുലകൾ ലഭിക്കാവുന്ന തരത്തിലാണ് വാഴ നട്ട് വളർത്തുന്നത്. കായ കൂടാതെ കദളിവാഴയുടെ മറ്റ് ഭാഗങ്ങളുടെ ഔഷധ ഗുണങ്ങളും ഉപയോഗവും ഇനിയും പരീക്ഷിക്കപ്പെട്ടിട്ടില്ല. ഇന്ന് വാഴക്കന്നുകൾ കദളിക്കുലകൾക്കൊപ്പം സമൃദ്ധമായി വിൽക്കാൻ കഴിയുന്ന സ്ഥിതിയുണ്ട്. ഇങ്ങനെ കദളികൃഷിയുടെ വ്യാപനത്തിനുള്ള സൗകര്യം കൂടി സുസ്ഥിര ഒരുക്കിയെന്നു പറയാം. ഗ്രാമീണ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ വരുമാനവും പൊതു അംഗീകാരവും മാത്രമല്ല സമുദായ സൗഹാർദ്ദവും ഉറപ്പാക്കാമെന്ന സാമൂഹ്യ ആസ്തിയും പുതുക്കാട് മണ്ഡലത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.

ബോധപൂർവ്വമായ കാർഷിക ഉൽപ്പാദനത്തിന് ഉപയോഗപ്പെടുത്താതെ കിടന്നിരുന്ന ചെറിയ തുണ്ടുഭൂമിയാണ് പല സ്ഥലത്തും കൃഷിയോഗ്യമാക്കിയത്. കദളികൃഷിയോടെ ഇവിടങ്ങളിൽ മണ്ണിന്റെ ജൈവഗുണം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തെ കൂടാതെ മറ്റു ആഭ്യന്തര വിപണി സാദ്ധ്യതകൾ ഉണ്ട്. ആയുർവേദ ഔഷധ നിർമ്മാതാക്കൾ, ക്ഷേത്രങ്ങൾ, കാറ്ററിങ്ങ് യൂണിറ്റുകൾ എന്നിങ്ങനെയുള്ള അപൂരിതമായ വിപണികൾ കണ്ടെത്താനുള്ള പ്രചോദനം കദളികൃഷി പ്രദാനം ചെയ്യുന്നു.

പുരയിട കൃഷിയുടെ പ്രധാന പങ്കും ലക്ഷ്യബോധമില്ലാതെ നടത്തുന്ന ആകസ്മിക നടീലുകളാണ്. ഉൽപ്പാദനം മുന്നിൽ കണ്ടുകൊണ്ട് ചെറു സംഘങ്ങളായി നാമമാത്ര പുരയിട കൃഷിക്കാർക്കും സഹകരിക്കാവുന്ന സംരംഭമാണിതെന്ന് കാണാം. വർധിച്ച ഉൽപ്പാദനം കൂടുതൽ ഉപഭോഗത്തിനും ആഭ്യന്തര ആവശ്യങ്ങൾക്കു ശേഷം മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും സാധ്യത ഉണ്ടാക്കുമെന്നതിനാൽ കൂടുതൽ ഉൽപ്പാദനത്തിന് പ്രസക്തിയുണ്ട്.

കാർഷിക സാന്ദ്രതയിൽ (അഗ്രോ ഡെൻസിറ്റി) പിന്നിട്ടു നിൽക്കുന്ന ഭൂവിഭാഗമാണ് നമ്മുടേത്. നിശ്ചിത ഭൂപരിധിയിൽ വളർത്താവുന്ന ജൈവ വൈവിധ്യങ്ങളുടെ കുറവായി ഇതിനെ പരിഗണിക്കാവുന്നതാണ്. അതുകൊണ്ടുതന്നെ ശരാശരി രണ്ടു മീറ്റർ അകലത്തിൽ വളരുന്ന വാർഷിക വിളയായ വാഴകൃഷിക്കിടയിൽ അനുയോജ്യമായ ഇടവിളകളായി തുളസി, ചെണ്ടുമല്ലി, ചീര, പയർ, പനിക്കൂർക്ക, മുളക് എന്നിങ്ങനെയുള്ള സസ്യങ്ങളുടെ കൃഷി സാദ്ധ്യതയും പരിഗണിക്കാവുന്നതാണ്. സഹകരണ മേഖലയുടെ സഹകരണം ഈ പദ്ധതിയുടെ മറ്റൊരു കാരണമാണ്.

കുടുംബശ്രീയെ സഹായിക്കുന്ന പിന്തുണാ സംവിധാനമായി മറ്റത്തൂർ ലേബർ സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലുമായി ശേഖരിക്കുന്ന കദളിക്കുലകളുടെ പൊതുസംഭരണമാണ് ഈ സഹകരണ സംഘത്തിന്റെ പ്രധാന ചുമതല. കർഷകർ എത്തിക്കുന്ന കദളിക്കുലകൾ തത്സമയം പണം കൊടുത്ത് അതത് ഗ്രാമപഞ്ചായത്തിലെ സഹകരണ സംഘങ്ങൾ



നേരിട്ട് വില നൽകി കദളിക്കുലകൾ വാങ്ങി സൂക്ഷിക്കുന്നു. ഇപ്രകാരം ശേഖരിക്കുന്ന കുലകൾ സംഭരണം നടത്തി ഗുരുവായൂരിലെത്തിച്ച് പഴമാക്കി ക്ഷേത്രത്തിൽ എണ്ണം കൊടുക്കുന്ന ചുമതല മറ്റത്തൂർ ലേബർ സഹകരണ സംഘം കൃത്യതയോടെ നിർവ്വഹിക്കുന്നു. ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാനും കാലതാമസം കൂടാതെ ന്യായവില ലഭിക്കാനും സഹകരണ സംഘങ്ങളുടെ ഇടപെടൽ സഹായിക്കുന്നു. കർഷക കൂട്ടായ്മ വളർത്താനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദന വിപണന രംഗം ശക്തിപ്പെടുത്താനുമുള്ള മാതൃകാപരമായ സേവനം മറ്റത്തൂർ ലേബർ സഹകരണ സംഘം നിർവ്വഹിക്കുന്നു. കർഷകർ ഉൽപ്പാദിപ്പിച്ച ചെണ്ടുമല്ലി പൂക്കൾ കഴിഞ്ഞ ഓണക്കാലത്ത് ലേബർ സൊസൈറ്റി തൃശൂർ നഗരത്തിൽ വിൽപ്പനക്കെത്തിച്ചത് പൂക്കളുടെ ക്രമാതീതമായ വില വർദ്ധനവ് തടയാൻ പോലും പര്യാപ്തമായി. ഗുരുവായൂരിൽ ആറായിരം കദളിപ്പഴമാണ് ഇപ്പോൾ നിത്യേന നൽകി വരുന്നത്. മറ്റു ക്ഷേത്രങ്ങളിലും നൽകാൻ കഴിയുന്നവിധം കായ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അധികമായി ഉൽപ്പാദിപ്പിക്കുന്ന കദളിപ്പഴം ഉപയോഗിച്ച് സുസ്ഥിര ബ്രാൻഡിൽ രസം, രസായനം, ജാം എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുണ്ടാക്കാനുള്ള സൗകര്യവും ലേബർ സൊസൈറ്റി വികസിപ്പിച്ചിട്ടുണ്ട്. പരിമിതമായ തോതിലാണെങ്കിലും കൃഷിയെ ഒരു ജനകീയ സംരംഭമായി മാറ്റാൻ ബ്ലോക്ക് പഞ്ചായത്തിന്റെ സാന്നിദ്ധ്യം ഉപകരിച്ചതായി കാണാം.

ആഭ്യന്തര വിപണിയെ മാത്രം ആശ്രയിച്ചാലും കാർഷിക ഉൽപ്പാദന പദ്ധതികൾ വിജയിപ്പിക്കാനാകുമെന്നതിന് ഉദാഹരണമാണ് കദളി വനം പദ്ധതി. ഉപഭോക്താക്കളുടെ പിന്തുണയും തദ്ദേശീയ ഉൽപ്പന്നങ്ങളോടുള്ള ജനങ്ങളുടെ താൽപ്പര്യവും വിതരണത്തിലെ കൃത്യതയും സർവ്വോപരി മികച്ച ഗുണനിലവാരവും ഉറപ്പാക്കിയാൽ വിദേശ ഉൽപ്പന്നങ്ങളുടെ മത്സരവേദിയിൽപ്പോലും ഇത്തരം ജനകീയ സംരംഭങ്ങൾക്ക് പിടിച്ചു നിൽക്കാനാകും.

സാമ്പ്രദായികമായ മൈക്രോഫിനാൻസ് രംഗത്തു നിന്നും ചെറുകിട ഉൽപ്പാദന രംഗത്തേക്ക് ക്രിയാത്മകമായി തിരിച്ചുവിടാൻ കുടുംബശ്രീ സംവിധാനത്തിന് പ്രായപൂർത്തിയെത്തിയിരിക്കുന്നുവെന്ന് ഈ പദ്ധതിയിലൂടെ നിസ്സംശയം കാണാനാകും. പണത്തിൽ നിന്നും പണം ഉൽപ്പാദിപ്പിക്കുന്നതിലല്ല വികസനവും ദാരിദ്ര്യ ലഘൂകരണവുമെന്ന തിരിച്ചറിവുണ്ടായാൽ ഉൽപ്പാദന രംഗത്ത് പുതിയ ഇടങ്ങൾ കണ്ടെത്താൻ കുടുംബശ്രീക്ക് തീർച്ചയായും കഴിയും. കദളിയിൽ മാത്രം പരിമിതപ്പെടാതെ വിവിധ ഇനം വാഴകൾ കൃഷി ചെയ്ത് വംശവർദ്ധനക്കും ജൈവ വൈവിധ്യ സംരക്ഷണത്തിനും കരുത്തുള്ള വിത്തുൽപ്പാദനത്തിനും കഴിയേണ്ടതുണ്ട്. ആഭ്യന്തര ഡിമാന്റ് പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾക്ക് അനുയോജ്യമായ കാർഷിക പദ്ധതികൾക്ക് നമ്മുടെ നാട്ടിൽ ഏറെ സാദ്ധ്യതകളുണ്ട്. സർക്കാർ ആയുർവേദ ഔഷധ നിർമ്മാതാക്കളായ തൃശൂരിലെ "ഔഷധി" ഗുണനിലവാരമുള്ള എല്ലാതരം പച്ചമരുന്നുകളുടെ ആവശ്യക്കാരാണ്. നമ്മുടെ മലയോര പ്രദേശങ്ങളിൽ വളർത്തിയെടുക്കാൻ കഴിയുന്ന കൊടുവേലി, കാട്ടുപാവൽ, കുറുന്തോട്ടി, ഓരില, മൂവില, പുളിയില തുടങ്ങിയ പച്ചമരുന്നുകളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി "സുസ്ഥിര" ഔഷധിയുമായി കരാറിലേർപ്പെട്ട് കൃഷി ആരംഭിച്ചിട്ടുണ്ട്. പാരിസ്ഥിതിക സന്തുലനം പരിരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള കാർഷിക ഉൽപ്പാദനത്തിനുള്ള പദ്ധതികൾ തദ്ദേശീയ ആവശ്യ പൂർത്തീകരണത്തിന് ജനകീയ സംരംഭങ്ങളായി ഏറ്റെടുക്കാനായാൽ കമ്പോള വ്യവസ്ഥക്കുള്ള പ്രാദേശിക ബദൽ വികസിപ്പിച്ചെടുക്കാമെന്നതാണ് സുസ്ഥിരയുടെ അനുഭവം.

ഇതിലൂടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലെ അസന്തുലിതമായ ഉൽപ്പാദന വിതരണ പ്രശ്നങ്ങളും സുസ്ഥിരമായി പരിഹരിക്കുവാൻ ജനകീയ സംരംഭങ്ങൾക്ക് കഴിയുമെന്ന് തെളിയിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഇനിയും വ്യാപകമായ സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. കോർപ്പറേറ്റുകൾക്ക് മാത്രമേ കാർഷിക അഭിവൃദ്ധിയുണ്ടാക്കാൻ കഴിയൂ എന്ന വർത്തമാനകാല ചിന്തകൾക്ക് ഒരു മറുപടി കൂടിയാണ് സുസ്ഥിരയുടെ ഈ പ്രാദേശിക ഇടപെടൽ.

## ഗ്രീൻ പുതുക്കാട്: ജൈവ വൈവിധ്യ ഉദ്യാനം

കാർഷിക രംഗത്ത് ഗാലസ കദളീ വനം, നാളീകേര ക്ലസ്റ്റർ, പച്ചക്കറി, വാഴകൃഷികൾ എന്നീ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയതു കൊണ്ട് കാർഷിക രംഗത്തുണ്ടായ മാറ്റങ്ങൾ അത്ഭുതകരമാണ്.

ജലസേചന രംഗത്തുണ്ടായ മാറ്റങ്ങളും മേൽപ്പറഞ്ഞ കാർഷിക മാറ്റത്തിന് വഴിയൊരുക്കി. നിരവധി റെഗുലേറ്റർ കം ബ്രിഡ്ജുകളും ലിഫ്റ്റ് ഇറിഗേഷനുകളും പ്രവർത്തനനിരതമാകുമ്പോൾ പുതുക്കാട് മണ്ഡലം ഒരു കാർഷിക പ്രാധാന്യമുള്ള മണ്ഡലമായി മാറും. ഇത് മുന്നിൽ കണ്ടു കൊണ്ട് സുസ്ഥിര പദ്ധതി നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ജൈവ വൈവിധ്യ ഉദ്യാനം. മുതലാളിത്ത വികസനത്തിന്റെ ഏറ്റവും വലിയ ഇര ജൈവ വൈവിധ്യം തന്നെയാണ്. നവലിബറൽ നയത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യവും ജൈവ വൈവിധ്യം ഇല്ലാതാക്കുക എന്നതാണ്. നവലിബറൽ നയം ജൈവവൈവിധ്യത്തെപ്പോലും വെറും ചരക്കായി മാറ്റുന്നു. അതു കൊണ്ടു തന്നെ ബദൽ വികസന പരിപാടികളിൽ ജൈവ വൈവിധ്യ സംരക്ഷണം പ്രധാന അജണ്ടയാക്കണം. ഇന്നത്തേയും നാളത്തേയും തലമുറകൾക്ക് വേണ്ടിയും ഭൂമിയുടെ നിലനിൽപ്പിന് വേണ്ടിയും ജൈവ വൈവിധ്യം സംരക്ഷിക്കപ്പെടണം. വികസന പ്രക്രിയയുടെ പ്രധാന അജണ്ടയായി ജൈവ വൈവിധ്യ സംരക്ഷണം മാറേണ്ടിയിരിക്കുന്നു എന്ന സന്ദേശം നൽകുക എന്നത് സുസ്ഥിര വികസനത്തിന്റെ കടമയാണ്. ഏതൊരു സ്പീഷിസിന്റെയും ആയുർദൈർഘ്യം നിശ്ചയിക്കുന്നത് അതിന്റെ ജൈവ അടിത്തറയുടെ വൈപുല്യത്തിലാണ്. അടിത്തറ (Genetic Base) എത്രയും വിപുലമാണോ അത്രയും ആ സ്പീഷിസിന് ആയുസ്സുണ്ടായിരിക്കും. അതുകൊണ്ടാണ് കാർഷിക വിള

കളുടെ ജൈവ വൈവിധ്യം വർദ്ധിപ്പിക്കുവാൻ കാരണം.

ജൈവ വൈവിധ്യം പ്രകൃതിയുടെ നിലനിൽപ്പിന്നാധാരമാണ്. പ്രകൃതിയിലെ ഓരോ ജീവനും പരസ്പരപൂരകവും ഒന്ന് മറ്റൊന്നിന്റെ ഭക്ഷണവുമാണ്. ഒരു തന്മാത്ര മാത്രമാണ് പ്രകൃതിയിൽ ഭക്ഷണം ഉണ്ടാക്കുന്നത്. അത് പച്ച നിറം എന്ന് പറയുന്ന ക്ലോറോഫിൽ ആണ്. സുര്യരശ്മിയേയും അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിനേയും ഉപയോഗിച്ച് കാർബോഹൈഡ്രേറ്റ് ഉണ്ടാക്കുന്നത് പച്ചനിറമാണ്. ഈ പച്ചിലകളെ ഭക്ഷിക്കുന്നത് സസ്യഭുക്കുകളാണ്.

ഭൂമിയുടെ ജൈവവൈവിധ്യത്തിന്റെ ഊർജ്ജ സ്രോതസ്സ് സൂര്യരശ്മിയാണ്. സൂര്യരശ്മിയെ ഭൂമിയിലേക്ക് ആവാഹിച്ചെടുക്കുന്നത് പച്ച നിറമാണ്. അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ് ഉപയോഗിച്ചു കൊണ്ടാണ് സസ്യങ്ങൾ ഭക്ഷണമുണ്ടാക്കുന്നത്. അതുകൊണ്ടുതന്നെ ആ ശൃംഖലയിലെ പ്രഥമ കണ്ണി സസ്യങ്ങളാണ്. മറ്റാരും ഭക്ഷണം ഉണ്ടാക്കുന്നില്ല. ഈ ശൃംഖലയിലെ ഏതെങ്കിലും ഒരു കണ്ണി വിട്ടുപോയാൽ തുടർന്നുള്ള പല വർഗ്ഗങ്ങളും നശിക്കും. അത്തരം നാശങ്ങൾ ഭാവിയിൽ പ്രകൃതി സന്തുലനത്തെ തകർക്കും. അതുകൊണ്ടു തന്നെ ജൈവവൈവിധ്യത്തിന്റെ എല്ലാ കണ്ണികളും നിലനിർത്താൻ ശ്രമിക്കുന്നത് സുസ്ഥിര വികസനത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിലാണ് ജൈവവൈവിധ്യ ഉദ്യാന പദ്ധതി പുതുക്കാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നത്.

79 സ്കൂൾ കാമ്പസ്സുകളും ജൈവവൈവിധ്യ കാമ്പസ്സുകളാക്കി മാറ്റുന്നതിലൂടെ പുതിയ തലമുറയ്ക്ക് ജൈവ സമ്പത്തിനെക്കുറിച്ച് അറിവ് പകരാൻ കഴിയും. ഇത് ഒരു വിദ്യാഭ്യാസ പരിപാടി കൂടിയാണ് എന്നർത്ഥം. കമ്പ്യൂട്ടറും നെറ്റും മാത്രമാണ് വികസന ഉപകരണങ്ങൾ എന്ന് തെറ്റിദ്ധരിക്കുന്ന പുതിയ തലമുറക്ക് അടിസ്ഥാന വികസന ഉപകരണങ്ങളേയും പരിചയപ്പെടുത്തേണ്ടിയിരിക്കുന്നു. സംസ്ഥാന ഔഷധ സസ്യ ബോർഡും, കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും, ഹോർട്ടിക്കൾച്ചർ മിഷനും, വനം വകുപ്പും, കുടുംബശ്രീയും, തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാമ്പസ്സുകളും, ആരാധനാലയങ്ങളും പോലീസ് സ്റ്റേഷനുകളും, ആശുപത്രി കാമ്പൗണ്ടുകളും ജൈവവൈവിധ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. 65 കാമ്പസ്സുകളിൽ നക്ഷത്ര വനങ്ങളും 25000 വ്യത്യസ്ത വർഗ്ഗങ്ങളിലെ വൃക്ഷങ്ങളും നട്ടു വളർത്തുന്നു. 101 തരം മാവിൻതൈകൾ നട്ടുകൊണ്ട് മാന്തോപ്പും ചന്ദനത്തോപ്പും അശോക വനങ്ങളും വളർത്തുകയാണ്. നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന സസ്യ സ്പിഷീസുകൾ പുതുക്കാടിന്റെ മണ്ണിൽ നട്ടു വളർത്തുന്നുണ്ട്. ഈ ഇടപെടൽ നീർത്തടത്തെ കൂടുതൽ സമ്പന്നമാക്കും. അത് നാളത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വഴിയൊരുക്കുന്ന പശ്ചാത്തലം സൃഷ്ടിക്കും. വികസനത്തിന്റെ സുസ്ഥിരതയ്ക്കുള്ള പ്രധാന മൂന്ന് ഉപാധിയാണ് ജൈവവൈവിധ്യ സംരക്ഷണം. ഇത് പൂർത്തിയാക്കാൻ കഴിയുക നീർത്തട പരിപാലനത്തിലൂടെ മാത്രമാണ്. മണ്ണിൽ ജൈവസമ്പത്ത് വർദ്ധിപ്പിച്ചുകൊണ്ടു മാത്രമേ മണ്ണിന്റെ ജല സംരക്ഷണശേഷി വർദ്ധിപ്പിക്കുവാൻ കഴിയൂ. ജല സംരക്ഷണശേഷി വർദ്ധനയിലൂടെ സംഭരിക്കപ്പെടുന്ന അധിക ജലം കൂടുതൽ സസ്യ ജീവജാലങ്ങളെ നിലനിർത്തും. മണ്ണിലെ സൂക്ഷ്മ ജീവജാലങ്ങളുടെ എണ്ണത്തിലെ വർദ്ധനവ് ആണ് മണ്ണിന്റെ ഫലഭൂയിഷ്ഠതയെ വർദ്ധിപ്പിക്കുന്നത്. കുടുംബശ്രീയാണ് ഈ പദ്ധതിയുടെ സംഘാടനം ഏറ്റെടുത്തിട്ടുള്ളത്. പുതുക്കാട് മണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിലേയും കുടുംബശ്രീ അയൽക്കൂട്ടങ്ങളേയും വിളിച്ച് ചേർത്ത് കൊണ്ട് ജൈവവൈവിധ്യ പ്രതിജ്ഞ എടുത്ത് ഈ യോഗത്തിൽ വച്ച് നാടൻ ഇനങ്ങളുടെ ആയിരത്തിലധികം മാങ്ങ അണ്ടി ശേഖരിച്ച് ചാലക്കുടി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തെ ഏൽപ്പിച്ചു. അവർ അതിനെ പ്രത്യേക കൂടുകളിലാക്കി മുളപ്പിച്ചു. ഇത് ഉപയോഗിച്ചു കൊണ്ടാണ് മാന്തോപ്പ് യാഥാർത്ഥ്യമാക്കിയത്. പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയെ നെല്ലിമലയാക്കികൊണ്ട് പുതിയൊരു തോപ്പു കൂടി ആരംഭിച്ചു. തൃശ്ശൂർ മഹാദേവ ക്ഷേത്രാങ്കണവും ഇന്ന് സമൃദ്ധമായി നെല്ലി വളരുന്ന പ്രദേശമാണ്. മണ്ഡലം മൊത്തവും കദളീ വനം ആയി മാറിയിട്ടുണ്ട്.

2013 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ 2.5 ലക്ഷം സസ്യങ്ങൾ നടുന്നതിന് കൂട്ടായ്മ നേതൃത്വം നൽകി. ഔഷധ സസ്യ ബോർഡ് നെല്ലി, അശോകം, ചന്ദനം എന്നിവ നൽകിയപ്പോൾ 15 ഇനം അപൂർവ്വ മരതൈകൾ സോഷ്യൽ ഫോറസ്ട്രി നൽകി. 2.25 ലക്ഷം ടിഷ്യൂകളും, റോബസ്റ്റ വാഴകളും 6000 കശുമാവിൻതൈകളും നാഷണൽ ഹോർട്ടി കൾച്ചർ മിഷൻ നൽകി. എല്ലാ ചെടികളും കുടുംബശ്രീയുടെ നേതൃത്വത്തിൽ നട്ടു പിടിപ്പിച്ചു. ശീതകാല പച്ചക്കറി എന്ന നിലയിൽ 2 ലക്ഷം കാബേജ്, കോളീഫ്ഌവർ തൈകൾ കാർഷിക സർവ്വകലാശാലയും നൽകി. 30 തരം വാഴയുടെ വിത്തുകൾ വാഴവൈവിധ്യ ഉദ്യാനം എന്ന നിലയിൽ നെന്മണിക്കരയിൽ നട്ടു പിടിപ്പിച്ചു. വർഷകാലത്ത് 1 ലക്ഷം മഴക്കുഴികൾ കുത്തുന്നതിനും 2 ലക്ഷം സസ്യതൈകൾ നടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തിന്റെയും സംരക്ഷണവും കുടംബശ്രീ ഏറ്റെടുത്തിട്ടുണ്ട്.

2014 ജൂൺ 5-ന് ഒരു വീട്ടു പറമ്പിൽ ഒരെണ്ണം എന്ന കണക്കിൽ 1 ലക്ഷം മഴക്കുഴികൾ സ്ഥാപിച്ചു. നാഷണൽ ഹോർട്ടി കൾച്ചർ മിഷൻ നൽകിയ 1 ലക്ഷം മാവിൻതൈകൾ ഓരോ വീട്ടിലും ഓരോ തൈ എന്നവിധം എത്തിക്കാനായി. സോഷ്യൽ ഫോറസ്ട്രിയുടെ 1000 തെങ്ങിൻതൈകൾ നട്ടു വളർത്തി ജൈവ വൈവിധ്യത്തിന്റെ മാതൃകകൾ മണ്ഡലത്തിൽ രൂപപ്പെടുത്തിവരുകയാണ്.

ഔഷധിയുമായി ഉണ്ടാക്കിയ കരാറിലൂടെ ഔഷധ സസ്യ ബോർഡിന്റെ സഹായത്തോടെ ഔഷധ സസ്യരംഗത്തെ വൈവിധ്യം സംരക്ഷിക്കുവാൻ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. പാവലം, കൊടുവേലി, കാട്ടുപടവലം, കാട്ടുചേന, ഓരില, മൂവില, തുളസി, കുറുന്തോട്ടി തുടങ്ങിയ ഔഷധ സസ്യങ്ങൾ വ്യാപകമായി കൃഷി ചെയ്യുവാൻ തുടങ്ങുന്നത് ജൈവവൈവിധ്യ സംരക്ഷണം കൂടി ലക്ഷ്യം വച്ചു കൊണ്ടാണ്. ❍

കെ.എൻ.എ. ഖാദർ



11, 13 കേരള
നിയമസഭകളിൽ അംഗം


# ആത്മാവ് തേടുന്ന ജനാധിപത്യം

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഭൂമിശാസ്ത്രപരമായ വലിപ്പമല്ല പ്രശ്നം. ഇത്രയേറെ ജനങ്ങൾ ഈ മഹത്തായ സമ്പ്രദായത്തിനു കീഴ്പ്പെട്ടു ജീവിക്കുന്ന ഒരു രാഷ്ട്രം വേറെയില്ല. ഏകാധിപത്യം, സ്വേച്ഛാധിപത്യം, പട്ടാളഭരണം, സമഗ്രാധിപത്യം, രാജവാഴ്ച തുടങ്ങിയ രീതികളിൽ ഭരണം നടക്കുന്ന രാഷ്ട്രങ്ങളും അനേകമാണ്. ഭരണമുണ്ടായ നാൾ മുതൽ പരീക്ഷിക്കപ്പെട്ട ഭരണ സമ്പ്രദായങ്ങളിൽ താരതമ്യേന ഭേദപ്പെട്ട ഒന്നാണ് ജനാധിപത്യം.

ഭരിക്കുന്നത് ഒരാളാണെങ്കിലും, ഒരു കൂട്ടം ആളുകളാണെങ്കിലും അവരെ ആര് ഏതുവിധം തെരഞ്ഞെടുക്കുമെന്നത് പ്രധാനമാണ്. സ്വയം ഭരണാധികാരിയായി പ്രഖ്യാപിക്കുകയും ചോദ്യം ചെയ്യാനാവാതെ ഭരണം നടത്തുകയും ചെയ്യുന്നവരെ ആരും തെരഞ്ഞെടുക്കേണ്ടതില്ല. പക്ഷേ അവിടെയും ഒരു തെരഞ്ഞെടുപ്പുണ്ട്. അത് നടത്തുന്നത് ആ ഭരണാധികാരിയാണെന്ന് മാത്രം. സ്വയം അദ്ദേഹം തന്നെ അതിന് യോഗ്യനായി നിശ്ചയിക്കുകയാണ്. ഒരു ചെറിയ സമിതിയോ കൂട്ടമോ അവരിൽ നിന്ന് ഒരാളെയോ ഒന്നില



ധികം പേരേയോ തെരഞ്ഞെടുക്കുന്ന രീതികൾ ഉണ്ട്. ഇവിടെ പ്രായപൂർത്തിയായ മുഴുവൻ സ്ത്രീപുരുഷന്മാരും ചേർന്ന് രേഖപ്പെടുത്തിയ അഭിപ്രായപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിലെ ഭൂരിപക്ഷമാണ് ഭരിക്കുന്നവരെ നിശ്ചയിക്കുന്നത്. ജനാധിപത്യ സമ്പ്രദായം തന്നെ പലതരത്തിലുണ്ട്. പാർട്ടി സിസ്റ്റവും പ്രൊപ്പോഷണൽ റെപ്രസെന്റേഷനും എല്ലാം അതിൽ വരുന്നു. ഇന്ത്യയിൽ വോട്ടെടുപ്പിൽ വ്യക്തികൾക്ക് പ്രതിനിധികളെ നിർണ്ണയിക്കാൻ അവകാശമുണ്ടെങ്കിലും ഭരിക്കുന്നവരെ നിശ്ചയിക്കുന്നതിൽ ഭൂരിപക്ഷം നേടിയ പാർട്ടികൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ലഭ്യമാകുന്നു. കൂറുമാറ്റ നിരോധന നിയമം അനുസരിച്ചും പാർട്ടികളുടെ കല്പനകൾക്ക് മേധാവിത്വം ലഭ്യമാകുന്നു. അത്തരം വിഷയങ്ങൾ അക്കാദമികമായി പരിശോധിക്കുവാൻ ഇവിടെ മുതിരുന്നില്ല.

ഭരണം ജനാധിപത്യ പ്രകാരമാണെന്ന് പറയുമ്പോൾ ഒരു സമ്പ്രദായമോ രീതിയോ മാത്രമാണ് അവിടെ പ്രതിപാദിക്കപ്പെടുന്നത്. രീതി ഏതുവിധത്തിലാണെങ്കിലും ഒരിക്കൽ ഭരണാധികാരിയായി മാറുന്നയാളെ നയിക്കുവാൻ ചില തത്വങ്ങളോ ആദർശങ്ങളോ പ്രത്യയശാസ്ത്രങ്ങളോ ആവശ്യമാണ്. ഭരിക്കുന്നവരുടെ പ്രവർത്തനങ്ങളെ ഭരിക്കുന്ന ചില ആശയങ്ങൾ ആവശ്യമാണല്ലോ! ഭരണാധികാരി പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ പ്രത്യയശാസ്ത്രങ്ങൾ അവരെ നയിക്കുന്നതിൽ ഒരു കാര്യമായ പങ്ക് വഹിക്കും. രാജ്യത്തെ ഭരണ ഘടനയും നിലവിലുള്ള നിയമങ്ങളും തന്റെ ഭരണപരിധിയിൽ വരുന്ന വിഷയങ്ങളോട് എങ്ങനെ പ്രതികരിക്കുന്നുവെന്നത് അതിലേറെ പ്രധാനമാണ്. അത്തരം വ്യവസ്ഥാപിതമായ നിയമങ്ങളാണ് അവിടെ ഒരു പ്രത്യയശാസ്ത്രത്തിന്റെ പദവിയും പേറുന്നതെന്ന് വിസ്മരിച്ചു കൂടാ. മേൽ പ്രസ്താവിച്ച ഭരണഘടനയും നിയമങ്ങളും ചട്ടങ്ങളുമൊക്കെ നിർമ്മിക്കുന്നതിനിടയായ സാഹചര്യങ്ങളും അതിന് നേതൃത്വം നൽകിയവരും അവർക്ക് ശരിയാണെന്ന് തോന്നിയ ആദർശങ്ങളും ആ നിയമങ്ങൾക്കിടയിൽ അന്തർലീനമാണ്. നിയമങ്ങളും ചട്ടങ്ങളും വകുപ്പുകളുമൊക്കെ അതുകൊണ്ടുതന്നെ ജീവനുള്ളവയായിരിക്കണം. അവ ഏതോ ഗതകാല സംഭവങ്ങൾക്കായി ജീവിച്ച ജഡമായിരിക്കരുത്.

ഭരണഘടനയും നിയമങ്ങളും മൃതാവസ്ഥയെ പ്രാപിക്കുവാൻ ഇടയാക്കാതെ സദാ നവീകരിക്കുകയും ജീവസ്സുറ്റതാക്കുകയും പ്രായോഗികമാക്കുകയും ചെയ്യുവാനുള്ള ബാധ്യത ജനപ്രതിനിധികൾക്കും നിയമനിർമ്മാണ സഭകൾക്കുമാണ്. അവ ധർമ്മം നിറവേറ്റാത്ത പക്ഷം നിയമങ്ങൾ മരണമടയുകയും അവയുടെ ദുർഗന്ധം സമൂഹത്തിൽ പടരുകയും ചെയ്യും. അസഹ്യമാകുമ്പോൾ ജനം തെരുവിലിറങ്ങി അവയെ എല്ലാം മറവു ചെയ്യും. അത്തരം ജനകീയ കലാപങ്ങളിൽ നിന്ന് പുതിയ നിയമങ്ങളും ഭരണാധികാരികളും മുളച്ചുവരും. ജനാധിപത്യം സദാ ചൈതന്യമുള്ളതാക്കി തീർക്കേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണത് വിരൽ ചൂണ്ടുന്നത്. അനേക വർഷങ്ങളോളം അപ്രസക്തമാകാതെ നിൽക്കുവാൻ കഴിവുള്ള മൂല്യങ്ങൾ ഭരണഘടനയുടെ അടിസ്ഥാനമാവണം.

ശാശ്വതമായ മൂല്യചിന്തകളിൽ നിന്നാണ് മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളും സാമൂഹ്യ നീതി സങ്കല്പവുമെല്ലാം ഉയിർകൊണ്ടത്. ജാതി-മത-വംശ-വർഗ്ഗ-വർണ്ണ-ലിംഗ-ആചാര-അനുഷ്ഠാന-സംസ്കാര- വേഷഭൂഷാദികൾക്കതീതമായി സകല പൗരന്മാർക്കും നീതിയും സമത്വവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുകയെന്ന സങ്കൽപ്പം ലോകാരംഭത്തോളം പഴക്കമുള്ളതും ലോകത്തിന്റെ അന്ത്യത്തോളം മരണമില്ലാത്തതുമാണ്. ഈ തത്വങ്ങൾ അലംഘനീയമാണ്. ജനാധിപത്യരാജ്യത്തെ ഭരണാധികാരികൾക്കും അവരെ തെരഞ്ഞെടുക്കുന്ന പൗരന്മാർക്കും പൗരന്മാരുടെ പലവിധ ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും മൂല്യബോധമുണ്ടായിരിക്കുമ്പോൾ മാത്രമേ ഈ സമ്പ്രദായം സമൂഹത്തിനുപകാരമായിത്തീരുകയുള്ളൂ. നമ്മുടെ രീതിയനുസരിച്ച് നല്ലവനും ചീത്തയായവനും പ്രായമനുസരിച്ച് വോട്ടവകാശമുണ്ട്. കൊള്ള, കൊല, അക്രമം, മോഷണം, സ്ത്രീപീഡനം, ബലാത്സംഗം തുടങ്ങി ഏത് കുറ്റം ചെയ്യുന്നയാൾക്കും ജനാധിപത്യത്തിൽ വോട്ടവകാശമുണ്ട്. ഈ അവകാശം മൂല്യാധിഷ്ഠിതമല്ല. ഗണിതശാസ്ത്രമാണ് ജനാധിപത്യത്തിന് മനസ്സിലാവുന്ന ഏക ശാസ്ത്രം. ഗുണമേന്മയ്ക്ക് യാതൊരു പ്രസക്തിയും കല്പിക്കപ്പെടുന്നില്ല. എണ്ണവും വണ്ണവുമാണ് സുപ്രധാനം. ജനാധിപത്യം ജനങ്ങൾക്ക് സന്തോഷവും സമാധാനവും സുഖവും സ്വാതന്ത്ര്യവും സുരക്ഷിതത്വവും ലഭ്യമാകുന്ന തരത്തിൽ വികാസം പ്രാപിക്കുവാൻ ഓരോ വ്യക്തിയും, ശുദ്ധിയും നന്മയും മൂല്യബോധവും ഉള്ളവരായി തീരണം. ഒരു മനുഷ്യൻ നല്ലവനല്ലെങ്കിൽ അയാൾ ഡോക്ടറോ എഞ്ചിനീയറോ ഭരണാധികാരിയോ രാഷ്ട്രീയക്കാരനോ പുരോഹിതനോ ഒന്നും ആയിട്ട് കാര്യമില്ല. അദ്ദേഹം വ്യവഹാരം ചെയ്യുന്ന സകല മേഖലകളെയും ദുഷിപ്പിക്കുകയാവും അതിന്റെ പരിണിത ഫലം. ഒരു കുടം നിറയെ വച്ച തൈലം ചീത്തയാക്കാൻ ചത്ത ഒരു ഈച്ച തന്നെ ധാരാളമാണല്ലോ!

സത്യവും നീതിയും നന്മയും സ്നേഹവും സഹാനുഭൂതിയും സാഹോദര്യവും ഉദാരമനസ്കതയുമുള്ള സംസ്കാര സമ്പന്നരായ പൗരന്മാർ ജീവിക്കുന്ന രാഷ്ട്രം ജനാധിപത്യത്തിന് പറ്റിയ ഇടമായിരിക്കും. ക്രിമിനലുകൾക്കും ജീർണ്ണിത മനസ്സിന്റെ ഉടമകൾക്കും സമ്പൂർണ്ണ സ്വാതന്ത്ര്യം നൽകുവാനാണ് ജനാധിപത്യമെങ്കിൽ ആ സമ്പ്രദായം ഭയാനകവും ആപൽക്കരവും അരാജകത്വം നടമാടുന്നതുമായിരിക്കും. ജനാധിപത്യമെന്ന നാഴികമണി നിശ്ചലമായിരിക്കണം. അത് ഏകാധിപത്യത്തെ പുൽകാൻ വലത്തോട്ടോ അരാജകത്വമായി തീരാൻ ഇടത്തോട്ടോ നീങ്ങുന്നതാവരുത്. നീതിയുടെ തുലാസ്സിന്റെ സൂചിപോലെ അത് മധ്യത്തിൽ നിശ്ചലമാകണം. ഭരണാധികാരികളും അവരെ തെരഞ്ഞെടുക്കുന്ന പൗരന്മാരും സദ്വൃത്തരായി തീരാൻ സഹായകരമായ വിദ്യാഭ്യാസവും ജീവിത ശൈലിയുമാണ് ജനാധിപത്യത്തിൽ അത്യുത്തമം. ഉപരി സൂചിത കാര്യങ്ങൾക്കനുസരിച്ച് നോക്കിയാൽ നമ്മുടെ ജനാധിപത്യം അപക്വമാണെന്ന് കാണാം. മനുഷ്യന്റെ ഭൗതികമായ ക്രയവിക്രയങ്ങളെ നിയന്ത്രിക്കുകയും സുഖകരമാക്കുകയും ചെയ്യുവാൻ മാത്രമുള്ളതല്ല നിയമങ്ങളും ചട്ടങ്ങളും ജനാധിപത്യ സമ്പ്രദായവും. മനുഷ്യൻ ആത്മ ഭൗതികങ്ങളുടെ ആരോഗ്യകരമായ സമന്വയമാണ്. അവനിലെ ആത്മാവ് നഷ്ടമാക്കിയാൽ സമൂഹവും ആത്മരഹിതവും അർത്ഥ ശൂന്യവുമാകും. ❍

ഇ.പി. ജയരാജൻ.



9, 13 കേരള നിയമസഭകളിൽ അംഗം.

# കേരളം
# തളരുന്ന കാർഷിക മേഖല വളരുന്ന ഭക്ഷ്യ പ്രതിസന്ധി

കേരളത്തിൽ കൃഷിയും കാർഷിക മേഖലയും കടുത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. 1970-71ൽ സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര വരുമാനത്തിൽ കൃഷിയുടെ പങ്ക് 49.44 ശതമാനമായിരുന്നത് 1990-91ൽ 26.9 ശതമാനമായി കുറയുകയും 2013-14 ൽ കേവലം 9.3 ശതമാനത്തിൽ എത്തി നിൽക്കുകയുമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ കേരളം കാർഷിക സമ്പദ് വ്യവസ്ഥയല്ലാതെ മാറിക്കഴിഞ്ഞു. ആകെ 38.86 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരളത്തിന്റെ 54.46 ശതമാനം ഭൂമിയിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. 27.83 ശതമാനം വനഭൂമിയും കൃഷിക്കല്ലാത്ത ഉപയോഗത്തിനുള്ള ഭൂമി 11.63 ശതമാനവുമാണ്. ആകെ കൃഷിഭൂമിയായ 21,86,079 ഹെക്ടറിൽ 10 ലക്ഷം ഹെക്ടറും 70 ലക്ഷത്തോളം വരുന്ന നാമമാത്ര ചെറുകിട കർഷകരാണ് കൈകാര്യം ചെയ്യുന്നത്. ഇവരെല്ലാം തന്നെ 10 സെന്റ് മുതൽ ഒരു ഹെക്ടർ വരെ മാത്രം കൃഷിഭൂമിയുടെ ഉടമകളായിട്ടുള്ളവരാണ്. ഒരു ഹെക്ടറിലധികം ഭൂമിയുള്ളവരിൽ ബഹുഭൂരിപക്ഷവും നാണ്യവിള കൃഷി ചെയ്യുന്നവരാണ്. ഭക്ഷ്യോല്പാദന രംഗത്ത് കേരളം നേരിടുന്ന വെല്ലുവിളിക്കു കാരണം ഇതു തന്നെയാണ്.

ഭക്ഷ്യവിളകളുടെ കൃഷിയിൽ നിന്നും കർഷകർ പിന്തിരിയുകയും നാണ്യവിള കൃഷിയോട് ആഭിമുഖ്യം വളർന്നു വരുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് കഴിഞ്ഞ നാലു പതിറ്റാണ്ടായി കേരളത്തിലെ കാർഷിക രംഗം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി. ഇതിന്റെ ഫലമായി പച്ചക്കറിയടക്കമുള്ള ഭക്ഷ്യ വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നു. 1975-76ൽ കേരളത്തിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 8.85 ലക്ഷം ഹെക്ടറായിരുന്നു. അന്നത്തെ നെല്ലുല്പാദനം 13.65 ലക്ഷം ടൺ ആയിരുന്നു. 2013-14ലെ കേരള



ത്തിലെ നെൽകൃഷി ഭൂമിയുടെ വിസ്തൃതി 1.97 ലക്ഷം ഹെക്ടറും നെല്ലുല്പ്പാദനം 5.08 ലക്ഷം ടണ്ണും ആണ്. 1957-ൽ നമ്മുടെ മുഖ്യാഹാരമായ അരിയുടെ 45 ശതമാനത്തിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 85 ശതമാനവും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. കേരളത്തിന് പ്രതിവർഷം 40 ലക്ഷം ടൺ അരി ആവശ്യമുള്ള സ്ഥാനത്ത് കേവലം 6 ലക്ഷം ടൺ മാത്രമാണ് ആഭ്യന്തര ഉല്പ്പാദനം.

കേരളീയർ ഭക്ഷ്യാവശ്യത്തിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന മറ്റൊരു പ്രധാന ഭക്ഷ്യോല്പ്പന്നമാണ് പച്ചക്കറി. പ്രതിവർഷം 38.62 ലക്ഷം ടൺ പച്ചക്കറി ആവശ്യമായിവരും എന്നാണ് കണക്കാക്കപ്പെടുന്നത്. 9 ലക്ഷം ടൺ പച്ചക്കറി മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. പ്രതിവർഷം 1,500 കോടി രൂപയുടെ പച്ചക്കറിയാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നത്. നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിലുണ്ടായ വമ്പിച്ച കുറവ് കേരളത്തിലെ പച്ചക്കറി കൃഷിയേയും ഗുരുതരമായി ബാധിക്കുകയുണ്ടായിട്ടുണ്ട്. ചീരയും വെള്ളരിയും പടവലവും കോവലും മറ്റും കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലെ ഇടവേള കൃഷിയായിരുന്നു. നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും നാശം നമ്മുടെ ഭക്ഷ്യസംസ്കാരത്തെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്നത് ഇതിൽ നിന്നും വ്യക്തമാണ്. മാരകമായ കീടനാശിനികൾ തളിച്ചു വ്യാവസായികാടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ ഭക്ഷിക്കുന്ന കേരളീയർ എല്ലാവിധ മാരക രോഗങ്ങളെയും ക്ഷണിച്ചു വരുത്തുകയാണ്.

സുലഭമായ മഴ, ഫലഭൂയിഷ്ടമായ മണ്ണ്, നല്ല സൂര്യപ്രകാശം, കൃഷിക്കനുയോജ്യമായ അന്തരീക്ഷാർദ്രത എന്നിവ ഒത്തുചേർന്ന സവിശേഷമായ കാലാവസ്ഥയാണ് കേരളത്തിലേത്. അതുകൊണ്ടു തന്നെ ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥാ സവിശേഷതയ്ക്കനുസരിച്ച കൃഷികളാണ് കർഷകർ തെരഞ്ഞെടുത്തിട്ടുള്ളത്. ഉഷ്ണമേഖല, മിതോഷ്ണ മേഖല, മിതശൈത്യ മേഖലാ കാലാവസ്ഥ പ്രത്യേകതയുള്ള കേരളത്തെ 26 കാർഷിക പാരിസ്ഥിതിക മേഖലകളായി തിരിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ്, റബർ, മരച്ചീനി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, അടക്ക, തേയില, കാപ്പി, വാഴ, പച്ചക്കറി കൃഷികളെല്ലാം തന്നെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുസരിച്ച് കർഷകർ തെരഞ്ഞെടുത്ത കൃഷികളാണ്. വരുമാനത്തിലെ സുരക്ഷിതത്വവും ഉല്പ്പാദനക്ഷമതയും സുഗമമായ വിപണന സംവിധാനവുമൊക്കെ മുൻനിർത്തിയാണ് കർഷകർ ഭക്ഷ്യവിള കൃഷിയിൽ നിന്നും പിന്തിരിഞ്ഞ് നാണ്യവിള കൃഷിയിലേക്ക് ചുവടുമാറ്റിയത്. എന്നാൽ നാണ്യവിള കൃഷികളിൽ പ്രമുഖ സ്ഥാനത്തു നിൽക്കുന്ന റബർ കർഷകർ ഇപ്പോൾ കൃഷിചെലവു പോലും വരുമാനം കിട്ടാത്ത അവസ്ഥയിലെത്തി നിൽക്കുകയാണ്. റബറിന്റെ വിലയിടിവ് കേരളത്തിന്റെ കാർഷിക മേഖലയെ ഗുരുതര പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. റബർ മാത്രമല്ല കേരളത്തിലെ കാർഷികോല്പാദനത്തിന്റെ 80 ശതമാനം വരുന്ന നാണ്യവിളകളുടെയെല്ലാം വില നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന് പുറത്തുള്ള വിപണന ശൃംഖലകളായതിനാൽ കർഷകർക്ക് ഒരിക്കലും ന്യായവില ലഭ്യമാകുന്നതേയില്ല. ഇത്തരം പ്രതിസന്ധികളെ അഭിമുഖീകരിച്ചു കൊണ്ടും കൃഷിയും കാർഷിക വൃത്തിയുമായി മുന്നേറുമ്പോഴാണ് പശ്ചിമഘട്ട പ്രദേശങ്ങളിലെ കർഷകരുടെ മണ്ണിൽ പണിയെടുത്ത് ജീവിക്കുവാനുള്ള അവകാശത്തെ പോലും ഹനിക്കുന്ന ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വരവ്. പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുമ്പോൾ മനുഷ്യാവകാശങ്ങളും സംരക്ഷിക്കപ്പെടണം എന്ന മൗലികമായ സത്യത്തെ മറച്ചുപിടിച്ചുകൊണ്ടുള്ള കർഷക വിരുദ്ധ പ്രചരണങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ചില കോണുകളിൽ നിന്നും ഉയർന്നു വരുന്നത്.

വിലയേറിയ പ്രകൃതിവിഭവമായ ജലം മൂല്യബോധമില്ലാതെ ദുർവിനിയോഗം ചെയ്യുന്നവരാണ് കേരളീയർ. വർഷത്തിൽ ശരാശരി 3000 മില്ലിലിറ്റർ മഴ ലഭിക്കുന്നു. പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ച് കേരളത്തിലുടനീളമുള്ള ഭൂപ്രദേശങ്ങൾക്ക് ജലസമൃദ്ധി പ്രദാനം ചെയ്ത് അറബിക്കടലിൽ പതിക്കുന്ന 41 നദികളും കിഴക്കോട്ടൊഴുകുന്ന 3 നദികളും തണ്ണീർ ത്തടങ്ങളും ചേർന്ന് ജലസമൃദ്ധമാണ് കേരളം. എന്നാൽ കേരളത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന കാർഷികോല്പ്പാദന പദ്ധതികളിൽ ജലത്തിന്റെ സുസ്ഥിരമായ ഉപയോഗം ഗൗരവകരമായി പരിഗണിക്കാറില്ല എന്ന ന്യൂനത ഇപ്പോഴും നിലനിൽക്കുന്നു. ഒരു കിലോഗ്രാം നെല്ല് ഉല്പ്പാദിപ്പിക്കുവാൻ മൂവായിരം ലിറ്റർ ജലം ആവശ്യമാണ് എന്നിരിക്കെ ജല ദുർവിനിയോഗം തടയുവാൻ നിതാന്ത ജാഗ്രത പുലർത്തണം. മഴവെള്ള സംഭരണത്തിനും ഭൂഗർഭ ജല സംഭരണികൾ നിറയ്ക്കുന്നതിനും പ്രാധാന്യം നൽകി ജലത്തിന്റെ സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം ജലത്തിന്റെ ഉപയോഗത്തെ നിയന്ത്രിക്കുകയും ജലത്തിന്റെ പ്രതിയൂണിറ്റ് ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുകയും വേണം.

കേരളത്തിലെ മണ്ണ് അമ്ല സ്വഭാവമുള്ളതാണ്. മണ്ണിന്റെ അമ്ല-ക്ഷാരനില നിയന്ത്രണം കൈവരിച്ചു കൊണ്ടു മാത്രമേ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ. വിവിധയിനം മണ്ണുകളുടെ പ്രത്യേകതകളെക്കുറിച്ചും അവയ്ക്കനുയോജ്യമായ കാർഷിക വിളകളെക്കുറിച്ചും ഓരോ മണ്ണിലും ഉല്പ്പാദനക്ഷമത കൈവരിക്കുവാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും കർഷകർക്ക് അറിവു പകർന്നു നൽകണം. മണ്ണിന്റെ ആരോഗ്യം നിലനിർത്തുവാനുള്ള ഫലപ്രദമായ മാർഗമാണ് ജൈവവള പ്രയോഗം. ജൈവവള പ്രയോഗത്തിനും പച്ചിലവള കൃഷിക്കും കമ്പോസ്റ്റ് നിർമ്മാണത്തിനും പ്രചാരം നൽകുകയും പച്ചിലവള പ്രയോഗരീതിയെക്കുറിച്ച് കർഷരിൽ അവബോധം വളർത്തുകയും വേണം.

കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാ മാറ്റം വിള ഉല്പ്പാദനത്തെ നഷ്ടത്തിലാക്കുക മാത്രമല്ല ചെയ്യുന്നത്. പ്രത്യേക കാലാവസ്ഥയിൽ വളരേണ്ട കാർഷിക വിളകൾ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുന്നു. ഉദാഹരണത്തിന് താപനിരക്ക് ഉയരുകയും മഴകുറയുകയും ചെയ്താൽ തേയില, കാപ്പി, ഏലം, കുരുമുളക് എന്നിവയുടെ വളർച്ചയെ തന്നെ അത് ദോഷകരമായി ബാധിക്കും. കാലാവസ്ഥാ വ്യതിയാനങ്ങൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് കർഷകർക്ക് അറിവ്

പകർന്നു നൽകുവാനും അവയെ സമർത്ഥമായി നേരിടാൻ അവരെ പ്രാപ്തരാക്കുവാനും കഴിയുന്ന വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ ഉണ്ടാകണം.

പ്രകൃതിവിഭവങ്ങളായ ജലത്തിന്റെയും മണ്ണിന്റെയും വിവേകപൂർവ്വമായ ഉപയോഗവും കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായ കൃഷി രീതികളുടെ പ്രയോഗവും ഉറപ്പുവരുത്തിക്കഴിഞ്ഞാൽ വിത്തും വളവും കാർഷികോപകരണങ്ങളും യഥേഷ്ടം കർഷകന് ലഭ്യമാക്കണം. ഗുണമേൻമയുള്ള വിത്തുകൾ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം. ജൈവവളപ്രയോഗം പ്രചരിപ്പിക്കുന്നതിനോടൊപ്പം രാസവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും രാസവളത്തിന് സബ്സിഡി നൽകുകയും വേണം. ഓരോ കൃഷിക്കും ആവശ്യമായതും പരിസ്ഥിതിക്കും ഭൂപ്രദേശത്തിനും ഇണങ്ങുന്നതുമായ യന്ത്രസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തണം. കർഷകർക്ക് പലിശരഹിത വായ്പ നൽകണം. കാർഷികോല്പന്നങ്ങളുടെ ഉല്പാദന ചെലവും മിതമായ നിരക്കിലെങ്കിലും ലാഭവും ഉറപ്പുവരുത്തുന്നവിധം ന്യായമായ താങ്ങുവില ലഭ്യമാക്കണം. ഉല്പന്നങ്ങൾ സമയബന്ധിതമായി സംഭരിക്കുവാൻ സൗകര്യം ഒരുക്കണം. ത്രിതല പഞ്ചായത്തുകളും കൃഷിഭവനുകളും സംയുക്തമായി ഇടപെട്ടു കൊണ്ട് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. കൃഷിഭവനുകൾ വെറും ഓഫീസ് പ്രവർത്തനം എന്ന നിലയിൽ നിന്നും സമൂലമായ മാറ്റം വരുത്തി ഫീൽഡ് പ്രവർത്തനം കാര്യക്ഷമമാക്കണം.

കൃഷിഭൂമിയുടെ വിസ്തൃതി വ്യാപനം ശ്രമകരമായ ദൗത്യമാണ്. എന്നാൽ നിലവിലുള്ള കൃഷിഭൂമി സംരക്ഷിക്കുവാനും പരമാവധി പ്രയോജനപ്പെടുത്തുവാനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുമുള്ള നടപടികൾക്കും നേതൃത്വം നൽകുവാൻ കഴിയും. അതുപോലെത്തന്നെ ഇടവിള കൃഷികളേയും ഇടവേള കൃഷികളേയും പ്രോത്സാഹിപ്പിക്കുവാനും കഴിയും. വിളകൾ മാറ്റി മാറ്റി കൃഷിചെയ്യുന്ന സമ്പ്രദായവും ആവിഷ്ക്കരിക്കാവുന്നതാണ്.

ഇത്തരം ബഹുമുഖങ്ങളായ പ്രതിസന്ധികളെ നേരിടുമ്പോഴും കൃഷിഭൂമിയിൽ നിന്നും ഏറ്റവുമധികം വരുമാനം ഉണ്ടാക്കുന്ന ഇന്ത്യൻ സംസ്ഥാനം കേരളമാണ്. ഒരു ഹെക്ടറിൽ നിന്നും ശരാശരി 53,000 രൂപയാണ് കേരളത്തിന്റെ സംഭാവന. വീടുവയ്ക്കുന്നതിനും ഗതാഗത വികസനത്തിനും ടൂറിസം വികസനത്തിനുമായി കൃഷിഭൂമി പരിവർത്തനം ചെയ്യപ്പെടുന്നുവെങ്കിലും കയറ്റുമതി കമ്പോളത്തിൽ മുൻനിരയിൽ നിൽക്കുന്ന ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണ് കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്നത്. എന്നാൽ അതിന്റെ ആനുകൂല്യമെല്ലാം കർഷകരെ കബളിപ്പിച്ച് ഇടനിലക്കാർ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്.

കേരളത്തിലെ കന്നുകാലി കർഷകർ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഗണനീയമായ സംഭാവന നൽകുന്നവരാണ്. കേരളത്തിന്റെ കന്നുകാലി സമ്പത്ത് 17.5 ലക്ഷമാണ്. കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും സങ്കര ഇനങ്ങളാണ്. 2012-13ലെ കണക്കുപ്രകാരം പാൽ ഉല്പാദനം 27.91 ലക്ഷം ടണ്ണാണ്. കേരളത്തിന്റെ ആവശ്യകതയനുസരിച്ച് 2020-ഓടു കൂടി 36 ലക്ഷം ടൺ പാൽ എങ്കിലും ഉല്പാദിപ്പിക്കണം എന്നാണ് ദേശീയ ക്ഷീര വികസന ബോർഡ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ ഒരു കന്നുകാലിയിൽ നിന്നും ശരാശരി 8.92 ലിറ്റർ പാലാണ് ഉല്പാദിപ്പിക്കുന്നത്. ഏറ്റവും കുറഞ്ഞത് 13 ലിറ്റർ പാലെങ്കിലും ഉല്പാദിപ്പിക്കണം എന്നാണ് നിർദ്ദേശം. മുൻകാലങ്ങളിൽ കൃഷിയിടങ്ങളിലെ ഉപോല്പന്നങ്ങൾ കന്നുകാലികൾക്ക് തീറ്റയായി നൽകിയാണ് കാലി വളർത്തിയിരുന്നത്. ഇതിലൂടെ കർഷകർക്ക് അധിക വരുമാനവും പോഷകാഹാരവും ലഭിച്ചിരുന്നു. കന്നുകാലി കർഷകർക്കുള്ള സാമ്പത്തിക സഹായങ്ങളെല്ലാം വൻകിട-വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്ന ഫാം ഉടമകളിൽ കേന്ദ്രീകരിച്ചാണ് നൽകി വരുന്നത്. കന്നുകാലി വളർത്തൽ ജീവനോപാധിയാക്കിയ കർഷകർക്ക് കാലിത്തീറ്റ യഥേഷ്ടം ലഭ്യമാക്കുവാനും കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുവാനും നടപടികൾ ഉണ്ടാവണം. പശുക്കളെ വാങ്ങുന്നതിന് നൽകുന്ന വായ്പകൾ കാർഷിക വായ്പയായി പരിഗണിക്കണം. പാൽവില നിർണ്ണയിക്കുന്ന രീതി ശാസ്ത്രീയമായി പരിഷ്ക്കരിച്ച്, വർദ്ധിപ്പിക്കുന്ന വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുവാൻ നടപടിയുണ്ടാകണം.

ഭക്ഷ്യവസ്തുക്കളിൽ പ്രമുഖ സ്ഥാനമാണ് മുട്ടക്കുള്ളത്. ഏറ്റവും വില കുറഞ്ഞ സമീകൃതാഹാരമാണ് കോഴിമുട്ട. 1970-കളിൽ മുട്ട കയറ്റുമതി ചെയ്തിരുന്ന സംസ്ഥാനമാണ് കേരളം. ഇപ്പോൾ പ്രതിവർഷം 450 കോടി മുട്ട ആവശ്യമുള്ള സ്ഥാനത്ത് 150 കോടി മുട്ടകൾ മാത്രമാണ് കേരളത്തിന്റെ ഉല്പാദനം. കേരളത്തിന്റെ പ്രതിവർഷ കോഴി ഇറച്ചി ഉപഭോഗം 2.4 ലക്ഷം ടൺ ആണ്. ഇതിന്റെ വിപണി മൂല്യം 3,400 കോടി രൂപയോളം വരുന്നു. എന്നാൽ കേരളത്തിന്റെ കോഴി ഇറച്ചി ഉല്പാദനം കേവലം 90,000 ടൺ മാത്രമാണ്.

ഭക്ഷ്യോല്പാദനത്തിന്റെ സമസ്ത മേഖലകളിലും കേരളം അഗാധമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ പ്രതിസന്ധിയെ മറികടക്കേണ്ടത് ഓരോ കേരളീയന്റെയും ആവശ്യമായി മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വിഷവിമുക്തമായ ഭക്ഷ്യവിളകൾ ലഭ്യമാക്കുവാനും ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. സമൂഹത്തിൽ കാലാകാലമായുള്ള അനുഭവങ്ങളിൽ നിന്നും രൂപം കൊണ്ട കാർഷിക സംസ്കാരത്തെ മനുഷ്യരും പ്രകൃതിയും തമ്മിലുള്ള സഹകരണത്തിലൂടെ വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള കാർഷിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും ഓരോ കേരളീയരും മുന്നോട്ടു വരേണ്ടതുണ്ട്. ജനജീവിതത്തിനനുസൃതമായതും പ്രാദേശികാവശ്യങ്ങൾ മനസ്സിലാക്കിയുമുള്ള കൃഷി രീതികൾ അവലംബിച്ച് ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനുള്ള ഊർജ്ജിത ശ്രമത്തിന്റെ മുന്നണിപ്പോരാളികളാകുവാനുമുള്ള സംഘടിത പരിശ്രമങ്ങളും ആവശ്യമാണ്. ഐക്യരാഷ്ട്ര സഭ തന്നെ 2014 “International Year of Family Farming” ആയി പ്രഖ്യാപിച്ചിരിക്കുന്നത് നാം ഗൗരവപൂർവ്വം കാണേണ്ടതാണ്. ഭക്ഷ്യസുരക്ഷ പ്രാവർത്തികമാക്കണമെങ്കിൽ ഭക്ഷ്യോല്പാദനം വീട്ടിൽ നിന്നും തന്നെ തുടങ്ങണം. ഓരോ കുടുംബവും നടത്തുന്ന എളിയ പരിശ്രമങ്ങൾ നാടിന്റെ വികസനത്തിനും കാർഷിക മേഖലയുടെ വളർച്ചയ്ക്കും ഭക്ഷ്യോല്പാദന വർദ്ധനവിനും സഹായകരമാവുന്ന വലിയ ചുവടുവയ്പ്പുകളായി മാറും. ❍

**T.A. Ahmad Kabeer**



13-ാം കേരള നിയമസഭയിൽ അംഗമാണ്.



# Domestic Tourism

## Importance, Relevance and Mounting Possibilities

The concept of advancement of domestic tourism with the objective of progress to all and detriment to none is a triumphant concoction. It presents viable and accountable leeway for enhancement of natural and cultural heritage-the very capital of tourism industry of any nation – and thereby for promotion of tourism.

For instance, The calls of recession inexorably led to revival of the domestic tourism of every nation. Despite the economic hold back, Europeans go on holidays but tend to spend less and this can imply substitution of a tour abroad with a domestic holiday. Since prospective tourists take into consideration the need to avoid excessive spending.

The rising sensitivity to relatively newer domestic destination has escalated domestic tourism in Indonesia as a result of their economic slowdown. Besides the growing economy has inflated business activities around the country, with the counts of domestic trips thus also increasing. Weakening of the local currency against the US dollar, in addition, boosted domestic tourism: A development which restrained outbound trips.

Malaysia experiences a similar revitalization of Domestic Tourism. Domestic travels were particularly endorsed on the grounds of financial crisis that the country encountered. Since then, Malaysians have been encouraged to spend their money at home. Several monetary regulations were introduced such as the strict limitation on the amount of Malaysian Ringgits that can be taken abroad, as well as on the selling of the local currency. These experiences are worth emulative for our state.

Tourism has become a mass phenomenon because of enhanced affluence, more available leisure time and increased desire to seek pleasure. Domestic tourism should necessarily be taken as the base of tourism pyramid. This becomes all the more important in India, both from the viewpoints of national unity and making tourism as a major economic activity. Improved facilities of travel by all modes, reasonably priced and clean accommodation and supply of good quality food and effective waste management are the pre-requisites for tourism development.

While international tourism has become a synonym for international understanding and world peace, home tourism, today, is the key to national integration. It fosters a sense of unity and an appreciation of regional diversity, an awareness of India's past and of her more recent as well as ancient history.

Domestic Tourism is an economic proposition and social necessity. It upholds education, research, cultural archives, leisure, pleasure and recreation. The ratio of domestic to international tourism traffic at the global level is 8:1 while it is as large as 46:1 in India. Therefore, expansion of domestic tourism is not only desirable but also is unavoidable principally because India is still in the state of economic maturity. Domestic and international tourism are complementary rather than competitive and thus our policies should be stipulated on understanding such realities.

Sustainable and responsible tourism is a new addition to India social fabric. Our state has initiated eco-tourism model during the nineties and responsible tourism policy during 2007 itself, therefore to minimize grievous injuries made to our biological miscellany. India with its plethora of tourism products, urbanization and privatization, is the delight of gourmet.

It is thus an eloquent need to take the domestic tourism segment as a marketing challenge. Our main domestic market revolves around Tamil Nadu, Karnataka and Andhra. The Northern states has yet to be penetrated effectively. The efforts need to be directed on fast emerging middle income group households for they make up a key component of Indian population particularly of Kerala and this is the class that can afford a fraction of their economy for travelling and recreation.

But the cost of package and facilities are to be in tandem, as the middle income groups are more cost aware and quality conscious. For this, a paradigm shift about the tour travel concept has to be generated. Tour travel or leisure travel should not be meant for the affluent only but for all the citizen. Therefore, the product reach shall be designed in such a way that consider every citizen cutting across the different economic spectrum of the people.

Ours is a land of incredible diversity in attire and language, custom and religion, climate and topography. India without its boundaries contains almost the entire spectrum of diversity that is found in the human race. However, domestic tourism or for that matter tourism in India is not as widespread as in other parts of the world.

Named as one of the ten paradises of the world by National Geographic Traveller, Kerala is famous especially for its eco-tourism initiatives. Eco-tourism is fast becoming very popular and accepted segment of the global Tourism Industry too.

Its unique culture and traditions, coupled with its varied demography, have made Kerala one of the most popular tourist destinations in the world. A master plan could be worked out accenting the Western Ghats. Measures to preserve, conserve and rejuvenate the environmentally sensitive and ecologically significant regions of Western Ghats are to be adopted.





Tourism is increasingly located in crude and fragile ecosystems like the mountains, hills, coasts, forests and wetlands. Different tourism products like eco-tourism, wilderness and wildlife tourism are taking form rapidly in pristine and less accessible forest areas like the National Parks and Wildlife Sanctuaries.

By handing over Kerala Palace in Courtallam (Kuttalam) with its more than 50 acres of land to the department of tourism could transform Courtallam with provision for cozy lodging that facilitates people from Kollam, Pathanamthitta, Idukki, Kottayam and Thiruvananthapuram get together. Though there exist certain legal parameters that ought to be handled, development of such destinations as a centre would prove worthwhile.

Since Tamil Nadu homes a good portion of the India Tourism, such moves would help build accord between the two states, culturally and historically. The road bridging Kollam and Shenkottai is already a prospect. A portion of the expanse (site) could also be considered to turn into an Education Hub that further fortifies the tie.

Infrastructure inevitably is the spine of tourism. Roads need to be laid that connect places. Trouble-free access to destination is the fulcrum. Thuravoor (Cherthala)-Pamba road should come to reality at the earliest which would also benefit the Alappuzha district. MC Road-Kollam-Shenkottai road and Kayamkulam-Punaloor road would further help in the development of the place. Thalassery Thamarassery-Angadipuram-Thrissur-Aluva-Pathanamthitta-Kollam-Thiruvananthapuram could be potential facilitation hubs as we move across the state. It is desirable to envisage a tourism corridor connecting the above mentioned facilitation centres to outreach the Western Ghats and the coastal areas.

Proximities to the urban centers have brought in more footfalls in the remote areas of Western Ghats. Unplanned and unregulated urbanization is not a good gesture. Unchecked growth of tourism practices in the hill stations that are frailer than other ecosystems have led to saturation of many destinations.

The infrastructure development and professional management and marketing are the vital areas in tourism industry where the state struggles to meet the international benchmarks. Vitalizing Domestic tourism would certainly add much vigour to the tourism industry. ❍

**ചിറ്റയം ഗോപകുമാർ**



13-ാം കേരള നിയമസഭയിൽ അംഗമാണ്.

# സമൂഹത്തിന്റെ വളർച്ചയ്ക്ക് ഗ്രന്ഥശാലകൾ അനിവാര്യം


ഒരു കാലഘട്ടത്തിൽ ഗ്രാമീണ മേഖലയിൽ സജീവമായിരുന്ന സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു ഗ്രന്ഥശാലകൾ. കുട്ടികളും യുവാക്കളും പുരുഷന്മാരും വീട്ടമ്മമാരും ഗ്രന്ഥശാലകളെ സജീവമാക്കുന്നതിലും തങ്ങൾക്ക് കൂടുതൽ വിജ്ഞാനം ലഭ്യമാക്കുന്നതിലും താല്പര്യം കാണിച്ചിരുന്നു. കവിതകൾ, നാടകങ്ങൾ, കഥകൾ, നോവലുകൾ, സഞ്ചാര കൃതികൾ, ലേഖനങ്ങൾ എന്നിവയൊക്കെ വായിച്ച് അറിവ് നേടിയിരുന്നു.

പുസ്തക വായനയിലൂടെ മനസിനും ബുദ്ധിക്കും ആത്മാവിനും പോഷണം ലഭിക്കുന്ന സ്ഥിതിയിലേക്ക് വന്നു. കലയും സാഹിത്യവും സംഗീതവും മനസ്സിനെ പോഷിപ്പിച്ചിരുന്നു. ശാസ്ത്രവും തത്വചിന്തയും ബുദ്ധിവികാസത്തിനിടയാക്കി.

എന്നാൽ ഇന്നത്തെ തലമുറയും സമൂഹവും വായനയുടെ ലോകത്തു നിന്നു പിന്മാറിക്കൊണ്ടിരിക്കുന്നു. ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വാട്സ്അപ്പ് എന്നിവയുടെ ഉപയോഗം എല്ലാവരിലേക്കും വഴിമാറിയപ്പോൾ വായന കുറഞ്ഞു. ന്യൂ ജനറേഷൻ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ജീവിതം തന്നെ ഹോമിക്കുന്നു. തങ്ങളുടെ ബുദ്ധിശക്തിയെ ഇല്ലാതാക്കി തലച്ചോറിനെ മരവിപ്പിച്ചുകൊണ്ട് 'നികൊഞ്ചാ'(നിന്നെയും കൊല്ലും ഞാനും ചാവും) എന്ന നിലയിൽ ജീവിതവും തകർക്കുന്നു.

മനുഷ്യ ജീവിതം ഉയർച്ചയുടെയും നന്മയുടേതുമാകണം. അതിന് മനുഷ്യന് വേണ്ടത് ഉയർന്ന ബോധവും ഉയർന്ന ഭാവവുമാണ്. ഒരുവന്റെ വളർച്ചയ്ക്കുള്ള മാർഗ്ഗം ബോധവൽക്കരണമാണ്. ബോധവൽക്കരണം അറിവ് നേടുന്നതിലൂടെയാണ് സാധ്യമാകുന്നത്. അറിവിനെ വിജ്ഞാനമെന്നും തിരിച്ചറിവിനെ വിവേകമെന്നും പറയും. വിജ്ഞാനം വിവേകമാകുന്ന സ്തൂപത്തിൽ നിലകൊണ്ടാൽ വായന നമ്മെ വളർത്തും അല്ലെങ്കിൽ വായന നമ്മെ തളർത്തും.

ഒരുവന്റെ മനസ്സിനും ബുദ്ധിക്കും പോഷണം ലഭിക്കുമ്പോൾ അവന്റെ ബോധത്തിന് പരിണാമം സംഭവിക്കുകയും ഉയർന്ന ബോധം കൈവരിക്കുകയും ചെയ്യുന്നതാണ്. അതിനായി അക്ഷരത്തെ സ്നേഹിക്കുക. അക്ഷരം അറിവാണ്, വെളിച്ചമാണ്. ആ വെളിച്ചം അജ്ഞതയെ ഇല്ലാതാക്കി ജ്ഞാനത്തെ, അറിവിനെ ജ്വലിപ്പിക്കുന്നതാണ്. അതുവഴി നമുക്ക് നല്ല പുസ്തകങ്ങളെയും നല്ല സുഹൃത്തുക്കളേയും ലഭ്യമാക്കാൻ കഴിയും. അപ്പോൾ വായന രക്ഷകനായി മാറും. അല്ലെങ്കിൽ വായന ശിക്ഷകനായി മാറും. വായന രക്ഷകനായി മാറാൻ പുതുതലമുറയെയും പൊതുസമൂഹത്തെയും വിജ്ഞാനത്തിന്റെ നിറകുടങ്ങളാക്കാൻ ഗ്രന്ഥശാലകളെ സജീവമാക്കാൻ, നിലനിർത്താൻ ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. ○



വി.റ്റി. ബൽറാം



13-ാം കേരള നിയമസഭയിൽ അംഗമാണ്.


# ദാരിദ്ര്യവും അക്രമവും നിയമപാലന സംവിധാനങ്ങളും

## (പുസ്തക നിരൂപണം)

ഇക്കഴിഞ്ഞ വർഷം വായിച്ചതിൽ വെച്ച് എന്നെ ഏറ്റവുമധികം ആകർഷിച്ചതും എന്റെ കാഴ്ചപ്പാടുകളേയും ബോധ്യങ്ങളേയും ഏറ്റവുമധികം സ്വാധീനിച്ചതുമായ ഒരു പുസ്തകത്തിന്റെ പേരു പറയാനാവശ്യപ്പെട്ടാൽ ഞാൻ തീർച്ചയായും തെരഞ്ഞെടുക്കുക പ്രശസ്ത അമേരിക്കൻ മനുഷ്യാവകാശ പ്രവർത്തകൻ ഗാരി എ. ഹോഗൻ വിക്ടർ ബുട്രോസുമായിച്ചേർന്ന് രചിച്ച 'ദ് ലോക്കസ്റ്റ് ഇഫക്റ്റ്' എന്ന പുസ്തകമാണ്. ഹോങ്കോങ്ങ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന "ഏഷ്യൻ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ" എന്ന മനുഷ്യാവകാശ സംഘടന ഈ പുസ്തകത്തെ ആസ്പദമാക്കി നടത്തിയ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതും പുതിയ തിരിച്ചറിവുകൾക്കിടവരുത്തി.

മൂന്നാം ലോകരാജ്യങ്ങളിലെ ദാരിദ്രത്തെക്കുറിച്ച് നിരവധി പഠനങ്ങൾ പുറത്തു വന്നിട്ടുണ്ട്. അവ പലതും ഉയർത്തുന്നത് പട്ടിണി, പോഷകാഹാരക്കുറവ്, ശുദ്ധജലമില്ലായ്മ, മാലിന്യങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിങ്ങനെയുള്ള പുറമേക്ക് കാണാവുന്ന പ്രശ്നങ്ങളാണ്. എന്നാലവക്കെല്ലാമിടയിൽ നമ്മുടെ ശ്രദ്ധ പെട്ടെന്ന് ചെന്നെത്താത്ത ഒരു വലിയ പ്രശ്നമുണ്ട്. അത് ഈ സമൂഹങ്ങളിലെ നിയമവാഴ്ചയുടെ തകർച്ചയും അതുൽപ്പാദിപ്പിക്കുന്ന ക്രൂരമായ ഹിംസാത്മക സാഹചര്യങ്ങളുമാണ്. അക്രമമെന്നത് ഇത്തരമിടങ്ങളിൽ ജീവിതത്തിന്റെ ഭാഗമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങൾ, അടിമത്തത്തിനു തുല്യമായ നിർബന്ധിത തൊഴിൽ, ബലം പ്രയോഗിച്ചുള്ള ഭൂമി പിടിച്ചെടുക്കലുകൾ, പോലീസ് അതിക്രമങ്ങൾ ഒക്കെ നിശബ്ദമായി സഹിക്കാൻ മാത്രം വിധിക്കപ്പെട്ട നിരവധി ജീവിതങ്ങളെയാണീ പുസ്തകം നമുക്ക് പരിചയപ്പെടുത്തുന്നത്. ഇത്തരം അതിക്രമങ്ങൾക്കെതിരെ ഇവിടെയൊന്നും നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, മറിച്ച് അവയൊന്നും പാവപ്പെട്ടവരുടെ രക്ഷക്കെത്തുന്നില്ല എന്നതാണു ഏറ്റവും വലിയ പ്രശ്നം. പോലീസ്, പ്രൊസിക്യൂഷൻ, ജുഡീഷ്യറി എന്നിങ്ങനെയുള്ള സംവിധാനങ്ങളെല്ലാം അഴിമതിയിൽ മുങ്ങിയും വിശ്വാസ്യത നഷ്ടപ്പെട്ടും നോക്കുകുത്തികളായി മാറുമ്പോൾ സമ്പൂർണ്ണ അരാജകത്വമായിരിക്കും ഫലം. പണവും സ്വാധീനവുമുള്ളവർക്ക് മാത്രം നീതി ലഭ്യമാവുകയും പാവപ്പെട്ടവർ നിയമപാലന സംവിധാനങ്ങളാൽത്തന്നെ വേട്ടയാടപ്പെടുകയും ചെയ്യുന്ന ഭയാനകമായ അവസ്ഥയിൽ മറ്റെന്തിനേക്കുറിച്ചുമുള്ള ചർച്ചകളും അപ്രസക്തമാവുകയാണ്. പതിവ് ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ എത്രയൊക്കെ ഊർജ്ജിതമായി മുന്നോട്ടു കൊണ്ടുപോയാലും അവയുടെ ഫലസിദ്ധിയെ പരിമിതപ്പെടുത്തുകയും ദാരിദ്രത്തിൽ നിന്നുള്ള മോചനം യഥാർത്ഥത്തിൽ അസാദ്ധ്യമാക്കുകയും ചെയ്യുന്നത് വിശ്വസനീയമായ നീതിന്യായ വ്യവസ്ഥയുടെ ഈ അഭാവമാണെന്ന് സമർത്ഥിക്കുന്നതിലൂടെ ദാരിദ്ര നിർമ്മാർജ്ജനത്തേക്കുറിച്ചുള്ള നമ്മുടെ സാമ്പ്രദായിക ധാരണകളെ തകിടം മറിക്കുകയാണു ഈ പുസ്തകം.

നിഷേധാത്മകമായ വസ്തുതാവിവരണങ്ങളല്ല "ലോക്കസ്റ്റ് ഇഫക്റ്റ്" നമുക്ക് മുന്നിൽ വയ്ക്കുന്നത്, മറിച്ച് മുന്നോട്ടുള്ള വഴിയെക്കുറിച്ചുള്ള പ്രതീക്ഷകൾ തന്നെയാണ്. അവിടെയാണീ പുസ്തകം വ്യത്യസ്തമാകുന്നത്. ഇന്നത്തെ ആധുനിക, വികസിത രാജ്യങ്ങളുടെ അനുഭവപാഠങ്ങളാണു നമുക്ക് പ്രതീക്ഷ പകരുന്നത്. ഒന്നോ രണ്ടോ നൂറ്റാണ്ട് മുമ്പ് അത്തരം പല സമൂഹങ്ങളും ഇതേ മട്ടിലുള്ള അരാജകത്വത്തിലായിരുന്നു എന്ന വസ്തുത ഓർമ്മപ്പെടുത്തിക്കൊണ്ട് തന്നെ അവിടങ്ങളിൽ നിയമവാഴ്ചാ






സങ്കൽപ്പങ്ങളുടെയും സംവിധാനങ്ങളുടെയും വളർച്ച എപ്രകാരമാണു ആ സാഹചര്യങ്ങളെ അവിശ്വസനീയ മാംവണ്ണം മാറ്റിത്തീർത്തത് എന്ന് വ്യക്തമായി വരച്ചുകാട്ടുകയാണു ഗാരി ഹോഗന്റെ പുസ്തകം. വിഭ്യാഭ്യാസ വ്യാപനത്തിന്റെയും അതിന്റെ ഭാഗമായുണ്ടാകേണ്ട ശാക്തീകരണത്തിന്റെയും ഉപോൽപ്പന്നമായി ഉണ്ടായിവരാൻ കാത്തിരിക്കേണ്ടതല്ല ഈ നിയമവാഴ്ചാ സങ്കൽപ്പമെന്നും സാമൂഹിക മാറ്റത്തിനും ദാരിദ്ര നിർമ്മാർജ്ജനത്തിനും അത് പ്രാഥമികമായിത്തന്നെ അനിവാര്യമാണെന്നും ലേഖകർ സമർത്ഥിക്കുന്നു.

ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ, ഏഷ്യൻ രാജ്യങ്ങളോടൊപ്പം ഇന്ത്യൻ സാഹചര്യങ്ങളും വിശദമായി ഈ പുസ്തകം അപഗ്രഥിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ നമ്മുടെ നാട്ടിലെ നിയമപാലന സംവിധാനങ്ങളിൽ വരേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള സജീവമായ ചർച്ചകൾ ഉയർത്തിക്കൊണ്ടുവരാനും ഈ പുസ്തകം ഉപകരിക്കും. ഒന്നര നൂറ്റാണ്ടു മുമ്പ് ബ്രിട്ടീഷുകാരുടെ കോളോണിയൽ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി രൂപപ്പെടുത്തിയതാണു നമ്മുടെ പോലീസ് സംവിധാനം. ബ്രിട്ടീഷുകാർ സ്വന്തം നാട്ടിൽ നടപ്പാക്കിയ മാതൃകയിലുള്ള പോലീസിനെയല്ല, മറിച്ച് തങ്ങളുടെ കോളനിയായിരുന്ന അയർലണ്ടിലെ മാതൃകയിലുള്ള പോലീസിനെയാണു നമുക്ക് തന്നത് എന്നതും ഓർക്കേണ്ടതുണ്ട്. 1862-ലെ ഇന്ത്യൻ പോലീസ് ആക്ട് തന്നെയാണു സ്വാതന്ത്ര്യാനന്തര, ജനാധിപത്യ ഭാരതത്തിലും ചില്ലറ ഭേദഗതികളോടെ ഇന്നും നമ്മുടെ പോലീസിംഗ് സങ്കൽപ്പങ്ങളെ നിർവ്വചിക്കുന്നതെന്നത് ആശ്ചര്യകരമാണ്. സവർണ്ണ വർഗ്ഗീയ ഫാഷിസം യാഥാർത്ഥ്യത്തോടടുക്കുന്ന സമകാലിക ഇന്ത്യൻ പഴയ ഫ്യൂഡൽ, കൊളോണിയൽ ഹാങ് ഓവർ വിട്ടുമാറാത്തതും ആധുനിക മനുഷ്യാവകാശ സങ്കൽപ്പങ്ങളുൾക്കൊള്ളാത്തതുമായ ഒരു പോലീസ് സംവിധാനം അശാസ്ത്രീയവും അപകടകരവുമായി മാറുകയാണ്.

കേരളത്തിലെ താരതമ്യേന എത്രയോ ഭേദപ്പെട്ട നിയമപരിപാലന, നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതക്കുള്ളിൽ സുരക്ഷിതമായിക്കഴിയുന്ന നമ്മൾ മലയാളികളെ സംബന്ധിച്ചിടത്തോളം തമിഴ്നാട്ടിലെയും മറ്റും ഇഷ്ടികക്കളങ്ങളിലെ തൊഴിലാളികളുടെ ചൂഷണാത്മകമായ തൊഴിൽ സാഹചര്യങ്ങളും മുംബൈയിലേയും കൊൽക്കത്തയിലേയും ചുവന്ന തെരുവുകളിലെ പെൺകുട്ടികളനുഭവിക്കുന്ന മനുഷ്യത്വഹീനവും വർണ്ണനാതീതവുമായ ലൈംഗിക അതിക്രമങ്ങളും ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ദലിതരും പിന്നാക്കക്കാരും നേരിടുന്ന ക്രൂരമായ ജാതി വിവേചനങ്ങളും മാവോയിസ്റ്റ് വേട്ടയുടെ പേരിലുള്ള മനുഷ്യാവകാശധ്വംസനങ്ങളുമൊക്കെ മറ്റേതോ അന്യലോകത്തെ കാര്യങ്ങളാണ്. ഇന്ത്യ എന്ന സമഗ്രതയുടെ യാഥാർത്ഥ്യങ്ങളെക്കുറിച്ചുള്ള നമ്മുടെ അലംഭാവപൂർവ്വമായ ഹ്രസ്വദൃഷ്ടിക്കും തിമിരത്തിനുമുള്ള കണ്ണടയായി മാറേണ്ടതുകൂടിയാണ് ഈ പുസ്തകം.

കെ.വി. വിജയദാസ്



13-ാം കേരള നിയമസഭയിൽ അംഗമാണ്.

# റബ്ബർ വിലയിടിവ്
## ആഗോള സാഹചര്യത്തിൽ ഒരു സാങ്കേതിക വീക്ഷണം

ലോകം ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വസ്തുക്കളിൽ ഒന്നാണ് റബ്ബർ. രണ്ട് പ്രധാന വിഭാഗങ്ങളിലായി റബ്ബറിനെ തരംതിരിയ്ക്കാം. ഒന്ന് സ്വാഭാവിക റബ്ബർ (Natural Rubber) രണ്ട് കൃത്രിമ റബ്ബർ (Synthetic Rubber). സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ ലോകത്ത് നാലാം സ്ഥാനത്തുള്ള ഇൻഡ്യ ഇന്ന് റബ്ബർ ഉപഭോഗത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ്. ഇന്ത്യയിൽത്തന്നെ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ അളവിനേക്കാൾ കൂടുതലാണ് ഇന്ത്യയുടെ റബ്ബർ ഉപഭോഗം. എന്നിട്ടും എന്തുകൊണ്ട് റബ്ബറിന്റെ വില കുറയുന്നു? ഇവിടെയാണ് പുതിയതായി ഉയർന്നു വരുന്ന സാങ്കേതിക വിദ്യയുടെയും ശാസ്ത്രത്തിന്റെയും നൂതനമായ കണ്ടെത്തലുകളും സാദ്ധ്യതകളും വില്ലന്മാരായി മാറുന്നത്. അത്തരം സാഹചര്യങ്ങൾ യാഥാർത്ഥ്യ ബോധത്തോടെ പഠനവിധേയമാക്കി സ്വാഭാവിക റബ്ബറിന്റെ ഉല്പാദന വർദ്ധനവും അതിലൂടെ പുതിയ പുതിയ വിപണന സാദ്ധ്യതകളും തേടുകയാണ് വേണ്ടത്. എങ്കിൽ മാത്രമേ നമ്മുടെ റബ്ബർ കർഷകരേയും ഇവിടെ ഉല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെയും ഉല്പാദനം വർദ്ധിപ്പിച്ച് ലോക വിപണിയിൽ പ്രതാപത്തോടെ നിൽക്കാൻ കഴിയൂ.

ഇതിനായി കരുതലോടെയുള്ള ആസൂത്രണം ഈ മേഖലയിൽ വേണം. റബ്ബർ ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന ഉല്പന്നമായി ഏങ്ങനെ നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകാനാകും എന്ന ചിന്തയും പ്രയോഗവും നമുക്കാവശ്യമാണ്. ലോക വിപണി നോക്കുക.

| രാജ്യം | ഉല്പാദനം 2011 (മെട്രിക് ടൺ) | ലോക ശരാശരി ഉല്പാദനം ശതമാനത്തിൽ |
|---|---|---|
| 1. തായ്‌ലാന്റ് | 3,348,897 m/t | 29.6% |
| 2. ഇന്തോനേഷ്യ | 3,088,400 m/t | 27.3% |
| 3. മലേഷ്യ | 996,673 m/t | 8.8% |
| 4. ഇന്ത്യ | 891,344 m/t | 7.9% |
| 5. വിയറ്റ്നാം | 789,635 m/t | 7.0% |

(അവലംബം : FAOSTAT Data, 2013)

എന്നാൽ ANRPC (Association of Natural Rubber Producing Countries) ന്റെ കണക്കനുസരിച്ച് വിയറ്റ്നാമും ചൈനയും ഇന്ത്യയെ 5-ാം സ്ഥാനത്തേക്ക് പിൻതള്ളിയ കാഴ്ചയാണ് നമുക്ക് ഇന്ന് കാണാൻ കഴിയുന്നത്. ഇവിടെയാണ് ശരിയായ ആസൂത്രണവും ജാഗ്രതയും വിപണിയുടെ തന്ത്രവും നമുക്കാവശ്യമായി വരുന്നത്. സാമ്രാജ്യത്വ ആഗോളവത്ക്കരണ നയങ്ങൾ, അവധി വ്യാപാരം തുടങ്ങിയ ഘടകങ്ങൾ മാത്രമല്ല ഇന്ന് റബ്ബറിന്റെ വിലയിടിവിന് കാരണമായിക്കൊണ്ടിരിക്കുന്നത്. തികച്ചും ശാസ്ത്ര -സാങ്കേതിക നയങ്ങളും പുതിയ കണ്ടെത്തലുകളും റബ്ബർ പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു കരാർ ഉടമ്പടിയാണ് ASEAN – Agreements & Declarations. ഇതിനോടനുബന്ധപ്പെട്ട വിവിധ Trade Agreements ഉം കൂടിയാകുമ്പോൾ അടുത്ത കാലത്തെങ്ങും റബ്ബർ വില കർഷകർക്കും നാടിനും ഗുണകരമായിത്തീരും എന്ന് പ്രതീക്ഷിക്കാനാവില്ല. ഇടതുപക്ഷ കക്ഷികളും വിശിഷ്യാ സി.പി.ഐ.(എം) ഉം മേൽവിഷയങ്ങളുടെ പശ്ചാത്തലത്തിൽ ദീർഘ വീക്ഷണത്തോടെ കണ്ടിരുന്ന കാര്യങ്ങൾ ഇന്ന് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ സൂചിപ്പിച്ച വിവിധ ട്രേഡ് ഉടമ്പടികളും ആയതിന്റെ ഭാഗമായി വരുന്ന റബ്ബർ ഇറക്കുമതിയും കൂടാതെ അതോടൊപ്പം മറ്റൊരു വില്ലനായി മാറുന്ന SHALE GAS (ഷെയ്ൽ ഗ്യാസ്)-ന്റെ വരവും കൂടിയാകുമ്പോൾ റബ്ബറിന്റെ വില വീണ്ടും വീണ്ടും കുത്തനെയിടിയുവാനാണ് സാദ്ധ്യത. മറ്റൊരു പ്രധാനപ്പെട്ട വിഷയം നമ്മുടെ റബ്ബറിന് അന്താരാഷ്ട്ര മാർക്കറ്റിൽ തിളക്കമാർന്ന ഒരു ട്രേഡ് നെയിം (Trade Name) നാളിതുവരെ ഇല്ലെന്നുള്ളതാണ്. ലോക വിപണികളിൽ വിലയും ഗുണവും നയതന്ത്രപരമായി ഉപയോഗിക്കപ്പെടുന്നതിന് Trade Name-ആവശ്യമാണ്. റബ്ബർ ബോർഡ് അടക്കമുള്ള സ്ഥാപനങ്ങൾ ഈ സ്ഥിതി പരിഹരിയ്ക്കുന്നതിനുള്ള ശ്രമത്തിലാണ്.

### ഷെയ്ൽ ഗ്യാസ് (SHALE GAS)

ഷെയ്ൽ ഗ്യാസിന്റെ വരവ് റബ്ബർ വിലയുടെ പ്രതിസന്ധി വർദ്ധിപ്പിയ്ക്കും എന്ന കാര്യത്തിൽ തർക്കമില്ല. എണ്ണവില അന്താരാഷ്ട്ര വിപണികളിൽ കുറഞ്ഞു വരുന്നതിന്റെ കാരണങ്ങൾ പലതരത്തിൽ വ്യാഖ്യാനിക്കപ്പെ

ടുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളും ചൈന, കാനഡ, ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളും മധ്യപൂർവ്വേഷ്യയിൽ ഉല്പാദിപ്പിയ്ക്കപ്പെടുന്ന എണ്ണ കൂടുതലായി വാങ്ങി ഉപയോഗിച്ചിരുന്നു. എന്നാൽ സ്വിങ്ങ് പ്രൊഡ്യൂസർ നടപടി സൗദി അറേബ്യ ഉപേക്ഷിച്ചതും സിറിയയിൽ നിന്നും ഈജിപ്തിൽ നിന്നുമുള്ള സമാന്തര എണ്ണ വിപണനം, അമേരിയ്ക്കയിൽ നിന്നുള്ള ഷെയ്ൽ ഗ്യാസ് തുടങ്ങി സാമ്പത്തികവും രാഷ്ട്രീയവുമായ പല കാരണങ്ങൾ ഉണ്ട്. ഈ മാന്ദ്യം നേരിട്ടു കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ സമ്പദ്ഘടനയ്ക്ക് ഗുണം ചെയ്യുമെങ്കിലും മധ്യധരണ്യാഴിയിലുണ്ടാകുന്ന സാമ്പത്തികത്തകർച്ച കേരളത്തെയും ബാധിക്കും.

ഈ പശ്ചാത്തലത്തിൽ നിന്നു വേണം നാം ഷെയ്ൽ ഗ്യാസ് ഉല്പാദനത്തിന്റെ പ്രാധാന്യത്തെ വിലയിരുത്തേണ്ടത്. ഷെയ്ൽ ഗ്യാസ് എന്നത് തികച്ചും പ്രകൃതിദത്തമായ ഉല്പന്നമാണ്. ലോകത്താകമാനം വലിയ ഊർജ്ജ വിസ്ഫോടനം നടത്താൻ കഴിവുള്ള വാതകമാണിത്. അത്രമാത്രം ഊർജ്ജശേഷിയുള്ള വാതകമാണിത്. ഭൂമിയിൽ സമുദ്രത്തിനടിയിൽ നിന്നും ഏകദേശം 10,000 അടി താഴ്ചയിൽ മൃദുലമായ സ്ലേറ്റ് പാളികൾക്കിടയിലാണ് ഈ അപൂർവ്വ ഊർജ്ജ ശേഖരം സ്ഥിതി ചെയ്യുന്നത്. ഏറ്റവും കൂടുതൽ ഷെയ്ൽ ഗ്യാസ് ശേഖരം ഇന്ന് കണ്ടെത്തിയിട്ടുള്ളത് ചൈനയിലാണെങ്കിലും ഷെയൽ ഗ്യാസ് ശേഖരത്തിൽ നാലാം സ്ഥാനത്ത് നിൽക്കുന്ന അമേരിക്കയിലാണ് ഏറ്റവും കൂടുതൽ 'ഫ്രാക്കിംഗ്' നടക്കുന്നത് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഹൈഡ്രോളിക് ഫ്രാക്ചറിംഗ് (FRACKING)-ഫ്രാക്കിംഗ് വഴിയാണ് ഇത് ഉല്പാദിപ്പിച്ചെടുക്കുന്നത്. 1821 മുതൽ ന്യൂയോർക്കിൽ ഇതിന്റെ അവക്ഷിപ്തം കണ്ടെത്തിയിരുന്നെങ്കിലും വ്യാപകമായ ഉദ്ഖനനം തുടങ്ങിയത് 2000 മുതലാണ്. 2000-ൽ അമേരിക്ക ഈ സ്വാഭാവിക വാതകത്തിന്റെ മൊത്തം ഉല്പാദനത്തിന്റെ 1% ഉല്പാദിപ്പിച്ചുവെങ്കിൽ 2010-ൽ ആയത് 20% ആയി വർദ്ധിച്ചു. 2035 ആകുമ്പോഴേയ്ക്കും ഇത് 40% ആയി ഉയരും



എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ അമേരിക്ക നടത്തുന്ന ഷെയ്ൽ ഗ്യാസ് ഉത്ഖനനത്തിന്റെ ഫലമായി ഊർജ്ജ, എണ്ണ വിപണികളിലും ഇതിൽ നിന്നും വേർതിരിച്ചെടുക്കാൻ കഴിയുന്ന കൃത്രിമ റബ്ബർ (Synthetic Rubber) ഉല്പാദനത്തിലും ഒരു കുതിച്ചു ചാട്ടം തന്നെ അമേരിക്ക നടത്തുമെന്ന കാര്യത്തിൽ സംശയമില്ല. ഈ നടപടികളും നമ്മുടെ സ്വാഭാവിക റബ്ബറിന്റെ വിലയെ സാരമായി ബാധിക്കും. അതുകൊണ്ടാണ് റബ്ബർ വിലയിടിവ് സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങളുടെയും ട്രേഡ് കരാറുകളുടെയും മാത്രമല്ല നൂതനമായ ശാസ്ത്ര-സാങ്കേതിക വിദ്യയുടെയും കൂടി ഭാഗമാണെന്ന് പറയേണ്ടി വരുന്നത്. ഇവിടെയാണ് നമ്മുടെ നാട്ടിലെ സ്വാഭാവിക റബ്ബറും റബ്ബർ കർഷകരേയും സംരക്ഷിക്കുന്നതിന് കരുതലോടെ നീങ്ങണം എന്നു പറയപ്പെടേണ്ടി വരുന്നത്. കൃഷിക്കാരുടെയും-ശാസ്ത്ര-സാങ്കേതിക-രാഷ്ട്രീയ-സാമ്പത്തിക-ഭരണ നേതൃത്വങ്ങളുടെ കൂട്ടായ്മയിലൂടെയും മാത്രമേ ഈ സാഹചര്യത്തെ നമുക്ക് മറികടക്കാനാകൂ.

ഇക്കാര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിയ്ക്കപ്പെടേണ്ടതുണ്ടെന്ന് കരുതുന്നു.

1. ASEAN (ആസിയാൻ) കരാറുകളിലും അനുബന്ധ ട്രേഡ് കരാറുകളിലും ആവശ്യമായ ഭേദഗതി വരുത്തുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുടർച്ചയായ ഇടപെടലുകൾ നടത്തണം.
2. സ്വാഭാവിക റബ്ബറിന്റെ (Natural Rubber) ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കണം.
3. ഇറക്കുമതി-കയറ്റുമതിയിലെ 'ബാലൻസ് ഓഫ് ട്രേഡിംഗ്' സംവിധാനം കാലോചിതമായി പരിഷ്ക്കരിച്ച് തുടരണം.
4. ഇറക്കുമതി നിയന്ത്രിക്കണം.
5. സ്വാഭാവിക റബ്ബറിന്റെ ഗുണനിലവാരം ഉറപ്പു വരുത്തണം. 'ട്രേഡ് നെയിം' ഏർപ്പെടുത്തി ഇത് സാധിച്ചെടുക്കാൻ കഴിയണം.
6. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമയബന്ധിതമായ ഇടപെടൽ തുടർച്ചയായി വേണം; ഇച്ഛാശക്തി കാട്ടണം.
7. വില സ്ഥിരതാ ഫണ്ട് രൂപീകരിക്കണം.
8. ശാസ്ത്രീയമായ വൈവിദ്ധ്യവൽക്കരണം നടത്തണം.

ഇന്നലെ വരെ നാം പഠിച്ചു വന്നതും പരീക്ഷിച്ചു വന്നതുമായ നയങ്ങൾ അല്ല ഇന്നത്തെ പല സ്ഥിതിഗതികൾക്കും കാരണമായിത്തീരുന്നത്; മറിച്ച് അദൃശ്യങ്ങളായ ഒട്ടേറെ കാരണങ്ങൾ ഉണ്ടെന്ന് നാം മനസ്സിലാക്കണം. ആഗോളവൽക്കരണ നയങ്ങൾ ഇന്ന് 'മാരീചന്റെ' രൂപത്തിലായിരിക്കുന്നു എന്നു വേണം മനസ്സിലാക്കുവാൻ. അതുകൊണ്ടു തന്നെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന റബ്ബറിന്റെ വിലയിടിവ് വളരെ പെട്ടെന്ന് പരിഹരിക്കപ്പെടും എന്ന ചിന്തയ്ക്ക് യുക്തിയുണ്ടെന്ന് കാണുന്നില്ല. തുടർച്ചയായതും മെച്ചപ്പെട്ടതുമായ ഒരു വില നിലവാരം സംജാതമാകണമെങ്കിൽ മേൽസൂചിപ്പിച്ച കാര്യങ്ങളിൽ കേന്ദ്രീകരിച്ചുള്ള ശ്രദ്ധയും നിതാന്ത ജാഗ്രതയും കൂട്ടായ പരിശ്രമവും മാറി വരുന്ന ആഗോള സാഹചര്യങ്ങളിലുള്ള സൂക്ഷ്മ നിരീക്ഷണവും പ്രായോഗിക സമീപനവും നമുക്കാവശ്യമാണ്.

**കുട്ടി അഹമ്മദ് കുട്ടി. കെ.**



9,10, 11, 12 കേരള നിയമസഭകളിൽ അംഗവും 2004–2006 കാലയളവിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുമായിരുന്നു.

# ഭൂപരിഷ്ക്കരണം
## കേരളം പിന്നിട്ട വഴികൾ

ആദ്യകാലം തൊട്ടുതന്നെ ഒട്ടേറെ പുരോഗമനപരമായ നിയമങ്ങൾക്ക് രൂപം കൊടുത്ത് അത്ഭുതം സൃഷ്ടിച്ച സഭയാണ് കേരള നിയമസഭ. അത്തരം നിയമങ്ങളിൽ എടുത്ത് പറയേണ്ട ഒന്നാണ് ഭൂപരിഷ്കരണനിയമം. കേരളത്തിൽ ജന്മിത്വം ഇല്ലാതാക്കുന്നതിനും വലിയ സാമൂഹ്യമാറ്റം ഉണ്ടാക്കുന്നതിനും ഏറെ പങ്കുവഹിച്ച ഒന്നാണ് ഭൂപരിഷ്ക്കരണനിയമം. പിന്നീട് ഇന്ത്യക്കൊട്ടാകെ പ്രസ്തുത നിയമം മാതൃകയായി.

ഇന്ത്യക്കൊട്ടാകെ മാതൃകയായ ഭൂപരിഷ്ക്കരണനിയമം തങ്ങളുടെ മാത്രം സൃഷ്ടിയാണെന്ന് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി ആദ്യകാലം തൊട്ടുതന്നെ അവകാശപ്പെട്ടിരുന്നു. അതല്ല നിയമപരമായി നിലനില്ക്കുന്ന വിധത്തിൽ ഭൂപരിഷ്ക്കരണനിയമത്തിന് രൂപം കൊടുത്തത് തങ്ങളാണെന്ന് കോൺഗ്രസ്സും അവകാശപ്പെട്ടിരുന്നു. ചരിത്രം പരിശോധിച്ചാൽ വളരെക്കാലം മുമ്പുതൊട്ട് പലരുടെയും ശ്രമഫലമായി പലഘട്ടങ്ങളിലൂടെ കടന്നുപോയി ഇന്നത്തെ രൂപത്തിൽ പിറവിയെടുത്തതായിരുന്നു ഭൂപരിഷ്ക്കരണനിയമം എന്ന് കാണാൻ കഴിയും. ഇക്കാര്യത്തിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും അവരവരുടെ പങ്കുവഹിച്ചതായി കാണാൻ കഴിയും.



ഐക്യകേരള സംസ്ഥാനം നിലവിൽ വരുന്നതിന് മുമ്പുള്ള കേരളം തിരുവിതാംകൂർ, കൊച്ചി, മദ്രാസ് പ്രൊവിൻസിൽപ്പെട്ട മലബാർ എന്നിങ്ങനെ വെവ്വേറെ ഭരണകൂടങ്ങളുടെ കീഴിലായിരുന്നല്ലോ. തിരുവിതാംകൂറും കൊച്ചിയും ചേർന്ന തിരുകൊച്ചി സംസ്ഥാനം നിലവിൽ വരുന്നതുവരെ ഈ മൂന്ന് ഭരണകൂടങ്ങളും നിലനിന്നു. 1956 നവമ്പർ 1 ന് തിരുവിതാംകൂറിന്റെ കന്യാകുമാരി, ചെങ്കോട്ട തുടങ്ങിയ പ്രദേശങ്ങൾ തമിഴ്നാടിനോട് ചേർക്കുകയും മലബാർ പ്രദേശം തിരുകൊച്ചിയോടു ചേർത്ത് ഐക്യകേരള സംസ്ഥാനം രൂപീകൃതമാവുകയും ചെയ്തു.

19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിൻകീഴിലായിരുന്നു. മലബാർ പ്രദേശം ബ്രിട്ടീഷ് ഭരണ പ്രൊവിൻസിന്റെ കീഴിലും. ഭൂമിയുടെ ക്ലാസ്സിഫിക്കേഷനുകളിലും ഭൂനിയമങ്ങളിലും ഈ ഓരോ പ്രദേശങ്ങളിലും അതുകൊണ്ടുതന്നെ വ്യത്യാസങ്ങളുണ്ടായിരുന്നു. എങ്കിലും ജന്മികുടിയാൻ സംവിധാനം ഏറെക്കുറെ എല്ലാ ഭാഗങ്ങളിലും ഒരു പോലെയായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ജനസംഖ്യയുടെ ചെറിയ ശതമാനത്തിനായിരുന്നു. രാജാവിന്റെയോ ഭരണകൂടത്തിന്റെയോ അധീനതയിലെ ഭൂമിക്ക് പുറമെ ആരാധനാലയങ്ങൾക്കും ജന്മിമാർക്കും ഭൂമിയുണ്ടായിരുന്നു. ഈ ഭൂമി കൃഷി ചെയ്യുന്നതിന് കുടിയാന്മാർക്ക് വാക്കാലും ഒറ്റി, കാണം, പാട്ടം തുടങ്ങി നിരവധി വ്യവസ്ഥകൾ പ്രകാരം നല്കിയിരുന്നു. ആദായത്തിന്റെ വിഹിതം കരാർ പ്രകാരം ജന്മിക്ക് കുടിയാൻ നല്കേണ്ടതുണ്ടായിരുന്നു. കൃഷിപ്പിഴയോ, കീടബാധയോ ഒന്നുംതന്നെജന്മിക്കു നല്കേണ്ട ആദായത്തിൽ കുറവ് വരുത്താൻ കാരണമായി കണക്കാക്കിയിരുന്നില്ല. അതിനാൽ കുടിയാന്മാരുടെ അവസ്ഥ ദയനീയമായിരുന്നു. ഈ അവസ്ഥ ജന്മി കുടിയാൻ ബന്ധങ്ങളിലുണ്ടാക്കിയ അസ്വാരസ്യങ്ങളാണ് കുടിയാൻ പ്രക്ഷോഭങ്ങൾക്കും അതുവഴി ഭൂപരിഷ്ക്കരണ നടപടികൾ ആവശ്യമാണെന്ന ചിന്തകൾക്കും വഴിവെച്ചത്. 19-ാം നൂറ്റാണ്ടിന്റെ മധ്യഭാഗത്തോടെ ഭൂനിയമപരിഷ്കരണങ്ങൾക്കുള്ള മുറവിളി ഒറ്റക്കും കൂട്ടായും ഉയരുകയും ഭരണാധികാരികൾ ചില പരിഷ്കരണ നടപടികൾ സ്വീകരിക്കാൻ നിർബന്ധിതരാവുകയും ചെയ്തു.

## തിരുവിതാംകൂർ

9-ാം നൂറ്റാണ്ടിനും 13-ാം നൂറ്റാണ്ടിനും ഇടയിലെ ലഭ്യമായ ക്ഷേത്ര രേഖകൾ പ്രകാരം നമ്പൂതിരി ഇതരരായിരുന്നു ഇവിടത്തെ ഭൂപ്രഭുക്കൾ. വിശ്വാസത്തിന്റെ പേരിൽ ഈ ഭൂപ്രഭുക്കൾ തങ്ങളുടെ അധീനതയിലെ ഭൂമി ക്ഷേത്രങ്ങൾക്ക് ദാനമായി നല്കുകയും ക്ഷേത്ര ട്രസ്റ്റികളായിരുന്നവരുടെ അധീനതയിൽ അങ്ങനെ കൃഷിഭൂമി വന്നുചേരുകയും ചെയ്തു. പിന്തുടർച്ചാവകാശമുണ്ടായിരുന്ന ട്രസ്റ്റിമാർ ക്രമേണ കൃത്രിമമാർഗ്ഗങ്ങളുപയോഗിച്ച് ക്ഷേത്രഭൂമികളുടെ ജന്മാവകാശം നേടിയെടുത്തു. അക്കാലത്ത് തിരുവിതാംകൂറിലെ ഭൂമിയെ ജന്മംഭൂമിയെന്നും സർക്കാർ ലാന്റ് എന്നുമാണ് ക്ലാസിഫൈ ചെയ്തിരുന്നത്. ജന്മം ലാന്റിൽ ദേവസ്വംവകകളും ബ്രഹ്മസ്വം വകകളുമുണ്ടായിരുന്നു. ആദ്യകാലത്ത് ഈ രണ്ട് വിഭാഗത്തെയും നികുതിയിൽ നിന്നൊഴിവാക്കിയിരുന്നു. എന്നാൽ പണം വാങ്ങി ഒറ്റി എന്ന രീതിയിലോ അട്ടിപ്പേർ എന്ന രീതിയിലോ കൈമാറ്റം ചെയ്യുമ്പോൾ കരമൊഴിവ് ആനുകൂല്യം നഷ്ടപ്പെടുകയും ജന്മിക്കുള്ള പിന്തുടർച്ചാവകാശം നഷ്ടമാവുകയും ചെയ്യുമായിരുന്നു. അത്തരം കൈമാറ്റഭൂമിക്ക് നിശ്ചിതരാജഭോഗ നികുതി നല്കുകയും വേണമായിരുന്നു. ആ ഭൂമിയെ സർക്കാർ കണക്കിൽപ്പെടുത്തി കുടിയാന്റെ പേരിൽ ചേർത്താണ് കരം ഈടാക്കിയിരുന്നത്. വെറും പാട്ടം, കാണപ്പാട്ടം എന്നീ വ്യവസ്ഥകളിൽ ജന്മിമാർ കുടിയാന്മാർക്ക് ഭൂമി കൃഷിക്ക് നല്കിയിരുന്നു. കുടിയാനെ യഥേഷ്ടം ഒഴിപ്പിക്കാനും അമിതപാട്ടവും മറ്റു വിഹിതങ്ങളും ഈടാക്കാനും ജന്മിക്കധികാരങ്ങളുണ്ടായിരുന്നു. ഇക്കാര്യങ്ങളിൽ രണ്ടുകൂട്ടരും തമ്മിൽ തർക്കങ്ങൾ ഉടലെടുത്തു. ഭരണകൂടത്തിന്റെ ഇടപെടൽ അനിവാര്യമാക്കിത്തീർക്കുംവിധം വ്യവഹാരങ്ങളും സംഘർഷങ്ങളും വർദ്ധിച്ചു. അതിനെത്തുടർന്നു കാണപ്പാട്ട വസ്തുക്കൾ അനിയന്ത്രിതമായി ഒഴിപ്പിക്കുന്നതിനെതിരെ 1005 കാർത്തിക മാസം 25-ാം തീയതി (1830) രാജവിളംബരമുണ്ടായി.

വസ്തു ഒഴിപ്പിക്കുന്ന വിഷയത്തിൽ തീർച്ച ചെയ്യപ്പെട്ടതോ, ഫയലാക്കപ്പെട്ടതോ മേലാൽ ബോധിപ്പിക്കപ്പെടാവുന്നതോ ആയ വ്യവഹാരങ്ങളുടെ കാര്യത്തിൽ കോടതികൾ സ്ഥാപിതമായ നാട്ടുനടപ്പിനെ നിലനിർത്തണമെന്നും അതായത് പതിവിൽപടിയും, സാധാരണവും, അസാധാരണവും ആയി ജന്മിക്കു ചെല്ലാനുള്ള ഭോഗങ്ങളെ കുടിയാൻ കൊടുക്കണമെന്നും ജന്മി അവയെ സ്വീകരിച്ച് വസ്തു കൈവശം വെച്ചനുഭവിക്കുന്നതിന് കുടിയാനെ സമ്മതിക്കണമെന്നും ശാസനയിൽ വ്യക്തമാക്കി.

അക്കാലത്ത് സംസ്ഥാനത്തിനകത്തും പുറത്തും അനേകം വസ്തുക്കൾ സ്വന്തമായുണ്ടായിരുന്ന ഒരു ജന്മി ഉയർന്ന കോടതിയിലെ അധ്യക്ഷനായ ജഡ്ജിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഒഴിപ്പിക്കൽ കാര്യത്തിൽ മറ്റുള്ളവരെ സ്വാധീനിച്ചിരുന്നു. കോടതിയിടപെടൽ മുഖേന വളരെക്കാലമായി കൈവശം വെച്ചനുഭവിക്കുന്ന വസ്തുക്കൾ പോലും ഒഴിപ്പിക്കുന്ന സ്ഥിതിവിശേഷം സംജാതമായി. അക്കാലത്ത് ദിവാനായിരുന്ന സർ ടി. മാധവരായർ ഇതിൽ ഇടപെട്ടതിനെതുടർന്നാണ് 1042 കർക്കിടകം 25-ലെ 102-ാം തിരുവെഴുത്ത് വിളംബരം പുറപ്പെടുവിച്ചത് (1866-67). തിരുവിതാംകൂറിലെ കുടിയാന്മാർക്ക് ആശ്വാസം പകർന്ന ഒരു നടപടിയായിരുന്നു അത്. കുടിയാനെ വിവേചനമില്ലാതെ ഒഴിപ്പിക്കുന്ന നടപടി തടഞ്ഞു ജന്മിയിൽ നിന്നും സംരക്ഷണം നല്കി. കുടിയാനു ഭൂമിയിൽ കൈവശാവകാശം നല്കി. ജന്മിക്ക് കുടിയാനെ ഒഴിപ്പിക്കണമെങ്കിൽ 12 വർഷത്തെ പാട്ടത്തുകയും, കുടിയാന്റെ ദേഹണ്ഡത്തിനുള്ള നഷ്ടപരിഹാരവും നല്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി.

ഈ വിഷയത്തിൽ ദിവാൻ സർ. ടി. മാധവറാവു റസിഡണ്ടിനയച്ച റിപ്പോർട്ടിലെ ചില വാചകങ്ങൾ വളരെ പ്രസക്തമായതുകൊണ്ട് ഉദ്ധരിക്കുന്നു. "ജന്മിമാർ എന്ന സമുദായത്തിൽ ചേർന്ന യാതൊരുത്തരും ഭൂസ്വത്തിനെ നന്നാക്കുന്നവരല്ല. എന്നാൽ കുടിയാന്മാർ നന്നാക്കുന്നവരാകുന്നു. കുടിയാന്മാർ എത്രത്തോളം ജന്മിമാരുടെ ഇഷ്ടത്തെ ആശ്രയിച്ചിരിക്കേണ്ട വരായിവെയ്ക്കപ്പെടുന്നുവോ ഭൂസ്വത്തിനെ നന്നാക്കുന്ന സംഗതി അത്രത്തോളം കുറവായിരിക്കും. സ്വല്പം കാലത്തേയ്ക്ക് പാട്ടം കൊടുക്കുകയാണെങ്കിൽ യാതൊരു കുടിയാനും വസ്തുവിനെ നന്നാക്കുവാൻ തുനിയുകയില്ല. ജന്മിയോ വസ്തുവിനെ നന്നാ

ക്കുകയുമില്ല. തന്നിനിമിത്തം സംസ്ഥാനമൊട്ടുക്ക് അഭിവൃദ്ധിക്കുറവുണ്ടാകും എന്നുള്ളത് അനിവാര്യമാണ്.

ദീർഘകാലം വസ്തു കൈവശം വെച്ച് അനുഭവിച്ച്, കെട്ടിടം മുതലായവയുണ്ടാക്കി ജന്മിയ്ക്ക് പാട്ടം കൊടുത്തുകൊണ്ടിരിയ്ക്കുന്ന കുടിയാനെ ഒഴിപ്പിയ്ക്കുന്നത് നിസ്സംശയം ഒരു വലിയ ദുസ്സഹമായ സങ്കടമായിരിയ്ക്കും. കുടിയാന് ജനിയ്ക്കുന്ന സങ്കടത്തിന് പുറമേ ഇത് സംസ്ഥാനത്തെ കാർഷിക അഭിവൃദ്ധിയ്ക്കും വിരുദ്ധമായിട്ടുള്ളതാണ് എന്ന് ഞാൻ വാദിയ്ക്കുന്നു".

ജന്മിക്കും, കുടിയാനും തമ്മിലുള്ള ബന്ധത്തെപ്പറ്റി കണ്ഠിതമായ തീർച്ചകൾ പ്രസ്താവിയ്ക്കുന്നതായ ഒരു നിയമം ഉണ്ടാകണമെന്നും, കുടിയാന്മാരിൽ നിന്നും കിട്ടേണ്ട പാട്ടവും, ഭോഗങ്ങളും വസൂലാക്കുന്നതിന് സൗകര്യപ്പെടുത്തുന്നതിനായി ജന്മിമാരുടെ ഗുണത്തെക്കരുതി മറ്റൊരു നിയമവും ഉണ്ടാകണം. ഇതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. എന്നാൽ ഒന്നാമത്തെ നിർദ്ദേശമനുസരിച്ച് നിയമം ഉണ്ടാവുകയും രണ്ടാമത് ഉദ്ദേശിച്ച നിയമം ഉടനടി ഉണ്ടാകാതിരിയ്ക്കുകയും തങ്ങളുടെ അധികാരവകാശങ്ങൾക്ക് നിയന്ത്രണം വരികയും ചെയ്ത സാഹചര്യത്തിൽ ജന്മിമാർ അസംതൃപ്തരാകുകയും, പ്രക്ഷോഭപരിപാടികളിലേയ്ക്ക് നീങ്ങുകയും ചെയ്തു. തുടർന്ന് ജന്മിമാർക്കും, കാണപ്പാട്ട കുടിയാന്മാർക്കും തമ്മിലുള്ള സംബന്ധത്തിന്റെ സ്വഭാവത്തെ ആരാഞ്ഞ് അറിയുന്നതിനും, കാണപ്പാട്ട കുടിയാന്മാർ അവരുടെ ജന്മിമാർക്ക് കൊടുക്കേണ്ടതായ പലവിധ ഫീസുകളും, കരങ്ങളും ഇവയാണെന്ന് പരിശോധിച്ചറിഞ്ഞു കാണപ്പാട്ടം വസ്തുക്കൾക്ക് യോജിയ്ക്കുന്നതായ അവകാശങ്ങൾക്ക് ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനുമായി 1060-ാം ആണ്ടിൽ ഗവൺമെന്റ് ഒരു സഞ്ചാരകമ്മീഷനെ നിയോഗിച്ചു(1884-85). ഈ കമ്മീഷൻ ഒരു അവകാശ രജിസ്റ്റർ തയ്യാറാക്കുകയും അതിന്റെ ശുപാർശകൾ സമർപ്പിയ്ക്കുകയും ചെയ്തു. കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ടതും, വിലയേറിയതുമായ കൃത്യം അവകാശ രജിസ്റ്റർ തയ്യാറാക്കിയതായിരുന്നു. 921 ജന്മിമാരുടെ വകയായ 1428 കേസുകൾ (ഒരു ഡിസ്ട്രിക്ടിൽ ഒരു ജന്മിയുടെ വസ്തുവിനെ ഒരു കേസായി കണക്കാക്കി) ഉണ്ടായിരുന്നു. കമ്മീഷൻ ശുപാർശകളുടെയടിസ്ഥാനത്തിൽ 1071-ാമാണ്ടത്തെ 50-ാം റഗുലേഷനായ ജന്മി-കുടിയാൻ റഗുലേഷൻ നിലവിൽ വന്നു.

ഇതുപ്രകാരം മലയാള ബ്രാഹ്മിൻ ജന്മിമാരുടെ കുടിയാന്മാർക്ക് ഭൂമിയിലുള്ള അവകാശത്തിന് സ്ഥിരതയും, പിന്തുടർച്ചാവകാശവും നല്കി. എന്നാൽ മലയാള ബ്രാഹ്മണരല്ലാത്ത ജന്മിമാരുടെ കുടിയാന്മാർക്ക് ആ അവകാശം സിദ്ധിച്ചില്ല. മാത്രവുമല്ല അവകാശ രജിസ്റ്റർ റഗുലേഷനോടൊപ്പം പ്രസിദ്ധപ്പെടുത്താതിരുന്നത് സിവിൽ കോർട്ടുകളിൽ നിലനിന്നിരുന്ന കേസുകൾ തീർപ്പാക്കുന്നതിൽ ആശയക്കുഴപ്പമുണ്ടാക്കിയതായി 1915-ൽ നിയമിതമായ മറ്റൊരു കമ്മിറ്റി സൂചിപ്പിച്ചിട്ടുണ്ട്.

ജന്മിമാർ പാരമ്പര്യമായി ഈടാക്കിയിരുന്ന ഓണക്കാഴ്ച, ഓലപ്പണം, അടുക്കളക്കാണം, പറക്കാണം തുടങ്ങിയ ഭോഗങ്ങളിൽ നിന്നും കുടിയന്മാരെ രക്ഷിക്കുന്നതിനായി 1071-ലെ ജന്മി-കുടിയാൻ റഗുലേഷൻ 1108-ൽ ഭേദഗതി ചെയ്തു. (റഗുലേഷൻ XII-1932 ഡിസംബർ 31). ഇതുപ്രകാരം ജന്മിക്കരം ഒഴിച്ച് മറ്റ് പാരമ്പര്യ പിരിവുകളൊന്നും ജന്മിമാർ നടത്തുവാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചു.

തുടർന്ന് ജന്മികരം സർക്കാർതന്നെ പിരിച്ചെടുത്ത് ജന്മിയ്ക്ക് നല്കുവാനും ജന്മിയും, കുടിയാനും തമ്മിൽ നേരിട്ടുള്ള ഇടപാടുകൾ ഒഴിവാക്കുവാനും നടപടി സ്വീകരിച്ചു. അതേത്തുടർന്ന് തങ്ങളുടെ സ്ഥാനം ഇല്ലാതാകുമെന്ന് കണ്ട ജന്മിമാർ ബലാൽക്കാരമായി ഒഴിപ്പിക്കൽ നടപടികൾ തുടങ്ങി. അതു തടയുവാൻ 1124-ലെ ട്രാവൻകൂർ ഹോൾസിംഗ് (stay of eviction proceedings) എന്ന നിയമം പാസ്സാക്കി. നിലവിലുണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥകൾ മൂലം ഒഴിപ്പിക്കൽ നടപടികൾ പൂർണ്ണമായും തടയാൻ ഈ നിയമവും പര്യാപ്തമായില്ലെങ്കിലും കുടികിടപ്പുകാർക്ക് പൂർണ്ണമായ കൈവശാവകാശവും, പിൻതുടർച്ചയും ഇതുമൂലം സിദ്ധിച്ചു. മാത്രവുമല്ല ആ അവകാശം അന്യാധീനപ്പെടുത്താൻ പാടില്ലെന്ന വ്യവസ്ഥയുമുണ്ടായി.

ഇനി സർക്കാർ വക ഭൂമിയുടെ കാര്യത്തിൽ 1865 ലെ പാട്ടം പ്രൊക്ലമേഷൻ (1040.ME) അനുസരിച്ച് വിവിധ പാട്ടവ്യവസ്ഥകൾ പ്രകാരം ഭൂമി കൈവശം വെച്ചിരുന്ന കുടിയാന് ഭൂമിയിൽ പിന്തുടർച്ചാവകാശം നല്കി. അത് അന്യാധീനപ്പെടുത്താൻ പാടില്ലെന്ന വ്യവസ്ഥയിൽ സർക്കാർ ആവശ്യത്തിന് ആ ഭൂമി തിരിച്ചെടുത്താൽ മാർക്കറ്റ് വിലയും ദേഹണ്ഡത്തിനുള്ള നഷ്ടപരിഹാരവും സർക്കാർ നല്കുമെന്ന് വ്യവസ്ഥ ചെയ്തു. 1886-ലെ തിരുവിതാംകൂർ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷൻ ആക്ട് പ്രകാരം അങ്ങനെയുള്ളവർക്ക് പട്ടയം നല്കുകയും ചെയ്തു.

## കൊച്ചി സംസ്ഥാനം

തിരുവിതാംകൂറിലെപ്പോലെ കൊച്ചി സംസ്ഥാനത്ത് രാജഭരണക്കാലത്ത് ബ്രാഹ്മണർ ദേവസ്വങ്ങളിലൂടെ ഭൂമിയിന്മേൽ ജന്മാവകാശം സ്ഥാപിച്ചു. ആദ്യകാലത്ത് രാജാവിനും, ദേശവാഴികൾക്കും നല്കുന്ന സൈനിക സേവനത്തിന് പ്രതിഫലമെന്ന രീതിയിലാണ് ഭൂമി നല്കിയിരുന്നത്. എന്നാൽ 18-ാം നൂറ്റാണ്ടോടെ സൈനീകസേവന ബന്ധം ഏറെക്കുറെ ഇല്ലാതായി. പകരം വെറും പാട്ടം, പിന്നെ കാണം, കുഴിക്കാണം എന്നീ വ്യവസ്ഥകളിൽ ജന്മി കുടിയാന് ഭൂമി നല്കിയിരുന്നു. പണയവ്യവസ്ഥ, ഇനാം, അനുഭോഗം എന്നിവയ്ക്കും ഭൂമി കൈമാറ്റരീതികളുണ്ടായിരുന്നു. ഒറ്റിവ്യവസ്ഥ പ്രകാരം നല്കേണ്ടുന്ന അർത്ഥം വലുതായിരുന്നു. എന്നാൽ പാട്ടം നല്കേണ്ടതില്ലായെന്ന ആനുകൂല്യം കുടിയാനുണ്ടായിരുന്നു. തിരുവിതാംകൂറിലെപ്പോലെ തന്നെ ജന്മികുടിയാൻ ബന്ധത്തിൽ, കുടിയാൻ എപ്പോഴും അടിച്ചമർത്തൽ നേരിടുകയായിരുന്നു. അതേത്തുടർന്ന് സർക്കാർ 10.3.1905-ലെ പ്രൊക്ലമേഷൻ പ്രകാരം പണ്ടാരവക വെറും പാട്ടഭൂമികളിൽ കൂടിയാന് കൈവശാവകാശം നല്കി. അപ്പോഴും ജന്മിമാരിൽ നിന്നും ഭൂമി പാട്ടത്തിനെടുത്ത കുടിയാന്മാരുടെ സ്ഥിതി പഴയതുതന്നെയായിരുന്നു.

1908-ൽ ജന്മികുടിയാൻ ബന്ധത്തെക്കുറിച്ച് പഠിയ്ക്കുവാൻ കമ്മീഷൻ നിയമിയ്ക്കുകയും, കമ്മീഷന്റെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എല്ലാവിധ കൈവശങ്ങളുടെയും കാര്യത്തിൽ വ്യവസ്ഥ ചെയ്തുകൊണ്ട് 1914 ലെ കൊച്ചിൻ ടെനൻസി ആക്ട് നിലവിൽ വന്നു. 1886-ന് മുമ്പുള്ള കൈവശക്കാർക്ക് കൈവശാവകാശത്തിന് സ്ഥിരത നല്കി.

ഒഴിപ്പിക്കപ്പെടുന്നവരുടെ ദേഹണ്ഡത്തിന് നഷ്ടപരിഹാരവും വ്യവസ്ഥ ചെയ്തു.

1938-ലെ കൊച്ചിൻ ടെനൻസി ആക്ട് പ്രകാരം 1885നും 1915-നും ഇടയ്ക്ക് രജിസ്റ്റർ ചെയ്ത കാണവും നിയമപരിധിയിൽ വന്നു. 1940-ലെ ഭേദഗതി പ്രകാരം ചില പണയങ്ങളേയും കാണത്തിന്റെ പരിധിയിൽപ്പെടുത്തി. വെറും പാട്ടത്തിന്റെ കാര്യത്തിൽ കൈവശാവകാശം ഉറപ്പാക്കിക്കൊണ്ട് 1963 ൽ വെറും പാട്ട ഓർഡിനൻസ് ആക്ട് പാസാക്കി. പാട്ടത്തിനും, മറുപാട്ടത്തിനും കൈവശാവകാശം ഉറപ്പ് നല്കി. ഒഴിപ്പിക്കലിനുള്ള വ്യവസ്ഥകൾ കർശനമാക്കി കുടികിടപ്പുകാരേയും കുടിയാന്മാരായി കണക്കാക്കി പരിരക്ഷ നല്കി. 1947-ലെ പ്രൊക്ലമേഷൻ പ്രകാരം കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള സ്യൂട്ടുകളെല്ലാം സ്റ്റേ ചെയ്തു.

## മലബാർ

മലബാറിലും മൂന്നുതരം അവകാശികളായിരുന്നു ഉണ്ടായിരുന്നത്. ജന്മം, കാണം, വെറും പാട്ടം. ജന്മം അവകാശിയെയാണ് ഭൂമിയുടെ നിയമാനുസൃത ഉടമയായി സർക്കാർ അംഗീകരിച്ചിരുന്നത്. കാണം അവകാശം ഒരു എഗ്രിമെന്റ് പ്രകാരമായിരുന്നു. കാണക്കാരൻ ഒരു തുക ജന്മിയ്ക്ക് നല്കി ഭൂമി പാട്ടത്തിനെടുക്കുന്നു. വർഷം തോറും നിശ്ചിത പാട്ടം ജന്മിയ്ക്ക് നല്കുന്നു. ആദ്യകാലത്ത് കാണം ഭൂമി ഒഴിപ്പിക്കാറില്ലായിരുന്നു. എന്നാൽ കാണവകാശം 12 വർഷം കൂടുമ്പോൾ പുതുക്കണമെന്ന ബ്രിട്ടീഷ് സിവിൽ കോർട്ടിന്റെ നിലപാട് പാട്ടക്കാലാവധി കഴിയുമ്പോൾ പാട്ടം പുതുക്കി നല്കാതെ കുടിയാനെ ഒഴിപ്പിക്കാനുള്ള അവസരം ജന്മിയ്ക്ക് ഉണ്ടാക്കിക്കൊടുത്തു.

19ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് കാണഭൂമി, കാണക്കാർ മറുപാട്ടത്തിന് നല്കി. അങ്ങനെ ജന്മിമാരും, മധ്യവർത്തികളായ കാണക്കാരും, ഏറ്റവും താഴെ കുടിയാന്മാരുമെന്ന വ്യവസ്ഥ നിലവിൽ വന്നു. മദ്ധ്യവർത്തികളായിരുന്ന കാണക്കാരനാണ് ആദ്യമായി സ്ഥിരാവകാശത്തിന് ശബ്ദമുയർത്തിയത്.

ബ്രിട്ടീഷുകാർക്കെതിരെ മലബാറിലെ സമൂഹം ജാതിമത ഭേദമന്യേ നടത്തിയ മലബാർ കലാപം എന്ന സ്വാതന്ത്ര്യസമരത്തിന് ഭൂമിയുടെ അവകാശത്തിന് വേണ്ടി കുടിയാന്മാർ നടത്തിയ സമരത്തിന്റെ ലക്ഷ്യം കൂടിയുണ്ടായിരുന്നു. ഇതുകൊണ്ടുതന്നെ മുൻ മലബാർ കളക്ടറായിരുന്ന വില്യം ലോഗനെ കുടിയാന്മാരുടെ അവകാശങ്ങളേയും ഭൂമിയുടെ ഉടമസ്ഥതയേയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുവാനായി നിയോഗിച്ചു.

ഭൂമിയിലെ യഥാർത്ഥ കർഷകർക്ക് അനുകൂലമായ നിയമം കൊണ്ടുവരണമെന്ന ലോഗന്റെ ശുപാർശ റവന്യൂ ബോർഡ് അംഗീകരിച്ചില്ല. പകരം ജന്മികളുടെ ഭൂമിയിന്മേലുള്ള പൂർണ്ണമായ ഉടമസ്ഥാവകാശം മാറ്റാനാവില്ലെന്നും, ഒപ്പം കാണക്കാർക്കുള്ള അവകാശം ഉറപ്പുവരുത്തണമെന്നുമുള്ള നിലപാടാണ് സ്വീകരിച്ചത്. ലോഗന്റെ ശുപാർശ പരിശോധിച്ച് ഉപദേശം നല്കുവാൻ നിയോഗിക്കപ്പെട്ട കമ്മീഷൻ കാണക്കാർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു എന്നാൽ ഈ ശുപാർശയെ മദ്രാസ് ഹൈക്കോർട്ട് തള്ളി. തുടർന്ന് നിയമിതമായ കമ്മിറ്റിയാവട്ടെ ജന്മി-കാണക്കാരൻ ബന്ധത്തിനാണ് പ്രാധാന്യം നല്കിയത്. എങ്കിലും യഥാർത്ഥ കൃഷിക്കാരന് ദേഹണ്ഡത്തിന് പ്രതിഫലം നല്കേണ്ടതാണെന്ന് നിർദ്ദേശം നല്കി. അതനുസരിച്ച് മലബാർ കോമ്പൻസേഷൻസ് ഫോർ ടെനൻസ് ആക്ട് 1886-ൽ നിലവിൽ വന്നു. ഈ നിയമം വന്നെങ്കിലും ജന്മി-കുടിയാൻ പ്രശ്നത്തിന് പരിഹാരമുണ്ടായില്ല. 1927-ൽ പ്രൊവിൻഷ്യൽ സർക്കാർ ഇക്കാര്യങ്ങൾ പഠിച്ച് ശുപാർശ നല്കുവാൻ മദ്രാസ് ടെനൻസി കമ്മീഷനെ നിയമിച്ചു. കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ 1929 ലെ മദ്രാസ് ടെനൻസി ആക്ട് പാസാക്കി. വയൽ ഭൂമി (wet land) കൈവശം വച്ച് കൃഷി ചെയ്തിരുന്ന വെറും പാട്ടക്കാർക്ക് സ്ഥിരം കൈവശാവകാശം നല്കുന്ന വ്യവസ്ഥ ആ നിയമത്തിലുണ്ടായിരുന്നു. കരഭൂമിയ്ക്കും, നിലത്തിനും മര്യാദപാട്ടവും ഭൂമിയിൽ നിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കുന്നതിനുള്ള വ്യവസ്ഥയും നിശ്ചയിച്ചു.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇൻഡ്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ മലബാർ മേഖലയുൾപ്പെടെയുള്ള കേരള പ്രദേശത്തു ചലനങ്ങൾ സൃഷ്ടിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രമുഖരുടെ നേതൃത്വത്തിൽ സമ്മേളനങ്ങൾ ചേരുകയും ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. 1920 ഏപ്രിലിൽ മഞ്ചേരിയിൽ ചേർന്ന അഖില മലബാർ കോൺഫറൻസിൽ കുടിയാന്മാരുടെ താല്പര്യങ്ങളേയും, ന്യായമായ അവകാശങ്ങളേയും സംരക്ഷിയ്ക്കുവാനുതകുന്ന ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് വിശദമാക്കുന്ന ഒരു പ്രമേയം സമ്മേളനപ്രതിനിധിയായിരുന്ന ശ്രീ. കെ.പി. രാമൻ മേനോൻ അവതരിപ്പിച്ചിരുന്നു. എന്നാൽ ശ്രീ. കെ.സി. വീരരായൻ രാജ, ശ്രീ. മണ്ണാർക്കാട് മൂപ്പിൽ നായർ, ശ്രീ. ഉദയവർമ്മ രാജ മുതലായവർ ഭൂമി ജന്മികളുടെ സ്വകാര്യസ്വത്താണെന്നും, അവരുടെ അവകാശാധികാരങ്ങളെ നിയന്ത്രിക്കുന്ന യാതൊരു നടപടിയും ന്യായമുക്തമല്ലെന്നും വാദിച്ചെങ്കിലും പ്രമേയം ശ്രീ. കെ.പി. കേശവമേനോൻ, കെ. മാധവൻ നായർ എന്നീ പ്രമുഖർ കൂടി സംബന്ധിച്ച യോഗം വമ്പിച്ച ഭൂരിപക്ഷത്തിൽ പാസ്സാക്കി.

തുടർന്ന് 1924-ൽ കൈവശ കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം വേണം, മേച്ചാർത്തും, പൊളിച്ചെഴുത്തും അവസാനിപ്പിക്കണം, ഒഴിപ്പിക്കൽ തടയണം, വസ്തുവിൽ അവകാശം വില്ക്കാനുള്ള സ്വാതന്ത്ര്യം കുടിയാന് ഉണ്ടായിരിക്കണം എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളുയർത്തി ഒരു കുടിയാൻ പ്രക്ഷോഭം മലബാർ മേഖലയിൽ ഉണ്ടായി. അതിന് നേതൃത്വം കൊടുത്തവരിൽ ഒരാളായ ശ്രീ. മന്ദത്ത് കൃഷ്ണൻ നായർ നിയമനിർമ്മാണസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വിജയിച്ചു. കുടിയാന്മാരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുള്ള ഒരു ബിൽ അദ്ദേഹം തയ്യാറാക്കിയെങ്കിലും, ജന്മിമാരുടെ പ്രതിനിധികളുടെ എതിർപ്പുമൂലം അത് നിയമമാക്കാൻ കഴിഞ്ഞില്ല. എന്നാൽ കുടിയാൻ നിയമപരിഷ്ക്കാരത്തിനുവേണ്ടി ഒരു അന്വേഷണ കമ്മിറ്റിയെ നിയമിക്കാൻ അത് ഇടയാക്കി.

1928-ഏപ്രിലിൽ അഖില കേരള കുടിയാൻ കോൺഫറൻസും, നാട്ടുരാജ്യ പ്രജാസഭാ സമ്മേളനവും എറണാകുളത്ത് ഒരേ പന്തലിൽ ചേർന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നേതാവ് ലാലാ ലജ്പത്റായിയാണ് കുടിയാൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്. കേരള

ത്തിലെ കുടിയാന്മാരുടെ അധികാരവകാശ സംരക്ഷണ ത്തിന് സമസ്ത കേരള കുടിയാൻ സംഘം സ്ഥാപിക്കാൻ തീരുമാനിച്ചത് ആ യോഗത്തിലാണ്. കുടിയാന്മാർക്ക് ഭൂമി യിൽ സ്ഥിരാവകാശം വേണമെന്ന ശ്രീ. കെ. ടി. മാത്യു വിന്റെ പ്രമേയവും ആ യോഗത്തിലവതരിപ്പിച്ചു. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ആ യോഗമാണ് ഐക്യകേരളം എന്ന സ്വപ്നത്തിനും വഴിമരുന്നിട്ടത്.

1935-ലെ ഇൻഡ്യാ ആക്ട് പ്രകാരം മദ്രാസ് നിയമസ ഭയിലെക്ക് 1937ഫെബ്രുവരിയിൽ തെരഞ്ഞെടുപ്പ് നടന്ന പ്പോൾ മലബാർ ജില്ലയുടെ പ്രതിനിധിയായി തെരഞ്ഞെ ടുക്കപ്പെട്ടവരിൽ ശ്രീ. രാമൻ മേനോനുമുണ്ടായിരുന്നു. 1937 ജൂലായിൽ ശ്രീ. സി. രാജഗോപാലാചാരിയുടെ നേതൃത്വ ത്തിൽ ആദ്യ കോൺഗ്രസ് മന്ത്രിസഭ മദ്രാസിൽ ചുതല യേറ്റു. മലബാർ ജില്ലാ പ്രതിനിധിയുടെ ശ്രമഫലമായി ഒഴി പ്പിക്കൽ തടയുന്നതിനും കുടിയാന്മാരുടെ താല്പര്യങ്ങൾ കൂടുതൽ കാര്യക്ഷമമായ വിധം സംരക്ഷിക്കുന്നതിനുമായി നിയമനിർമ്മാണത്തിനുള്ള ശ്രമങ്ങളുണ്ടായി. 1945, 1951, 1954 എന്നീ വർഷങ്ങളിൽ 1929-ലെ മലബാർ കുടിയായ്മാ നിയമത്തിൽ ജനകീയ സർക്കാർ ഭേദഗതികൾ പാസ്സാക്കി. 1951 ലെ ഭേദഗതി പ്രകാരം കാണം ദാർമാർ, കുഴിക്കാണ പാട്ടക്കാർ, വെറും പാട്ടക്കാർ തുടങ്ങിയവർക്കെല്ലാം സ്ഥിരം കൈവശാവകാശം നല്കി പാട്ടം പുതുക്കൽ ഫീസും നിർ ത്തലാക്കി. 1954 ലെ ഭേദഗതി മുഖേന ഒഴിപ്പിക്കൽ തടഞ്ഞ് കുടിയാന്മാരുടെ അവകാശം സംരക്ഷിക്കുകയും ചെയ്തു.

തിരുവിതാംകൂറിനെ സംബന്ധിച്ച് പരിശോധിച്ചാൽ 1888-ൽ തന്നെ ഒരു ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീക രിച്ചു എങ്കിലും ഔദ്യോഗികാംഗങ്ങളായിരുന്നു ഭൂരിപക്ഷം. 1919-ലെ വിദ്യാർത്ഥി, പൗരപ്രക്ഷോഭങ്ങളെതുടർന്ന് 1921 ലാണ് അനൗദ്യോഗികാംഗങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു കൗൺസിൽ നിലവിൽ വന്നത്. അമ്പതംഗസഭയിൽ 28 അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. 1933 ജനു വരിയിൽ ശ്രീമൂലം അസംബ്ലി എന്ന ലോവർഹൗസും, ശ്രീചിത്ര സ്റ്റേറ്റ് കൗൺസിൽ എന്ന അപ്പർഹൗസും നില വിൽ വരുകയും അംഗസംഖ്യയും, തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കുകയും ചെയ്തെ ങ്കിലും രണ്ടു സഭയുടെയും അദ്ധ്യക്ഷൻ ദിവാനായിരുന്നു എന്നു മാത്രമല്ല നിയമനിർമ്മാണാധികാരം തുലോം പരി മിതമായിരുന്നു.

1947 സെപ്തംബർ 4-ന് ഉത്തരവാദ ഭരണ സംവിധാനം ഏർപ്പെടുത്തികൊണ്ടുള്ള രാജവിളംബരം ഉണ്ടാകുംവരെ സ്ഥിതി ഇതായിരുന്നു. പുതിയ നിയമസഭ നിലവിൽ വരു കയും അതിന് ഭരണഘടന നിർമ്മാണ സമിതിയായിക്കൂടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്തം നല്കുകയും ചെയ്തു. പ്രായപൂർത്തി വോട്ടവകാശപ്രകാരം തെരഞ്ഞെ ടുത്ത സഭയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമുണ്ടാ യിരുന്നു. ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ 24-3-1948 ൽ നിലവിൽ വന്നു.

ഇതേ സമയം കൊച്ചി സംസ്ഥാനത്തും ഭരണപരിഷ് ക്കരണത്തിന്റെ ഭാഗമായി 1925ൽ ലെജിസ്ലേറ്റീവ് കൗൺ സിൽ രൂപീകരിക്കുയും, 1938ൽ ഭരണ നിർവ്വഹണത്തിന് മന്ത്രിമാരെ നിയമിക്കുകയും ചെയ്തു. അമ്പാട്ട് ശിവരാമ മേനോൻ, എ. ആർ. മേനോൻ, ടി. കെ. നായർ എന്നിവ രാണ് 1938 മുതൽ 1945 വരെ ഗ്രാമവികസനകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്. 1946-ലാണ് റവന്യൂ വകുപ്പിന് മാത്രമായി ഒരു മന്ത്രിയുണ്ടായത്. ശ്രീ. സി. ആർ. ഇയ്യു ണ്ണിയായിരുന്നു ആ മന്ത്രി. ശ്രീ. പറമ്പി ലോനപ്പൻ പി. ഗോവിന്ദമേനോൻ, ടി. കെ. നായർ, ഇക്കണ്ടവാര്യർ എന്നിവരൊക്കെ മന്ത്രിമാരും, പ്രധാനമന്ത്രിമാരുമായിരുന്ന കാലഘട്ടങ്ങളിലാണ് 1938-ലെ കൊച്ചിൻ കുടിയായ്മാനി യമവും, 1943-ലെ വെറും പാട്ടം ഓർസ് ആക്ടും, കുടികി ടപ്പുകാർക്ക് സംരക്ഷണം നല്കിക്കൊണ്ടുള്ള 1947ലെ പ്രൊക്ലമേഷനുമൊക്കെ നിലവിൽ വന്നത്.

തിരുവിതാംകൂറും, കൊച്ചിയും ചേർന്ന തിരുക്കൊച്ചി സംസ്ഥാനം രൂപംകൊള്ളുന്ന 1949 ജൂലായ് 1 മുതലാണ് ജനാധിപത്യഭരണത്തിന്റെ പുതിയ അദ്ധ്യായം ആരംഭി ക്കുന്നത്. പറവൂർ ടി. കെ. നാരായണപിള്ളയായിരുന്നു ആദ്യപ്രധാനമന്ത്രി. 16-3-1954 മുതൽ 14-2-55 വരെ മുഖ്യ മന്ത്രിയായിരുന്ന പട്ടം താണുപിള്ളയുടെ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ. പി. എസ്. നടരാജപിള്ളയാണ് സമ ഗ്രമായ ഒരു ഭൂപരിഷ്ക്കരണനിയമം കൊണ്ടുവരാനുള്ള നടപടികൾക്ക് ആരംഭം കുറിച്ചത്. അതിനായി ഒരു ബില്ല് തയ്യാറാക്കിയെങ്കിലും, ഭരണമാറ്റം ഉണ്ടായതുമൂലം അതു പാസ്സാക്കാനായില്ല. ഭൂപരിധി നിശ്ചയിക്കാനുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയിരുന്നത് ഒരു പുതു മയായി എടുത്തു പറയേണ്ടതാണ്.

1955-ലെ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതു തടഞ്ഞു കൊണ്ടുള്ള നിയമം, 1955-ലെ തന്നെ തിരു-കൊച്ചി കുടി യായ്മാ നിയമം, എടവാഗി ആക്ട് എന്നിവയൊക്കെ പട്ടം താണുപിള്ളയും, പനമ്പിള്ളി ഗോവിന്ദമേനോനും നേതൃത്വം നല്കിയ തിരു-കൊച്ചി സർക്കാരുകളുടെ സംഭാ വനയായിരുന്നു.

1956 നവംബർ 1-ന് ഐക്യകേരളം നിലവിൽ വന്ന ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ഇൻഡ്യൻ കമ്മ്യൂണി സ്റ്റുപാർട്ടി ആദ്യമായി അധികാരത്തിൽ വന്നു. 1957മാർച്ചിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തി ലുള്ള മന്ത്രിസഭ ചുതലയേറ്റു. ശ്രീമതി കെ. ആർ. ഗൗരി യമ്മയായിരുന്നു റവന്യൂ വകുപ്പു മന്ത്രി. ഐക്യകേരള ത്തിന് അനുയോജ്യമായ മാറ്റങ്ങളോടെ Kerala Stay of Eviction Proceedings Act 1957, ആണ് കേരള ഗവൺ മെന്റിന്റെ ആദ്യ ഭൂപരിഷ്ക്കരണ നിയമം. എല്ലാത്തര ത്തിലും പെടുന്ന കുടിയാന്മാരെയും, കുടികിടപ്പുകാരെയും ഒഴിപ്പിക്കുന്നതു തടഞ്ഞുകൊണ്ടുള്ള നിയമമായിരുന്നു അത്. കൈവശഭൂമി നഷ്ടമായവർക്ക് അത് പുനസ്ഥാപിച്ചു നല്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ കൂടി ആ നിയമ ത്തിൽ ഉൾപ്പെടുത്തിയിരുന്നു.

1957-ൽ തന്നെ ഒരു കാർഷിക ബന്ധബിൽ (Kerala Agrarian Relations Bill) റവന്യൂ വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരി നിയമസഭയിൽ അവതരിപ്പിച്ചു. ഭൂപരി ഷ്ക്കരണ കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. മദ്ധ്യവർത്തി കളെ ഇല്ലാതാക്കുക, കുടിയാന്മാർക്ക് കൃഷിഭൂമിയിൽ കൈവശസ്ഥിരത നല്കി മര്യാദപ്പാട്ടം നിശ്ചയിക്കുക, ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉല്പാദനവർ ദ്ധനയ്ക്കായി കൃഷിഭൂമിയുടെ ഏകീകരണം വരുത്തുക എന്നിവയായിരുന്നു മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രധാനം.

ഈ മാർഗ്ഗനിർദ്ദേശങ്ങളും, ശ്രീ. പി. എസ്. നടരാജപിള്ള റവന്യൂ മന്ത്രിയായിരിക്കെ തയ്യാറാക്കി, അവതരിപ്പിക്കാനാവാതെ പോയ ബില്ലിലെ തത്വങ്ങളും, പുതിയ ബില്ലിന്റെ രൂപപ്പെടുത്തലിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് കരുതാം.

അതുമാത്രമല്ല അക്കാലം വരെ, കർഷകത്തൊഴിലാളികൾ, മറ്റുവിഭാഗം തൊഴിലാളികൾ എന്നിവരെ സംഘടിപ്പിക്കാനും, ജന്മിമാർക്കും, മുതലാളിമാർക്കും എതിരെ സമരം ചെയ്യാനും പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ അവരുടെ പ്രവർത്തനമേഖലയിൽ നിന്നും ആർജ്ജിച്ച അറിവുകൾ ഈ ബില്ലിന്റെ നിർമ്മിതിയിൽ സ്വാധീനം ചെലുത്തിയിരിക്കും. പ്രത്യേകിച്ചും ആലപ്പുഴ മേഖലയിൽ കർഷകത്തൊഴിലാളികൾക്കിടയിൽ, അതും നെൽകൃഷി മേഖലയുടെ തൊഴിലാളി രംഗത്തായിരുന്നു അവരുടെ പ്രധാന പ്രവർത്തനം. അതുകൊണ്ടുതന്നെയാവണം ഭൂപരിധി നിശ്ചയിച്ചപ്പോഴും, കൃഷിഭൂമികൾ താരതമ്യം ചെയ്യുന്നതിനുള്ള ഏകകം നിശ്ചയിച്ചപ്പോഴുമെല്ലാം ഇരുപ്പൂനിലമാണ് യൂണിറ്റായി ആ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ആ നിയമത്തിലെ നിർവ്വചനപ്രകാരം ഒരു ഏക്കർ ഇരുപ്പൂനിലം, ഒരേക്കർ തെങ്ങിൻ തോട്ടത്തിനും, രണ്ടേക്കർ കുരുമുളകുതോട്ടത്തിനും മറ്റു പറമ്പുകൾക്കും തുല്യമായാണ് ഗണിച്ചിട്ടുള്ളത്. സീലിംഗ് നിശ്ചയിച്ചതിലും ഈ പ്രത്യേകത കാണാം. അഞ്ചിലധികം അംഗസംഖ്യയില്ലാത്ത ഒരു കുടുംബത്തിന് 15 ഏക്കർ ഇരുപ്പൂനിലമോ തത്തുല്യമായ മറ്റു ഭൂമിയോ ആണ് പരിധി. അതിലധികം അംഗസംഖ്യയുള്ള കുടുംബത്തിന്റെ കാര്യത്തിൽ ഒരേക്കർ ഇരുപ്പൂനിലമോ തത്തുല്യമായ ഭൂമിയോ അനുവദനീയമാണ്. പരമാവധി 25 ഏക്കർ വരെയാകാം. അതേസമയം നിലമോ, തെങ്ങിൻതോപ്പോ അല്ലാത്ത കൃഷിഭൂമിയാണെങ്കിൽ 50 ഏക്കറായിരുന്നു പരമാവധി പരിധി.

സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം 1959-ൽ നിയമസഭ ഈ ബില്ല് പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. രാഷ്ട്രപതി ചില ഭേദഗതികൾ നിർദ്ദേശിച്ചു തിരിച്ചയച്ചു. ഒടുവിൽ ഇടക്കാല തെരഞ്ഞെടുപ്പിനുശേഷം നിലവിൽ വന്ന പട്ടം താണുപിള്ളയുടെ നേതൃത്വത്തിലെ ഗവൺമെന്റിന്റെ കാലത്ത് 1960-ൽ കേരളനിയമസഭ ഭേദഗതി ചെയ്ത പ്രകാരമുള്ള കാർഷികബന്ധബിൽ (Kerala Agrarian Relations Bill) പാസ്സാക്കി (Act 4 of 1961).

എന്നാൽ ഈ നിയമം കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളിലെ റയട്ട്വാരി (Ryotwari) ഭൂമിയെ സംബന്ധിച്ചിടത്തോളം ഭരണഘടനാ വിരുദ്ധമെന്ന് സുപ്രീം കോടതി വിധിച്ചു. കണ്ടുകൃഷി, തിരുപ്പുവാരം, പണ്ടാരവക, ശ്രീപണ്ടാരവക തുടങ്ങിയ തിരുവിതാംകൂർ പ്രദേശത്തെ ഭൂമിയെ സംബന്ധിച്ചിടത്തോളം ഈ നിയമം അസാധുവാണെന്ന് കേരള ഹൈക്കോടതിയും വിധിച്ചു. അതോടെ ഈ നിയമത്തിന്റെ നടത്തിപ്പ് നിർത്തിവച്ചു. കുടിയാന്മാർക്ക് സംരക്ഷണം നല്കാൻ The Kerala Ryotwari Tenants and Kudikidappukar Protection Act 1962, The Kerala Tenants and Kudikidappukars Protection Act 1963 എന്നിവ പാസ്സാക്കി.

സമഗ്രമായ ഒരു ഭൂപരിഷ്ക്കരണ നിയമം അടുത്തതായി തയ്യാറാക്കി അവതരിപ്പിച്ചത്, ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കെ റവന്യൂ മന്ത്രിയായിരുന്ന ശ്രീ. പി. ടി. ചാക്കോയാണ്. 1963ൽ നിയമസഭ പാസ്സാക്കിയ Kerala Land Reforms Act 1963 (Act of 1964) ആണ് സമഗ്രമായ ആ ഭൂപരിഷ്ക്കരണ നിയമം. ഈ നിയമത്തിലും ഭൂപരിധി നിശ്ചയിച്ചിരുന്നു. പ്രായപൂർത്തിയായ അവിവാഹിതനായ ഒരു വ്യക്തിക്കോ, അഞ്ചിൽ കൂടാത്ത കുടുംബത്തിനോ പന്ത്രണ്ട് സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കൈവശംവയ്ക്കാം. അഞ്ചിലധികം അംഗങ്ങളുള്ള കുടുംബത്തിന്റെ കാര്യത്തിൽ അഞ്ചിലധികമുള്ള ഓരോ അംഗത്തിനും ഒരു സ്റ്റാൻഡേർഡ് ഏക്കർ അധികം നല്കാം. പക്ഷെ പരമാവധി പരിധി 20 സ്റ്റാൻഡേർഡ് ഏക്കർ എന്നും നിശ്ചയിച്ചു. സ്റ്റാൻഡേർഡ് ഏക്കർ എന്നത് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും, ഭൂമിയുടെ ഉല്പാദനശേഷിയും ആദായത്തിന്റെ തോതും കണക്കിലെടുത്ത് പ്രത്യേകം നിശ്ചയിച്ചുകൊണ്ടുള്ള ഷെഡ്യൂൾ നിയമത്തോടൊപ്പം ചേർത്തു. ഉദാഹരണത്തിന് ഗാർഡൻ (തോട്ടം) ലാന്റ് സ്റ്റാൻഡേർഡ് ഏക്കർ എന്നാൽ കോഴിക്കോട്, 0.75 ഏക്കർ, എറണാകുളത്ത് ഒരേക്കർ, കോട്ടയത്ത് 1.25 ഏക്കർ, തിരുവനന്തപുരത്ത് 1.5 ഏക്കർ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. മറ്റു ഭൂമികളുടെ കാര്യത്തിലും ഇതുപോലെ വ്യത്യസ്ത അളവുകളാണ് നിശ്ചയിച്ചിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിലെ പല ന്യൂനതകളും ഈ നിയമത്തിൽ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇതിനെതിരെയും സ്ഥാപിത താല്പര്യക്കാരുടെ ഭാഗത്തുനിന്നും എതിർപ്പുകളും, കോടതി വ്യവഹാരങ്ങളും ഉണ്ടായി. ആ സാഹചര്യത്തിൽ ഈ നിയമത്തെ ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തി കോടതികളുടെ പ്രതികൂല വിധികളിൽ നിന്നും സംരക്ഷണം ഉറപ്പാക്കി.

ഈ നിയമത്തിന് 1969-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം എല്ലാവിഭാഗം കുടിയാന്മാർക്കും സംരക്ഷണം ലഭിച്ചു. ശ്രീ. സി. അച്യുതമേനോന്റെ നേതൃത്വത്തിലെ മന്ത്രിസഭ 1970 ജനുവരി 1 മുതൽ ഭൂ ഉടമകളുടെ അവകാശങ്ങളെല്ലാം സർക്കാരിൽ നിക്ഷിപ്തമാക്കുകയും ജന്മിത്വം പൂർണ്ണമായി ഇല്ലാതാക്കുകയും ചെയ്ത്, കുടിയാന്മാരെ ഭൂമിയുടെ അവകാശികളായി പ്രഖ്യാപിക്കുകയും ചെയ്തു.

അതാത് കാലത്തെ കുടിയാന്മാരുടേയും അവരെ പിന്തുണച്ച രാഷ്ട്രീയ സംഘടനകളുടേയും നിരന്തരമായ ശ്രമങ്ങളുടെയും, സമരങ്ങളുടെയും ഫലമായി നിരവധി പരിണാമ പ്രക്രിയകളിലൂടെയാണ് ഇന്നത്തെ അവസ്ഥ സംജാതമായത്. ഭൂപരിഷ്കരണനിയമം പാസാകുകയും നടപ്പിൽ വരുത്തുകയും ചെയ്തകാലത്ത് ഉയർന്ന് കേട്ട മറ്റൊരു വസ്തുതയുണ്ടായിരുന്നു. നഗരസ്വത്തിന് പരിധി ഏർപ്പെടുത്തും. പിന്നീട് അതേപ്പറ്റി ആരും ഒന്നും തന്നെ മിണ്ടുകയുണ്ടായില്ല. ഉള്ളവനും, ഇല്ലാത്തവനും തമ്മിലുള്ള വർദ്ധിച്ചുവരുന്ന അന്തരം ഇല്ലാതാക്കാനുള്ള പ്രവർത്തനം ഭൂപരിഷ്ക്കരണത്തിന്റെ തുടർ നടപടിയായി വരേണ്ടതായിരുന്നു. അതുണ്ടായില്ലായെന്നത് ഖേദകരം തന്നെ. ❍

കെ.ജെ. ചാക്കോ



4, 5 കേരള നിയമസഭകളിൽ അംഗം 1979–ൽ റവന്യുവും സഹകരണവും വകുപ്പു മന്ത്രി.

# 356(1) വകുപ്പും ഞങ്ങളും

പീഡന കലയ്ക്ക് പ്രചാരം ഏറി വരുന്ന കാലമാണല്ലോ ഇത്. കുറേക്കാലം മുൻപു വരെ സ്ത്രീപീഡനങ്ങളെ പ്പറ്റി മാത്രമാണ് കേട്ടിരുന്നത്. എന്നാൽ ഇപ്പോൾ പീഡനം പലവിധമുലകിൽ സുലഭം എന്ന രീതിയിലേക്ക് മാറി കഴിഞ്ഞിരിക്കുന്നു.

ഞങ്ങൾ 25 പേർക്കു ഒരു നിമിഷം കൊണ്ടുണ്ടായ കൂട്ട പീഡനവും തന്മൂലമുണ്ടായ മാനഹാനിയും സ്ഥാനനഷ്ടവും, മോഹഭംഗവും, സാമ്പത്തിക നഷ്ടവുമാണ് ഇവിടെ പ്രതിപാദ്യ വിഷയം. അമർഷവും, വാശിയും മന:പ്രയാസവും ഇമ്മാതിരി സമ്മിശ്ര വികാരങ്ങളാണ് ഞങ്ങളിൽ ഒരേ സമയം സൃഷ്ടിക്കുവാൻ പ്രസ്തുത കൂട്ടപീഡനം ഇടയാക്കിയത്.

ഞങ്ങൾ 25 പേർക്കു മാത്രമല്ല അന്ന് 1965–ൽ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ സുഹൃത്തുക്കൾക്കും, സഖാക്കൾക്കും ഒരുപോലെ വെറുപ്പും അറപ്പും തോന്നിയ സംഭവമായിരുന്നു അത്. ഏകദേശം അര നൂറ്റാണ്ടു മുമ്പ് കേരള രാഷ്ട്രീയത്തിൽ അപ്രതീക്ഷിത മാറ്റങ്ങൾക്ക് നാന്ദികുറിച്ച സംഭവമായിരുന്നു അത്.

1964 അവസാനം രൂപീകരിച്ച ഒരു പ്രാദേശിക പാർട്ടി മൂന്നു മാസത്തിനുള്ളിൽ നടന്ന തെരഞ്ഞെടുപ്പിൽ 25 സീറ്റ് നേടാൻ സാധിച്ചു എന്ന യാഥാർത്ഥ്യം മറ്റു ദേശീയ പാർട്ടികൾക്ക് ഒരു യാദൃശ്ചിക പ്രതിഭാസമായി കാണുവാൻ പറ്റുകയില്ലല്ലോ. ഒരു രാഷ്ട്രീയ പാർട്ടി വളരെ ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ടു വമ്പിച്ച ജനപിന്തുണ നേടണമെങ്കിൽ എത്രമാത്രം അവിശ്രമമായ അദ്ധ്വാനവും കഷ്ടപ്പാടും ആവശ്യമാണെന്നത് പറഞ്ഞു ഫലിപ്പിക്കുക പ്രയാസം. ഊണും ഉറക്കവും ഉപേക്ഷിച്ചു, വീട് വീടാന്തരം കയറി ഇറങ്ങി വോട്ടർമാരെ കാണുകയും അവരുടെ നിർലോപമായ സഹായവും സഹകരണവും നേടിയെടുക്കുവാൻ കഴിയുകയും ചെയ്യുക എന്നത് ഒരു അത്ഭുത സംഭവമായി മാത്രമേ ഇന്നും കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

ദേശീയ പാർട്ടികൾക്ക് പ്രവർത്തന പാരമ്പര്യമുണ്ട്, സംഘടനാ ശക്തിയുണ്ട്, സാമ്പത്തിക കഴിവുണ്ട്, എല്ലാ സ്ഥലത്തും പാർട്ടി യൂണിറ്റുകളുമുണ്ട്. പക്ഷേ ഇമ്മാതിരി യാതൊരു അനുകൂല സാഹചര്യങ്ങളും ഇല്ലാത്ത ജനപിന്തുണ മാത്രം കൈമുതലായ കേരളാ കോൺഗ്രസ്സ് 25 സ്ഥാനാർത്ഥികളെ ജയിപ്പിച്ച് എടുത്തപ്പോൾ അതു വിശ്വസിക്കുവാൻ പാർട്ടിക്ക് പോലും സാദ്ധ്യമല്ലായിരുന്നു.

തെരഞ്ഞെടുപ്പു കഴിഞ്ഞു. മന്ത്രിസഭാ രൂപീകരണത്തിനുള്ള ആലോചനകൾ പരസ്യമായും രഹസ്യമായും ആരംഭിച്ചു. അന്നത്തെ തെരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും ഒറ്റയ്ക്ക് ഗവൺമെന്റ് രൂപീകരിക്കാനുള്ള ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ ഒരു മുന്നണി ഭരണത്തിനുള്ള സാധ്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. ജനാധിപത്യ രാഷ്ട്രീയ പാർട്ടികളുടെ ഒരു മുന്നണി സാധ്യതയാണ് പത്രങ്ങൾ പ്രവചിച്ചതും രാഷ്ട്രീയ നിരീക്ഷകർ പ്രഖ്യാപിച്ചതും. ഊഹാപോഹങ്ങൾ പലതും പത്രങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും പുറത്തു പ്രചരിച്ചു കൊണ്ടിരുന്നു. കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗും ഒരു ചേരിയിലും കോൺഗ്രസ്സ് ഒറ്റക്കും നിൽക്കുന്ന ഒരു സ്ഥിതി വിശേഷം എങ്ങനെയോ ഉരുത്തിരിഞ്ഞു വന്നു. പക്ഷേ ഈ മൂന്നു കക്ഷികളും ഒന്നിച്ച് ഒരു മുന്നണിയായി നിന്നാൽ ഉറപ്പുള്ള ഒരു ഗവൺമെന്റ് ഉണ്ടാക്കുവാൻ സാധിക്കുമെന്നുള്ളതായിരുന്നു പൊതുജനങ്ങളുടെ കണക്കു കൂട്ടലും പൊതു അഭിപ്രായവും. കേരള കോൺഗ്രസ്സിന്റെ അപ്രതീക്ഷിത വിജയം ദേശീയ പാർട്ടികളിൽ അൽപം പരിഭ്രാന്തിയും നേതാക്കന്മാരിൽ ചിന്താക്കുഴപ്പവും ഉണ്ടാക്കി എന്ന കാര്യവും വിസ്മരിക്കുന്നില്ല.

പലതരത്തിലും പലതലത്തിലുമുള്ള ആലോചനകൾ നടന്നു എങ്കിലും ഒരു യോജിച്ച തീരുമാനത്തിലെത്താതെ ദിവസങ്ങൾ മുന്നോട്ടു നീങ്ങി. മന്ത്രിസഭാ രൂപീകരണ വിഷയത്തിൽ കൂടുതൽ അംഗസംഖ്യയുള്ള കോൺഗ്രസ്സ് ഒരു നിഷ്ക്രിയ മനോഭാവം സ്വീകരിക്കുവാൻ കാരണം എന്ത് എന്നതും ചിന്താവിഷയമായി. ആശാവഹമായ യാതൊരു തീരുമാനവും ഉണ്ടാകാതെ കാര്യങ്ങൾ മുന്നോട്ടു പോയപ്പോൾ കേരളാ കോൺഗ്രസ്സും മുസ്ലീം ലീഗും രേഖാമൂലമായ ഒരു പ്രസ്താവനയിലൂടെ കോൺഗ്രസ്സിന് ഗവൺമെന്റുണ്ടാക്കാൻ നിരുപാധിക പിന്തുണ നൽകാമെന്ന് അറിയിക്കുകയുണ്ടായി. പക്ഷേ ഒറ്റയ്ക്കു ഭൂരിപക്ഷം നേടിയിട്ട് മാത്രമേ ഭരണത്തിലേക്കുള്ളൂ എന്ന ഉറച്ച നിലപാട് കോൺഗ്രസു പ്രഖ്യാപിച്ചതോടു കൂടി എല്ലാ തരത്തിലുമുള്ള ആലോചനകൾ വഴിമുട്ടി. അടുത്ത ദിവസം തന്നെ ഭരണഘടനയുടെ 356 (1)–ാം വകുപ്പു പ്രകാരം കേരള നിയമസഭ പിരിച്ചു വിട്ടിരിക്കുന്നു എന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനവും കേരളീയർക്ക് ശ്രവിക്കുവാൻ ഇടവന്നു.

സത്യപ്രതിജ്ഞ ചെയ്യാൻ പോലും തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളെ അനുവദിക്കാതിരുന്ന അന്നത്തെ പുത്തൻ സാഹചര്യം ഇനിയും ആവർത്തിക്കാതിരിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം: ജനാധിപത്യത്തിന്റെ ഒരു വഴിത്തിരിവ് എന്നു പറഞ്ഞു നമുക്കു ആശ്വസിക്കാം.

ഭരണഘടനയുടെ 356 (1)–ാം വകുപ്പിന്റെ ശക്തിയും തന്റേടവും രുചിച്ചറിയുവാൻ 1965–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയികളായ എല്ലാ സാമാജികർക്കും അവസരം ലഭിച്ചു. ❍

**പി. വിശ്വൻ**



10, 12 കേരള നിയമസഭകളിൽ അംഗമായിരുന്നു.

# ജസ്റ്റിസ് കൃഷ്ണയ്യരേയും പിതാവ് വക്കീൽ രാമയ്യരേയും ഓർക്കുമ്പോൾ...

ആദ്യ രണ്ട് കേരള നിയമസഭകളിൽ അംഗമായിരുന്ന വി.ആർ. കൃഷ്ണയ്യർ (1957 ഏപ്രിൽ 1 മുതൽ 1959 ജൂലൈ 31; 1960 ഫെബ്രുവരി 22 മുതൽ 1964 സെപ്റ്റംബർ 10) ജീവിതകാലം മുഴുവൻ നീതിക്കും നിയമത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മഹദ്‌വ്യക്തിയായിരുന്നു. മഹാനായ ഭരണാധികാരി, മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ജനതയോടൊപ്പം വീറോടെ പോരാടിയ മനുഷ്യസ്നേഹി, വിശ്വപൗരൻ ഇതെല്ലാമാണ് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ.

കൃഷ്ണയ്യരുടെ പിതാവ് വക്കീൽ രാമയ്യരും കുടുംബവും കൊയിലാണ്ടിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ക്രിമിനൽ, സിവിൽ കേസ്സുകളിൽ പ്രഗത്ഭനായ വക്കീൽ. പാലക്കാട്ടുകാരനായ ചെറുപ്പക്കാരൻ 1920 കളിൽ കൊയിലാണ്ടിക്കാരുടെ ആരാധ്യനായി.

കൃഷ്ണയ്യർ പഠിച്ച കോതമംഗലം എൽ.പി.സ്ക്കൂൾ കൊയിലാണ്ടിയിലെ കോതമംഗലം പ്രദേശത്തെ ജനങ്ങളുടെ മക്കൾ പഠിക്കുന്ന പ്രൈമറി സ്ക്കൂൾ. 1924-ൽ പ്രസ്തുത സ്ക്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറാൻ എല്ലാം ഒരുക്കിയത് ജസ്റ്റിസ് കൃഷ്ണയ്യരുടെ പിതാവ് വക്കീൽ രാമയ്യരായിരുന്നു. ഉദ്ഘാടന സമയം പ്രാർത്ഥന ചൊല്ലിയത് കൃഷ്ണയ്യരും കൂട്ടുകാരും. പ്രസ്തുത സ്ക്കൂളിൽ പഠിച്ച കൃഷ്ണയ്യർ സുപ്രീം കോടതി ജഡ്ജിയും വിശ്വപൗരനുമായി മാറിയപ്പോൾ, അതേ കാലത്ത് അവിടെ പഠിച്ച, ബ്രിട്ടീഷ് കോളനി വാഴ്ചയ്ക്കെതിരെ പോരാടി രക്തസാക്ഷിത്വം വരിച്ച, സി.പി. കുമാരന്റെ നാടാണ് കൃഷ്ണയ്യരുടെ കോതമംഗലം ഗ്രാമം. സി.പി.കുമാരൻ വ്യക്തിസത്യാഗ്രഹം നടത്തി ഡൽഹിയിലേക്ക് കാൽനട ജാഥ നടത്തി. മദ്രാസിൽ വെച്ച് അറസ്റ്റു ചെയ്ത സി.പി. കുമാരനെ മദ്രാസ് സെൻട്രൽ ജയിലിൽ അടച്ചു. ന്യുമോണിയ പിടിപെട്ട കുമാരൻ ജയിലിൽ രക്തസാക്ഷിയായി.

കൃഷ്ണയ്യർ V-ാം ക്ലാസ്സു വരെ പഠിച്ച കോതമംഗലം എൽ.പി.സ്ക്കൂൾ യു.പി.സ്ക്കൂളാക്കി ഉയർത്താൻ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം ഒരിക്കൽ എഴുതി 'L.P. സ്ക്കൂൾ U.P. സ്ക്കൂൾ ആക്കിയാൽ വോട്ട് വർദ്ധിക്കുമോ?' 2010-ൽ പ്രസ്തുത സ്ക്കൂൾ M.A. ബേബി വിദ്യാഭ്യാസ മന്ത്രിയായപ്പോൾ U.P. സ്ക്കൂളാക്കി ഉയർത്തി പ്രഖ്യാപനം വന്നു. വിശ്വപൗരനായ കൃഷ്ണയ്യരുടെ സന്തോഷം വിവരിക്കാൻ കഴിയില്ല. എന്നാൽ അത് നടപ്പിലായില്ല. അന്ന് നിയമസഭാംഗമായിരുന്ന എന്നോടും പലപ്പോഴായി ഈക്കാര്യത്തിൽ ക്ഷോഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്കൂളിലെ അദ്ധ്യാപകനായിരുന്ന എന്റെ പിതാവ് അതേ സ്ക്കൂളിൽ 1957-ൽ ഹൃദയം പൊട്ടിമരിച്ചതായിരുന്നു. കൃഷ്ണയ്യരുടെ അവസാന നാളുകളിൽപ്പോലും കോതമംഗലം L.P. സ്ക്കൂൾ U.P. സ്ക്കൂൾ ആക്കാത്തതിൽ പ്രതിഷേധമുണ്ടായിരുന്നു.

ജസ്റ്റിസ് V.R. കൃഷ്ണയ്യർക്കും അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരൻ വെങ്കിട്ടരാമനും വിദ്യാരംഭം നൽകിയത് കോതമംഗലം പ്രദേശത്തെ പ്രശസ്ത തറവാടായ തച്ചോളി കാനത്തിലെ അംഗമായിരുന്ന ശ്രീ കുഞ്ഞുണ്ണി മാസ്റ്ററായിരുന്നു.

1927-ൽ രാമയ്യരുടെ ശ്രമഫലമായി നമ്പ്രത്തിൽ പ്രവ്യ



ത്തിച്ചിരുന്ന ബോർഡ് ഹൈസ്ക്കൂൾ കൊയിലാണ്ടിയിലേക്ക് മാറ്റി സ്ഥാപിച്ചു. കോതമംഗലം സ്ക്കൂളിലെ പഠനത്തിനു ശേഷം കൃഷ്ണയ്യർ പഠനം തുടർന്നത് ബാസൽ മിഷൻ നടത്തിയിരുന്ന പന്തലായനി അപ്പർ എലിമെന്ററി സ്ക്കൂളിലായിരുന്നു. ഇന്നത്തെ പന്തലായിനി പി.സി. സ്ക്കൂൾ. കൊയിലാണ്ടി ഗവൺമെന്റ് ഹൈസ്ക്കൂൾ – കൊയിലാണ്ടി ബോർഡ് ഹൈസ്ക്കൂളായിരുന്നു. C.K. ഗോവിന്ദൻ നായരും, കേളപ്പജിയും, ബാഫക്കി തങ്ങളും, C.H. മുഹമ്മദ് കോയയും, K.P. ഉണ്ണികൃഷ്ണനും എല്ലാം പഠിച്ച ഹൈസ്ക്കൂൾ. "എന്റെ വിദ്യാഭ്യാസത്തിന്റെ അടിത്തറ പാകിയത് ബോർഡ് ഹൈസ്ക്കൂളിലെ പഠന കാലത്താണ്"കൃഷ്ണയ്യർ പറയുമായിരുന്നു.

ജസ്റ്റിസ് കൃഷ്ണയ്യരുടെ പിതാവ് വക്കീൽ രാമയ്യർ ഇന്നും കൊയിലാണ്ടിക്കാരുടെ മനസ്സിൽ മായാതെ നിൽക്കുന്നു. കൊയിലാണ്ടിക്കോടതിയിലെ പ്രഗത്ഭനായ ക്രിമിനൽ–സിവിൽ വക്കീൽ. വക്കീൽ രാമയ്യർക്ക് ക്രിമിനൽ–സിവിൽ കേസ്സുകളിൽ നല്ല വരുമാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സുഹൃദ്‌വലയം വളരെ വലുതായിരുന്നു. ഇടത്തരക്കാരായ പ്രമാണികളും, കേസ്സുകളിലെ കക്ഷികളും, മുസ്ലീം സുഹൃത്തുക്കളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഇന്ദുലേഖയുടെ കർത്താവായിരുന്ന ഒ. ചന്തുമേനോൻ 20–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കൊയിലാണ്ടി മുൻസിഫ് ആയിരുന്ന കാലം. കൊയിലാണ്ടിയിലെ ആദ്യകാല അഭിഭാഷകരിൽ പ്രഗത്ഭനായ വി.വി.രാമയ്യർ തന്റെ ഇളയച്ഛനായ ശ്രീ. നരസിംഹ അയ്യർ വക്കീലിന്റെ കീഴിലാണ് കൊയിലാണ്ടിയിൽ പ്രാക്ടീസ് ആരംഭിച്ചത്. മദിരാശി ഹൈക്കോടതിയിലും മർക്കാറ (കൂർഗ്ഗ്) കോടതിയിലും മറ്റും കേസ്സുകൾ വാദിക്കാനായി പോയിരുന്നതായി ഇന്നും പഴമക്കാർ ഓർക്കുന്നു.

ജസ്റ്റിസ് കൃഷ്ണയ്യരുടെ സഹോദരൻ രാമചന്ദ്ര അയ്യർ കൊയിലാണ്ടിക്കാർക്ക് ഒരു നിത്യ സഹായിയായിരുന്നു. പ്രത്യേകിച്ച് ദുരിതമനുഭവിക്കുന്നവർക്ക്. ജീർണ്ണിച്ച ക്ഷേത്രങ്ങളും, ക്ഷേത്രക്കുളങ്ങളും ചുറ്റുമതിലുകളും പുനർ നിർമ്മിക്കാൻ എല്ലാവർക്കും രാമചന്ദ്ര അയ്യർ വേണം. നിരവധി ക്ഷേത്രങ്ങളുടെ മതിലുകളിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നതു കാണാം. – "ഡോണേറ്റഡ് ബൈ വി.വി. രാമചന്ദ്ര അയ്യർ".

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ പിതാവിന്റെ പേരിൽ ഒരു ചെറിയ മല കൊയിലാണ്ടി കണയങ്കോട് പുഴയുടെ തീരത്തുണ്ട്. "രാമയ്യരുടെ മല"യിൽ ഇന്ന് കൊയിലാണ്ടി I.T.I. പ്രവർത്തിക്കുന്നു. കൃഷ്ണയ്യരുടെ വീട് ഇന്ന് കൊയിലാണ്ടി സഹകരണ ആശുപത്രിയുടെ കൈവശമാണ്. കോടികളുടെ വില വരുന്ന പ്രസ്തുത സ്ഥലം 3.5 ലക്ഷം രൂപയ്ക്ക് കൃഷ്ണയ്യർ നൽകിയതാണ്. അവസാനമായി കൃഷ്ണയ്യർ പ്രസ്തുത സ്ഥാപനം സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സ്നേഹിക്കുന്ന നിരവധി പേർ ഒത്തു ചേർന്നിരുന്നു.

പഴയ കളിക്കൂട്ടുകാരും സഹപാഠികളും ഒത്തു ചേർന്ന് കൃഷ്ണയ്യരുടെ വീട് നിന്നിരുന്ന സ്ഥലത്ത് കൃഷ്ണയ്യരുടെ ഓർമ്മയ്ക്കായി പുതിയൊരു കെട്ടിടം ഉയരും, – കൊയിലാണ്ടി സഹകരണ ആശുപത്രിയുടെ 'ജസ്റ്റിസ് V.R. കൃഷ്ണയ്യർ ബിൽഡിങ്ങ്'. "വിശ്വപൗരനായ ജസ്റ്റിസ് V.R. കൃഷ്ണയ്യർക്ക് നാടിന്റെ ഉപഹാരം"–"ജസ്റ്റിസ് V.R. കൃഷ്ണയ്യർ കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ".

പ്രഗത്ഭനായ വക്കീൽ രാമയ്യരുടെ മകൻ – ജസ്റ്റിസ്സ് V.R. കൃഷ്ണയ്യർ നിയമജ്ഞനായും, മനുഷ്യാവകാശ സംരക്ഷകനായും ചരിത്രത്തിൽ ഇടം നേടി. ❍

**ഗോപി കോട്ടമുറിക്കൽ**



8-ാം കേരള നിയമസഭയിൽ
അംഗമായിരുന്നു.

# മര്യാദക്കാരനായ കള്ളൻ

വണ്ടി രാത്രി പതിനൊന്നരയോടുകൂടി എത്തി. പതിനൊന്നുമണിക്ക് മൂവാറ്റുപുഴ നിന്ന് തിരുവനന്തപുരത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. എക്സ്പ്രസ്സാണ്. പിറവത്ത് താമസിക്കുമ്പോൾ കൂത്താട്ടുകുളത്തുവന്നാണ് ബസ്സിൽ കേറുന്നത്. നേരത്തെ തന്നെ ഫോണിൽ എം.എൽ.എ പാസ്സ് നമ്പർ പറഞ്ഞാൽ മതി. എത്ര തിരക്കുണ്ടെങ്കിലും ഒരു സീറ്റൊഴിച്ചിടും.

രണ്ടുപേർക്കുള്ള സീറ്റിനടുത്തേക്ക് ഞാനെത്തുമ്പോഴെ ഇടതുവശം ചേർന്നിരുന്ന മധ്യവയസ്കൻ എന്റെ സീറ്റൊഴിഞ്ഞു തന്നു. പാന്റ്സും ഇൻസർട്ട് ചെയ്ത സ്ലാക്കും ധരിച്ച് കാഴ്ചയിൽ മാന്യനായ അയാൾ എന്നെ നോക്കി പുഞ്ചിരിച്ചു.

“സാറു തിരുവനന്തപുരത്തേക്കാണോ?” അയാൾ ചോദിച്ചു.

“അതെ നാളെ തിങ്കളാഴ്ചയല്ലേ നിയമസഭയുണ്ട്. ഈ വണ്ടിയ്ക്കുള്ള ഗുണം, എന്തു വന്നാലും മൂന്നര നാലാവുമ്പോ തിരുവനന്തപുരത്തെത്തും. പിന്നെ കുറച്ചുനേരം കിടക്കാം. രാവിലെ എട്ടരക്ക് അസംബ്ലീ പോയാ മതീല്ലോ.”

കണ്ടക്ടർ അടുത്തേക്ക് വന്നു. പരിചയമില്ലാത്തയാളാണ്, ഞാനുടനെ പാസ്സെടുത്തു കയ്യിലേക്ക് കൊടുത്തു. ശ്രദ്ധാപൂർവ്വം പാസ്സുനോക്കി നമ്പർ നോട്ടു ചെയ്തു. ക്യാഷ് ബാഗ് കക്ഷത്തിലിറുക്കിപ്പിടിച്ച് ടിക്കറ്റ് റാക്ക് നെഞ്ചോടുചേർത്തു കണ്ടക്ടർ ഒരു നല്ല നമസ്കാരം തന്നു. കൂടെ പാസ്സും മടക്കിയേൽപ്പിച്ചു.

“ഒന്നുനോക്കട്ടെ” എന്നോടു ചേർന്നിരുന്ന മധ്യവയസ്കൻ കൈനീട്ടി.

“വെറുതെ നോക്കീതെയുള്ളു. എം.എൽ.എ. പാസ്സ് ഞാൻ നേരത്തെ കണ്ടിട്ടില്ല.” അയാളത് തിരികെ തന്നു.

“ഓ ഇതൊരു ഐഡന്റിറ്റി കാർഡാ. എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സിലും യാത്ര ചെയ്യാം.” ഞാൻ പറഞ്ഞു.

“സാറെന്നെ ഓർക്കുന്നുണ്ടോന്നറിയില്ല. ഒത്തിരി ആളെ ദെവസോം കാണുന്നയാളല്ലെ എന്റെ പേര് സുകുമാരനെന്നാ”

“പേരങ്ങു വിട്ടുപോയി. ആളെ നന്നായി അറിയാം.”

എം.എൽ.എ.യ്ക്കറിയില്ലെന്നു പറഞ്ഞാൽ കുഴപ്പം. ഇങ്ങോട്ടു ചെറുതായൊന്നു നോക്കി ചിരിക്കാൻ തുടങ്ങും മുമ്പെ അങ്ങോട്ടുകേറി ഹാ ഇതെവിടെ പോണു കണ്ടിട്ടു കുറച്ചു നാളായല്ലോ തുടങ്ങി യാതൊരു അർത്ഥവുമില്ലാത്ത കുറേ ചോദ്യങ്ങൾ. അതല്ലെങ്കിൽ പറയും വോട്ടു ചോദിക്കാൻ വന്നപ്പോൾ എന്തൊരു എളിമയായിരുന്നു. ഇപ്പോ കണ്ടാലറിയില്ല. ജയിച്ചുപോയിട്ട് ആറുമാസം കഴിഞ്ഞില്ല. ദേ ഇപ്പോ പുള്ളിക്കാരന് എന്താ ഗമ. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എ.മാർക്കെല്ലാം ഒരേ ചിന്തയായിരിക്കണമെന്നില്ല. എന്തായാലും ഒരുഘട്ടം കഴിഞ്ഞപ്പോൾ എന്നെ നോക്കി ചിരിക്കുന്ന എല്ലാവരും പിറവം മണ്ഡലത്തിലുള്ളവരായിരിക്കുമെന്ന ചിന്ത എന്നെ പൂർണ്ണമായും വലയം ചെയ്തിരുന്നു. അറിയില്ലല്ലോ മനസ്സിലായില്ല പിടി കിട്ടുന്നില്ല ഓർമ്മിക്കുന്നില്ല തുടങ്ങിയ ഏതെങ്കിലുമൊരു വാക്കു പറയുന്നതേ തന്നെ നന്ദികേടും വെറുതെ വിരോധം വിലയ്ക്കുവാങ്ങുന്ന ഏർപ്പാടുമായി മാറുമെന്ന തോന്നൽ.

“എന്റെ വീട് പെരുമ്പിള്ളീലായിരുന്നു. മുളന്തുരുത്തിയപ്പുറെ. ഇപ്പൊ ഞാനത് വിറ്റു. എനിക്കു ജോലി പള്ളിപ്പുറം മിലിട്ടറി ക്യാമ്പിലാ. ഭാര്യ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലും. ഇപ്പൊ താമസം ഞങ്ങള് വഞ്ചിയൂരാ. എലക്ഷൻ കാലത്ത് സാറിന്റെ സ്വീകരണം ഞങ്ങടെ വിടിനടുത്താ കവലേലായിരുന്നു. ഞങ്ങളൊക്കെ സാറിനാ വോട്ടു ചെയ്തത്.”

ഇങ്ങനെയുള്ള ഒരാളെ അറിയില്ലെന്നു പറയാതിരുന്നതും വീടും ജോലിയുമൊക്കെ ചോദിക്കാതിരുന്നതും വളരെ നന്നായിയെന്ന് ഉള്ളിൽ തോന്നി. എല്ലാം നേരത്തേ തന്നെ എനിക്കറിയാമായിരുന്നു എന്ന ഭാവത്തിൽ ഞാൻ ഇരുന്നു.

“അമ്മയ്ക്ക് എൺപതു കഴിഞ്ഞുസാറെ. അനിയന്റെ കൂടെയാ താമസം. തറവാടും പെരുമ്പുള്ളീത്തന്നെയാ. ഒഴിവു ദെവസം നോക്കി അമ്മേ കാണാൻ പോയതാ.”

നാട്ടുകാര്യങ്ങളും വീട്ടുവിശേഷങ്ങളും പങ്കിട്ട് ഞങ്ങൾ വളരെയടുത്ത ചങ്ങാതിമാരായി മാറി.

“ഇതെവിടെയായി സാറെ?” അയാൾ ഷട്ടർ മെല്ലെപ്പൊക്കി പുറത്തേക്ക് നോക്കി.

“ഒന്നും കാണാൻ പറ്റണില്ല. നല്ല ഇരുട്ടാ. അല്ലെങ്കി

ത്തന്നെയെന്നാ സ്ഥിതി. ഒറ്റബോർഡേലും സ്ഥലപ്പേരെഴുതീട്ടില്ല." അയാൾ പറഞ്ഞു.

"സാറിന്റെ കൈയിൽ വെള്ളമുണ്ടോ? ഒരു ഗുളിക കഴിയ്ക്കാനാ"

ഞാൻ ബാഗു തുറന്ന് ജീരകവെള്ളത്തിന്റെ കുപ്പി കൊടുത്തു.

"വളരെ ഉപകാരം. ഒറക്കത്തിനൊള്ളതാ. ഇതുകഴിച്ചാ ഒറ്റക്കെടപ്പാ സാറേ. കഴിക്കാതിരിക്കാനൊട്ടു പറ്റത്തുമില്ല. ഒറക്കത്തിലെങ്ങാനും മേത്തോട്ടുമുട്ടിയാൽ ഒന്നും തോന്നല്ലെ സാറെ ഒരുപകാരം കൂടി, സാറു പാളയത്തല്ലെ ഇറങ്ങുന്നത്. ഇറങ്ങുമ്പോ എന്നെയൊന്നു തോണ്ടിയേക്കണെ."

സംസാരം കേട്ടപ്പോഴൊരു തോന്നൽ. ഇയാൾ പിറവത്തുള്ളയാളല്ലെ അതൊ വെറും തോന്നലാണോ? അയാൾ ഉറക്കത്തിനുള്ള തയ്യാറെടുപ്പിലായി. വണ്ടി തിരുവല്ല സ്റ്റാൻഡിൽ കയറി. പെട്ടെന്നു തന്നെ വണ്ടിവിട്ടുപോയി. പായ്ക്കറ്റിൽ നിന്നും പാസ്സും, ചില്ലറ പൈസയും മറ്റുമെടുത്ത് ബാഗിന്റെ സൈഡ് പോക്കറ്റിലാക്കി. നിയമസഭയിൽ നാളെ ആദ്യത്തെ ബഹളം കഴിഞ്ഞ് ഇടയ്ക്കെങ്ങിനെയെങ്കിലും റവന്യൂമന്ത്രിയെ കാണണം. റവന്യു റിക്കവറിക്ക് സ്റ്റേ കിട്ടാനുള്ള അപേക്ഷകളും താലൂക്കാഫീസിൽ നിന്നും കിട്ടിയ ആർ. ആർ. നോട്ടീസും ഉൾപ്പെടെ എട്ടുപത്തു അപേക്ഷകൾ, സ്വയം തൊഴിലിനായി എടുത്ത വായ്പകളുടെ തിരിച്ചടവ് മുടങ്ങിയത്. ഇനിയും പൂർത്തിയാകാതെ കിടക്കുന്ന വീടിന്റെ ലോൺ ഗഡു മുടങ്ങിയത് – ഏൽപ്പിച്ചവർ എല്ലാം വെറും സാധാരണക്കാർ. മന്ത്രിയെ നേരിൽ കാണാൻ തിരുവനന്തപുരത്തിന് പോരാൻ നിവൃത്തിയില്ലാതെ വരുന്ന കുറച്ചുപേർ അപേക്ഷകൾ എന്നെ ഏൽപ്പിക്കും. അതിന്റെ സ്റ്റേ ഓർഡർ ആയി മന്ത്രി ഓഫീസിൽ നിന്നും ഒരു പച്ചകാർഡ് തരും. ഹൃദയാലുവായ മനുഷ്യസ്നേഹി സ. പി. എസ്. ശ്രീനിവാസൻ, റവന്യൂ മന്ത്രി. കാഴ്ചയ്ക്ക് പരുക്കനാണെങ്കിലും അദ്ദേഹത്തിന് അപേക്ഷ കാണുമ്പോഴറിയാം ഇതു വെറും സാധാരണക്കാരന്റെയാണെന്നു. സ്റ്റേയും പത്തോ മുപ്പതോ ഗഡുക്കളനുവദിച്ച് കൊണ്ടുള്ള ഓർഡറും അപ്പോൾ തന്നെ റെഡി. അപേക്ഷ തന്നവർക്കറിയാം നിയമസഭ കഴിഞ്ഞ് വെള്ളിയാഴ്ച രാത്രി എം.എൽ.എ. വീട്ടിലെത്തും. ശനിയാഴ്ച രാവിലെ ചെന്നാൽ പച്ചകാർഡ് കൈയിൽ കിട്ടുമെന്ന്.

"സാർ. സാർ" കണ്ടക്ടർ എന്നെ നീട്ടി വിളിച്ചു. പാളയമായി.

എത്ര പെട്ടെന്നാ സമയം പോയത്. എപ്പോഴാണുറങ്ങിയതെന്നറിയില്ല. ഞെട്ടിപ്പിടഞ്ഞു ഞാൻ കണ്ണുതുറന്നു. ബാഗ് നോക്കി. കാണാനില്ല. കണ്ടക്ടറും കൂടിചേർന്ന് സീറ്റിനടിയിലൊക്കെ നോക്കി.

"ഈ സീറ്റിലിരുന്ന ആളെന്ത്യേ?"

"അയാൾ വെമ്പായത്തിറങ്ങി. അയാളുടെ കയ്യിലൊരു കറുത്ത ബാഗുണ്ടായിരുന്നു. വർത്തമാനം പറഞ്ഞിരിക്കുന്നതു കണ്ടപ്പോ ഞാനോർത്തു പരിചയക്കാരനാണെന്ന്. തിരുവനന്തപുരം ടിക്കറ്റെന്താ ഇവിടെയിറങ്ങണേന്നു ഞാൻ ചോദിച്ചു. വൈഫ് ഹൗസ് ഇവിടെയാ. ഇനി രാവിലെയേ തിരുവനന്തപുരത്തേയ്ക്കൊള്ളൂന്നും പറഞ്ഞു. അയാളപ്പോ കള്ളനായിരുന്നോ.!"

ഞാൻ പാളയത്തിറങ്ങി.നേരം വെളുത്തു തുടങ്ങുന്നതേയുള്ളൂ. എങ്കിലും ഇരുട്ടായിരുന്നു. അന്ന് പതിവിലും കൂടുതൽ ഇരുട്ടുള്ളതുപോലെ തോന്നി. എന്റെ ചങ്കിടിപ്പ് കൂടി. റവന്യൂ റിക്കവറി അപേക്ഷയെങ്ങിനെയും വീണ്ടും എഴുതിക്കാം. അതോടൊപ്പം ചേർത്തിട്ടുള്ള ആർ. ആർ. നോട്ടീസ് ഒറിജിനൽ ആണ്. അതിനെന്തു ചെയ്യും. ഞാനിനി എന്തു സമാധാനം പറയും. എം.എൽ.എ പാസ്സ് പോയാൽ പോട്ടെ. വീണ്ടും അത് കിട്ടും. കാശ് വല്യ കാര്യായിട്ടൊണ്ടായിരുന്നില്ല. അതും സഹിക്കാം.

ആ ആഴ്ച മനസ്സുനിറയെ ഈ ഒരു ചിന്ത മാത്രം. നിയമസഭയിൽ പലതുമുണ്ടായി. കാര്യമായി ശ്രദ്ധിക്കാനായില്ല. വ്യാഴാഴ്ച രാത്രി തന്നെ വീട്ടിലെത്തി. പതിവിലും ഒരു ദിവസം നേരത്തെ. വെള്ളിയാഴ്ച താലൂക്ക് ആഫീസിൽ പോയി ഉണ്ടായ സംഭവം പറഞ്ഞു. എല്ലാവരുടെയും പേരും വിലാസവും ഓർമ്മയില്ല. ഡെപ്യൂട്ടി തഹസിൽദാർ പറഞ്ഞു.

"സാരമില്ല സാറേ. കാർഡു വാങ്ങാൻ അവരു നാളെ വീട്ടിൽ വരുമല്ലോ. ഓരോന്നു ചോദിച്ചു വിളിച്ചു പറഞ്ഞാ മതി. എല്ലാത്തിന്റേം കോപ്പി അടുത്ത വെള്ളിയാഴ്ച സാറു പോയി വരുമ്പോഴേയ്ക്കും വീട്ടിലെത്തിച്ചു തരാം." ആശ്വാസമായി.

അവിടന്നിറങ്ങി. പെരുമ്പിള്ളിക്കുപോയി. മുളന്തുരുത്തിയിൽപോയി. അവിടെ എല്ലാടോം തിരക്കി. അങ്ങനെയൊരാളുമില്ല. അവിടാരും കേട്ടിട്ടുപോലുമില്ല. അപ്പോൾ അയാൾ ഒരു കള്ളനായിരുന്നു. എന്നെ പറ്റിച്ചതാ.

കാർഡു വാങ്ങാൻ വീട്ടിൽ വന്നവരോടു കാര്യം പറഞ്ഞു. ഞാൻ തന്നെ പറഞ്ഞുകൊടുത്ത് അപേക്ഷയെഴുതിച്ചു. ചിലത് ഞാൻ തന്നെ എഴുതി അവരെക്കൊണ്ട് ഒപ്പിടുവിച്ചു.

"ഒരാഴ്ചകൂടി ക്ഷമിക്ക്. ജപ്തി ഒന്നുമുണ്ടാവില്ല. ഞാൻ തഹസിൽദാരെ കണ്ട് കാര്യം പറഞ്ഞിട്ടുണ്ട്."

ഉള്ളിലൊരു വിഷമമുണ്ടെങ്കിലും എല്ലാവരും തലയാട്ടി തിരിച്ചുപോയി. ഞായർ രാത്രി വീണ്ടും ഞാൻ തിരുവനന്തപുരത്തേക്ക് പോയി. തിങ്കളാഴ്ച നിയമസഭ കുറച്ചു നീണ്ടുപോയി. മടങ്ങി എം.എൽ.എ. ക്വാർട്ടേഴ്സിന്റെ പടി ചവിട്ടുമ്പോൾ ആദ്യം നോക്കുന്നത് ലെറ്റർ ബോക്സിലേയ്ക്കാണ്.

പതിവുപോലെ കുറേ കത്തുകൾ. അതിലൊന്നു സാമാന്യം തടിച്ച ഒരു കവറും. അതാദ്യം പൊട്ടിച്ചു. എനിക്കത്ഭുതം തോന്നി. നഷ്ടപ്പെട്ട മുഴുവൻ കടലാസുകളും എം.എൽ.എ. പാസ്സും കൂടെ ഒരു കത്തും.

'ഒരു ദിവസത്തെ പണി പാഴായി. വണ്ടിക്കൂലീം ചെലവുകാശുപോലും ഒത്തില്ല. വഴി നീളെ ഉണ്ടാക്കിയ കാശ് അതിലൊണ്ടാകുമെന്നാണ് ഞാൻ കരുതിയത്. ആ നശിച്ച ബാഗിൽ നിന്നാകെ കിട്ടീത് അറുനൂറ്റമ്പത്തഞ്ചു രൂപ അമ്പതുപൈസ. അതു ഞാനെടുത്തു. ഗുളിക കഴിക്കാൻ വെള്ളം തന്നില്ലെ. ആ മര്യാദയോർത്ത് സാറിന്റെ കടലാസൊക്കെ തിരിച്ചയക്കുന്നു. മണ്ഡലത്തെക്കുറിച്ചു പറഞ്ഞാ ഏതെമ്മെല്ലേം വിഴും സാറേ. ഞാനാ നാട്ടുകാരനേയല്ല. തൽക്കാലം ഇത്രേം അറിഞ്ഞാ മതി.'

എന്ന് സുകുമാരൻ

ഒപ്പ്

ഞാനോർത്തുപോയി. കള്ളനാണെങ്കിലും മര്യാദക്കാരനാണ്. ❍

**അഡ്വ. ഡി. സുഗതൻ**




11-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# സമാനതകളില്ലാത്ത ഇന്ത്യൻ ഭരണഘടന

ഇന്ത്യയുടെ ഭരണഘടന (Constitution of India) ലോകോത്തരമാണ്. സമാനതകളില്ലാത്തതുമാണ്. ഒരു ഭരണഘടന ഇല്ലാതെ ലോകത്ത് ഒരു രാജ്യത്തിനും ഭരണസംവിധാനം നിയന്ത്രിക്കുവാൻ കഴിയുകയില്ല. രാജഭരണ കാലത്ത് രാജാവു പറയുന്ന വാക്കുകളായിരുന്നു അന്നത്തെ നിയമം. പക്ഷേ അന്ന് രാജാവ് ജനക്ഷേമം മുൻനിർത്തി വളരെ കരുതലോടെയാണ് ഉച്ചരിച്ചിരുന്നത്. ഇക്കാര്യത്തിൽ രാജാവിനെ ഉപദേശിക്കുവാൻ പണ്ഡിതന്മാരായ രാജഗുരുക്കന്മാരും ഉണ്ടായിരുന്നു.

രാജാക്കന്മാരും രാജവാഴ്ചയും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ നമുക്കുള്ളത് ജനാധിപത്യ സംവിധാനമാണ്. ഭൂരിപക്ഷത്തിന്റെ ഹിതമനുസരിച്ചുള്ള ജനങ്ങളുടേതായ ഭരണകൂടം. അതോടെ എഴുതിയ ഭരണഘടനയുടെ കാലഘട്ടമായി. ലോകത്തിന്റെ പകുതിയോളം വരുന്ന രാജ്യങ്ങളുടെ അധിപരായിരുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമയായിരുന്ന ഗ്രേറ്റ് ബ്രിട്ടന് ഒരിക്കലും എഴുതിയ ഭരണഘടന ഉണ്ടായിരുന്നില്ല. ആ രാജ്യത്തെ കാര്യങ്ങൾ കീഴ്വഴക്കങ്ങളനുസരിച്ചാണ് നടക്കുന്നത് എന്നിരുന്നാലും ബ്രിട്ടൻ അവരുടെ കോളനികൾക്കു വേണ്ടി എഴുതിയ ഭരണഘടനകൾ ഉണ്ടാക്കിയിരുന്നു. ഇരുന്നൂറു വർഷത്തോളം ബ്രിട്ടന്റെ അധീനതയിലായിരുന്ന ഇന്ത്യക്കു വേണ്ടിയും ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് എന്ന നിലയിൽ പല നിയമങ്ങളും അവർ അയച്ചു തന്നിരുന്നു. അതിൽ ഒടുവിലത്തേതാണ് 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്.

ഒരു പുരുഷായുസ്സ് നീണ്ടു നിന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രക്ഷോഭണങ്ങളുടെ ഫലമായി 1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രയായി. പ്രസ്തുത തീയതിക്ക് മുമ്പു തന്നെ 1946 സെപ്റ്റംബർ 2 ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിലുള്ള ഇടക്കാല കോൺഗ്രസ്സ് മന്ത്രിസഭ കേന്ദ്രത്തിൽ അധികാരത്തിലെത്തിയിരുന്നു. പ്രസ്തുത മന്ത്രിസഭയുടെ നേതൃത്വത്തിൽ രാജ്യത്തുണ്ടായിരുന്ന നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുകയും ഇന്നു കാണുന്ന ഇന്ത്യയ്ക്കു രൂപകല്പന നൽകുകയും ചെയ്തു. 1947 ആഗസ്റ്റ് 15 ന് ദില്ലിയിലെ ചെങ്കോട്ടയിൽ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു ഇന്ത്യൻ ദേശീയ പതാക ഉയർത്തി രാജ്യത്തെ ഒരു പുത്തൻ പ്രഭാതത്തിലേക്കു നയിച്ചു.



സ്വതന്ത്ര്യ ഇന്ത്യയ്ക്ക് ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനായി രാജ്യത്തെ നിയമവിദഗ്ധരെയും ബുദ്ധിജീവികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലിക്ക് രൂപം കൊടുത്തു. ഈ സമിതി മാസങ്ങളോളം നീണ്ടു നിന്ന ചർച്ചകൾക്കും ആലോചനകൾക്കും ശേഷം ഇന്നു കാണുന്ന ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകുകയും 1949 നവംബർ 16-ാം തീയതി അതംഗീകരിച്ച് നിയമമാക്കുകയും ചെയ്തു. അതോടെ 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് ഇല്ലാതാവുകയും, പുതിയ ഭരണഘടന 1950 ജനുവരി 26 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തു. കാലാകാലങ്ങളിൽ വരുത്തിയ മാറ്റങ്ങളോടെ ഇന്ത്യൻ ഭരണഘടന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ സമസ്ത ചലനങ്ങളും നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു.

ഇന്ന് ലോകത്ത് നിലവിലുള്ള എഴുതിയ ഭരണഘടനാ നിയമങ്ങളിൽ ഏറ്റവും ബൃഹത്തായത് ഇന്ത്യൻ ഭരണഘടനയാണ്. ലോകത്ത് നിലവിലുള്ള പല രാജ്യങ്ങളുടെയും ഭരണഘടനകളിൽ നിന്ന് നല്ലതെന്നും ആവശ്യമുള്ളതെന്നും തോന്നിയ ചില ആശയങ്ങൾ നമ്മുടെ ഭരണഘടനയും ഉൾക്കൊണ്ടിട്ടുണ്ട്.

പാർലമെന്ററി ജനാധിപത്യം, ഏകപൗരത്വം, നിയമനിർമ്മാണം, തെരഞ്ഞെടുപ്പു സംവിധാനം, പ്രധാനമന്ത്രി, ക്യാബിനറ്റു സമ്പ്രദായം എന്നിവ ബ്രിട്ടീഷ് ഭരണഘടനാ തത്വങ്ങൾ ഉൾക്കൊണ്ടു കൊണ്ട് നമ്മൾ സ്വീകരിച്ചിരിക്കുകയാണ്. ലിഖിത ഭരണഘടന എന്ന ആശയം, മൗലികാവകാശങ്ങൾ, ജുഡീഷ്യൽ റിവ്യൂ, സുപ്രീം കോടതി, ആമുഖം എന്നീ കാര്യങ്ങൾ അമേരിക്കൻ ഭരണഘടനയിൽ നിന്നു നാം കടം കൊണ്ടിട്ടുള്ളതാണ്. ഭരണ ഘടനാ ഭേദഗതി എന്ന ആശയം ദക്ഷിണാഫ്രിക്കയിൽ നിന്നും, നിർദ്ദേശക തത്വങ്ങൾ (Directive Principles) അയർലണ്ടിൽ നിന്നും, മൗലിക കർത്തവ്യങ്ങൾ സോവിയറ്റു റഷ്യയിൽ നിന്നും, അടിയന്തിരാവസ്ഥ എന്ന ആശയം ജർമ്മനിയിൽ നിന്നും നാം കടമെടുത്തതാണ്. യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ് എന്നീ ആശയങ്ങൾ കാനഡയിൽ നിന്നും കൺകറന്റ് ലിസ്റ്റ് എന്ന ആശയം ആസ്ട്രേലിയയിൽ നിന്നുമാണ് സ്വീകരിച്ചിട്ടുള്ളത്. റിപ്പബ്ലിക്ക്, സ്വാതന്ത്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ ഫ്രാൻസിൽ നിന്നും ഉൾക്കൊണ്ടതാണ്.

ഇതു കൂടാതെ പരമ്പരാഗതമായ ചില കീഴ്വഴക്കങ്ങളും ഭരണഘടനയുടെ ഭാഗമായി എഴുതി ചേർത്ത് അംഗീകരിച്ചിട്ടുണ്ട്.

നമ്മുടെ ഭരണഘടനയ്ക്ക് 448 വകുപ്പുകളും (Article) 25 ഭാഗങ്ങളും (Parts) 12 പട്ടികകളും (Schedules) ഉണ്ട്. ഇന്ത്യൻ ഭരണഘടനയുടെ മഹത്വം അറിയണമെങ്കിൽ ആമുഖം (Preamble) മാത്രം വായിച്ചാൽ മതി. അതിങ്ങനെയാണ്.

"ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര-സ്ഥിതി സമത്വ-മതേതര-ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വം സംപ്രാപ്തമാക്കാനും അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പു വരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിയ്ക്കയാൽ, നമ്മുടെ ഭരണഘടന നിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു".

ഇത്രയും വായിച്ചു കഴിഞ്ഞാൽ നമുക്കു സ്വയം അഭിമാനം തോന്നിപ്പോകും. അല്ലേ? എത്ര മനോഹരമായിരിക്കുന്നു. ഭരണഘടനയുടെ ഉള്ളടക്കവും അന്തസത്തയും ആമുഖത്തിൽ ഒറ്റവാചകത്തിൽ എഴുതി ചേർത്തിരിക്കുകയാണ്. യാതൊരു സംശയത്തിനും ഇടനൽകാതെ നമ്മുടെ പരമാധികാരത്തെക്കുറിച്ച് ഇവിടെ ഓർമ്മപ്പെടുത്തിയിരിക്കുന്നു. രാജ്യത്തിന്റെ പ്രത്യയശാസ്ത്രമായ ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നിവയും വിളംബരം ചെയ്തിരിക്കുന്നു. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും പുലരുമെന്നും ഉറപ്പു പറയുന്നു.

ഭരണഘടന നിലവിൽ വന്നതോടെ രാജ്യത്തെ എല്ലാ നിയമങ്ങളും ഭരണഘടനയ്ക്കു വിധേയമായി. രാജ്യത്തെ എല്ലാ നിയമങ്ങൾക്കും മേലേ ഇത്രയധികം അധീശത്വമുള്ള നമ്മുടെ ഭരണഘടനയിലെ വളരെ പ്രധാനപ്പെട്ട ഭാഗങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

Ignorantia Juris non excusat (ignorance of law is not an excuse) നിയമം അറിഞ്ഞുകൂടാ എന്നു പറഞ്ഞാൽ മാപ്പിനർഹതയില്ലാ എന്നാണ് മുകളിൽ പറഞ്ഞ ചൊല്ലിന്റെ അർത്ഥം. അതിനാൽ ഭരണഘടനയെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഭരണഘടനയുടെ ഒന്നാം ഭാഗം ഒന്നാം വകുപ്പ് ഇങ്ങനെ പറയുന്നു.

"ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കുന്നതാണ്".

ഇക്കാരണത്താലാണ് നാം നമ്മുടെ രാജ്യത്തെ ഇന്ത്യൻ യൂണിയൻ എന്നു വിളിക്കുന്നത്. ഒന്നാം ഭാഗത്തിൽ ആകെ അഞ്ചു വകുപ്പുകളാണുള്ളത്. ബാക്കി നാലു വകുപ്പുകളിൽ പുതിയ സംസ്ഥാനങ്ങൾ എങ്ങനെ രൂപീകരിക്കണമെന്നും, അവയുടെ അതിരുകൾ എങ്ങനെ നിർണ്ണയിക്കുമെന്നും, സംസ്ഥാനങ്ങളുടെ പേരുകൾ എങ്ങനെ മാറ്റും എന്നൊക്കെ പറഞ്ഞിരിക്കുന്നു. പാർലമെന്റിന് യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻ മേലും നിയമം വഴിയാണ് പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുകയോ, ഇന്ത്യൻ യൂണിയനിൽ ചേർക്കുകയോ ചെയ്യുന്നത്. ഇപ്പോൾ ഇന്ത്യൻ യൂണിയനിൽ 29 സംസ്ഥാനങ്ങളാണുള്ളത്.

രണ്ടാം ഭാഗത്തിൽ 5 മുതൽ 11 വരെയുള്ള വകുപ്പുകളിൽ പൗരത്വം എങ്ങനെ ലഭിക്കും എന്ന് വിശദീകരിച്ചിരിക്കുന്നു.

ഇന്ത്യൻ ജനതയ്ക്ക് ഭരണഘടന നൽകുന്ന ലോകോത്തരമായ അവകാശങ്ങളെക്കുറിച്ചാണ് മൂന്നാം ഭാഗം 12 മുതൽ 35 വരെയുള്ള വകുപ്പുകളിൽ പ്രതിപാദിക്കുന്നത്. അതാണ് മൗലികാവകാശങ്ങൾ (Fundamental Rights)

മറ്റൊരു രാജ്യത്തും നിലവിലില്ലാത്ത പൗരാവകാശങ്ങളാണ് ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്നത്.

സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരെയുള്ള അവകാശം, മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ, ഭരണഘടനാ സംബന്ധമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശം എന്നിവയാണ് 14 മുതൽ 35 വരെയുള്ള വകുപ്പുകളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ പൊതുജനതാത്പര്യം മുൻനിർത്തി മേൽസൂചിപ്പിച്ച അവകാശങ്ങൾക്കുമേൽ ന്യായമായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന നിയമനിർമ്മാണങ്ങൾ നടത്തുവാൻ രാഷ്ട്രത്തിനുള്ള അവകാശം അനുവദിച്ചിട്ടുണ്ട്. കോടതി അലക്ഷ്യ നിയമങ്ങൾ മുതലായവ ഈ ഗണത്തിൽപ്പെടും.

മൗലികാവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സുപ്രീം കോടതിയെ സമീപിക്കാനുള്ള അവകാശം 32-ാം വകുപ്പിൽ ഉറപ്പാക്കിയിരിക്കുന്നു. മൗലികാവകാശങ്ങളിൽ ഏതെങ്കിലും നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ അല്ലെങ്കിൽ ഉത്തരവുകൾ അല്ലെങ്കിൽ ഹേബിയസ്സ് കോർപ്പസ്, മാൻഡാമസ്, പ്രോഹിബിഷൻ, ക്വോവാറന്റോ, സെർഷ്യോറാറി എന്നിവയിൽ സമുചിതമായത് ഏതോ, അത് പുറപ്പെടുവിക്കുന്നതിന് സുപ്രീം കോടതിയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. ഈ അധികാരങ്ങൾ മറ്റു കോടതികൾക്കും നിയമം മൂലം നൽകാൻ പാർലമെന്റിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഭരണഘടന നിലവിൽ വന്നതിനുശേഷം ഈ വകുപ്പനുസരിച്ച് ആദ്യമായി ഹേബിയസ്സ് കോർപ്പസ്സ് ഹർജി ഫയൽ ചെയ്തത് ശ്രീ. എ.കെ. ഗോപാലനായിരുന്നു.

മൗലികാവകാശങ്ങൾ എല്ലാ പൗരന്മാർക്കും ഭരണഘടന ഉറപ്പാക്കിയിട്ടുള്ളതുപോലെ തന്നെ പൗരന്മാർക്കുള്ള മൗലിക കടമകളും, 51 A വകുപ്പു പ്രകാരം ഭരണഘടന നിർദ്ദേശിച്ചിട്ടുണ്ട്.

രാജ്യത്ത് സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ വേണ്ടി നടപ്പാക്കേണ്ട തത്വങ്ങൾ തുടങ്ങിയ നിർദ്ദേശങ്ങളാണ് ഭരണഘടനയുടെ നാലാം ഭാഗത്തിൽ 36 മുതൽ 51 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന രാഷ്ട്ര നയത്തിന്റെ നിർദ്ദേശക തത്വങ്ങൾ (Directive principles of State Policy) ഇത് ഏതെങ്കിലും കോടതിയ്ക്കു നടപ്പാക്കാവുന്നതല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമനിർമ്മാണങ്ങളിലൂടെയാണ് ഈ തത്വങ്ങൾ നടപ്പാക്കേണ്ടത്. സ്ഥിതി സമത്വം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഭരണഘടന നിർദ്ദേശിക്കുന്നതും രാഷ്ട്രം അനുവർത്തിക്കേണ്ടതുമായ നയതത്വങ്ങൾ ഇവയാണ്.

എല്ലാവർക്കും തുല്യ നീതിയും സൗജന്യ നിയമ സഹായവും ഉറപ്പാക്കുക, പഞ്ചായത്ത് രാജ് നടപ്പാക്കുക, തൊഴിലും വിദ്യാഭ്യാസവും അവകാശമാക്കുക, പ്രസവാനുകൂല്യങ്ങൾ ഉറപ്പാക്കുക, തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ വേതനം ഉറപ്പാക്കുക, വ്യവസായ മാനേജുമെന്റിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പു വരുത്തുക, ഏകീകൃത സിവിൽ കോഡ് കൊണ്ടുവരിക, ആറു വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണവും മറ്റു ദുർബല വിഭാഗങ്ങൾക്കും വിദ്യാഭ്യാസ കാര്യത്തിലും സാമ്പത്തിക ഉന്നമനത്തിനും സംരക്ഷണം നൽകുക, എല്ലാവർക്കും പോഷകാഹാരം ഉറപ്പാക്കുക, കൃഷി, മൃഗസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, വനം-വന്യമൃഗസംരക്ഷണം എന്നിവയ്ക്ക് നടപടികൾ സ്വീകരിക്കുക, ദേശീയ പ്രാധാന്യമുള്ള സ്മാരകങ്ങൾ സംരക്ഷിക്കുക, ഭരണ രംഗത്ത് എക്സിക്യൂട്ടീവിൽ നിന്നും ജുഡീഷ്യറിയെ വേർതിരിക്കുക, അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തുക തുടങ്ങിയ വിപ്ലവകരമായ നിർദ്ദേശങ്ങളാണ് ഭരണഘടനയുടെ നാലാം ഭാഗത്തിൽ പറഞ്ഞിരിക്കുന്നത്.

ഇതിൽ പല കാര്യങ്ങളും ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. പലതും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇനിയും പലതും നടപ്പാക്കേണ്ടിയിരിക്കുന്നു. വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് 1950 ൽ നിർദ്ദേശിച്ച പഞ്ചായത്ത് രാജ് നടപ്പായത് 1995 ലാണ്. തൊഴിലുറപ്പു പദ്ധതിയും അടുത്ത കാലത്തു മാത്രമാണ് യാഥാർത്ഥ്യമായത്.

നമ്മുടെ ഭരണഘടന നമുക്ക് അനുവദിച്ചു തന്നിട്ടുള്ള മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും, മൗലിക കർത്തവ്യങ്ങൾ നാം നിറവേറ്റുകയും ചെയ്തു കൊണ്ട് ഈ നിർദ്ദേശക തത്വങ്ങൾ നടപ്പാക്കിക്കഴിഞ്ഞാൽ ഭാരതത്തെ വെല്ലാൻ ആർക്കു കഴിയും? ഏതു പ്രത്യയശാസ്ത്രത്തിനു കഴിയും? ആർക്കും കഴിയില്ല. നാം അജയ്യരായിത്തീരും. സംശയമില്ല.

29 സംസ്ഥാനങ്ങളെയും അവിടങ്ങളിലെ 1618 ഭാഷകളെയും, ആറു മതങ്ങളേയും, ആറു ഗോത്രങ്ങളെയും, 6400 സമുദായങ്ങളെയും ഉൾക്കൊള്ളുന്ന മഹത്തായ ഭാരതത്തെ ഒന്നിച്ചു നിർത്തി മുന്നോട്ടു കൊണ്ടുപോയിക്കൊണ്ടിരിക്കുന്ന അത്ഭുത പ്രതിഭാസമാണ് നമ്മുടെ ഭരണഘടന എന്ന് ഇപ്പോൾ ബോധ്യമായില്ലേ? ഈ ഭരണഘടന നമ്മുടെ പ്രാമാണിക ഗ്രന്ഥമായിത്തീരുമെന്നതിൽ സംശയമില്ല.

ഇതുവരെ കണ്ടത് പൗരാവകാശങ്ങളും, പൗരധർമ്മങ്ങളും നിർദ്ദേശക തത്വങ്ങളുമാണ്. ഇനി ഭരണഘടനാ സ്ഥാപനങ്ങളെ സംബന്ധിച്ച കാര്യങ്ങളാണ് മനസ്സിലാക്കാനുള്ളത്. അഞ്ചാം ഭാഗം 52 മുതൽ 151 വരെയുള്ള വകുപ്പുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ വിവിധ അധികാര കേന്ദ്രങ്ങളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച വ്യവസ്ഥകളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, എന്നിവരുടെ തെരഞ്ഞെടുപ്പ്, യൂണിയൻ മന്ത്രിസഭാ രൂപീകരണം, അറ്റോർണി ജനറലിന്റെ നിയമനം, സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്, ലോകസഭയുടെയും രാജ്യസഭയുടെയും ഘടന, പാർലമെന്റിലെ ഉദ്യോഗസ്ഥന്മാർ, ലോകസഭയുടെ സ്പീക്കറും ഡപ്യൂട്ടി സ്പീക്കറും, പാർലമെന്റിന്റെയും അതിലെ അംഗങ്ങളുടെയും അധികാരങ്ങളും വിശേഷാവകാശങ്ങളും, നിയമനിർമ്മാണ നടപടിക്രമങ്ങൾ ധനപരമായ വിഷയങ്ങളിലെ നടപടിക്രമങ്ങൾ, രാഷ്ട്രപതിയുടെ നിയമനിർമ്മാണ അധികാരങ്ങൾ, സുപ്രീം കോടതിയുടെ സ്ഥാപനവും സംവിധാനവും അധികാരവും, ഭാരതത്തിന്റെ കംട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ നിയമനം എന്നീ കാര്യങ്ങളാണ് ഈ ഭാഗത്തിൽ വിശദമായി പറഞ്ഞിട്ടുള്ളത്.

ആറാം ഭാഗം 152 മുതൽ 237 വരെയുള്ള വകുപ്പുകളിൽ സംസ്ഥാനങ്ങളിലെ അധികാര കേന്ദ്രങ്ങളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച നിർദ്ദേശങ്ങളാണുള്ളത്.

സംസ്ഥാന ഗവർണ്ണറുടെ നിയമനം, സംസ്ഥാന മന്ത്രി സഭാ രൂപീകരണം, സംസ്ഥാനത്തിന്റെ അഡ്വക്കേറ്റ് ജനറലിന്റെ നിയമനം, സർക്കാർ കാര്യങ്ങളുടെ നടത്തിപ്പ്, നിയമസഭയുടെ ഘടന, അധികാരങ്ങൾ, നിയമസഭാ സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും, അംഗങ്ങളുടെ അവകാശങ്ങൾ, അധികാരങ്ങൾ, അയോഗ്യതകൾ, ബാധ്യതയില്ലായ്മകൾ, നിയമനിർമ്മാണ നടപടിക്രമം, ധനപരമായ വിഷയങ്ങളിലെ നടപടിക്രമം, ഗവർണ്ണറുടെ നിയമനിർമ്മാണാധികാരം, ഹൈക്കോടതികൾ, അവയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, കീഴ്ക്കോടതികൾ എന്നിവ സംബന്ധിച്ചാണ് ഈ ഭാഗത്ത് നിർദ്ദേശിച്ചിട്ടുള്ളത്.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകളും, അവയ്ക്കു കീഴിലുള്ള നിയമനിർമ്മാണ സഭകളും, എക്സിക്യൂട്ടീവും, ജുഡീഷ്യറിയും എല്ലാം നിയന്ത്രിക്കപ്പെടുന്നത് ഭരണഘടനാ വ്യവസ്ഥകൾ പ്രകാരമാണ്. സമസ്താധികാരങ്ങളും ഈ സ്ഥാപനങ്ങൾക്കു ലഭിക്കുന്നതും ഭരണഘടനയിൽ നിന്നാണ്.

തുടർന്നുള്ള ഭാഗങ്ങളും വകുപ്പുകളും യൂണിയൻ പ്രദേശങ്ങളെ സംബന്ധിച്ചും, പഞ്ചായത്ത് മുനിസിപ്പാലിറ്റി രൂപീകരണം സംബന്ധിച്ചും, പട്ടിക ഗോത്ര പ്രദേശങ്ങളെ സംബന്ധിച്ചും, യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ സംബന്ധിച്ചും, പബ്ലിക്ക് സർവ്വീസ് കമ്മീഷനുകൾ, ട്രിബ്യൂണലുകൾ തുടങ്ങിയവ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് തെരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കുന്നതിനും, കമ്മീഷന് നൽകുന്ന അധികാരാവകാശങ്ങളെക്കുറിച്ച് പതിനഞ്ചാം ഭാഗം 324 മുതൽ 329 വരെ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നു. ഔദ്യോഗിക ഭാഷകൾ സംബന്ധിച്ചും സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ഭാഷ സംബന്ധിച്ചും ഉള്ള വ്യവസ്ഥകൾ പതിനേഴാം ഭാഗം 343 മുതൽ 349 വരെയുള്ള വകുപ്പുകളിലാണ് പറയുന്നത്.

യൂണിയന്റെ ഔദ്യോഗിക ഭാഷ ദേവനാഗിരി ലിപിയിലുള്ള ഹിന്ദി ആയിരിക്കുമെന്നും, സുപ്രീം കോടതിയിലും ഹൈക്കോടതിയിലും, ആക്ടുകൾ, ബില്ലുകൾ മുതലായവയ്ക്കും ഉപയോഗിക്കേണ്ട ഭാഷ ഇംഗ്ലീഷ് ആയിരിക്കുമെന്നും ഈ ഭാഗത്ത് നിഷ്കർഷിച്ചിട്ടുണ്ട്.

അടിയന്തിരാവസ്ഥ പ്രഖ്യാപനം സംബന്ധിച്ച വ്യവസ്ഥകൾ പതിനെട്ടാം ഭാഗം 352 മുതൽ 360 വരെയുള്ള വകുപ്പുകളിൽ വിവരിച്ചിട്ടുണ്ട്. ഒരു സംസ്ഥാനത്ത് ഭരണഘടനാ യന്ത്രം പരാജയപ്പെട്ടതായി ആ സംസ്ഥാനത്തെ ഗവർണ്ണർ രാഷ്ട്രപതിക്ക് റിപ്പോർട്ടു നൽകിയാൽ രാഷ്ട്രപതിക്ക് ഒരു വിളംബരം വഴി ആ സംസ്ഥാനത്തിന്റെ ചുമതലകൾ മുഴുവനായോ ഏതെങ്കിലുമോ, സ്വയം ഏറ്റെടുക്കാവുന്നതാണ്. കേരളത്തിൽ ഈ വകുപ്പ് 1957-ലെ ഇ.എം.എസ്സ്. മന്ത്രിസഭയ്ക്കെതിരെ ഉപയോഗിച്ചിട്ടുണ്ട്.

ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഇരുപതാം ഭാഗം 368-ാം വകുപ്പിൽ പറയുന്നു- 1950 ന് ശേഷം ഇതിനോടകം 99 ഭേദഗതികളാണ് ഭരണഘടനയിൽ വരുത്തിയിട്ടുള്ളത്.

നമ്മുടെ ഭരണഘടനയിൽ 12 പട്ടികകളാണുള്ളത് (Schedules)

**പട്ടികകളുടെ വിശദ വിവരങ്ങൾ ഇങ്ങനെയാണ്.**

1. സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളുടെ ലിസ്റ്റ്
2. രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണ്ണർമാർ, സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ചീഫ് ജസ്റ്റിസുമാർ, ജഡ്ജിമാർ, കംട്രോളർ ആൻഡ് ആഡിറ്റർ ജനറൽ എന്നിവരുടെ ശമ്പളം.
3. സത്യപ്രതിജ്ഞയ്ക്കുള്ള മാതൃകാ ഫോം.
4. ഓരോ സംസ്ഥാനത്തേക്കുമുള്ള രാജ്യസഭാ സ്ഥാനങ്ങളുടെ വിവരം
5. പട്ടികവർഗ്ഗ പ്രദേശങ്ങളുടെ ഭരണവും നിയന്ത്രണവും
6. ആസ്സാം, മേഘാലയ, മിസ്സോറാം, അരുണാചൽ പ്രദേശ് എന്നിവടങ്ങളിലെ ഗോത്ര വർഗ്ഗ പ്രദേശങ്ങളിലെ ഭരണം സംബന്ധിച്ചുള്ള വകുപ്പുകൾ.
7. യൂണിയൻഗവൺമെന്റും സംസ്ഥാന ഗവൺമെന്റും, അധികാരവും, ചുമതലകളും വീതംവയ്പ്പ്. യൂണിയൻ ലിസ്റ്റ് 97 വിഷയങ്ങൾ, സ്റ്റേറ്റ് ലിസ്റ്റ് 66 വിഷയങ്ങൾ, കൺകറന്റ് ലിസ്റ്റ് 47 വിഷയങ്ങൾ.
8. ഭരണഘടന അംഗീകരിക്കുന്ന ഇന്ത്യയിലെ 22 ഭാഷകളുടെ ലിസ്റ്റ്

| | | | |
|---|---|---|---|
| a) | അസ്സാമീസ് | l) | ഒറിയ |
| b) | ബംഗാളി | m) | പഞ്ചാബി |
| c) | ഗുജറാത്തി | n) | സംസ്കൃതം |
| d) | ഹിന്ദി | o) | സിന്ധി |
| e) | കന്നഡ | p) | തമിഴ് |
| f) | കാഷ്മീരി | q) | തെലുങ്ക് |
| g) | മണിപ്പൂരി | r) | ഉർദു |
| h) | മലയാളം | s) | സന്താലി |
| i) | കൊങ്കിണി | t) | ബോഡോ |
| j) | മറാത്തി | u) | മൈതിലി |
| k) | നേപ്പാളി | v) | ഡോഗ്രി |

9. ഭൂപരിഷ്ക്കരണവും, ഭൂനികുതിയും, റയിൽവേ, വ്യവസായം എന്നിവ സംബന്ധിച്ച് നിയമങ്ങളും ഉത്തരവുകളും

   (കേരള ഭൂപരിഷ്ക്കരണ നിയമം ഈ പട്ടികയിലുണ്ട്. ഈ പട്ടികയിൽ ഉൾപ്പെട്ടാൽ ആ നിയമത്തെ കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയില്ല)
10. കൂറുമാറ്റത്തെ തുടർന്ന് അയോഗ്യരാക്കുന്നതിനുള്ള വ്യവസ്ഥകൾ
11. പഞ്ചായത്ത് രാജ്
12. മുനിസിപ്പൽ കോർപ്പറേഷൻ

സമഗ്രമായ നമ്മുടെ ഭരണഘടനയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങളാണ് നാം കണ്ടത്. നമുക്കുള്ള എല്ലാ അവകാശങ്ങളും അധികാരങ്ങളും തരുന്ന, അദൃശ്യമായ പരമാധികാരം നമുക്കു പ്രദാനം ചെയ്യുന്ന ലോകോത്തരവും സമാനതകളില്ലാത്തതുമായ നമ്മുടെ ഭരണഘടന പ്രാമാണിക ഗ്രന്ഥം തന്നെ എന്ന കാര്യത്തിൽ സംശയമില്ല-അല്ലേ? ❍

പി. കൃഷ്ണപ്രസാദ്



12-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# രാഷ്ട്രീയ വിദ്യാർത്ഥി പ്രസ്ഥാനവും വർഗ്ഗസമരവും

എന്താണ് രാഷ്ട്രീയം എന്ന ചോദ്യത്തിന് ഉത്തരം തേടിക്കൊണ്ടല്ലാതെ രാഷ്ട്രീയ വിദ്യാർത്ഥി പ്രസ്ഥാനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത് കേവലം ഉപരിപ്ലവമായിരിക്കും. പ്രകൃതിയിൽ നിന്ന് ഇരതേടിയും പ്രകൃതിയുടെ ഇരയായിത്തീർന്നും ജീവിച്ച പ്രാകൃത മനുഷ്യ സമൂഹത്തിൽ നിന്നും ആധുനിക സമൂഹത്തിലേക്കുള്ള മാനവരാശിയുടെ വളർച്ചയെ സാമൂഹ്യവും ചരിത്രപരവുമായി അപഗ്രഥിക്കുന്നതിലൂടെ മേൽ ചോദ്യത്തിന്റെ ഉത്തരം നമുക്ക് കണ്ടെത്താനാവും.

വർഗ്ഗരഹിതമായ പ്രാകൃത സമൂഹത്തിൽ നിന്ന് മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന സാമ്പത്തിക ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്ന വർഗ്ഗങ്ങളും ആ വർഗ്ഗങ്ങൾ തമ്മിലുള്ള സമരങ്ങളുമാണ് ഇന്നേവരെയുള്ള മാനവ സമൂഹ ചരിത്രത്തിന്റെ ഉള്ളടക്കം. സ്പാർട്ടക്കസ്സിനെപ്പോലുള്ള ചരിത്ര നായകർ പ്രതിനിധാനം ചെയ്ത അടിമകൾ മുതൽ നാം ജീവിക്കുന്ന ഇന്ത്യൻ സമൂഹത്തിൽ നിലവിലുള്ള അർദ്ധ ഭൂപ്രഭുക്കളും കർഷകരും വ്യവസായിക മുതലാളിമാരും വ്യവസായിക തൊഴിലാളികളും വരെയുള്ളവർ ഈ കാലയളവിൽ ഉയർന്നു വന്ന വിവിധ വർഗ്ഗങ്ങളാണ്. ഈ വിഭിന്ന വർഗ്ഗങ്ങളുടെ സവിശേഷവും പരസ്പര വിരുദ്ധവുമായ വർഗ്ഗ താൽപര്യങ്ങളാണ് ഏതൊരു സമൂഹത്തിലെയും വ്യത്യസ്ത രാഷ്ട്രീയ നിലപാടുകൾക്ക് അടിത്തറയായി തീരുന്നത്.

സമൂഹത്തിൽ മേധാവിത്വം സ്ഥാപിക്കുന്ന വർഗ്ഗം സാമ്പത്തികവും ഭരണപരവുമായ മണ്ഡലങ്ങളിൽ മാത്രമല്ല കലയുടെയും സംസ്ക്കാരത്തിന്റെയും ധാർമ്മികതയുടെയും മണ്ഡലങ്ങളിലുൾപ്പെടെ സ്വന്തം വർഗ്ഗമൂല്യങ്ങൾ അടിച്ചേൽപ്പിക്കുകയും പുനരുൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യും. അതിലൂടെ തങ്ങളുടെ രാഷ്ട്രീയാധികാരവും വർഗ്ഗ താൽപര്യങ്ങളും സംരക്ഷിക്കുകയാണ് അവരുടെ ലക്ഷ്യം. ഇവരാൽ അടിച്ചമർത്തപ്പെടുന്ന വർഗ്ഗങ്ങളാകട്ടെ മേൽ സൂചിപ്പിച്ച മുഴുവൻ മണ്ഡലങ്ങളിലും അധീശത്വ വർഗ്ഗ മൂല്യങ്ങൾക്കെതിരെ സ്വന്തം മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് പോരാടിക്കൊണ്ടിരിക്കും. മേധാവിത്വ വർഗ്ഗത്തിന്റെ രാഷ്ട്രീയ അധികാരത്തെ അട്ടിമറിച്ച് സ്വന്തം രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും വർഗ്ഗ താൽപര്യങ്ങൾ സംരക്ഷിക്കുകയുമാണ് അവരുടെ ലക്ഷ്യം. അധീശത്വ വർഗ്ഗവും കീഴാള വർഗ്ഗവും തമ്മിൽ നടക്കുന്ന ഈ വർഗ്ഗ സമരമാണ് സമൂഹത്തിലെ രാഷ്ട്രീയ പ്രക്രിയ. ഈ രാഷ്ടീയ പ്രക്രിയക്ക് കീഴ്പ്പെട്ടു കൊണ്ടല്ലാതെ സമൂഹ ജീവിതത്തിന്റെ ഒരു മണ്ഡലത്തിനും നിലനിൽപ്പില്ല.

ഇന്ത്യൻ സമൂഹത്തിലും ഈ ചേരിതിരിവ് ദർശിക്കാനാവും. ബ്രിട്ടീഷുകാരൻ ഇന്ത്യ വിട്ടതിനു ശേഷം ഇവിടെ ഭരണാധികാരികളായി വന്നത് വൻകിട മുതലാളിമാരും ഫ്യൂഡൽ-സെമിഫ്യൂഡൽ ഭൂപ്രഭുക്കളും, നിയോ കൊളോണിയൽ ശക്തികളും കൂട്ടുചേർന്നുള്ള ഒരു ന്യൂനപക്ഷ വർഗ്ഗ മുന്നണിയാണ്. ഈ മുന്നണിയുടെ വർഗ്ഗ താൽപര്യങ്ങളാണ് 1947നു ശേഷം ഇന്ത്യൻ ഭരണകൂടം സംരക്ഷിച്ചു പോരുന്നത്. മറുഭാഗത്താകട്ടെ കർഷകരും കുത്തകകളല്ലാത്ത മുതലാളിമാരും വ്യാവസായിക-കർഷക



തൊഴിലാളികളും ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഭരണകൂട താൽപര്യങ്ങൾക്ക് കീഴ്പ്പെട്ടും അതിനെതിരെ ചെറുത്തു നിന്നും നിലകൊള്ളുന്നു. ജനങ്ങളെ ചൂഷണം ചെയ്ത് തടിച്ചു കൊഴുക്കുന്ന ന്യൂനപക്ഷമായ ഭരണ വർഗ്ഗങ്ങളും അതിനെതിരെ പോരാടുന്ന ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാന വർഗ്ഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ കേന്ദ്രബിന്ദു.

മേൽ സൂചിപ്പിച്ച രണ്ട് വിഭിന്ന ചേരികളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുത്ത് അതിന്റെ വിജയത്തിനുവേണ്ടി പോരാടുകയല്ലാതെ തനിക്ക് ചേരിയില്ല എന്ന മട്ടിൽ ഒഴിഞ്ഞു നിൽക്കുക ആർക്കും സാധ്യമല്ല. താൻ രാഷ്ട്രീയ താൽപര്യങ്ങൾക്ക് അതീതനാണ് എന്ന് വിശേഷിപ്പിക്കുന്ന അരാഷ്ട്രീയ വാദികൾ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ചൂഷണം ചെയ്യുന്ന അധികാര വർഗ്ഗത്തെ അട്ടിമറിക്കാനുള്ള പോരാട്ടത്തിൽ പങ്ക് ചേരാതിരിക്കുക വഴി ഭരണവ്യവസ്ഥയുടെ നിലനിൽപ്പിന് സഹായിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. അങ്ങനെ അരാഷ്ട്രീയവാദം ഭരണാധികാരവർഗ രാഷ്ട്രീയത്തെ ഉറപ്പിച്ചു നിർത്തുകയും അരാഷ്ട്രീയവാദി അധികാര വർഗ്ഗത്തിന്റെ ദല്ലാളാവുകയുമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

സോവിയറ്റ് യൂണിയന്റെ തകർച്ചക്കു ശേഷം സാർവ്വദേശീയ രാഷ്ട്രീയത്തിൽ ലോക സോഷ്യലിസ്റ്റ് ശക്തികൾ ദുർബലപ്പെട്ട സാഹചര്യത്തിൽ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ശക്തികൾ ലോകരാജ്യങ്ങളെയാകെ പുന:കോളനിവൽക്കരിക്കാനുള്ള നടപടികൾ ശക്തിപ്പെടുത്തി. ഐ.എം.എഫ്, വേൾഡ് ബാങ്ക് തുടങ്ങിയ ലോക ധനകാര്യ സ്ഥാപനങ്ങൾ, ആഗോള വ്യാപാര സംഘടനയും വ്യാപാര കരാറുകളും, ഭൗതിക സ്വത്താവകാശ നിയമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി സാമ്രാജ്യത്വ ശക്തികളുടെ നേതൃത്വത്തിൽ ബഹുരാഷ്ട്ര കുത്തക കമ്പനികളെ മുൻനിർത്തി വികസന രാജ്യങ്ങളെ പുന:കോളനിവൽക്കരണം നടത്തുന്നതിനുള്ള പ്രക്രിയയാണ് ആഗോളവൽക്കരണം എന്നറിയപ്പെടുന്നത്.

അടിസ്ഥാന ഉൽപ്പാദന മേഖലകളായ കൃഷിയെയും വ്യവസായത്തെയും തകർക്കുകയാണ് ആഗോളവൽക്കരണ നയങ്ങൾ ചെയ്തത്. ലോകവ്യാപകമായി കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും തൊഴിലാളികളെ കരാർ തൊഴിലാളികളാക്കി മാറ്റലുമാണ് ഈ നയങ്ങൾ ലക്ഷ്യമിട്ടത്. ഊഹക്കച്ചവടത്തിലൂടെ ഏറ്റവും കൂടുതൽ ലാഭമെടുക്കാനാവുന്ന റിയൽ എസ്റ്റേറ്റ്, ടൂറിസം, വായ്പ, ഓഹരി വിപണി, നഗര കേന്ദ്രീകൃത പശ്ചാത്തല സൗകര്യ വികസനം, കെട്ടിടനിർമാണം, വാഹന വിപണി, വാണിജ്യം തുടങ്ങിയ മേഖലകളിലേക്ക് ധനമൂലധനം പ്രവഹിക്കുകയും വികസനത്തിന്റെ കുമിളകൾ സൃഷ്ടിക്കുകയും ചെയ്തു. ഉദാരവൽക്കരണ മാതൃകാ വികസനത്തെ നഗരവാസികളായ ധനിക വർഗങ്ങളും ഉയർന്ന ഇടത്തരക്കാരും

മാധ്യമങ്ങളും പാടി പുകഴ്ത്തുകയാണ് ചെയ്തു വരുന്നത്. എന്നാൽ ഉൽപ്പാദന മേഖലകളായ കൃഷിയെയും വ്യവസായത്തെയും തകർക്കുന്ന ഊഹക്കച്ചവടത്തിൽ അടിസ്ഥാനമാക്കിയ ഉദാരവൽക്കരണ വികസന മാതൃകയുടെ കുമിളകൾ 2008 അവസാനത്തോടെ ലോകത്താകെ തകർന്നു വീണു. അമേരിക്കയടക്കമുള്ള ലോക മുതലാളിത്ത രാജ്യങ്ങൾ കടുത്ത സാമ്പത്തിക തകർച്ച നേരിട്ടു. 1930 -കളിലെ മഹാമാന്ദ്യത്തിനു ശേഷം അതിനെക്കാൾ രൂക്ഷമായ പ്രതിസന്ധിയിലേക്ക് ലോകമുതലാളിത്തം തലകുത്തി വീണിരിക്കുകയാണ്.

ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന ലോകമുതലാളിത്ത പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സാമ്രാജ്യത്വ ശക്തികൾക്ക് എളുപ്പത്തിൽ സാധിക്കുകയില്ല. സാർവ്വദേശീയ തലത്തിൽ വർഗവൈരുദ്ധ്യങ്ങൾ കൂടുതൽ മൂർച്ഛിക്കുന്നതിന് ഈ പ്രതിസന്ധി കാരണമാകും. സാമ്രാജ്യത്വവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ ശക്തിപ്പെടും. സ്വന്തം പ്രതിസന്ധി മറികടക്കാനും സോഷ്യലിസ്റ്റ് ശക്തികളിൽ നിന്നുള്ള വെല്ലുവിളി നേരിടാനും മൂന്നാംലോക രാജ്യങ്ങളിലെ അധിനിവേശം ശക്തിപ്പെടുത്താനും സാമ്രാജ്യത്വ ശക്തികൾ പരിശ്രമിക്കുകയാണ്. ഇത് സാമ്രാജ്യത്വ രാജ്യങ്ങളും മൂന്നാംലോക രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിപ്പിക്കുകയാണ്.

സാമ്രാജ്യത്വവും മൂന്നാംലോക രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാണ് ഇന്ന് സാർവ്വദേശീയതലത്തിൽ ഏറ്റവും രൂക്ഷമായിക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യമെന്ന തിരിച്ചറിവിന് ഇന്ത്യയിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകപ്രാധാന്യമുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ തൊഴിലാളി-കർഷക വർഗങ്ങളും വ്യവസായ മുതലാളിത്ത വർഗവുമടക്കം ഇന്ത്യൻ ജനസമൂഹമാകെ നടത്തിയ ഉജ്ജ്വലമായ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ മടിത്തട്ടിലാണ് പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനം രൂപം കൊണ്ടത്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ സാമ്രാജ്യത്വ വിരുദ്ധതയാണ്. സാമ്രാജ്യത്വ ശക്തികളോടും ആഗോളവൽക്കരണ നയങ്ങളോടും ഒരു വിട്ടുവീഴ്ച്ചയുമില്ലാത്ത വ്യക്തമായ രാഷ്ട്രീയ നിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ വിദ്യാർത്ഥി പ്രസ്ഥാനത്തിന് മുന്നേറാൻ സാധിക്കുകയുള്ളൂ. ആഗോളവൽക്കരണ നയങ്ങളുടെ നേരിട്ടുള്ള പ്രത്യാഘാതമനുഭവിക്കുന്ന തൊഴിലാളി -കർഷക ജനവിഭാഗങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും അവരുടെ പ്രക്ഷോഭങ്ങളെ വൻതോതിൽ പിന്തുണക്കുവാനുമുള്ള ഉത്തരവാദിത്വം കൂടുതൽ ഫലപ്രദമായി നിർവഹിക്കുവാൻ വിദ്യാർത്ഥി പ്രസ്ഥാനം ജാഗ്രത കാണിക്കണം.

ആധുനിക രാഷ്ട്രീയ കാഴ്ച്ചപ്പാടുകളനുസരിച്ച് രാഷ്ട്രീയമെന്നാൽ സമൂഹത്തിലെ വ്യത്യസ്ത വർഗ്ഗങ്ങൾ നടത്തുന്ന ബോധപൂർവ്വമായ ഇടപെടലുകളാണ്. രാഷ്ട്രീയ പോരാട്ടത്തിന്റെ പ്രത്യക്ഷ മണ്ഡലങ്ങളായ ഭരണ-സാമ്പത്തിക തലങ്ങളിൽ മാത്രമല്ല കല, സാഹിത്യം, മതം, വിദ്യാഭ്യാസം തുടങ്ങി സകല തലങ്ങളിലും ഈ ബോധപൂർവ്വമായ ഇടപെടലുകൾ സജീവമായിത്തന്നെ നിലനിൽക്കുന്നുണ്ട്.

ഒരു വർഗ്ഗ വിഭജിത സമൂഹത്തിൽ മേധാവിത്വ വർഗ്ഗത്തിന്റെ സാമ്പത്തിക-സാമൂഹ്യ ചട്ടക്കൂട് നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമായ ഉൽപ്പാദന ശക്തികളെ (സാങ്കേതിക വിദഗ്ദരെയും ബുദ്ധിജീവികളെയും) സൃഷ്ടിച്ചെടുക്കുന്നതിനുള്ള ഫാക്ടറികളെന്ന നിലക്കാണ് വിദ്യാഭ്യാസ കേന്ദ്രങ്ങൾ രൂപം കൊള്ളുന്നത്. 34 കോടിയിലേറെ ജനങ്ങൾ നിരക്ഷരരായി തുടരുന്ന ഇന്ത്യയിൽ ഭരണഘടനാദത്തമായ സാർവ്വത്രിക-സൗജന്യ-നിർബന്ധിത വിദ്യാഭ്യാസ അവകാശം ഇന്ത്യക്കാരന് അനുവദിക്കപ്പെട്ടിട്ടില്ല. ഇതിന്റെ കാരണം ഇന്ത്യൻ ഭരണകൂടത്തെ നയിക്കുന്ന വൻകിട മുതലാളിത്തവർഗ്ഗം നടപ്പിലാക്കുന്ന രാഷ്ട്ര വികസന പദ്ധതിയിൽ ഈ ദരിദ്രകോടികൾ ഉൾപ്പെടുന്നില്ല എന്നതാണ്. ഇന്ത്യൻ വിദ്യാഭ്യാസ സംവിധാനത്തിന്റെ രാഷട്രീയ പക്ഷപാതിത്വം ശരിയായി മനസ്സിലാക്കാൻ വിദ്യാഭ്യാസ ഉള്ളടക്കത്തിന്റെ സ്വഭാവം പരിശോധിച്ചാൽ മതിയാകും. ഇന്ത്യക്കാരന് കിട്ടുന്ന വിദ്യാഭ്യാസത്തിന് ഇവിടുത്തെ പ്രധാന ഉൽപ്പാദന മേഖലയായ കാർഷികരംഗവുമായി പറയത്തക്ക ബന്ധമില്ല. മറിച്ച് വൻകിട മുതലാളിത്ത ശക്തികളുടെ നേതൃത്വത്തിലുള്ള വികസനത്തിനു വേണ്ട സാങ്കേതിക വിദഗ്ദരെയും ഗുമസ്തൻമാരെയും എഞ്ചിനീയർമാരെയും വാർത്തെടുക്കുകയാണ് ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പം സേവനമേഖലക്കാവശ്യമായ ഡോക്ടർമാരെയും പ്രൊഫസർമാരെയും മറ്റു ബുദ്ധിജീവികളെയും സൃഷ്ടിച്ചെടുക്കുകയും, ഇതിനായി വിദ്യാഭ്യാസ മേഖയിലേക്ക് കടന്നുവരുന്ന ഒരു ചെറിയ വിഭാഗത്തെ മാത്രമേ ആവശ്യമുള്ളൂ. സ്വാഭാവികമായും ബാക്കി വരുന്ന അഭ്യസ്ത വിദ്യരായ ബിരുദധാരികൾ ഉപജീവന മാർഗ്ഗത്തിന് ഗതിയില്ലാതെ തൊഴിലില്ലാ പടയിലേക്ക് തള്ളിമാറ്റപ്പെടുന്നു. ഇത്തരക്കാരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത് വിപുലമായ വിദ്യാഭ്യാസ സൗകര്യങ്ങളുള്ള കേരളത്തിലാണെന്ന് കാണാം. 30 ലക്ഷത്തിലേറെ വരുന്ന യുവതി-യുവാക്കളുടെ തൊഴിലില്ലായ്മ ഇന്ന് കേരളസമൂഹം നേരിടുന്ന ഏറ്റവും വലിയ രാഷ്ട്രീയ പ്രശ്നമാണ്. വൻകിട മുതലാളിത്ത വർഗ്ഗത്തെ ഇന്ത്യയുടെ അധികാരത്തിൽ നിന്നും അട്ടിമറിച്ചു കൊണ്ടല്ലാതെ ഇതിന് ശാശ്വത പരിഹാരം സാധ്യമല്ല. ചുരുക്കത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിനും വിദ്യാഭ്യാസ സമ്പ്രദായത്തിനും എന്തിന് വിദ്യാലയങ്ങൾക്ക് തന്നെയും രാഷ്ട്രീയ പക്ഷപാതിത്വമുണ്ടെന്ന് കാണാം. അപ്പോൾ പിന്നെ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം അന്യമാകുന്നതെങ്ങനെ! ഒരു ന്യൂനപക്ഷം വരുന്ന വരേണ്യ വിദ്യാർത്ഥികൾക്കുവേണ്ടി രൂപകൽപ്പന ചെയ്യപ്പെട്ടതും ബഹുഭൂരിപക്ഷം വിദ്യാർത്ഥികളെയും സംബന്ധിച്ചിടത്തോളം ലക്ഷ്യശൂന്യവും അസംബന്ധവുമായ നിലവിലുള്ള വിദ്യാഭ്യാസ ക്രമം ഉടച്ച് വാർക്കുകയാണ് ഇന്ന് ഇന്ത്യൻ വിദ്യാർത്ഥികളുടെ അടിയന്തര ആവശ്യം. ഇതാകട്ടെ തികച്ചും രാഷ്ട്രീയമായ ഒരു പ്രക്രി

യയിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ഇതിനുവേണ്ടി രാഷ്ട്രീയാവബോധമുള്ള വിദ്യാർത്ഥി സംഘടനകൾ അനിവാര്യമാണ്.

ഇവിടെ വ്യക്തമാക്കപ്പെടേണ്ട ഒരു കാര്യം രാഷ്ട്രീയാവബോധമുള്ള വിദ്യാർത്ഥി സംഘടനകൾ ഒരിക്കലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പോഷക സംഘടന ആയിക്കൂടാ എന്നതാണ്. വിദ്യാർത്ഥി ഒരു രാഷ്ട്രീയ പാർട്ടി ആവണമെങ്കിൽ അതിനൊരു വർഗ്ഗ താൽപര്യം ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. എന്നാൽ വിദ്യാർത്ഥികൾ ഒരു വർഗ്ഗമല്ല. വിവിധ വർഗ്ഗങ്ങളിൽ നിന്നും രൂപപ്പെടുന്ന ഒരു സമൂഹമാണത്. മൊത്തം വിദ്യാർത്ഥി സമൂഹത്തിന്റെ പ്രാതിനിധ്യം അവകാശപ്പെടുന്ന ഒരു വിദ്യാർത്ഥി സംഘടനക്ക് കേവലം ഒരു വർഗ്ഗത്തിന്റെ താൽപര്യത്തിനുവേണ്ടി നിലകൊള്ളുക സാധ്യമല്ല. നമുക്കാവശ്യം വ്യക്തമായ രാഷ്ട്രീയ അഭിപ്രായങ്ങളുള്ളപ്പോൾ തന്നെ മൊത്തം വിദ്യാർത്ഥി സമൂഹത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന വിദ്യാർത്ഥി സംഘടനകളാണ്. അവക്ക് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാനായി സമഗ്രമായ ലക്ഷ്യവും പരിപാടികളും സ്വന്തമായുണ്ടാവണം. അതിന് കീഴ്പ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജനാധിപത്യ പ്രക്രിയയും സംസ്കാരവും കേന്ദ്രതലം വരെ വിട്ടുവീഴ്ച്ചയില്ലാതെ നടപ്പിലാക്കുന്നതിനും സംഘടനക്കുള്ളിൽ അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കാനും തയ്യാറാവുകയും വേണം.

എന്നാൽ പല വിദ്യാർത്ഥി സംഘടനകളും പ്രത്യേകിച്ചും വലതുപക്ഷ വിദ്യാർത്ഥി സംഘടനകൾ രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനയായിട്ടാണ് ഇന്ന് കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന് ഇവർ വില കൽപ്പിക്കാറുമില്ല. യൂണിറ്റ് തലത്തിനു മുകളിൽ ഈ സംഘടനകളുടെ ഭാരവാഹികളെ മാതൃരാഷ്ട്രീയ പാർട്ടി നേതാക്കൾ നാമനിർദ്ദേശം ചെയ്യുകയാണ് പതിവ്.

വർഗ്ഗീയ വിദ്യാർത്ഥി സംഘടനകളുടെ സാന്നിദ്ധ്യമാണ് അപകടകരമായ മറ്റൊരു പ്രവണത. വിദ്യാർത്ഥി സമൂഹത്തിന്റെ മൊത്തം താൽപര്യസംരക്ഷണത്തിന് പകരം ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ ചേരിതിരിപ്പിക്കുന്ന സംഘടനകൾ മതേതരത്വത്തിന്റെയും പരസ്പര സൗഹാർദത്തിന്റെയും അടിത്തറ മാന്തുകയാണ് ചെയ്യുന്നത്. ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയ വിദ്യാർത്ഥി സംഘടനകളെ ഒരേപോലെ അകറ്റി നിർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ അടിയന്തരവും സുപ്രധാനവുമായ ഉത്തരവാദിത്വമാണ്.

അക്രമവാസനയും ലൈംഗിക അരാജകത്വവും ലഹരി മരുന്നുകളുടെ ഉപയോഗവും വിദ്യാർത്ഥികൾക്കിടയിൽ ഇല്ലാതാക്കാനുള്ള ഉത്തരവാദിത്വം മുഴുവൻ വിദ്യാർത്ഥി സംഘടനകൾക്കുമുണ്ട്. എന്നാൽ പലപ്പോഴും ഇത്തരം സാമൂഹ്യ വിരുദ്ധ സ്വഭാവക്കാരെ സംരക്ഷിക്കുക പോലും ചെയ്യാൻ വിദ്യാർത്ഥി സംഘടനകൾ തയ്യാറാകുന്നു. കാമ്പസ്സുകളിൽ നടന്ന അക്രമങ്ങൾക്കിരയായി വിദ്യാർത്ഥികൾ കേരളത്തിൽ കൊലചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ പ്രവർത്തകർ തമ്മിൽ പരസ്പര ബഹുമാനവും സൗഹാർദ്ദ മനോഭാവവും വളർത്തണമെന്നത് ജനാധിപത്യ മര്യാദ നമ്മോട് ആവശ്യപ്പെടുന്ന പ്രാഥമിക ചുമതലയാണ്.

ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥയുടെ ജീർണ്ണാവശിഷ്ടമായി ഇന്നും നമ്മുടെ സമൂഹത്തിലും കാമ്പസ്സുകളിലും കട്ടപിടിച്ചു കിടക്കുന്ന പുരുഷ മേധാവിത്വ പ്രവണതകൾക്കെതിരെ ബോധപൂർവ്വം സമരം ചെയ്യാൻ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് ഇനിയും സാധ്യമായിട്ടില്ല. എല്ലാ സ്ത്രീ വിരുദ്ധ ആശയങ്ങൾക്കും സമീപനങ്ങൾക്കുമെതിരെ സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ ശരിയായ നിലപാടിൽ ഉറച്ച് നിന്ന് പൊരുതുവാൻ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് മുന്നോട്ടുവരണം. പുരോഗമനപരവും ആരോഗ്യകരവുമായ സ്ത്രീ പുരുഷ ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന വനിതകളെ സജീവ രാഷ്ട്രീയ പ്രക്രിയകളിൽ പങ്കാളികളാക്കുന്നതിനുമുള്ള ഈ മുന്നേറ്റത്തിന് വിദ്യാർത്ഥി സംഘടനകൾ നേതൃത്വം നൽകണം.

ഇന്ന് കാമ്പസ്സുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിലൊന്ന് സാംസ്ക്കാരിക രംഗത്തെ അഗാധമായ ശൂന്യതയാണ്. മുതലാളിത്ത വ്യവസ്ഥയുടെയും നവലിബറൽ ഉപഭോഗ സംസ്ക്കാരത്തിന്റെയും അനിവാര്യമായ പ്രതിഫലനമാണ് യാന്ത്രികതയും ഒറ്റപ്പെടലും. തികച്ചും ഹൃദയശൂന്യമായ ഒരു മരവിപ്പിലേക്ക് വ്യക്തിബന്ധങ്ങളെയും സാമൂഹ്യബന്ധങ്ങളെയും അത് വലിച്ചിഴക്കുന്നു. ഇന്ത്യൻ സമൂഹത്തിന്റെ നിലനിൽപ്പിനെ തന്നെ വെല്ലുവിളിക്കുന്ന ഒരു രാഷ്ട്രീയ പ്രശ്നമായി ഇത് മാറിയിട്ടുണ്ട്. യാന്ത്രികമായ മുതലാളിത്ത ഉപഭോഗ സംസ്ക്കാരത്തിന്റെ തീപ്പൊള്ളലേറ്റ് വരണ്ടുണങ്ങി പോയിരിക്കുന്ന സമൂഹത്തിന്റെ സാംസ്ക്കാരിവബോധത്തിലേക്കാണ് മതസംസ്ക്കാരത്തിന്റെയും ആശയവാദത്തിന്റെയും അരാഷ്ട്രീയതയുടെയും പ്രതിലോമകരമായ മൂല്യങ്ങൾ ഒരു ഘോഷയാത്രയായി എഴുന്നള്ളി വന്ന് നിറയുന്നത്. മതസംസ്ക്കാരത്തിന്റെ നിഴൽപറ്റി തിരയടിച്ചുയർന്ന ഭൂരിപക്ഷ വർഗ്ഗീയതയും അതിന്റെ നിഴലിൽ പടർന്നുപിടിക്കുന്ന ന്യൂനപക്ഷ വർഗീയതയും രാഷ്ട്രത്തെ തന്നെ പിടിച്ചുകുലുക്കുന്ന വിധത്തിൽ ശക്തിയാർജ്ജിച്ച് കഴിഞ്ഞു. സാംസ്ക്കാരിക രംഗത്ത് കലയുടെയും സാഹിത്യത്തിന്റെയും മണ്ഡലത്തിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ മൂല്യബോധവും ശാസ്ത്രാവബോധവും പുരോഗമനാശയങ്ങളും പകരംവെച്ചുകൊണ്ട് മാത്രമേ ഇത്തരം വെല്ലുവിളികളെ അതിജീവിക്കാനാവൂ. ഒരു ആധുനിക സമൂഹത്തിന്റെ അടിസ്ഥാന പരിപ്രേക്ഷ്യങ്ങളായ ജനാധിപത്യം, മതേതരത്വം, സോഷ്യലിസം, സമാധാനം, മാനവികത എന്നീ സങ്കൽപ്പങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ വളർത്തിയെടുക്കേണ്ടതുണ്ട്. കല, സാഹിത്യം, സാംസ്ക്കാരിക-കായിക രംഗങ്ങൾ എന്നിവ ചലനാത്മകമാക്കിക്കൊണ്ടു മാത്രമേ കാമ്പസ്സുകൾ മനുഷ്യ സ്നേഹത്താൽ പ്രചോദിതമായ ആശയ പോരാട്ടത്തിന്റെയും പുരോഗമനാത്മക പ്രതികരണങ്ങളുടെയും വേദികളാക്കി മാറ്റാൻ കഴിയൂ. ❍

**ഡോ. ജി. പ്രതാപവർമ്മ തമ്പാൻ**



11-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# മറുനാട്ടിലൊരു മലയാളിക്കര

2014 ഒക്ടോബർ മാസം 22 നാണ് ഓവർസീസ് കൾച്ചറൽ കോൺഗ്രസ്സിന്റെ ക്ഷണപ്രകാരം ഒമാന്റെ തലസ്ഥാനമായ മസ്ക്കറ്റിലെത്തിയത്. അപ്പോൾ തന്നെ സലാല കാണണമെന്ന എന്റെ ആഗ്രഹം ഞാൻ സുഹൃത്തുക്കളെ അറിയിച്ചു. ചേര രാജ്യ ഭരണാധികാരി ആയിരുന്ന ചേരമാൻ പെരുമാളിന്റെ ശവകുടീരം സലാലയിലാണെന്ന് മനസ്സിലാക്കിയിരുന്നതു കൊണ്ടാണ് എനിക്ക് ആ സ്ഥലം കാണണമെന്ന ആഗ്രഹം ഉണ്ടായത്.

ഒക്ടോബർ 24 ന് രാവിലെ 9 മണിക്ക് ഒമാൻ എയർവേസിന്റെ വിമാനത്തിൽ ഓ.ഐ.സി.സി. ഭാരവാഹികളായ ശങ്കരപ്പിള്ള കുമ്പളത്ത് (മോനി) എൻ.ഓ.ഉമ്മൻ, കുര്യാക്കോസ് എന്നീ സുഹൃത്തുക്കൾക്കൊപ്പം ആയിരത്തിലധികം കി.മീ ദൂരെയുള്ള സലാലയിലേക്ക് പറന്നു. പതിനൊന്ന് മണിയോട് കൂടി വിമാനം സലാലയിലെത്തി. ഒരു



കൊച്ചു വിമാനത്താവളം, നമ്മുടെ പഴയ കൊച്ചി വിമാനത്താവളം പോലെ. എയർപോർട്ടിൽ നിന്നും പുറത്തേക്ക് വന്ന ഞാൻ കാഴ്ചകൾ കണ്ടതോടെ വീണ്ടും കേരളത്തിലെത്തിയ പോലെ ഒരു നിമിഷം തരിച്ചിരുന്നു. എവിടെയും തെങ്ങുകൾ, മറ്റു പല ഗൾഫ് രാജ്യങ്ങളിലും ഞാൻ പോയിട്ടുണ്ടെങ്കിലും സലാലയിലെ പച്ചപ്പ് അക്ഷരാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു. ഡോ. നിസ്താർ സന്തോഷ്, മോഹൻ ദാസ്, സോമൻ, റഫീക്ക് എന്നീ സുഹൃത്തുക്കൾക്കൊപ്പം ഉച്ചയ്ക്കു ശേഷമാണ് കാഴ്ചകൾ കാണാനായി തുടങ്ങിയത്. ആദ്യം തന്നെ ചേരമാൻ പെരുമാളിന്റെ ഖബർ കാണാൻ പോയി. തനി കൊടുങ്ങല്ലൂർ ഗ്രാമമെന്ന് തോന്നിപ്പിക്കുന്ന ഒരു സ്ഥലം. നിറയെ തെങ്ങിൻ തോപ്പ്, വാഴത്തോപ്പ്, കമുകിൻ തോപ്പ്, വെറ്റില കൊടികൾ എല്ലാമുള്ള തനി മലയാളി ഗ്രാമത്തിലാണ് ഖബർ സ്ഥിതി ചെയ്യുന്നത്. സാധാരണയിൽ കവിഞ്ഞ വലിപ്പം ഖബറിനുണ്ടായിരുന്നു. പെരുമാളിന്റെ ഖബറിനു പുറകിലായി പെരുമാളിന്റെ ബീവിയുടെയും ഖബറുണ്ട്. മലയാളം സംസാരിക്കുന്ന ഒരു കാവൽക്കാരനേയും അവിടെ കണ്ടു.

കൊടുങ്ങല്ലൂരിലെത്തിയ അറബികളിൽ നിന്നു അന്ത്യപ്രവാചകനെ കുറിച്ച് അറിയാൻ കഴിഞ്ഞതിനെ തുടർന്ന് പെരുമാൾ മക്കത്തു പോയി പ്രവാചകനെ കണ്ടു. ഇസ്ലാം മതവും സ്വീകരിച്ചു മടക്കയാത്രയിൽ സലാലയിലെത്തിയപ്പോൾ കലശലായ രോഗം ബാധിച്ച് അവിടെ തന്നെ അന്ത്യം സംഭവിച്ചു എന്നുമാണ് അറിയാൻ കഴിഞ്ഞത്. മരിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ പ്രാർത്ഥന കേട്ട ദൈവം (പടച്ചവൻ) അത്യുഷ്ണ മരുഭൂമി മേഖലയായ ആ രാജ്യത്ത് ഈ സലാല പ്രദേശം കേരളക്കര പോലെ എല്ലാ കേരളീയ സാദൃശ്യങ്ങളുമുള്ള ഒരു പ്രത്യേക ഭൂപ്രദേശമായി രൂപം കൊടുത്തത് നേരിട്ട് കണ്ടു തന്നെ അറിയേണ്ടതാണ്. അവിടെ നിന്നു വളരുന്ന ഖബർ കാണാൻ പോയി. അതു ബൈബിളിലും, ഖുറാനിലും പരാമർശിക്കപ്പെടുന്ന ഒരു പുണ്യാത്മാവിന്റേതാണ്. അതിനു ശേഷമാണ് പുണ്യ പുരുഷനായ ആയൂബ് നബി (ഇയ്യോബ് എന്ന ബൈബിളിലെ വിശുദ്ധൻ)യുടെ ഖബർസ്ഥാനിൽ പോയത്. പരിപൂർണ്ണ വിശ്വാസിയായിരുന്ന ആയൂബിനെ ദൈവം കഠിനമായി പരീക്ഷിച്ചു. മാരകമായ ത്വക്ക് രോഗം (സോറിയാസിസ്) അദ്ദേഹത്തിന് ബാധിച്ചു. എന്നിട്ടും പ്രാർത്ഥനയും വിശ്വാസവും ആയൂബ് കൈവിട്ടില്ല. ഒടുവിൽ ദൈവം ആയൂബിന് രോഗശാന്തി വരുത്തി. ആ വിശുദ്ധന്റെ ഖബറിൽ ഒരു നിമിഷം ഞാൻ കൈകൂപ്പി നിന്നു.

മലനിരകളുടെയും കുന്നുകളുടെയുമൊക്കെ നാടാണ് ഒമാൻ. എവിടെയും ഗിരിശിഖിരങ്ങൾ. ലോകത്ത് ഒരു പക്ഷേ ഇത്രയും കുന്നും മലയുമുള്ള ഒരു രാജ്യം ഒമാൻ മാത്രമായിരിക്കും. പിറ്റേന്ന് രാവിലെ ഞങ്ങൾ ചില ചരിത്ര സ്ഥലങ്ങൾ കൂടി കാണാൻ പോയി. അതിലൊന്ന് ഭൂ ഗുരുത്വാകർഷണത്തെ വെല്ലുവിളിക്കുന്ന ഒരു സ്ഥലമാണ്.




സലാലയിൽ നിന്നും 60 കി.മീ. ദൂരെയാണ് ഈ സ്ഥലം. ഇറക്കമുള്ള സ്ഥലത്തു കാർ നിറുത്തിയിട്ടും കാർ തനിയെ മുകളിലോട്ട് കയറി പോകുന്ന അത്ഭുത കാഴ്ച ഞാൻ നേരിട്ടു കാറിനകത്തിരുന്നു അനുഭവത്തിലൂടെ തന്നെ ബോദ്ധ്യപ്പെട്ടു.

സുൽത്താന്റെ മാതാവിന്റെ കൊട്ടാരവും പഴയ തുറമുഖവും സന്ദർശിച്ചു തിരിച്ചു വരുമ്പോൾ പാരീസിലെ സർവ്വകലാശാലയിലെ ഗവേഷകർ മണ്ണിനടിയിൽ നിന്നും കുഴിച്ചെടുത്തുകൊണ്ടിരിക്കുന്ന ബി.സി. 800 നും 300 നുമിടയിൽ ഉണ്ടായിരുന്ന പുരാതന കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ പര്യവേഷണം നടത്തി ഭൂഗർഭത്തിൽ നിന്നും മാന്തിയെടുത്ത പ്രാചീന സംസ്കൃതിയുടെ തിരുശേഷിപ്പുകൾ പ്രദർശനത്തിനു വച്ചിരിക്കുന്നതും കണ്ടു.

സായാഹ്നത്തോടുകൂടി രണ്ടു ദിവസത്തെ സലാല പര്യടനം പൂർത്തീകരിച്ച് രാത്രി 9 മണിക്കുള്ള വിമാനത്തിൽ ഞാനും സുഹൃത്തുക്കളും മസ്ക്കറ്റിനു മടങ്ങി. അവിടെ നിന്നും സൂറിലേക്കു തിരിച്ചു. ഒമാനിലെ തുറമുഖ നഗരമാണ്. മത്സ്യബന്ധന കേന്ദ്രവും. അവിടെ പ്രസിദ്ധമായ ആമ മുട്ടയിടുന്ന സ്ഥലവും സന്ദർശിച്ച് പിറ്റേന്ന് ബിദിയ എന്ന ഒരു മരുഭൂമി പ്രദേശത്തേക്ക് തിരിച്ചു. ഒരു രാത്രി മൺകുന്നുകൾക്കിടയിലൂടെ 40 കി.മീ. സഞ്ചരിച്ച് ഒരു ക്യാമ്പിൽ തങ്ങി. തിരിച്ചു വരും വഴി വാദി എന്ന് അവർ പറയുന്ന വെള്ളച്ചാട്ടവും ജലാശയമുള്ള പ്രകൃതി രമണീയമായ പ്രദേശവും സഞ്ചരിച്ച് മസ്ക്കറ്റിൽ തന്നെ തിരിച്ചെത്തി. ഒക്ടോബർ 31 ന്, 30-ാം മത് ഇന്ദിരാഗാന്ധി അനുസ്മരണത്തിലും പങ്കെടുത്ത് ഞാൻ കേരളത്തിലേക്കുമടങ്ങുമ്പോഴും സലാലയിലെ കൊച്ചു കേരളം ഓർമ്മയിൽ നിന്നും മായുന്നില്ല. ഒരു നിമിഷം വീണ്ടും ഞാനോർമ്മയിൽ സലാലയിലെത്തി. ഓ...... സലാല ❍

## എ.എം. യൂസുഫ്



12-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

# പ്രവർത്തനാനുഭവങ്ങൾ

12-ാം നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച വേളയിൽ കളമശ്ശേരി അപ്പോളോ ടയേഴ്സിലെ ജീവനക്കാരനും യൂണിയൻ നേതാവുമായിരുന്ന എന്നെ ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചത് തികച്ചും യാദൃശ്ചികമായിട്ടായിരുന്നു. പാർട്ടിക്ക് ഒരു സാധാരണ പ്രവർത്തകൻ മാത്രമായിരുന്ന എന്നിലുള്ള വിശ്വാസം എന്റെ ആത്മവിശ്വാസം പതിന്മടങ്ങ് വർദ്ധിപ്പിച്ചു. സാധാരണക്കാരായ എല്ലാ വിഭാഗം ജനങ്ങളുമായും ഉള്ള ഇടപഴകലുകളും അടുപ്പവും അന്നത്തെ ഇലക്ഷനിൽ എന്നെയും എന്റെ പാർട്ടിയേയും ആലുവ നിയോജക മണ്ഡലത്തിൽ വിജയിപ്പിച്ചു.

നിയമസഭയുടെ ഗാലറിയിൽ പോലും ഇതിനു മുമ്പ് കയറിയിട്ടില്ലാത്ത എനിക്ക് നിയമസഭാംഗം എന്ന നിലയിൽ എങ്ങനെ പ്രവർത്തനം ആരംഭിക്കാം എന്ന കാര്യത്തിൽ തുടക്കത്തിൽ ആശയക്കുഴപ്പം ഉണ്ടായിരുന്നു എന്ന് പറയാതിരിക്കാനാവില്ല. ആരംഭകാലത്ത് സീനിയർ M.L.A.-മാരുടെയും പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെയും നിർലോഭമായ സഹകരണം എന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. സത്യപ്രതിജ്ഞക്കു ശേഷം നിയമസഭാ ലൈബ്രറിയിലെ നിത്യ സന്ദർശനം വഴിയായി മഹാരഥന്മാരായ E.M.S., E.K. നായനാർ, അച്യുത മേനോൻ, കെ. കരുണാകരൻ, C.H. മുഹമ്മദ് കോയ, T.K. രാമകൃഷ്ണൻ, പിണറായി വിജയൻ, വി.എസ്. അച്ചുതാനന്ദൻ തുടങ്ങിയ ഒട്ടേറെ ജനനേതാക്കന്മാരുടെ പ്രവർത്തന രീതികൾ മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു.

പിന്നീട് മന്ത്രിസഭ രൂപീകരിച്ചപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന്റെയും, സ്പീക്കർ കെ. രാധാകൃഷ്ണന്റെയും മറ്റ് എല്ലാ L.D.F. മന്ത്രിമാരുടെയും L.D.F.- ലേയും U.D.F.-ലേയും സുഹൃത്തുക്കളായ M.L.A.-മാരുടേയും ഉപദേശ നിർദ്ദേശങ്ങളും സ്നേഹ സമീപനങ്ങളേയും M.L.A. എന്ന രീതിയിലുള്ള എന്റെ പ്രവർത്തനങ്ങളെ ആവേശമാക്കി.

2006 മുതൽ 2011 വരെയുള്ള കാലയളവിൽ ഇന്നത്തെ കളമശ്ശേരി മണ്ഡലത്തിന്റെ ചില ഭാഗങ്ങളും ഉൾപ്പെടുന്ന അന്നത്തെ ആലുവ നിയോജക മണ്ഡലത്തിന്റെ പ്രതിനിധി എന്ന നിലയിൽ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ എന്നാലാവുന്നതു പോലെ ചെയ്യുവാൻ കഴിഞ്ഞു എന്നതിൽ എനിക്കതിയായ ചാരിതാർത്ഥ്യമുണ്ട്.

നിയമസഭാ സുവർണ ജൂബിലി വേളയിൽ M.L.A.-മാർക്കു നടന്ന മത്സരങ്ങളിൽ പങ്കെടുത്തതും വിജയിയായതും ഇന്നും ആവേശത്തോടെയും അഭിമാനത്തോടെയും ഞാൻ ഓർക്കുന്നു. ഒരു തുടക്കക്കാരൻ എന്ന നിലയിൽ, നിയമസഭയിൽ ഞാൻ പ്രസംഗിക്കുന്ന വേളയിൽ എനിക്കു വേണ്ട സഹായ സഹകരണങ്ങൾ നൽകിയിരുന്നത് സാജു പോൾ M.L.A., ഷൈലജ ടീച്ചർ, പ്രൊഫ. രവീന്ദ്രനാഥ് M.L.A. തുടങ്ങിയവരാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷാംഗമായിരുന്ന മുൻ സ്പീക്കർ ജി. കാർത്തികേയന്റെ സഹായവും പ്രോത്സാഹനവും എടുത്തു പറയാതെ വയ്യ. വിവിധ സമകാലീന പ്രശ്നങ്ങളും വികസന കാര്യങ്ങളും നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞു എന്നതിൽ ഞാൻ കൃതാർത്ഥനാണ്.

ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾക്കു സാക്ഷിയായ കേരള നിയമസഭയിൽ എന്റെ മണ്ഡലത്തിനു വേണ്ടി ശബ്ദമുയർത്താൻ എന്നെ സഹായിച്ച എല്ലാവർക്കുമുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തുവാൻ ഈയവസരം ഞാൻ വിനിയോഗിക്കുകയാണ്. നിയമസഭയിൽ നിന്നും കാലാവധി പൂർത്തിയാക്കി പിരിഞ്ഞു പോരുന്ന വേളയിൽ നിയമസഭാ സെക്രട്ടറി, ഉദ്യോഗസ്ഥർ, വാച്ച് & വാർഡ് സ്റ്റാഫ്, M.L.A. ഹോസ്റ്റലിലേയും പാർലമെന്ററി പാർട്ടി ഓഫീസിലേയും ജീവനക്കാർ സ്നേഹോഷ്മളമായ യാത്രയയപ്പാണ് നൽകിയത്.

ജനാധിപത്യത്തിന്റെ ശ്രീകോവിലായ കേരള നിയമസഭയുടെ അന്തസും പരിപാവനതയും കാത്തു സൂക്ഷിക്കുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടും എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നു കൊണ്ടും നിർത്തുന്നു. ❍

വി.സി. കബീർ മാസ്റ്റർ



6, 7, 9, 10, 11 കേരള നിയമസഭകളിൽ അംഗവും 2000-2001 കാലയളവിൽ ആരോഗ്യം, കായികക്ഷേമ വകുപ്പു മന്ത്രിയുമായിരുന്നു.

# ഒരു വേനൽക്കാല കവിത

പുല്ലിന്റെ നാമ്പു കരിഞ്ഞു - മരം
പച്ചിലയെങ്ങും പൊഴിച്ചു.
നഗ്നയായ് നാണം വെടിഞ്ഞു-കാട്ടു
വള്ളികൾ വാടിത്തളർന്നു.

കല്ലിൻ കരിമുഖം കാട്ടി-പുഴ
ചത്തു മലച്ചു കിടന്നു.
നേർത്തമണലാകെ വാരി -ചാക്കിൽ
നിറച്ചാർത്തു മർത്ത്യർ.

കാലികൾ നാടുകൾ തോറും-കേണു
ദാഹനീർ തേടിയലഞ്ഞു.
വേഴാമ്പൽ നീട്ടിക്കരഞ്ഞു - പിന്നെ
കാടുവിട്ടെങ്ങോ പറന്നു.

പുത്തൻ കറൻസികൾ നീട്ടി - ചിലർ
നീളെക്കുഴൽക്കിണർ താഴ്ത്തി
തെങ്ങും കവുങ്ങും നനച്ചു - നാട്ടി-
ലുത്സവമാടിത്തകർത്തു.

കാടായ കാടുകൾ വെട്ടി - മല
മേടുകളൊക്കെ നിരത്തി.
ഹർമ്മ്യങ്ങൾ, ഹോട്ടലും കെട്ടി -യെന്റെ
നാടിന്റെ നീർക്കുടം വറ്റി.

താമരതിങ്ങും കുളങ്ങൾ, തൂർത്തു
പ്ലോട്ടു തിരിച്ചവർ വിറ്റു
കുഞ്ഞാറും നേർത്തു മരിച്ചു - മല
കണ്ണീരു വാർത്തു കരഞ്ഞു.

നാളെയീ പാരിൽ ജനിക്കും - കുഞ്ഞു
മക്കൾക്കു മാമല വേണ്ടേ?
കേരള നാട്ടിൽപ്പിറക്കും - പുതു
ജീവന്നു പച്ചപ്പു വേണ്ടേ?

നാളെപ്പിറക്കുവോർനമ്മെ- കലി
തുള്ളിയിട്ടാഞ്ഞു ശപിക്കും
അക്കൊടുംചൂളയിൽ - നീറി
കാലം കരിമ്പുക ചൂടും

ഇല്ലിനി നേരമുറങ്ങാൻ- വേഗം
നിദ്രവെടിയുകെൻ നാടേ.
മണ്ണും, മലയും, മരവും - പാരിൽ
കാക്കുവാൻ കാവലായ് നമ്മൾ
മുന്നണിപ്പോരിനു കൈകൾ- കോർത്തു
ചങ്ങല തീർത്തു ജയിക്കാം.



എം.എം. മോനായി



12-ാം കേരള നിയമസഭയിൽ അംഗമായിരുന്നു.

## M.L.A യുടെ ഒരു ദിവസം





സാറ് വാഗ്ദാനം ചെയ്ത കമ്പ്യൂട്ടറ് കിട്ടീട്ടില്ലട്ടോ..
SCHOOL anniversary
വൈകിയതിനാൽ കളക്ടർ പോയി..
റിവ്യൂ മീറ്റിങ്
എല്ലാം.. ശരിയാക്കാം
ഒരുപൂരത്തിനുള്ള ആളുണ്ട്..
M.L.A. ആഫീസ്
ചികിത്സ സഹായം
പെൻഷൻ
റോഡ്
വെള്ളം
ജോലി
ആഗോള ഭീമനെതിരെ..
ഇവിടെ കൂമനാ പ്രശ്നം. കൃഷിനശിച്ചു..
ഹോട്ടലൊക്കെ അടച്ചു. വായു ഭക്ഷിക്കാം..
..സാറേ വെള്ളം മുങ്ങി അഞ്ചാളെ കാണാനില്ല. വന്ന് തപ്പണം..!



ശ്രേഷ്ഠ ഭാഷാ വാരാഘോഷ ത്തോടനുബന്ധിച്ച് നിയമ സഭാ ലൈബ്രറി റഫറൻസ് ഹാളിൽ, മലയാള കവിത കളെ ആസ്പദമാക്കി സംഘ ടിപ്പിച്ച പുസ്തക പ്രദർശനം ബഹു. ഡെപ്യൂട്ടി സ്പീക്കർ എൻ.ശക്തൻ ഉദ്ഘാടനം ചെയ്യുന്നു. (2014 നവംബർ 1)



അംബേദ്കർ ചരമദിന അനുസ്മരണ ത്തോടനുബന്ധിച്ച്, അംബേദ്കർ പ്രതി മയിൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ.എൻ. ശക്തൻ പുഷ്പാർച്ചന നട ത്തുന്നു. (2014 ഡിസംബർ 6)



രക്തസാക്ഷി ദിനത്തിൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു. (2015 ജനുവരി 30)



നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എൻ. ശക്തനെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ എന്നിവർ സ്പീക്കറുടെ ചെയറിലേക്ക് ആനയിക്കുന്നു. (2015 മാർച്ച് 12)



ശ്രീ. എൻ. ശക്തൻ സ്പീക്കറായി ചുമതല ഏറ്റശേഷം സാമാജികരെ വണങ്ങുന്നു. (2015 മാർച്ച് 12)



ബഹു.സ്പീക്കർ ശ്രീ. എൻ. ശക്തൻ സ്പീക്കറായി ചുമതല ഏറ്റശേഷം നിയമസഭാ ജീവനക്കാരെ അഭിസംബോധന ചെയ്യുന്നു. (2015 മാർച്ച് 28)

ആസ്സാം നിയമസഭയുടെ ലൈബ്രറി ഉപദേശക സമിതി കേരള നിയമസഭാ ലൈബ്രറി സന്ദർശിച്ച വേളയിൽ, ലൈബ്രറി പ്രസിദ്ധീകരണങ്ങൾ ശ്രീ. പാലോട് രവി എം.എൽ.എ. ആസ്സാം ലൈബ്രറി ഉപദേശക സമിതി ചെയർമാൻ ശ്രീ. ബാനേന്ദ്രകുമാർ മുഷാഹരി എം.എൽ.എ.യ്ക്ക് കൈമാറുന്നു. സ്പെഷ്യൽ സെക്രട്ടറി ശ്രീ. കെ. മോഹൻദാസ്, ചീഫ് ലൈബ്രേറിയൻ ശ്രീ. മുഹമ്മദ് ഷാനവാസ് ഖാൻ എന്നിവർ സമീപം. (2014 ഒക്ടോബർ 30)



# സാമാജികൻ



"ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ-
ക്കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തിൽ;-
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!"

(വള്ളത്തോൾ)

© കേരള നിയമസഭാ സെക്രട്ടേറിയറ്റ്

അച്ചടി: ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം. 2015